# മലയാളപ്പച്ച

ഭാഷ, സാഹിത്യം, സംസ്കാരം

**14-ാം ലക്കം**




# അപസർപ്പക സാഹിത്യം
## കല, സമൂഹം, രാഷ്ട്രീയം


പ്രസാധനം

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

2022

# അപസർപ്പകസാഹിത്യം

## കല, സമൂഹം, രാഷ്ട്രീയം

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

2022

malayala pachcha

A Peer Reviewed, UGC Care listed Research Journal of language literature and culture

Published in India By

The Head of the Post Graduate Department of Malayalam,

KKTM Govt. College,

Pullut P.O., Thrissur District, Kerala, India. PIN 680663

email: kktmgovtcollegemalayalamdept@gmail.com

Published in March, 2022

ISSN: 2454-292X

Typeset using Unicode Malayalam Fonts

Cover & book design: Ashokkumar P K

Cover Photograph: Cover of the Harry Dickson booklet, the American Sherlock Holmes n° 22: "The Prisoner of the steeple", 1930.

Time-termed researchers of italian National Council of Research (CNR) manifest against the research italian policies. Low financements and undignified work conditions will result into the death of italian research.

https://commons.wikimedia.org/wiki/File:The_death_of_italian_research.jpg

Price: ₹300/-

You are free to:
Share — copy and redistribute the material in any medium or format
Adapt — remix, transform, and build upon the material
for any purpose, even commercially.

The licensor cannot revoke these freedoms as long as you follow the license terms.

Under the following terms:

Attribution — You must give appropriate credit, provide a link to the license, and indicate if changes were made. You may do so in any reasonable manner, but not in any way that suggests the licensor endorses you or your use.

No additional restrictions — You may not apply legal terms or technological measures that legally restrict others from doing anything the license permits.

Notices:
You do not have to comply with the license for elements of the material in the public domain or where your use is permitted by an applicable exception or limitation.

No warranties are given. The license may not give you all of the permissions necessary for your intended use. For example, other rights such as publicity, privacy, or moral rights may limit how you use the material.

*Advisory Board*

Dr. P. Pavithran
Professor,
Sree Sankaracharya Sanskrit University, Tirur Centre.

Dr. Sunil P. Elayidam
Associate Professor,
Sree Sankaracharya Sanskrit University, Kaladi.

Dr. P.K. Rajasekharan
Writer,Thiruvananthapuram.

Dr.Kavitha Balakrishnan
Govt.College of Fine Arts, Thrissur

*Managing Editor:*

H.O.D., Department of Malayalam.

*Chief Editor:*

Dr. Muhamed Basheer K.K.,
Asst. Professor, Dept. of Malayalam.

*Issue Editor*

Dr. Yacob Thomas
Asst. Professor, Dept. of Malayalam.

*Editorial Board:*

Dr. G.Ushakumari, H.O.D
Dr. M.Ramachandran Pillai

Dr. Sangeetha K

Dr. Fousiya P.A.

Halleelu Rehuman V.M.

Dhanya P.D.

## മലയാളപ്പച്ച

### റിസേർച്ച് ജേർണൽ

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ് മലയാളവിഭാഗം
2015 ഓഗസ്റ്റ് മുതൽ പ്രസിദ്ധീകരിക്കുന്ന
അർദ്ധവാർഷിക റിസേർച്ച് ജേർണലാണ് മലയാളപ്പച്ച. പകർപ്പവകാശം സ്വതന്ത്രമാക്കിയ മലയാളത്തിലെ ആദ്യത്തെ റിസേർച്ച് ജേർണൽ എന്ന ബഹുമതി ഇതിനുണ്ട്. 2021 ഏപ്രിൽ മുതൽ യുജിസി കെയർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

തനതുമലയാളലിപിയിൽ, യൂനികോഡ് സങ്കേതത്തിൽ, പൂർണ്ണമായി അച്ചടിക്കുന്നതും ഓഗസ്റ്റ്-ഫെബ്രുവരി മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതുമായ ഈ ജേർണലിന്റെ ഉള്ളടക്കം ഭാഷ, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിലെ പുതിയ അന്വേഷണങ്ങളാണ്.

മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്ന പ്രബന്ധങ്ങൾ
malayalapachcha@gmail.com എന്ന വിലാസത്തിലേയ്ക്ക് word format-ൽ ഇരുപതു പുറത്തിൽ കവിയാതെ തയ്യാറാക്കി അയക്കുക. റഫറൻസുകൾക്കും പിൻകുറിപ്പുകൾക്കും
MLA സ്റ്റൈൽ സ്വീകരിക്കേണ്ടതാണ്.

# ആമുഖം

കെ.കെ.ടി.എം. ഗവ. കോളേജിലെ മലയാളവിഭാഗത്തിൽ ജനപ്രിയസാഹിത്യത്തെക്കുറിച്ചു നടന്നുകൊണ്ടിരിക്കുന്ന സംവാദങ്ങളുടെ തുടർച്ചയാണ് ഈ ജേണൽ പതിപ്പ്. മലയാളസാഹിത്യത്തിന്റെ ചരിത്രത്തിൽ അരികിലേക്കു മാറ്റനിർത്തപ്പെട്ടിരിക്കുന്ന ജനപ്രിയസാഹിത്യത്തെക്കുറിച്ച് ഗൗരവമായ വിശകലനങ്ങൾ അക്കാദമികമായി ആരംഭിക്കേണ്ടിയിരിക്കുന്നുവെന്ന് പറയാനുള്ള ശ്രമമാണ് ഈ അപസർപ്പകപ്പതിപ്പ് ചെയ്യുന്നത്. കേരളത്തിൽ ഇപ്പോൾ രൂപപ്പെടുന്ന ഇന്റർനെറ്റധിഷ്ഠിത സാഹിത്യ-സാംസ്കാരിക പശ്ചാത്തലം സാഹിത്യത്തിന്റെ പരമ്പരാഗത ഭാവുകത്വത്തെ ഉലച്ചുകൊണ്ട് സംസ്കാരത്തിന്റെ ഉച്ച-നീചക്രമങ്ങളെ ഉലയ്ക്കുന്ന അന്തരീക്ഷം ശക്തമാക്കുന്നുണ്ട്. ഇതനുസരിച്ചാണ് പുതിയ വായനാസമൂഹം ഇപ്പോൾ രൂപപ്പെടുന്നതെന്നു കാണാം. ജനപ്രിയസാഹിത്യം ഒന്നാകെ വിവേചനം നേരിടുന്നുവെങ്കിലും അതിലെ അപസർപ്പക വിഭാഗം കൂടുതലായി മാറ്റിനിർത്തപ്പെടുന്നുണ്ട്. മുട്ടത്തുവർക്കിയൊക്കെ അപൂർവ്വമായി സർവ്വകലാശാലാസിലബസുകളിൽ കടന്നുവന്നിട്ടുണ്ടെങ്കിലും കോട്ടയം പുഷ്പനാഥോ മറ്റോ ഇങ്ങനെ പരിഗണിക്കപ്പെട്ടിട്ടില്ലെന്നു കാണാം. അതെന്തുകൊണ്ടാണെന്ന ചോദ്യം കൂടുതലുച്ചത്തിലുയരേണ്ടതുണ്ട്.

കഴിഞ്ഞവർഷം അപസർപ്പകസാഹിത്യത്തിന്റെ പുതിയ സമീപനങ്ങളെക്കുറിച്ച് ഒരു സെമിനാർ ഓൺലൈനായി കെ.കെ.ടി.എം. മലയാളവിഭാഗം നടത്തിയിരുന്നു. പുതിയതലമുറ അത്തരം എഴുത്തുകളെ എങ്ങനെ കാണുന്നുവെന്നതിന്റെ രേഖയായിരുന്നു ആ സമ്മേളനം. പിന്നീട് കോട്ടയം പുഷ്പനാഥിനെക്കുറിച്ചും ഒരു സെമിനാർ ഓൺലൈനായി നടത്തി. അത്തരം ചർച്ചകളുടെ തുടർച്ചയാണ് ഈ ലക്കം ജേണൽ. നിരവധി ലേഖനങ്ങളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട പഠനങ്ങളാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. കിട്ടിയതിലേറെയും പഠനങ്ങൾ പുതിയകാല അപസർപ്പകസാഹിത്യത്തെക്കുറിച്ചാണെന്നുള്ളത് ഈ ലക്കത്തിന്റെ ചെറിയൊരു പരിമിതിയാണ്. ആ പരിമിതിയിലും അപസർപ്പകവായനകൾ എങ്ങനെ മുന്നോട്ടുപോകണമെന്ന ദിശ ഇതിലെ എഴുത്തുകൾ പങ്കുവയ്ക്കുന്നുണ്ട്. അപസർപ്പകസാഹിത്യത്തിന്റെ കലയും ആഖ്യാനവും അതിലെ ജാതി, ലിംഗ ബോധ്യങ്ങളും വായിച്ചെടുക്കുന്ന പഠനങ്ങൾ കൂടുതൽ വായനയ്ക്ക് വിധേയമാകട്ടെ എന്നാഗ്രഹിക്കുന്നു.

ഡോ. യാക്കോബ് തോമസ്

*ഇഷ്യു എഡിറ്റർ*

## Panel of Peer reviewers

1. ഡോ. പി.എസ്. രാധാകൃഷ്ണൻ
   പ്രൊഫസർ
   സ്കൂൾ ഓഫ് ലെറ്റേഴ്സ്, കോട്ടയം
2. ജോസി ജോസഫ്
   അസോ. പ്രൊഫസർ
   ഇംഗ്ലീഷ് വിഭാഗം
   എസ്.ബി. കോളേജ് (ഓട്ടോണമസ്)
   ചങ്ങനാശ്ശേരി
3. ഡോ. കെ.വി. ശശി
   അസി. പ്രൊഫസർ
   സംസ്കാര പൈതൃകപഠനവിഭാഗം
   മലയാളം സർവ്വകലാശാല, തിരൂർ
4. ഡോ. കെ.പി. ജയകുമാർ
   അസി. പ്രൊഫസർ
   മലയാളവിഭാഗം
   എൻ.എസ്.എസ്. കോളേജ്
   ചേർത്തല
5. ഡോ. രാജേഷ് എം.ആർ.
   അസി. പ്രൊഫസർ
   മലയാളവിഭാഗം,
   ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ
6. ഡോ. എസ്. ഗിരീഷ്കുമാർ
   അസി. പ്രൊഫസർ
   മലയാളവിഭാഗം,
   ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ

# ഉള്ളടക്കം

ആമുഖം 7

കുറ്റാന്വേഷണ സാഹിത്യലോകത്തിന്റെ ചരിത്രവഴികൾ 11

1

**അപസർപ്പകസാഹിത്യം: ഭാവുകത്വവും ചരിത്രവും**

ജനപ്രിയ ആധുനികതയുടെ അക്ഷരരൂപം
ഡോ. യാക്കോബ് തോമസ് 17

അപസർപ്പകനോവലുകളുടെ ഭാവുകത്വപരിണാമം
ഡോ. ജൈനിമോൾ കെ.വി. 52

അന്വേഷണം, പരീക്ഷണം, നിരീക്ഷണം
ഡോ. ഷിമി പോൾ ബേബി 65

2

**അപസർപ്പകസാഹിത്യം: ജനസ്സും ആഖ്യാനവും**

അപസർപ്പകാഖ്യാനങ്ങളും ഗോഥിക് പാരമ്പര്യവും:
ഡോ. രാജശ്രീ ആർ. 79

ആഖ്യാനത്തിന്റെ അപസർപ്പക (സമ) വാക്യങ്ങൾ
വിഷ്ണുകൃഷ്ണൻ ആർ. 90

കുറ്റാന്വേഷണനോവൽ: ആഖ്യാനവും സൈബർഭാവനയും
സംഗീത് മാത്യു 100

കുറ്റാന്വേഷണത്തിന്റെ ഉൽഖനനങ്ങൾ
ഡോ. സജ്ജ മാത്യു 124

സംവേദനത്തിന്റെ ലാവണ്യത
രമ്യ കെ. 139

കോസി മർഡർ മിസ്റ്ററിയും ആഖ്യാനസവിശേഷതകളും
ഫെൽബിൻ ആന്റണി 149

സമകാലീന മലയാള അപസർപ്പകാഖ്യാനങ്ങളുടെകവർച്ചിത്രങ്ങൾ
ജയശ്രീ എസ്. 165

കുറ്റാന്വേഷണ സാഹിത്യത്തിലെ പുത്തൻപ്രവണതകൾ
അന്ന ഷിന്റു റ്റി.സി. 175

ഡിറ്റക്ടീവ് പ്രഭാകരൻ: ആഖ്യാനവും രാഷ്ട്രീയവും
അനു ജെയിംസ് 184

കുറ്റാന്വേഷണനോവൽ: ആഖ്യാനവും സംസ്കാരവും
ഇന്ദുശ്രീ കെ. 199

**3**
**അപസർപ്പകസാഹിത്യം: ജാതി, ശരീരം, ലിംഗപദവി**

Female Victims, Necrophilia and Necropornography
Muhsina N. 217

പറയപ്പേച്ചുകളുടെ ശിരോബലികൾ
ഡോ. എൻ. രജനി 228

കുറ്റം, കുറ്റവാളി, കുറ്റാന്വേഷണം
ഡോ. ശ്രീപ്രിയ കെ. 245

അപസർപ്പണത്തിലെ പെൺനോട്ടങ്ങൾ:
ധ്യാന വി. 265

പോയടി കില്ലർ: ശരീരത്തിന്റെ രാഷ്ട്രീയം
രാഖി പി.ആർ. 276

പുതുവഴി തേടുന്ന അപസർപ്പകനോവൽ
സിജി സി.കെ. 290

യന്ത്രവും മനുഷ്യനും കൂടിച്ചേരുന്ന കുറ്റാന്വേഷണ വഴികൾ
ഡോ. നടാഷ സെബാസ്റ്റ്യൻ 304

*മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങളുടെ*
*പൂർണ ഉത്തരവാദിത്തം അതതു ലേഖകരിൽമാത്രം നിക്ഷിപ്തമാണ്*

# കുറ്റാന്വേഷണ സാഹിത്യലോകത്തിന്റെ ചരിത്രവഴികൾ

## വിദേശം

1667 പാരീസിൽ ലഫ്റ്റനെന്റ് ജനറൽ ഓഫ് പോലീസ് എന്ന തസ്തിക സൃഷ്ടിക്കപ്പെടുന്നു.

1796 ആൻ റാഡ്ക്ലിഫിന്റെ ദി മിസ്റ്ററീസ് ഓഫ് ഉഡോൾഫ് പ്രസിദ്ധീകരിക്കുന്നു.

1829 ലണ്ടനിൽ മെട്രോപ്പോലീറ്റൻ പോലീസ് ആക്ട് നിലവിൽവരുന്നു. ആധുനിക പോലീസിന്റെ ആരംഭം ഇവിടെനിന്നാണ്.

1839 ചാൾസ് ഡിക്കൻസിന്റെ ഒലിവർ ട്വിസ്റ്റ് പ്രസിദ്ധീകരിക്കുന്നു.

1841 എഡ്ഗാർ അലൻ പോയുടെ ദി മർഡേഴ്സ് ഇൻ ദി റൂ മോർഗസ് പുറത്തിറങ്ങി,

1842 ലണ്ടനിൽ ഡിറ്റക്ടീവ് പോലീസ് നിലവിൽ വന്നു.

1853 ചാൾസ് ഡിക്കൻസിന്റെ ബ്ലീക്ക് ഹൌസ് പുറത്തുവന്നു.

1861 അമേരിക്കയിൽ സിവൽ വാർ

1878 ലണ്ടനിലെ സ്കോട്ട്ലണ്ട് യാർഡ് പോലീസിൽ സി ഐ ഡി വിഭാഗം ആരംഭിക്കുന്നു.

1887 കോനൻ ഡോയലിന്റെ നോവൽ എ സ്റ്റഡി ഇൻ സ്കാർലെറ്റ് പ്രസിദ്ധീകരിച്ചു.

1892 കോനൻ ഡായലിന്റെ ദി അഡ്വെഞ്ചേഴ്സ് ഓഫ് ഷെർലക് ഹോംസ് പ്രസിദ്ധീകരിക്കുന്നു.

1894 ദി മെമ്മറീസ് ഓഫ് ഷെർലക് ഹോംസ് പുറത്തിറങ്ങി.

1901 കറുത്തവർഗക്കാരുടെ ആദ്യ അപസർപ്പകനോവൽ ആഫ്രിക്കൻ അമേരിക്കൻ എഴുത്തുകാരനായ പൌലിൻ ഹോപ്കിന്റെ ഹാഗാർസ് ഡോട്ടർ പ്രസിദ്ധീകരിച്ചു.

1903 ദി ഗ്രേറ്റ് ട്രെയിൻ റോബ്റി സിനിമ ഇറങ്ങുന്നു.

1905 ദി റിട്ടേൺ ഓഫ് ഷെർലക് ഹോംസ് പ്രസിദ്ധീകരിച്ചു.

1907 ജോസഫ് കൊണാർഡിന്റെ ദി സീക്രട്ട് ഏജന്റ് നോവൽ പ്രസിദ്ധീകരിക്കുന്നു.

1907 കറുത്തവർഗക്കാരുടെ രണ്ടാമത്തെ അപസർപ്പക നോവൽ ജോൺ ഇ ബ്രൂസിന്റെ ബ്ലാക്ക് സ്ലൂത്ത് പരമ്പരയായി പ്രസിദ്ധീകരിച്ചു തുടങ്ങി.

1911 ഇസബെല്ല ഗുഡ്‌വിൻ ന്യൂയോർക്കിലെ ആദ്യത്തെ പോലീസ് ഡിറ്റക്ടീവായി ചുമതലേൽക്കുന്നു.

1914 കോനൻ ഡോയലിന്റെ നോവൽ ദി വാലി ഓഫ് ഫിയർ പുറത്തുവന്നു.

1915 പ്രശസ്തമായ ഡിറ്റക്ടീവ് നോവൽ ജോൺ ബുക്കാന്റെ 39 സ്റ്റെപ് പുറത്തിറങ്ങുന്നു.

1919 അമേരിക്കയിൽ ആദ്യത്തെ വനിതാ പോലീസ് സ്ഥാപിതമാകുന്നു.

1920 അഗതാ ക്രിസ്റ്റിയുടെ ദി മിസ്റ്റീരിയസ് അഫയർ അറ്റ് സ്റ്റേയിൽസ് പുറത്തിറങ്ങി.

1923 ഡോറോത്തി എൽ സേയേഴ്സിന്റെ ഹൂസ് ബോഡി നോവൽ പ്രസിദ്ധീകരിച്ചു.

1926 അഗതാ ക്രിസ്റ്റിയുടെ ദി മർഡർ ഓഫ് റോജർ അക്രോഡ് പുറത്തുവന്നു.

1927 ദി കേസ് ബുക്ക് ഓഫ് ഷെർലക് ഹോംസ് പ്രസിദ്ധീകരിച്ചു.

1930 മിസ് മർപ്പിളിനെ കുറ്റാന്വേഷകയാക്കി അഗതാ ക്രിസ്റ്റിയുടെ ദി മർഡർ അറ്റ് ദി വിക്കാറേജ് ഇറങ്ങി.

1939 അപസർപ്പക എഴുത്തുകാരൻ ജയിംസ് ഹാഡ് ലി ചേസിന്റെ ആദ്യനോവൽ നോ ഓർക്കിഡ് ഫോർ മിസ് ബ്ലാൻഡിഷ് പ്രസിദ്ധീകരിച്ചു.

1948 അഗതാക്രിസ്റ്റിയുടെ ദി റോസ് ആനഡ് ന്യൂ ട്രീ പ്രസിദ്ധീകരിച്ചു.

1950 അഗതാ ക്രിസ്റ്റിയുടെ നോവൽ ദി മർഡർ ഈസ് അനൌൺസ്ഡ് പുറത്തുവന്നു.

1960 ഹിച്ച്കോക്കിന്റെ സിനിമ സൈക്കോ പുറത്തുവന്നു.

1984 ത്രില്ലർ സാഹിത്യാഖ്യാനങ്ങളിൽ വഴിത്തിരിവു സൃഷ്ടിച്ച ഉംബർട്ടോ എക്കോയുടെ നെയിം ഓഫ് ദി റോസ് പുറത്തുവന്നു.

## മലയാളത്തിൽ

1800 മലബാറിൽ പോലീസ് നിലവിൽവന്നു.

1809 തിരുവിതാംകൂറിൽ കാവൽ എന്ന പേരിൽ പോലീസ് സേന രൂപീകൃതമാകുന്നു.

1812 കൊച്ചിയിൽ ഠാണാദാർ എന്ന പേരിൽ പോലീസ് നിലവിൽ വന്നു.

1867 കുറ്റാന്വേഷണസ്വഭാവമുള്ള ആദ്യ വിവർത്തനകൃതി ഘാതകവധം പുറത്തിറങ്ങി.

1881 ആദ്യ കുറ്റാന്വേഷണ കഥ വാസനാവികൃതി പുറത്തുവന്നു.

1892 കുറ്റാന്വേഷണ സ്വഭാവമുള്ള ആദ്യകാല നോവൽ സരസ്വതീവിജയം പ്രസിദ്ധീകരിച്ചു.

1893 രണ്ടാമത്ത കുറ്റാന്വേഷണകഥ മേനോക്കിയെ കൊന്നതാരാണ് പുറത്തുവന്നു.

1900 കേരളത്തിലെ ആദ്യത്തെ ഫിംഗർ പ്രിന്റ് ബ്യൂറോ ട്രാവൻകൂർ ഫിംഗർ പ്രിന്റ് ബ്യൂറോ തിരുവനന്തപുരത്തെ സ്ഥാപിച്ചു.

1904 ആദ്യ കുറ്റാന്വേഷണ നോവൽ ഭാസ്കരമേനോൻ പ്രസിദ്ധീകരിച്ചു.

1914 തരവത്ത് അമ്മാളുവമ്മയുടെ കമലാഭായി അഥവാ ലക്ഷ്മീ വിലാസത്തിലെ കൊലപാതകം എന്ന അപസർപ്പക നോവൽ പുറത്തിറങ്ങി.

1920 സ്ത്രീയെഴുതിയ ആദ്യ കുറ്റാന്വേഷണ കഥ അമ്പാടി കാർത്യായനിയമ്മയുടെ മനസ്സാക്ഷിയും മോഹവും പ്രസിദ്ധീകരിച്ചു.

1930 കാരാട്ട് അച്യുതമേനോന്റെ വിരുതൻ ശങ്കു പ്രസിദ്ധീകരിച്ചു.

1931 ചമ്പത്തിൽ ചിന്നമ്മു അമ്മാളിന്റെ കുറ്റാന്വേഷണ കഥ ഒരു കൊലക്കേസ് പുറത്തുവന്നു.

1934 എം.പി. പോളിന്റെ കുറ്റാന്വേഷണകഥ സാരിത്തുമ്പ് പ്രസിദ്ധീകരിച്ചു.

1937 മനോരമ വാരിക ആരംഭിച്ചു.

1952 ബി.ജി. കുറുപ്പിന്റെ ആദ്യനോവൽ ഡോ. മോഹനൻ പുറത്തുവന്നു.

1955 കുറ്റാന്വേഷണ കഥകൾക്കായി പാപ്പി വേലുകുളം ഡിറ്റക്ടർ എന്ന മാസിക തുടങ്ങുന്നു.

1955 സ്ത്രീ കുറ്റാന്വേഷകയാകുന്ന ആദ്യനോവൽ ടി.പി. രാഘവന്റെ അത്ഭുതമന്ദിരത്തിലെ അനർഘരത്നം പ്രസിദ്ധീകരിച്ചു.

1956 കുറ്റാന്വേഷണസാഹിത്യത്തിനായി സി.ഐ.ഡി. എന്ന മാസിക കലാനിലയം കൃഷ്ണൻനായർ തുടങ്ങുന്നു.

1955 നീലകണ്ഠൻ പരമാരയുടെ ആദ്യനോവൽ അവിവാഹിതന്റെ പ്രേതം പുറത്തുവന്നു.

1956 കേരള സംസ്ഥാനവും കേരളപോലീസും രൂപംകൊണ്ടു.

1956 അന്തർജൻ തിരുവാങ്കുളം ഡിറ്റക്ടീവ് എന്ന പേരിൽ അപസർപ്പക കഥകൾക്കായി ഒരു പ്രസിദ്ധീകരണം തുടങ്ങുന്നു.

1961 കേരളത്തിലാദ്യത്തെ ഫോറൻസിക് ലബോട്ടറി തിരുവനന്തപുരത്ത് സ്ഥാപിതമായി.

1968 കോട്ടയം പുഷ്പനാഥിന്റെ ആദ്യനോവൽ ചുവന്ന മനുഷ്യൻ പുറത്തുവന്നു.

1969 മംഗളം വാരിക കോട്ടയത്തുനിന്ന് ആരംഭിച്ചു.

1970 കുട്ടികൾക്കായുള്ള കുറ്റാന്വേഷണ കോമിക്സ് സി.ഐ.ഡി. മൂസ പുറത്തുവന്നു.

1976 തോമസ് ടി. അമ്പാട്ട് കുറ്റാന്വേഷണനോവലുകൾ പ്രധാനമാക്കി ജനനി എന്ന പ്രസിദ്ധീകരണം തുടങ്ങി.

1977 കുട്ടികൾക്കായി കോട്ടയം പുഷ്പനാഥ് എഴുതിയ നോവൽ സർക്കിൾ ബാബു പുറത്തുവന്നു.

1978 കോട്ടയം പുഷ്പനാഥ് തന്റെ നോവലുകൾ പ്രസിദ്ധീകരിക്കാനായി പുഷ്പനാഥ്

പബ്ലിക്കേഷൻ തുടങ്ങുന്നു. മാർക്സിൻ ബുക്ക് ക്ലബ് ആരംഭിക്കുന്നു.

1978 പുഷ്പനാഥ് വാരിക പുറത്തിറങ്ങുന്നു.

1978 കുറ്റാന്വേഷണസാഹിത്യത്തിനായി കോട്ടയം കറന്റ് ബുക്സ് ഹോംസ് ബുക്ക് ക്ലബ് തുടങ്ങുന്നു

1979 അബ്ദുൽ ഖാദർ പട്ടണക്കാട് എഴുതിയ കുട്ടികൾക്കുള്ള അപസർപ്പക കഥ ജന്തുസ്ഥാനിൽ എന്തു സംഭവിച്ചു പുറത്തുവന്നു.

1979 കുമാരി വാരിക ആരംഭിച്ചു.

1979 പ്രണാബിന്റെ ആദ്യനോവൽ ഡോക്ടർ ബ്ലീറ്റ് പ്രസിദ്ധീകരിച്ചു.

1980 ശ്വാനനെ നായകനാക്കി കുറ്റാന്വേഷണം പറയുന്ന കോമിക്സ് ടിങ്കിൾ കോമിക്സ് പുറത്തിറക്കി.

1981 വൈക്കം ചന്ദ്രശേഖരൻ നായർ കേണൽ പ്രസാദ് എന്ന പേരിൽ ശ്രീകാന്ത് വർമ്മ എന്ന കുറ്റാന്വേഷകനെ നായകനാക്കി എഴുതിയ നോവലുകളിൽ ആദ്യത്തേത് പുറത്തുവന്നു.

1981 ബാറ്റൺ ബോസിന്റെ ആദ്യനോവൽ ഡോക്ടർ സീറോ പുറത്തുവന്നു.

1981 കുറ്റാന്വേഷണത്തെ ഹാസ്യാത്മകമായി സമീപിക്കുന്ന സേതുവിന്റെ വിളയാട്ടം എന്ന നോവൽ പ്രസിദ്ധീകരിച്ചു.

2007 അൻവർ അബ്ദുള്ളയുടെ ഒന്നാംസാക്ഷി സേതുരാമയ്യർ പുറത്തുവന്നു.

2008 ടി.പി. രാജീവന്റെ പാലേരി മാണിക്യം പാതിരാക്കൊലപാതകം എന്ന നോവൽ പുറത്തുവന്നു.

2008 റീത്താ മേരി എന്ന കുറ്റാന്വേഷകയിലൂടെ അന്വേഷണം നടത്തുന്ന ശ്രീലേഖ ഐ.പി.എസ്.-ന്റെ മരണദൂതൻ പുറത്തുവന്നു.

2009 ടി.ഡി. രാമകൃഷ്ണന്റെ ഫ്രാൻസിസ് ഇട്ടിക്കോര എന്ന നോവൽ പ്രസിദ്ധീകരിച്ചു.

2015 ബ്ലോഗിലൂടെയുള്ള ആദ്യ കുറ്റാന്വേഷണനോവൽ സിമി നസ്രേത്തിന്റെ ആറാമത്തെ വെടിയുണ്ട പുറത്തുവന്നു.

2018 ലാജോ ജോസിന്റെ കോഫി ഹൌസ് പ്രസിദ്ധീകരിച്ചു.

2021 ഭിന്നശേഷിക്കാരിയായ സ്ത്രീകഥാപാത്രം കുറ്റാന്വേഷണം നടത്തുന്ന ശ്രീപാർവ തിയുടെ വയലറ്റു പൂക്കളുടെ മരണം പ്രസിദ്ധീകരിച്ചു.

# 1

# അപസർപ്പകസാഹിത്യം: ഭാവുകത്വവും ചരിത്രവും

# ജനപ്രിയ ആധുനികതയുടെ അക്ഷരരൂപം

## കോട്ടയം പുഷ്പനാഥിന്റെ അപസർപ്പകലോകത്തെക്കുറിച്ചുള്ള ചിന്തകൾ


**ഡോ. യാക്കോബ് തോമസ്**

അസി. പ്രൊഫസർ, കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്



### പ്രബന്ധസംഗ്രഹം

മലയാളസാഹിത്യവിമർശനം ജനകീയമായ സാഹിത്യരൂപങ്ങളെ കലാത്മകമായി അംഗീകരിക്കാതെ മൂല്യമില്ലാത്തവയായി കണ്ടു. അങ്ങനെ ജനപ്രിയസാഹിത്യത്തെ വഴിതെറ്റിക്കുന്ന വേശ്യാലയസാഹിത്യമായി മുദ്രയടിക്കുകയും ചെയ്തു. എന്നാൽ അത്തരം ധാരണകളിന്നു തിരുത്തപ്പെടുകയും ജനപ്രിയസാഹിത്യത്തിനു പുതിയ വായനകളാകാമെന്ന് വാദങ്ങൾ ഉയരുകയും ചെയ്യുന്നത് കോട്ടയം പുഷ്പനാഥിന്റെ നോവലുകളിലൂടെ വായിക്കുകയാണ് ഈ പഠനം. കോട്ടയം പുഷ്പനാഥിന്റെ കൃതികൾ ദുർബലമായിരുന്ന പൈങ്കിളിവാരികകളെ ശക്തിപ്പെടുത്തുകയും ജനപ്രിയസാഹിത്യത്തിന് പുതിയൊരു മുഖം നല്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കൃതികളിലെ ശാസ്ത്രബോധവും ലിംഗപരമായ കാഴ്ചപ്പാടുകളും പുതിയ വായനകൾ ആവശ്യപ്പെടുന്നുവെന്ന് ഈ പഠനം സ്ഥാപിക്കുന്നു.



**താക്കോൽവാക്കുകൾ:** ആധുനികത, ശാസ്ത്രാവബോധം, അകേരളീയത, ലിംഗഭേദം


'മരുമക്കത്തായത്തിലെ വിവാഹസമ്പ്രദായവും ദായക്രമവും ഇപ്പോഴത്തെ കാലസ്ഥിതിക്കു തക്കവണ്ണം ഭേദപ്പെടത്തണമെന്ന് ഒരു പൊതുജനാഭിപ്രായം ഉണ്ടായതനുസരിച്ച് തിരുവിതാംകൂർ ഗവണ്മെന്റ് അതിലേക്കു പ്രവർത്തിച്ചിട്ടുള്ളതുപോലെയാണ് കവിതാവിഷയത്തിലും നാട്ടുനടപ്പിൽ ചില ഭേദഗതികൾ വേണമെന്ന് ഞാൻ അഭിപ്രായപ്പെട്ടത്. മറ്റുജാതിക്കാരുടെ മക്കത്തായസമ്പ്രദായത്തെ കണ്ട് അതിലുള്ള കൗതുകംകൊണ്ടാണ് മലയാളികൾക്ക്

ഈ പരിഷ്കാരേച്ഛ വന്നതെങ്കിൽ സംസ്കൃതം ഇംഗ്ലീഷ് മുതലായ ഭാഷകളിലെ കവിതാരീതി കണ്ടിട്ടാണ് എനിക്കും ഈ പരിഷ്കാരേച്ഛയുണ്ടായത്' (വസന്തൻ, 1986: 192) മലയാളകവിതയിൽ ദ്വിതീയാക്ഷരപ്രാസത്തിന്റെ പേരിൽ തർക്കം നടന്നസമയത്ത് പ്രാസവിരുദ്ധനായ കെ.സി. കേശവപിള്ള എഴുതിയ ലേഖ നത്തിലെ ഈ ഭാഗം ആധുനികത കടന്നുവരുമ്പോൾ മലയാളസാഹിത്യവും ഫ്യൂഡൽ-ജാതിസംസ്കാരംവിട്ട് പുതിയശീലങ്ങളിലേക്കു മാറണമെന്നു പറയു കയായിരുന്നു. മിഷനറിമാർ ഇവിടത്തെ ജനങ്ങളുടെ സംസാര രീതിയിലുള്ള ഗദ്യത്തെ പരിപോഷിപ്പിച്ച് പത്രമാസികകളും സാഹിത്യചിന്തകളും അവത രിപ്പിച്ചതിലൂടെ ആർക്കും സാഹിത്യമെഴുതാവുന്ന നില വന്ന കാലത്താണ് പണ്ഡിതർ മാത്രം ആസ്വദിച്ചിരുന്ന പദ്യത്തിന്റെ മേഖലയിൽ കലഹം പൊട്ടിപ്പുറപ്പെട്ടത്. സാധാരണജനങ്ങളുടെ സംസാരഭാഷയിൽ ഗദ്യാഖ്യാന ങ്ങൾ വന്നപ്പോഴും അവയെ അംഗീകരിക്കാൻ പണ്ഡിതർ തയാറായില്ലെന്ന വസ്തുത ഇന്ദുലേഖയെക്കുറിച്ചുള്ള ചർച്ചയിൽ മുണ്ടശ്ശേരി പറയുന്നുണ്ട്. 'എന്റെ കുട്ടിക്കാലത്തെ ഒരനുഭവം പ്രസംഗവശാൽ പറഞ്ഞുകൊള്ളട്ടെ, ആഖ്യായിക ആഖ്യായിക എന്നു പറഞ്ഞതിനുദാഹരണമായി ഞങ്ങളുടെ ഭാഷാധ്യാപ കൻ എപ്പോഴും എടുത്തുകാട്ടിയിരുന്നത് അക്ബറും രാമരാജബഹദൂറും ധർമ രാജായും മറ്റുമാണ്. ഇടയ്ക്കൊരിക്കൽ ഒരു വിരുതൻ ഇന്ദുലേഖയും ദൃഷ്ടാന്തമല്ലേ എന്നു ചോദിച്ചതിനുത്തരം കിട്ടിയത് ഇന്ദുലേഖയും കുന്ദലതയുമൊക്കെ വെറും നോവലുകളാണ്, പെണ്ണുങ്ങൾക്കു വായിച്ചു രസിക്കാനുള്ള നോവലുകൾ എന്നത്രേ. മധ്യകേരളത്തിലെ ഒരു ഭാഷാധ്യാപകനുപോലും അന്നിപ്രകാരം പറയാൻ തോന്നിയെങ്കിൽ അദ്ദേഹത്തെപ്പോലുള്ളവരുടെ ഞരമ്പിലോ ടിയിരുന്ന ഗീർവാണ ഫോർമലിസത്തിന്റെ രക്തം എത്രയായിരുന്നിരിക്ക ണം?'(മുണ്ടശ്ശേരി, 2004: 562). ലളിതമായ ഭാഷയെ സാഹിത്യഭാഷയായി കേരളവർമ്മയെപ്പോലുള്ളവർ കരുതിയിരുന്നില്ലെന്നും പദ്യത്തിനൊപ്പം സംസ്കൃതപ്രശാസിതമായ ഗദ്യഭാഷയ്ക്കെതിരെ അക്കാലത്ത് എഴുത്തുകാർ ശബ്ദമുയർത്തുകയായിരുന്നുവെന്നും അദ്ദേഹം ഇവിടെ പറയുന്നുണ്ട്.

എല്ലാവർക്കും വായിച്ചാസ്വദിക്കൻ കഴിയുന്ന പുസ്തകങ്ങളെ ബുദ്ധിജീ വികളുടെ വായനയ്ക്കുള്ള വിഭവമായി പണ്ഡിതർ കാണാതിരിക്കുകയും അവ 'ബുദ്ധിയധികമില്ലാത്ത' നിസ്സാരകളായ പെണ്ണുങ്ങളുടെയും സാധാരണക്കാ രായ മനുഷ്യരുടെയും അലസവായനയ്ക്കുള്ളതാണെന്നു ഉറപ്പിക്കുകയും ചെയ്തു. വായന എന്നു പറയുന്നതു പാണ്ഡിത്യമുള്ള പുരുഷന്മാരുടെ മനനമാണെന്നും സ്ത്രീകൾക്കും സാധാരണക്കാർക്കും ബുദ്ധിയും വിവരവും അധികമില്ലെന്നും

അവർക്ക് രസിക്കാനുള്ള ശേഷിയേ ഉള്ളൂവെന്നും അതിന് പ്രേമവും മറ്റും കുത്തിച്ചെലുത്തിയ 'സാധന'ങ്ങൾ മതിയെന്നുമാണ് ഇത്തരം വാദങ്ങളിലൂടെ പറഞ്ഞത്. മലയാളനോവലിന്റെ ആരംഭംതന്നെ ജനപ്രിയത്വത്തിന്റെ പ്രശ്നങ്ങൾ ഉല്പാദിപ്പിച്ചിരുന്നുവെന്നാണ് ഇതു വ്യക്തമാക്കുന്നത്. പുരോഗമന സാഹിത്യം ക്ലാസിക്-നിയോക്ലാസിക് പാരമ്പര്യത്തെ റദ്ദാക്കി അടിത്തട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങളെ അവതരിപ്പിച്ചപ്പോഴും ഇത്തരം വാദങ്ങൾ ഉയർന്നിരുന്നതായിക്കാണാം. പണ്ഡിതരിൽ വലിയൊരുവിഭാഗം പുരോഗമനസാഹിത്യത്തോട് അകലംപാലിച്ചതും സാഹിത്യവും കലയും സാധാരണക്കാരുടെ ആസ്വാദനശേഷിക്ക് പുറത്താണെന്ന ചിന്തകൊണ്ടായിരുന്നുവെന്നു വ്യക്തം.

ജാതിയടിസ്ഥാനപ്പെട്ട കേരളസമൂഹത്തിൽ ജാതിപരമായി ഉയർന്നവരുടെ ഭാഷയും കലയും ആസ്വാദനവും ശരിയായി അംഗീകരിക്കപ്പെടുകയും കീഴാളരുടെ കലയും ആസ്വാദനവും വിലകുറഞ്ഞതായി ഗണിക്കുകയുംചെയ്ത കാലത്ത് ആധുനികത ജാതിയെ ഉലച്ച് എല്ലാവർക്കും വായിച്ചാസ്വദിക്കാൻ കഴിയുന്ന കലയും സാഹിത്യവും സൃഷ്ടിച്ചതാണ് പണ്ഡിതരെ ഭയപ്പെടുത്തിയത്. ആ ഭയം സാഹിത്യചരിത്രത്തിലുടനീളം തുടരുകയും അച്ചടിയും മാധ്യമങ്ങളും പുതിയരൂപത്തിൽ വളരുകയും ചെയ്തതോടെ വർധിക്കുകയും ചെയ്തു. സാധാരണക്കാരുടെയും തൊഴിലാളികളുടെയും കഥപറഞ്ഞ് പുരോഗമനസാഹിത്യം അതിൽ വലിയൊരു അട്ടിമറി സാധിച്ചതോടെ സാഹിത്യത്തിലെ ജനകീയത ഗൌരവമായി ഉയർന്നുവന്നു. എന്നാൽ അക്കാലത്ത് രൂപംകൊണ്ട പുതിയ പത്ര, മാസികാ സംസ്കാരത്തിലൂടെ അതുവരെ സാഹിത്യത്തിൽ ഇടമില്ലാതിരുന്ന കുറേ എഴുത്തുകാർ എഴുതാൻ തുടങ്ങിയതും സാധാരണക്കാരായ ആളുകൾ അത്തരം ആഴ്ചപ്പതിപ്പുകൾ വാങ്ങിവായിച്ചതും വലിയ 'പാതക'മായിട്ടാണ് പണ്ഡിതർ വിലയിരുത്തിയത്. ആധുനികത പത്രമാധ്യമങ്ങളെ സൃഷ്ടിച്ച് ഫ്യൂഡൽ അറിവുരൂപങ്ങളെ റദ്ദാക്കി ജനങ്ങളെ വായനയിലേക്ക് അടുപ്പിച്ചുവെങ്കിൽ 1960 കളിൽ കോട്ടയം കേന്ദ്രീകൃതമായി വളർന്ന ആഴ്ചപ്പതിപ്പുസംസ്കാരം ആധുനികതയിൽ ദൃശ്യമാകാതിരുന്ന ജനങ്ങളെക്കൂടി വായനയിലേക്ക് കൂട്ടക്കൊണ്ടുവന്നു. ആധുനികതയുടെ അച്ചടിസംസ്കാരത്തെ താഴെത്തട്ടിലേക്കുവരെ എത്തിച്ച, പ്രത്യേകിച്ചും 'വായനക്കാരാ'യി ഗണിക്കാതിരുന്ന 'അടുക്കളജീവികളെന്നു' വിശേഷിപ്പിക്കുന്ന സ്ത്രീകളെവരെ വായനക്കാരാക്കിയ ഈ പ്രക്രിയയെ 'ജനപ്രിയ ആധുനികത'യെന്നു വിളിക്കാം. ഈ ജനപ്രിയ ആധുനികതയെ മാ വാരിക, പൈങ്കിളി വാരിക, കോട്ടയം വാരികകളുടെ സംസ്കാരം എന്നാണ് ബുദ്ധിജീവികൾ വിശേഷിപ്പിച്ചതും അകറ്റിനിർത്തിയതും.

പൈങ്കിളി വാരികകളെന്നു പറയുന്നത് നിലവാരക്കുറവിന്റെ രൂപമാണെന്നു പറഞ്ഞുകൊണ്ട് ഗുപ്തൻനായർ പറയുന്നത് പൊതുബോധമായി കണക്കാക്കാം. 'ബുദ്ധിയുടെയും അഭിരുചിയുടെയും ഉയർന്ന പടവുകൾ കയറാൻ അവസരം കിട്ടിയിട്ടില്ലാത്ത ജനസാമാന്യം അനായാസമായി രസിക്കാവുന്നതൊക്കെ വെട്ടിവിഴുങ്ങും. അതവരുടെ കുറ്റമല്ല. കൂടുതൽ ബുഭുക്ഷ വർദ്ധിക്കുംതോറും കൂടുതൽ വഷളായ സാധനങ്ങൾ വെച്ചുവിളമ്പുന്നത് അവരെ നന്നാക്കാനല്ല കീശവീർപ്പിക്കാനാണ്' (1987: 20).

പുരുഷ ബുദ്ധിജീവികൾ നിലവാരംകുറഞ്ഞതെന്ന് അടയാളപ്പെടുത്തിയ ഈ കോട്ടയം വാരികകളെ അങ്ങനെ കാണാനാവില്ലെന്നും കേരളത്തിലെ സ്ത്രീകളുടെ ജീവിതത്തെ ഗുണപരമായി മാറ്റിയ ചരിത്രം ഈ വാരികകൾക്കുണ്ടെന്നും സ്ത്രീകൾ അടയാളപ്പെടുത്തുമ്പോൾ മറ്റൊരുവായനയ്ക്ക് വഴിയൊരുങ്ങുകയാണ്. വിവാഹവും കുടുംബവും അടുക്കളയുമായി കഴിഞ്ഞ കേരളീയ സ്ത്രീയെ ആധുനികതയുടെ യന്ത്രസംസ്കാരം ഏറെ മാറ്റിയെന്നും കോട്ടയം വാരികകൾ അതിനെ വായനയിലേക്കു വഴിതിരിച്ചുവിട്ടുവെന്നും റയിച്ചൽ തോമസ് പറയുന്നു (1987: 57-58). അദ്ദേഹം എഴുതുന്നു: കാലാനുസൃതമായ ഒട്ടേറെ മാറ്റങ്ങൾ സമൂഹത്തിന്റെ വിവിധതലങ്ങളിലുണ്ടായി. സ്ത്രീകളുടെ അഭിരുചികളിൽപോലും അട്ടിമറികൾ നടന്നു... ... കഷ്ടിച്ച് എഴുത്തും വായനയും അറിയാവുന്നവർ മുതൽ അഭ്യസ്തവിദ്യർവരെ ഉൾക്കൊള്ളുന്ന സ്ത്രീസമൂഹം വായനയിൽ സന്തുഷ്ടി കണ്ടെത്തുന്നു. കേവലമൊരു വിനോദോപാധിയല്ല അവർക്കു വായന. വിവിധ വിഷയങ്ങളിൽ കഴിയുന്നത്ര അറിവുനേടാനവർക്കു താത്പര്യമുണ്ട് (അതേ കൃതി, 57). നിലവാരം കുറഞ്ഞ നോവലുകളും മറ്റും സ്ത്രീകളെ ദോഷകരമായി ബാധിക്കാമെന്നു പറയുമ്പോഴും സ്ത്രീകളുടെ വായനയെയും മറ്റും പരിപോഷിപ്പിക്കുന്നതിൽ ഇത്തരം പ്രസിദ്ധീകരണങ്ങൾ വഹിക്കുന്ന പങ്ക് ഗൌരവമായി എടുക്കണമെന്നാണ് ഇവിടെ വാദിക്കുന്നത്. അതായത് പുരുഷ ബുദ്ധിജീവികൾ പറയുന്നപോലെ നിലവാരംകുറഞ്ഞതും അപകടകരവുമായി കാണേണ്ടവയല്ല കോട്ടയം വാരികകളെന്നർഥം. പൈങ്കിളി വാരികകൾ ഓരോകാലത്തും സമൂഹവുമായി പ്രതിപ്രവർത്തിച്ചതിന്റെ ചരിത്രത്തിൽനിന്നുകൊണ്ടുവേണം ഇവയെ വിലയിരുത്തേണ്ടത്. ഇതേ പ്രശ്നമാണ് ഈ വാരികകളിലൂടെ പുറത്തുവന്ന, 'പൈങ്കിളിസാഹിത്യം' എന്ന പേരിൽ പണ്ഡിതർ മുദ്രകുത്തിയ സാഹിത്യത്തെയും കാണേണ്ടത്. പൈങ്കിളി സാഹിത്യത്തെ ഡിറ്റക്ടീവ് നോവലുകളിലൂടെ ഏറെ ജനപ്രിയമാക്കിയ കോട്ടയം പുഷ്പനാഥിലൂടെ ഒരു പുനഃപരിശോധന സാധ്യമാണോ എന്നു

പരിശോധിക്കുകയാണ് ഈ പഠനം.

## നോവൽചരിത്രത്തിലെ ജനപ്രിയചരിത്രം

മലയാളനോവൽസാഹിത്യചരിത്രത്തിൽ ജനപ്രിയനോവലുകളെ രണ്ടാം കിടയായി മാത്രമാണ് പരിഗണിക്കുന്നതെന്ന് സാഹിത്യവിമർശനം നോക്കുമ്പോൾ കാണാൻകഴിയും. മലയാളനോവൽസാഹിത്യത്തിന്റെ വിപുലമായ ചരിത്രമെഴുതിയ കെ. എം. തരകൻ ജനപ്രിയനോവലുകളെ തരംതിരിക്കുകയും ചരിത്രത്തിന്റെ ഓരത്തായിട്ടാണെങ്കിലും ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മലയാളനോവൽസാഹിത്യത്തെ മൂന്നുഘട്ടമായി തരംതിരിക്കുന്ന അദ്ദേഹം ഓരോഘട്ടത്തിലും ജനകീയനോവലുകൾ വളർന്നതിന്റെ ചരിത്രം ലഘുവായി സൂചിപ്പിക്കുന്നുണ്ട്. മലയാളത്തിലെ നോവലുകൾ നാലുതരത്തിലുള്ളതാണെന്നു പറഞ്ഞുതുടങ്ങുന്ന അദ്ദേഹം അതിൽ മൂന്നാമത്തേതായി പറയുന്നത് അപസർപ്പകനോവലുകളാണ്. പിന്നീട് ഓരോ ചരിത്രഘട്ടത്തിലും പ്രസിദ്ധീകരിച്ച അപസർപ്പകനോവലുകളെ കൃതികളുടെ പേരോ എഴുത്തുകാരുടെ പേരോ കൊണ്ട് കേവലമായി അദ്ദേഹം അടയാളപ്പെടുത്തുന്നുണ്ട്. ജനപ്രിയസ്വഭാവത്തിൽ സാമൂഹികനോവലുകളെ സാമാന്യനോവലുകളെന്നും അപസർപ്പകനോവലുകളെന്നും പലതായി അദ്ദേഹം ഗണിക്കുന്നുണ്ട്. എന്നാൽ അവയെല്ലാം കേവലം ചരിത്രപരമായ പ്രാധാന്യംമാത്രമേയുള്ളുവെന്നും സാഹിത്യപരമായ ഒരു മൂല്യവുമില്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു (2005, 65). നവോത്ഥാനകാലത്ത് മലയാളനോവൽ വളരുന്ന ചരിത്രം പറയുമ്പോഴാണ് അദ്ദേഹം കേരളത്തിൽ വായനാസമൂഹം വളർന്നപ്പോൾ നോവൽ വലിയതോതിൽ വികസിച്ചതെന്നും സാധാരണക്കാരുടെ അഭിരുചികളെ തൃപ്തിപ്പെടുത്തുന്ന വിധത്തിൽ ഗൌരവമായ ചിന്തകളില്ലാത്ത നോവലുകൾ ഉണ്ടാകാൻ തുടങ്ങിയതെന്നും പറയുന്നു (അതേ കൃതി, 178). ഗാഢമായ ജീവിതദർശമില്ലാത്തവരും രചനാപാടവം കഷ്ടിയായവരുമായ നോവലിസ്റ്റുകളാണ് ഇത്തരം നോവലുകൾ എഴുതി വായനക്കാരുടെ വികാരങ്ങളെ ശമിപ്പിക്കാൻ ശ്രമിച്ചതെന്നാണ് അദ്ദേഹം പറയുന്നത്. ഇവയെ അദ്ദേഹം സാമാന്യനോവലുകൾ, ജനസമ്മിതിനേടിയ നേവലുകൾ എന്നിങ്ങനെയാണ് വിളിക്കുന്നത് (അതേ കൃതി, 186). ഇതിൽ മുട്ടത്തുവർക്കിയാണ് ഇത്തരം നോവലുകളുടെ ആചാര്യനെന്നും അദ്ദേഹത്തിന്റെ നോവലുകളുടെ നിലവാരം മറ്റുനോവലുകൾക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ഈ നോവലുകളുടെ പൊതുസ്വഭാവം അദ്ദേഹം ഇങ്ങനെ വ്യക്തമാക്കുന്നു: 'ജനസമ്മിതിനേടിയ മിക്ക നോവലുകളുംഅനുകരണങ്ങളും ഭാവശുഷ്കങ്ങളും യുക്തിപരതയെ

അവഗണിക്കുന്നവയും വികാരങ്ങളെ കേട്ടഴിച്ചുവിടുന്നവയുമാണ്. ജീവിതത്തിന്റെ ഉപരിപ്ലവതലങ്ങളിൽ നീരാടുന്നതിലാണ് അവയുടെ കൗതുകം. ചിന്തയുടെ ഉയർന്ന മണ്ഡലങ്ങളിലേക്കുയരുവാൻ താത്പര്യമില്ലാത്തവർക്കു മാത്രമല്ല, ജീവിതത്തിന്റെ അദ്ധ്വാനങ്ങളിൽ നിന്നും ഗുരുതരമായ ഗുരുതരമായ പ്രശ്നങ്ങളിൽനിന്നും തെല്ലുനേരത്തേക്ക് രക്ഷപ്പെടാനാശിക്കുന്നവർക്കും ഇത്തരം നീരാട്ട് കൗതുകകരമാണ്....കേവലം രസത്തിനുവേണ്ടിമാത്രം എഴുതപ്പെടുന്ന നോവലുകളെ സാമൂഹികമെന്നു വിശേഷിപ്പിക്കുന്നത് ശരിയായിരിക്കില്ല' (അതേകൃതി, 197). ഉത്തമങ്ങളായ സാഹിത്യകൃതികൾക്ക് അധമവികാരങ്ങളെ ശുദ്ധീകരിച്ച് ശ്രേഷ്ഠമാക്കാൻ കഴിയുമെന്നും എന്നാൽ ഈ നോവലുകൾക്ക് അതിനുകഴിവില്ലെന്നും അദ്ദേഹം സ്ഥാപിക്കുന്നു(അതേകൃതി, 179). ഈ നോവലുകളെല്ലാം അവയുടേതായ മണ്ഡലത്തിൽ വിഹരിക്കുമെന്നും മലയാളനോവൽസാഹിത്യത്തിന്റെ പുരോഗതിക്ക് അനുകൂലമോ പ്രതികൂലമോ ആവില്ലെന്നും അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. അതായത് മലയാളനോവലെന്നു പറയുന്നതിൽ ജനകീയനോവലുകളും ത്രില്ലറുകളും പെടുന്നില്ലെന്നും അതല്ലാത്ത ഉത്തമസാഹിത്യമാണ് ശരിയായ നോവലുകളെന്നുമാണ് തരകന്റെ വായന. ഇംഗ്ലീഷിലുള്ള നോവലുകളുടെ നിലവാരം ഇവയ്ക്കില്ലെന്നു സ്ഥാപിച്ചുകൊണ്ടാണെങ്കിലും കോട്ടയംപുഷ്പനാഥിനെപ്പോലുള്ളവരുടെ പേരുകൾ അദ്ദേഹം അടയാളപ്പെടുത്തുന്നുണ്ട്.

1

## കടലാസ്സിലെ വേശ്യാലയവും അഴുക്കുചാലും

പൈങ്കിളി/ജനപ്രിയസാഹിത്യത്തെക്കുറിച്ചുണ്ടായിട്ടുള്ള വായനകളെല്ലാം അവയെ നിലവാരമില്ലാത്തതായി കണ്ട് രൂക്ഷമായി വിമർശിക്കുന്നതാണ്. ലൈംഗികതയും പ്രേമമവും ഇക്കിളിപ്പെടുത്തി പറയുന്ന ഈ സാഹിത്യത്തെ വിമർശിക്കാൻ നരേന്ദ്രപ്രസാദ് പ്രയോഗിച്ച 'കടലാസ്സിലെ വേശ്യാലയം' തായാട്ട് ശങ്കരൻ ഉപയോഗിച്ച 'അഴുക്കുചാൽ സാഹിത്യം', എന്നീ പ്രയോഗങ്ങളിലൂടെ നിരൂപകരുടെ വെറുപ്പ് മനസ്സിലാക്കാൻ സാധിക്കും. 1950-കൾ മുതൽ ശക്തമാകുന്ന ഈ വിമർശനങ്ങളെ നാലുതരത്തിൽ വേർതിരിക്കാൻ കഴിയും.

1. കലാ/പാണ്ഡിത്യവിമർശനങ്ങൾ
2. പുരോഗമന സാഹിത്യവായനകൾ
3. ആധുനികതാവാദ വിമർശനങ്ങൾ

4. നവമാർക്സിസ്റ്റ് വിമർശനങ്ങൾ

ഈ വായനകൾ പരസ്പരം ബന്ധപ്പെട്ടതാണെങ്കിലും അവതമ്മിൽ പ്രത്യയ ശാസ്ത്രപരമായ വേർതിരിവും കാണാം.

ജനകീയമായി എറെ വായിക്കപ്പെടുന്ന സാഹിത്യകൃതി കലാപരമായി മികച്ചതാവില്ലെന്ന ബോധമായിട്ടാണ് സാഹിത്യവിമർശനത്തിൽ ഇത്തരം ചർച്ചകൾ ആദ്യം ഉയർന്നുവന്നത്. അങ്ങനെ സാധാരണക്കാരായ മനുഷ്യർ വായിച്ച സാഹിത്യത്തെ നികൃഷ്ടമായ സാഹിത്യമാക്കുകയും അല്ലാത്തവയെ ഗൌരവസാഹിത്യമാക്കുകയും ചെയ്ത് ജനപ്രിയസാഹിത്യത്തെ ഇകഴ്ത്തപ്പെട്ട ഒന്നാക്കി മുദ്രയടിച്ചു. ജനങ്ങളെന്നു പറയുന്നത് വിലകുറഞ്ഞ ആസ്വാദശേഷി യുള്ളവരാണെന്നും പാണ്ഡിത്യമുള്ളവർക്കാണ് കലയെക്കുറിച്ച് കാര്യമായി ആസ്വദിക്കാൻ കഴിയുകയുള്ളൂവെന്നും അതിനാൽ ജനങ്ങളെ തൃപ്തിപ്പെടുത്തുന്ന കലാസമീപനങ്ങൾ കലാവിരുദ്ധമാണെന്നുമാണ് ഈ വാദങ്ങളുടെകാതൽ. അതിനാൽ ജനകീയമാകുന്നതും കൂടുതൽ കോപ്പികൾ പ്രസിദ്ധീകരിക്കുന്നതും കലാപരമായി മികച്ചതല്ലെന്നും പറയുന്നു. ഇത്തരം ചർച്ചകളുടെ തുടക്കം ചങ്ങമ്പുഴക്കവിതാ നിരൂപണങ്ങളിൽ കാണാം. രമണന്റെ ആയിരിക്കണക്കിന് കോപ്പികൾ വിറ്റഴിഞ്ഞത് മുണ്ടശ്ശേരിയെപ്പോലുള്ളവർ അത്ഭുതത്തോടെ കണ്ടപ്പോൾ ഇതരനിരൂപകർ അതിനെ സംശയത്തോടെ വീക്ഷിച്ച് ഇത്തരം ജനകീയത കലാവിരുദ്ധമാണെന്നു സ്ഥാപിക്കുകയായിരുന്നു. വായനയിലും എഴുത്തിലും താത്പര്യമില്ലാത്ത അധഃകൃതരെപ്പോലും വായിക്കാൻ പ്രേ രിപ്പിക്കുംവിധം സാഹിത്യത്തിന്റെ ഭാവുകത്വം മാറിയെന്നും വായനയ്ക്കായി പണംചെലവഴിക്കാനുള്ള പ്രവണതകൂടിയെന്നും ഇത് കേരളനവോത്ഥാനം സൃഷ്ടിച്ച പരിണാമത്തിന്റെ ഫലമാണെന്നും മുണ്ടശേരി വ്യക്തമാക്കുന്നു (1998, 48). എന്നാൽ സാഹിത്യത്തിന്റെ ജനകീയതയും ജനപ്രിയത്വവും അപകടമാണെന്ന് അഴീക്കോടിനെപ്പോലുള്ള നിരൂപകർ വാദിച്ചു. ‘ജനങ്ങൾ ക്ക് ആസ്വാദനത്തിന്റെ കേവലമാർഗ്ഗങ്ങളെ യുക്തിയുടെ വെളിച്ചത്തിൽ കാണിച്ചുകൊടുക്കേണ്ട വിമർശകൻ അയുക്തികമത്തായ ജനാഭിമതത്തെ പരമപ്രമാണമാക്കുന്നത് പൊതുവിൽ സാഹിത്യത്തിന്റെയോ വിശേഷിച്ച് സാഹിത്യവിമർശനത്തിന്റെയോ ഉൽക്കർഷത്തിലേക്കുള്ള വഴിയല്ല. കവി തയെപ്പറ്റി നല്ലതൊന്നും പറയാനില്ലന്നേ ഇതിനർഥമുള്ളൂ’(2010: 16). ജനപ്രി യമായ അഭിപ്രായങ്ങളെ പരിഗണിക്കുന്നതോ അതിന്റെ താത്പര്യങ്ങളെ പരിഗണിക്കുന്നതോ ശരിയായ സാഹിത്യമല്ലെന്ന ചിന്തയാണ് ഇവിടെ പ്രകടമാകുന്നത്.

സാധാരണക്കാരുടെ കലാഭിരുചി മോശമാണെന്നും ഉന്നതരായ പണ്ഡിതരുടെ അഭിരുചികളാണ് ഗൌരവമാർന്നതെന്നുമുള്ള കലാചിന്ത അറുപതുകളിൽ മലയാളസാഹിത്യത്തിൽ ശക്തമാകുന്നുണ്ട്. ജനങ്ങൾ വലിയതോതിൽ ആസ്വദിക്കുന്ന കലകൾ മികച്ചവയാകണമെന്നില്ലെന്നും ജനങ്ങളധികമാസ്വദിക്കാത്ത ശാസ്ത്രീയസംഗീതം പോലുള്ളവ മികച്ച കലാനുഭൂതിയാണ് നല്കുന്നതെന്നും ഗുപ്തൻ നായർ ചൂണ്ടിക്കാട്ടുന്നു. അദ്ദേഹം പറയുന്നു: 'ഇതിന്റെയർഥം ജനങ്ങളിൽനിന്ന് ഉത്തേജനം നേടേണ്ടെന്നല്ല. ജനങ്ങളിൽനിന്ന് ഉത്തേജനം കൊള്ളുന്നതും ജനങ്ങളുടെ താണനിലവാരത്തിനൊപ്പിച്ചു കലാസൃഷ്ടി നടത്തുന്നതും രണ്ടുവിഭിന്ന കാര്യങ്ങളാണ്' (2009, 31). ബഹുജനത്തിന്റെ അംഗീകാരമുള്ളത് അല്പം തരംതാണകാര്യമാണെന്നുള്ള വാദം ആവർത്തിച്ചുകൊണ്ട് പണ്ഡിതരുടെ അംഗീകാരം നേടുന്നതാണ് മികച്ചതെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. ജനപ്രിയത്വം എന്ന ഗുണത്തെ നിലവാരംകുറഞ്ഞതെന്ന വിഭാഗത്തിലാണ് പെടുത്തേണ്ടതെന്ന വാദത്തിലൂടെ പാണ്ഡിത്യം/ജനപ്രിയം എന്ന അധികാരശ്രേണിയെ ഇത്തരം ചിന്തകൾ നിർമിക്കുന്നു.

1960-കളുടെ ഒടുവിൽ ജനപ്രിയവാരികാസംസ്കാരം ശക്തമായപ്പോഴാണ് കമ്പോളം എന്ന ശക്തിയെ ശത്രുവായി പ്രതിഷ്ഠിക്കുന്ന പുരോഗമന സാഹിത്യചിന്തകൾ ശക്തമാകുന്നത്. മലയാളസാഹിത്യനിരൂപണത്തിൽ ജനപ്രിയചിന്തകളെ ചെറുക്കണമെന്ന വാദങ്ങൾ ആധുനികതാവാദത്തിന്റെ കാലത്തും ശക്തമാവുകയായിരുന്നുവെന്നു കാണാം. ജനപ്രിയസാഹിത്യം യഥാർഥസാഹിത്യത്തെ ഇല്ലാതാക്കുമെന്നും ദുർബലമായ ജനകീയചിന്തകൾ സമൂഹത്തെ നശിപ്പിക്കുന്ന വിധത്തിൽ കമ്പോളത്തോടുചേർന്നു വളരുമെന്നും നിരൂപകർ വാദിച്ചിരുന്നു. നരേന്ദ്രപ്രസാദ് ആ വാദങ്ങളെ ഇങ്ങനെ അവതരിപ്പിക്കുന്നുണ്ട്—സംവേദനം കൂടുതൽ കൂടുതൽ ആയാസകരമായ കാലഘട്ടത്തിലേക്കാണ് ആധുനികസമൂഹം നീങ്ങുന്നത്. പക്ഷേ, കമ്പോള-ജനപ്രിയ സാഹിത്യമുള്ളപ്പോൾ വായനക്കാരിലെത്രപേർ ആയാസത്തിനു മുതിരും. മൂല്യനിഷ്ഠമായ സമരത്തിന്റെ സത്യാന്വേഷണത്തിന്റെ സാഹിത്യവും അധമവിനോദാധിഷ്ഠിതവും സൂത്രവാക്യങ്ങളാൽ കെട്ടിപ്പൊക്കിയതുമായ ഒരു ഉപഭോഗസാഹിത്യവും സമാന്തരരേഖകളിൽ ഇവിടെയുണ്ടായിരിക്കുന്നു. ഇവയെ വേർതിരിക്കാനാണ് നിരൂപണം ശ്രമിക്കേണ്ടത് (2000: 115). സാഹിത്യം രണ്ടുതരത്തിലുണ്ടെന്നും അധമമായ സാഹിത്യം വഴിതെറ്റിക്കുന്നതാണെന്നും പറയുന്നതിലൂടെ ജനപ്രിയ സാഹിത്യത്തെ ഒന്നാകെ റദ്ദാക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. കമ്പോളവുമായി ജനപ്രിയ സാഹിത്യത്തെ കൂട്ടിയിണക്കാനുള്ള

അദ്ദേഹത്തിന്റെ ശ്രമം മറ്റു നിരൂപകരിലും കാണാൻ കഴിയും. കമ്പോളമെന്നത് അധമമായിട്ടുള്ളതാണെന്നു പറയുന്നതിലൂടെ അതുമായി ബന്ധപ്പെട്ടതെല്ലാം മോശമാണെന്നു സ്ഥാപിക്കാനുള്ള ശ്രമമാണ് ഇവിടെ ശ്രദ്ധിക്കേണ്ടത്. കമ്പോളം, കച്ചവടം. ഉപഭോഗം തുടങ്ങിയവയെല്ലാം മ്ലേച്ഛമാണെന്നും ജനപ്രിയത്വം ഇവയിലൂടെയാണ് സാധ്യമാകുന്നതെന്നും സൂചിപ്പിച്ചുകൊണ്ട് എല്ലാം പാണ്ഡിത്യത്തിന്റെ 'നല്ലതു'കൾക്കു വിരുദ്ധമാണെന്നു വാദിക്കുന്നു. ഇത്തരം സാഹിത്യകൃതികൾ വലിയതോതിൽ വില്ക്കപ്പെട്ടുമെന്നതിനാൽ ഇവയ്ക്ക് ആവശ്യത്തിനു വരുമാനം കിട്ടുമെന്നും അതിനാലിവയെ അവാർഡുകൾക്കും മറ്റും പരിഗണിക്കരുതെന്നും എം. ഗംഗാധരൻ എഴുതുമ്പോൾ നിരൂപകരുടെ ഭീതികൂടി വെളിപ്പെടുന്നുണ്ട് (2012, 250). സാഹിത്യരചനയിലൂടെ അടിസ്ഥാനപരമായി വരുമാനമാണ് ലക്ഷ്യമിടുന്നതെന്ന് എഴുത്തുകാർ സമ്മതിക്കില്ലെങ്കിലും ജനപ്രിയസാഹിത്യം വലിയതൊതിൽ വരുമാനം കമ്പോളത്തിൽനിന്നുണ്ടാക്കുന്നുവെന്ന സൂചന ശരിയായ എഴുത്തുകാർക്ക് അതു കിട്ടുന്നില്ലെന്ന് വ്യക്തമാക്കുന്നു. എന്നുമാത്രമല്ല ഇവയ്ക്ക് സാഹിത്യഗുണമുണ്ടായാലും ഇവയെ നല്ല സാഹിത്യമായി പരിഗണിക്കേണ്ടെന്ന വാദവും ഉന്നയിക്കപ്പെടുന്നു. ഇങ്ങനെ നോക്കുമ്പോൾ നിരൂപകർ രണ്ടുതരം സാഹിത്യത്തെ സൃഷ്ടിച്ച് ശരിയായ സാഹിത്യമുണ്ടെന്നും അതിനുവിരുദ്ധമായി വഴിതെറ്റിക്കുന്ന സാഹിത്യമുണ്ടെന്നും സ്ഥാപിക്കുന്നത് വ്യക്തമാകുന്നു.

| യഥാർഥസാഹിത്യം | ജനപ്രിയസാഹിത്യം |
|---|---|
| ഉന്നതമായ ചിന്ത | ലളിതം, വിനോദം |
| മനനം | ഒറ്റവായന |
| ആനന്ദം | ഇക്കിളി, ലൈംഗികത |
| കലാ/പാണ്ഡിത്യാധിഷ്ഠിതം | കമ്പോളാധിഷ്ഠിതം |
| മൂല്യസമൂഹസൃഷ്ടി | അഴുക്കുചാൽ/വഴിതെറ്റിക്കൽ |

ഇവിടെ വരച്ചിടുന്ന ഈ ദ്വന്ദ്വാത്മകസാഹിത്യ വ്യാഖ്യാനം ശരിയായ സാഹിത്യം മാത്രം മതിയെന്നും ഇക്കിളിസാഹിത്യത്തെ തിരസ്കരിക്കണമെന്നുമാണ്. സാഹിത്യത്തെക്കുറിച്ചുള്ള ഉദാത്തമായ നിർവചനങ്ങളിലൂടെയാണ് ഈ വിഭജനം സാധ്യമാകുന്നതെന്നു കാണാം. പാരമ്പര്യമായി സാഹിത്യനിർവചനങ്ങൾക്കുപയോഗിച്ച പാശ്ചാത്യ-പൌരസ്ത്യസിദ്ധാന്തങ്ങളും കേരളത്തിൽ നാല്പതുകളിൽ ശക്തമായ പുരോഗമനസാഹിത്യചിന്തകളും ഇവിടെ പരസ്പരം ഒത്തുചേരുന്നതുകാണാം. ജനപ്രിയസാഹിത്യം ഉണ്ടാകുന്നതിനു മുമ്പുതന്നെ സാഹിത്യകൃതികളിലെ ലൈംഗികതയെക്കുറിച്ച് വലിയ

തർക്കങ്ങൾ പുരോഗമനസാഹിത്യത്തിൽ ഉണ്ടായിട്ടുണ്ട്. ഇക്കിളിസാഹിത്യത്തിന്റെ പ്രധാനപ്പെട്ട ഉള്ളടക്കമായി പൊതുവേ പറയുന്ന ലൈംഗികതയെന്ന പ്രശ്നം ചരിത്രപരമായി വിമർശിക്കപ്പെട്ടിരുന്നുവെന്നാണിത് കാണിക്കുന്നത്. നവോത്ഥാനസാഹിത്യത്തിൽ ലൈംഗികതയെ ബഷീറും ദേവും തുറന്നെഴുതിയപ്പോൾ നിരൂപകർ വലിയതോതിൽ വിമർശിച്ചു. ലൈംഗികതയെ സമൂഹത്തിലെ യാഥാർഥ്യങ്ങളെ മറന്നുകൊണ്ട് വിവരിക്കുന്നത് സമൂഹത്തെ വഴിതെറ്റിക്കുന്ന മുതലാളിത്ത താത്പര്യമാണെന്നായിരുന്നു അവരുടെ വാദം. ഇതിനെയവർ വിശേഷിപ്പിച്ചത് അധഃപതനസാഹിത്യമെന്നാണ് (ദേവദാസ്, 1991: 41). മുതലാളിത്തത്തിന് സാമൂഹികതാത്പര്യങ്ങളില്ലെന്നും സമൂഹത്തിലെ ജനവിഭാഗങ്ങളുടെ വൈവിധ്യത്തെ നിരാകരിച്ച് അരാജകത്വം വളർത്തി തൊഴിലാളിവർഗത്തിന്റെ ശക്തിയെ ഇല്ലാതാക്കുകയാണതിന്റെ ലക്ഷ്യമെന്നും അതിനാൽ ലൈംഗികത തുറന്നെഴുതുന്നത് മുതലാളിത്തത്തിന്റെ പാതയൊരുക്കലാണെന്നുമാണ് വാദം.

എൻ. കൃഷ്ണപിള്ള ഈ സാഹിത്യത്തെ ഇക്കിളിയെന്നാണ് വിലയിരുത്തിയത്. 'കഷ്ടിച്ച് യൌവനാരൂഢരായ യുവതീയുവാക്കന്മാരെ ഇക്കിളിക്കൊള്ളിക്കാൻ മാത്രംപോരുന്ന ഒരുതരം തുടർക്കഥകളുടെ എണ്ണംനാൾക്കുനാൾ വർദ്ധിച്ചുവരുന്നുവെന്നാണ് ' അദ്ദേഹം കുറിച്ചത് (2014, 755). കേവലമായി വികാരങ്ങളെ ഇക്കിളിക്കൂട്ടുന്നതെന്ന മട്ടിലാണ് ഈ സാഹിത്യത്തെ ചിത്രീകരിക്കുന്നത്. യഥാർഥസാഹിത്യത്തിൽനിന്ന് ജനങ്ങളെ അകറ്റുമെന്ന ഭീതിയാണ് ഈ നിരൂപകർ ഉന്നയിക്കുന്നത്. ഇക്കിളിസാഹിത്യമെന്ന പേരിൽ എം. അച്യുതനും ഇവയെ ദുർബലവും സാധാരണമനുഷ്യരുടെ ഭാവനയെ വികലമാക്കുന്നവയായി വിർമർശിക്കുന്നുണ്ട്. സാധാരണ നോവലിനുള്ള ഒരുഗുണവുമില്ലാത്ത ഇവ സെക്സിന്റെ ആധിപത്യത്തിലൂടെ വായനക്കാരുടെ മൃദുല വികാരങ്ങളെ ഇളക്കുന്നവ മാത്രമാണെന്നാണ് വാദം (1980, 101). എം. അച്യുതൻ ജനപ്രിയനോവലുകളെ വിമർശിക്കാനായി എഴുതിയ നോവൽ വ്യവസായം എന്ന ലേഖനത്തിൽ ഈവക നോവലുകളുടെ കുഴപ്പമായി പറയുന്നത്, മൂന്നു കാര്യങ്ങളാണ്.

1.ബഹുജനങ്ങളിൽ അങ്കുരിക്കുന്ന താഴ്ന്ന അഭിരുചികളെ തൃപ്തിപ്പെടുത്തുന്ന വിധത്തിൽ എഴുതുന്ന നോവലുകൾ മാസ് പ്രൊഡക്ഷനാകും

2.ഇക്കിളിസാഹിത്യം.

3.സെക്സിന്റെ ആധിപത്യം.

കഞ്ചാവും കറുപ്പും കൊടുത്തു മയക്കുന്നതുപോലെ സെക്സ് കൊടുത്ത്

മയക്കുകയാണ് ഈവക നോവലുകൾ (1980: 102). സെക്സും ഇക്കിളിയും ഉല്പാദിപ്പിക്കുന്ന വ്യവസായമാണ് പൈങ്കിളിസാഹിത്യമെന്നാണ് ഇത്തരം വിമർശനങ്ങളുടെ ആകത്തുക. നേരിട്ട് മലയാളത്തിലെ ജനപ്രിയസാഹിത്യ ത്തെയല്ലെങ്കിലും അമേരിക്കയിലെ ലൈംഗികത നിറഞ്ഞ സാഹിത്യമാസികാ സംസ്കാരത്തെ വിമർശിച്ച തായാട്ട് ശങ്കരൻ അഴുക്കുചാൽ സാഹിത്യമെന്നാണ് അതിനെ വിശേഷിപ്പിച്ചത്. നമ്മുടെ സാഹിത്യവും ഈ വൈകൃതങ്ങളുടെ പിന്നാലെ നടക്കുന്നതിൽ താത്പര്യം പ്രദർശിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ....... നമ്മുടെ വൻകിട ഹോട്ടലുകളിൽ പടിഞ്ഞാറൻ സംസ്കാരത്തിന്റെ നഗ്ന നൃത്തങ്ങൾ രംഗപ്രവേശം ചെയ്തു കഴിഞ്ഞു...അവിടെ മൃഗീയമായ കാമമാണ് മുന്തിയ കച്ചവടചരക്ക്. നമ്മുടെ സംസ്കാരം ആവഴിക്ക് ഊരിക്കുത്തി വീഴാൻ തുടങ്ങിയിരിക്കുന്നു (1975: 55).

ആദ്യകാലത്തെ കലാപാണ്ഡിത്യ വിമർശനങ്ങൾ സാഹിത്യത്തെ ഉയർന്ന ക്ലാസിക്ക് കാലത്തെ സാഹിത്യവിചാരങ്ങളിൽ സാഹിത്യത്തെ പ്രതിഷ്ഠിച്ചുകൊണ്ടാണ് ഇവയെ നിലവാരം കുറഞ്ഞതെന്ന് വിമർശിച്ചതെങ്കിൽ പുരോഗമനസാഹിത്യവിമർശനങ്ങൾ മുതലാളിത്തത്തിന്റെ ജീർണസംസ്കാര ത്തെ സമൂഹത്തിലേക്കുകൊണ്ടുവരുന്ന വൃത്തികേടുകളായിട്ടാണ് ഇവയെ കണ്ടത്. ആധുനികതാവാദവിമർശനങ്ങൾ വികൃതമായ ആത്മസംതൃപ്തിയിലേ ക്ക് വായനക്കാരെ നയിക്കുന്നവയാണ് ഈ സാഹിത്യമെന്ന് വിമർശിക്കുന്നു. 'ജനങ്ങളെ വിദ്യാഭ്യാസം ചെയ്യുക്കാത്ത, അവരുടെ ധർമ്മബോധത്തെ പരി വർത്തിപ്പിക്കാത്ത സാഹിത്യമാണത്. കുറച്ചു സംഭവങ്ങളിൽ അധിഷ്ഠിതമായ വികൃതമായ ആത്മസംതൃപ്തിയിലേക്കു നയിക്കുന്ന സാഹിത്യമാണത്. സദാ ചാരത്തിലൂന്നി പ്രേമത്തെയും ലൈംഗികതയെയും മാത്രം വളർത്തിക്കൊണ്ടു വരുന്ന കടലാസ്സിൽ പ്രത്യക്ഷപ്പെടുന്ന വേശ്യാലയമാണത്. നമ്മുടെ സമൂഹ ത്തിലെ കുഷ്ഠമാണ്' (നരേന്ദ്ര പ്രസാദ്, 1999, 154-55). ലൈംഗികതയെക്കു റിച്ചും പ്രണയത്തെക്കുറിച്ചും മാത്രം സംസാരിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് വഴിതെറ്റിക്കുന്ന സാഹിത്യമാണ് ഇവയെന്ന് ഈ വായനകൾ പ്രഖ്യാപിക്കുന്നു.

1980 കളിൽ ജനപ്രിയസാഹിത്യം വാരികകളിലൂടെ ശക്തമായതിനൊപ്പം മലയാളത്തിൽ സിനിമയും വലിയൊരു ശക്തിയായി. ഇതോടുകൂടി ജനപ്രി യത്വവും കമ്പോളവും തമ്മിലുള്ള ബന്ധവും അവ ജനങ്ങളിൽ സൃഷ്ടിക്കുന്ന കേവലമായ വിനോദവും ജനങ്ങളെ മുതലാളിത്തത്തിന്റെ പുതിയ കെണി കളിലേക്കു നയിക്കുമെന്ന വിമർശനം കൂടുതലായി ഉയർന്നുവന്നു. ഇതിന്റെ ഭാഗമായി ഡി.വൈ.എഫ്.ഐ. പോലുള്ള ഇടതുപക്ഷ യുവജനസംഘടനകൾ

ഇത്തരം വാരികകൾക്കെതിരേ ശക്തമായി പ്രതിഷേധം സംഘടിപ്പിക്കുകയും അവ കത്തിക്കുകയും ചെയ്തു. എന്നാൽ തൊണ്ണൂറുകളിൽ ഉത്തരാധുനിക-നവ മാർക്സിസ്റ്റ് ആശയാവലികൾ കടന്നുവന്നപ്പോൾ ജനപ്രിയസംസ്കാരത്തിനെതിരേയുള്ള വിമർശനങ്ങളും നിരാകരണവും പുനരാലോചനയ്ക്കു വിധേയമാകുകയും ജനപ്രിയസംസ്കാരത്തിൽത്തന്നെ വിമോചന മൂല്യങ്ങളുണ്ടെന്നും അവയെ കണ്ടെത്തി വളർത്തണമെന്നും എന്നാലവയിലെ മുതലാളിത്ത സംസ്കാരവ്യവസായ സ്വഭാവത്തെ വിമർശിക്കണമെന്നുമുള്ള വാദങ്ങൾ ഉയർന്നു. എ. സോമന്റെ ജനപ്രിയ വിമർശനങ്ങളാണ് ഇതിനുദാഹരണം. അദ്ദേഹമെഴുതുന്നു: '...മൂന്നാംലോക സാഹചര്യങ്ങളിൽ ജനപ്രിയ സംസ്കാരത്തിന്റെ കാര്യത്തിൽ ഒരു ദ്വിമുഖതന്ത്രം ആവിഷ്കരിക്കേണ്ടിവരുമെന്ന് തോന്നുന്നു. ഒരേ സമയം ജനപ്രിയ സംസ്കാരത്തിന്റെ ജനാധിപത്യ മൂല്യങ്ങളെ സ്വായത്തമാക്കുകയും അതേസമയം അതിന്റെ വിമോചക വിരുദ്ധ രീതികളെ ബോധത്തോടുകൂടി (Double consciousness) മാത്രമേ ജനപ്രിയ സംസ്കരത്തെ കേരളത്തിലേതുപോലുള്ള സവിശേഷ സാഹചര്യത്തിൽ സ്വീകരിക്കാനാവൂ എന്ന് ചുരുക്കം' (2002, 264).

ഈ വായനകളിൽനിന്ന് ഒരുകാര്യം വ്യക്തമാകും, ലൈംഗികതയെന്ന പ്രശ്നത്തിലാണ് മലയാളസാഹിത്യത്തിന്റെ ബൌദ്ധികലോകം നവോത്ഥാനകാലത്തിനു ശേഷം ഭ്രമണംചെയ്തുകൊണ്ടിരിക്കുന്നത്. ലൈംഗികത തുറന്നെഴുതുന്നതോ ആവിഷ്കരിക്കുന്നതോ ശരിയല്ലെന്ന ചിന്തയാണ് ഇക്കാലത്തുണ്ടായത്. ലൈംഗികതയും ശരീരവും കേരളത്തിൽ പ്രശ്നമായി ചർച്ചകളിൽ കടന്നുവന്നതിന് ചരിത്രപരമായ വേരുകളുള്ളതായി കാണാം. കേരളത്തിൽരൂപംകൊണ്ട ആധുനികതയും നവോത്ഥാനവും അർധനഗ്നമായ ഫ്യൂഡൽശരീരത്തിൽനിന്നു ഭിന്നമായി വസ്ത്രംകൊണ്ടു മൂടിയ ശരീരം മലയാളിക്കു നല്കുന്നുണ്ട്. ആധുനികത ലൈംഗികതയും ശരീരപ്രദർശനവും പാപമായിക്കണ്ട് വിലക്കുകയും ചെയ്തു. അങ്ങനെ ലൈംഗികവിരുദ്ധമായ ലോകബോധമാണ് ആധുനികതയിലെ സാഹിത്യരൂപങ്ങൾ ആവിഷ്കരിച്ചത്. ഈ ബോധം ഫ്യൂഡൽകാലത്തെ മണിപ്രവാളംപോലുള്ള സാഹിത്യരൂപങ്ങളിലെ ലൈംഗികതയെ സവർണരുടെ ഭോഗമായിക്കണ്ട് തിരസ്കരിക്കുകയും ശരീരത്തെ അധികം വിവരിക്കാത്ത സാഹിത്യമാണ് നല്ല സാഹിത്യമെന്നു മുദ്രയടിക്കുകയും ചെയ്തു. ലീലാവതി കുമാരനാശാനെക്കുറിച്ച് എഴുതുന്നതിൽനിന്ന് ഇതു വ്യക്തമാകും. 'മലയാളകവിതയുടെ ഭാവമണ്ഡലത്തിൽ ആശാൻ ആവിഷ്കരിച്ച വിപ്ലവം വിലകുറഞ്ഞ ഹാസ്യത്തിൽനിന്നും ശൃംഗാരാഭാസത്തിൽനിന്നും

വിലപ്പെട്ട കണ്ണീരിലേക്കും വിളിപ്പെട്ട ആത്മാർപ്പണസ്വരൂപമായ സ്നേഹത്തിലേക്കും അതിനെ തിരിച്ചുവിട്ടു എന്നതാണ്' (1996: 194). മണിപ്രവാളത്തിന്റെ ശൃംഗാരത്തിൽനിന്നു സ്നേഹത്തിലേക്ക് കൊണ്ടുപോയാണ് ആശാൻ വിപ്ലവം സൃഷ്ടിച്ചതെന്നു പറയുന്നിടത്ത് ശൃംഗാരത്തെ രണ്ടാംകിടയായി കാണുകയും ശരീരമില്ലാത്ത സ്നേഹത്തെ ശരിയായി കാണുകയും ചെയ്യുകയാണ്. ശരീരത്തെയും ലൈംഗികതയെയും പാപബോധമാക്കി വിലക്കിയ ആധുനികതയുടെ പ്രത്യയശാസ്ത്രപരിസരമാണ് വികാരങ്ങളെ ആവിഷ്കരിക്കുന്ന സാഹിത്യത്തെ അധമസാഹിത്യമാക്കി മാറ്റിയതെന്നു വ്യക്തം. ഉത്തരാധുനികചിന്തകളുടെ വരവോടെയാണ് ലൈംഗികതയെ ഗൌരവമായി പരിഗണിക്കുവാൻ സാഹിത്യവിമർശകർക്കു കഴിഞ്ഞതും പൈങ്കിളി-നല്ലസാഹിത്യം എന്ന വേർതിരിവിനെ അപ്രസക്തമാക്കുന്ന കാഴ്ചപ്പാടുകൾ രൂപീകരിക്കാനായതും.

അപസർപ്പകസാഹിത്യത്തെ മലയാളനിരൂപകർ എങ്ങനെ അടയാളപ്പെടുത്തിയെന്നതും പരിശോധിക്കേണ്ടതുണ്ട്. കൊളോണിയാലാധുനികതയുടെ പരിവർത്തനങ്ങളിലൂടെ ഇംഗ്ലീഷ് സാഹിത്യത്തിലെ ജനുസ്സുകൾ കടന്നുവന്നപ്പോൾ അപസർപ്പകസാഹിത്യവും കടന്നുവന്നിരുന്നു. 1930 കളിൽ മലയാളനിരൂപണം ശക്തമായപ്പോൾ ഇംഗ്ലീഷിലെ സാഹിത്യജനുസ്സുകൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് എം.പി. പോളിനെപ്പോലുള്ളവർ അപസർപ്പക സാഹിത്യത്തെക്കുറിച്ച് എഴുതിയത്. ഒറ്റവായനയ്ക്കേ ഉതകുകയുള്ളൂവെങ്കിലും ഇത്തരം സാഹിത്യകൃതികൾ മലയാളത്തിൽ ഉണ്ടാകണമെന്ന് നിരീക്ഷണമാണ് അന്ന് പങ്കുവയ്ക്കപ്പെട്ടത്. ആദ്യകാല കുറ്റാന്വേഷണനോവലായ ഭാസ്കരമേനോനെക്കുറിച്ച് എഴുതിയപ്പോൾ ജോസഫ് മുണ്ടശ്ശേരി കുറ്റാന്വേഷണത്തിനൊപ്പം ജീവിതച്ഛായാകരണംകൂടി സാധിക്കുമ്പോഴാണ് നോവൽ ഹൃദയത്തെ സ്വാധീനിക്കുകയുള്ളൂവെന്ന് പറയുന്നു. കുറ്റാന്വേഷണത്തിന്റെ പാശ്ചാത്യമാതൃകകളിൽ അനുരാഗവും മറ്റും ഒഴിവാക്കിയിട്ടുണ്ടെന്നുള്ളതുവച്ച് ബാക്കിയുള്ളവരും അതനുകരിക്കണമെന്നു പറയുന്നത് ശരിയല്ലെന്നും ഭാസ്കമേനോനിലെ അനുരാഗാഖ്യാനം നോവലിനെ കൂടുതൽ ഗൌരവമാക്കുന്നുവെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. എന്നാൽ പിന്നീട് സാഹിത്യനിരൂപകർ ഈ ജനുസ്സിനെ ഒട്ടുംതന്നെ ഗൌരവത്തോടെ കണ്ടില്ല. ആംഗലേയസാഹിത്യത്തെ ആഴത്തിൽ മലയാളത്തിൽ അവതരിപ്പിച്ച കേസരിയെപ്പോലുള്ളവർ അപസർപ്പകസാഹിത്യത്തെക്കുറിച്ച് ഒരക്ഷരംപോലും എഴുതിയില്ല എന്നുകാണാം. അറുപതുകൾക്കുശേഷം അവ ശക്തിപ്പെട്ടപ്പോൾ അവയെ അവഗണിക്കാനും ഇകഴ്ത്താനുമാണ് അവർ ശ്രമിച്ചത്. സാധാരണക്കാരുടെ

വായനാവിഭവമെന്ന മട്ടിൽ ഗൌരവമുള്ളതല്ലെന്ന ചിന്ത അതിലൂടെ ഉറപ്പി ച്ചെടുത്തു.

2

കോട്ടയംപുഷ്പനാഥ് തുറന്നുവിട്ട ഭൂതം

അപസർപ്പകനോവലുകളുടെ ചരിത്രം രചിച്ച ഹമീദ് പത്തൊമ്പതാം നൂറ്റാണ്ടിൽ തുടങ്ങുന്ന മലയാള അപസർപ്പക നോവലുകളെ നാലുഘട്ടമായി വർഗീകരിക്കുന്നുണ്ട്—പ്രാരംഭഘട്ടം (1887-1953), വിസ്ഫോടനഘട്ടം (1954-1960), സുവർണകാലഘട്ടം (1961-2000), വർത്തമാനകാലം (2001-2011) എന്നിങ്ങനെ (2015: 9). 1960-കളിൽ തുടങ്ങുന്ന സുവർണകാലത്താണ് കോട്ടയം പുഷ്പനാഥ് കോട്ടയം വാരികകളെ അടക്കി ഭരിച്ചത്. ജനപ്രിയസാഹിത്യത്തിന് പുതിയമുഖം ലഭിച്ച കാലംകൂടിയാണ് ഇക്കാലമെന്നാണ് നിരീക്ഷിക്കുന്നത്. ജനപ്രിയ വാരികകളെക്കുറിച്ചും സാഹിത്യത്തെക്കുറിച്ചുമുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നത്, സാക്ഷരതയെ പരിപോഷിപ്പിക്കുന്നതിൽ ജനപ്രിയസാഹിത്യം വലിയ പങ്കുവഹിച്ചുവെന്നാണ്. തുടർച്ചയായി പ്രസിദ്ധീകരിക്കുന്ന വാരികാസംസ്കാരമാണ് ഇതിൽ വലിയ പങ്കുവഹിച്ചതെന്നും ചൂണ്ടിക്കാട്ടപ്പെടുന്നു. എന്നാൽ അക്കാലത്തെ പലവാരികകളുടെയും പ്രചാരം പരിശോധിക്കുമ്പോൾ വാരികകൾ ഇറങ്ങിയതിനാൽ ആളുകൾ അവ വായിച്ചുവെന്ന വാദം അത്രശരിയല്ലെന്നു വ്യക്തമാകും. 1960 കളുടെ ഒടുവിൽ പല ജനപ്രിയ വാരികകളും പ്രതിസന്ധിയിലായിരുന്നുവെന്ന് കാണാം. മനോരാജ്യം വാരികയുടെ അനുഭവത്തിൽ അന്നവിടെ പ്രൂഫ് റീഡറായിരുന്ന കിളിരൂർ രാധാകൃഷ്ണൻ ഈ പ്രശ്നം അവതരിപ്പിക്കുന്നുണ്ട് (ജിജി ചിലമ്പിൽ, 2014: 31). മനോരാജ്യത്തിന്റെ എഡിറ്ററായിരുന്ന ജോസഫ് കുന്നിശേരി 1968 കാലത്ത് ചുവന്ന മനുഷ്യൻ എന്ന നോവലിന്റെ കൈയെഴുത്തുപ്രതി നല്കിയിട്ട് വായിച്ചുനോക്കി അഭിപ്രായം പറയാൻ അദ്ദേഹത്തോടു പറഞ്ഞതാണ് സംഭവം. ഡിറ്റക്ടീവ് നോവലാണെന്നു കണ്ടപ്പോൾ അത്തരം നോവലുകളുടെ കാലംകഴിഞ്ഞുവെന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. എങ്കിലും നോവൽ പ്രസിദ്ധീകരിച്ചുതുടങ്ങി. ആ സമയം മനോരാജ്യം കേരളഭൂഷണം പത്രാധിപർ വിലയ്ക്കു വാങ്ങുകയും പുഷ്പനാഥിന്റെ നോവൽ പ്രസിദ്ധീകരിച്ചത് ശരിയായില്ലെന്നു പറയുകയും ചെയ്തു. അതുവരെ 'പുഷ്പനാഥിനു നേരെ ഉണ്ടായിരുന്നത് പ്രതികൂല സമീപനമായിരുന്നു. വാരിക നാലുലക്കങ്ങൾ കൂടി പുറത്തിറങ്ങിക്കഴിഞ്ഞതോടെ നോവൽ സൂപ്പർ ഹിറ്റായി.

വാരികയുടെ കോപ്പിയുടെ എണ്ണം റോക്കറ്റുപോലെ കുതിച്ചുയർന്നു... അവിടെ നിന്നാണ് പുഷ്പനാഥ് നോൺസ്റ്റോപ്പായി എഴുതാൻ തുടങ്ങിയത്. മനോരാജ്യത്തിലെ നോവൽ ഹിറ്റായതോടെ മനോരമ, പൌരദ്ധ്വനി, മംഗളം തുടങ്ങിയ വാരികകളും പുഷ്പനാഥിനെ തേടിയെത്തി' (അതേകൃതി, 31).

മനോരമയിലെ പാരലൽ റോഡ് എന്ന നോവലും ഹിറ്റായതോടെ പുഷ്പനാഥിന്റെ രചനകൾ ട്രെന്റ്സെറ്ററാവുകയായിരുന്നുവെന്ന് മനീഷ് എഴുതുന്നു. കേരളത്തിൽ അന്നുണ്ടായിരുന്ന ജനകീയ വാരികകൾ എല്ലാംതന്നെ കുറ്റാന്വേഷണനോവലുകൾക്കായി അദ്ദേഹത്തിന്റെ വീട്ടുപടിക്കൽ കാവൽനില്ക്കുന്ന വിചിത്രമായ കാഴ്ചയാണ് പിന്നീട് കണ്ടത്. അദ്ദേഹത്തിന്റെ നോവലുകൾ സർക്കുലേഷൻ വർധനയിൽ നിർണായകമായ പങ്കുവഹിക്കുന്നുണ്ടെന്ന് വാരികകൾ തിരിച്ചറിഞ്ഞു (അതേകൃതി, 2017: 70). ഈ വിവരണം ശരിയാണെന്ന് അദ്ദേഹത്തിന്റെ എഴുത്തുകൾ പരിശോധിക്കുമ്പോൾ വ്യക്തമാകും. അധ്യാപകജോലിയിൽനിന്ന് സ്വയംവിരമിക്കലെടുത്ത് ദിവസം പതിനൊന്ന് മണിക്കൂറൊക്കെ തുടർച്ചയായി എഴുതിയിട്ടും തികയാതെവന്നപ്പോൾ മൂന്നുനാലുപേരെ മുറിയിലിരുത്തി കഥപറഞ്ഞുകൊടുത്ത് എഴുതിക്കേണ്ടിവന്നുവെന്ന അദ്ദേഹത്തിന്റെ ഓർമ്മകൾ അന്നത്തെ വാരികകളുടെ അവസ്ഥ വ്യക്തമാക്കാൻ സഹായിക്കുന്നു. അദ്ദേഹത്തിന്റെ അക്കാലത്തെ രചനാരീതികളും തിരക്കും മനസ്സിലാക്കാൻ ഈ വിവരണത്തിലൂടെ കഴിയും: 'എന്റെ എഴുത്തിന്റെ സുവർണകാലത്ത് ആഴ്ചയിൽ ഒമ്പത് വാരികകൾക്കുവരെ നോവലുകൾ എഴുതേണ്ടിവന്നിട്ടുണ്ട്. എഴുത്തിന്റെ സമ്മർദ്ദം ഏറുകയും ഏറ്റെടുത്ത എഴുത്തുപണികൾ കൃത്യമായി തീർക്കാൻ കഴിയുല്ലെന്ന് വരികയും ചെയ്ത ഒരു സാഹചര്യത്തിൽ അധ്യാപകനായിരുന്ന ഞാൻ ആ ജോലിയിൽനിന്ന് വോളന്ററി റിട്ടയർമെന്റ് എടുത്തത്. ആ സമയത്ത് മൂന്നുപേരെ വരെ ഒരു മുറിയിൽ ഇരുത്തി അവർക്ക് മൂന്നു വ്യത്യസ്ത നോവൽഭാഗങ്ങൾ പറഞ്ഞുകൊടുത്ത് എഴുതിക്കുന്ന രീതിയും ഞാൻ പരീക്ഷിച്ചിരുന്നു. കാരണം വീടിനുപുറത്ത് ആ ആഴ്ചയിലെ നോവലുകളുടെ അധ്യായം വാങ്ങാൻ വാരികകളിൽനിന്നുള്ള ആളുകൾ കാവൽനില്ക്കുന്നുണ്ടാവും' (അതേ കൃതി, 72). ഒരാളുടെ നോവലുകൾ ശ്രദ്ധേയമായപ്പോൾ അയാളെക്കൊണ്ട് നോവലെഴുതിക്കുകയെന്ന തന്ത്രമായിട്ടല്ല ഈ വിവരണത്തെ കാണേണ്ടത്, മറിച്ച് വായനക്കാരായ വലിയൊരു ജനവിഭാഗത്തിന്റെ ഉണർവ്വായിട്ടാണ്. അക്കാലത്ത് നിരവധി മാസികകളുണ്ടായിട്ടും ഇത്തരത്തിലൊരു അനുഭവം അക്കാലത്ത് വേറെ എഴുത്തുകാർക്കുള്ളതായി കാണുന്നില്ല. പുഷ്പനാഥ് ഇങ്ങനെ ട്രെന്റ് സെറ്ററായപ്പോഴാണ്

മാത്യു മറ്റത്തിനെപ്പോലുള്ളവരും നിരന്തരം എഴുതുന്നവരായി മാറുന്നതെന്നു കാണാം.

ഈ അനുഭവത്തിന്റെ മറ്റൊരുദാഹരണം പുഷ്പനാഥ് തന്നെ പല അഭിമുഖങ്ങളിലും പറഞ്ഞിട്ടുണ്ട്. പുതുതായി ആരംഭിച്ച ഒരുവാരിക അദ്ദേഹത്തിന്റെ നോവലുകൾക്കായി സമീപിച്ച കാര്യമാണത്. തിരക്കുകാരണം അവർക്കെഴുതാൻ കഴിഞ്ഞില്ലെന്നും അവരുടെ അഭ്യർഥന മാനിച്ച് മൂന്നുമാസം കഴിഞ്ഞെഴുതിത്തരമെന്നും പറഞ്ഞു. കൃത്യം മൂന്നുമാസം കഴിഞ്ഞപ്പോൾ അവരെത്തിയെന്നും തന്റെ നോവലിന്റെ ആദ്യ അധ്യായം കിട്ടിയപ്പോഴാണ് വാരിക തുടങ്ങിയതെന്നുമാണ് ആ സംഭവം (അതേകൃതി, 2017, 73). അക്കാലത്തെ അദ്ദേഹത്തിന്റെ കൃതികളുടെ എണ്ണം കേവലമായി പരിശോധിച്ചാൽതന്നെ ഇക്കാര്യങ്ങൾ ശരിയാണെന്നു കരുതേണ്ടിവരും. തന്റെ നോവലുകൾക്ക് വലിയ മാർക്കറ്റുണ്ടെന്നറിഞ്ഞപ്പോൾ അദ്ദേഹം സ്വന്തമായി പ്രസിദ്ധീകരണവിഭാഗം തുടങ്ങുന്നതിൽനിന്ന് അദ്ദേഹത്തിന്റെ ജനപ്രിയത്വം ഊഹിക്കാം. അങ്ങനെയാണ് അദ്ദേഹം പുഷ്പനാഥ് പബ്ലിക്കേഷനും അതിന്റെ ഭാഗമായി മാർക്സിൻ ഡിറ്റക്ടീവ് ബുക്ക് ക്ലബ്ബും തുടങ്ങുന്നത്. മാസംതോറും മൂന്നുംനാലും നോവലുകൾ പുറത്തിറക്കുന്ന രീതിയിലാണ് ഇത് പ്രവർത്തിച്ചത്. ഈ ജനപ്രിയത്വം കാരണമാണ് അദ്ദേഹം പുഷ്പനാഥ് വാരികയും തുടങ്ങിയതെന്നു കാണാം. മലയാളത്തിലെ ഒരു ജനപ്രിയ എഴുത്തുകാരനും ഇത്തരത്തിൽ സ്വന്തമായി പബ്ലിക്കേഷനോ വാരികയോ തുടങ്ങിയിട്ടില്ലെന്ന വസ്തുതമാത്രം മതി അദ്ദേഹത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ. പുഷ്പനാഥിലൂടെ ഒരു നോവൽ പ്രളയമാണ് സംഭവിച്ചതെന്നും അദ്ദേഹം ഒരു വായനാവിപ്ലവത്തിനാണ് തിരികൊളുത്തിയതെന്നും ലിറ്ററി ഫാക്ടറിയായിരുന്ന അദ്ദേഹമെന്നും മലയാള അപസർപ്പകസാഹിത്യത്തിന്റെ ചരിത്രമെഴുതിയ ഹമീദ് പറയുന്നതിൽനിന്ന് അന്ന് നടന്ന പരിവർത്തനം ഊഹിക്കാം (ജിജി ചിലമ്പിൽ, 2015: 195-96). അദ്ദേഹത്തിന്റെ നോവൽശൈലിയിലാണ് പിന്നീട് പലരും നോവലുകളും വിവർത്തനങ്ങളും എഴുതിയതെന്ന് ജയിംസ് ഹാഡ്‌ലി ചേസിന്റെ നോവലുകൾ വിവർത്തനംചെയ്ത ഭാസ്കരൻ പയ്യന്നൂർ പറയുന്നു (2017: 83). ഇക്കാലത്തെ നോവലുകളുടെ കണക്കുകൾ അന്നത്തെ തരംഗം സ്ഫോടനമായിരുന്നുവെന്ന് വ്യക്തമാക്കുന്നതാണ്. 1970-കൾ വരെ മലയാളത്തിലുണ്ടായത് 319 ഡിറ്റക്ടീവ് നോവലുകളാണെങ്കിൽ 1970 മുതൽ 1985 വരെയുള്ള പതിനഞ്ചുവർഷത്തിനിടയിൽ പുറത്തിറങ്ങിയത് 319 നോവലുകളാണ് (ഹമീദ്, 2015: 26). 2000 വരെ മലയാളത്തിൽ ആകെയുണ്ടായ

711 അപസർപ്പക നോവലുകളിൽ പകുതിക്കടുത്ത് പുറത്തിറങ്ങിയത് ഈ 15 കൊല്ലത്തിനിടയിലാണെന്ന വസ്തുത കോട്ടയം പുഷ്പനാഥ് തുറന്നുവിട്ട ഭൂതത്തിന്റെ ശക്തി വ്യക്തമാക്കുന്നുണ്ട്.

അദ്ദേഹത്തിന്റെ ജനകീയത മനസ്സിലാക്കി വാരികകൾ നോവലിറക്കാൻ മത്സരിച്ചപ്പോൾ തിരക്കുകാരണം എഴുത്തിൽ അദ്ദേഹത്തിന്റെ തന്നെ നോവലുകളുടെ ആവർത്തനം വന്നത് തിരിച്ചടിയായെന്ന് ജയചന്ദ്രൻ ചൂണ്ടിക്കാട്ടുന്നത് ഇവിടെ പ്രസക്തമാണ്. ' ഇത് പൊതുവേ ബുക്ക് ക്ലബ് അംഗങ്ങളുടെ ഇടയിൽ ഒരു ബ്ലാക്ക് മാർക്കായി മാറി. എഴുത്തിന്റെ തിരക്കുകാരണം സംഭവിച്ചുപോയ അബദ്ധമാണ്. ഇത് അദ്ദേഹത്തെ വല്ലാതെ ബാധിച്ചു. അദ്ദേഹത്തിന്റെ ജനപ്രീതി താഴേക്കു പോകാൻ ഇതൊരു കാരണമായി. ഒരു മാസത്തിൽ നാലുപുസ്തകം ഇറക്കണമെന്ന കമ്മിറ്റ്മെന്റും ആ നാലുപുസ്തകത്തിനുള്ള മെറ്റീരിയൽ ഇല്ലാതെ വരികയും ചെയ്തപ്പോൾ അദ്ദേഹം കാണിച്ച ചെറിയൊരു അബദ്ധം പുഷ്പനാഥിന്റെ ഡിക്ലയിനായി മാറി. എന്നിട്ടുപോലും കുറേയധികം പുസ്തകങ്ങൾ ഇറങ്ങി. അന്ന് പുഷ്പനാഥ് അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ കേരളത്തിലെ ഏറ്റവും വലിയ പുസ്തക പ്രസാധകൻ കോട്ടയം പുഷ്പനാഥായി മാറിയേനെ' (ജിജി ചിലമ്പിൽ, 2017, 58).

ഈ വിവരണങ്ങളിൽ നിന്ന് ചില നിഗമനങ്ങൾ രൂപപ്പെടുത്താൻ കഴിയും:

1.കോട്ടയം വാരികകൾ സാധാരണക്കാരുടെ ഇടയിൽ പുഷ്പനാഥ് വരുന്നതുവരെ വായനയുടെ വലിയ ആരവം തീർത്തിരുന്നില്ല. പ്രതിസന്ധിയിലായിരുന്ന പല വാരികകളെ സാമ്പത്തികമായി രക്ഷപെടുത്തിയതും പുതിയ വാരികൾ ഇറങ്ങാൻ വഴിയൊരുക്കിയതും പുഷ്പനാഥിന്റെ നോവലുകളാണ്. മലയാള ജനപ്രിയസാഹിത്യത്തെ ജനപ്രിയത്വത്തിലേക്കുയർത്തിയത് പുഷ്പനാഥാണെന്നു പറയാം. അതിനാൽ മുട്ടത്തുവർക്കിയെക്കാൾ കൂടുതൽ പഠിക്കേണ്ടത് പുഷ്പനാഥിന്റെ രചനകളാണ്.

2.വായിക്കാൻ കാത്തിരുന്ന സാക്ഷരരായ ജനങ്ങൾ ഇറങ്ങിയിരുന്ന വാരികകൾ വായിക്കുകയായിരുന്നില്ല, മറിച്ച് ആകാംക്ഷാഭരിതമായ രചനാലോകം തുറന്നിട്ടുകൊണ്ട് പുഷ്പനാഥ് ആളുകളെ വായിപ്പിക്കാൻ പ്രേരിപ്പിക്കുകയായിരുന്നു. മലയാളിക്ക് അപരിചിതമായ ഭാവനാലോകത്തിന്റെ സൃഷ്ടിയിലൂടെയാണ് പുഷ്പനാഥ് രചനകൾ ഇത് സാധ്യമാക്കിയത്. ഈ പ്രവണത അക്കാലത്തെ മറ്റ് ജനപ്രിയ എഴുത്തുകാരെ സ്വാധീനിക്കുകയും പുഷ്പനാഥ് ശൈലിയെ പിൻപറ്റി അപസർപ്പകനോവലുകളും വിവർത്തനങ്ങളും സാധ്യമാക്കുന്നതിലേക്ക് എത്തുകയും ചെയ്തു.

3. അദ്ദേഹത്തിന്റെ രചനകളിൽ സംഭവിച്ച് പാളിച്ചകളാണ് വായനക്കാരെ അദ്ദേഹത്തിൽനിന്ന് അകറ്റിയതിലെ ഒരു കാരണം. താനെഴുതിയതെന്തും ജനങ്ങൾ വായിക്കുമെന്ന ധാരണ കാരണം സ്ഥിരംശൈലിയിൽ എഴുതിയതിയിരുന്നത് അദ്ദേഹത്തിന് വിനയായി. അതിനർഥം വായനക്കാരായ സാധാരണജനങ്ങൾ എന്തുംവിഴുങ്ങുന്നവരായിരുന്നില്ലെന്ന വസ്തുതയാണ്. കൃത്യമായ അഭിരുചികളും താത്പര്യങ്ങളുമുള്ളവരായിരുന്നു അവർ. മടുപ്പിക്കുന്ന ആഖ്യാനങ്ങളെ അവർ ഉപക്ഷിക്കുകയും പുതിയ താത്പര്യങ്ങളിലേക്ക് പോവുകയും ചെയ്തു.
4.ജനപ്രിയ സാഹിത്യം വിലകുറഞ്ഞതായിരുന്നില്ലെന്നും കാലംതോറും അത് പരിണമിച്ചുകൊണ്ടിരുന്നുവെന്നും സ്ഥിരംശൈലികൾ കാലംമാറുമ്പോൾ ഉപേക്ഷിക്കപ്പെട്ടിരുന്നുവെന്നും വ്യക്തമാകുന്നു. എഴുത്തും ജനങ്ങളുടെ അഭിരുചിയും തമ്മിലുള്ള പ്രതിപ്രവർത്തനമാണ് ഇവിടെ കാണുന്നത്.

3

## അന്വേഷണമെന്ന വല

ഏതാണ്ട് മുന്നൂറ്റിയമ്പതോളം നോവലുകൾ പുഷ്പനാഥ് എഴുതിയിട്ടുണ്ടെന്നാണ് കണക്ക്. പുഷ്പനാഥിന്റെ രചനാലോകത്തെ മാർക്സിൻ പരമ്പര, പുഷ്പരാജ് പരമ്പര, ഡ്രാക്കുള പരമ്പര, ഭീതിനോവലുകൾ മാന്ത്രികനോവലുകൾ എന്നിങ്ങനെ തരംതിരിക്കാറുണ്ട്. വാരികക്കാരുടെ ആവശ്യാർഥം പെട്ടെന്നെഴുതി നല്കുന്നവയാണ് പല നോവലുകളെങ്കിലും കൃത്യമായ രചനാപദ്ധതിയോടെ എഴുതുന്നവയാണ് മിക്കതുമെന്നു കാണാം. രചനാപരമായോ ഭാഷാപരമായോ പുതുമകളൊന്നുമില്ലെങ്കിലും അദ്ദേഹം പൊതുവേ മുന്നോട്ടുവയ്ക്കുന്ന സവിശേഷമായൊരു ശാസ്ത്രീയകാഴ്ചപ്പാട് മിക്ക അപസർപ്പകകൃതിയിലും കാണാൻകഴിയും. കുറ്റാന്വേഷണനോവലുകൾ ആകാംക്ഷയുടെ മുൾമുനയിൽ വായനക്കാരെ നിർത്തുന്ന കലയാണെന്ന് നിരുപകർ പറയുന്നുണ്ട്. ഓരോഭാഗം വായിക്കുമ്പോഴും അടുത്തസംഭവത്തിലേക്ക് ഉത്കണ്ഠനിറഞ്ഞ മനസ്സുമായി വായനക്കാർ ഓടുന്ന വിധത്തിലാണതിന്റെ ഘടനയും ഭാഷയും പ്രവർത്തിക്കുന്നത്. പുഷ്പനാഥിന്റെ രചനാശൈലി ഇത്തരത്തിലാണെന്നു കാണാം. സ്തോഭജനകമായ ഒരു സംഭവത്തിലാരംഭിച്ച് ചെറിയ ചെറിയ വാചകങ്ങളിലൂടെ പടർന്നുകയറി സംഘർഷാത്മകമായ സംഭവങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന രീതിയാണ് അദ്ദേഹം പരീക്ഷിക്കുന്നത്. അദ്ദേഹത്തിന്റെ

നോവലുകളെല്ലാം ഒരു സംഭവത്തിന്റെ നിർണായകമായ ദശയിലായിരുക്കും തുടങ്ങുക.

രണ്ടാമതൊരാൾ എന്ന നോവൽ ഇങ്ങനെയാണ് തുടങ്ങുന്നത്—ആ സംഭവം നഗരത്തിൽ ഭയങ്കര കോളിളക്കം സൃഷ്ടിച്ചു. സർക്കിൾ ഇൻസ്പെക്ടർ മിസ്റ്റർ രവിശങ്കർ അറസ്റ്റുചെയ്യപ്പെട്ടു (2003, 109)

ലേഡിഡോക്ടറെ കാണാനില്ല എന്ന നോവൽ തുടങ്ങുന്നത് ഇങ്ങനെ— അന്ന് ഏതുസമയത്തും ഓപ്പറേഷൻ നടത്താം. അങ്ങിനെയാണ് തീരുമാന മെടുത്തിട്ടുള്ളത് (2003. 09).

ഡെവിൾസ് ട്രാപ്പ് തുടങ്ങുന്നത് ഇപ്രകാരം—ആ സംഭവത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ആണ് നമുക്ക് ലഭിച്ചിരിക്കുന്നത്. എന്നാൽ അതു തികച്ചും അവിശ്വസനീയവും ഭീകരതനിറഞ്ഞതും ആണെന്നു പറഞ്ഞാൽ ഒരു പക്ഷേ നിങ്ങൾ  വിശ്വസിക്കുകയില്ലായിരിക്കും...രഹസ്യകുറ്റാന്വേഷണവകുപ്പിന്റെ ചീഫായ മിസ്റ്റർ ബർണാഡ് രണ്ടുഫയലുകൾ ഡിറ്റക്ടീവ് മാർക്സിന്റെ മുന്നിലേക്കു നീക്കി വച്ചു (1978, 5).

മർഡർ ഗാങ് തുടങ്ങുന്നത്: 'ആ കാണുന്ന ഫയലിൽ ഇപ്പോൾ ലഭിച്ചി രിക്കുന്ന വിവരങ്ങളും അതുപോലെ അവരെ സംബന്ധിച്ചുള്ളഊഹാപോഹ ങ്ങളും കൊടുത്തിട്ടുണ്ട്. പോലീസ് ചീഫ് ബാനർജി പുഷ്പരാജിനോടു പറഞ്ഞു' എന്നാണ്(2008: 5).

പല നോവലുകളും തുടങ്ങുന്നത് അന്വേഷണ ഉദ്യോഗസ്ഥനായ ബർണാഡിന്റെയോ പുഷ്പരാജിന്റെയോ വാചകത്തോടെയാകും. 'അവർ ആത്മഹത്യ ചെയ്തതായിരിക്കുമെന്ന് ഞാൻ ഒരിക്കലും വിശ്വസിക്കുന്നില്ല. മേശയുടെ മധ്യഭാഗത്തായി വെച്ചിരുന്ന ഭൂഗോള മാതൃക ചൂണ്ടുവിൽകൊണ്ടു തിരിക്കുന്നതിനിടയിൽ ഡിറ്റക്ടീവ് പുഷ്പരാജ് അഭിപ്രായപ്പെട്ടു' ഡയൽ 00003 തുടങ്ങുന്നത് ഒരു മരണത്തിന്റെ അന്വേഷണത്തിന്റെ തുടക്കത്തിലെ ഈ വാചകത്തിലാണ്. പിന്നീട് കൊലപാതകത്തിന്റെ പശ്ചാത്തലം പറഞ്ഞ് പുഷ്പരാജിന്റെ അന്വേഷണം തുടങ്ങുന്നു.

സംഭവത്തിന്റെയോ കഥാപാത്രത്തിന്റെയോ പശ്ചാത്തലത്തിൽനി ന്നു തുടങ്ങി സംഭവത്തിലേക്കു വരുന്ന ശൈലികളെക്കാൾ പ്രശ്നത്തിന്റെ ആഴംബോധ്യപ്പെടുത്താൻ ഈ ശൈലിക്കു സാധിക്കുന്നുണ്ട്. വായനക്കാരെ വലിയൊരു ഉത്കണ്ഠയിലേക്ക് വലിച്ചെറിയുന്നുമുണ്ട്. തുടർന്ന് സംഭവത്തിന്റെ പിന്നിലെ കാരണങ്ങളിലേക്കുള്ള യാത്രയാണ്. അന്വേഷണംതുടങ്ങിക്കഴി ഞ്ഞാൽ ചലിക്കുന്ന യന്ത്രംപോലെ അന്വേഷകൻ മുന്നോട്ടുപോകുന്നു. ആ

പോക്കിനെ അനുധാവനംചെയ്യുകയാണ് എഴുത്തുകാരന്റെ ഭാഷയുടെ ധർമ്മം. കുറ്റാന്വേഷണ കുറ്റകൃത്യത്തിന്റെ കാരണങ്ങളിലേക്കുള്ള യാത്രയായതിനാൽ അന്വേഷക/ൻ കാണുന്ന ഓരോ കാഴ്ചയും സൂക്ഷ്മമായിട്ടാണ് വിവരിക്കുന്നത്. നോവലിന്റെ ആഖ്യാനം പ്രവർത്തിക്കുന്നത് കുറ്റാന്വേഷകന്റെ നോട്ടം പോലെയാണ്. ശവശരീരം കാണുന്നതും മൊഴികളെടുക്കാൻ പോകുന്നവരുടെ വീടുകളും മുറികളും കാണുന്നതും ഓരോയിടത്തും വസ്തുക്കൾ സൂക്ഷിച്ചിരിക്കുന്നതും ഒരു ചലച്ചിത്രം കാണിച്ചുതരുന്നതുപോലെ അടയാളപ്പെടുത്തുന്നു. ഡയൽ 00003-യിൽ റോഡിൽകിടക്കുന്ന മൃതദേഹത്തിന്റെ കാഴ്ച വിവരിച്ച് എത്തുന്നത് ഇങ്ങനെയാണ്, 'കാൽമുട്ടിനെ അല്പം മുകളിലേക്ക് വഴുതി നീങ്ങക്കിടന്നിരുന്ന വസ്ത്രത്തിന്റെ അടിവശം രക്തത്തിൽ കുതിർന്നു മുകളിലേക്കു ചുവന്നനിറം അരിച്ചരിച്ചു നീങ്ങി. ഒടുവിൽ ജലാംശം വറ്റിയപ്പോൾ ഒരു ചിത്രകാരൻ ബ്രഷ് തുടച്ച തുണിപോലെ കിടന്നു' (2019: 9). യുവതിയുടെ മൃതശരീരമായിട്ടും ആൺനോട്ടമില്ലാതെ ശരീരത്തിന്റെ കിടപ്പു ചിത്രീകരിക്കുകയാണ് ഇവിടെ. ജനപ്രിയസാഹിത്യത്തിൽ സ്ത്രീശരീരത്തിലേക്കുള്ള ആൺനോട്ടങ്ങൾ ധാരാളമാണെന്നുള്ള വിമർശനങ്ങളുണ്ടെങ്കിലും പുഷ്പനാഥിന്റെ കൃതികളിൽ അത്തരം നോട്ടങ്ങൾ കുറവാണെന്നു പറയാം.

ഒരു കൊലപാതകം നടന്നാൽ അതിന്റെ പശ്ചാത്തല വിവരങ്ങളിൽ നിന്ന് കൊലപാതകത്തിനിരയായ ആളിന്റെ ആൾക്കാരുടെ മൊഴികളിലൂടെ, പോസ്റ്റുമോർട്ടം റിപ്പോർട്ടിലെ വിവരങ്ങളിലൂടെ അന്വേഷണം പടരുന്നു. ആ അന്വേഷണത്തിൽ ലഭ്യമാകുന്ന തെളിവുകളിലൂടെ ഓരോയിടത്തേക്കും സഞ്ചരിക്കുകയാണ് പുഷ്പരാജും മാർക്സിനുമൊക്കെ. ഒരു കൊലപാതകത്തിലെ ഒരു കണ്ണിയെ പിന്തുടർന്ന് അതുമായി ബന്ധപ്പെട്ട ആളുകളിലേക്കുംഅവരുടെ പ്രവർത്തനങ്ങളിലേക്കും ഡിറ്റക്ടീവ് പോകുന്നതായിട്ടു പറയുകയാണ് അദ്ദേഹത്തിന്റെ രചനാശൈലി. അങ്ങനെ വിപുലമായ ഒരു പ്രദേശം/നഗരം ഈ കൊലയുടെ വലയായി പ്രത്യക്ഷപ്പെടുന്നു. വലയെന്ന രൂപകത്തിലൂടെയാണ് പുഷ്പനാഥിന്റെ കുറ്റാന്വേഷണനോവലുകളുടെ രചനാശൈലിയെ അടയാളപ്പെടുത്താൻ കഴിയുക. വിപുലമായ ബന്ധങ്ങളുള്ള ഒരുസംഘം കുറ്റകൃത്യങ്ങൾ ചെയ്ത് സമൂഹത്തിൽ പ്രവർത്തിക്കുന്നുവെന്ന കാഴ്ചയാണ് ഈ നോവലുകൾ പറയുന്നത്. ആ അധോലോകസംഘം സമൂഹത്തിന്റെ പുറംകാഴ്ചയിൽ പ്രത്യക്ഷപ്പെടുന്ന ഒന്നല്ല. പുറംകാഴ്ചയിൽ കാണാൻ കഴിയുന്നത് ചില കൊലപാതകങ്ങളാണ്. വളരെ ഉയരമുള്ള നഗരത്തിലെ കെട്ടിടത്തിന്റെ ചിത്രമായി ഇതു മനസ്സിലാക്കാം. കെട്ടിടത്തിന്റെ അടിത്തട്ടിലെ നിലകൾ മിക്കപ്പോഴും

മനുഷ്യകാഴ്ചയ്ക്ക് വിഷയീഭവിക്കാറില്ല. അടിത്തട്ടിൽ മറഞ്ഞിരിക്കുന്ന നിലകളിലാണ് അധോലോകസംഘങ്ങൾ പ്രവർത്തിക്കുന്നത്. അടിത്തട്ടിൽനിന്ന് അവരുടെ പ്രവർത്തനങ്ങൾ പുറംകാഴ്ചയ്ക്ക് കാണാനാവാത്തവിധം വലപോലെ മുകളിലേക്ക് വ്യാപിക്കുന്നു. ഈ സംഘങ്ങളുടെ വലയെ കണ്ടെത്തുകയാണ് നോവലിന്റെ ആഖ്യാനതന്ത്രമെന്നു പറയാം.

ആധുനിക ഇന്ത്യയിലെ ഡെൽഹിപോലുള്ള നഗരങ്ങളിലെ കൊലകളും മറ്റമാണ് അദ്ദേഹത്തിന്റെ ആഖ്യാനങ്ങളുടെ ഇതിവൃത്തം. ഇവിടെ കൊലകളും മറ്റും ചെയ്യുന്നത് അധോലോകസംഘങ്ങളാണെന്നും അവയെ ഇല്ലാതാക്കുന്ന പോലീസ്, കുറ്റാന്വേഷണ സംവിധാനം ഉണ്ടാകണമെന്നുമാണ് ഈ നോവലുകൾ പറയുന്നത്. അടിത്തട്ടിൽ മറഞ്ഞിരിക്കുന്ന അധോലോകസംഘങ്ങളുടെ കാഴ്ചയ്ക്ക് ഉദാഹരണമാണ് ഡെവിൾസ് ട്രാപ്പ് എന്ന നോവൽ. കടലിന്റെ അടിത്തട്ടിൽ ആർക്കും ചെല്ലാനാവാത്ത ഇടത്ത് മറഞ്ഞിരിക്കുന്ന ഒരുസംഘത്തെ കുറ്റാന്വേഷകർ കണ്ടെത്തുന്നു. മറഞ്ഞിരിക്കുന്ന അധോലോകം സമൂഹത്തിനു ഭീഷണിയാണെന്നു പറയുന്നതിലൂടെ കുറ്റകൃത്യം വ്യവസ്ഥയുടെ സൃഷ്ടിയാണെന്നും ഇതൊന്നും അതിഭൌതികശക്തികളാൽ സംഭവിക്കുന്നതല്ലെന്നുമാണ് വാദിക്കുന്നത്. കേവലം യാദൃച്ഛികമായി സംഭവിക്കുന്നതല്ല കുറ്റകൃത്യങ്ങളെന്നും കൃത്യമായ പദ്ധതികളോടെ സമൂഹത്തിലെ ചില ശക്തികളും വ്യവസ്ഥകളും അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കാനായി നടത്തുന്നതാണെന്നും സ്ഥാപിക്കുന്നു. വ്യക്തികൾ നടത്തുന്ന കൊലകളുടെ കാരണവും ഇപ്രകാരം വ്യവസ്ഥയുടെ ഭാഗമാണെന്നു കണ്ടെത്തുന്ന നോവലുകൾ അദ്ദേഹമെഴുതിയിട്ടുണ്ട്. ഭാര്യയുടെ ബാങ്ക് ബാലൻസ് തട്ടിയെടുക്കാനായി അവരെ കൊല്ലുന്ന ഭർത്താവിന്റെ കഥ ലേഡി ഡോക്ടറെ കാണാനില്ല എന്ന നോവലിൽ പറയുന്നുണ്ട്. സാമ്പത്തികമായും സാമൂഹികമായുമുള്ള വ്യവസ്ഥാക്കുഴപ്പങ്ങളാണ് കൊലപാതകങ്ങൾക്കു പിന്നിലെന്നാണ് ഇവിടെയെല്ലാം ആഖ്യാനിക്കുന്നത്.

ഒരു കെട്ടിടത്തിന്റെ നിഗൂഢതയിലേക്ക് ഒരന്വേഷക/ൻ കയറുന്നതുപോലെയാണ് ആഖ്യാനം പ്രവർത്തിക്കുന്നതെന്നു കാണാം. ഡയൽ 00003 യിൽ പുഷ്പരാജിന്റെ പ്രവൃത്തി നിരീക്ഷിക്കുക: 'ഗേറ്റ് ചാടിക്കടന്നു മൈലാഞ്ചി ച്ചെടികളുടെ മറവിൽക്കൂടിഅദ്ദേഹം സാനിറ്ററി പൈപ്പിനടിഭാഗത്തെത്തി. അല്പസമയം നിന്നു. പരിസരം ശൂന്യമാണെന്നു തികച്ചും ബോധ്യമായപ്പോൾ പുഷ്പരാജ് മുകളിലേക്കു കയറി. ജനലിനടുത്തെത്തി. അകത്താരും തന്നെയില്ലെന്ന് അറിയാമായിരുന്നതുകൊണ്ട് ഒട്ടും അമാന്തിക്കാതെ അദ്ദേഹം

ജനാലയിൽക്കൂടി മുറിയിൽ പ്രവേശിച്ചു. ടോർച്ചു തെളിച്ചു നോക്കി. അടുത്ത മറിയും താണ്ടി അടുത്ത മുറിയും താണ്ടി സ്റ്റെയർകേസിറങ്ങി താഴത്തെ നില യിലെത്തി. ഒൻപതുമുറികൾ അദ്ദേഹം പരിശോധിച്ചു. കെട്ടിടത്തിന്റെ പ്ലാൻ സങ്കല്പിച്ചപ്പോൾ ഒരു മുറികൂടി ബാക്കിയുള്ളതായി അദ്ദേഹത്തിനു തോന്നി' (2019: 122). നിരവധി നിലകളുള്ള ഒരു കെട്ടിടത്തിനകത്തെ നിഗൂഢതകൾ തേടി അന്വേഷകർ പോകുന്നതുപോലെയാണ് പുഷ്പനാഥ് തന്റെ ആഖ്യാനം നിർവ്വഹിക്കുന്നതെന്ന് ഇവിടെക്കാണാം. ഒരു കുറ്റകൃത്യമെന്നത് ഒരു കെട്ടിടം പോലാകുന്നു. കെട്ടിടത്തിന്റെ ഓരോ നിലകളിലും കയറിയിറങ്ങുന്നതുപോലെ അന്വേഷണത്തിൽ കിട്ടുന്ന ഓരോ തെളിവുകളിലൂടെയും അന്വേഷക/ൻ കയറിയിറങ്ങുന്നു. ഒടുവിൽ ഒരുമുറിയിൽ ഒളിച്ചിരിക്കുന്ന സത്യം/പ്രതിയെ കണ്ടെത്തുന്നു. പ്രത്യക്ഷമായ കാഴ്ചകൾക്ക് കാണാനാവാത്ത രഹസ്യം കണ്ടെത്തുന്നത് ആണത്തപരമായ ഒരു പ്രക്രിയയാണെന്നാണ് അദ്ദേഹ ത്തിന്റെ അന്വേഷകരുടെ ശരീരഭാഷ പറയുന്നത്. നിരന്തരമായ പിന്തുടരലും അക്രമവും വെടിവയ്പ്പും ചോദ്യംചെയ്യലുകളും നിറഞ്ഞതാണ് അദ്ദേഹത്തിന്റെ അന്വേഷണം. ആ ആണത്തപരമായ പ്രക്രിയയിലും സ്ത്രീകളെക്കൂടി പങ്കാളി കളാക്കിക്കൊണ്ട് ലിംഗപരമായ പൊളിച്ചെഴുത്തും അദ്ദേഹം നടത്തുന്നുണ്ട്.

4

## അകേരളീയതയെന്ന ശാസ്ത്രനിർമിതി

മലയാളസാഹിത്യ ചർച്ചകളെല്ലാം ഊന്നുന്ന ഒരു മേഖല കേരളീയതയുടെ നിർ മാണത്തിൽ സാഹിത്യം പുലർത്തുന്ന പങ്കാളിത്തമാണ്. കേരളത്തിന്റെ ഭൂപ്ര കൃതിയെയും സാമൂഹികപശ്ചാത്തലങ്ങളെയും വാഴ്ത്തുന്ന പ്രയോഗമായിട്ടാണ് കേരളീയതയെ നിർമിച്ചെടുക്കുന്നത്. നമ്പ്യാർക്കവിതകളിലെ കേരളീയത, എഴുത്തച്ഛനിലെ കേരളീയത എന്നൊക്കെ പറയുമ്പോൾ ഉയരുന്ന കാഴ്ചപ്പാ ടാണത്. കേരളമെന്ന ദേശീയതയെ രൂപപ്പെടുത്തുന്ന സവിശേഷമൊയരു പ്രത്യയശാസ്ത്രമായിട്ടാണത് മാറുന്നത്. സഹ്യപർവ്വതത്തിനും കടലിനുമിടയിൽ കിടക്കുന്ന ഒരു ഭൂപ്രദേശത്തിന്റെ ചില തനിമകളിലൂന്നിയുള്ള സ്വത്വവാദമായി ട്ടാണ് വികസിക്കുന്നതെന്നു കാണാം. ഗ്രാമം, പാടം, പച്ചപ്പ് , മലയാളഭാഷ, ഓണം, നാടോടിത്തം തുടങ്ങിയ സങ്കല്പനങ്ങളിലൂടെ രൂപപ്പെടുത്തിയ, ഇതര ദേശങ്ങളുമായി വ്യത്യസ്തതയുള്ള ദേശമെന്ന പരികല്പനയിലാണ് ഈ

കേരളീയത പ്രവർത്തിക്കുന്നത്. ഇപ്രകാരം കേരളീയത നിർവചിക്കുമ്പോൾ കേരളീയതയ്ക്കു പുറത്തുള്ള സ്വത്വം അപരമായി ഉന്നയിക്കപ്പെടുന്നതു കാണാം. ഫ്യൂഡലിസത്തിൽനിന്ന് മലയാളിയെ ആധുനികതയിലേക്ക് നയിച്ചത് കൊളോണിയലിസമാണെങ്കിലും കൊളോണിയലിസത്തെ അപരമായി ക്കാണ്ട് ഒഴിവാക്കാനുള്ള പ്രവണത ഈ കേരളീയതയും മലയാളിത്തവും സൃഷ്ടിക്കുന്നുണ്ട്. അതുകൊണ്ടാണ് അറുപതുകളിൽ നഗരവത്കരണപ്രവണതകളും മറ്റും ശക്തമായി ഇംഗ്ലീഷ്ഭാഷയോടുള്ള താത്പര്യം കൂടിയപ്പോൾ മലയാളഭാഷയുടെ തനിമ പറഞ്ഞ് ശക്തമായ എതിർപ്പുകൾ പ്രത്യക്ഷപ്പെട്ടത്. പരമ്പരാഗതസാഹിത്യത്തിന്റെ ചിന്താലോകത്ത് കേരളീയത നഷ്ടപ്പെടുന്നു വെന്ന വാദങ്ങളുയർന്നപ്പോൾ ജനപ്രിയസാഹിത്യം ഈ കേരളീയതയെ മറികടന്നുപോകുന്നത് സവിശേഷം ശ്രദ്ധിക്കണം. കോട്ടയംപുഷ്പനാഥിന്റെ നോവലുകൾ കേരളത്തിന്റെ സ്വത്വത്തെ ഉപേക്ഷിക്കുകയും വിദേശരാജ്യങ്ങളിലൂടെ സഞ്ചരിക്കുന്ന കഥകൾ പറയുകയും ചെയ്യുന്നു. കേരളത്തിൽ നില്ക്കുമ്പോഴും കേരളീയതയുടെ സവിശേഷതകളെ ഒഴിവാക്കിക്കൊണ്ട് അകേരളീയത നിർമിക്കുന്നതു കാണാം.

പുഷ്പനാഥിന്റെ നോവലുകൾ കേരളീയതയെ കൈയൊഴിയുന്നതിന്റെ ചിത്രം ഇപ്രകാരം ചിട്ടപ്പെടുത്താം:

1.ഏതാനും ചില നോവലുകളൊഴിച്ചാൽ ബാക്കിയെല്ലാത്തിന്റെയും പശ്ചാത്തലം വിദേശമോ കേരളത്തിനു പുറത്തോ ആണ്.

2.പുഷ്പരാജ്, മാർക്സിൻ എന്നീ പ്രധാനകഥാപാത്രങ്ങളെ ഡിറ്റക്ടീവുകളാക്കിയിരിക്കുന്നതുതന്നെ വിദേശത്തെയും ഇന്ത്യയിലെയും കഥകൾ പറയാനാണ്. കഥാപാത്രങ്ങളുടെ സ്വഭാവത്തിലും ജീവിതരീതിയിലും കേരളീയതയില്ല. വൈദേശികരീതികൾ കൂടുതലായി ഇവർക്ക് നല്കിയിരിക്കുന്നു. മാർക്സിൻ പൂർണമായും വിദേശിയാണ്. എലിസബേത്തിനെ പോലുള്ള സ്ത്രീകഥാപാത്രങ്ങൾ പൂർണമായും വിദേശികളാണ്.

3.ശാസ്ത്രീയോപകരണങ്ങളുടെ നിരന്തരമായ ഉപയോഗം ഇവയിൽ കാണാം. അന്വേഷകന്റെ ബുദ്ധിയെ ഉപയോഗിക്കുന്നതിനപ്പുറത്ത് ആധുനിക ശാസ്ത്രോപകരണങ്ങൾ ഉപയോഗിച്ചാണ് അവർ അന്വേഷണം നടത്തുന്നത്.

4.ഭക്ഷണരീതിയും വസ്ത്രധാരണവും ഏറെയും വൈദേശികമാണ്. കേരളീയമായ ഭക്ഷണം മലയാളിയായ പുഷ്പരാജുപോലും കാര്യമായി ഉപയോഗിക്കുന്നില്ല. ബിയറും മദ്യവും യഥേഷ്ടം കഥാപാത്രങ്ങൾ ഉപയോഗിക്കുന്നുണ്ട്.

കേരളീയമായ അന്തരീക്ഷത്തിലുള്ളതെങ്കിലും ഡ്രാക്കുള ഏഷ്യയിൽ എന്ന നോവൽ എങ്ങനെയാണ് കേരളീയമായ പൊതുബോധത്തെ നിരാകരിക്കുന്നതെന്ന് വ്യക്തമാകും.

1975-ൽ പ്രസിദ്ധീകരിച്ച ഡ്രാക്കുള ഏഷ്യയിൽ എന്ന നോവൽ വിദേശത്താണ് തുടങ്ങുന്നതെങ്കിലും കേരളത്തിലെ മൂന്നാറിലാണ് കഥയുടെ ഏറിയപങ്കും നടക്കുന്നത്. മൂന്നാറിൽ ഒരു സായിപ്പ് ഉണ്ടാക്കിയ ബംഗ്ലാവിൽ ഡ്രാക്കുള പ്രഭു പ്രത്യക്ഷപ്പെടുകയും അവിടെയുള്ള ചില സ്ത്രീകളെ രക്തംകുടിച്ച് കൊല്ലുകയും ചെയ്യുതോടെ ഡിറ്റക്റ്റീവ് മാർക്സിൻ പ്രത്യക്ഷപ്പെടുന്നു. അദ്ദേഹം സൂസന്റെ സഹായത്തോടെ ഡ്രാക്കുളയെ ഇല്ലാതാക്കുന്നു. കേരളത്തിലായിട്ടും മലയാളമണ്ണിന്റെ ഗന്ധത്തിൽനിന്ന് പുറത്താണ് ഇക്കഥയെ പുഷ്പനാഥ് പ്രതിഷ്ഠിക്കുന്നത്. മെഡിക്കൽ വിദ്യാർഥിയായ സൂസൻ അവളുടെ സഹോദരി മേരി അവരുടെ ഭർത്താവ് ഐവാൻ തോട്ടംതൊഴിലാളിയായ വേലുമ്മാൾ പുരോഹിതൻ തുടങ്ങിയവരൊക്കെ പ്രത്യക്ഷപ്പെടുന്ന ഈ കഥയിൽ സ്ഥലങ്ങളുടെ കേരളീയത ഒഴിച്ചാൽ വേറൊന്നും കേരളീയതയായി കാണാൻ കഴിയില്ല. പൊതുവേ മലയാളസാഹിത്യത്തിൽ മധ്യതിരുവിതാംകൂറും ഹൈറേഞ്ചുമൊക്കെ കാര്യമായി പ്രത്യക്ഷപ്പെടുന്നില്ലെന്നു കാണാം. തിരുവിതാംകൂറും മലബാറിലെ ചില പ്രദേശങ്ങളും പ്രത്യക്ഷപ്പെടുന്നപോലെ ഇത്തരം സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സൃഷ്ടികൾ ഉണ്ടാവാറില്ല. അങ്ങനെ കേരളമെന്നു പറയുന്നത് ഭാരതപ്പുഴയും തിരുവിതാംകൂറും അതിലെ ഭൂപ്രകൃതിയും മാത്രം ഉൾപ്പെടുന്ന പ്രത്യേകമായൊരു സ്ഥലഭാവനായി മാറുന്നു. നവോത്ഥാനകാലത്ത് പാറപ്പുറത്തിനെപ്പോലുള്ള എഴുത്തുകാരിലൂടെയാണ് ഹൈറേഞ്ചുപോലെയുള്ള സ്ഥലങ്ങൾക്ക് നാമമാത്രമായ പ്രധാന്യമെങ്കിലും ലഭിച്ചതെന്നു കാണാം. മഞ്ഞുമൂടിയ ഹൈറേഞ്ചും അവിടുത്തെ ബംഗ്ലാവുകളും നിറഞ്ഞ സ്ഥലത്തെ കോളോണിയൽ ഭാവനയിലാണ് പൊതുവിൽ അടയാളപ്പെടുത്തുന്നത്. തോട്ടങ്ങളും ബംഗ്ലാവുകളും മലകളും നിറഞ്ഞ പ്രദേശം പരമ്പരാഗത കേരളീയ ഭൂപ്രകൃതിയുടെ ജാതിസ്ഥലത്തെ നിരാകരിക്കുകയും അതിനുപുറത്ത് ഒരു അടയാളമായി നിലകൊള്ളുകയും ചെയ്യുന്നു.

ഭക്ഷണത്തിന്റെ കാര്യത്തിലാണ് പുഷ്പനാഥ് സവിശേഷ ശ്രദ്ധ കാണിക്കുന്നത്. എൺപതുകളിലെഴുതിയ പുഷ്പരാജ് കഥകളിൽ കേരളീയ ഭക്ഷണം കടന്നുവരുന്നുണ്ടെങ്കിലും തീർത്തും കേരളത്തിനന്യമായ ഭക്ഷണമാണ് അദ്ദേഹത്തിന്റെ നോവലുകളിൽ പൊതുവേ കാണുക. ഡ്രാക്കുള ഏഷ്യയിൽ സൂസൻ മേരിമാരുടെ വീട്ടിലെ ഭക്ഷണമായി പറയുന്നത് ഇതാണ്: 'കേഴയാടിന്റെ

മാംസവും ഗോതമ്പു ചപ്പാത്തിയും കഴിച്ചുകൊണ്ടിരുന്നപ്പോഴും സൂസന്റെ തലച്ചോറിൽ ആ പഴയ ചിന്തതന്നെ സ്ഥലംപിടിച്ചു' (2021: 66). മൂന്നാറിലെ വീട്ടിലെ ഭക്ഷണമായി പറയുന്നത് വനത്തിലെ ജീവികളുടെ മാംസവും മറ്റുമാണ്. സദ്യയോ ചോറോ ഇദ്ദേഹത്തിന്റെ വിവരണങ്ങളിൽ കാര്യമായി കടന്നുവരാറില്ല എന്നതാണ് ശ്രദ്ധേയം. കേരളീയതയുടെ പ്രധാനപ്പെട്ട തനിമയായി പറയുന്നത് സദ്യപോലുള്ള ഭക്ഷണവിഭവങ്ങളാണ്. എന്നാൽ കൊളോണിയൽ രീതികൾ പോലെ ഉണങ്ങിയ മാംസവും റൊട്ടിയും മദ്യവു മായിരിക്കും പുഷ്പനാഥിന്റെ കഥകളിലെ പ്രധാനപ്പെട്ട ഭക്ഷണം. വിദേശത്തെ കഥകളിൽ ഭക്ഷണത്തിനുപരി മദ്യമായിരിക്കും പ്രധാനം. കൂട്ടത്തിൽ വറുത്ത മാംസവും റൊട്ടിയും കാണും. പുഷ്പരാജ് കഥാപാത്രമാകുന്ന ഇന്ത്യൻകഥകളിൽ മാംസത്തിനൊപ്പം മീൻവിഭവങ്ങളും കാണും.

സാഹിത്യത്തിലെ ഒരു ജനുസ്സായി ഗണിക്കുന്ന ശാസ്ത്രസാഹിത്യത്തിന്റെ മലയാളത്തിലെ വളർച്ച മറ്റ് സാഹിത്യചർച്ചകൾപോലെ ജനപ്രിയസാഹിത്യ ത്തെ പാടേ ഒഴിവാക്കിയതാണെന്നു കാണാം. ആധുനികകേരളത്തെ നിർ മിച്ചെടുത്തത് കൊളോണിയൽ ശാസ്ത്രാവബോധവും അതിലൂടെ സാധ്യമായ ബൌദ്ധികവളർച്ചയുമായിരുന്നുവെന്ന് ഇന്ന് ആധുനികതയെന്ന പ്രക്രിയയെ വിശകലനം ചെയ്യുന്നവർ ചൂണ്ടിക്കാട്ടുന്നു. മന്ത്രവാദത്തിലും ഈശ്വരീയതയി ലും വിശ്വസിച്ച, എന്തിലും മതാത്മകതയെ കണ്ട ഫ്യൂഡൽകേരളീയതയെ പതുക്കെ ഇല്ലായ്മചെയ്തത് ശാസ്ത്രത്തിൽ അടിയുറച്ച ആധുനികജ്ഞാനവും അതിന്റെ വിദ്യാഭ്യാസപ്രക്രിയകളുമായിരുന്നു. ഇതിന്റെ ഭാഗമായിട്ടാണ് ശാസ്ത്രാവബോധത്തെ സാധ്യമാക്കുന്ന സാഹിത്യം വളർന്നത്. ശാസ്ത്രസാഹി ത്യത്തിന്റെ ചരിത്രമെഴുതിയവർ മലയാള ശാസ്ത്രസാഹിത്യത്തിന്റെ ചരിത്രത്തെ കോളോണിയലിസത്തിനു മുമ്പെന്നും കൊളോണിയൽ കാലമെന്നും 1957 നു ശേഷമെന്നും തിരിക്കാറുണ്ട് (ബാലകൃഷ്ണൻ, 2011: 34-37). 1957-നു ശേഷം സ്ഫോ ടനാത്മകമായി വളർന്ന ശാസ്ത്രാവബോധത്തിൽ മലയാളത്തിൽ ധാരാളം കൃതികളുണ്ടാകുന്നുവെങ്കിലും അതിലൊന്നിലും ശാസ്ത്രീയ കുറ്റാന്വേഷണത്തിലൂ ന്നിയ ജനപ്രിയനോവലുകളെ പരിഗണിച്ചിട്ടില്ലെന്നു കാണാം. പുഷ്പനാഥിന്റെ ആദ്യത്തെ നോവലായ ചുവന്ന മനുഷ്യനിലെ വിഷയം മലയാളത്തിലെ പൊതുബോധത്തിനന്യമായ തലച്ചോറിന്റെ ട്രാൻസ്പ്ലാന്റേഷനായിരുന്നു. ഈ വിഷയം അദ്ദേഹം കണ്ടെത്തിയത് അക്കാലത്തെ വിദേശ ശാസ്ത്രമാസി കകളിലൂടെയായിരുന്നു. മലയാളിക്കന്യമായ ശാസ്ത്രപുരോഗതിയുടെ വിവിധ വശങ്ങൾ ജനപ്രിയമായി ആഖ്യാനം ചെയ്യുകയായിരുന്നു അദ്ദേഹം ചെയ്തത്.

ഈ വിഷയപരമായ പുതുമയാണ് ജനങ്ങളെ ത്രസിപ്പിക്കുന്ന വിധത്തിൽ നോവലുകൾ രചിക്കാൻ അദ്ദേഹത്തെ പ്രാപ്തമാക്കിയത്. കുറ്റാന്വേഷണം എന്നത് ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിൽ നടത്തുന്ന ആഖ്യാനമാണ്. അത്തരം ശാസ്ത്രീയവസ്തുതതകളെ മുന്നിൽവച്ച് ഒരു കുറ്റത്തിന്റെ പിന്നിലെ കാരണങ്ങളിലേക്കു പോവുകയാണ് അന്വേഷക/ൻ ചെയ്യുന്നത്. ആ അർഥത്തിൽ കുറ്റാന്വേഷണനോവൽ ആഴത്തിലുള്ള ശാസ്ത്രാവബോധമാണ് പകരുന്നതെന്നു കാണാം. പുഷ്പനാഥിന്റെ രചനാലോകത്തിൽ മിക്കതിലും ആധുനിക ശാസ്ത്രോപകരണങ്ങൾ വ്യാപകമായിക്കാണാം. ബ്രോഡ്കാസ്റ്റിംഗ് യന്ത്രവും വയർലെസ്സും ട്രാൻസിസ്റ്ററും ആധുനിക മെഡിക്കൽ ഉപകരണങ്ങളും കംപ്യൂട്ടറും അതിൽ വ്യാപകമായിട്ടുണ്ട്. നിരന്തരം ജീവശാസ്ത്ര പരീക്ഷണങ്ങൾ നടത്തുന്ന ലിയോ ബോർണിയോയും വിശ്വദേവും അതിൽ മിക്കതിലും വന്നുപോകുന്നു. ഇത്തരം ശാസ്ത്രകാര്യങ്ങളെക്കുറിച്ച് നിരന്തരമായ ചർച്ചകൾ അതിൽ നടക്കുന്നു. ശാസ്ത്രത്തിൽ ഉന്നതബിരുദം നേടിയ എലിസബേത്താണ് മാർക്സിൻ പരമ്പരകളിലെ നായികയെന്നും ശ്രദ്ധിക്കണം.

1978-ൽ പുറത്തിറങ്ങിയ ഡെവിൾസ് ട്രാപ്പിൽ കംപ്യൂട്ടർ കടന്നുവരുന്നുണ്ട്. അന്ന് കേരളത്തിൽ കംപ്യൂട്ടർ ഒട്ടുമില്ലായിരുന്നുവെങ്കിലും കംപ്യൂട്ടർവത്കരണത്തിനെതിരേയുള്ള സമരങ്ങളുടെ വാദങ്ങൾ ഉയർന്നിരുന്നു. 'മാത്രമല്ല വളരെ ശക്തികൂടിയ ഒരു കമ്പ്യൂട്ടർ എന്റെ പ്രത്യേകം ഒരു ഫോർമുല ഉപയോഗിച്ച് ഞാൻ സംവിധാനം ചെയ്തിട്ടുണ്ട്. ആ കമ്പ്യൂട്ടർ മുഖേനെ നിങ്ങളെ സമീപിക്കുന്ന ജന്തുക്കളായാലും മറ്റു വാഹനങ്ങളാണെങ്കിലും—ചില വാഹനങ്ങൾ സ്രാവിന്റെയോ അല്ലെങ്കിൽ അതുപോലുള്ള ഏതെങ്കിലും രൂപത്തിലുള്ള വാഹനങ്ങളായിരിക്കും. അവയെ വരെ തിരിച്ചറിയുവാൻ ഉള്ള കഴിവ് ഈ കമ്പ്യൂട്ടറിനുണ്ട്' (1978: 82). കമ്പ്യൂട്ടറെന്ന ഉപകരണത്തിന്റെ സാധ്യതകളെ പരിമിതമായെങ്കിലും അടയാളപ്പെടുത്തുന്ന ആദ്യകൃതി ഈ നോവലാണെന്നു പറയാം. ലേഡി ഡോക്ടറെ കാണാനില്ല എന്ന നോവലിൽ കുറ്റംചെയ്ത പ്രതിയെ കണ്ടെത്താൻ പുഷ്പരാജിനെ സഹായിക്കുന്നത് ഇന്റർനെറ്റിൽനിന്നു കിട്ടുന്ന ചില വിവരങ്ങളാണ്. കേരളീയരുടെ പൊതുബോധത്തിന് അപരിചിതമായ ശാസ്ത്രാവബോധത്തെ മുന്നോട്ടുവച്ചുകൊണ്ടാണ് പുഷ്പനാഥ് കൃതികൾ കേരളീയതയുടെ ഫ്യൂഡൽ സ്വഭാവത്തെ മറികടന്നതെന്നു പറയാം.

മരണംപതിയിരിക്കുന്ന താഴ്വരയെന്ന നോവൽ മറ്റൊരുദാഹരണമാണ്. കേരളത്തിലെ ഒരു ഗ്രാമത്തിൽ ദുരൂഹമായ മരണങ്ങൾ നടന്ന ബംഗ്ലാവ് നില്ക്കുന്ന സ്ഥലത്തെ ജനങ്ങൾ പ്രേതഭൂമിയായി കാണുന്നു. രാത്രിയിലവിടെ

പ്രേതങ്ങൾ സഞ്ചരിക്കാറുണ്ടെന്നു പറഞ്ഞ് ഭയപ്പെടുന്നു. ഇതിനെക്കുറിച്ച് പുഷ്പരാജ് അന്വേഷിക്കാനെത്തുന്നതാണ് കഥ. അവിടെ നടക്കുന്ന പ്രേത സംഭവങ്ങളെല്ലാം ആ ബംഗ്ലാവ് സാൽവിൻ സായ്പിന്റെ മക്കളെയല്ലാം ഇല്ലാതാക്കി സ്വത്തു തട്ടിയെടുക്കാനുള്ള ഡേവിഡെന്ന ആളിന്റെ കുതന്ത്രങ്ങളാണെന്ന് പുഷ്പരാജ് തെളിയിക്കുന്നു. ഈ നോവൽ പ്രേതനോവലുകളുടെ ആഖ്യാന യുക്തിയെ ചോദ്യംചെയ്തുകൊണ്ട് ശാസ്ത്രീയമായി പ്രേതമില്ലെന്നും മനുഷ്യർ സ്വാർഥതാത്പര്യപ്രകാരം നടത്തുന്ന തട്ടിപ്പുകളാണ് ഇതെല്ലാമെന്നും പറയുകയാണ്. ശാസ്ത്രബോധത്തിലൂടെയും ശാസ്ത്രീയമായ അന്വേഷണത്തിലൂടെയും മനുഷ്യജീവിതത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയാണ് നോവലിസ്റ്റെന്നു പറയാം. ആ അർഥത്തിൽ കേരളീയ ആധുനികതയുടെ ചില തുടർച്ചകൾ ഇവിടെ വായിക്കാം. മരണവും അതിനനുബന്ധമായകാര്യങ്ങളും അതിഭൌതികമായ ചില പ്രക്രിയകളിയിട്ടാണ് കേരളീയസമൂഹം കാണുന്നത്. കേരളത്തിലെ ഫ്യൂഡലിസം ഇത്തരത്തിൽ മനുഷ്യാതീതമായ ശക്തികളുടെ ഇടമായിട്ടാണ് പ്രകൃതിസംഭങ്ങളെയും മറ്റും കണ്ടത്. വിദ്യാഭ്യാസത്തിന്റെ കുറവും ആധുനികജ്ഞാനത്തിന്റെ അഭാവവും എല്ലാത്തിനെയും വിധേയത്വത്തോടെ കാണുന്ന സമീപനവും ഫ്യൂഡൽകാലത്ത് ഇത്തരം സംഭവങ്ങളെ ഭയത്തോടെ വീക്ഷിക്കുവാൻ പ്രേരിപ്പിച്ചിരുന്നതായി കാണാം. കേരളത്തിലെ മന്ത്രവാദവും ഭൂതപ്രേതവിശ്വാസങ്ങളും രോഗചിന്തകളും നിധികളെക്കുറിച്ചുള്ള വിശ്വാസങ്ങളും ഇവയെക്കുറിച്ചുള്ള കഥകളും ഇത്തരത്തിലുള്ള അതിഭൌതികലോകത്തിന്റെ കഥയാണ് പറഞ്ഞത്. അത്തരം ചിന്തകളെ റദ്ദാക്കുന്ന വിധത്തിലാണ് കുറ്റാന്വേഷണം വസ്തുതകളെ പുറത്തുകൊണ്ടുവരുന്നത്. അതിഭൌതികമെന്നു വിളിക്കുന്ന കാര്യങ്ങളെല്ലാം മനുഷ്യയുക്തികൊണ്ട് അന്വേഷിച്ച് യാഥാർഥ്യം പുറത്തുകൊണ്ടുവരാമെന്ന് ആഖ്യാനം വ്യക്തമാക്കുന്നു. ശാസ്ത്രാവബോധത്തിൽ അടിയുറച്ച ആധുനികകേരളീയതയുടെ ചില ഭാവനകളാണ് ഇങ്ങനെ വെളിപ്പെടുന്നത്.

5

## എലിസബേത്ത്: ലിംഗഭേദത്തിന്റെ അതിരുകൾ മായിച്ചവൾ

1970-കളിൽ എഴുതിത്തുടങ്ങുന്ന പുഷ്പനാഥിന്റെ ആഖ്യാനലോകം രണ്ട് പുരുഷ ഡിറ്റക്ടീവുമാരുടെ കാഴ്ചയിലൂടെയാണ് മുന്നോട്ടുപോകുന്നതെങ്കിലും ലിംഗപരമായി പരിധികളെ ലംഘിച്ചുകഥാപാത്രങ്ങളെ സൃഷ്ടിക്കണമെന്ന ബോധ്യം

അദ്ദേഹത്തിനുണ്ടായിരുന്നതായി മിക്ക നോവലുകളും സാക്ഷ്യപ്പെടുത്തുന്നുണ്ട്. പുരുഷന്റെ ലോകമാണ് പോലീസും പട്ടാളവുമെന്നും ഉറപ്പിക്കപ്പെട്ട, സ്ത്രീവാദ ചിന്തകൾ കേരളത്തിൽ കാര്യമായി രംഗപ്രവേശം ചെയ്തിട്ടില്ലാത്ത കാലത്ത് പുരുഷനൊപ്പം കുറ്റാന്വേഷണമേഖലയിൽ സ്ത്രീക്കും കാര്യമായ പങ്കുനല്കാൻ പുഷ്പനാഥ് ശ്രമിക്കുന്നുണ്ട്. അക്കാലത്തെ ലിംഗബോധത്തിലെ പൊതുബോധത്തിലാണ് പുഷ്പനാഥ് സ്ത്രീപുരുഷകഥാപാത്രങ്ങളെ പലരെയും ക്രമീകരിക്കുന്നതെന്നു കാണാം. സ്ത്രീ പുരുഷന്മാർ ഒന്നിച്ചുവരുമ്പോഴും താമസിക്കുമ്പോഴും ലൈംഗികതയെന്ന പ്രശ്നം ഉദിക്കുന്നതായി അദ്ദേഹം പലകൃതികളിലും പറയുന്നുണ്ട്. എന്നാൽ കുറ്റാന്വേഷകർക്ക് താത്പര്യം ലൈംഗികതയല്ലെന്നും അത്തരം വിഷയങ്ങളിൽ വ്യാപരിക്കുന്നത് അന്വേഷകന്റെ ഗൌരവം നഷ്ടപ്പെടുത്തുമെന്നും അദ്ദേഹം എഴുതുന്നുണ്ട്. ഇവിടെ ഏറെ ശ്രദ്ധേയമായകാര്യം, കുറ്റാന്വേഷണത്തിനു പോകുമ്പോൾ വിവേചനമില്ലാതെ സ്ത്രീയും പുരുഷനും ഒന്നിച്ചു ഹോട്ടലുകളിൽ താമസിക്കുകയും യാത്രചെയ്യുകയും മദ്യപിക്കുകയും ചർച്ചകളിൽ ഏർപ്പെടുകയും ചെയ്യുന്നത് വ്യാപകമായി അദ്ദേഹത്തിന്റെ നോവലുകളിൽ കാണുന്നതാണ്. മലയാളിയുടെ ആധുനികതയുടെ ലിംഗബോധത്തെ വൈദേശികഭാവനകൊണ്ട് മറികടക്കുകയാണ് പുഷ്പനാഥിന്റെ രചനാലോകമെന്നു വ്യക്തം.

പുഷ്പരാജ് പരമ്പരയിൽവരുന്ന കന്യകകളുടെ മരണമെന്ന നോവലിൽ പുഷ്പരാജിനൊപ്പം അന്വേഷണത്തിനുപോകുന്ന സോണി എന്ന യുവതി തന്റെ ശരീരംകൊണ്ട് അദ്ദേഹത്തെ പ്രലോഭിപ്പിക്കാൻ ശ്രമിക്കുന്നതുകാണാം. പരിചയമില്ലാത്ത സോണിക്കൊപ്പം പുരുഷനായ പുഷ്പരാജ് ഒരു ഹോട്ടൽ മുറിയിൽ താമസിക്കുന്നതിലെ സദാചാര പ്രശ്നം നോവലിൽ പറയുന്നുണ്ട്. എന്നാൽ പുഷ്പരാജിന് അത്തരം താത്പര്യങ്ങളില്ലെന്നു പറഞ്ഞുകൊണ്ട് അവളുടെ പ്രലോഭനത്തെ അയാൾ മറികടന്നുവെന്ന് ചിത്രീകരിക്കുന്നു. അയാളോട് പ്രണയം തോന്നുന്ന സോണിയെ വശീകരിക്കാൻ അവൾ തന്റെ ശരീരത്തിന്റെ മനോഹാരിത കാണിച്ച് ശ്രമിക്കുന്നുണ്ട്. ഡിറ്റക്ടീവായ പുരുഷൻ സദാചാരപരനാണെന്നും ഭരണകൂടത്തോട് ഉത്തരവാദത്തമുണ്ടെന്നും അയാൾ പ്രലോഭനത്തിനടിപ്പെടില്ലെന്നുമാണ് ഇതു സൂചിപ്പിക്കുന്നത്. ഇത്തരം ആഖ്യാനങ്ങൾ മറ്റു ഡിറ്റക്ടീവ് നോവലുകളിലും വ്യാപകമായി കാണുന്നുണ്ട്.

ഇതേപ്രശ്നം മാർക്സിനും എലിസബേത്തും തമ്മിലുള്ള ബന്ധത്തിലും കാണാം. ഡെവിൾസ് ട്രാപ്പിൽ എലിസബേത്തും മാർക്സിനും തമ്മിൽ കടൽത്തീരത്തിരുന്ന് തങ്ങളുടെ ബന്ധത്തെക്കുറിച്ച് സംസാരിക്കുന്നുണ്ട്.

വർഷങ്ങളുടെ പരിചയമുണ്ടെങ്കിലും വിവാഹത്തെക്കുറിച്ച് ചിന്തിക്കാനാവുന്നില്ലെന്ന് അവിടെ നോവലിസ്റ്റെഴുതുന്നുണ്ട്. വിവാഹമോ പ്രണയമോ പ്രകടിപ്പിക്കാതെ രണ്ടുപേരും വ്യക്തികളായി ഒന്നിച്ച പ്രവർത്തിക്കുന്നുവെന്ന ആഖ്യാനം ജനപ്രിയ സാഹിത്യത്തിനോടുള്ള വിമർശനമായി അവതരിപ്പിക്കുന്ന ലൈംഗികതയുമായി ബന്ധപ്പെട്ട വാദങ്ങളെ പ്രശ്നവത്കരിക്കുന്നുണ്ട്. സ്ത്രീക്കും പുരുഷനും വിവാഹത്തിനപ്പുറം വ്യക്തികളായി ഒന്നിച്ച ജീവിക്കാനാകുമെന്ന കാഴ്ച കേരളീയ പൊതുസമൂഹത്തിന്റെ മുന്നിൽവയ്ക്കുന്ന ആഖ്യാനങ്ങളാണ് പുഷ്പനാഥിന്റെ രചനാലോകമെന്നു കാണാം. പുഷ്പരാജും മോഹിനിയും എലിസബേത്തും മാർക്സിനും ഇതിനുദാഹരണമാണ്.

പൈങ്കിളി വാരികകൾ സ്ത്രീയെ പരമ്പരാഗത സ്ത്രൈണതയിൽ കെട്ടിയിടുകയാണെന്നും ലൈംഗികതയിലും പ്രേമത്തിലും പുരുഷാധിപത്യ വിഭവമാക്കുകയാണെന്നും വലിയ വിമർശനങ്ങളുണ്ട്. എന്നാൽ ഈ വിമർശനങ്ങളെ ചോദ്യംചെയ്യുന്ന പലഘടകങ്ങളും ഇത്തരം നോവലുകളിൽ കാണാൻ കഴിയുമെന്ന വാദങ്ങളും പലരും ഉയർത്തുന്നുണ്ട്. പൈങ്കിളിയെന്നാൽ കേവലമായി പുരുഷാധിപത്യത്തിന്റെ ശബ്ദമാണെന്ന ബോധ്യങ്ങളെ പുഷ്പനാഥിന്റെ നോവലുകൾ വ്യക്തമായി ഉലയ്ക്കുന്നത് ദൃശ്യമാകുന്നു. അദ്ദേഹത്തിന്റെ നോവലുകളിൽ നായികമാരായി പ്രത്യക്ഷപ്പെടുന്ന രണ്ട് സ്ത്രീകഥാപാത്രങ്ങളെ കാണാം. വിദേശത്തെ കഥകളിൽ മാർക്സിനൊപ്പം എലിസബേത്തും ഇന്ത്യൻകഥകളിൽ പുഷ്പരാജിനൊപ്പം മോഹിനിയും വരുന്നു. അപകടങ്ങൾ നിറഞ്ഞ കുറ്റാന്വേഷണ പ്രവർത്തനങ്ങളിൽ ഇവർ പുരുഷന്മാരെപ്പോലെ പ്രവർത്തിക്കുന്നത് വ്യക്തമായി ചിത്രീകരിക്കുന്നത് കാണാം. എലിസബേത്ത് എന്ന കഥാപാത്രം മലയാളനോവലിലെ തന്നെ വേറിട്ട സ്ത്രീകഥാപാത്രമാണെന്നു പറയാം. പുരുഷനെപ്പോലെ സ്വതന്ത്രമായി ജീവിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യുന്ന നിലയിലാണ് അന്വേഷണത്തിലേർപ്പെടുന്ന സ്ത്രീകളെ അദ്ദേഹം രൂപപ്പെടുത്തുന്നത്. ഡിറ്റക്ടീവ് മാർക്സിന്റെ സുഹൃത്തിനും കാമുകിക്കും ഇടയിൽ നില്ക്കുന്ന കഥാപാത്രമായിട്ടാണ് എലിസബേത്തിനെ വാർത്തെടുത്തിരിക്കുന്നത് . 1978-ൽ പുറത്തുവന്ന ഡെവിൾസ് ട്രാപ്പിലാണ് അവർ സജീവമായ കഥാപാത്രമായി പ്രത്യക്ഷപ്പെടുന്നത്. സാർഗാസോ കടലിനകത്ത് താവളമടിച്ച് അന്താരാഷ്ട്ര കൊള്ളസംഘത്തെ കണ്ടെത്തുന്നതിന് മാർക്സിൻ തീരുമാനിക്കുന്നതും എലിസബേത്തിന്റെ സഹായത്തോടെ ആ സംഘത്തെ ഇല്ലായ്മ ചെയ്യുന്നതുമാണ് നോവലിന്റെ ഇതിവൃത്തം. അവളുടെ ജീവിതകഥയും മാർക്സിനുമായുള്ള പ്രണയവും ചേർത്താണ് കഥാഖ്യാനം.

സാർഗാസോ കടലിൽ വിമാനങ്ങളും അന്തർവാഹിനികളും അപ്രത്യക്ഷ്യമാകുന്ന സംഭവങ്ങളെ ജനങ്ങളുടെ കണ്ണിലൂടെ നോക്കിയാൽ അത് മനുഷ്യാതീതമായ ശക്തികളുടെ പ്രകടനമായിട്ടു കാണാം. എന്നാൽ ഈ സംഭവത്തിന്റെ റിപ്പോർട്ടുകൾ വായിച്ചു കഴിഞ്ഞപ്പോൾ ഡിറ്റക്ടീവ് മാർക്സിൻ ചിന്തിക്കുന്നത് അത് ഒരു കൊള്ളസംഘത്തിന്റെ പ്രവർത്തനമാകാം എന്നാണ്. മനുഷ്യാതീതശക്തികളുടെ പ്രവർത്തനങ്ങളെ നിഷേധിക്കുകയും ഭൂമിയിൽ നടക്കുന്ന കാര്യങ്ങളെല്ലാം സമൂഹത്തിലെ വിവധശക്തികളുടെ ഇടപെടലായി ചിത്രീകരിക്കുകയും ചെയ്യുന്ന ആധുനിക ബോധ്യമാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്. "ഏതോ ഒരു ഭീകരസംഘം അജ്ഞാതമായ കടലിന്റെ അന്തർഭാഗത്ത് എല്ലാവിധ ആധുനികസജ്ജീകരണങ്ങളോടുംകൂടി താവളം അടിച്ചിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നത്.

സമുദ്രാന്തർഭാഗത്ത് താവളം അടിക്കുകയെന്നാൽ എന്നു പറഞ്ഞാൽ നാം പ്രതീക്ഷിക്കുന്നതിനെക്കാൾ എത്രയോ സജ്ജീകരണങ്ങൾ അവർക്കുണ്ടായിരിക്കുമെന്നത് തീർച്ചയാണ്. സമുദ്രജലം ഉള്ളിൽ പ്രവേശിക്കാത്ത ഏതെങ്കിലും പ്രവർത്തനം അവർക്കുണ്ടായിരിക്കും" (1978, 36-37). ഭൂതപ്രേതവിശ്വാസത്തെ മാറ്റിവച്ച് ആധുനികതയുടെ യുക്തികൊണ്ട് ചിന്തിച്ചുകൊണ്ടാണ് മാർക്സിൻ ജീവിക്കുന്നതെന്നു വ്യക്തം. അതിനയാളെ സജ്ജമാക്കുന്നത് ആധുനികതയുടെ ജ്ഞാനവും ശാസ്ത്രവുമാണ്. ആധുനികമായ ശാസ്ത്രതത്വങ്ങൾ പ്രയോഗിച്ച് മനുഷ്യന് വിനാശകാരിയായി പ്രവർത്തിക്കുന്ന ഒരു സംഘത്തെ അതേ ശാസ്ത്രീയബോധ്യങ്ങൾ ഉപയോഗിച്ചാണ് അയാൾ നേരിടുന്നത്. ആ നേരിടലിന്റെ കഥയാണ് ഈ നോവൽ. ഈ ശാസ്ത്രീയവിജ്ഞാനത്തിലേക്കാണ് എലിസബേത്ത് കണ്ണിചേർക്കപ്പെടുന്നത്. കടലിന്റെ അടിയിൽ പ്രവർത്തിക്കുന്ന അധോലോകസംഘത്തെ ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനത്തിന് കാതലായ സഹായം നല്കുന്നത് എലിസബേത്താണ്. കടലിന്റെ അടിത്തട്ടിലൂടെ ചലിക്കുന്ന വാഹനം നിർമിക്കാനുള്ള ആളെ കണ്ടെത്തുന്നത് എലിസബേത്തിന്റെ ജ്ഞാനലോകമാണ്. ആധുനികശാസ്ത്രത്തിന്റെയും ശാസ്ത്രജ്ഞരുടെയും സവിശേഷമായ കലർപ്പായിട്ടാണ് ഈ നോവലിന്റെ ആഖ്യാനം മുന്നോട്ടുപോകുന്നത്. ശാസ്ത്രീയകടലറിവുകളുടെ വിശകലനമാണ് ഇതിന്റെ ഒരുഭാഗം. ആ വിശകലനമെല്ലാം രൂപപ്പെടുത്തുന്നത് എലിസബേത്താണെന്നു പറയാം.

എലിസബേത്തിനെ ഇങ്ങനെയാണ് നോവൽ വിവരിക്കുന്നത്: "എലിസബേത്തുമായി ഈജിപ്റ്റിൽവച്ച് പരിചയപ്പെട്ട ആ ബന്ധം മാർക്സിനെ

സംബന്ധിച്ചിടത്തോളം വളരെയധികം പ്രയോജനം ചെയ്തിരുന്നു. ശാസ്ത്രത്തിലും മെഡിക്കൽ സയൻസിലും ഇലക്ട്രോണിക്സ് സയൻസിലും പാണ്ഡിത്യമുണ്ടായിരുന്ന എലിസബേത്ത് മാർക്സിന്റെ കുറ്റാന്വേഷണ ജീവിതത്തിലെ ഒരു പ്രധാന ഘടകമായിരുന്നു. ഏതുസമയത്തു വിളിച്ചാലും എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടെങ്കിലും എലിസബേത്ത് അവിടെ ഓടി എത്തുമായിരുന്നു" (1978, 24). അമേരിക്കക്കാരിയായ എലിസബേത്തിന്റെ കുടുംബപശ്ചാത്തലമൊന്നും ഇവിടെ അധികം വ്യക്തമാക്കുന്നില്ല. അദ്ദേഹത്തിന്റെ വിദ്യാഭ്യാസവും ഇപ്പോഴത്തെ പ്രവർത്തനവുമാണ് ഇവിടുത്തെ ആഖ്യാനവിഷയം. അവർ പുരുഷനെപ്പോലെ സ്വതന്ത്രയായി തന്റെ കരിയർ ശ്രദ്ധിച്ച് ജീവിക്കുന്നു. തന്റെ സുഹൃത്തായ മാർക്സിന്റെ പ്രവർത്തനങ്ങളിൽ പൂർണസ്വാതന്ത്ര്യത്തോടെ പങ്കാളിയാകുന്നു. ലിംഗപരമായ വേർതിരിവില്ലാതെ തന്റെ സ്വാതന്ത്ര്യം അടിയറവയ്ക്കാതെ ജീവിക്കുന്ന സ്ത്രീയായിട്ടാണ് പുഷ്പനാഥ് എലിസബേത്തിനെ രൂപപ്പെടുത്തുന്നതെന്നു വ്യക്തം. കേവലം പുരുഷകാഴ്ചയിലുള്ള സ്ത്രൈണതയിൽനിന്ന് താൻപോരിമയുള്ള വ്യക്തിത്വത്തിലേക്കു ഓരോ ആഖ്യാനങ്ങളിലൂടെയും എലിസബേത്തിനെ വികസിപ്പിക്കുകയായിരുന്നുവെന്നു കാണാം. ആദ്യമായി എലിസബേത്ത് പ്രത്യക്ഷപ്പെടുന്നത് ഫറവോന്റെ മരണമുറിയിലാണ്. അതിൽ സാദാ സ്ത്രീകഥാപാത്രമായിട്ടാണ് അദ്ദേഹത്തെ ചിത്രീകരിച്ചതെങ്കിൽ പിന്നീട് ഓരോ ആഖ്യാനത്തിലും അവരുടെ വ്യക്തിത്വം മാർക്സിനൊപ്പമായി മാറുന്നതായി ആഖ്യാനിക്കുന്നു.

എലിസബേത്ത് ഈ നോവലിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ ഇവയൊക്കെയാണ്:

1.മാർക്സിന്റെ നിർദ്ദേശംകിട്ടുമ്പോൾ തന്നെ അവരെത്തുകയും മാർക്സിൻ ഏറ്റെടുത്തിരിക്കുന്ന ദൌത്യത്തിന്റെ ആഴം മനസ്സിലാക്കുകയും ചെയ്യുന്നു. ആദ്യഘട്ടം എലിസബേത്ത്ചെയ്യുന്നത് സാർഗാസോ കടലിനെക്കുറിച്ചും കടൽജീവികളെക്കുറിച്ചുമുള്ള വിവരങ്ങൾ കണ്ടെത്തുകയാണ്. മാർക്സിനൊപ്പം എത്തിയശേഷം അദ്ദേഹം നല്കിയ ഫയലുകൾ സശ്രദ്ധം പഠിക്കുന്ന എലിസബേത്ത് അത് ഒരു ഭീകരസംഘത്തിന്റെ താവളമാണെന്ന നിരീക്ഷണം മുന്നോട്ടുവയ്ക്കുന്നു. എന്നല്ല അവരുടെ ലോകത്തിലേക്കു പ്രവേശിക്കുവാൻ അതിലും മികച്ച ശാസ്ത്രീയമായ നീക്കം ആവശ്യമാണെന്നു എലിസബേത്ത് പറയുന്നു.

2.സാർഗാസോ കടലിലെ കൊള്ളക്കാരെ കണ്ടെത്താൻ ലിയോ ബോർണിയ എന്ന ബുദ്ധികേന്ദ്രത്തെയും അവരാണ് നിർദ്ദേശിക്കുന്നത്. നോവലിലെ

നിർണായക തീരുമാനങ്ങൾ എലിസബേത്തിന്റെ ഭാഗത്തുനിന്നാണ് ഉണ്ടാകുന്നതെന്ന് വ്യക്തം. മാർക്സിൻ അതംഗീകരിക്കുന്നകയാണ് ചെയ്യുന്നത്.

3.ദുർഘടമായ ഉത്തരവാദിത്തമേറ്റെടുത്ത് അതിലും ദുർഘടമായ യാത്രകൾ നടത്തി തന്റെ ദൌത്യംപൂർത്തീകരിക്കാനുള്ള എലിസബേത്തിന്റെ ശ്രമം അവൾ പരമ്പരാഗത സ്ത്രൈണതയുടെ പുറത്താണ് ജീവിക്കുന്നതെന്നു വ്യക്തമാക്കുന്നു.

4.സാർഗാസോ കടലിലേക്ക് പ്രത്യേകം വാഹനത്തിലുള്ള യാത്രയിൽ എലിസബേത്തും പങ്കാളിയാകുകയും ഒക്ടോപ്പസ് എന്ന വാഹനത്തിന്റെ എല്ലാക്കാര്യങ്ങളിലും ശ്രദ്ധപുലർത്തുകയും ചെയ്തു. ഓരോസമയത്തും വേണ്ടനിർദ്ദേശങ്ങൾ നല്കി വാഹനത്തിന്റെ നിയന്ത്രണവും തങ്ങളുടെ യാത്രയിലെ കാര്യങ്ങളും ശ്രദ്ധിച്ചതിൽ വലിയ പങ്ക് അവൾക്കുണ്ട്. മാർക്സിന്റെ ദൌത്യം പൂർത്തീകരിക്കുന്നതിൽ നിർണായകമായ പങ്ക് അവളാണ് വഹിക്കുന്നതെന്നു വ്യക്തം.

5.മദ്യപാനത്തെ പുരുഷനെപ്പോലെ ജീവിതത്തിന്റെ സ്വഭാവികചര്യയായി എലിസബേത്ത് കാണുന്നു. ജോലിയുടെ ഭാഗമായി ഒരാവശ്യമെന്ന നിലയിൽ മദ്യപിച്ചുകൊണ്ടാണ് ഗൌരവമായ ചർച്ചകളിലും മറ്റും അദ്ദേഹം ഇടപെടുന്നത്. മലയാളനോവലിൽ മദ്യപിക്കുന്ന സ്ത്രീകളെ അപൂർവ്വമായിട്ടാണ് കാണുക. വിദേശരാജ്യങ്ങളിൽ പോയവർക്കാണ് ലിംഗഭേദമില്ലാതെ മദ്യപിക്കുന്നത് സ്വഭാവികമായിക്കാണാൻ കഴിയുന്നത്.

കഴുകന്റെ നിഴലിൽ എന്ന നോവലിൽ എലിസബേത്ത് മറ്റൊരു തലത്തിലേക്ക് ഉയരുന്നു. ഫ്രാൻസിൽ നടക്കുന്ന ചിലകൊലപാതകങ്ങൾ അന്വഷിക്കുന്ന ഇക്കഥയിൽ അന്വേഷണം ഏറ്റെടുക്കണമെന്നു സൂചിപ്പിക്കുന്നതുതന്നെ അവളാണ്. ഫ്രാൻസിലെ കുഗ്രാമപ്രദേശത്ത് യാത്രചെയ്ത് ആഗ്നസിനെയും കൂട്ടരെയും കണ്ടെത്തി പലകാര്യങ്ങളിലേക്കും വഴികണ്ടെത്തുന്നത് എലിസബേത്താണ്. മാർക്സിൻ പുറത്തുപോയി കുറ്റവാളിയിലേക്കുള്ള വഴികൾ തിരയുമ്പോൾ കുറ്റകൃത്യം ബാധിച്ച സ്ത്രീകളുടെ മോഴിയിലൂടെ കുറ്റവാളിയെ നിർണയിക്കുന്ന പ്രവർത്തനം എലിസബേത്ത് ചെയ്യുന്നു. ഇതിന്റെ അവസാനം കുറ്റവാളിയുടെ അക്രമണം അവർക്കുനേരെയുണ്ടാകുമ്പോൾ ചെറുക്കുന്നതിൽ മുന്നിൽ നില്ക്കുന്നതും അദ്ദേഹമാണ്. തങ്ങൾ യാത്രചെയ്ത കുതിരവണ്ടിയെ അജ്ഞാതൻ ആക്രമിച്ചപ്പോൾ അവരെ തോക്കുകൊണ്ട് ഒറ്റയ്ക്ക് നേരിടുകയാണ് എലിസബേത്ത്.

'വണ്ടിക്കാരനെന്തോ അപകടം പിണഞ്ഞിരിക്കുന്നുവെന്നു ബോധ്യമായഎലിസബേത്ത് പുറത്തിറങ്ങുവാൻ തന്നെ തീരുമാനിച്ചു. വാനിറ്റിബാഗിൽനിന്ന് ആധുനികരീതിയിലുള്ള റിവോൾവർ പുറത്തെടുത്തു. വണ്ടിയുടെ മറവിൽനിന്ന് അയാളുടെ ശിരസ്സു ലക്ഷ്യമാക്കി അവൾ നിറയൊഴിച്ചു. പക്ഷേ, വെടിയുണ്ട അവൾ പ്രതീക്ഷിച്ച സ്ഥാനത്ത് കൊള്ളാതെ അയാളുടെ തലയിൽ ഉയർന്നുനിന്നിരുന്ന ക്ലർബൻതൊപ്പിയെ തെറിപ്പിച്ചുകളഞ്ഞു' (2018, 63). ആദ്യത്തെ അക്രമത്തിനുശേഷം വീണ്ടും ശത്രുവിനെതിരേ എലിസബേത്ത് വെടിയുതിർക്കുന്നുണ്ട്. എലിസബേത്തിന്റെ അക്രമണത്തോടെയാണ് ശത്രു സ്ഥലംവിടുന്നതും ചെളിയിൽ താഴ്ന്നുപോകുന്നതും. പുരുഷനായ മാർക്സിനെക്കാൾ ചടുലമായി അന്വേഷണത്തിലിടപെടുന്ന ശക്തമായകഥാപാത്രമാണ് എലിസബേത്തെന്ന് ഈഭാഗവും വ്യക്തമാക്കുന്നു. ബുദ്ധിപരമായ അന്വേഷണത്തിൽ മാത്രമല്ല ആയുധപ്രയോഗത്തിലും പ്രാവീണ്യം നേടിയ സ്ത്രീകഥാപാത്രത്തെയാണ് പുഷ്പനാഥ് രൂപപ്പെടുത്തിയതെന്നർഥം.

കുറ്റാന്വേഷകൻ അത്ഭുതങ്ങൾ ചെയ്യുന്ന വീരപുരുഷനാണെന്ന ബോധം പുഷ്പനാഥിന്റെ രചാനലോകത്ത് വ്യക്തമായിക്കാണാമെങ്കിലും ആ പുരുഷത്വത്തിന് അതിരുകടന്ന പദവി നല്കുന്നതിൽ അദ്ദേഹം സംശയാലുവായിരുന്നുവെന്നതാണ് എലിസബേത്ത്, മോഹിനി എന്നീ സ്ത്രീകളുടെ സൃഷ്ടിയിലൂടെ കാണുന്നത്. പുരുഷനായ കുറ്റാന്വേഷകനൊപ്പംതന്നെ സ്ത്രീകളെ വളർത്തിയെടുത്ത, കുറ്റാന്വേഷണപ്രക്രിയയിലും അതിന്റെ ബുദ്ധിപരമായ ഇടപെടലിലും സജീവമായ സ്ത്രീപങ്കാളിത്തം നല്കിയ പുഷ്പനാഥിന്റെ രചനകൾ ജനപ്രിയസാഹിത്യത്തിലെ ലിംഗപരമായ വാർപ്പുമാതൃകകൾക്കെതിരേയുള്ള തെളിവുകളാണ്. വിവാഹം കുടുംബം എന്നിവയുടെ ബാധ്യതകളില്ലാതെ ഒരു സ്ത്രീ തന്റെ സുഹൃത്തിനൊപ്പം ക്രിയാത്മകമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ലോകംമുഴുവൻ ചുറ്റിസഞ്ചരിക്കുന്നു എന്ന ഭാവനതന്നെ എഴുപതുകളിലെ കേരളത്തിന്റെ അന്തരീക്ഷത്തിൽ എന്താണെന്ന ചോദ്യം പ്രസക്തമാണ്. സ്ത്രീയെ വീടിന്റെ ആളായിക്കാണുന്ന ചിന്തകൾ ശക്തമായിരുന്ന കാലത്താണ് ഒരു സ്ത്രീ വീടിനുപുറത്ത് പുരുഷന്മാരെപ്പോലെ ജീവിക്കുന്ന കഥകൾ പറയുന്നത്. വിദേശത്തൊക്കെപ്പോയി നേഴ്സിംഗ് പോലെയുള്ള കരിയറുകളിൽ ജീവിതം വളർത്തിയെടുത്ത മധ്യതിരുവിതാംകൂറിലെ സ്ത്രീകളുടെ ചരിത്രപാരമ്പര്യത്തിൽനിന്നാവാം വിദേശത്തൊന്നും പോകാത്ത പുഷ്പനാഥ് എലിസബേത്തിനു ജന്മം നല്കിയതെന്നു പറയാം. സുഹൃത്തിനൊപ്പം കുറ്റാന്വേഷകയായി ജീവിക്കുന്ന എലിസബേത്തിനെ മലയാള നോവൽസാഹിത്യത്തിന്റെ

ആധുനികതാവാദത്തിലെ ശക്തമായ കണ്ണിയായിട്ടാണ് വായിക്കേണ്ടത്.

## ഉപസംഹാരം

വഴിതെറ്റിക്കുന്ന അഴുക്കുചാലാണ് ജനപ്രിയ സാഹിത്യമെന്ന വാദത്തെ റദ്ദാക്കിക്കൊണ്ട് മലയാളസാഹിത്യചരിത്രപാഠങ്ങളുമായി ജനപ്രിയ സാഹിത്യത്തെ ബന്ധിപ്പിച്ച് വായിക്കേണ്ടുന്നതിന്റെ അനിവാര്യത ഏറുകയാണ്. ആധുനികതയുടെ തുടർച്ചയായി വായനയെ ജനകീയമാക്കിയ ഈ സാഹിത്യ പ്രക്രിയകളെ ഗൗരവപൂർവ്വം പഠിച്ചുകൊണ്ട് ആ എഴുത്തുകളെ വിമർശനവിധേയമാക്കുമ്പോൾ പുതിയ പല പാഠങ്ങളും കണ്ടെടുക്കാനാവും. ജനപ്രിയസാഹിത്യത്തിൽതന്നെ ഏറെ അകറ്റിനിർത്തപ്പെടുന്ന അപസർപ്പകസാഹിത്യം ശാസ്ത്രബോധത്തെ രൂപപ്പെടുത്തുന്നതിൽ സജീവമായ പങ്കുവഹിച്ചതായി മനസ്സിലാക്കേണ്ടതുണ്ട്. ശാസ്ത്രീയചിന്തകളിലും സ്ത്രീകളെ കേന്ദ്രീകരിച്ച സമീപനത്തിലും കേരളീയ ആധുനികതയുടെ തുടർച്ചയെ സവിശേഷമായി മുന്നോട്ടുകൊണ്ടുപോകുന്നതിൽ കോട്ടയംപുഷ്പനാഥിന്റെ അപസർപ്പകകൃതികൾ ഇടപെടുന്നതായി ഈ പഠനം വ്യക്തമാക്കുന്നു.

## ഗ്രന്ഥസൂചി

1. അച്യുതൻ എം., 1980. വാങ്മുഖം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കാട്.
2. കൃഷ്ണപിള്ള എൻ., 2014. കൃഷ്ണപിള്ളയുടെ പ്രബന്ധങ്ങൾ സമ്പൂർണ്ണം, കറന്റ് ബുക്സ്, കോട്ടയം.
3. കോട്ടയം പുഷ്പനാഥ്, 1978. ഡെവിൾസ് ട്രാപ്പ്, മാർക്സിൻ ഡിറ്റക്ടീവ് ബുക്ക് ക്ലബ്, കോട്ടയം.
4. ------ 1978. നെപ്പോളിയന്റെ പ്രതിമ, മാർക്സിൻ ഡിറ്റക്ടീവ് ബുക്ക് ക്ലബ്, കോട്ടയം.
5. ------ 1978. ലണ്ടൻ കൊട്ടാരത്തിലെ രഹസ്യങ്ങൾ, മാർക്സിൻ ഡിറ്റക്ടീവ് ബുക്ക് ക്ലബ്, കോട്ടയം.
6. ------ 2003. മോണോലിസയുടെ ഘാതകൻ, ജനപ്രിയ പുസ്തക പ്രസാധനശാല, കോട്ടയം.
7. ----- 2008. മർഡർ ഗാങ്, കീർത്തി ബുക്സ്, കൊല്ലം.
8. ----- 2018. മെഗാഹിറ്റ് ക്രൈംനോവൽസ് ഓഫ് കോട്ടയം പുഷ്പനാഥ്, സി.ഐ.സി.സി. ബുക്ക് ഹൌസ്, എറണാകുളം.
9. ----- 2019, ഡയൽ 00003, മാതൃഭൂമി, കോഴിക്കോട്.
10. ----- 2021. ഡ്രാക്കുള ഏഷ്യയിൽ, കോട്ടയം പുഷ്പനാഥ് പബ്ലിക്കേഷൻ, കോട്ടയം.
11. 11. ഗുപ്തൻ നായർ എസ് 1987 നമ്മുടെ വാരികകളും സാഹിത്യനിലവാരവും, (പത്രപ്രവർത്തനത്തിന്റെ ഭിന്നമുഖങ്ങൾ), കേരള പ്രസ്സ് അക്കാദമി, കൊച്ചി.

12. ----- 2009. തിരഞ്ഞെടുത്ത ലേഖനങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
13. ജിജി ചിലമ്പിൽ, 2017. കോട്ടയം പുഷ്പനാഥ്—അപസർപ്പകനോവലുകളുടെ ആചാര്യൻ, ശിബിരം ബുക്ക്സ്, കോഴിക്കോട്.
14. തരകൻ കെ.എം., 2005. മലയാള നോവൽസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
15. തായാട്ട് ശങ്കരൻ, 1971. ചിന്താസൌരഭം, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
16. നരേന്ദ്രപ്രസാദ്, 1999. എന്റെ സാഹിത്യനിരൂപണങ്ങൾ, ഡി സി ബുക്ക്സ്, കോട്ടയം.
17. പോൾ എം.പി., 1998. നോവൽസാഹിത്യം, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
18. ഭാസ്കരൻ നായർ കെ,. 1982. സംസ്കാരലോചനം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
19. മുണ്ടശ്ശേരി, 2004. മുണ്ടശ്ശേരി കൃതികൾ, കറന്റ് ബുക്ക്സ്, തൃശ്ശൂർ.
20. രാജശേഖരൻ പി.കെ., 2006. ഏകാന്തനഗരങ്ങൾ, ഡി സി ബുക്ക്സ്, കോട്ടയം.
21. ----- 2016, ബുക്സ്റ്റാൾജിയ, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്.
22. ലീലാവതി എം., 1996. മലയാളകവിതാസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
23. സോമൻ എ. 2002. ചോദ്യങ്ങൾ, ഇടപെടലുകൾ, മൾബെറി, കോഴിക്കോട്.
24. സോമൻ പി., 2001. ദേവദാസികളും സാഹിത്യചരിത്രവും, പ്രഭാത് ബുക്ക് ഹൌസ്, തിരുവനന്തപുരം.
25. ഹമീദ്, 2015. അപസർപ്പകനോവലുകൾ മലയാളത്തിൽ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
26. ----- 2015. അപസർപ്പക ചെറുകഥകൾ, പ്രസാധനം ഹമീദ്.
27. ----- 2019. തിരഞ്ഞെടുത്ത കുറ്റാന്വേഷണകഥകൾ, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
28. റെയിച്ചൽ തോമസ്, മിസിസ്, 1987. വനിതകളും വാരികകളും (പത്രപ്രവർത്തനത്തിന്റെ ഭിന്നമുഖങ്ങൾ), കേരള പ്രസ്സ് അക്കാദമി, കൊച്ചി.
29. Priestman, Martin, 2003. Crime Fiction, Cambridge University Press.
30. Rzepka & Horsley, 2010. A companion to Crime Fiction, Wiley-Blackwell.

*yacobthom6@gmail.com*

# അപസർപ്പകനോവലുകളുടെ ഭാവുകത്വപരിണാമം

ഡോ. ജൈനിമോൾ കെ. വി.
അസിസ്റ്റന്റ് പ്രൊഫസർ, സി. എ. എസ്. കോളേജ്, മാടായി

പ്രബന്ധസംഗ്രഹം

കൊലപാതകങ്ങളുടെ നിഗൂഢതയും അപരലോകങ്ങളുടെ സാധ്യതയുമാണ് മലയാളത്തിലെ അപസർപ്പകാഖ്യാനങ്ങൾ അന്വേഷിച്ചത്. ഇതിവൃത്തങ്ങൾ ആവർത്തന വിരസങ്ങളാവുകയും കേവല വിനോദ മൂല്യങ്ങളിൽ ഒതുങ്ങുകയും ചെയ്തതോടെ മങ്ങലേറ്റ അപസർപ്പകസാഹിത്യം തിരിച്ചുവരവിന്റെ പാതയിലാണ്. പരീക്ഷണാത്മകത കൊണ്ടും ആഖ്യാനതന്ത്രങ്ങൾ കൊണ്ടും കുറ്റാന്വേഷണ നോവൽശാഖയിൽ ഒരു നവതരംഗം രൂപം കൊണ്ടിട്ടുണ്ട്. നവീന ആഖ്യാനമാതൃക എന്ന നിലയിൽ ലാജോ ജോസിന്റെ കൃതികളെയാണ് ഇവിടെ മുഖ്യമായും പഠനവിധേയമാക്കിയിട്ടുള്ളത്. അപസർപ്പകനോവലുകളുടെ പരിണാമവഴികൾ സാമാന്യമായി നിരീക്ഷിക്കുകയും പുതുരീതിയുടെ സ്വഭാവങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

**താക്കോൽ വാക്കുകൾ:** ജനപ്രിയ സാഹിത്യം - അപസർപ്പകൻ - കൊലപാതകം - കുറ്റവാളി - ത്രില്ലർ- അപരം.

## ഒന്ന്

ജനപ്രിയസാഹിത്യത്തിന്റെ വൈവിധ്യമാർന്ന ജനുസ്സുകളിൽ അപസർപ്പകനോവലുകൾക്ക് ചെറുതല്ലാത്ത സ്ഥാനമുണ്ട്. ജനസാമാന്യത്തിന്റെ സാഹിത്യമാണ് ജനപ്രിയസാഹിത്യം. ജനകീയതയാണ് ലക്ഷ്യമിടുന്നത് എന്നതുകൊണ്ട് അത് ജനകീയസാഹിത്യവുമാണ്. ലക്ഷക്കണക്കിന് ആളുകൾ ജനപ്രിയവാരികകൾ വായിക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ മാറ്റി നിർത്തേണ്ടുന്ന ഒന്നാണോ ജനപ്രിയസാഹിത്യം? പൈങ്കിളിയെന്നും രണ്ടാംകിടയെന്നും

പരിഹസിക്കപ്പെടുന്നതിൽ എന്തർത്ഥമാണുള്ളത്? എഡ്ഗർ അലൻ പോ, അഗതാ ക്രിസ്റ്റി, ആർതർ കോനൻഡോയിൽ, ബ്രാം സ്റ്റോക്കർ തുടങ്ങിയവരെയൊക്കെ ജനപ്രിയസാഹിത്യത്തിന്റെ വക്താതാക്കൾ എന്ന നിലയിലാണ് പാശ്ചാത്യസാഹിത്യചരിത്രത്തിൽ അടയാളപ്പെടുത്തുന്നത്. മലയാളത്തിലേക്ക് ജനപ്രിയ സാഹിത്യരൂപങ്ങൾ കടന്നുവന്നതിന്റെ കാരണങ്ങളെക്കുറിച്ച് പി.കെ. രാജശേഖരൻ ഇങ്ങനെ പറയുന്നു. "സ്വാതന്ത്ര്യസമരത്തിന്റെയും രണ്ടാംലോകമഹായുദ്ധത്തിന്റെയും തീവ്രതയും പട്ടിണിയും ദാരിദ്ര്യവും അനുഭവിച്ചുകൊണ്ടിരുന്ന പുത്തൻ വായനാസമൂഹത്തിൽ ഒരു സ്വപ്നതൃഷ്ണ നിലനിന്നിരുന്നു. അയഥാർത്ഥമായ ഒരു ആനന്ദലോകത്തിനു വേണ്ടിയുള്ള ആ തൃഷ്ണയെ തൃപ്തിപ്പെടുത്താൻ കേവല വിനോദമൂല്യത്തിൽ ഊന്നുന്ന സാഹിത്യം ആവശ്യമായിരുന്നു. ജീവിതദുഃഖങ്ങൾക്കും പ്രതിസന്ധികൾക്കും ലളിതമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന, കിനാവുകളെയും മോഹങ്ങളെയും ഭാവനകൊണ്ട് പൂരിപ്പിക്കുന്ന അയഥാർത്ഥമായ ആനന്ദലോകം വാഗ്ദാനം ചെയ്ത ഒരു സാഹിത്യം ഗദ്യത്തിലെ റിയലിസത്തിനും പദ്യത്തിലെ കാല്പനികതയ്ക്കും സമാന്തരമായി നാല്പതുകളിൽത്തന്നെ മലയാളസാഹിത്യത്തിൽ വളരാൻ ആരംഭിച്ചു. ആ സമാന്തര/ബദൽ സാഹിത്യത്തെയാണ് പിൽക്കാലത്ത് പൈങ്കിളി സാഹിത്യമെന്ന് ഉന്നതസാഹിത്യം പരിഹാസപൂർവ്വം വിളിച്ചത്. യഥാർത്ഥത്തിൽ ഒന്നോ രണ്ടോ എഴുത്തുകാരോ പ്രസാധകരോ ചേർന്ന് നിർമ്മിക്കുന്ന ഒരു അഭിരുചിയോ പ്രസ്ഥാനമോ അല്ല പൈങ്കിളി എന്ന ജനപ്രിയസാഹിത്യം. ഒരു സമൂഹത്തിലെ രാഷ്ട്രീയബോധം, സ്വപ്നതൃഷ്ണ, ആനന്ദവാഞ്ഛ തുടങ്ങിയ ഒട്ടേറെ ഘടകങ്ങളുമായി അതിനുബന്ധമുണ്ട് (രാജശേഖരൻ പി.കെ., 2014: 103).

എല്ലാ രാജ്യങ്ങളിലും ജനപ്രിയസാഹിത്യമുണ്ട്. ഈ ജനുസ്സിൽ ആഗോളതലത്തിൽ വൻ പ്രചാരം നേടിയ സാഹിത്യരൂപമാണ് അപസർപ്പകനോവലുകൾ. ചരിത്രനോവലുകൾ, സാമൂഹ്യനോവലുകൾ, രാഷ്ട്രീയനോവലുകൾ എന്നീ നോവൽ വിഭാഗങ്ങൾക്കിടയിൽ സ്ഥലകാലഭേദമന്യേ ജനങ്ങളെ ആകർഷിക്കുന്ന വിഭാഗമാണിത്. ഫ്രഞ്ചിൽ 'റോമൻ പോലീസിയർ' എന്നും ഇംഗ്ലീഷിൽ 'ഡിറ്റക്ടീവ് നോവലുകളെന്നും' അറിയപ്പെടുന്ന അപസർപ്പക നോവലുകൾക്ക് മലയാളത്തിൽ കുറ്റാന്വേഷണ നോവലുകളെന്നും പേരുണ്ട്. കൊലപാതകം, അവയുടെ നിഗൂഢത അന്വേഷിച്ചുപോകൽ, കുറ്റംതെളിയിക്കൽ എന്നിവയാണ് ഇവയുടെ പ്രമേയം. നിഗൂഢാത്മകത, ഭാവനാസൃഷ്ടി, ജിജ്ഞാസയുണർത്തുന്ന അവതരണരീതി തുടങ്ങിയവയാണ് അപസർപ്പക

സാഹിത്യത്തിന്റെ പ്രത്യേകതകൾ. കുറ്റാന്വേഷകൻ/ ഡിറ്റക്ടീവ് ആണ് ഇതിലെ നായകകഥാപാത്രം. അജ്ഞാതനായ കുറ്റവാളിയായിരിക്കണം പ്രതിനായകൻ. വായനക്കാരിൽ സംശയം ജനിപ്പിക്കാനുതകും വിധത്തിലായിരിക്കണം മറ്റ് കഥാപാത്രങ്ങളുടെ ചിത്രീകരണം.

കുറ്റാന്വേഷണഭാവനയുടെ പൂർവ്വരൂപങ്ങൾ ആയിരത്തൊന്നു രാവുകളിലും, ബൈബിൾ കഥകളിലുമൊക്കെ കണ്ടെത്താം. ആയിരത്തൊന്നു രാവുകളിൽ ഷെഹറാസാദ് വിവരിക്കുന്ന 'ദി ത്രീ ആപ്പിൾ' എന്ന കഥയെ ആദ്യ കുറ്റാന്വേഷണകൃതി ആയി ചിലർ കണക്കാക്കുന്നു. ഒരു മൃതദേഹത്തെ ചുറ്റിപ്പറ്റിയുണ്ടായ നിഗൂഢതയുടെ ചുരുളഴിക്കാൻ ആ കഥയിൽ മന്ത്രി ആവശ്യപ്പെടുന്നുണ്ട്. സോഫോക്ലീസിന്റെ ഈഡിപ്പസിൽ നിരവധി അന്വേഷണങ്ങൾക്കും ചോദ്യം ചെയ്യലുകൾക്കും ശേഷമാണല്ലോ മാതാവുമായി തനിക്കുള്ള ബന്ധത്തെക്കുറിച്ചും പിതാവിന്റെ ഘാതകനെക്കുറിച്ചും ഈഡിപ്പസ് തിരിച്ചറിയുന്നത്. ആദ്യ ചൈനീസ് കുറ്റാന്വേഷണകൃതി 'ഗോങ്ങ് ആൻ സ്റ്റോറി' ആണ്. വാൾട്ടയറിന്റെ 'സാദിഗ്' (Zadig 1748) ആണ് ആദ്യ പാശ്ചാത്യ കുറ്റാന്വേഷണകൃതി. തുടർന്ന് ഡാനിഷിൽ സ്റ്റീൻ സ്റ്റീൻസൺ ബ്ലിച്ചറിന്റെ 'ദി റെക്ടർ ഓഫ് വെയ്ൽ ബൈ' (The Rector of Veil bye 1829) പുറത്തിറങ്ങി. ഡെന്മാർക്കിൽ നടന്ന ഒരു യഥാർത്ഥ കൊലപാതകം ആയിരുന്നു ഈ കൃതിയുടെ പ്രമേയം. കുറ്റാന്വേഷണ രചനകളുടെ മുൻഗാമികളായി മേല്പറഞ്ഞ കൃതികളെയൊക്കെ കണക്കാക്കാമെങ്കിലും 1841 ൽ പുറത്തുവന്ന എഡ്ഗർ അലൻപോയുടെ കഥകളാണ് കുറ്റാന്വേഷണത്തിന്റെ ആധുനികഘട്ടത്തിന് തുടക്കമിട്ടത്. 1841 ൽ അലൻപോ രചിച്ച 'റൂമോർഗിലെ കൊലപാതകങ്ങൾ' (The Murder in the Rue Morgue) ആണ് ആദ്യത്തെ അപസർപ്പകനോവൽ. ഈ കൃതിയിലാണ് ചാരൻ (Spy) എന്നതിനുപകരം ആദ്യ കുറ്റാന്വേഷണ കഥാപാത്രത്തെ (detective) അവതരിപ്പിക്കുന്നത്. സി. അഗസ്റ്റി ഡ്യൂപ്പിൻ (C. Auguste Dupin) എന്നാണ് ആദ്യ ഡിറ്റക്ടീവിന്റെ പേര്. ഈ കൃതിയെ തന്നെയാണ് ഇംഗ്ലീഷിലെ ലക്ഷണമൊത്ത ആദ്യ കുറ്റാന്വേഷണ നോവലായി കണക്കാക്കുന്നത്. തുടർന്ന് അദ്ദേഹം തന്നെ രചിച്ച 'ദ പർലോയിറ്റ് ലെറ്റർ', 'ദി മിസ്റ്ററി ഓഫ് മേരി റോജൻ' എന്നിവയും പുറത്തുവന്നു. 1853 ൽ പുറത്തിറങ്ങിയ ചാൾസ് ഡിക്കൻസിന്റെ 'ബ്ലീക്ക് ഹൗസ്' (Bleak House) എന്ന കൃതിയും കുറ്റാന്വേഷണ വിഭാഗത്തിൽ പെടുന്നു. വിൽകീ കോളിൻസിന്റെ 'ദി വുമൺ ഇൻ വൈറ്റ്' (1859), 'ദി മൂൺ സ്റ്റോൺ'(1868) എന്നീ കൃതികളെ ഇംഗ്ലീഷ് കുറ്റാന്വേഷണ സാഹിത്യത്തിന്റെ മുത്തച്ഛന്മാരായി കണക്കാക്കുന്നു. അദ്ദേഹമാണ്

ഇരുപതാം നൂറ്റാണ്ടിൽ പിന്നീടുണ്ടായ കുറ്റാന്വേഷണ കൃതികളുടെ ചില പൊതുമാതൃകകൾ സൃഷ്ടിച്ചത്. അവ ഇങ്ങനെയാണ്.

- വലിയ ബംഗ്ലാവുകളിൽ നടക്കുന്ന കളവ്.
- തെറ്റായ സൂചനകൾ.
- കുറ്റം നടക്കുന്ന സ്ഥലത്തെ താമസക്കാരന്റെ കൃത്യത്തിലുള്ള സാന്നിധ്യം.
- പ്രശസ്തനായ അന്വേഷകൻ
- കഴിവില്ലാത്ത സ്ഥലം പോലീസ് ഓഫീസർ.
- സാക്ഷികളെ വീണ്ടും വീണ്ടും ചോദ്യം ചെയ്യൽ.
- വായനക്കാരിൽ സംശയം ജനിപ്പിക്കാൻ ഉതകും വിധത്തിൽ തെറ്റായ കുറ്റാരോപിതരെ സൃഷ്ടിക്കുക.
- തീർത്തും പ്രതീക്ഷിക്കാത്തയാൾ കുറ്റവാളിയാവുക.
- കുറ്റകൃത്യത്തിന്റെ പുനർനിർമ്മിതി
- ക്ലൈമാക്സിലെ ട്വിസ്റ്റ്

ഇത്തരത്തിൽ നിരീക്ഷണപാടവവും അന്വേഷണ ശീലവുമൊക്കെ പ്രകടിപ്പിച്ചുകൊണ്ടുള്ള കുറ്റാന്വേഷണ നോവലുകളുടെ കടന്നുവരവോടുകൂടി അതുവരെ മേൽക്കൈ നേടിയിരുന്ന ചാരക്കഥകളും ശാസ്ത്രനോവലുകളും പിന്തള്ളപ്പെട്ടു. 1887- ൽ സർ ആർതർ കോനൻ ഡോയലിന്റെ ഷെർലക്ഹോംസ് പുറത്തിറങ്ങിയതോടെ ഇവയുടെ ജനപ്രീതി വർദ്ധിച്ചു. കുറ്റാന്വേഷണകൃതികൾ പ്രചുരപ്രചാരം നേടിയ 1920- 30 കാലഘട്ടം ഈ വിഭാഗം കൃതികളുടെ സുവർണ്ണകാലമായി കണക്കാക്കുന്നു.

മലയാളത്തിൽ ആദ്യമായി അപസർപ്പകനോവൽ മാതൃക അവതരിപ്പിച്ചത് അപ്പൻ തമ്പുരാനാണ്. 1905-ൽ ഷെർലക്ഹോംസിന്റെ മാതൃകയിൽ സൃഷ്ടിച്ച ഭാസ്കരമേനോൻ ആണ് മലയാളത്തിലെ ആദ്യത്തെ അംഗീകൃത അപസർപ്പകാഖ്യായിക. 'ഒരു ദുർമരണം' എന്നപേരിൽ ഖണ്ഡശ്ശയായി രസികരഞ്ജിനിയിൽ പ്രസിദ്ധീകരിച്ച ഈ നോവൽ ശീർഷകം മാറ്റി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയായിരുന്നു. ഈ നോവലിലെ അപസർപ്പകനാണ് ഭാസ്കരമേനോൻ. ഒ.എം. ചെറിയാന്റെ കാലന്റെ കൊലയറയാണ് (1928) പിന്നീട് വന്നത്. 1950-കളുടെ അവസാനം ദുർഗാപ്രസാദ് ഖത്രിയുടെ ഹിന്ദി നോവലുകൾ മോഹൻ ഡി. കങ്ങഴ വിവർത്തനം ചെയ്യുകയുണ്ടായി. മൃത്യുകിരണം, ചെമന്നകൈപ്പത്തി, വെളുത്ത ചെകുത്താൻ തുടങ്ങിയവയ്ക്ക് വായനക്കാരുണ്ടായി. ബി. ജി. കുറുപ്പ്, സി. മാധവൻപിള്ള, മാത്തൻ തരകൻ,

കുഞ്ഞിരാമപ്പിഷാരടി, എം. കുമാർ, നാരായണപ്പിള്ള തുടങ്ങിയവരാണ് അമ്പതുകളിൽ ജനപ്രിയ സ്വഭാവമുള്ള കുറ്റാന്വേഷണ നോവലുകൾ സൃഷ്ടിച്ചവരിൽ പ്രമുഖർ. 1960-കളിൽ ഉദ്വേഗം നിറഞ്ഞ ഈ വിഭാഗം നോവലുകൾക്ക് വായനക്കാർ ഏറിവന്നു. 1981-ൽ ഷെർലക്ഹോംസ് കൃതികളുടെ പരിഭാഷകൾ ധാരാളം വന്നുതുടങ്ങി. അതോടെ ഹോംസിന്റെ മാതൃകയിലുള്ള കുറ്റാന്വേഷണങ്ങളും ഡ്രാക്കുളമാതൃകയിലുള്ള രക്തരക്ഷസ് കഥകളും പോലുള്ള അയഥാർത്ഥലോകങ്ങളെ സൃഷ്ടിക്കുന്നതിലായി നോവലിസ്റ്റുകളുടെ ശ്രദ്ധ. കൊലപാതകം, നിഗൂഢമായ കുറ്റവാളിസങ്കേതം, വേഷം മാറിനടക്കുന്ന തസ്കരരും അപസർപ്പകരും, ത്യാഗകേസരിയായ തസ്കരൻ, സർവ്വജ്ഞനായ അപസർപ്പകൻ, അത്ഭുത യന്ത്രങ്ങൾ, നിഗൂഢഭാവനങ്ങൾ തുടങ്ങിയവരിൽ മോഹമുഗ്ധരായിരുന്ന അമ്പതുകളിലെ ഡിറ്റക്ടീവ് നോവലിസ്റ്റുകൾ എന്ന് പി. കെ. രാജശേഖരൻ പറയുന്നുണ്ട് (2014: 107). കേരളത്തിൽ ഇത്തരം കഥകൾ നടക്കുമോ എന്ന് സംശയമുണ്ടായിരുന്ന ഇവർ തങ്ങളുടെ കഥാപശ്ചാത്തലമായി മദിരാശിപോലുള്ള സ്ഥലങ്ങളെയും സാങ്കല്പിക നഗരങ്ങളെയും സൃഷ്ടിച്ച എന്നും അദ്ദേഹം പറയുന്നു. ഈ പ്രവണത അമ്പതുകളിൽ മാത്രമല്ല, കോട്ടയം പുഷ്പനാഥിന്റെയും മറ്റും കാലഘട്ടത്തിലും തുടർന്നിരുന്നു എന്നു കാണാം. 1968-ൽ പ്രസിദ്ധീകരിച്ച ചുവന്ന മനുഷ്യന്റെ പശ്ചാത്തലം ഫ്രാൻസ് ആയിരുന്നു. ഡിറ്റക്ടീവ് മാർക്സിൻ അന്താരാഷ്ട്ര കുറ്റാന്വേഷകൻ എന്ന നിലയിൽ പ്രസിദ്ധനായ കഥാപാത്രമാണ്. പുഷ്പനാഥിന്റെ നിരവധി നോവലുകൾക്ക് ലണ്ടനിലെ തെരുവീഥികളും ബ്രസീലിലെ ഇടവഴികളും അമേരിക്കയിലെ സുഖവാസകേന്ദ്രങ്ങളും പശ്ചാത്തലമായി. അക്കാലഘട്ടത്തിൽ മലയാളത്തിലുണ്ടായിട്ടുള്ള ഒട്ടെല്ലാ നോവലുകളുടെയും പശ്ചാത്തലം അകേരളീയമായിരുന്നു.

കോട്ടയം പുഷ്പനാഥിനെ തുടർന്ന് ബാറ്റൺബോസ്, തോമസ് ടി. അമ്പാട്ട്, മെഴുവേലി ബാബുജി തുടങ്ങിയവരൊക്കെ എൺപതുകളിൽ കോട്ടയത്തു നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ജനകീയ പ്രസിദ്ധീകരണങ്ങളിലൂടെ നോവലുകൾ എഴുതിയവരാണ്. മാമാങ്കം, മനോരമ, മനഃശബ്ദം, മംഗളം, മനോരാജ്യം, തരംഗിണി, ചെമ്പകം, പൗരധ്വനി തുടങ്ങിയവയൊക്കെയായിരുന്നു അക്കാലത്തെ ജനപ്രിയവാരികകൾ. 1981-ൽ ഷെർലക്ഹോംസ് കൃതികളുടെ പരിഭാഷകളും ധാരാളമായി വന്നുതുടങ്ങിയിരുന്നു. അതോടെ ഹോംസിന്റെ മാതൃകയിലുള്ള കുറ്റാന്വേഷണങ്ങളും ഡ്രാക്കുള മാതൃകയിലുള്ള രക്തരക്ഷസ് കഥകളും പോലുള്ള അയഥാർത്ഥലോകങ്ങളെ സൃഷ്ടിക്കുന്നതിലായി നോവലിസ്റ്റുകളുടെ ശ്രദ്ധ. മലയാളികളുടെ വായനാശീലത്തെ

വളർത്തിയെടുക്കാൻ ഈ നോവലുകൾക്കുകഴിഞ്ഞു എന്നതാണ് ഇതിന്റെ ഗുണപരമായ വശം.

അപസർപ്പകഘടകങ്ങൾ (അപസർപ്പണം, നിയന്ത്രിതമായ വിവര വിരേചനം, പരിണാമഗുപ്തി തുടങ്ങിയവ) പാലിച്ചുകൊണ്ടും പാശ്ചാത്യകൃതികളെ അനുകരിച്ചുകൊണ്ടും സൃഷ്ടിച്ച നോവലുകളെ നോവലിസ്റ്റുകൾ ഒരു ഉത്പന്നമായി മാത്രം കണ്ടു. ഇതിവൃത്തങ്ങൾ ആവർത്തനവിരസങ്ങളായി മാറി. സ്വകാര്യടെലിവിഷൻ ചാനലുകളും സീരിയൽ പ്രക്ഷേപണവുമൊക്കെ വന്നതോടെ 'മ' വാരികകളുടെ പ്രചാരവും അംഗീകാരവും നഷ്ടപ്പെട്ടു. ഇതോടെ അപസർപ്പകനോവലുകളുടെ പ്രതാപം മങ്ങിത്തുടങ്ങി. ആ അവസ്ഥയെക്കുറിച്ച് പി. കെ. രാജശേഖരന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. "ജനപ്രിയ സാഹിത്യവും ജനപ്രിയവാരികകളും ഇന്ന് തകർന്നടിഞ്ഞ ദുർഗ്ഗങ്ങളാണ്. 17 ലക്ഷം കോപ്പി ആഴ്ചതോറും വിറ്റുകൊണ്ടിരുന്ന ഒരു വാരിക. ഇപ്പോൾ രണ്ടര ലക്ഷത്തിലേക്ക് ചുരുങ്ങിയിരിക്കുന്നു. 14 ലക്ഷം വിറ്റ എതിർ പ്രസിദ്ധീകരണം മാർക്കറ്റിംഗിന്റെ സമസ്ത തന്ത്രങ്ങളുമുണ്ടായിട്ടും അഞ്ചുലക്ഷത്തിൽ താഴെ എത്തിനിൽക്കുന്നു. മുട്ടത്തുവർക്കിയെയും കാനം ഇ. ജെ. യെയും പോലുള്ള സ്വതന്ത്രരായ ജനപ്രിയനോവലിസ്റ്റുകളോ കോട്ടയം പുഷ്പനാഥിനെപ്പോലുള്ള സ്വതന്ത്രനായ അപസർപ്പകനോവലിസ്റ്റോ ഇന്നില്ല" (2014: 113).

### രണ്ട്

ഇന്ന് ജനപ്രിയസാഹിത്യത്തിന്റെ ഉള്ളടക്കത്തിലും ഘടനയിലുമൊക്കെ പ്രതിനിധാനപരവുമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ മുഖ്യധാരാ സംസ്കാരമായി തന്നെ ജനപ്രിയസംസ്കാരത്തെ പരിഗണിക്കുന്നു. സാംസ്കാരികപഠനം സാഹിത്യമുൾപ്പെടെയുള്ള വിഷയങ്ങളിൽ ജനപ്രിയതയ്ക്ക് അക്കാദമിക അംഗീകാരം നൽകിത്തുടങ്ങി. മൊബൈൽഫോണിന്റെ കടന്നുവരവോടെ വികസിച്ചുവന്ന നവമാധ്യമസംസ്കാരം വിനോദത്തിനും ജനങ്ങളുടെ താല്പര്യങ്ങൾക്കും മാറ്റിമറിച്ചു. സംഗീതം, വീഡിയോഗെയിമുകൾ, വിനോദങ്ങൾ, വാർത്ത തുടങ്ങി ലോകത്തു നടക്കുന്ന സകലസംഭവങ്ങളുടെയും വിവരണങ്ങൾ തത്സമയം അറിയാൻ മൊബൈൽഫോണിന്റെ വരവോടെ സാധിച്ചു. ഇത്തരം സങ്കീർണ്ണമായ സാംസ്കാരികച്ചുറ്റുപാടിൽ വായനക്കാരെ തൃപ്തിപ്പെടുത്തുക എന്നത് എഴുത്തുകാർക്കും പ്രസാധകർക്കും ഒരു വെല്ലുവിളി തന്നെയാണ്. ഈ പ്രതിസന്ധിയെ അതിജീവിച്ചുകൊണ്ട് വായനാസമൂഹം സ്വീകരിച്ച അപസർപ്പകനോവലാണ് ടി.പി. രാജീവന്റെ പാലേരിമാണിക്യം ഒരു പാതിരാകൊലപാതകത്തിന്റെ കഥ. ടി.ഡി. രാമകൃഷ്ണന്റെ ഫ്രാൻസിസ്

ഇട്ടിക്കോരയാണ് മറ്റൊന്ന്. കുറ്റാന്വേഷണവും ചരിത്രവും പലതലങ്ങളിൽ ഇണക്കിയെടുത്തുകൊണ്ടുള്ള പ്രമേയരീതി, പുതുമയുള്ള അന്വേഷണം എന്നിവ ഈ നോവലുകളെ വ്യത്യസ്തമാക്കുന്നു. കുന്നംകുളം ആസ്ഥാനമായുള്ള പതിനെട്ടാം കൂറ്റുകാർ എന്ന രഹസ്യ വിഭാഗത്തെപ്പറ്റിയുള്ള അന്വേഷണമാണ് ഫ്രാൻസിസ് ഇട്ടിക്കോരയിലുള്ളത്. ഇന്റർനെറ്റിൽ നിന്നും വിക്കിപ്പീഡിയയിൽ നിന്നും കിട്ടുന്ന വിവരങ്ങളൊക്കെ നോവലിസ്റ്റ് ഉപയോഗപ്പെടുത്തുന്നുണ്ട്. ഈ നോവലിനെക്കുറിച്ച് ഹമീദ് അഭിപ്രായപ്പെടുന്നതിങ്ങനെയാണ്: ആഗോള കച്ചവടതാല്പര്യങ്ങളും ഹിംസാത്മകതയും വിപണന ലൈംഗികതയും കണക്കിന്റെ ചരിത്രവും കൂട്ടിക്കലർത്തി അതിന് അപസർപ്പണത്തിന്റെ ഒരു ഫ്രെയിം വർക്കും നല്കി ഹൈടെക്കിന്റെ എല്ലാ സാധ്യതകളും ചൂഷണം ചെയ്തു രചിച്ച ഈ നോവൽ മലയാളസാഹിത്യത്തിനെന്നപോലെ മലയാള അപസർപ്പണനോവൽ രംഗത്തും ഒരു തിലകക്കുറിയായി നിലകൊള്ളുന്നു (2015: 273).

മുഖമില്ലാത്ത തൊഴിലാളികളായിരുന്ന കാലത്തു നിന്നും വർത്തമാന കാലം ആവശ്യപ്പെടുന്ന പുതുമകളോടെ അപസർപ്പകനോവലിസ്റ്റുകൾ തിരിച്ചു വരവ് നടത്തിയിരിക്കുകയാണ്. ടി.പി. രാജീവൻ, ടി.ഡി. രാമകൃഷ്ണൻ, അൻവർ അബ്ദുള്ള, ശ്രീപാർവ്വതി, മേതിൽ രാധാകൃഷ്ണൻ, ലാജോജോസ് തുടങ്ങിയവർ ഈ വിഭാഗം സാഹിത്യത്തെ മുഖ്യധാരയിലേക്കെത്തിച്ചു. ആഖ്യാനരീതിയിലും കുറ്റാന്വേഷണത്തിലും പരീക്ഷണങ്ങൾ നടത്താനുള്ള ശ്രമങ്ങൾ ഇവരുടെ കൃതികളിൽ കാണാം. ടി.പി. രാജീവൻ മുതൽ ലാജോ ജോസ് വരെയുള്ളവർ അപസർപ്പക നോവൽ വിഭാഗത്തെ പുനർ നിർവചിക്കുകയും വിശാലമാക്കുകയും ചെയ്തു. ചരിത്രവും മിത്തും ഇടകലർന്നുകൊണ്ടുള്ള രചനകൾ, പരമ്പരാഗത ലൊക്കേഷനുകൾക്ക് പുറത്തുള്ള രചനകൾ, വ്യത്യസ്തങ്ങളായ പ്രമേയവും കഥാപാത്രങ്ങളെയും അവതരിപ്പിച്ചു കൊണ്ടുള്ള രചനകൾ തുടങ്ങി വൈവിധ്യങ്ങളുടെ സാധ്യതകളാണ് പുതുതലമുറ എഴുത്തുകാർ തേടിയത്. വാസ്തവത്തിൽ ഡിറ്റക്ടീവ് ഫിക്ഷൻ സാഹിത്യത്തിലെ പ്രബലമായ ഒരു വിഭാഗമായി തീർന്നിരിക്കുന്നു; അത് പല പല ഴാനറുകളായി വിഭജിക്കപ്പെടുകയും ഓരോന്നിനും അതിന്റേതായ ശൈലി കൈവരുകയും ചെയ്തു. ആഗോളതലത്തിൽ ഈ പ്രവണത നേരത്തേ വന്നുതുടങ്ങിയിരുന്നു. "സാഹിത്യം എന്ന സ്ഥാപനത്തെ ഒന്നുകിൽ പുനർവിശകലനത്തിന് വിധേയമാക്കുകയോ വിനോദത്തിനെ സൈദ്ധാന്തികമായി പുനർനിർവ്വചിക്കുകയോ ചെയ്യാനുള്ള സാഹചര്യം വർത്തമാനകാലം ആവശ്യപ്പെടുന്നുണ്ട്. നോവൽ അല്ലെങ്കിൽ സാഹിത്യം വായനക്കാരന്റെ സാംസ്കാരികമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നുണ്ടോ

എന്നതാണ് പ്രധാനമെന്ന് തന്റെ ഒരു ലേഖനത്തിൽ റൊളാങ്ബാർത്ത് ആവശ്യപ്പെടുന്നുണ്ട്" (2014: 54). ടെലിവിഷൻ, വെബ്സീരിസുകൾ, നെറ്റ്ഫ്ളിക്സ്, ആമസോൺപ്രൈം—ഇങ്ങനെ പല പ്ലാറ്റ്ഫോമുകളും മലയാളിയുടെ ആസ്വാദനത്തെയും വായനാനിലവാരത്തെയും സ്വാധീനിക്കുന്നുണ്ടിന്ന്. ഇതിവൃത്തത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പഴഞ്ചൻ രീതിയിൽ നിന്നുമാറി പരീക്ഷണാത്മകമാതൃകകളെ രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ എന്ന നിലയ്ക്ക് പുതു തലമുറ നോവലുകൾ വേറിട്ടുനിൽക്കുന്നുണ്ട്.

അപസർപ്പകനോവലിന്റെ കാലംകഴിഞ്ഞു എന്ന് പറയാനുണ്ടായ സാഹചര്യത്തെക്കുറിച്ച് നേരത്തേ വിശദീകരിച്ചു കഴിഞ്ഞു. ഈയൊരു കാലഘട്ടത്തിലാണ് വിദേശമാതൃകയിൽ പോസ്റ്ററുകളും ട്രെയിലറുകളുമൊക്കെയായി കോഫീഹൗസ്, ഹൈഡ്രേഞ്ചിയ, റൂത്തിന്റെ ലോകം, റെസ്റ്റ് ഇൻ പീസ് എന്നിവ വരുന്നത്. സിനിമ പുറത്തിറങ്ങുന്നതിനുമുമ്പ് ക്യാരക്ടർപോസ്റ്ററുകളും ട്രെയിലറുകളും മറ്റും പുറത്തിറങ്ങുന്നതുപോലെ നോവലുകൾക്കും അത്തരം മാർക്കറ്റുകളും സാധ്യതകളുമുണ്ട് എന്ന തിരിച്ചറിവാണിതിന് പിന്നിൽ. "ഒറ്റയ്ക്കൊരു നിലനില്പ് ജനപ്രിയസാഹിത്യത്തിന് ഇനി ദുസ്സാദ്ധ്യമാണ്. ഇതര ജനപ്രിയമാധ്യമങ്ങളുമായി സഹവർത്തിച്ചുകൊണ്ടേ അവയ്ക്ക് അതിജീവിക്കാൻ ആവുകയുള്ളൂ" (രാധാകൃഷ്ണൻ പി.എസ്., 2014: 74).

കുറ്റാന്വേഷണനോവലുകളിൽ ഏറ്റവും പ്രധാനകഥാപാത്രമാണ് അപസർപ്പകൻ. കുറ്റകൃത്യം അന്വേഷിക്കുന്നയാളെയാണ് അപസർപ്പകൻ എന്ന് വിളിക്കുന്നത്. അത് ആരുമാവാം. സാധാരാണ വ്യക്തിയാവാം. പ്രൊഫഷണൽ കുറ്റാന്വേഷകനാകാം. ലാജോജോസ് കൃതികളിൽ അപസർപ്പകരായ കേന്ദ്രകഥാപാത്രങ്ങൾ സ്ത്രീകളാണ്. ആദ്യകാല നോവലുകളിൽ അപസർപ്പകൻ കൂടുതലും പുരുഷന്മാരായിരുന്നു. ഭാസ്കരമേനോൻ, ഡിറ്റക്ടീവ് പുഷ്പരാജ്, മാർക്സിൻ തുടങ്ങിയവർ മലയാളത്തിലെ പ്രശസ്തരായ അപസർപ്പകരാണ്. എന്നാൽ പുതുതലമുറ ഈ രീതിയ്ക്ക് മാറ്റം കൊണ്ടുവന്നിട്ടുണ്ട്. ഇട്ടിക്കോരയിൽ അപസർപ്പകൻ ഗ്രന്ഥകർത്താവ് തന്നെ. സഹായികളായി രേഖ, രശ്മി, ബിന്ദു എന്നീ യുവതികളാണുള്ളത്. പാലേരിമാണിക്യത്തിലും അന്വേഷകന് നായകപരിവേഷമില്ല. ഒരു നോവലെഴുത്തുകാരൻ എന്ന രീതിയിൽ സ്ഥലത്തെത്തുന്ന ലേഖകൻ കൂട്ടുകാരി സരയൂവിനോടൊത്ത് വർഷങ്ങൾ പഴക്കമുള്ള ഒരു കൊലപാതകത്തിന്റെ ചുരുൾ നിവർത്തുകയാണ്. ആർ. ശ്രീലേഖയുടെ മരണദൂതനിൽ റീത്തമേരി ഐ.പി.എസ്. എന്ന സ്ത്രീയെയാണ് ഡിറ്റക്ടീവ് കഥാപാത്രമായി അവതരിപ്പിച്ചിരിക്കുന്നത്. ലാജോജോസ് തന്റെ നാല്

നോവലുകളിലും സ്ത്രീകളെയാണ് കേന്ദ്രകഥാപാത്രങ്ങളാക്കിയത്.

കോഫീഹൗസിലും അതിന്റെ തുടർച്ചയായ ഹൈഡ്രേഞ്ചിയയിലും എസ്തർ ഇമ്മാനുവൽ എന്ന ബുദ്ധിമതിയായ പത്രപ്രവർത്തകയാണ് അപസർപ്പക. റെസ്റ്റ് ഇൻ പീസിൽ യാതൊരു പരിവേഷവുമില്ലാത്ത ജെസീക്ക ഫ്രെഡറിക്ക് ആണ് കുറ്റം തെളിയിക്കുന്നത്. ആദ്യം കുറ്റകൃത്യം നടക്കുന്നു, പിന്നീട് അതിന്റെ നിഗൂഢത നീക്കുന്നു. സത്യം പുറത്തുവരുന്നു എന്ന പതിവുരീതി തന്നെ മാറ്റിക്കൊണ്ടാണ് റൂത്തിന്റെ ലോകം എത്തുന്നത്. വായനക്കാരൻ തന്നെയാണ് ഈ നോവലിൽ അപസർപ്പകന്റെ സ്ഥാനത്ത്. ലാജോജോസിന്റെ മൂന്നാമത്തെ നോവലാണ് റൂത്തിന്റെ ലോകം. ബ്ലാംഗ്ലൂരാണ് കഥയ്ക്ക് പശ്ചാത്തലഭൂമിക. റൂത്ത് റൊണാൾഡ്, റൊണാൾഡ് തോമസ് എന്നീ പ്രധാന കഥാപാത്രങ്ങളുടെ ചിന്തകളിലൂടെ മുന്നോട്ടുപോകുന്ന ആഖ്യാനതന്ത്രം തീർത്തും പുതുമയേകുന്ന ഒന്നാണ്. റൂത്തിലും റൊണാൾഡിലുമായി മാറിമാറിവരുന്ന ചിന്തകൾ സത്യമോ മിഥ്യയോ എന്ന് തിരിച്ചറിയാനാവാതെ വായനക്കാർ കുഴങ്ങിപ്പോകുന്നുണ്ട്. 'റെട്രോഗ്രേഡ് അംനീഷ്യ' ബാധിച്ച റൂത്ത് റൊണാൾഡ് എന്ന പെൺകുട്ടിയുടെ ഭ്രമാത്മകമായ ജീവിതമാണ് നോവലിന്റെ പ്രമേയം. ഓരോ ദിവസവും, ചിലപ്പോൾ മണിക്കൂറുകൾ മറവിയിലേക്ക് പോകുന്നതിന്റെ വിഷാദം റൂത്ത് എന്ന കഥാപാത്രത്തിൽ നിറയുമ്പോൾ അതേ സങ്കീർണ്ണമായ മാനസികാവസ്ഥയിലേക്ക് ആസ്വാദകനും എത്തുന്നു. ചുരുക്കം ചില കഥാപാത്രങ്ങൾ മാത്രമാണ് നോവലിലുള്ളത്. അഗതാക്രിസ്റ്റിയുടെ നോവലുകളിൽ കാണുന്നതുപോലെ കഥാപാത്രങ്ങളെ കൃത്യമായി പരിചയപ്പെടുത്തുന്നുണ്ട് ലാജോജോസ്.

പരിണാമഗുപ്തിയാണ് ഈ നോവലിന്റെ മറ്റൊരു ഗുണം. പരിണാമഗുപ്തിയും പാത്രഗുപ്തിയും അപസർപ്പക സാഹിത്യത്തിന് അവശ്യം വേണ്ടുന്ന ഘടകങ്ങളാണ്. റൂത്തിന്റെ ഭ്രമാത്മകമായ ഓർമ്മകളിലൂടെയാണ് നോവൽ പുരോഗമിക്കുന്നത്. അവളുടെ ജീവിതത്തിലേക്ക് ഭയം നിറച്ചുകൊണ്ട് മൂന്ന് അപരിചതർ കടന്നുവരുന്നു. അത് റൂത്തിന്റെ തോന്നലാവാം. സത്യമാവാം. പിന്നീട് ചില കൊലപാതകങ്ങളുടെ നിഗൂഢതകളിൽ റൂത്ത് പെട്ടുപോകുന്നു. കുറ്റകൃത്യങ്ങൾ, തട്ടിക്കൊണ്ടുപോകലുകൾ, കൊലപാതകങ്ങൾ, പോലീസ് അന്വേഷണം തുടങ്ങിയ ഉദ്വേഗജനകമായ രംഗങ്ങൾ കൊണ്ട് നോവൽ സംഘർഷഭരിതമാവുകയാണ്. ആഖ്യാനരീതിയിലും വ്യത്യസ്തത കാണാം. എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങൾ അവസാനഭാഗത്തേക്ക് മാറ്റിവെക്കുന്ന പതിവുരീതിയല്ല നോവലിസ്റ്റ് പിന്തുടരുന്നത്. വായനക്കാരനുമുന്നിൽ കുറ്റവാളി

പലപ്പോഴും വെളിവാക്കപ്പെടുന്നുണ്ട്. എങ്കിലും അവസാന അധ്യായം വരെ സസ്പെൻസ് നിലനിർത്താനാവശ്യമായ സമസ്യകളും ട്വിസ്റ്റുകളും നിറഞ്ഞ റൂത്തിന്റെ ലോകം സൈക്കോളജിക്കൽ ത്രില്ലർ വിഭാഗത്തിൽ പെടുത്തേണ്ടുന്ന കൃതിയാണ്. കഥാപാത്രങ്ങളുടെ തോന്നലുകളിലൂടെ കഥപറയുന്ന രീതിയാണിത്. റിട്രോ ഗ്രേഡ് അംനീഷ്യ ബാധിച്ച കഥാപാത്രത്തിന്റെ കണ്ടെത്തലുകളും തോന്നലുകളും സംശയത്തോടെ വീക്ഷിക്കാനേ സാധിക്കൂ. ദസ്തയേവ്സ്കിയുടെ കുറ്റവും ശിക്ഷയും ആണ് ഇത്തരം ആഖ്യാനങ്ങളുടെ പ്രാഗ്രൂപമായി കണക്കാക്കുന്നത്. 'മാസ്റ്റർ ഓഫ് സസ്പെൻസ്' എന്നറിയപ്പെടുന്ന ആൽഫ്രഡ് ഹിച്ച്കോക്ക് ആണ് സിനിമകളിൽ ഇത്തരം ത്രില്ലറുകൾ കാഴ്ചവെച്ചിട്ടുള്ളത്. ക്ലൈമാക്സ് വരെ പ്രേക്ഷകരിൽ ഭയം നിറച്ച് കഥാഗതിയെ മുന്നോട്ടുകൊണ്ടുപോകാൻ ഹിച്ച്കോക്കിന് സാധിച്ചിരുന്നു. 1960 ൽ റിലീസ് ചെയ്ത സൈക്കോ (psycho) എന്ന ചിത്രം ഇത്തരത്തിൽ ശ്രദ്ധനേടിയിരുന്നു. മലയാളത്തിൽ മലയാറ്റൂരിന്റെ യക്ഷി ഈ വിഭാഗത്തിൽ വരുന്ന നോവലാണ്. കഥാപാത്രത്തിന്റെ തോന്നലുകളെ വായനക്കാരിലേക്ക് സൈക്കഡെലിക് വിഭ്രാന്തിയായി വ്യാപിപ്പിക്കാൻ മലയാറ്റൂരിന് സാധിച്ചു. ഇനിയെന്ത് ഇനിയെന്ത് എന്ന ഉദ്വേഗത്തോടെ കഥാരഹസ്യം നിലനിർത്തിക്കൊണ്ടുപോകാൻ സാധിച്ചു എന്നതാണ് റൂത്തിന്റെ ലോകത്തെയും വ്യത്യസ്തമാക്കിയത്.

ചുരുങ്ങിയകാലംകൊണ്ട് സ്വന്തമായൊരു ആസ്വാദകവൃന്ദത്തെ ഉണ്ടാക്കിയെടുക്കാൻ ലാജോജോസിന് കഴിഞ്ഞു. റൂത്തിന്റെ ലോകം 'ഇനിയും കഥ തുടർന്നാൽ' എന്ന മത്സരത്തിൽ ധാരാളം വായനക്കാർ അവരവരുടേതായ ക്ലൈമാക്സുകൾ എഴുതി നൽകിയത് ഉദാഹരണം. പുസ്തകത്തിന്റെ മൂന്നാംപതിപ്പിൽ എസ്. കൃഷ്ണകുമാർ, അമൽരാജ് എം. എന്നീ വായനക്കാർ എഴുതിയ ക്ലൈമാക്സുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. വായനക്കാരോട് പരമാവധി അടുത്തുനിന്നുകൊണ്ടാണല്ലോ ജനപ്രിയസാഹിത്യം അതിന്റെ ഇടം നേടിയെടുത്തത്. ജനങ്ങളുടെ അഭിപ്രായ നിർദ്ദേശങ്ങൾ ആദരിച്ച് വേണ്ട പരിഷ്കാരങ്ങൾ വരുത്തിയേ തുടർ നോവലുകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയുള്ളൂ എന്നല്ല, കേരളത്തിലെ വായനക്കാർക്ക് വേണ്ടിയാണ് ഞാൻ നോവലുകളെഴുതുന്നത് എന്ന വഴിതെറ്റിവന്ന മാലാഖ എന്ന പുസ്തകത്തിന്റെ മുഖവുരയായി മുട്ടത്തുവർക്കി എഴുതിയിരുന്നത് ഈയവസരത്തിൽ ഓർക്കുന്നത് നല്ലതാണ്. എഴുത്തുകാരനും വായനക്കാരനും തമ്മിലുള്ള പാരസ്പര്യം, വായനക്കാരൻ തന്നെ കുറ്റാന്വേഷകനാകുന്ന സാഹചര്യം തുടങ്ങിയവയൊക്കെ ലാജോജോസിന്റെ ജനപ്രീതി വർദ്ധിപ്പിച്ചു. റൂത്തിനുശേഷം ഇറങ്ങിയ റെസ്റ്റ് ഇൻ പീസിന്

പ്രീസിന് പ്രീബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയതും നോവലിന്റെ ട്രെയിലർ വീഡിയോയും മറ്റും സമൂഹമാധ്യമങ്ങളിൽ തരംഗമായതും ഉദാഹരണമാണ്. പുതിയ തലമുറയുടെ ഇഷ്ടങ്ങളറിഞ്ഞ് നോർഡിക്നോയിർ പോലുള്ള ജോണറുകളുടെ സ്വാധീനത്താൽ ആണ് 'റെസ്റ്റ് ഇൻ പീസ്' അവതരിപ്പിച്ചിട്ടുള്ളത്. കോസിക്രൈം മിസ്റ്ററി രീതിയിൽ കഥാപാത്രങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ആവിഷ്കാരമാണ് ഈ നോവലിൽ ലാജോജോസ് പിന്തുടരുന്നത്. പോലീസോ രക്തച്ചൊരിച്ചലോ അമിതമായ വയലൻസോ ഇല്ലാതെ കുറ്റം കണ്ടുപിടിക്കുന്ന രീതിയാണിത്. അഗതാക്രിസ്റ്റിയുടെ ത്രില്ലറുകൾ ഈ വിഭാഗത്തിൽ പെടുന്നവയാണ്. കുറ്റം നടക്കുന്ന സ്ഥലത്ത് അവരുടെ ഡിറ്റക്ടീവ് കഥാപാത്രമായ ഹെർക്യൂൾ പെയ്‌രോയുടെ സാന്നിധ്യം ഏതെങ്കിലും വിധേന യുണ്ടാകും. അങ്ങനെ അന്വേഷണം പെയ്‌രോ ഏറ്റെടുക്കുകയും രഹസ്യങ്ങൾ പുറത്തുകൊണ്ടുവരികയും ചെയ്യും. റെസ്റ്റ് ഇൻ പീസും ക്ലോസ്ഡ് ആയ ഒരു സ്പെയിസിൽ നടക്കുന്ന മരണങ്ങളുടെ ചുരുളഴിക്കുന്ന നോവലാണ്. അതുകൊണ്ട് അപസർപ്പക കഥാപാത്രത്തിന് തെളിവുകൾ ശേഖരിക്കുന്നത് എളുപ്പമാകുന്നു. ഒരു വൃദ്ധസദനത്തിൽ നടക്കുന്ന കൊലപാതക പരമ്പരയാണ് റെസ്റ്റ് ഇൻ പീസ് (RIP) സമ്പന്നർ താമസിക്കുന്ന ഗോൾഡൻ റിട്ടയർമെന്റ് ഹോം ആണത്. അസിസ്റ്റഡ് ലിവിങ് ഫെസിലിറ്റിയുള്ള ലക്ഷ്വറി വൃദ്ധസദനങ്ങൾ ഇന്ന് എല്ലാ പ്രമുഖ നഗരങ്ങളിലുമുണ്ട്. പുതിയ കാലത്തിനു യോജിച്ച കഥാപശ്ചാത്തലമൊരുക്കാൻ നോവലിസ്റ്റ് ശ്രദ്ധിക്കുന്നുണ്ട്. ഓരോരുത്തർക്കും സ്വന്തമായി ഒരു അപ്പാർട്ട്മെന്റും ഡോക്ടർമാരുടെ ചെക്കപ്പ്, സഹായത്തിന് ആളുകൾ എന്നിവയൊക്കെയുള്ള വൃദ്ധസദനത്തിലാണ് 89 വയസ്സുകാരിയായ അന്നമ്മയും അവരുടെ ബുദ്ധിമാന്ദ്യമുള്ള മകൻ 55 വയസ്സുള്ള അവിവാഹിതയായ ബ്രിട്ടോയും താമസിക്കുന്നത്: ബ്രിട്ടോയുടെ പട്ടിയാണ് അവിടെ ആദ്യം മരിക്കുന്നത്. തുടർന്ന് ബ്രിട്ടോയും ബ്രിട്ടോയുടെ പ്രേതം അവിടെയുള്ളവരുടെ ഉറക്കം കെടുത്താൻ തുടങ്ങുന്നതോടെ സമാധാനമായി വിശ്രമിക്കുക (റെസ്റ്റ് ഇൻ പീസ്) എന്ന ഉദ്ദേശത്തോടെ ഓൾഡ് ഏജ് ഹോമിൽ എത്തിയവർ മുഴുവൻ പരിഭ്രാന്തരാവുകയാണ്.

മകന്റെ മരണം അന്നമ്മച്ചേടത്തിയിലാണ് ആദ്യം സംശയമുണർത്തുന്നത്. സ്വാഭാവികമരണമെന്ന് മറ്റുള്ളവർ വിധിയെഴുതുമ്പോഴും മകന്റെ ബോഡി പോസ്റ്റുമോർട്ടം ചെയ്യണമെന്ന് അവർ തീരുമാനിക്കുന്നു. തന്റെ സംശയം മറ്റൊരു അന്തേവാസിയായ ഫ്രെഡറിക്കിനോട് സൂചിപ്പിക്കുന്നു. അന്നാമ്മയും മരണപ്പെടുന്നതോടെ ഫ്രെഡറിക് ഈ കേസിൽ തന്റേതായ

അന്വേഷണങ്ങൾ വായനക്കാർ മനസ്സിലാക്കുന്നത് മകൾ ജെസ്സീക്ക ഫ്രെഡറിക്ക് വായിക്കുന്ന ഡയറിയിലൂടെയാണ്. പാശ്ചാത്യനാടുകളിൽ വളരെ നേരത്തെ തന്നെ പരീക്ഷിച്ച് വിജയിച്ചിട്ടുള്ള രീതിയാണിത്. “ഇറ്റാലിയൻ കഥാകൃത്തായ ഉമ്പർട്ടോ ഇക്കോ തന്റെ ‘ദ നെയിം ഓഫ് ദി റോസ്’ എന്ന കൃതിയിൽ ഒരു പഴയപുസ്തകത്തിൽ നിന്നും നായകൻ കഥയാരംഭിക്കുകയാണ്, പണ്ടെങ്ങോ നടന്ന ഒരു പാതകത്തെകുറിച്ചാണ് പ്രതിപാദിക്കുന്നത്. നോബൽജേതാവായ ഓർഹൻ പാമുക്കും തന്റെ ‘ദി ന്യൂ ലൈഫ്’ എന്ന കൃതിയിൽ പാതകകഥ തുടങ്ങുന്നത് ഒരു പുസ്തകത്തിൽ നിന്നാണ്” (ഹമീദ്,2015:19). റെസ്റ്റ് ഇൻ പീസിൽ ജെസീക്ക എന്ന അപസർപ്പക കഥാപാത്രം വിദേശത്താണ്. ഗോൾഡൻ റിട്ടയർമെന്റ് ഹോമിൽ നിന്നും ആരോ അയച്ചുകൊടുത്ത ഡയറിയിലുള്ള ചെറുനോവലാണ് ‘വൃദ്ധസദനത്തിലെ കൊലപാതകം’. തന്റെ അപ്പൻ ഫ്രെഡറിക് ദേവസ്സി അതിലെ കഥാപാത്രമാണ് എന്ന് തിരിച്ചറിയുമ്പോൾ ഈ ഡയറി തന്നെത്തേടിയെത്തിയതിന് പിന്നിൽ മറ്റെന്തോ കാരണമുണ്ടെന്ന് ജെസ്സീക്കയ്ക്ക് ബോധ്യപ്പെടുന്നു. തുടർമരണങ്ങളുടെ പൊരുൾ തേടി ഭർത്താവ് ജോയെ ഉപേക്ഷിച്ച് ജെസ്സീക്ക നാട്ടിലേക്ക് വണ്ടികയറുകയാണ്. യാതൊരു പരിവേഷവുമില്ലാത്ത ജെസീക്ക എന്ന സാധാരണസ്ത്രീ കൊലപാതക പരമ്പരകളുടെ ചുരുളഴിക്കുന്നിടത്താണ് നോവൽ അവസാനിക്കുന്നത്.

പാതകത്തിന്റെ അപസർപ്പണം തന്റെ ഓരോ നോവലിലും പലരീതിയിൽ കൊണ്ടുവരാൻ ലാജോജോസ് ശ്രമിക്കുന്നുണ്ട്. കോഫീഹൗസിന് ബാലാരിഷ്ടതകൾ ഉണ്ടെങ്കിലും മലയാളത്തനിമയുള്ള ഒരു നോവലാണത്. അതിന്റെ തുടർച്ച എന്ന രീതിയിൽ ഹൈഡ്രേഞ്ചിയ വലിയതോതിൽ സ്വീകരിക്കപ്പെട്ടു. ആഖ്യാനശൈലിയാണ് റൂത്തിന്റെ ലോകത്തെ വ്യത്യസ്തമാക്കിയത്. കോസി മർഡർ മിസ്റ്ററി എന്ന നിലയിൽ റെസ്റ്റ് ഇൻ പീസും വിജയിച്ച നോവലാണ്. ‘ജനപ്രിയസാഹിത്യത്തിൽ എഴുത്തിന്റെ രാഷ്ട്രീയം തീരുമാനിക്കുന്നത് വായനക്കാരാണ്. എഴുത്തധികാരിയുടെ സ്വേച്ഛാധിപത്യമല്ല, വായനക്കാരുടെ ജനാധിപത്യസ്വരമാണ് ഇവിടെ മുഴങ്ങുന്നത്’ (രാധാകൃഷ്ണൻ പി.എസ്., 2017: 67). ജനപ്രിയസാഹിത്യത്തിന്റെ ഈ ലാവണ്യശാസ്ത്രം തിരിച്ചറിയാൻ ലാജോജോസിന് സാധിച്ചു എന്ന് വേണം കരുതാൻ.

അപസർപ്പകാഖ്യാനങ്ങളുടെ പതിവു രീതികൾ മാറ്റിക്കൊണ്ടാണ് പുതുതലമുറ എഴുത്തുകാർ മുന്നേറുന്നത്. അനുകരണത്തിൽനിന്ന് വൈവിധ്യത്തിലേക്കും , അയുക്തികതയിൽ നിന്ന് യുക്തിയിലേക്കും, വിവരണാത്മകതയിൽ നിന്ന് സങ്കീർണ്ണതയിലേക്കും, സങ്കല്പത്തിൽ നിന്ന് യാഥാർത്ഥ്യത്തിലേക്കും

ഉള്ള മാറ്റമാണത്. പാതകകഥകൾക്കും ആഖ്യാന വഴികൾക്കും രാഷ്ട്രീയവും സാമൂഹികവുമായ പ്രാധാന്യം കൂടി നൽകാൻ ഇവർക്ക് സാധിക്കുന്നുണ്ട്. സാങ്കേതികവിദ്യകൾ വളർന്നു വരുന്ന സമകാലം ഭയപ്പെടുത്തുന്ന കാലമല്ല. ലോജിക്കില്ലായ്മയും പുതിയ കാലത്തെ വായനക്കാരന് രുചിക്കില്ല. അതുകൊണ്ടു തന്നെ വിചാരവും വികാരവും ഇടകലർത്തിക്കൊണ്ടും ഭയപ്പെടുത്തുന്ന വിവരണങ്ങളും ക്ലീഷേ പ്രയോഗങ്ങളും ഒഴിവാക്കിക്കൊണ്ടും മാറ്റം കൊണ്ടുവരാനുള്ള ഈ ശ്രമങ്ങൾ സ്വാഗതാർഹമാണ്. ജനപ്രിയ വായനയുടെ ലോകം സൈബർ സ്പേസിലേക്ക് ചുരുങ്ങിപ്പോകാതിരിക്കാൻ ഇത്തരം ഭാവനാലോകങ്ങൾ കൂടിയേതീരൂ.

## ഗ്രന്ഥസൂചി

1. രാധാകൃഷ്ണൻ പി.എസ്, എതിർദിശകൾ, സാഹിത്യചരിത്രത്തിലെ പക്ഷപാതങ്ങൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2017.
2. ശ്രീകുമാർ എ.ജി. (എഡി.), ജനപ്രിയസാഹിത്യം മലയാളത്തിൽ, എസ്.പി.സി.എസ്., 2014.
3. ഷാജി ജേക്കബ്, മലയാളനോവൽ ഭാവനയുടെ രാഷ്ട്രീയം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013.
4. ഹമീദ്, അപസർപ്പകനോവലുകൾ മലയാളത്തിൽ, കേരള സാഹിത്യ അക്കാദമി, 2015.
5. ‘Detective fiction’, Wikipedia, web 21 june 2014

*jainyramesh@gmail.com*

# അന്വേഷണം, പരീക്ഷണം, നിരീക്ഷണം:
## 'ഭാസ്കരമേനോനി'ലെ ശാസ്ത്രാവബോധത്തിന്റെ സഞ്ചാരവഴികൾ

**ഡോ. ഷിമി പോൾ ബേബി**
അസി. പ്രൊഫസർ, മലയാളവിഭാഗം, യൂ. സി. കോളേജ്, ആലുവ

### പ്രബന്ധസംഗ്രഹം:
ആഖ്യാനപാടവം കൊണ്ടും ആവിഷ്കരണതന്ത്രംകൊണ്ടും സാമ്പ്രദായിക സങ്കല്പങ്ങളെ വിനിർമ്മിതിയ്ക്ക് വിധേയമാക്കിയ കുറ്റാന്വേഷണസാഹിത്യം പുനർവായന ആവശ്യപ്പെടുന്ന മേഖലയാണ്. ശാസ്ത്രത്തെ സംബന്ധിച്ച ധാരണകളെ മലയാളിയുടെ ഭാവനാമണ്ഡലവുമായി ചേർത്തിണക്കുന്നതിൽ അപ്പൻതമ്പുരാന്റെ അപസർപ്പകനോവലായ 'ഭാസ്കരമേനോൻ' മാതൃകയാകുന്നു. ആധുനികമായ ലോകക്രമത്തിന്റെ രൂപപ്പെടലിൽ ശാസ്ത്രം പ്രാമാണ്യജ്ഞാനത്തിന്റെ മറുവാക്കായി സ്വീകരിച്ചുകൊണ്ട് ദേശരാഷ്ട്രങ്ങളുടെ അതിർത്തികളെ ഭേദിച്ച് മനുഷ്യൻ പര്യവേക്ഷണങ്ങൾ ആരംഭിക്കുകയും സ്ഥിരചൂഷണവ്യഗ്രത നിലനിർത്തുകയും ചെയ്തതോടെ ആധുനികതയുടെ യൂറോപ്യൻ മാതൃക കോളനി നാടുകളിലും വ്യാപിച്ചു. തദ്ദേശീയവും ആധുനികവുമായ സാഹചര്യങ്ങൾ പ്രധാനമായി കണ്ട് കേരളീയാധുനികതയിലേക്കുള്ള ചുവടുമാറ്റം ഇതിന്റെ തുടർച്ചയാണ്. പരമ്പരാഗതമായ അന്വേഷണരീതിയിൽ നിന്നും വേറിട്ട് കാര്യകാരണയുക്തിയിലുറച്ച അന്വേഷണരീതിശാസ്ത്രം മലയാളസാഹിത്യത്തിൽ അവതരിപ്പിച്ചുകൊണ്ട് അഭ്യസ്തവിദ്യരും ശാസ്ത്രതല്പരരുമായ വായനാസമൂഹത്തിന്റെ രൂപപ്പെടലിനെ സാധ്യമാക്കിയ അപ്പൻതമ്പുരാന്റെ 'ഭാസ്കരമേനോ'നിലെ ശാസ്ത്രസഞ്ചാരപഥങ്ങളെ വിശദീകരിക്കുകയും കേരളീയാധുനികതയുടെ പുതുഭാവുകത്വത്തെ രൂപപ്പെടുത്തുന്നതിൽ കുറ്റാന്വേഷണസാഹിത്യങ്ങൾക്കുള്ള പങ്ക് വ്യക്തമാക്കുകയുമാണ് പ്രബന്ധത്തിൽ.

**താക്കോൽ വാക്കുകൾ:** കൊളോണിയൽ ആധുനികത, കേരളീയാധുനികത, ആധുനികതാവ്യവഹാരങ്ങൾ, ലിംഗപദവി, ശരീരചേഷ്ട.

സാഹിത്യസങ്കല്പങ്ങളിലും ഭാഷാവ്യവഹാരങ്ങളിലും ചലനാത്മകമായ മാറ്റം അടയാളപ്പെടുത്തിക്കൊണ്ട് വായനാഭിരുചിയെ പോഷിപ്പിച്ച ഗദ്യമാതൃക എന്ന നിലയിൽ ആദ്യകാല അപസർപ്പകകൃതികൾ മലയാളസാഹിത്യത്തിൽ ശ്രദ്ധേയമാകുന്നുണ്ട്. കൊളോണിയൽ ആധുനികതയുടെ ഭാഗമായി വളർന്നു വന്ന ഗദ്യഭാവനയാണ് കുറ്റാന്വേഷണസാഹിത്യത്തെയും അതിൽത്തന്നെ ശാസ്ത്രത്തിന്റെ ഇടപെടലുകളെയും കൊണ്ട് സമ്പന്നമാക്കിയത്. ആസൂത്രിതമായി നടത്തിയ കൊലപാതകത്തിന് ശാസ്ത്രയുക്തിയുടെ പിൻബലത്താൽ തെളിവുണ്ടാക്കുന്ന അന്വേഷണരീതി മലയാളസാഹിത്യ കുറ്റാന്വേഷണ മേഖലയിൽ ആദ്യമായി സ്വീകരിച്ചത് രാമവർമ്മ അപ്പൻ തമ്പുരാനാണ്. രസികരഞ്ജിനി മാസികയിൽ 1078-മുതൽ 1079 വരെ ഇരുപത്തൊന്നു ലക്കങ്ങളിലായി അപ്പൻ തമ്പുരാൻ രചിച്ച നോവലാണ് ‘ഭാസ്കരമേനോൻ’. ‘ഒരു ദുർമരണം’ എന്ന ആദ്യപേര് ഒഴിവാക്കി പുസ്തകരൂപത്തിൽ നോവൽ അച്ചടിച്ചപ്പോൾ അതിന് ‘ഭാസ്കരമേനോൻ’ എന്ന ശീർഷകം നല്കുകയായിരുന്നു. വായനക്കാരന്റെ ലോജിക്കിനെ ചോദ്യം ചെയ്യാത്ത കഥാഗതിയും സംഭവങ്ങളും അന്വേഷണ മാതൃകകളുമാണ് നോവലിൽ സ്വീകരിച്ചിരിക്കുന്നത്. ശാസ്ത്രബോധ്യങ്ങൾ മലയാളിയിൽ അത്രതന്നെ പരിചിതമാകാതിരുന്ന കാലയളവിൽ യുക്തിയുടെയും ചിന്തയുടെയും തലങ്ങളിൽ ശാസ്ത്രത്തിന്റെ പങ്കുകൊള്ളൽ കൊണ്ടുണ്ടാകുന്ന ബൌദ്ധിക ഉന്മേഷത്തെ അടയാളപ്പെടുത്തിയ സാഹിത്യകൃതി എന്ന നിലയിൽ ഭാസ്കരമേനോൻ അത് പുറത്തിറങ്ങിയ കാലയളവിലെ ചരിത്രപരമായ ദൌത്യം കൂടി നിറവേറ്റുന്നുണ്ട്.

## ആധുനികതയുടെ ശാസ്ത്രവഴികൾ

യൂറോപ്യൻ ജ്ഞാനോദയത്തോടെ വികസിച്ചുവന്ന ശാസ്ത്രാധിഷ്ഠിതചിന്ത ആധുനികതയുടെ സവിശേഷതയാണ്. പ്രബുദ്ധത, യുക്തി, പുരോഗതിയിലും ശാസ്ത്രത്തിലുമുള്ള വിശ്വാസം, പാരമ്പര്യത്തെയും മതപരമായ അനുഷ്ഠാനങ്ങളെയും വിമർശനാത്മകമായും ശാസ്ത്രീയമായും പരിശോധിക്കുന്ന സമീപനം, മാനവികതയിലുള്ള വിശ്വാസം മുതലായവയാണ് ആധുനികതയുടെ പ്രത്യേകതകളായി വിമർശകർ ചൂണ്ടിക്കാട്ടുന്നത് (swingewood, 1998:138). നിരന്തരം പുതുക്കുകയും തുടർച്ചയുണ്ടാവുകയും ചെയ്യുന്ന ജ്ഞാനമേഖല എന്ന നിലയിൽ ശാസ്ത്രത്തിനെ പൊതുസമൂഹം പലമട്ടിൽ നോക്കിക്കാണുന്നുണ്ട്. പുതിയ ഉത്തരങ്ങൾ കിട്ടുമ്പോൾ പഴയതു പലതും തിരുത്തപ്പെടും. പരിശോധിക്കാനും നിരീക്ഷിക്കുവാനും കഴിയുന്നവ ആകണം എന്ന് മാത്രമല്ല അവ കർക്കശമായി ഉത്തരം നല്കുകയും ചെയ്യുന്നിടത്താണ് ശാസ്ത്രജ്ഞാനത്തിന് നിലനില്പുള്ളത്.

തെളിവുകളുടെ അടിസ്ഥാനത്തിൽ തിരുത്തലുകൾ വരുത്താനുള്ള സാധ്യത യാണ് ഇത് മുന്നോട്ടുവെയ്ക്കുന്നത്.

ഭാസ്കരമേനോൻ എന്ന കുറ്റാന്വേഷണ നോവൽ പുറത്തിറങ്ങുന്നത് 1905-ലാണ്. ആധുനികതയുടെ ശാസ്ത്രാഭിമുഖ്യം മലയാളിയുടെ സർഗ്ഗാത്മകതയിൽ ചെലുത്തിയ സ്വാധീനത്തിന്റെ പ്രത്യക്ഷമാതൃകയാണ് ഭാസ്കരമേനോൻ. മലയാളിയുടെ ഭാവനാപരവും വൈകാരികവുമായ വ്യവഹാരങ്ങൾ ശാസ്ത്ര ജ്ഞാനബോധ്യങ്ങൾ കൂടി കലർന്നതാകുന്നതിന്റെ കൌതുകം ഭാസ്കരമേനോനിൽ കാണാം. പുളിങ്ങോട്ട് എന്ന പ്രസിദ്ധമായ കുടുംബത്തിൽ നടക്കുന്ന കൊലപാതകത്തിന്റെ അന്വേഷണവഴികളാണ് നോവലിന്റെ കഥാഗതിയ്ക്ക് അടിസ്ഥാനം. പുളിങ്ങോട്ടുബംഗ്ലാവിലെ കാരണവരും ഉദരരോഗിയുമായ കിട്ടുണ്ണിമേനവൻ മരിച്ചുകിടക്കുന്നതു കണ്ട് അന്ധാളിച്ചു നില്ക്കുന്ന കുഞ്ഞിരാമൻ നായരുടെ ഭാവപകർച്ചയിൽ നിന്നാണ് നോവൽ ആരംഭിക്കുന്നത്. തന്റെ പ്രാണസ്നേഹിതനായ കിട്ടുണ്ണിമേനവനുണ്ടായ അത്യാപത്തിൽ വികാരഭേദം സംഭവിച്ച കുഞ്ഞിരാമൻ നായർ ബംഗ്ലാവിലെ പണിക്കാരനായ ഗോവിന്ദനെ വൈദ്യരുടെ വീട്ടിലേക്ക് പറഞ്ഞയയ്ക്കുന്നു. അപ്പാത്തിക്കരി ബംഗ്ലാവിൽ എത്തുകയും മരണം സ്ഥിരീകരിക്കുകയും ചെയ്യുന്നു. പ്രാഥമിക അന്വേഷണത്തിൽത്തന്നെ കൊലപാതകമാണെന്ന് അപ്പാത്തിക്കരിയ്ക്കും അന്വേഷണ ഉദ്യോഗസ്ഥർക്കും ബോധ്യപ്പെടുന്നു. കിട്ടുണ്ണിമേനവൻ കൊല്ലപ്പെടുവാനുള്ള സാഹചര്യങ്ങളിലേക്ക് നോവൽ വഴിമാറുന്നിടത്താണ് ശാസ്ത്രത്തിന്റെയും ആധുനികതയുടെയും കടന്നുവരവിന്റെ ഭാഗമായി കൈവന്ന യുക്തിയുടെ പ്രാമുഖ്യത്തെ അടിവരയിടുന്ന അന്വേഷണവഴികളിലേക്ക് നോവൽ കടക്കുന്നത്.

ശാസ്ത്രാവബോധത്തോടെയുള്ള കേസന്വേഷണവും ഊഹാപോഹങ്ങളുടെ സാധ്യതകളെ മുൻനിർത്തിയുള്ള അന്വേഷണത്തിന്റെ യുക്തിയില്ലായ്മയും ഒരേസമയം നോവലിൽ കടന്നുവരുന്നുണ്ട്. ഇൻസ്പെക്ടർ കുണ്ടുണ്ണി നായരാണ് ഊഹാപോഹങ്ങളിലൂടെ കേസന്വേഷണം നടത്തുന്നത്. സ്റ്റേഷനാപ്പീസർ ഭാസ്കരമേനോനാവട്ടെ ശാസ്ത്രാവബോധത്തിന്റെയും സഹജമായ അന്വേഷണ പാടവത്തിന്റെയും നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ തെളിവുകൾ ശേഖരിക്കുന്നു. ശാസ്ത്രബോധം മനുഷ്യനിലുളവാക്കുന്ന ആത്മവിശ്വാസത്തിന്റെയും വസ്തുനിഷ്ഠതയുടെയും ആകെത്തുകയാണ് ഭാസ്കരമേനോൻ. കാര്യകാരണയുക്തിയിലധിഷ്ഠിതമായ ശാസ്ത്രയുക്തി കാരണങ്ങളെ കണ്ടെത്തുകതന്നെ ചെയ്യും എന്ന പക്ഷക്കാരനാണ് അദ്ദേഹം. നിരന്തരമായ പരിശോധനകളും ശ്രമങ്ങളും പരീക്ഷണങ്ങളുമാണ് ഭാസ്കരമേനോൻ മുന്നോട്ടുവെയ്ക്കുന്ന

അന്വേഷണമാതൃക. കൊലയാളി ഉപേക്ഷിച്ചുപോയ അഥവാ ബാക്കിയാക്കിയ തെളിവുകൾ കണ്ടെത്തുകയാണ് പ്രധാനം. കൊലനടന്ന വീടും പരിസരങ്ങളും അദ്ദേഹം നിരീക്ഷിക്കുന്നത് പറ്റത്തിലൊരാളുടെ ബോധ്യത്തിൽ നിന്നല്ല. ശാസ്ത്രം ഉല്പാദിപ്പിക്കുന്ന അറിവുകളുടെ കൃത്യതയ്ക്കായി അവിടെയുള്ള വസ്തുക്കളുടെ നിറം, രൂപം, മണം, ആകൃതി, നീളം, വിരലടയാളം എന്നിങ്ങനെയുള്ള തെളിവുകൾ തനിച്ച് ശേഖരിക്കുന്നു. കൊലപാതകം നടന്ന ബംഗ്ലാവിന്റെ പരിശോധനയിൽ തന്നെ കുറ്റാന്വേഷണ രീതിശാസ്ത്രം അദ്ദേഹം വ്യക്തമാകുന്നുണ്ട്. "....സ്റ്റേഷനാപ്സർ അകത്തേയ്ക്ക് കടന്നു. അവിടെ എല്ലാടവും നല്ലവണ്ണം പരശോധിച്ചു. കാര്യസ്ഥന്റെ എഴുത്ത് അവിടെയെങ്ങു കണ്ടില്ല. കട്ടിലിന്റെ അടുത്തും വടക്കുഭാഗത്തു തലക്കലായിട്ട് ഒരു ചെറിയ വട്ടമേശ കിടക്കുന്നുണ്ട്. അതിന്റെ മുകളിൽ ഒരു വിളക്കും ഒരു മരുന്നു കുപ്പിയും ഒരു ഔൺസ് ഗ്ലാസ്സും ഒരു ഘടികാരവും ഒരു കിണ്ടിയും ഇരിപ്പുണ്ട്. ചുവട്ടിൽ ഒരു ഇലച്ചീന്തും കിടന്നിരുന്നു. കിണ്ടിയിൽ ഒരു തുള്ളി വെള്ളം പോലും ഇല്ലെന്നു മാത്രമല്ല അതിന്റെ പലഭാഗങ്ങളിലും ഉപ്പു വിളഞ്ഞമാതിരി ചില പാടുകളും കാണ്മാനുണ്ട്. വലിച്ചിഴച്ചിട്ടോ എന്നു തോന്നുമാറ് ഉലഞ്ഞും കീറിയും കിടക്കുന്ന കിടക്കവിരി കിട്ടുണ്ണിമേനവന്റെ ചരമകാലത്തെ പ്രാണവേദനയെ നല്ലവണ്ണം പ്രത്യക്ഷമാക്കുന്നുണ്ട്. അകത്തുള്ള വിലപിടിച്ച സകല സാമാനങ്ങളും അതാതു സ്ഥാനങ്ങളിൽ തന്നെ ഇരുന്നിരുന്നതുകൊണ്ടു കൊലപാതകക്കാരൻ കേവലം കൊള്ളമോഹിച്ചുവരുന്ന കള്ളന്മാരിൽ ആരുമല്ലെന്നു സ്റ്റേഷനാപ്സർക്ക് ധാരാളം ഊഹിക്കുവാൻ വഴിയായിരുന്നു. നിലത്തു പതിഞ്ഞുകാണുന്ന കാലടികൾ സൂക്ഷിച്ചുനോക്കിക്കൊണ്ട് അകത്തുനിന്നും ഭാസ്കരമേനോൻ ഓവറയിലേക്കു കടന്നപ്പോൾ അവിടെയും ഉമ്മറപ്പടിയിന്മേലും കിണ്ടിയിൽ കണ്ടതുപോലെയുള്ള ചില വെളുത്തപാടുകളും അതുകളുടെ മീതെയുള്ള ചില പാദപാതങ്ങളും സ്റ്റേഷനാപ്സറുടെ ശ്രദ്ധയെ ആകർഷിച്ചു. ഓവറയുടെ പടിഞ്ഞാറെ ഭാഗത്തുള്ള വാതിലിനോട് അടുക്കുന്തോറും അവയ്ക്ക് ക്രമേണ തെളിവു കുറഞ്ഞും കാണുന്നു. ഓവറയുടെ വടക്കെ ചുവരിന്മേൽ അകത്തേയ്ക്കു കടക്കുന്ന വാതിലിന്റെ അടുത്തു പുറത്തായിട്ട് തോർത്തുമുണ്ടു തൂക്കുവാൻ തുളച്ചുകൊള്ളിച്ചിരുന്ന ഒരു കോല് താഴെ വീണു കിടന്നിരുന്നു. നിലത്തുനിന്നും ആ കോലിരുന്നതുവരെയുള്ള പൊക്കം കുപ്പായക്കീശയിൽ ഉണ്ടായിരുന്ന അളവുനാടകൊണ്ട് അളന്നു കണക്കാക്കി നോട്ടുപുസ്തകത്തിൽ കുറിച്ചെടുത്തു. നിലത്തുള്ള കാലടികളുടെയും അളന്നെടുത്തു. ഈ അളവും ഓവറയുടെ ഇറയത്തുള്ള ഏതാനും ചില കാലടികളുടെ അളവും ഒത്തിരിക്കുന്നു. ഈ

കാലടികളുടെ ഗതി ഓവറയിലേക്കാണ്. ഇറയത്തിന്റെ നേരെ താഴത്തു മണലിലായിട്ടു വടി കുത്തി നിറുത്തിയിരിക്കുന്നതുപോലെ ഒരു രൂപാ വട്ടത്തിൽ ഒരു കുഴിയും കാണുന്നുണ്ട്. കുഴിയുടെ വലിപ്പം കണ്ട് അത് സാധാരണ കുത്തി നടക്കുന്ന വടിയാകുവാൻ തരമില്ല. വിശേഷിച്ച് ഈ കുഴിയുടെ നേരെ മുകളിലുള്ള ഒരോടുപൊട്ടി താഴത്തു വീണുകിടക്കുന്നതിൽ നിന്ന് വടിക്ക് അവിടെ മുട്ടത്തക്കവണ്ണം നീളമുണ്ടായിരുന്നുവെന്നും സ്റ്റേഷനാപ്സർ ആലോചിച്ചു. ഈ കുഴിയുള്ള സ്ഥലത്തുനിന്ന് അടുക്കളയും മതിലും കൂടിചേർന്നിരുന്ന ഭാഗംവരെ അങ്ങോട്ടും ഇങ്ങോട്ടും നടന്ന പാടുകൾ കാണ്മാനുണ്ട്. എന്നാൽ തലേദിവസം രാത്രിയുണ്ടായ മഴകൊണ്ട് തെളിവ് കുറഞ്ഞിരിക്കുന്നു. മതിലിനോട് അടുത്ത അടുക്കളയുടെ നിരയിന്മേൽ ചുകന്ന മണ്ണു പുരണ്ടിട്ടുള്ള വിരലുകൾ പതിഞ്ഞിട്ടുണ്ട്. ഭാസ്കരമേനോൻ നിരയിന്മേൽ ചവിട്ടി നിന്നു മറുഭാഗത്തേയ്ക്ക് എത്തിച്ചു നോക്കിയപ്പോൾ അവിടെയെല്ലാം ഉറച്ച കൽപ്രദേശമായിരുന്നതു കൊണ്ട് അവിടെ നിന്നും കാലടികളുടെ പോക്ക് എങ്ങോട്ടായിരുന്നുവെന്നറിയാൻ കഴിഞ്ഞില്ല”(1954: 37, 38).

### അന്വേഷണത്തിലെ യുക്തി

ഇൻസ്പെക്ടറുടെ നിരീക്ഷണരീതിയിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഭാസ്കരമേനോന്റെ നോട്ടങ്ങൾ. പരിസരത്തെ വസ്തുക്കളുടെ സ്ഥാനം തെറ്റിയുള്ള അവസ്ഥയും അതിന്റെ സാധ്യതകളും അദ്ദേഹം തിരിച്ചറിയാൻ ശ്രമിക്കുന്നുണ്ട്. അവയെല്ലാം ഒരു നോട്ടുപുസ്തകത്തിൽ പകർത്തിവെയ്ക്കുന്നതിലും ശ്രദ്ധിക്കുന്നു. കുപ്പായക്കീശയിലുണ്ടായിരുന്ന അളവുനാടകൊണ്ട് അളന്നെടുക്കുകയും ചെയ്യുന്നു. മുകളിലത്തെ ഓട് പൊട്ടിയിരിക്കുന്നതു കണ്ടപ്പോൾ അവിടെ ഉപയോഗിച്ചിരുന്ന വടി സമാന്യം വലുതായിട്ടുള്ള ഒന്നാണെന്നും കിണ്ടിയുടെ വക്കിലെ ഉപ്പുപോലുള്ള വെളുത്ത ലവണവും അതിന്റെ ആകൃതി, ഘടന, നിറം മുതലായവയും നിരീക്ഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കുറിച്ചെടുക്കുന്നുണ്ട്. തെളിവുശേഖരിക്കുക, കുറിച്ചെടുക്കുക എന്നീ പ്രക്രിയയ്ക്ക് നോവൽ നല്കുന്ന പ്രാമുഖ്യം വലുതാണ്. ശവം ആസ്പത്രിയിലേക്കു മാറ്റിയ ശേഷം അവിടം അടച്ചു മുദ്രവയ്ക്കുന്നു. തെളിവുകൾ നശിച്ചുപോകാതിരിക്കുന്നതിനാണ് അടച്ചുകെട്ടുകയും മുദ്രവെയ്ക്കുകയും ചെയ്യുന്നത്. പുറമേനിന്നുള്ള ഇടപെടലിൽ ഒരു ചെറു തെളിവുസാധ്യതപോലും നഷ്ടപ്പെടരുത് എന്ന യുക്ത്യാധിഷ്ഠിത ചിന്തയാണ് സ്ഥലം അടച്ചു മുദ്രവെയ്ക്കുന്നതിൽ ഭാസ്കരമേനോൻ പ്രത്യേക ശ്രദ്ധ വെച്ചുപുലർത്തുന്നതിനു പിന്നിൽ. ഒഫീഷ്യൽവൽക്കരണത്തിന്റെ പ്രാധ്യാന്യം തിരിച്ചറിഞ്ഞ കൊളോണിയൽ ആധുനികതയുടെ തുടർച്ചയായി ഇതിനെ

കണക്കാക്കാം. ഭാസ്കരമേനോന്റെ റെക്കാർഡ് ശേഖരം എഴുത്തിന്റെ ആധി കാരികതയെ നിലനിർത്തുന്നു. എഴുതിവെയ്ക്കുക എന്നത് ആധുനികയുക്തിയുടെ മറ്റൊരു പിൻബലമാണ്. അപ്പാത്തിക്കരിയുടെ വാമൊഴി കുറിച്ചെടുക്കുന്ന തിലൂടെയും നിരീക്ഷണ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ യുക്തിസ ഹമായി വസ്തുതയെ മനസ്സിലാക്കിക്കൊണ്ട് അവയെ നിഗമന- സിദ്ധാന്ത സ്വരൂപത്തിലൂടെ ഒരുക്കിയെടുക്കുന്നതിലൂടെയും അറിവിനെ വസ്തുനിഷ്ഠമായി വിലയിരുത്തുന്ന ലിഖിത ജ്ഞാനവ്യവസ്ഥയുടെ ഉറച്ചബോധ്യത്തിലാണ് ഭാസ്കരമേനോൻ നിലകൊള്ളുന്നത്.

വ്യാജമല്ലാത്ത ചികിത്സാരീതിയുടെ മാന്യത വൈദ്യനിൽ കാണാനാകും. മരണം നടന്ന സ്ഥലത്തേക്ക് പിറ്റേന്നു വെളുപ്പിനുതന്നെ ചെന്നെത്തിയ അദ്ദേഹം ശവത്തിന്റെ രൂപമാറ്റം കണ്ട് ഭയപ്പെടുന്നുണ്ട്. എങ്കിൽപ്പോലും താനൊരു വൈദ്യനെന്ന തിരിച്ചറിവ് അദ്ദേഹത്തെ വളരെപെട്ടെന്നു തന്നെ തന്റെ കർത്തവ്യത്തിൽ വ്യാപൃതനാകുന്നതിന് പ്രേരിപ്പിക്കുന്നു. ''മൃതശരീ രത്തിന്റെ അടുത്തുചെന്ന് സാവധാനത്തിൽ മുടിതൊട്ട് അടിയോളം ഒന്ന് കണ്ണോടിച്ചു. ഉള്ളങ്കാൽ മുതൽ ദേഹമെല്ലാം തൊട്ടുനോക്കി. കണ്ണിന്റെ ചുവ ട്ടിലത്തെ പോളയും വിടർത്തിനോക്കി... പൂമുഖത്ത് ചാരുകസേരയിലിരുന്ന് കുപ്പായക്കീശയിൽ നിന്ന് ഒരു ചെറിയ പുസ്തകമെടുത്ത് നോട്ടു കുറിക്കുവാനും തുടങ്ങി” (1954: 9). രോഗം, മരണം എന്നിങ്ങനെ വിവിധ സന്ദർഭങ്ങളെ അഭിമു ഖീകരിക്കുമ്പോഴും വൈദ്യർ തന്റെ തൊഴിലിനോടു കാട്ടുന്ന കൂറും മമതയുമാണ് ഇവിടെ വ്യക്തമാകുന്നത്. പോലീസ് സ്റ്റേഷനിൽ വിവരം ധരിപ്പിക്കുന്നതിന് മുൻകൈയ്യെടുക്കുന്നതും വൈദ്യൻതന്നെയാണ്. “ശവം ആസ്പത്രിയിൽ കൊണ്ടുവരുമ്പോൾ താൻ അവിടെ ഹാജരുണ്ടാവുമെന്നു” അപ്പാത്തിക്കരി ഉറപ്പുനല്കുന്നു. പോലീസുദ്യോഗസ്ഥർ ആവശ്യപ്പെടും മുമ്പുതന്നെ പോസ്റ്റുമാർട്ടം വേണമെന്ന് അദ്ദേഹം അറിയിക്കുകയാണ്. കൊലയുടെ വിശദാംശങ്ങൾ ഗ്രഹിക്കുന്നതിന് ശവം പോസ്റ്റുമോർട്ടം ചെയ്യുകയെന്നത് പ്രസക്തമാണ്. അപ്പാത്തിക്കരിയുടെ സംഭാഷണത്തിൽ അദ്ദേഹം അതിനു തയ്യാറാണെ ന്നു പറയുന്നതോടെ ആധുനികതയുടെ യുക്തിബോധമാണ് വൈദ്യനിൽ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാകുന്നു. ബൌദ്ധിക വിദ്യാഭ്യാസം നാട്ടുസം സ്കാരത്തിന്റെ വളർച്ചയ്ക്കായി പങ്കിട്ടുകൊണ്ട് ആതുരസേവനത്തിന്റെ മികവുറ്റ മാതൃകയായിത്തീരുകയാണ് അപ്പാത്തിക്കരി.

യുക്തിഭദ്രമായ നിലപാടുകളും ചോദ്യംചെയ്യലുകളും സാക്ഷിമൊഴിക ളും അന്വേഷണ വഴികളിൽ നിർണ്ണായകമാകുന്നുണ്ട്. ‘കിട്ടുണ്ണിമേനവനെ

ഒടുവിൽ ജീവനോടുകൂടി കണ്ടതാരാണ്' എന്ന ഇൻസ്പെക്ടറുടെ ചോദ്യത്തിന് പരിഹാസ ആസ്പദമായ ചിരിയല്ലാതെ മറ്റൊരു മറുപടിയും ലഭിക്കുന്നില്ല. ചോദ്യം ചോദിക്കുന്നതിനു തന്നെയെങ്കിലും ആരോടാകണം എന്താകണം ഏതുസന്ദർഭത്തിൽ എങ്ങനെയാകണം എന്നതിൽ കൃത്യതപാലിക്കുവാൻ ഇൻസ്പെക്ടർക്ക് സാധിക്കുന്നില്ല. "ഘടികാരമെടുത്തു നോക്കിയപ്പോൾ മണി പത്തിനോടു അടുത്തിരിക്കുന്നു. ഇനി ചോദ്യങ്ങൾ അവസാനിപ്പിക്കാതെ തരമില്ലെന്നു കണ്ടു" (1954: 34). മൊഴിയെടുക്കുന്നതിൽ ഇൻസ്പെക്ടർ സമയ കൂടുതൽ കൊണ്ട് അസ്വസ്ഥനാകുന്നുവെങ്കിൽ ഭാസ്കരമേനോൻ വ്യത്യസ്തനാണ്. തെളിവുകൾ ഒരോന്നായി പരിശോധിക്കുന്ന സന്ദർഭത്തിൽ ശിഷ്യൻ കൊണ്ടു വന്ന 'കരിച്ചുപൊരിച്ചിട്ടുള്ള പലഹാരവും വാടവെള്ളത്തിൽ മോരൊഴിച്ച പോലെയുള്ള കാപ്പിയും രുചിഭേദം' അറിയാതെ കഴിക്കുകയാണ്. കേസന്വേഷണത്തിനിടയിൽ അപരിചിതിനായൊരാൾ വീട്ടിൽ വന്നതിനെക്കുറിച്ച് ശിഷ്യൻ പങ്കുവെച്ച സന്ദർഭത്തിൽ "അയാൾ പരിഭ്രമിച്ചാണോ അകത്തേയ്ക്കു കടന്നുവന്നത്?" എന്നു മാത്രമാണ് ഭാസ്കരമേനോൻ അന്വേഷിക്കുന്നത് (1954: 59). മെല്ലെ സ്വകാര്യമായിട്ടാണു കടന്നുവന്നത് എന്ന ശിഷ്യന്റെ മറുപടി കേട്ട ഭാസ്കരമേനോന്റെ മുഖത്ത് ചെറുപുഞ്ചിരിയാണ് ഉണ്ടായതും. ഒരാളുടെ നടപ്പിന്റെയും ചലനത്തിന്റെയും ആവേഗം ആ വ്യക്തിയുടെ മനോനിലയെ അടയാളപ്പെടുത്തുമെന്നതിനാലാണ് ഭാസ്കരമേനവൻ അത്തരമൊരു ചോദ്യം മുന്നോട്ടുവെച്ചത്. ശരീരചേഷ്ട മനോവ്യാപാരങ്ങളുടെ ആകെത്തുകയാണെന്ന മനശ്ശാസ്ത്രപാഠത്തെ ഗ്രഹിച്ചുകൊണ്ടാണ് ഭാസ്കരമേനവൻ അത്തരമൊരു ചോദ്യമുന്നയിക്കുന്നത്. ശിഷ്യന്റെ മറുപടിയിൽനിന്ന് കൊലയുമായി നേരിട്ടുബന്ധമുള്ള ഒരാളല്ല അവിടെവന്നതെന്ന് അനുമാനിക്കുകയും ചെയ്തു. ഒരേവിഷയത്തെ വ്യത്യസ്ത വ്യക്തികൾ സമീപിക്കുന്നതെങ്ങനെയെന്നത് ഇവിടെ ശ്രദ്ധേയമാകുന്നുണ്ട്. സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം അതൊരു നിയോഗമായി ഏറ്റെടുക്കേണ്ടി വരുന്നവനാണ് ഇൻസ്പെക്ടർ. അതുകൊണ്ടു തന്നെ ജോലിയിൽ തികഞ്ഞ അക്ഷമ പ്രകടവുമാണ്. ഭാസ്കരമേനോനാകട്ടെ തന്റെ ദൌത്യനിർവ്വഹണത്തിൽ ഉത്സുകനും സന്തോഷവാനുമാണ്.

## നിരീക്ഷണവും പരീക്ഷണവും

നിരീക്ഷണ പരീക്ഷണ അന്വേഷണയുക്തികളുടെ സമർത്ഥനമാണ് ബാലകൃഷ്ണമേനവനെ പ്രതിക്കൂട്ടിലാക്കിയത്. പുളിങ്ങോട്ടു കണ്ട കാലടികളുടെ ആകൃതിയും പോക്കും ആദ്യം മനസ്സിലാക്കി പിന്നെ അവിടെ കണ്ട അടയാളങ്ങളും പരിശോധിച്ച ശേഷം മരണസ്ഥലത്തു കണ്ട മരുന്നും കിണ്ടിയിലെ വെള്ളവും

സ്റ്റേഷനാപ്പീസർ തന്റെ വീട്ടിലെ പരീക്ഷണശാലയിൽ വെച്ച് പരിശോധനയ്ക്കു വിധേയമാക്കുന്നു. 'അംഗുലക്കുഴലുകൾ' കൊണ്ട് ഓരോന്നായി എടുത്ത് മരുന്നുകൾ തിളപ്പിച്ചിട്ടും, അരിച്ചിട്ടും, അരിച്ചുകിട്ടുന്ന ഊറലെടുത്തു സ്ഫടം വെച്ചിട്ടും ഇടയ്ക്കിടെ ചിലതൊക്കെ നോട്ടുപുസ്തകത്തിൽ കുറിച്ചിട്ടും ഇടമുറിയാതെ ഒന്നൊരമണിക്കൂറോളം പ്രയത്നിച്ചു. ഒടുവിൽ അപ്പാത്തിക്കരി നല്കിയ മരുന്നിൽ മായമില്ല എന്ന് മനസ്സിലാക്കുമ്പോൾ താൻ ചെയ്ത പ്രവർത്തികൾ വ്യർത്ഥമായല്ലോ എന്നുള്ള നിരാശയില്ല ഭാസ്കരമേനോനിൽ. കിണ്ടിയിലെ വെള്ളം ഒരു തുള്ളി ഇറ്റിച്ച് പരീക്ഷണം ആവർത്തിക്കുകയാണ്. "കിണ്ടിയെടുത്തു നല്ലവണ്ണം ഇളക്കി അതിലുള്ള വെള്ളം മുരലിൽകൂടി ഒരു സ്ഫടികത്തംബ്ലറിലേക്കു ഒഴിച്ചു എന്നിട്ട് അപ്പാത്തിക്കരിയുടെ മരുന്നുകൊണ്ടു കാട്ടിയ പ്രയോഗങ്ങളെല്ലാം ഈ വെള്ളം കൊണ്ട് പുനരായിട്ടു ആരംഭിച്ചു"(1954:60 ). തന്റെ യുക്തിയെ പിന്താങ്ങുന്ന ലക്ഷ്യങ്ങൾ കാണുന്നതുവരെ പ്രവർത്തനസജ്ജനാണ് ഭാസ്കരമേനോൻ. പരീക്ഷണശാലയിലെ വിജയം കൊലപാതകിയെക്കുറിച്ചുള്ള അന്വേഷണത്തിന്റെ ആദ്യ തെളിവുകളെങ്കിൽ അതിന്റെ പ്രേരണാഘടകത്തെ തികച്ചും രഹസ്യമായിട്ടാണ് ഭാസ്കരമേനോൻ കണ്ടെത്തുന്നത്. സംശയംതോന്നിയ ആളുകളുടെ പ്രവർത്തനങ്ങളെ അതീവ ഗൂഢമായിട്ട് നിരീക്ഷിക്കുന്നു. ഭാസ്കരമേനോനെ നിരന്തരം മറഞ്ഞുനിന്ന് പിന്തുടരുന്ന മൊയ്തുവിനെ മൽപ്പിടിത്തത്തിൽ കീഴ്പ്പെടുത്തുന്നതോടെയാണ് ഇൻസ്പെക്ടറുടെ മകനായ ബാലകൃഷ്ണമേനവനും വൈദ്യരുടെ മകൻ ശങ്കരമേനവനും കൊലപാതകത്തിലുള്ള പങ്ക് പുറത്താകുന്നത്. ഇരുവരും തമ്മിലുള്ള തപാൽ ഇടപാടുകൾ പരിശോധിച്ചതിൽ നിന്നും കൊലപാതകി ആരെന്നതിൽ വ്യക്തതയുണ്ടാക്കുന്നു. ''എല്ലാം തെയ്യാറായി, ഇന്നുതന്നെ ഒസ്യത്തുംകൊണ്ടു പതിവുള്ള സ്ഥലത്തെത്തുമല്ലൊ''(1954:132 ) എന്ന വാചകം ബാലകൃഷ്ണമേനവനും ശങ്കരമേനവനും അയച്ച കത്തിൽ പരാമർശിക്കുകയും അതിന്റെ പകർപ്പെടുത്ത ശേഷം എഴുത്ത് പശവെച്ചു ഒട്ടിച്ചു വീണ്ടും തപാലിലയച്ചു. കേസിന്റെ തെളിവുകളിൽപ്പെടുന്ന ഭാഷാസാമഗ്രികളായ കൈയക്ഷരം, കത്തിന്റെ രൂപമാതൃക, ശൈലീപരമായ സവിശേഷതകൾ എന്നീ കാരണങ്ങളാണ് യഥാർത്ഥ പ്രതി ബാലകൃഷ്ണനാണെന്നതിൽ വ്യക്തത ലഭിക്കുന്നത്. തപാലാഫീസ്, ആശുപത്രി, പോലീസ് സ്റ്റേഷൻ എന്നിവയുടെ കടന്നുവരവ് കൊളോണിയൽ ആധുനികതയുടെ ചിഹ്നങ്ങളായിട്ടാണ് നോവലിൽ ചിത്രീകരിക്കുന്നത്. ആധുനികതാവ്യവഹാരങ്ങളുടെയും സ്ഥാപനങ്ങളുടെയും കൂടിച്ചേരലാണ് കൊലയുടെ അന്വേഷണ വഴികളിൽ നിർണ്ണായകമാകുന്നതും.

തന്റെ മുമ്പിൽ നിരവധി സാധ്യതകളായിരുന്ന കേസന്വേഷണത്തിൽ ഭാസ്കരമേനവനുണ്ടായിരുന്നത്. കട്ടവനെ കിട്ടിയില്ലെങ്കിൽ കിട്ടയവനിൽ കുറ്റം കെട്ടിവെയ്ക്കുന്ന സമീപനരീതിയല്ല ആധുനികഭരണകൂടത്തിന്റേത്. ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത് എന്ന വ്യഗ്രതയാണ് ഭാസ്കരമേനോനിലെ അന്വേഷകനിൽ നിലകൊള്ളുന്നത്. ഇൻസ്പെക്ടർക്ക് കഴിയാതെ പോയതും ഇതുതന്നെയാണ് 'പുളിങ്ങോട്ടെ സ്വത്ത് കുനന്റെ വീട്ടിൽ 'എന്ന് ബീറ്റിനിടയിൽ ആരോ വിളിച്ചുപറയുന്നതുകേട്ട കോൺസ്റ്റബിളിന്റെ വാക്കുകൾ മുഖവിലയ്ക്കെടുത്താൽ കിട്ടുണ്ണിമേനോന്റെ കുനനായ കാര്യസ്ഥനാണ് പ്രതിയെന്നും അദ്ദേഹത്തിന്റെ ശിഷ്യൻ അന്ന് രാത്രി ബംഗ്ലാവിൽ വരുകയും അവിടെ നിന്ന് കാരണമൊന്നും പറയാതെ ഓടിപോവുകയും ചെയ്തതിനാൽ കാര്യസ്ഥനെ കുറ്റക്കാരനാക്കി മാറ്റാം എന്ന ഇൻസ്പെകറുടെ അനുമാനമാണ് കാര്യസ്ഥനെയും കുമാരൻനായരെയും കുറ്റാരോപിതരാക്കുന്നന്നത്. യാഥാർത്ഥ പ്രതി തന്റെ മകനായ ബാലകൃഷ്ണനാണെന്ന് തിരിച്ചറിഞ്ഞ ഇൻസ്പെകർ ശേഷിച്ച കാലം ഈ ഉദ്യോഗത്തിന് താൻ യോഗ്യനല്ല എന്ന് മനസ്സിലാക്കി ജോലി ഉപേക്ഷിക്കുകയാണ്. നിയമസംവിധാനത്തോടും ഭരണകൂടത്തോടും പോലീസ് മേധാവികളോടും ജനങ്ങൾക്കുള്ള വിശ്വാസ്യത നോവൽ സംരക്ഷിക്കുന്നുണ്ട്. "ബാലകൃഷ്ണമേനവന്റെ ബംഗ്ലാവിലും ശങ്കരമേനവന്റെ പക്കലുണ്ടായിരുന്ന എഴുത്തുകളും കിട്ടുണ്ണിമേനവന്റെ ഒസ്യത്തും പരിശോധിച്ചതിൽ സ്റ്റേഷനാപ്പസർ എടുത്ത തെളിവിൽ കട്ടമാകാണിക്കനീക്കത്തുക്കമില്ലെന്നു എല്ലാവക്കും ബോദ്ധ്യം വന്നു" (1954: 134). നീതിയുടെ പാലകർ പുലർത്തുന്ന വിശ്വാസ്യത പൊതുജനസമ്മതി നേടുന്നു. സുസ്ഥിരമായ സാമൂഹികക്രമത്തിന്റെ ഉറപ്പ് നോവൽ മുന്നോട്ടുവെയ്ക്കുന്നുണ്ട്. ഭാസ്കരമേനോന്റെ യുക്തിസഹമായ അന്വേഷണത്തിന്റെ മികവുകൊണ്ടാണ് കുമാരൻ നായരും കാര്യസ്ഥനും നിരപരാധികളാണെന്ന് തെളിഞ്ഞത്. അഥവാ അന്വേഷണത്തെ ശരിയായ രീതിയിൽ പുരോഗതിയിലേക്കു കൊണ്ടുപോയതാണ് ഇൻസ്പെക്ടറുടെ മകനെ പ്രതിക്കൂട്ടിലാക്കുന്നത്. ആധുനികഭരണസംവിധാനത്തോടുള്ള വിശ്വസ്തത നിലനിർത്താൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന ഘടകമായി ഇത് മാറുന്നുണ്ട്.

### ഫ്യൂഡലിസത്തിൽനിന്ന് ആധുനികതയിലേക്ക്

കുടുംബമാണ് ആധുനിക ലിംഗപദവിയുടെ അടിസ്ഥാനം. ഫ്യൂഡൽ തറവാട്ടുകളുടെ ബൃഹദാവിഷ്കരണങ്ങളിൽ നിന്നും വ്യത്യസ്തമായി ഭാര്യ, മക്കൾ എന്നിങ്ങനെയുള്ള കുടുംബവ്യവസ്ഥയുടെ പുതുമാതൃക നോവൽ വ്യക്തമാക്കുന്നു.

ഭാര്യയുടെ കുടുംബവീടായ ചേരിപ്പറമ്പുതറവാട്ടിലേക്ക് കടന്നുചെന്ന ഇൻസ്പെകടർ തറവാട്ടുപ്രാരബ്ധവും കടബാധ്യതകളും കണ്ട് “എന്റെ ഭാര്യയും മക്കളും അരിഷ്ടിക്കുന്നതു ഞാൻ അരിഷ്ടിക്കുന്നതിനു തുല്യംതന്നെ. ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം അതിനു സംഗതിവരത്തില്ല അതു സംശയിക്കേണ്ട” (1954: 134) എന്ന് പരിദേവനം നടത്തുന്നുണ്ട്. ഗൃഹനാഥനായ ഭർത്താവ് എന്ന പുരുഷകേന്ദ്രിത കൊളോണിയൽ ബോധ്യത്തിലുറച്ച കുടുംബവ്യവസ്ഥിതിയാണ് ഇൻസ്പെക്ടറെക്കൊണ്ട് അങ്ങനെ പറയിപ്പിക്കുന്നത്. അമ്മാവനായ ചേരിപ്പറമ്പു കാരണവരുടെ കടബാധ്യതകളാണ് കൊലപാതകം ആസൂത്രണം ചെയ്യുന്നതിന് ബാലകൃഷ്ണമേനവനെ പ്രേരിപ്പിക്കുന്നത്. അന്വേഷണത്തിന്റെ ഗതിമാറ്റവും ഭാസ്കരമേനോൻ തെളിവുകൾ സഹിതം അവ വിശദമാക്കുകയും ചെയ്തപ്പോൾ തന്റെ മകനാണ് കൊലയ്ക്ക് പിന്നിലെന്ന് തിരിച്ചറിഞ്ഞ കുണ്ടുണ്ണിനായർ ‘അയ്യൊ ചതിച്ചുവല്ലൊ ബാലകൃഷ്ണ!’ എന്ന് പുത്രവാത്സല്യത്താൽ വാവിട്ട് നിലവിളിക്കുകയാണ്. അമ്മാവൻ ഭരിക്കുന്ന മരുമക്കത്തായ തറവാടുകളിൽ നിന്നും അച്ഛൻ ഭരിക്കുന്ന വീടകങ്ങളിലേക്കുള്ള ആധുനിക കേരളീയസമൂഹത്തിന്റെ ചേക്കേറൽ അടയാളപ്പെടുത്തുന്നു. മരുമക്കത്തായ ദായക്രമം കാലാനുസൃതമായി മാറേണ്ടതാണെന്ന ബോധ്യം അദ്ദേഹത്തിനുണ്ട്. പിതൃകർത്തവ്യബോധ്യത്തിൽ നിന്നുകൊണ്ടാണ് മകൾ ദേവകിക്കുട്ടിയുടെ വിവാഹത്തിന് അദ്ദേഹം തയ്യാറാകുന്നത്. മരുമക്കത്തായത്തിന്റെ അന്ത്യവും മക്കത്തായത്തിലേക്കുള്ള വഴിമാറ്റവും ഇൻസ്പെക്ടർ കുണ്ടുണ്ണിനായരുടെ വാക്കുകളിലും പ്രവൃത്തികളിലും പ്രകടമാകുന്നുണ്ട്.

മലയാളഭാഷയുടെ ആശയപ്രകാശനശേഷിയും സൌന്ദര്യതന്ത്രങ്ങളും നോവൽ ആവിഷ്കരിക്കുന്നുണ്ട്. ആധുനികതയുടെ കടന്നുവരവിൽ ഭാഷയിലേക്ക് പകർന്നുതന്ന ശാസ്ത്രപദങ്ങളെ ഭാഷ എങ്ങനെ ഉൾക്കൊണ്ടു എന്നതിന്റെ ആവിഷ്കരണമാകുന്നു ‘ഭാസ്കരമേനോൻ’. ഭാഷയുടെ ഗതിമാറലും കുതിച്ചുചാട്ടവും നോവലിൽ കടന്നുവരുന്നു. ‘പ്രൂസിക് ആസിഡ്’ എന്ന വിഷവസ്തുവാണ് കിട്ടുണ്ണിമേനോന്റെ കുടിക്കാനുള്ള വെള്ളത്തിൽ ചേർത്ത വിഷവസ്തു. പ്രൂസിക് ആസിഡ് എന്ന പരാമർശം മലയാളഭാഷയ്ക്ക് കരുത്തുപകരുന്ന പദപ്രയോഗമാണ്. ഇംഗ്ലീഷ് നാമത്തിലുള്ള പദങ്ങളെ അത് അങ്ങനെതന്നെ ഭാഷയിലേക്ക് സ്വീകരിക്കാമെന്നും ഭാഷയുടെ വളർച്ചയ്ക്ക് അനുകൂലഘടകമാണെന്നുമുള്ള നൂതനഭാഷാവിചാരങ്ങൾ ഉൾക്കൊണ്ട് അപ്പൻ തമ്പുരാൻ നോവലിൽ പരീക്ഷിക്കുമ്പോൾ ഭാഷ ശാസ്ത്രജ്ഞാനത്തിന്റെ കൂടി വാഹകമായി മാറുന്നു. തംബ്ലർ, അംഗുലക്കുഴലുകൾ (Test tube) എന്നി പദങ്ങളും ശ്രദ്ധേയമാണ്.

മലയാളിയുടെ ലോകബോധത്തെ ശാസ്ത്രവീക്ഷണത്താൽ സമ്പന്നമാക്കുകയാണ്. മലയാളഭാഷയെ വൈജ്ഞാനികയുഗത്തിന്റെ സംവേദനമാധ്യമമാക്കിത്തീർക്കുന്നതിനുള്ള ശ്രമം നോവൽ തുറന്നുവെയ്ക്കുന്നു.

കേരളീയസമൂഹത്തെ ആധുനികതയിലേക്ക് നയിച്ചതിൽ ഗദ്യരൂപങ്ങൾക്ക് സവിശേഷമായ പങ്കുണ്ട്. ശാസ്ത്രാവബോധവും യുക്തിബോധവുമുള്ള പൌരസമൂഹത്തെ, പൊതുജനത്തെ ഭാവുകത്വപരമായി രൂപ്പെടുത്തുന്നതിന്റ പൊതുമണ്ഡലം ഭാസ്കരമേനോനിൽ കാണാം. വിശ്വാസങ്ങളുടെയും അനുമാനങ്ങളുടെയും അനിശ്ചിതത്വത്തിൽ നിന്ന് പുറത്തുകടന്ന് ആധികാരികമായ തെളിവുകളേയും യുക്തിയേയും ആധാരമാക്കിക്കൊണ്ടുള്ളതായ അറിവുമാതൃകയെ മുൻനിർത്തിയാണ് ഭാസ്കരമേനോന്റെ നിർമ്മിതി. ആധുനികമായ സ്ഥാപനങ്ങളിലും ഭരണക്രമങ്ങളിലും ജനങ്ങൾക്കുള്ള വിശ്വാസ്യത നോവൽ നിലനിർത്തുന്നു. സവിശേഷമായ പദകോശങ്ങളെ ഉൾക്കൊള്ളുമ്പോൾ ഭാഷ ധൈഷണികവും നൂതനവുമായിത്തീരുന്നുണ്ട്. കേരളീയാധുനികതയുടെ ഭാവുകത്വപരിണാമത്തെ മുന്നോട്ടുവെയ്ക്കുന്നതിൽ അപരമേഖലയിലല്ല അപസർപ്പകസാഹിത്യങ്ങൾ നിലകൊള്ളുന്നതെന്ന് നോവൽ വ്യക്തമാക്കുന്നു.

## ഗ്രന്ഥസൂചി

1. അപ്പൻ തമ്പുരാൻ, ഭാസ്കരമേനോൻ, 1954, ബി.വി. പ്രിന്റിങ്ങ് വർക്ക്സ്, തിരുവനന്തപുരം.
2. ഗണേഷ്, എൻ., ഭാസ്കരമേനോൻ, 2010, ഭാസ്കരമേനോൻ ആധുനികത, ആഖ്യാനം, ജൈവബോധം, സാഹിത്യലോകം, ജൂലായ്- ഒക്ടോബർ.
3. ജോസഫ് മുണ്ടശ്ശേരി, മുണ്ടശ്ശേരിയുടെ കൃതികൾ, 2004, മുണ്ടശ്ശരിയുടെ കൃതികൾ,കറൻറ് ബുക്സ്, തൃശ്ശൂർ.
4. രാജശേഖരൻ പി.കെ., 1999, അന്ധനായ ദൈവം: മലയാള നോവലിന്റെ നൂറുവർഷങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.
5. രാമവർമ്മ, കെ.ടി. (സമ്പാദനവും സംശോധനവും), 1989, അപ്പൻ തമ്പുരാന്റെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
6. വസന്തൻ, എസ്.കെ., നൂറുകൊല്ലം പിന്നിട്ട കൊലപാതകം, 2010, സാഹിത്യലോകം, ജനുവരി-ഫെബ്രുവരി പുസ്തകം 37, ലക്കം1.
7. Swingewood, Alan, 1998, Cultural Theory and the Problem of Modernity, Bloomsbury Publishing, London.

*shimipaul2@gmail.com*

2

# അപസർപ്പകസാഹിത്യം: ജനുസ്സും ആഖ്യാനവും

# അപസർപ്പകാഖ്യാനങ്ങളും ഗോഥിക് പാരമ്പര്യവും:

## തെരഞ്ഞെടുത്ത മലയാള നോവലുകളെ അടിസ്ഥാനമാക്കിയുള്ള പഠനം

ഡോ. രാജശ്രീ ആർ.
അസി. പ്രൊഫസർ, ബ്രണ്ണൻ കോളേജ്, തലശ്ശേരി

### പ്രബന്ധസംഗ്രഹം

കുറ്റാന്വേഷണങ്ങളുടെ കേന്ദ്രബിന്ദു കൊലപാതകമോ കൊലപാതക പരമ്പരകളോ ആയിരിക്കുന്നത് സ്വാഭാവികമാണ്. ഈ സാഹിത്യ ഗണത്തിൽ രൂപപരമായും പ്രമേയപരമായും നടക്കാവുന്ന പരീക്ഷണങ്ങളെ ദുർബലമാക്കുന്ന ഒരു പരിമിതിയായി അത് മാറാറുണ്ട്.കുറ്റകൃത്യവും അതിനെ കേന്ദ്രീകരിച്ച് നടക്കുന്ന അന്വേഷണവും എന്ന സാമാന്യ നിർവചനത്തിൽ ഉൾക്കൊള്ളിക്കേണ്ടി വരുന്നുവെന്നത് അതിനൊരു കാരണമാണ്. വാസ്തവത്തിൽ അപസർപ്പക സാഹിത്യം അതിന്റെ ഗോഥിക് പാരമ്പര്യത്തോട് സവിശേഷ ബന്ധം പുലർത്തുന്നുണ്ട്. ഗോഥിക് സാഹിത്യത്തിന്റെ സവിശേഷതകളെ പോസ്റ്റ് മോഡേൺ അടയാളങ്ങളായി വായിച്ചെടുക്കാവുന്നതാണ്. അവയെ എപ്രകാരമാണ് മലയാളത്തിലെ കുറ്റാന്വേഷണാഖ്യാനങ്ങൾ സ്വാംശീകരിക്കുന്നതെന്ന അന്വേഷണമാണ് ഈ പ്രബന്ധം.

**കീലപദങ്ങൾ:** ഹൊറർ (ഭയം) , ടെറർ (ഭീതി), പോസ്റ്റ്മോഡേൺ, അൺകാനി

### ആമുഖം

സാമാന്യജനങ്ങളുടെ മനസ്സിനെ നിഷ്ക്രിയമാക്കി നിയന്ത്രണത്തിൽ നിലനിർത്താൻ ഉപരിവർഗത്തെ സഹായിക്കുന്നതും വിലകുറഞ്ഞതുമായ ഒന്നായി ജനപ്രിയസംസ്കാരത്തെയും സാഹിത്യത്തെയും കണ്ട വിമർശകരുണ്ട്. അതേസമയം തന്നെ അധീശവർഗ്ഗത്തിന്റെ സംസ്കാരത്തോടുള്ള ചെറുത്തുനില്പായും അതിനെ വായിച്ചെടുത്തിട്ടുണ്ട്. മുഖ്യധാരാ സാഹിത്യവ്യവഹാരങ്ങൾക്ക്

നേരിടേണ്ടി വന്നിട്ടില്ലാത്ത ഈ സന്ദിഗ്ദ്ധതയിലാണ് അപസർപ്പകാഖ്യാനങ്ങൾ സ്ഥാപിക്കപ്പെടുന്നത്. ഒരു സാഹിത്യഗണം എന്ന നിലയ്ക്ക് അതിന് ചില പെരുമാറ്റച്ചട്ടങ്ങളുടെ ബാധ്യതകൾ വഹിക്കേണ്ടിവരുന്നുണ്ട്. അതേസമയം തന്നെ സാഹിത്യവ്യവഹാരം എന്ന നിലയ്ക്ക് ആ പരിമിതികളെ മറികടക്കാനുള്ള ശ്രമങ്ങളും ഉണ്ടാകുന്നുണ്ട്. എഴുത്തിലും വായനയിലുമുണ്ടായിക്കൊണ്ടിരിക്കുന്ന നവീന പ്രവണതകളുടെ വെളിച്ചത്തിലുള്ള വിലയിരുത്തൽ അപസർപ്പകാഖ്യാനങ്ങളും അർഹിക്കുന്നു. ഗോഥിക് സാഹിത്യത്തിന്റെ സവിശേഷതകൾ പലതും പോസ്റ്റ് മോഡേൺ സാഹിത്യകൃതികളിൽ കണ്ടെത്താവുന്നതാണ്. മലയാളത്തിലെ അപസർപ്പകാഖ്യാനങ്ങളിൽ അത് എപ്രകാരം ദൃശ്യമാകുന്നുവെന്നതിനെപ്പറ്റിയുള്ള അന്വേഷണം പ്രസക്തമാകുന്നത് അങ്ങനെയാണ്. മലയാളത്തിൽ 2018 മുതൽ 2020 വരെ പ്രസിദ്ധീകരിക്കപ്പെടുകയും ജനപ്രീതി നേടുകയും ചെയ്ത കോഫി ഹൗസ് ഹൈഡ്രേഞ്ചിയ, റൂത്തിന്റെ ലോകം എന്നീ നോവലുകളെ ഉദാഹരണമായെടുത്തു കൊണ്ടാണ് ഈ പഠനം നിർവഹിക്കുന്നത്. നോവലുകളുടെ സവിശേഷപഠനം പ്രബന്ധത്തിന്റെ ലക്ഷ്യമല്ല. ചില നിരീക്ഷണങ്ങളെ സമർത്ഥിക്കാൻ അവയിലെ ചില സന്ദർഭങ്ങൾ ഉപയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്.

കുറ്റകൃത്യം, സംശയത്തിന്റെ നിഴലിൽ നില്ക്കുന്ന വ്യക്തികളും സാഹചര്യങ്ങളും, യഥാർത്ഥ സംഭവത്തിന്റെയും അതിനു പിന്നിലെ വ്യക്തികളുടെയും അനാവരണം എന്ന സാമാന്യഘടനയാണ് അപസർപ്പകാഖ്യാനങ്ങൾക്ക് ഉള്ളത്. ഒരർത്ഥത്തിൽ ഇത് ഒരു ചുരുക്കലാണ്. ആഖ്യാനത്തെ സംബന്ധിച്ചിടത്തോളം പൂർവനിർണീതമായ ഈ ഘടന ഒരു വെല്ലുവിളിയാണ്. ഉദാത്ത സാഹിത്യ കൃതികളുടെ വിഭാഗത്തിൽ അവ പരിഗണിക്കപ്പെടാതിരുന്നതിന്റെ സാംസ്കാരികസാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ സാഹിത്യഗണമെന്ന നിലയിൽ അഭിമുഖീകരിക്കേണ്ടി വരുന്ന പരിമിതികളോടൊപ്പം തന്നെ പ്രസക്തമായ മറ്റൊരു വസ്തുതയുണ്ട്. ഉദാത്തമെന്നു വ്യവഹരിക്കപ്പെടുന്ന ഒരു സാഹിത്യ കൃതി വായനക്കാരിൽ ഉണ്ടാക്കിയെടുക്കേണ്ട അവബോധത്തെക്കുറിച്ചുള്ള പരമ്പരാഗത ധാരണകളോട് അപസർപ്പകാഖ്യാനങ്ങൾക്ക് മത്സരിക്കേണ്ടി വന്നുവെന്നതാണത്. ഉദാത്തകൃതികൾ സൃഷ്ടിക്കുന്നതെന്ന് കരുതപ്പെടുന്ന സൗന്ദര്യാത്മകതാവബോധവും (Aesthetic sense) അതിലൂടെ വായനക്കാർ എത്തിച്ചേരേണ്ട സൗന്ദര്യാത്മക വിധിനിർണ്ണയവും (Aesthetic judgements) അപസർപ്പകാഖ്യാനങ്ങളുടെ വായനയിൽ സംഭവിക്കുന്നില്ലെന്ന ധാരണയാണ് അവയുടെ താഴ്ന്ന നിലയ്ക്ക് കാരണമായത്. വികാരങ്ങളുടെ

സംസ്കരണത്തിനു പകരം താഴ്ന്ന വികാരങ്ങളുടെ വേലിയേറ്റമാണ് അത്തരം കൃതികളുടെ വായനക്കാരിൽ സംഭവിക്കുന്നതെന്ന പണ്ഡിത വിശ്വാസങ്ങളാണ് ഇവയുടെ ,സാഹിത്യത്തിലെ സ്ഥാനീകരണത്തെ പ്രതികൂലമായി ബാധിച്ചത്. സാഹിത്യമൂല്യത്തിലുപരി ചികിത്സാമൂല്യമാണ് ഇവയ്ക്കുള്ളതെന്ന നിരീക്ഷണം ശ്രദ്ധേയമാണ് (Brewster, 2017: 62-67) ക്രൈം നോവലുകളുടെ, അവയിൽ ത്തന്നെ ഫോറൻസിക് ക്രൈം നോവലുകളുടെ ആഖ്യാനത്തിലെ ഇഴയടുപ്പവും കരുത്തും വിഷാദത്തെ ചെറുക്കാൻ ശക്തിയുള്ളതാണെന്ന് ബ്രൂസ്റ്റർ പറയുന്നു. വൈകാരികചികിത്സയെന്നാണ് ഇത്തരം നോവലുകളുടെ വായനയെ അദ്ദേഹം വിശേഷിപ്പിക്കുന്നത്. വികാരങ്ങളുടെ ഈ ശക്തിയെക്കുറിച്ച് ഗോഥിക് എഴുത്തുകാർക്ക് കൃത്യമായ ധാരണയുണ്ടായിരുന്നു. ഭയത്തെയും ഭീതിയെയും അവർ സമർത്ഥമായി ഉപയോഗിക്കുന്നുണ്ട്. Horror, Terror എന്നിവ പ്രാഥമികമായി ഭയത്തെ പ്രതിനിധീകരിക്കുന്നുണ്ടെങ്കിലും അവ തമ്മിലുള്ള വ്യത്യാസം സൂക്ഷ്മമായി ആവിഷ്കരിക്കപ്പെടുന്നുണ്ട്. ഭയപ്പെടുത്തുന്ന അനുഭവമോ യാഥാർത്ഥ്യമോ ആണ് ഹൊറർ, അതിലേക്ക് നയിക്കുന്ന ഭീതിയും ആകാംക്ഷയും നിറഞ്ഞ വികാരമാണ് ടെറർ (റാഡ് ക്ലിഫ്, 1826: 145 -152). ഭയാനകമായ സംഭവങ്ങൾക്കു മുമ്പുണ്ടാകുന്ന അവ്യക്തതയും അനിശ്ചിതത്വവുമാണ് ഭീതി. ഇത് മനസ്സിനെ സംസ്കരിക്കുകയും ഉദാത്തതയിലേക്കുയർത്തുകയും മാനസികമായ കഴിവുകളെ ഉണർത്തുകയും ചെയ്യുന്നു. ഭയം ഇവയെയെല്ലാം ഉന്മൂലനം ചെയ്യുകയാണ് ചെയ്യുന്നത് (രാജശ്രീ, 2018: 14-15).

റാഡ് ക്ലിഫ് അവതരിപ്പിച്ച ഭീതിയുടെ നിർവചനം സാഹിത്യത്തിന്റെ ഉദാത്തതാ സങ്കല്പത്തെയും അരിസ്റ്റോട്ടിലിയൻ വികാരവിമലീകരണത്തിലും സ്പർശിക്കുന്നുണ്ടെന്നു കാണാം. അതായത് ഭീതിയിൽ നിന്ന് ഭയത്തിലേക്കുള്ള സ്ഥാനാന്തരത്തിലെവിടെയോ ആണ് അപസർപ്പകാഖ്യാനങ്ങളുടെ സാഹിത്യ മൂല്യം നഷ്ടമാകുന്നതെന്നു കാണാം. അമേരിക്കൻ കുറ്റാന്വേഷണ സാഹിത്യകാരനായ സ്റ്റീഫൻ എഡ്വിൻ കിംഗിന്റെ അഭിപ്രായം അതിനെ സാധൂകരിക്കുന്നതാണ്. "ഭീതി (Terror ) എന്നതാണ് ഉദാത്തമായ വികാരം എന്നതിനാൽ ഞാൻ വായനക്കാരിൽ ഭീതിയുണർത്താൻ ശ്രമിക്കുന്നു .അത് അസാദ്ധ്യമെന്നു കാണുമ്പോൾ അവരെ ഭയപ്പെടുത്താൻ ശ്രമിക്കുന്നു. അതും ഫലിക്കുന്നില്ലെന്നു കാണുമ്പോൾ അവരിൽ അറപ്പുളവാക്കി വിരക്തരാക്കാൻ നോക്കുന്നു—ഞാനൊട്ടും അഭിമാനിക്കുന്നില്ല" (ibid).

ഭീതി ,ഭയം എന്നിവയ്ക്കൊപ്പം അദ്ദേഹം വിരക്തിയെ സങ്കല്പിക്കുന്നുണ്ട് (Revulsion). ഇതുപക്ഷേ വികാരങ്ങളുടെ ഉച്ചാവസ്ഥയ്ക്കു ശേഷമുള്ള ശമനമെന്ന

അർത്ഥത്തിലല്ല അദ്ദേഹം പ്രയോഗിച്ചത്. അറപ്പ് എന്ന സാമാന്യമായ അർത്ഥമാണ് ഉദ്ദേശിച്ചത്. സമീപകാലത്തെ അപസർപ്പകാഖ്യാനങ്ങളിലടക്കം കൊലപാതകരംഗങ്ങളുടെയും വയലൻസിന്റെയും ആവിഷ്കാരങ്ങളിൽ ഭയവും ഭീതിയുമൊഴിച്ചാൽ പിന്നീട് പ്രത്യക്ഷമാകുന്നത് വിരക്തിയാണ്. ഹൈഡ്രേഞ്ചിയയിലെയും റൂത്തിന്റെ ലോകത്തിലെയും വയലൻസ് രംഗങ്ങളിൽ അത് വ്യക്തമാണ്. പോസ്റ്റ്മോർട്ടത്തിന്റെയും ശവശരീരപരിശോധനയുടെയും വിശദവിവരങ്ങൾ ഭയത്തിനും ഭീതിക്കുമപ്പുറത്ത് എഡ്വിൻ കിംഗ് നിരീക്ഷിക്കുന്ന തരത്തിലുള്ള വിരക്തിക്ക് ഉദാഹരണമാണ്. ഗോഥിക് സാഹിത്യത്തിന്റെ ഈ സവിശേഷ പാരമ്പര്യം സമീപകാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട നോവലുകൾ പിന്തുടരുന്നതിന്റെ തെളിവാണത്. മുഖ്യധാരാ സാഹിത്യത്തിലാകട്ടെ, അകാരണങ്ങളും അവ്യാഖ്യേയങ്ങളുമായ ഭീതിയുടെ വിവരണങ്ങൾ മനുഷ്യാസ്തിത്വത്തെക്കുറിച്ചുള്ള ദാർശനിക വിചാരങ്ങളുമായി ബന്ധപ്പെടുത്തിയാണ് വിശകലനം ചെയ്യാറുള്ളത്. അവിടെ അത്തരം ചിതറിച്ചകൾ പോസ്റ്റ് മോഡേൺ സാഹിത്യത്തിന്റെ സവിശേഷതകളായി പരിഗണിക്കപ്പെടുകയും ചെയ്യുന്നു.

ചുരുക്കത്തിൽ ഭയം, ഭീതി, വിരക്തി എന്നീ ബിന്ദുക്കളിലാണ് അപസർപ്പകാഖ്യാനങ്ങൾ ബന്ധിക്കപ്പെട്ടിരിക്കുന്നത് എന്നു കാണാം. മരണമാണ് മനുഷ്യരുടെ ഏറ്റവും വലിയ ഭയം. അതിലേക്കു നയിക്കുന്ന എല്ലാ സാഹചര്യങ്ങളും അവരിൽ ഭീതിയുണർത്തും. മരണവും മരണാനന്തര ജീവിത സങ്കല്പങ്ങളും സംഭവങ്ങളും അപസർപ്പകാഖ്യാനങ്ങളുടെ പ്രധാന ഭൂമികയായി മാറുന്നതിന്റെ പശ്ചാത്തലം ഇതാണ്. മരണത്തിന്റെ ദാർശനികതയല്ല ഭൗതികമായ പ്രത്യക്ഷമാണ് (appearance) അപസർപ്പകാഖ്യാനങ്ങൾ കൈകാര്യം ചെയ്യുന്നത്. ഭയഭീതികളെക്കുറിച്ച് ഗോഥിക് സാഹിത്യം മുന്നോട്ടുവച്ച സങ്കല്പങ്ങളാണ് ഇന്നും അവയെ നിയന്ത്രിക്കുന്നത്. ആഖ്യാനത്തിൽ നവീനമാർഗ്ഗങ്ങൾ പരീക്ഷിക്കപ്പെടുന്നുവെന്നു മാത്രം.

കൊലപാതകങ്ങൾ ഭീതിജനകമായ കുറ്റകൃത്യങ്ങളാണ്. പരമ്പരക്കൊലപാതകങ്ങൾ കുറ്റകൃത്യത്തിന്റെ ഗ്രാവിറ്റി വർദ്ധിപ്പിക്കുകയും ഉടനീളം ഭീതി നിലനിർത്തുകയും ചെയ്യുന്നുണ്ട്. അനിശ്ചിതത്വം ഭീതിയുടെ ഉൽപ്രേരകമായാണ് പ്രവർത്തിക്കുക. വേണ്ടത്ര തെളിവുകൾ ലഭിക്കാതിരിക്കുക, കിട്ടിയവ പര്യാപ്തമല്ലാതിരിക്കുക, അവ തന്നെ കുറ്റകൃത്യത്തിന്റെ ഭാഗമായി അവശേഷിപ്പിച്ചതാവുക, കുറഞ്ഞ സമയപരിധിക്കുള്ളിൽ കുറ്റവാളിയെ പിടിക്കാനോ അടുത്ത കുറ്റകൃത്യം തടയാനോ സാധിക്കാതിരിക്കുക,

അന്വേഷണത്തിനകത്തും പുറത്തും നില്ക്കുന്നവർ അപകടത്തിലാവുക എന്നിങ്ങനെ ഭീതിയുടെ ആവിഷ്കരണോപാധികൾ കഥാ ശരീരത്തിന്റെ ഭാഗമായി പ്രവർത്തിക്കും.പ്രതിരോധങ്ങളെ മറികടന്നുകൊണ്ട് നടന്നു കഴിഞ്ഞതോ നടക്കാവുന്നതോ ആയ കൊലപാതകങ്ങളുടെ പരമ്പരകളാണ്

കോഫി ഹൗസ്, ഹൈഡ്രേഞ്ചിയ, റൂത്തിന്റെ ലോകം (ലാജോ ജോസ്, 2018-2019) എന്നീ മൂന്ന് നോവലുകളിൽ ഭയം ജനിപ്പിക്കുന്നത് കാണാം. മുപ്പതിൽപരം കൊലപാതകങ്ങളുടെയും അതിലക്കെത്തിയ രീതികളുടെയും വിശദാംശങ്ങളുണ്ട്. എന്നാൽ അത് പൂർണ്ണമായും പാരമ്പര്യാനുസാരിയല്ല എന്നു മാത്രം. ആധുനികതയുടെ സവിശേഷമുദ്രകളായ നാഗരികതയും യുക്തിഭദ്രതയും സാർവലൗകികതയും നിയമസാധുതയും ചോദ്യം ചെയ്യപ്പെടുകയോ പുന:സംഘടിപ്പിക്കപ്പെടുകയോ ചെയ്യുന്ന ചരിത്രപശ്ചാത്തലം അപസർപ്പകാഖ്യാനങ്ങളെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രാധാന്യമർഹിക്കുന്നുണ്ട്. ചിഹ്നങ്ങൾക്കും സൂചനകൾക്കും അവ വഹിക്കുന്ന പ്രാഥമികാർത്ഥം മാത്രമല്ല അത്തരം ആഖ്യാനങ്ങളിലുണ്ടായിരിക്കുക. അന്തരീക്ഷസൃഷ്ടിക്കോ പാത്രചിത്രീകരണത്തിനോ മിഴിവേറ്റുകയെന്ന ധർമ്മത്തിനപ്പുറം അപസർപ്പകാഖ്യാനങ്ങളിൽ കോഡുകളും ദൃശ്യങ്ങളും സംഭവങ്ങളുടെ ആവർത്തനങ്ങളും കഥയെ രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന തരത്തിൽ പരിണമിച്ചേക്കാം. ഉദാഹരണത്തിന്, ശക്തമായ കാറ്റിൽ മാത്രം വളഞ്ഞു നില്ക്കുന്ന മുളകളുടെ ദൃശ്യം, അതിലൂടെ കാണുന്ന അടുക്കള ജനലിലെ വെളിച്ചം എന്നീ സൂചനകൾ വളരെ യാദൃച്ഛികമായാണ് കോഫി ഹൗസ് കൊലപാതകപരമ്പരയിലെ യഥാർത്ഥ പ്രതിയിലേക്ക് അന്വേഷകയെ എത്തിക്കുന്നത്. ഏതെങ്കിലും വിധത്തിലുള്ള യാദൃച്ഛികസംഭവം കുറ്റാന്വേഷണത്തിന്റെ ഗതിയെ നിയന്ത്രിക്കരുതെന്ന് റൊണാൾഡ് അബ്ബ നോട്ട് നോക്സ് നിർദ്ദേശിക്കുന്നുണ്ട് (ജോൺ സാഗ്സ്, 2005: 15). കുറ്റാന്വേഷകരുടെ താരപരിവേഷം നഷ്ടപ്പെട്ടുമെന്നതാണ് ഇതിനു കാരണം. പുതിയ അപസർപ്പകാഖ്യാനങ്ങൾ താരപരിവേഷ നഷ്ടത്തെക്കുറിച്ചുള്ള ഭയം പുലർത്താതെ യാദൃച്ഛികത യഥേഷ്ടം ഉപയോഗിക്കുന്നുണ്ട്. 2021 ൽ പുറത്തിറങ്ങിയ 'ഒന്നാം ഫോറൻസിക് അദ്ധ്യായം' (ഡോ. രജത് ആർ.) എന്ന നോവലിലെ അന്വേഷകൻ ഒരു മെഡിക്കൽ എക്സിബിഷനിൽ ഫോർ മലിനിട്ടുവച്ച ശരീരഭാഗം യാദൃച്ഛികമായി കാണുന്നതുകൊണ്ടു മാത്രമാണ് കുറ്റവാളി പിടിയിലാവുന്നത്. കുറ്റാന്വേഷകൻ എന്ന നായകസങ്കല്പത്തിൽ സംഭവിക്കുന്ന ശക്തമായ വിച്ഛേദമായിത്തന്നെ ഇതിനെ കണക്കാക്കേണ്ടതാണ്.

ഇതോടൊപ്പം പരിഗണിക്കേണ്ടതാണ് സ്ത്രീകളും വ്യതിരിക്ത ലിംഗസ്വഭാവം പുലർത്തുന്നവരും മാനസികമായി ശൈഥില്യം അനുഭവിക്കുന്നവരും മറ്റു തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരുമായ കുറ്റാന്വേഷകരുടെ രംഗപ്രവേശം. സ്ത്രീകളായ കുറ്റാന്വേഷകർ ഉണ്ടാകുന്നുവെന്നതിൽ പറയത്തക്ക പുതുമയില്ലെങ്കിലും നായക പദവിക്കേറ്റ ഇടിവ് അത് സൂചിപ്പിക്കുന്നുണ്ട്. കൊലപാതകം നടന്ന സ്ഥലത്ത് ഇരുട്ടത്തും മഴയത്തും ഭയന്നു വിറച്ച് നിന്ന് ഏറ്റവും പ്രധാനപ്പെട്ട ഒരു തെളിവിലേക്ക് ആകസ്മികകമായി എത്തുകയാണ് എസ്തർ. അവൾ തൊഴിൽ കൊണ്ട് പത്രപ്രവർത്തകയാണ്, താൻ കണ്ടെത്തിയ തെളിവുകൊണ്ട് അവൾക്ക് നിരപരാധിയായ ബഞ്ചമിനെ കൊലക്കയറിൽ നിന്നു രക്ഷിക്കാൻ സാധിക്കുന്നില്ല. വധശ്രമങ്ങളിൽനിന്ന് ഭാഗ്യം കൊണ്ടാണ് രക്ഷപ്പെടുന്നത്. പരാജിതയായ അവൾ തന്റെ കണ്ടെത്തലുകൾ ചേർത്ത് പുസ്തകം എഴുതുകയാണ് ചെയ്യുന്നതെന്നത് ശ്രദ്ധേയമാണ്. 'ഇതു കൊണ്ട് (പുസ്തകം കൊണ്ട് ) എന്താണു പ്രയോജനം' എന്ന ചോദ്യം അതിന്റെ എല്ലാ ദാർശനികഭാരത്തോടെയും നോവലിന്റെ അന്ത്യത്തിൽ ഉന്നയിക്കപ്പെടുന്നുണ്ട്. അപസർപ്പകാഖ്യാനത്തിന്റെ പ്രകൃതത്തിലായതുകൊണ്ടു മാത്രം അതിന്റെ ആഴം കുറയുന്നില്ല. ആ ചോദ്യം മേൽ സൂചിപ്പിച്ച സാഹിതീയമായ മൂല്യങ്ങളുടെ പുന:സംഘാടനത്തിന്റെ ചരിത്രപശ്ചാത്തലത്തെ സൂചിപ്പിക്കുന്നുണ്ട്.

കോഫി ഹൗസിൽ നിന്ന് ഹൈഡ്രേഞ്ചിയയിലെത്തുമ്പോൾ എസ്തർ ഇമ്മാനുവൽ എന്ന കുറ്റാന്വേഷക ശാരീരികമായും മാനസികമായും കൂടുതൽ തകർന്നു പോകുന്ന വിധത്തിലാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്." ഇങ്ങനെയൊരാൾ ഈ ഭൂമിയിലുണ്ടോ? എടുത്ത തീരുമാനങ്ങൾ മുഴുവൻ പിഴച്ചു പോയ പമ്പരവിഡ്ഢി. എന്തിനിങ്ങനെയൊരു ജീവിതം? അവൾ സീലിംഗ് ഫാനിന്റെ കൊളുത്തിലേക്ക് നോക്കി (ലാജോ ജോസ്, 2018: 235). നോവലിന്റെ അന്ത്യത്തിൽ എസ്തർ അടക്കമുള്ള കുറ്റാന്വേഷകരായ സ്ത്രീകൾ കൊല്ലപ്പെടുന്നുണ്ട്. അപസർപ്പകാഖ്യാനങ്ങളുടെ പാരമ്പര്യവഴിയിൽ നിന്നുള്ള വേറിടലായിത്തന്നെയാണ് ഈ പരാജയങ്ങളും മരണങ്ങളും രേഖപ്പെടുക.

റൂത്തിന്റെ ലോകത്തിൽ റൂത്ത് റൊണാൾഡ് പ്രധാന കഥാപാത്രവും ആഖ്യാതാക്കളിൽ ഒരാളുമാണ്. ഓർമ്മ നഷ്ടത്തിന്റെ വിഹ്വലതകളിലാണ് റൂത്ത് ജീവിക്കുന്നത്. ഭൂതകാലം അവളുടെ ഓർമ്മയിലില്ല. വർത്തമാനകാലം രണ്ട് പാളികളായാണ് അവൾക്ക് അനുഭവപ്പെടുന്നത്. ഒന്ന് യഥാർത്ഥവും മറ്റേത് കല്പിതവുമാണ്. രണ്ട് പാളികളിലേക്കും നിരന്തരം സ്ഥാനാന്തരം സംഭവിക്കുന്ന മനസ്സാണ് അവളുടേത്. ടാബിലോ ഫോണിലോ ടൈപ്പ് ചെയ്ത

ദൈനംദിന ജീവിതവൃത്തികളുടെ വിവരണത്തിലൂടെയാണ് അവൾ യഥാർത്ഥ വർത്തമാനകാലത്തെ അറിയുന്നത്. ചില സവിശേഷ ചിഹ്നങ്ങളിലൂടെയും ദൃശ്യങ്ങളിലൂടെയും സംഭവങ്ങളിലൂടെയും മാത്രമേ അവൾക്ക് സ്വന്തം അസ്തിത്വം തിരിച്ചറിയാനാവുന്നുള്ളൂ. കല്പിത വർത്തമാനകാലത്തിൽ അവൾക്ക് രണ്ട് കുട്ടികളും അവർക്ക് പേരുകളും സ്വന്തം മുറികളുമുണ്ട്. അവൾ ചിത്രങ്ങൾ വരയ്ക്കാറുണ്ട്. പക്ഷേ ആ കല്പിത വർത്തമാനകാലം ഒരു കുറ്റകൃത്യത്തിന്റെ സമർത്ഥമായ മറയാണെന്നും റൂത്ത് ചൂണ്ടയിലെ ഇര മാത്രമാണെന്നും ഒരു സമാന്തര ആഖ്യാനം കൂടി നോവലിലുൾച്ചേർന്നിട്ടുണ്ട്. ഏക കേന്ദ്രിതമായ ആഖ്യാനത്തിനു പകരം പ്രത്യക്ഷമാകുന്ന ചിതറിയ ആഖ്യാനങ്ങൾ പോസ്റ്റ് മോഡേൺ സ്വഭാവമാണ് പ്രദർശിപ്പിക്കുന്നത്. അപസർപ്പകാ ഖ്യാനങ്ങൾ യുക്തിഭദ്രതയുടെയും ആധികാരികതയുടെയും ചട്ടങ്ങൾ മറികടക്കുന്നതിന്റെ ഉദാഹരണമാണ് ഇത്. റൂത്തിന്റെ സ്വപ്നങ്ങളിലെത്തുന്ന എസ്റ്റേറ്റും അവളുടെ മനോ ലോകസഞ്ചാരവും യാഥാർത്ഥ്യത്തെ ഭാവനയെന്നും തിരിച്ചും വശാകുന്ന സന്ദിഗ്ദ്ധതകളും അൺ കാനിയുടെ (Uncanny) സാദ്ധ്യതകൾ ഉപയോഗപ്പെടു ത്തുണ്ട്. യക്ഷിക്കഥകളും മിത്തുകളും സൃഷ്ടിക്കുന്ന ഭ്രമാത്മകതയും ഫാന്റസിയും ഗോഥിക് സാഹിത്യത്തിൽ റാഡ് ക്ലിഫ് നിർദ്ദേശിക്കുന്ന ഭീതി (Terror) സൃഷ്ടിക്കാൻ ഉപയോഗപ്പെടുന്നുണ്ട്. ചവിട്ടുമ്പോൾ ഇളകുന്ന മരപ്പലകകളുള്ള വിജനമായ എസ്റേറ്റ് ബംഗ്ലാവ് ഭൂതബാധിതമാണെന്ന സംസാരത്തെ പ്പറ്റി നോവലിൽ സൂചനയുണ്ട്. 'കോഫി ഹൗസി'ലെ കൂട്ടക്കൊലപാതകം നടന്ന കെട്ടിടം പ്രേതാവിഷ്ടമാണെന്ന് തോന്നത്തക്ക വിധത്തിലാണ് ആവിഷ്കാരം. അന്വേഷകയായ എസ്തർ തന്നെ അത് സൂചിപ്പിക്കുന്നുണ്ട്. ഇത്തരം ഇടങ്ങൾ ഗോഥിക് സാഹിത്യത്തിലെ പ്രധാന ഘടകമാണ്. ഇതൊക്കെയും യാഥാർത്ഥ്യത്തിന്റെ അപരപ്രത്യക്ഷങ്ങളോ കൃത്രിമമായി നിർമ്മിക്കപ്പെട്ടതോ ആയിരിക്കും. കാലദേശപരമായ ആ വിഹ്വലതയാണ് അൺകാനിയായി പ്രത്യക്ഷമാകുന്നത്. തന്റെ ചിത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്ന എസ്റ്റേറ്റ് ബംഗ്ലാവിലെ മരങ്ങൾ യഥാർത്ഥമാണെന്ന് റൂത്ത് ഒടുവിലാണ് തിരിച്ചറിയുന്നത്. താൻ ചിത്രങ്ങൾ വരയ്ക്കുമെന്ന യാഥാർത്ഥ്യം അവൾ മറന്നു പോയിരുന്നതാണ്. താൻ റൂത്ത് പോലുമല്ല എന്ന തിരിച്ചറിവിലേക്ക് അവൾ നോവലിന്റെ അന്ത്യത്തിൽ എത്തിച്ചേരുന്നുണ്ട്. വാസ്തവികതയും ഭ്രമാത്മ കതയും ചേർന്നു സൃഷ്ടിക്കുന്ന മനസ്സിന്റെ കലക്കങ്ങൾ അൺ കാനിയുടെ സങ്കേതങ്ങളുപയോഗിച്ചുള്ള വായനകൾക്ക് വഴങ്ങും.

ഏയ്ഞ്ചല കാർട്ടറിന്റെ ദ ഇന്റേണൽ ഡിസയർ മെഷീൻസ് ഓഫ്

ഡോ. ഹോഫ്മാൻ (1972) എന്ന നോവൽ വാസ്തവികതയെയും ഫാന്റസിയെയും ഇടകലർത്തി ഉപയോഗിക്കുന്നുണ്ട്. അൺ കാനിയുടെ ഫ്രോയ്ഡിയൻ വ്യാഖ്യാനമാണ് കാർട്ടർ സ്വീകരിക്കുന്നത്. ആഗ്രഹങ്ങളെ ലോകമെമ്പാടും വ്യാപിപ്പിച്ചുകൊണ്ട് നിലവിലുള്ള വ്യവസ്ഥകളെയും ഭൗതികമായ നിയമങ്ങളെയും നിഷ്ക്രിയമാക്കിത്തീർക്കുകയാണ് ഡോ. ഹോഫ്മാൻ. സമയത്തിന്റെ യും ഇടത്തിന്റെയും മാനങ്ങളെ അയാൾ വിശാലമാക്കുന്നുണ്ട്. ചിന്തയ്ക്ക് പകരമായി ആഗ്രഹങ്ങളെ സ്ഥാപിക്കുന്നു (I desire, therefore I exist). യുക്തിക്ക് അതീതമായ സംഭവങ്ങളുടെ ഭ്രമാത്മകാവിഷ്കാരമായ ഈ നോവൽ അൺകാനിയുടെ ആവിഷ്കാരത്തിന് മികച്ച ഉദാഹരണമാണ്.

വസ്തുക്കളുടെയും വസ്തുതകളുടെയും അസ്ഥിരത, സൂചകവും സൂചിതവുമായുള്ള ബന്ധമില്ലായ്മ, അതീന്ദ്രിയ ശക്തികളുടെ നിയന്ത്രണങ്ങൾ, വാസ്തവികതയുമായുള്ള അകലം, നിരവധി വ്യാഖ്യാന സാദ്ധ്യതകൾ ,സ്വത്വപ്രതിസന്ധി തുടങ്ങിയ അവസ്ഥാവിശേഷങ്ങൾ ഗോഥിക് സാഹിത്യത്തിൽ സ്വാഭാവികമാണ്. സൂക്ഷ്മവിശകലനത്തിൽ ഇതൊക്കെയും പോസ്റ്റ് മോഡേൺ രചനകളുടെയും സവിശേഷതകളാണെന്ന മനസ്സിലാക്കാവുന്നതാണ്. കഥാപാത്രങ്ങളുടെ സങ്കീർണ്ണമായ മാനസിക ലോകത്തിന്റെ ആവിഷ്കാരത്തിനു സമാന്തരമായി കാലദേശങ്ങൾ ഈ കൃതികൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. തെരഞ്ഞെടുത്ത മൂന്ന് നോവലുകളിലും പരാമർശിക്കപ്പെട്ട ഒന്നാം ഫോറൻസിക് അധ്യായം എന്ന നോവലിലും ചലച്ചിത്ര ഗാനങ്ങൾ , പുസ്തകങ്ങൾ, എഴുത്തുകാർ, സോഷ്യൽ മീഡിയ വ്യവഹാരങ്ങൾ, യഥാർത്ഥ വ്യക്തികളുടെ പേരുകൾ, സാഹിത്യോത്സവങ്ങൾ, ഭക്ഷണശാലകൾ, വിഭവങ്ങൾ, സ്ഥലനാമങ്ങൾ, വസ്ത്ര ബ്രാൻഡുകൾ, സമീപകാലത്തുണ്ടായ യഥാർത്ഥ സംഭവങ്ങളുടെ സൂചനകൾ എന്നിവ കാണാം. വിശ്വാസ്യത, യാഥാർത്ഥ്യബോധം എന്നിവ അപസർപ്പകാഖ്യാനങ്ങളുടെ ലക്ഷ്യങ്ങളായി സങ്കല്പിക്കുമ്പോൾ ഇവയുടെ വിശദീകരണം എളുപ്പമാണ്. അത് പരമ്പരാഗത വഴിയുമാണ്. ദൈനംദിന ജീവിത വ്യവഹാരങ്ങളുടെ ചിത്രീകരണമെന്ന നിലയിൽ വിശകലനം ചെയ്യുമ്പോൾ സാഹിത്യത്തെ സാംസ്കാരികവിമർശനത്തിലേക്ക് അടുപ്പിച്ചു നിർത്തുന്ന സവിശേഷതയായിക്കൂടി അതിനെ കാണേണ്ടതുണ്ട്. അപസർപ്പകാഖ്യാനങ്ങളുടെ ഗണപരമായ പദവീ വ്യത്യാസം അതിന് തടസ്സമാകേണ്ടതില്ല.

രഹസ്യ വഴികൾ നിറഞ്ഞ കോട്ടകൾ, മന്ത്രത്തകിടുകൾ, ശിലാ രേഖകൾ, പൗരാണികമായ കയ്യെഴുത്തുപ്രതികൾ, പുസ്തകങ്ങൾ, രഹസ്യകോഡുകൾ

എന്നിവ അപസർപ്പകാഖ്യാനങ്ങളിലെ ഗോഥിക് മുദ്രകളായി വിലയിരുത്താവുന്നതാണ്. അലൻ പാർക്കറിന്റെ ഏഞ്ചൽ ഹാർട്ട് എന്ന സിനിമയിൽ(1986) ഹാരി ഏഞ്ചൽ എന്ന കുറ്റാന്വേഷകനെ ഒരു കേസ് ഏല്പിക്കുന്നത് ലൂയിസ് സൈഫർ എന്ന ആളാണ്. സമാന്തരമായ ആഖ്യാനങ്ങളുടെ ലാബറിന്ത് ആണ് ഈ സിനിമ.കുറ്റാന്വേഷകൻ തന്നെത്തന്നെ കുറ്റവാളിയായി കണ്ടെത്തുന്നുമുണ്ട്. ലൂയിസ് സൈഫർ എന്ന പേരിൽ നിന്ന് ലൂസിഫർ എന്ന പേര് നിഷ്പാദിപ്പിക്കുന്ന പദലീലയ്ക്ക് ഈ സിനിമയിൽ പ്രധാന പങ്കുണ്ട്. അപസർപ്പക കഥകളിലും നോവലുകളിലും ത്രില്ലറുകളിലും കോഡിംഗ് -ഡീ കോഡിംഗ് സങ്കേതങ്ങൾ വ്യാപകമായി ഉപയോഗിക്കാറുണ്ട്. ഹൈഡ്രേഞ്ചിയയിൽ കുറ്റവാളിയിലേക്കെത്താനുപയോഗിക്കുന്ന കോഡ് CLOHIKR എന്നതാണ്. ഇരകളുടെ പേരിന്റെ ആദ്യാക്ഷരങ്ങൾ ചേർത്താണ് ഈ വാക്ക് ഉണ്ടാക്കിയിട്ടുള്ളത്. ഇത്തരം പദലീലകൾ മുഖ്യധാരാസാഹിത്യത്തിൽ പരിചരിക്കപ്പെടുന്നതുപോലെയല്ല അപസർപ്പകാഖ്യാനങ്ങളിൽ സംഭവിക്കുകയെന്നു മാത്രം. ഭാഷ തന്നെയും കോഡുകളുടെയും ഡീകോഡിങിന്റെയും വ്യവഹാരമായിരിക്കെ അവ പ്രത്യക്ഷപ്പെടുന്ന സാഹിത്യഗണത്തിന്റെ പദവി വായനയെ പരിമിതപ്പെടുത്തേണ്ടതില്ല.

അപസർപ്പകാഖ്യാനങ്ങൾ ജനപ്രിയസാഹിത്യത്തിന്റെ പരിധിയിലാണല്ലോ ഉൾപ്പെട്ടിട്ടുള്ളത്. ലോകമെമ്പാടും വിനോദവിപണിയെ നിയന്ത്രിക്കുന്നത് പൊതുബോധമാണ്. ദാരിദ്ര്യവും രോഗവും ജാതിയും ലിംഗഭേദവും ഇന്ത്യൻ വിനോദവിപണിയിൽ കൈകാര്യം ചെയ്യപ്പെടുന്നതെങ്ങനെയാണെന്ന് പരിശോധിക്കാവുന്നതാണ്. ഇവയൊക്കെയും മുജ്ജന്മ കർമ്മഫലമാണ് എന്നു വിശ്വസിക്കുന്ന മധ്യവർഗ്ഗത്തിന്റെ യുക്തികളാണ് ഇന്ത്യയിൽ ജനപ്രിയ സംസ്കാരത്തെയും സാഹിത്യത്തെയും കലയെയും നിയന്ത്രിക്കുന്നത് (പവൻ കെ. വർമ്മ, 1999: 173). അപസർപ്പകാഖ്യാനങ്ങളിൽ കുറ്റവാളി (കൾ) ഒഴിവാക്കാനാവാത്തതാണ്. രാഷ്ട്രീയ ശരികളെക്കുറിച്ചുള്ള സംവാദങ്ങളിൽ അതുണ്ടാക്കുന്ന ചില സന്ദിഗ്ധതകളെക്കുറിച്ചു കൂടി പരാമർശിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ കോമൺസെൻസ് ഒരു കുറ്റവാളിയെ പ്രതീക്ഷിക്കുന്ന ഇടങ്ങളുണ്ട്. ചേരികളിലും ശാരീരികവും മാനസികവുമായ ഭിന്നശേഷികളുള്ള വ്യക്തികൾക്കിടയിലും പൊതുബോധത്തിനു പുറത്തു നിർത്തപ്പെടുന്ന ജീവിതരീതികൾ പിന്തുടരുന്നവർക്കിടയിലും പ്രശ്നഭരിതമായ ലിംഗാവസ്ഥകളുള്ളവർക്കിടയിലും വ്യവസ്ഥാപിതമായ കുടുംബഘടനയ്ക്ക് പുറത്തു നില്ക്കുന്നവർക്കിടയിലുമാണ് കുറ്റവാളികൾക്കായുള്ള അന്വേഷണം ഏറ്റവും സ്വാഭാവികമായി നടക്കുക.

ഒരു കുറ്റവാളി രൂപംകൊള്ളുന്ന സാഹചര്യങ്ങളെക്കുറിച്ച് ഭരണകൂടത്തിനും നിയമവ്യവസ്ഥയ്ക്കുമടക്കം ചില മുൻധാരണകളുണ്ടായിരിക്കും. കുറ്റവാളി ഗോത്രങ്ങളെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ രൂപം കൊള്ളുന്നത് അങ്ങനെയാണ് (ഷെർമാൻ, 1989: 12).

കോഫി ഹൗസിലെ കൊലയാളി സാമ്പത്തികമായ അപകർഷത പുലർത്തിയിരുന്ന വ്യക്തിയാണ്. ഹൈഡ്രേഞ്ചിയയിൽ അത് ട്രാൻസ്ജെൻഡർ വ്യക്തിത്വമാണ്. റൂത്തിന്റെ ലോകത്തിൽ കൊലയാളി സൈക്കോ പാത്താണ്, വ്യവസ്ഥാപിതമായ കുടുംബത്തിനു പുറത്തു വളർന്ന ബാല്യമായിരുന്നു അയാളുടേത്. പരിഗണിച്ച മൂന്നു നോവലുകളിലും ഹിംസാത്മകമായ ലൈംഗികത പൊതുഘടകമാണ്. അപസർപ്പകാഖ്യാനങ്ങളുടെ സോഫ്റ്റ്പോൺ സ്വഭാവം ലോകമെമ്പാടും അവയുടെ ജനപ്രീതിയെ നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കുറ്റകൃത്യത്തിന്റെ ഭാഗമായും അല്ലാതെയും അവയിൽ ലൈംഗികത ആവിഷ്കരിക്കപ്പെടാറുണ്ട്.

## ഉപസംഹാരം

വിവിധചിന്താപദ്ധതികളിലൂടെ മുഖ്യധാരാ സാഹിത്യത്തിനൊപ്പം തന്നെ കടന്നു പോന്ന സാഹിത്യഗണമാണ് അപസർപ്പകാഖ്യാനങ്ങൾ. മുഖ്യധാരയ്ക്ക് സാധ്യമായ വിചാരമാതൃകകളിലെ പരിവർത്തനങ്ങളൊക്കെ അവയിലും സംഭവിക്കാവുന്നതാണ്. സൂക്ഷ്മമായ വായനകളിൽനിന്നും വിശകലനങ്ങളിൽ നിന്നും അപസർപ്പകാഖ്യാനങ്ങളെ അകറ്റി നിർത്താൻ പ്രധാനമായും മൂന്നുകാരണങ്ങളുണ്ട്. ഒന്ന്, ജനപ്രീതി എന്ന ഘടകത്തിന് അക്കാദമിക ലോകം കല്പിച്ച കിടവ്യത്യാസം. രണ്ട്, അപസർപ്പകാഖ്യാനങ്ങൾ ഗോഥിക് പാരമ്പര്യത്തോടു പുലർത്തുന്ന സവിശേഷ ബന്ധം. മൂന്ന്, അതു കാരണം അവ പാരമ്പര്യാനുസാരിയായതും പരീക്ഷണങ്ങൾ സാധ്യമല്ലാത്തതുമായ ഒരു സാഹിത്യഗണമാണെന്ന ധാരണ. പോസ്റ്റ് മോഡേൺ സാഹിത്യത്തെ വിശദീകരിക്കാനുതകുന്ന ചിന്താപദ്ധതികളിലേക്ക് അനായാസം കടന്നു നില്ക്കാൻ കെല്പുള്ളവയാണ് അപസർപ്പകാഖ്യാനങ്ങൾ . അവയ്ക്കുണ്ടെന്ന് നിരീക്ഷിക്കപ്പെടുന്ന ഘടനാപരവും ഗണപരവുമായ പരിമിതികളെ മറികടക്കാൻ അത്തരം സമീപനങ്ങൾക്ക് സാധിക്കും.

## ഗ്രന്ഥസൂചി

1. പവൻ കെ. വർമ്മ, 1999: ഇന്ത്യൻ മദ്ധ്യവർഗ്ഗത്തിന്റെ പ്രതാപം, ഡി.സി ബുക്സ് കോട്ടയം.
2. രവീന്ദ്രൻ പി.പി., 1999 : ആധുനികാനന്തരം, വിചാരം വായന, സാഹിത്യ പ്രവർത്തക

സഹകരണ സംഘം, കോട്ടയം.

3. രജത് ആർ., 2021: ഒന്നാം ഫോറൻസിക് അദ്ധ്യായം, ഗ്രീൻ ബുക്സ്, തൃശ്ശൂർ.

4. രാജശ്രീ ആർ., 2018: അപസർപ്പകാഖ്യാനങ്ങൾ: ഭാവനയും രാഷ്ട്രീയവും, ലോഗോസ് ബുക്സ്, പട്ടാമ്പി.

5. ലാജോ ജോസ്, 2018: കോഫിഹൗസ്, ഗ്രീൻ ബുക്സ്, തൃശ്ശൂർ.

6. ----- 2019: ഹൈഡ്രേഞ്ചിയ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

7. ------ 2019: റൂത്തിന്റെ ലോകം, ഡി.സി. ബുക്സ്, കോട്ടയം.

8. സുധാകരൻ സി.ബി., 2001: ഉത്തരാധുനികത മലയാള പാഠഭേദങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.

9. Cawelti, John, 1976: Adventure, Mystery and Romance | Formula stories as Art and popular culture, University of Chicago Press.

10. John Scags, 2005: Crime Fiction, Routledge, Londan.

11. Knox, Ronald A., 1992: Detective story Decalogine, In the art of the mystery story: A collection of Critical Essays, Ed. Howard Haycraft, Newyork, Carroll & Graff.

12. Maria Beville, 2009: Gothic-postmodernism: Voicing the Terrors of Postmodernity. Brill.

13. Priestman, Martin, 1990: Detective Fiction and Literature, The figure on the carpet, Basingstoke, Macmillan.

14. Sherman, Lawrence, 1989: Hot Spots of crime and criminal careers of place, Routledge.

15. Stephen Edwinking, 1981: Danse Macabre, Everest House.

16. Van Dine, 1928: Twenty Rules for writing Detective Novels, The American Magazine.

## Journals

Brewster, Liz (2017-03-01). "Murder by the book: using crime fiction as a bibliotherapeutic resource". Medical Humanities. 43 (1): 62–67. doi:10.1136/medhum-2016-011069. ISSN 1468-215X. PMID 27799411.

## Online source

Nazrulla Mambrol, 2018: Post- modern Gothic (https://literariness.org/2018/09/02/postmodern-gothic/)

*rraajashree@gmail.com*

# ആഖ്യാനത്തിന്റെ അപസർപ്പക (സമ) വാക്യങ്ങൾ

**വിഷ്ണുകൃഷ്ണൻ ആർ.**
ഗവേഷകൻ, കേരളപഠനവിഭാഗം, കേരളസർവകലാശാല)

## പ്രബന്ധസംഗ്രഹം

കുറ്റാന്വേഷണ സാഹിത്യത്തിന്റെ രണ്ടാം ജന്മമായാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിനെ കാണുന്നത്. രണ്ടായിരത്തിനുശേഷമാണ് പ്രമേയത്തിലും ആഖ്യാനരീതിയിലും പുതുമനിലനിർത്താൻ കഴിയുന്ന കുറ്റാന്വേഷണകൃതികൾ മലയാളത്തിലുണ്ടാകാൻ തുടങ്ങിയത്. ഉദ്വേഗം എന്ന അനിവാര്യഘടകത്തെ നിർമ്മിക്കുകയും നോവലിലുടനീളം നിലനിർത്തുകയും പരിണാമഗുപ്തിയോടെ അവസാനിക്കുകയും ചെയ്യുന്ന തച്ചുശാസ്ത്രമാണ് കുറ്റാന്വേഷണ നോവലുകളുടേത്. അപസർപ്പകസാഹിത്യനിർമ്മിതിക്കു പിന്നിൽ പ്രവർത്തിക്കുന്ന ഘടകങ്ങളെ വിലയിരുത്തുന്നതിനോടൊപ്പം മലയാളത്തിലെ അപസർപ്പക നോവലുകളെ അവയുടെ ആഖ്യാനസവിശേഷതകളുടെ അടിസ്ഥാനത്തിൽ പഠനവിധേയമാക്കുകയാണ് ഈ പഠനത്തിൽ.

**താക്കോൽവാക്കുകൾ:** പോപ്പുലർ ഫിക്ഷൻ, സ്പൈ ത്രില്ലർ, ഫിക്ഷണൽ റിയലിസം, ഡി-മിത്തിഫിക്കേഷൻ,

## ആമുഖം

“മലയാളത്തിൽ കുറ്റാന്വേഷണ നോവലുകളായി അറിയപ്പെടുന്ന ഈ വിഭാഗത്തെ ഒരു സാഹിത്യവിഭാഗമെന്നു വിശേഷിപ്പിക്കാൻ പ്രയാസമുണ്ട്. എങ്കിലും അതൊരു യാഥാർത്ഥ്യമായിരിക്കുന്നു. മലയാളത്തിൽ അച്ചടിച്ചിറക്കിയിട്ടുള്ള കുറെ ഡിറ്റക്ടീവ് നോവലുകളുണ്ട്. അവയെക്കുറിച്ച് ഒരു വിലയിരുത്തൽ നടത്തത്തക്കവിധം അവയ്ക്കുള്ളിൽ കാമ്പും കഴമ്പുമില്ലാത്തതാണതിനു കാരണം.”

1969-ൽ പ്രസിദ്ധീകരിച്ച മാധവപൈയുടെ "കഥാസാഹിത്യം —സാഹിത്യസദസ്സിലെ പ്രബന്ധങ്ങളും പ്രസംഗങ്ങളും" എന്ന പുസ്തകത്തിലെ 'ഡിറ്റക്ടീവ് നോവൽ' എന്ന ലേഖനം ആരംഭിക്കുന്നത് ഇങ്ങനെയാണ്. ലേഖനം പ്രസിദ്ധീകരിച്ച് അൻപത്തി രണ്ടു വർഷങ്ങൾക്കിപ്പുറം നോവൽസാഹിത്യം അടിമുടി മാറി. കാമ്പും കഴമ്പുമില്ലെന്ന് പറഞ്ഞിരുന്ന അപസർപ്പകസാഹിത്യം ഇന്ന് വളർച്ചയുടെ പടവുകൾ കയറിക്കൊണ്ടിരിക്കുകയാണ്. 2015 ന് ശേഷം മലയാളത്തിലിറങ്ങിയ ഭൂരിപക്ഷം നോവലുകളും അപസർപ്പകവിഭാഗത്തിൽപ്പെടുന്നവയാണ്. 'പൃഷ്ണനാഥ് ഫിക്ഷനിൽ' നിന്നും പുതിയ അപസർപ്പക എഴുത്തുകാർ ഏറെ നടന്നുനീങ്ങിക്കഴിഞ്ഞിരിക്കുന്നു. രൂപത്തിലും പ്രമേയത്തിലും കഥാപാത്രനിർമ്മിതിയിലും പുതുപ്രതീക്ഷകളാണ് ഓരോ നോവലും.

ജനപ്രിയസംസ്കാരത്തിന്റെ ഭാഗമായ ജനപ്രിയസാഹിത്യം (popular fiction) നിരന്തരം പരീക്ഷണങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. "അനേകം ആളുകൾക്ക് ഒരുപാട് ഇഷ്ടം തോന്നുന്നതാണ് ജനപ്രിയസാഹിത്യം" എന്ന റെയ്മണ്ട് വില്യംസിന്റെ നിർവചനവുമായി ചേർത്തുവായിക്കുമ്പോൾ നോവലുകളിലെ പരീക്ഷണസ്വഭാവങ്ങൾക്ക് ഹേതു നോവൽ വായിക്കുന്ന വായനക്കാരുടെ താല്പര്യത്തിലും ആസ്വാദനമികവിലും അധിഷ്ഠിതമാണെന്നു മനസ്സിലാക്കാം. പോപ്പുലർ ഫിക്ഷന്റെ നട്ടെല്ലായ ക്രൈം ത്രില്ലറുകളാണ് പുതിയകാലത്തിന്റെ ജനപ്രിയ സാഹിത്യമാധ്യമം എന്ന ഖ്യാതിനേടി മുന്നേറുന്നത്. അപ്പൻതമ്പുരാന്റെ 'ഭാസ്കരമേനോനിൽ' നിന്ന് തുടങ്ങുന്ന മലയാളനോവലിന്റെ അപസർപ്പകഭാവുകത്വം നിരവധി പരിണാമങ്ങളിലൂടെയാണ് രണ്ടായിരത്തി ഇരുപത്തിയൊന്നിൽ എത്തി നിൽക്കുന്നത്. പൂർവ്വമാതൃകകളെ അപനിർമ്മാണത്തിന് (de-construction) വിധേയമാക്കി കാലം ആവശ്യപ്പെടുന്ന മാറ്റങ്ങളോടെ ആറ്റിക്കുറുക്കിയെടുക്കുകയാണ് പുതുകാല അപസർപ്പകസാഹിത്യം. നോവൽ ഘടനയോട് നീതിപുലർത്തുന്ന ആഖ്യാനമാതൃകകളുടെ പിറവിക്ക് വഴിതെളിക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണെന്ന് അക്കമിട്ടുനിരത്താം.

1. വിദേശസാഹിത്യത്തിലെ പോപ്പുലർ ഫിക്ഷന്റെ വ്യത്യസ്ത ജനുസ്സുകൾ (Genre)
2. അടിമുടി മാറിയ 'കുറ്റാന്വേഷകൻ-കുറ്റവാളി' രീതിശാസ്ത്രം.
3. അപസർപ്പകഘടനയുടെ പൊളിച്ചെഴുത്ത്.
4. അന്തർവൈജ്ഞാനിക മേഖലകളുമായുള്ള (Interdisciplinary)

കൈകോർക്കൽ

5. ജ്ഞാനോല്പാദനത്തിന്റെ അലിഖിതമാതൃകകളാകുന്ന ആഖ്യാനവിശേഷം.

ഒന്ന്

പാശ്ചാത്യനോവൽ സാഹിത്യത്തിലെ ജനപ്രിയ ജനുസ്സുകൾ (popular genre) മലയാളസാഹിത്യവും പിന്തുടരുന്നുണ്ട്. നോവൽ ജനുസ്സുകൾ ആവശ്യപ്പെടുന്ന കഥാപശ്ചാത്തലവും ആഖ്യാനമാതൃകകളും കൃതിയുടെ മൊത്തത്തിലുള്ള അപസർപ്പകഗൗരവവും മലയാളത്തിലേക്ക് പറിച്ചുനടാൻ പുതിയ എഴുത്തുകാർക്ക് നിഷ്പ്രയാസം കഴിയുന്നു. 2005-നു ശേഷം ക്രൈം ഫിക്ഷൻ വിഭാഗത്തിൽ കൃതികളെഴുതി തുടങ്ങിയ ഇരുപത്തിയഞ്ചോളം എഴുത്തുകാരുടെ അൻപതോളം കൃതികൾ വ്യത്യസ്ത അപസർപ്പകജനസ്സുകളിലെ ഉത്തമലക്ഷണങ്ങൾ ആലേഖനം ചെയ്യുന്നവയാണ്. സ്പൈ ത്രില്ലർ, ക്രൈം ത്രില്ലർ, കോസി മർഡർ മിസ്റ്ററി, സൈക്കോളജിക്കൽ ത്രില്ലർ, മെഡിക്കോലീഗൽ ത്രില്ലർ, ലോക്കൽ ക്രൈം ത്രില്ലർ, ടെക്നോളജിക്കൽ ത്രില്ലർ, ഹിസ്റ്റോറിക്കൽ ത്രില്ലർ, മിസ്റ്റിക് ത്രില്ലർ എന്നിങ്ങനെ നീളുന്നു പുതുതലമുറയിലെ അപസർപ്പകാഖ്യാനങ്ങൾ .

പ്രധാനപ്പെട്ട ചില മാതൃകകൾ ഇവയാണ് (വിഭാഗം, കൃതി, എഴുത്തുകാരൻ എന്ന ക്രമത്തിൽ)

| | | |
|---|---|---|
| സ്പൈ ത്രില്ലർ | ഹവാനാക്ലബ് | (റിജോജോർജ്ജ്) |
| ലോക്കൽ ക്രൈം ത്രില്ലർ | പക | ജുനൈദ് അബൂബക്കർ) |
| കോസിമർഡർ മിസ്റ്ററി | വയലറ്റുപൂക്കളുടെ മരണം | (ശ്രീപാർവ്വതി) |
| സൈക്കോളജിക്കൽ ത്രില്ലർ | റൂത്തിന്റെ ലോകം | (ലാജോജോസ്) |
| ഹിസ്റ്റോറിക്കൽ ത്രില്ലർ | ഒൻപതാം വീട് | (അനൂപ് ശശികുമാർ) |
| മെഡിക്കോ ലീഗൽ ത്രില്ലർ | പ്രഥമദൃഷ്ട്യാ | (നിഖിലേഷ് മേനോൻ) |
| ക്രൈംത്രില്ലർ | ലാജോജോസ്, അൻവർ അബ്ദുള്ള, ആർ. ശ്രീലേഖ തുടങ്ങിയവരുടെ കൃതികൾ | |

രണ്ട്

കുറ്റാന്വേഷണ നോവലിലെ പരീക്ഷണസ്വഭാവം ആഖ്യാനകലയിൽ നിന്ന് ആരംഭിക്കുന്നു. കുറ്റാന്വേഷകൻ-കുറ്റവാളി ദ്വന്ദങ്ങളിലെ പരമ്പരാഗത രീതിശാസ്ത്രങ്ങളെ അതിലംഘിക്കുന്ന പുതുഘടകങ്ങൾ ആഖ്യാനത്തിൽ

പരീക്ഷിക്കപ്പെടുന്നു. കുറ്റാന്വേഷകനിർമ്മിതിയിൽ പ്രതിഫലിക്കുന്ന നവഭാവുകത്വത്തെ താഴെപറയുന്നവിധത്തിൽ അടുക്കാം.

1. കുറ്റാന്വേഷണത്തിൽ കഷ്ടപ്പാടുകൾ സഹിക്കാതെ, വലിയ ബുദ്ധിമുട്ട് അനുഭവിക്കാതെ കുറ്റാന്വേഷണം പൂർത്തിയാക്കുന്നവർ. ഷെർലക്ഹോംസ് പരിവേഷം ആവാഹിക്കപ്പെട്ട ഇത്തരം കുറ്റാന്വേഷകരുടെ നിരീക്ഷണപാടവം, ഏറെ ശ്രദ്ധേയമായിരിക്കും. ജി.ആർ.ഇന്ദുഗോപന്റെ ഡിറ്റക്ടീവ് പ്രഭാകരൻ അത്തരത്തിലുള്ള ഒരു കുറ്റാന്വേഷകനാണ്.
2. കുറ്റാന്വേഷണത്തിൽ യാതൊരു വിധ തെളിവുകളും ലഭിക്കാതെ, മാനസ്സികമായി സമ്മർദ്ദങ്ങൾ അനുഭവിക്കുന്ന, കുടുംബജീവിതത്തിൽ സംഘർഷങ്ങൾ നേരിടുന്ന കുറ്റാന്വേഷകർ. കുറ്റാന്വേഷണം വെല്ലുവിളിയായി മാറുന്ന പല സന്ദർഭങ്ങളും ഇവർക്ക് അഭിമുഖീകരിക്കേണ്ടിവരുന്നുണ്ട്. ശ്രീപാർവ്വതിയുടെ 'പൊയട്രികില്ലറിലെ' ഡെറിക് ജോൺ, ആർ. ശ്രീലേഖയുടെ ട്രിലോജി സീരീസ്സിലെ (മരണദൂതൻ, കുഴലൂത്തുകാരൻ, ജാഗരൂകൻ) റീത്താമേരി തുടങ്ങിയവർ ഉദാഹരണം.
3. കുറ്റാന്വേഷണം തൊഴിലായി സ്വീകരിക്കാതെ കുറ്റാന്വേഷണത്തിൽ പങ്കാളിയാകുന്നവർ. അനുമാനങ്ങളിലൂടെയാണ് അവരുടെ അന്വേഷണസഞ്ചാരം. കോളേജ് അധ്യാപകനിൽ തുടങ്ങി ഡി.റ്റി.പി. സെന്ററിലെ ജോലിക്കാരിവരെ കുറ്റാന്വേഷണം നടത്തുന്നുണ്ട്.

കുറ്റാന്വേഷകർ-കൃതി-എഴുത്തുകാരൻ എന്ന ക്രമത്തിൽ

| | | |
|---|---|---|
| കോളേജ് അദ്ധ്യാപകൻ | ഛായാമരണം | പ്രവീൺ ചന്ദ്രൻ |
| മാധ്യമപ്രവർത്തക | കോഫീഹൗസ്, ഹൈഡ്രേഞ്ചിയ | ലാജോജോസ് |
| വില്ലേജ് ഓഫീസർ | പുഴമീനുകളെ കൊല്ലുന്നവിധം | ബെന്യാമിൻ |
| ഓൾഡ് ഏജ് ഹോം അന്തേവാസി | റെസ്റ്റ് ഇൻപീസ് | ലാജോജോസ് |
| റിസോർട്ട് മുതലാളി | പ്രഥമദൃഷ്ട്യാ, ആഗോചരം | നിഖിലേഷ് മേനോൻ |
| ഡി.റ്റി.പി.സെന്ററിലെ ജോലിക്കാരി | ശ്വേതദണ്ഡനം | അനീഷ് ഫ്രാൻസിസ് |

4. കുറ്റാന്വേഷണത്തിൽ പ്രതിയെ കണ്ടെത്തിയ ശേഷം കൊല്ലപ്പെടുന്ന കുറ്റാന്വേഷകൻ. ബി. മുരളി എഴുതിയ 'നിന്റെ ചോരയിലെ വീഞ്ഞ്' എന്ന നോവലിലെ കുറ്റാന്വേഷകൻ ഈ രീതിയിൽ കൊല്ലപ്പെടുന്നുണ്ട്.

പ്രധാനമായും മൂന്ന് രീതിയിൽ കുറ്റവാളികളുടെ കഥാപാത്രനിർമ്മിതി സാധ്യമാക്കാം.

1. കൊലപാതകം കലയായി കാണുന്ന മാനസിക രോഗികൾ (സൈക്കോപാത്തുകൾ). ഓരോ കൊലപാതകം ചെയ്യുമ്പോഴും വീണ്ടും വീണ്ടും കൊലപാതകം ചെയ്യാനുള്ള ത്വര ഇത്തരക്കാരിൽ ഉണ്ടാകുന്നു. കുറ്റാന്വേഷകർക്ക് ഏറെ വെല്ലുവിളി ഉയർത്തുന്നതും സൈക്കോപാത്തുകളാണ്. കൊലപാതകങ്ങളിലെ ഇരകളുമായി നേരിട്ടുള്ള ഒരു ബന്ധവും കുറ്റവാളികൾക്ക് ഉണ്ടാകണമെന്നില്ല. കുട്ടിക്കാലത്തെ ദുരനുഭവങ്ങളും പാരമ്പര്യമായി കിട്ടിയ ചില ഘടകങ്ങളും ഇത്തരം കഥാപാത്രങ്ങളുടെ നിർമ്മിതിയിൽ പ്രകടമാണ്. ഹൈഡ്രേഞ്ചിയ, മരണദൂതൻ, റൂത്തിന്റെ ലോകം തുടങ്ങിയ നോവലുകളിൽ ഇത്തരത്തിലുള്ള കുറ്റവാളികളെ കാണാം.
2. പ്രതികാരം വ്രതമായി അനുഷ്ഠിക്കുന്ന കുറ്റവാളികൾ. നീതിനിഷേധബോധം അവരിൽ പ്രകടമായി കാണാൻ കഴിയും. തനിക്കുണ്ടായ നഷ്ടത്തെ, അതുണ്ടാക്കിയവരുടെ മരണത്തിലൂടെ തിരികെപിടിക്കാൻ ശ്രമിക്കുന്ന കഥാപാത്രങ്ങളെ പ്രഥമദൃഷ്ട്യാ, റെസ്റ്റ് ഇൻപീസ്, പൊയടി ത്രില്ലർ തുടങ്ങിയ നോവലുകളിൽ കണ്ടെത്താം. പ്രതികാരത്തിലൂടെ ലഭിക്കുന്ന മാനസിക സംതൃപ്തിയാണ് ഇത്തരം കഥാപാത്രങ്ങളുടെ ലക്ഷ്യം.
3. അബദ്ധത്തിൽ ചെയ്ത കുറ്റകൃത്യം മറയ്ക്കാൻ ശ്രമിക്കുന്ന കുറ്റവാളികൾ. സൈക്കോപാത്തുകൾ തെളിവുകളോരോന്നും കുറ്റാന്വേഷകന്റെ മുന്നിൽ വെല്ലുവിളിയോടെ പ്രദർശിപ്പിക്കുമ്പോൾ അബദ്ധത്തിൽ കുറ്റം ചെയ്തവർ അത് മറയ്ക്കാനുള്ള ശ്രമം കഥയുടെ ഒടുവിൽ നടത്തികൊണ്ടേയിരിക്കും.

### മൂന്ന്

കുറ്റാന്വേഷണ സാഹിത്യഘടനയിൽ കൊലപാതകം (Crime), അന്വേഷണം (Investigation), വിധി (Judgement) എന്നീ മൂന്നുഘട്ടങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. കഥ തുടങ്ങി അധികം കഴിയാതെ ഒരു കൊലപാതകം നടക്കുകയും അതിനെക്കുറിച്ചുള്ള കുറ്റാന്വേഷകന്റെ/കുറ്റാന്വേഷകരുടെ അന്വേഷണവും തുടർന്നുള്ള വിധിനിർണ്ണയവുമാണ് അപസർപ്പകസാഹിത്യത്തിന്റെ ഘടന. എഴുത്തുകാരനോടൊപ്പം വായനക്കാരും അതേ കൃത്യതയോടെ, വേഗതയോടെ സഞ്ചരിക്കാൻ ശ്രമിക്കുന്ന രചനാഭൂപടമാണ് കുറ്റാന്വേഷണ

നോവലുകളുടേത്. വായനക്കാരിലേക്ക് ചില പ്രശ്നങ്ങൾ/സമസ്യകൾ അവതരിപ്പിച്ചുകൊണ്ടാണ് കുറ്റാന്വേഷണ നോവൽ ആരംഭിക്കുന്നത്. നിഖിലേഷ് മേനോന്റെ 'അഗോചരം' എന്ന നോവലിലെ പെൺകുട്ടികളുടെ തിരോധാനവും പ്രവീൺ ചന്ദ്രന്റെ 'ഛായാമരണ'ത്തിലെ കഥാപാത്രമായ സിദ്ധാർത്ഥന് വെള്ളച്ചാട്ടത്തിൽനിന്ന് ആകസ്മികമായി ലഭിക്കുന്ന ബട്ടണും വായനക്കാരെ പ്രശ്നവാതായനങ്ങളിലേക്ക് തള്ളിവിടുന്നുണ്ട്. പെൺകുട്ടികൾക്ക് എന്തുപറ്റി, എവിടെപ്പോയി എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം എഴുത്തുകാരനോടൊപ്പം സഞ്ചരിച്ച് കണ്ടെത്തുക എന്ന ലക്ഷ്യം വായനക്കാരിൽ ഉടലെടുക്കുന്നു. ഒരു പക്ഷെ എഴുത്തുകാരൻ കുറ്റവാളിയെ പ്രഖ്യാപിക്കുന്നതിനു മുൻപ് തന്നെ തെളിവുകളുടെ അടിസ്ഥാനത്തിൽ വായനക്കാർ വിധികർത്താക്കളായി മാറിയേക്കാം. എഴുത്തുകാരന്റെ സ്ഥാനം ചിലപ്പോൾ വായനക്കാർ കൈയ്യേറിയെന്നു വരാം. ബാർത്തിന്റ 'ഗ്രന്ഥകാരന്റമരണം'[1] (Death of the Author) എന്ന സങ്കല്പവുമായി ഇതിനെ താരതമ്യപ്പെടുത്താം. എഴുത്തുകാരന്റെ വിധിപ്രഖ്യാപനവും കഥാവസാനവും ചിലപ്പോൾ അടുത്ത കഥയ്ക്കുള്ള സാധ്യതകൾവരെ വായനക്കാർ കണ്ടെത്തുന്നു. സമർത്ഥരായ കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതിനോടൊപ്പം സമർത്ഥരായ വായനക്കാരെ തൃപ്തിപ്പെടുത്തുക എന്ന അധിക ബാധ്യത കൂടി എഴുത്തുകാരനിലേക്ക് എത്തുന്നു.

## നാല്

ഇതിവൃത്ത രൂപീകരണത്തിൽ ഒന്നിലധികം വിജ്ഞാനമേഖലകളുമായി കൈകോർക്കാൻ പുതുതലമുറ അപസർപ്പകകൃതികൾക്ക് കഴിയുന്നുണ്ട്. ക്രൈംത്രില്ലറിന്റെ കഥാപരിസരത്തിനോടൊപ്പം തന്നെ സയൻസ് ഫിക്ഷന്റെയും ടെക്നോളജിക്കൽ ത്രില്ലറിന്റെയും സാധ്യതകളെ സുഘടിതമായി വിന്യസിക്കാനും നോവലുകൾ മടികാട്ടുന്നില്ല. ഡി.സി. ബുക്സ് നടത്തിയ ക്രൈം ഫിക്ഷൻ മത്സരത്തിൽ സമ്മാനാർഹമായ ശിവൻ എടമനയുടെ 'ന്യൂറോ ഏരിയ' ഒരേ സമയം ക്രൈം ഫിക്ഷന്റെയും സയൻസ് ഫിക്ഷന്റെയും സങ്കരസ്വഭാവം പുലർത്തുന്നു. റോബോട്ടിക് സാങ്കേതികവിദ്യയുള്ള, സൈബർ സെക്യൂരിറ്റി സൗകര്യമുള്ള സതേൺ കെയർ എന്ന ഹോസ്പിറ്റലിനെ പശ്ചാത്തലമാക്കിയാണ് കഥ മുന്നേറുന്നത്. ഗണിത ശാസ്ത്രയുക്തികളെ പലപ്പോഴും ക്രൈം ത്രില്ലർ നോവലുകൾ മുറുകെ പിടിക്കുന്നുണ്ട്. 'ന്യൂറോഏരിയ'യിലും പ്രശ്നനിർദ്ധാരണത്തിനായി ഗണിതശാസ്ത്രത്തെ ആശ്രയിക്കുന്ന പല സന്ദർഭങ്ങളുമുണ്ട്. 'എന്തിനും ഒരു കണക്കുണ്ട്. ഒന്നും വെറുതെ സംഭവിക്കുന്നില്ല. എന്തിലും ഏതിലും പാറ്റേൺ കണ്ടെത്തുക' എന്ന ഗണിതശാസ്ത്ര സമാനമായ

യുക്തി നോവലിന്റെ ആഖ്യാനശാസ്ത്രമായി പരിണമിക്കുന്നു. ഫ്രഞ്ച് ദാർശനികനും ഗണിതശാസ്ത്രവിജ്ഞാനിയുമായ റെനെഡെസ്കാർട്ടിന്റെ[2] ഗണിതചിന്തകളും ആവോളമുണ്ട് ന്യൂറോ ഏരിയയിൽ.

സിബി ജോണിന്റെ 'മർഡോമെട്രി' ഗണിതശാസ്ത്രസമസ്യകളെ പ്രശ്നവത്കരിക്കുന്ന നോവലാണ്. ഗ്രീക്ക് ഗണിതശാസ്ത്രജ്ഞനായ പൈതഗോറസിന്റെ ഗണിതസിദ്ധാന്തങ്ങളുടെ അടിത്തറയിലാണ് മർഡോമെട്രി നിലനില്ക്കുന്നത്. ഹിസ്റ്റോറിക്കൽ ത്രില്ലർ വിഭാഗത്തിലെ പുത്തൻ ചുവടുവയ്പ്പുകളാണ് അനൂപ് ശശികുമാറിന്റെ 'ഒൻപതാംവീട്', ജയപ്രകാശ് പാനൂരിന്റെ 'കിഷ്കിന്ധയുടെ മൗനം'. ഫിക്ഷണൽ റിയലിസത്തിന്റെ സങ്കേതങ്ങൾ ആഖ്യാനഘടകങ്ങളായി രൂപാന്തരപ്പെടുന്ന സ്ഥിതിവിശേഷം നോവലിലുടനീളം പ്രകടമാണ്. യഥാർത്ഥ സ്ഥലങ്ങളും ഭാവനാസ്ഥലങ്ങളും സംയോജിപ്പിച്ചുകൊണ്ട് സത്യം/മിഥ്യ എന്നീ ഘടകങ്ങളെ ചരിത്രത്തോടൊപ്പം കൂട്ടിക്കലർത്തിയും അവതരിപ്പിക്കുന്ന ഫിക്ഷണൽ റിയലിസം വായനക്കാരെ ഉദ്വേഗത്തന്റെ മുൾമുനയിൽ എത്തിക്കാൻ പര്യാപ്തമായ ആഖ്യാനതന്ത്രമാണ്. ഫിക്ഷണൽ റിയലസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയ, അപസർപ്പകസ്വഭാവമുള്ള നോവലുകളാണ് ബെന്യാമന്റെ 'മഞ്ഞവെയിൽ മരണങ്ങൾ', ടി.ഡി. രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര', വിപിൻദാസിന്റെ 'അനാഹി'.

മിത്തുകളുടെ അപനിർമ്മാണം (Demythification) ആഖ്യാനകലയുമായി കൂടിച്ചേരുന്ന ശില്പതന്ത്രമാണ് വിപിൻദാസിന്റെ 'അനാഹി'. മിസ്റ്റിക് ത്രില്ലർ വിഭാഗത്തിൽപ്പെടുന്ന അനാഹിയിൽ 'ലിലിത്ത്'[3] എന്ന ബൈബിൾമിത്തിനെ ഫിക്ഷണൽ റിയലിസത്തിന്റെ സഹായത്തോടെ അപനിർമ്മിക്കുന്നു. ദൈവം ആദ്യം സൃഷ്ടിച്ച സ്ത്രീയാണ് ലിലിത്ത്. പിന്നീട് ദൈവത്തിന്റെ അനിഷ്ടത്തിന് വിധേയയായി ലിലിത്ത് സ്വർഗ്ഗത്തുനിന്നും പുറത്താക്കപ്പെടുന്നു. ദൈവചരിത്രത്തിലെ ആദ്യ അനീതി ലിലിത്തിന്റെ പുറത്താക്കലായിരുന്നു. സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലെത്തിയ ലിലിത്ത് ദൈവത്തോട് പ്രതികാരം ചെയ്യുന്നതിനായി ഒരു കൂട്ടം മാലാഖമാരെ കണ്ടുപിടിക്കുകയും അവർക്കിടയിൽ ഒരു നിഗൂഢഭാഷ രൂപപ്പെടുത്തുകയും ചെയ്യുന്നു. ആ ഭാഷയിലെ അക്ഷരങ്ങൾ സഹ്യൻ എന്ന ചെറുപ്പക്കാരന്റെ ശരീരത്തിൽ പ്രത്യക്ഷപ്പെടുന്നതും തുടർന്ന് സഹ്യന്റെയും സുഹൃത്തായ ആരവല്ലിയുടെയും അന്വേഷണമാണ് അനാഹിയിലൂടെ വെളിപ്പെടുന്നത്.

അഞ്ച്

അപസർപ്പകാഖ്യാനങ്ങൾ ഒറ്റവായനയുടെ സുഖം തരുന്നതാണെങ്കിൽ കൂടിയും അവയിലൂടെ വായനക്കാരന് ലഭിക്കുന്ന അറിവുകൾക്ക് പരിധിയില്ല. ഉദ്വേഗം നിലനിർത്തി വായനക്കാരെ ആസ്വദിപ്പിക്കുന്നതിനോടൊപ്പം അറിവിന്റെ ഖനികളായും നോവൽശില്പം മാറുന്നു. ആവേദകരിൽ നിന്നും മനസ്സിലാക്കിയതോ പുസ്തകങ്ങളിൽനിന്നു ലഭിക്കുന്നതോ ഇന്റർനെറ്റിന്റെ സഹായത്തോടെ അറിഞ്ഞതോ ആയ വിവരങ്ങളെ നോവലിന്റെ ആഖ്യാനതന്ത്രങ്ങളിലേക്ക് വിളക്കിച്ചേർക്കുക വഴിയാണ് ജ്ഞാനോല്പാദന ഉറവിടങ്ങളായി അപസർപ്പകാഖ്യാനങ്ങൾ മാറുന്നത്. ശിവൻ എടമനയുടെ 'ന്യൂറോ ഏരിയ'യിൽ '2045 Initiative'[4] എന്ന പ്രവർത്തനത്തെക്കുറിച്ചുള്ള അറിവുകൾ ആരെയും സ്തബ്ധരാക്കുന്നതാണ്. ബ്രെയിൻ മാപ്പിങ്ങ്/ഷിഫ്റ്റിങ്, ഫ്യൂച്ചറിസ്റ്റ് കോൺഗ്രസ് തുടങ്ങിയ സാങ്കേതിക പദ്ധതികളെക്കുറിച്ചുള്ള അറിവുകൾ നോവൽ ആസ്വാദനത്തിനിടയിൽ ലഭിക്കുന്ന ബോണസുകളായി കണക്കാക്കാം. അനൂപ് ശശികുമാറിന്റെ 'ഒൻപതാം വീട്' എന്ന നോവലിൽ ചരിത്രസംഭവങ്ങളും പ്രക്ഷോഭങ്ങളും കഥാപാത്രങ്ങളും നമുക്കിടയിലേക്ക് ക്ഷണിക്കാതെ എത്തപ്പെടുന്നുണ്ട്. 1750 കാലഘട്ടത്തിലേക്കുള്ള ഒരു 'ടൈം ട്രാവൽ' അനുഭവം ഒൻപതാവീട് വായനക്കാർക്ക് സമ്മാനിക്കുന്നു. എട്ടരയോഗം, മൂലഭദ്രിഭാഷ, കുളച്ചൽ യുദ്ധം, എട്ടുവീട്ടിൽ പിള്ളമാർ എന്നിങ്ങനെ നീളുന്നു ഒൻപതാംവീട്ടിലെ ചരിത്ര അറിവുകൾ.

ആദർശിന്റെ 'ഡാർക്ക്നെറ്റ്', നിഖിലേഷ് മേനോന്റെ 'പ്രഥമദൃഷ്ട്യാ', 'അഗോചരം' തുടങ്ങിയ നോവലുകളും മലയാളി വായനക്കാർക്ക് അത്ര പരിചയമില്ലാത്ത ബിറ്റ്കോയിൻ[5], വെർച്വൽ മണി, ഇന്റർനെറ്റിലെ ഡാർക്ക് വെബ് എന്നിവയെപ്പറ്റിയുള്ള പ്രാഥമികമായ അറിവുകൾ നല്കുന്നുണ്ട്. ഫോറൻസിക് ശാസ്ത്രം, ഫിംഗർപ്രിന്റ് ബ്യൂറോ, ക്രിമിനൽ സൈക്കോളജി എന്നിവയെ കുറ്റാന്വേഷണത്തിന്റെ ഭാഗമാക്കി മാറ്റാനും പുതുതലമുറ എഴുത്തുകാർ മടിക്കുന്നില്ല. നിരന്തരം പരീക്ഷണങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഭൂമികയായി അപസർപ്പകസാഹിത്യം മാറുന്നു. എഴുത്തുകാരന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിക്കുന്ന ഒരു പ്ലാറ്റ്ഫോമായി ഇന്ന് സോഷ്യൽമീഡിയ മാറിയിരിക്കുന്നു. ഒരേ സമയം എഴുത്തുകാരനും വായനക്കാരനും സംവദിക്കാൻ കഴിയുന്ന സോഷ്യൽമീഡിയയിൽ നോവലുകളുടെ പരിചയപ്പെടുത്തലും വായനാനുഭവങ്ങളും പങ്കുവയ്ക്കപ്പെടുന്നു. മലയാളനോവൽ ചരിത്രത്തിൽ ഇതുവരെ പരീക്ഷിക്കപ്പെടാത്ത ഒരു ദൃശ്യപ്രഭാവത്തിന് കൂടി കുറ്റാന്വേഷണ നോവലുകൾ സാക്ഷ്യം

വഹിക്കുന്നുണ്ട്. സിനിമകൾക്ക് മാത്രം ഇറങ്ങുന്ന ടീസറുകളും ക്യാരക്ടർ പോസ്റ്ററുകളും ഇന്ന് കുറ്റാന്വേഷണ നോവലുകളുടെ പ്രസാധനത്തിന് മുൻപ് തന്നെ സോഷ്യൽ മീഡിയയിൽ തരംഗമാകാറുണ്ട്. വൻസ്വീകാര്യതയാണ് ഇത്തരം പോസ്റ്ററുകൾക്കും ടീസറുകൾക്കും ലഭിക്കുന്നത്.

എഴുപതുകളിൽ ജനപ്രിയ സാഹിത്യത്തിന് 'പൈങ്കിളിസാഹിത്യം' എന്ന വട്ടപ്പേരുണ്ടായിരുന്നു. കാലഘട്ടം മാറി വരുമ്പോഴും വട്ടപ്പേര് മാറ്റമില്ലാതെ തുടർന്നു. ജനപ്രിയവാരികകളിലെ താളുകളിൽ രക്തവും പകയും ഭയവും ചിതറിത്തെറിച്ചിരുന്ന കാലഘട്ടത്തിൽ അതേറ്റുവാങ്ങാൻ, അനുഭവിക്കാൻ പൈങ്കിളിയല്ലാത്തൊരു സമൂഹം ഇവിടെയുണ്ടായിരുന്നു. അവരായിരുന്നു രക്തം കട്ടപിടിപ്പിക്കുന്ന ഭാവനാകഥകൾ ആസ്വദിച്ചിരുന്നത്. എന്നാൽ സത്യാനന്തരകാലഘട്ടത്തിൽ ട്രെൻഡ്സെറ്ററായി മാറുന്ന സാഹിത്യമേഖലയായി കുറ്റാന്വേഷണസാഹിത്യം മാറി. എഴുത്തിന്റെ വേളയിൽ എഴുത്തുകാരനും വായനാവേളയിൽ വായനക്കാരനും ഒരുപോലെ ബൗദ്ധികവ്യായാമം (Intellectual Exercise) പ്രദാനം ചെയ്യുന്ന ആഖ്യാനവിശേഷമായി അപസർപ്പകസാഹിത്യം പരിവർത്തനപ്പെട്ടു. കുറ്റം-കുറ്റാന്വേഷണം-കുറ്റവാളി ഘടനയുടെ പൊളിച്ചെഴുത്തും സൈബർസ്പേസ്, ഡിജിറ്റൽ അധോലോകം പോലെയുള്ള പുതിയ പ്രമേയങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് യുക്തിക്കും ഭാവനയ്ക്കുമൊപ്പം നടന്നുനീങ്ങുന്ന മുഖ്യധാരാസാഹിത്യപ്രസ്ഥാനമായി കുറ്റാന്വേഷണനോവലുകൾ മാറുന്നു എന്നതിൽ അതിശയിക്കേണ്ടതില്ല.

## കുറിപ്പുകൾ

1. വായനക്കാരനെ സർവപ്രധാനനായി അവരോധിക്കുന്ന റൊളാങ്ബാർത്തിന്റെ ഗ്രന്ഥകാരന്റെ മരണത്തിലൂടെ കൃതിയുടെ കർത്താവായ ഗ്രന്ഥകാരന്റെ പ്രധാന്യമില്ലായ്മയെ ചോദ്യം ചെയ്യുന്നു. കുറ്റാന്വേഷണ സാഹിത്യത്തിൽ പലഘട്ടങ്ങളിലും എഴുത്തുകാരന്റെ ഭാവനയ്ക്കൊപ്പമെത്താനും വിധിനിർണ്ണയത്തിൽ എഴുത്തുകാരനേക്കാൾ ഒരു പടികടന്ന് കുറ്റവാളിയെ കണ്ടെത്താനും വായനക്കാർക്ക് കഴിയുന്നുണ്ട്.

2. ഫ്രഞ്ച് ദാർശനികനും ഗണിതശാസ്ത്രജ്ഞനുമായ റെനെഡെസ്കാർട്ടിന്റെ ഗണിതചിന്തകൾ ഏറെ പ്രശസ്തമാണ്. പ്രപഞ്ചത്തിലെ എല്ലാ സമസ്യകളെയും ഗണിതസമവാക്യങ്ങളാക്കി മാറ്റാമെന്ന് സ്വപ്നം കണ്ടയാൾ കൂടിയാണ് റെനെഡെസ്കാർട്ട്.

3. നോവലിലാണ് ലിലിത്ത് എന്ന മിത്ത് പൂർണ്ണത നേടുന്നത്. യഹൂദപുരാണത്തിൽ പൈശാചിക ദേവതയായിട്ടാണഅ ലിലിത്തിനെ കണ്ടിരിക്കുന്നത്. ഗൂഢഭാഷയുണ്ടാക്കിയ ലിലിത്തിനെ ദൈവം ഭൂമിയിൽ ജീവനോടെ അടക്കം ചെയ്തു എന്നുള്ള വസ്തുതകൾ എഴുത്തുകാരന്റെ ഭാവനാസൃഷ്ടിയാണ്.

4. ദിമിത്രി ഇറ്റ്സ്കോവിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഒരു പ്രൊജക്റ്റ് വർക്കാണ് 2045 Initiative. മനുഷ്യചിന്തകളെ കമ്പ്യൂട്ടറിന്റെ സഹായത്തോടെ പ്രോഗ്രാമുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങളാണ് ഈ പ്രൊജക്റ്റിൽ നടക്കുന്നത്. Artificial brain എന്ന സങ്കല്പത്തിന്റെ പ്രത്യക്ഷവത്കരണമാണ് ഈ പ്രൊജക്റ്റ് ലക്ഷ്യമിടുന്നത്.

5. പണമിടപാടുകൾക്കായുള്ള നവീനമായ പദ്ധതിയാണ് ബിറ്റ്കോയിൻ. ഇത്തരത്തിലുള്ള കറൻസിയെ നിയന്ത്രിക്കാൻ നിയമിക്കപ്പെട്ട ഒരു ഭരണസ്ഥാപനവുമില്ല. ബിറ്റ്കോയിൻ ഒരു ഡിജിറ്റൽ കറൻസിയാണ്. (Decentralised, virtual currency that provided secure global Transactions very quickly and without any Third party manipulations)

## ഗ്രന്ഥസൂചി

1. തരകൻ, കെ.എം., മലയാളനോവൽ സാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1978.
2. ബഷീർ, എം.എം., മലയാള ചെറുകഥാസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2002
3. മാധവ പൈ, കഥാസാഹിത്യം, ശ്രീനരസിംഹവിലാസം ബുക്ക് ഡിപ്പോ, ഉറവൂർ, 1969.
4. രവീന്ദ്രൻ, പി.പി., ആധുനികാനന്തരം വിചാരം വായന, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 1999.
5. രാജശേഖരൻ, പി.കെ., ബുക്സ്റ്റാൾജിയ, മാതൃഭൂമി ബുക്സ്, കോഴിക്കോട്
6. രാധാകൃഷ്ണൻനായർ, ഡി, ആഖ്യാനവിജ്ഞാനം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000
7. ശ്രീകുമാർ, എം.ജി, ജനപ്രിയസാഹിത്യം മലയാളത്തിൽ, സാഹിത്യപ്രവർത്തക സഹകരണസംഘം.
8. ഷാജിജേക്കബ്, ജനപ്രിയസംസ്കാരം ചരിത്രവും സിദ്ധാന്തവും, മാതൃഭൂമി, കോഴിക്കോട്, 2009.
9. ഹമീദ്, അപസർപ്പകനോവലുകൾ മലയാളത്തിൽ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2015.

*vishnuvikri666@gmail.com*

# കുറ്റാന്വേഷണനോവൽ: ആഖ്യാനവും സൈബർഭാവനയും

സംഗീത് മാത്യു
ഗവേഷകൻ, മലയാളവിഭാഗം, നിർമല കോളേജ്, മൂവാറ്റുപുഴ

പ്രബന്ധസംഗ്രഹം

കുറ്റാന്വേഷണ സാഹിത്യത്തിൽ സൈബറിടം എങ്ങനെ പ്രമേയമാകുന്നു എന്നതിനെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പഠനം. വി. ജയദേവിന്റെ ഇട്ടിമാത്തൻ ഡയറീസ്, ആദർശ് എസിന്റെ ഡാർക്ക് നെറ്റ്, അനുരാഗ് ഗോപിനാഥിന്റെ ദി ഗെയിം ഓവർ എന്നീ കൃതികളെ കേന്ദ്രീകരിച്ചാണ് പഠനം ക്രമീകരിച്ചിട്ടുള്ളത്. കുറ്റാന്വേഷണ ഭാവനയിലെ പുതിയ സ്ഥലമായി സൈബറിടം മാറുന്നതിന്റെ കാരണങ്ങളും ആഖ്യാനത്തിൽ അതുവരുത്തുന്ന മാറ്റങ്ങളും വിശകലനം ചെയ്യുന്നു. സാമൂഹ്യമാധ്യമങ്ങളിലെ സാഹിത്യക്കൂട്ടായ്മകൾ കുറ്റാന്വേഷണ കൃതികൾക്ക് നൽകുന്ന ജനകീയ പിന്തുണയും പ്രബന്ധത്തിൽ ചർച്ച ചെയ്യുന്നു.

**താക്കോൽ വാക്കുകൾ**: സൈബർ, ഇടം,ഡാറ്റ.

മുഖ്യധാരാ നോവലുകളെന്നും ജനപ്രിയസാഹിത്യമെന്നും അക്കാദമിക് വേർതിരിവുകൾ ഉണ്ടായെങ്കിലും വായനക്കാരുടെ പുസ്തകഭ്രമത്തിന് വേർതിരിവുകൾ ഇല്ലായിരുന്നു. കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനം നാടിനു നൽകിയ വായനശാലകൾ എന്ന പൊതുവിടങ്ങളിൽ പുസ്തകചർച്ചകളിലും സംവാദങ്ങളിലും ഇടപെട്ട് സജീവമായ ഒരു വായനാസംസ്കാരം മലയാളി സ്വായത്തമാക്കി. മലയാളി ഭാവനയുടെ വിദേശപര്യടനം ആദ്യമായി സാധ്യമാക്കിയത് വിവർത്തന കൃതികളായിരുന്നു. ഭാഷയുടെ അതിർവരമ്പുകളെ ഭേദിച്ച് പുസ്തകപ്രസാധനവും വായനയും സാംസ്കാരിക ഇടങ്ങളെ പ്രക്ഷുബ്ദമാക്കി. കുറഞ്ഞ കാലയളവിനുള്ളിൽ നോവലിന് കൈവരിക്കാൻ സാധിച്ച ജനപ്രിയത

മലയാളിയുടെ വായനാസംസ്കാരത്തെ സവിശേഷമായി സ്വാധീനിച്ചിട്ടുണ്ട്. നവീനമായ ആഖ്യാനസങ്കേതങ്ങളും തത്ത്വചിന്തയും ലോകബോധവും വിചാരധാരകളും സിദ്ധാന്തങ്ങളും മലയാളഭാവനയെ സമ്പുഷ്ടമാക്കി. കാല്പനികതയിലും ആധുനികതയിലും ഉത്തരാധുനികതയിലും അഭിരമിക്കുമ്പോഴും അച്ചടിയും വായനയും ജനപ്രിയമായിതന്നെ പല സാഹിത്യശാഖകളിലൂടെ ഭാഷയെയും സംസ്കാരത്തെയും പരിപോഷിപ്പിച്ചു. മലയാള ജനപ്രിയനോവൽ ഇതിൽ ചെലുത്തിയ സ്വാധീനം പ്രധാനമാണ്.

സാക്ഷരസമൂഹത്തിൽ അക്ഷരം നിർമ്മിക്കുന്ന സാംസ്കാരിക ചലനമാണ് ജനപ്രിയസാഹിത്യത്തിന്റേത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി മലയാള നോവലിൽ ജനപ്രിയ സാഹിത്യത്തിന്റെ പുതിയ ഒരു തരംഗം ആരംഭിച്ചതായി കാണാം. മുട്ടത്തുവർക്കിയും 'മ' പ്രസിദ്ധീകരണങ്ങളും കോട്ടയം പുഷ്പനാഥും മെഴുവേലി ബാബുജിയും ഏറ്റുമാനൂർ ശിവകുമാറും ജോയ്സിയും കമലാ ഗോവിന്ദും തോമസ് പാലായും തുടങ്ങി നിരവധി എഴുത്തുകാർ പരിപോഷിപ്പിച്ച ജനപ്രിയതയുടെ ഒരു നവഭാവുകത്വം മലയാളസാഹിത്യത്തിൽ വിശേഷിച്ചും നോവലിൽ കടന്നുവരാൻ തുടങ്ങിയിട്ടുണ്ട്. ബെന്യാമിന്റെയും ടി.ഡി രാമകൃഷ്ണന്റെയും കെ.ആർ മീരയുടെയും കൃതികൾ നേടിയെടുത്ത ആരാധകവൃന്ദവും വിപണിമൂല്യവും പബ്ലിക് ലൈബ്രറികൾക്ക് പകരമായി ഫെയ്സ്ബുക്ക് സാഹിത്യകൂട്ടായ്മകളും സൃഷ്ടിച്ച ജനപ്രിയതയുടെ സാഹിത്യപരിസരത്തിലൂടെയാണ് ഈ നവഭാവുകത്വം പുതിയ തലങ്ങളിലേക്ക് സംക്രമിക്കുന്നത്.

കുറ്റാന്വേഷണനോവൽ തരംഗമെന്ന് വിശേഷിപ്പിക്കാൻ സാധിക്കുന്ന അപസർപ്പക, ഗോഥിക് ഇതിവൃത്തങ്ങളുടെ ഭാവനാവിളയാട്ടമാണ് ഇന്നത്തെ സാഹിത്യലോകത്തെ ചലിപ്പിക്കുന്നത്. ജനപ്രിയതയുടെ സാധ്യതകളെ കൃത്യമായി ഉപയോഗിക്കുമ്പോഴും പരമ്പരാഗത ജനപ്രിയ ആഖ്യാനമാതൃകകളെ പരിഷ്കരിച്ച് നൂതനമായ ഒരു ഘടന ഇത്തരം നോവലുകൾ പുലർത്തുന്നത് കാണാം. ഉത്തരാധുനിക സാഹിത്യഭാവുകത്വത്തോട് ചേർന്നുനിൽക്കുന്ന രീതി കൃതികളിൽ പ്രകടമാണ്. ഭാഷ, ആഖ്യാനം, കഥാപാത്രസൃഷ്ടി, ടെക്നോളജിയുടെ വ്യാപനം വ്യക്തിയിലും സമൂഹത്തിലും സംസ്കാരത്തിലും വരുത്തിയ മാറ്റങ്ങൾ, ആഖ്യാനത്തിലെ ചലച്ചിത്ര സ്വഭാവം തുടങ്ങി നോവൽ സംവദിക്കുന്ന ഇടങ്ങൾ വളരെ വിശാലമാണ്.

പുതിയൊരു സാംസ്കാരികാന്തരീക്ഷത്തിൽ സംഭവിക്കുന്ന ആഖ്യാനങ്ങളെ മുന്നോട്ടു നയിക്കുന്നത് ഭാവന മാത്രമല്ല. വിജ്ഞാന വിതരണ

വിനിമയത്തിന്റെയും ടെക്നോളജിയുടെയും സാങ്കേതിക ഭാവുകത്വം കൂടിയാണ്. എഴുത്ത്, പ്രസാധനം, വിൽപ്പന, വായന, വിമർശനം, സംവാദം തുടങ്ങി പരസ്പരബന്ധിതമായ ഒരു സാഹിത്യസംസ്കാരത്തിലൂടെയാണ് എഴുത്തുകാരനും വായനക്കാരനും ഇന്ന് സഞ്ചരിക്കുന്നത്. നവമാധ്യമ സംസ്കാരത്തിന്റെ പുത്തൻശീലങ്ങൾ സാഹിത്യത്തെ കൂടുതൽ ജനകീയമാക്കുന്നു.

### കുറ്റാന്വേഷണനോവൽ: എഴുത്തിന്റെ പുതുപരിസരങ്ങൾ

സ്ഥലം, കാലം, സമയം, ഓർമ്മ, മറവി, യഥാർത്ഥലോകം/ പ്രതീതിലോകം, ശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയെല്ലാം പ്രശ്നവത്കരിക്കുന്ന നവഭാവുകത്വമാണ് കുറ്റാന്വേഷണനോവലുകളുടെ പുതിയ എഴുത്തിടങ്ങൾ. 1960 മുതൽ 2000 വരെയുള്ള വർഷങ്ങളിൽ കുറ്റാന്വേഷണനോവൽ പ്രേത-മന്ത്രവാദം, ത്രില്ലർ, സയൻസ് ഫിക്ഷൻ എന്നിങ്ങനെ പല വിഭാഗങ്ങളായി വേർതിരിഞ്ഞു. കുട്ടികൾക്കു വരെ വായിക്കാൻ കഴിയുന്ന രീതിയിൽ കുറ്റാന്വേഷണനോവലുകൾ പരീക്ഷണ വിധേയമായി. ജനപ്രിയ ശാസ്ത്ര കുറ്റാന്വേഷണനോവലുകൾക്ക് പിന്തുണ നൽകിയുള്ള മികച്ച കൃതികളും എഴുത്തുകാരും മലയാളത്തിൽ വിരളമായിരുന്നു. പ്രണാബിന്റെ രചനകൾ ഈ വിഭാഗത്തിൽ വായനക്കാരെ സ്വാധീനിച്ചിരുന്നു. എന്നിരുന്നാലും ശാസ്ത്ര കുറ്റാന്വേഷണനോവലുകൾ ജനപ്രിയസാഹിത്യത്തിന്റെ വിപണിമൂല്യത്തിന് പുറത്തായിരുന്നു. മന്ത്രവാദനോവലുകൾ ശാസ്ത്ര കുറ്റാന്വേഷണഭാവനയെ അട്ടിമറിച്ച് നേടിയ വിപണിമൂല്യം അക്കാലയളവിൽ പ്രധാനമായിരുന്നു. ഇതാണ് സയൻസ് ഫിക്ഷനോട് പ്രസാധകരും വായനക്കാരും പുലർത്തിയ വിമുഖതയുടെ കാരണം.

ശാസ്ത്ര, സാങ്കേതിക മേഖലയിൽ എഴുത്തുകാർ പുലർത്തിയ ജാഗ്രതയില്ലായ്മ സമൂഹത്തിന്റെ മാറ്റത്തെ തിരിച്ചറിയാൻ അവർക്ക് കഴിയാതെപോയി. “കുറ്റാന്വേഷണ സാഹിത്യത്തെ ചരിത്രപരമായിത്തന്നെ സാധ്യമാക്കുന്ന ഫോറൻസിക് സയൻസിന്റെയും അനാട്ടമിയുടെയും സാങ്കേതികജ്ഞാനം, നിയമപരവും ക്രിമിനോളജിക്കലുമായ സമീപനങ്ങൾ എന്നിവയുടെ തികഞ്ഞ അഭാവം നമ്മുടെ കുറ്റാന്വേഷണ സാഹിത്യത്തെ വൻതോതിൽ ദുർബലമാക്കി” (ഷാജി ജേക്കബ്, 2010: 54). എന്നാൽ 2010-നു ശേഷം മലയാള കുറ്റാന്വേഷണസാഹിത്യത്തിന് പുത്തൻ ഉണർവ്വ് നൽകിയത് ഇതേ ഘടകങ്ങൾ തന്നെയായിരുന്നു. ഉത്തരാധുനികസമൂഹത്തിൽ ശാസ്ത്ര സാങ്കേതിക വിജ്ഞാനം ചെലുത്തിയ സ്വാധീനം പ്രേത-മന്ത്രവാദ സങ്കല്പങ്ങൾ, യുക്തിസഹമല്ലാത്ത കുറ്റാന്വേഷണ രീതികൾ എന്നിവയിലെ ഭാവനകളെ അട്ടിമറിച്ചു.

കമ്പ്യൂട്ടറിന്റെയും മൊബൈൽ ഫോണുകളുടെയും വ്യാപനം, അതിവേഗ ഇന്റർനെറ്റിന്റെ ലഭ്യത, സൈബർ, സയൻസ്, ഫോറൻസിക്, ജനിതക പഠനങ്ങൾക്കും യുക്തിവാദ ചിന്തകൾക്കും ലഭിച്ച സ്വീകാര്യത, സമൂഹത്തിലും സാഹിത്യത്തിലും സ്ത്രീവാദ ചിന്തകൾക്ക് ലഭിച്ച പ്രാധാന്യം, 1990-കളോടെ സാഹിത്യത്തിൽ നിന്ന് സിനിമയിലേക്ക് വഴിമാറിയ കുറ്റാന്വേഷണ സാഹിത്യത്തിന്റെ നവ ചലച്ചിത്രഭാഷ്യങ്ങൾ, പ്രാദേശിക ഭാഷകളിൽ നിന്ന് ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കുമുള്ള കുറ്റാന്വേഷണകൃതികളുടെ വിവർത്തനങ്ങൾ, നെറ്റ്ഫ്ളിക്സും ആമസോൺ പ്രൈമും സൃഷ്ടിച്ച കുറ്റാന്വേഷണ വെബ്സീരീസുകളുടെ അന്താരാഷ്ട്ര റിലീസുകൾ, കാഴ്ചയുടെയും ഭാവനയുടെയും തലങ്ങളെ സാങ്കേതികവിദ്യ പുസ്തകതാളുകളിൽ നിന്നും ഡിജിറ്റൽ സ്ക്രീനിലേക്ക് പകർത്തുന്ന നവ്യാനുഭവങ്ങൾ, കുറ്റകൃത്യങ്ങൾക്കും കേസന്വേഷണങ്ങൾക്കും ആയുധങ്ങൾക്കും കൈവരുന്ന അന്താരാഷ്ട്ര ബന്ധങ്ങൾ, ഉപഭോഗസംസ്കാരത്തിലേക്കും കമ്പോളവത്കരണത്തിലേക്കും നയിക്കുന്ന കോർപ്പറേറ്റ് സംസ്കാരത്തിന്റെയും കമ്പനികളുടെയും പോരാട്ടങ്ങൾ, ആഗോളവത്കരണത്തിന്റെയും നവ ഉദാരവത്കരണത്തിന്റെയും സ്വകാര്യവത്കരണത്തിന്റെയും ഫലമായുണ്ടാകുന്ന വാണിജ്യത്തിന്റെയും മൂലധനത്തിന്റെയും സ്വതന്ത്രചലനം, സൈബറിടത്തിൽ ഡാർക്ക് വെബ്ബ് കേന്ദ്രീകരിച്ച് നടക്കുന്ന രഹസ്യവിപണികൾ, ഭാഷയിലെ അധിനിവേശങ്ങൾ, ടെക്നോളജി അന്യവത്കരിക്കുന്ന മനുഷ്യന്റെ സ്വത്വങ്ങൾ തുടങ്ങി അറിവിന്റെയും സംഘർഷങ്ങളുടെയും നവലോക പരിസരത്തുനിന്നാണ് പുതിയ കുറ്റാന്വേഷണനോവലുകൾ വായനക്കാരെ തേടുന്നത്. സൈബർ ശാസ്ത്ര കുറ്റാന്വേഷണനോവലുകൾ പ്രസക്തമാകുന്നതും ഈ സാഹചര്യത്തിലാണ്.

### കുറ്റാന്വേഷണത്തിലെ സൈബർ ഇടങ്ങൾ

ആദർശ് എസിന്റെ 'ഡാർക്ക് നെറ്റ്', വി. ജയദേവിന്റെ 'ഇട്ടിമാത്തൻ ഡയറീസ്', അനുരാഗ് ഗോപിനാഥിന്റെ 'ദി ഗെയിം ഓവർ' എന്നീ കൃതികൾ കുറ്റാന്വേഷണത്തിൽ സൈബറിടം പ്രധാന പ്രമേയമാകുന്ന നോവലുകളാണ്. ഡാർക്ക് വെബ്ബിലെ രണ്ട് രഹസ്യസംഘങ്ങൾ തമ്മിൽ പ്രതീതി സ്ഥലത്തും യഥാർത്ഥ സ്ഥലത്തും നടത്തുന്ന കുറ്റകൃത്യങ്ങളുടെയും അന്വേഷണത്തിന്റെയും കഥയാണ് ഡാർക്ക് നെറ്റ്. ഇതിൽത്തന്നെ വൈറ്റ് ഹാക്കേഴ്സ്/ഡാർക്ക് ഹാക്കേഴ്സ്, പോലീസ്/കുറ്റവാളി, കോർപ്പറേറ്റ് സ്ഥാപനങ്ങൾ/ തൊഴിലാളികൾ, ശാസ്ത്രം/മിത്ത്, രഹസ്യം/അന്വേഷണം തുടങ്ങി വിവിധ തലങ്ങളെ സംയോജിപ്പിച്ചാണ് ഇതിവൃത്തഘടനയെ നോവലിസ്റ്റ് അവതരിപ്പിക്കുന്നത്.

ഇട്ടിമാത്തൻ ഡയറീസ് ഒരു അന്താരാഷ്ട്ര തലത്തിൽ നടക്കുന്ന ഡേറ്റാ മാഫിയയുടെ കഥയാണ്. ഡാർക്ക് വെബ്ബ് കേന്ദ്രീകരിച്ച് നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഇന്റർപോളിന്റെ രഹസ്യ ഏജന്റായി ഇട്ടിമാത്തൻ എന്ന കഥാപാത്രം കടന്നുവരുന്നു. ഡാർക്ക് വെബ്ബുവഴി രഹസ്യമായി കൈമാറുന്ന ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട വിവരങ്ങൾ (data) എങ്ങനെ ലോകത്തിലെ ജനാധിപത്യത്തെ, ആരോഗ്യസംവിധാനങ്ങളെ, ജീവിതരീതിയെ അട്ടിമറിക്കുന്നുവെന്ന് ഇട്ടിമാത്തൻ ഡയറീസ് ചർച്ച ചെയ്യുന്നു. വർത്തമാനകാല സാഹചര്യങ്ങളെയും ഭാവിയെയും മുന്നിൽ കണ്ടുള്ള ആഖ്യാനരീതി ശാസ്ത്രസാങ്കേതിക നോവലുകളുടെ ഭാവിയിലേക്കുള്ള ദിശാസൂചികയാണ്. ദി ഗെയിം ഓവർ കമ്പ്യൂട്ടർ ഗെയിമുകൾ കുട്ടികളിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ അപകടകരമായ വശങ്ങളെ ചൂണ്ടിക്കാട്ടുന്ന കൃതിയാണ്. ടൈംലൂപ്പ് എന്ന ശാസ്ത്രപ്രതിഭാസവും ഡാർക്ക് വെബ്ബിന്റെ രഹസ്യാത്മകതയും കുട്ടികളുടെ ജീവിതത്തിൽ ടെക്നോളജി സൃഷ്ടിക്കുന്ന സംഘർഷങ്ങളും പ്രശ്നവത്കരിക്കുന്ന നോവലാണിത്.

വി. ജയദേവിന്റെ ഇട്ടിമാത്തൻ നോവൽ ത്രയത്തിലെ ‘ചുംബന സമയ’ത്തിനു ശേഷം പ്രസിദ്ധീകരിച്ച കൃതിയാണ് ഇട്ടിമാത്തൻ ഡയറീസ്. ഉത്തരാധുനിക ശാസ്ത്രനോവലിന്റെ ആഖ്യാനമാതൃകയിൽ എഴുതിയ കൃതിയാണ് ചുംബനസമയം. സയൻസ് ഫിക്ഷനും സൈബർ ഫിക്ഷനും തമ്മിലുള്ള ബന്ധത്തിന്റെ കൃത്യമായ ഉദാഹരണമാണ് ഈ കൃതി. സയൻസിന്റെയും സാങ്കേതികവിദ്യയുടെയും വളർച്ചയിൽ അഭിരമിക്കുന്ന മനുഷ്യസമൂഹത്തെയും അവരുടെ ഇടയിൽ സംഭവിക്കാൻ സാധ്യതയുള്ള കുറ്റകൃത്യങ്ങളെയും കണ്ടെത്താനും നിയന്ത്രിക്കാനും നിയമിതനായ കുറ്റാന്വേഷകനാണ് ഇട്ടിമാത്തൻ. കോട്ടയം പുഷ്പനാഥ് സൃഷ്ടിച്ച ഡിറ്റക്ടീവ് മാർക്സിനും പുഷ്പരാജിനും അൻവർ അബ്ദുള്ള സൃഷ്ടിച്ച ശിവശങ്കർ പെരുമാളിനും ശേഷം തുടർകൃതികളിലൂടെ കഥാപാത്രമാകുന്ന കുറ്റാന്വേഷകനെയാണ് ഇട്ടിമാത്തനിലൂടെ വി. ജയദേവ് സൃഷ്ടിച്ചത്. ഒരു നോവലിലെ കഥാപാത്രങ്ങൾതന്നെ എഴുത്തുകാരന്റെ അടുത്ത നോവലിലും വരുന്ന രീതി പുതിയ കുറ്റാന്വേഷണ കൃതികളിലും കാണാം. ലാജോ ജോസിന്റെയും ശ്രീപാർവതിയുടെയും ഋതുപർണ്ണയുടെയും കൃതികളിലെ കഥാപാത്രസൃഷ്ടി ഇതിന് ഉദാഹരണമാണ്.

യഥാർത്ഥലോകത്തിന് സമാന്തരമായി ഇന്റർനെറ്റിലൂടെയും നവമാധ്യമങ്ങളിലൂടെയും സൃഷ്ടിച്ച പ്രതീതിലോകം നോവലിന്റെ ‘സ്ഥല’മായി മാറുന്നു. കുറ്റകൃത്യങ്ങൾ, ഒളിഞ്ഞുനോട്ടങ്ങൾ, മോഷണം, ആൾമാറാട്ടം,

ആശയസംവേദനം, വിപണി, വിവരശേഖരണം, ലൈംഗികത, അത്മരതി, ഭയം, അധികാരം, രാഷ്ട്രീയം എന്നിങ്ങനെ സമൂഹത്തിൽ നടക്കുന്ന എല്ലാ കാര്യങ്ങളും പ്രതീതിലോകത്തും സംഭവിക്കുന്നുണ്ട്. സ്ഥലത്തിന്റെ അട്ടിമറി ഇട്ടിമാത്തൻ ഡയറീസിനെ വ്യത്യസ്തമാക്കുന്നു. കുന്നംകുളത്തുനിന്ന് ആരംഭിച്ച് നിരവധി ഗ്യാലക്സികൾക്കപ്പുറമുള്ള ഗ്രഹങ്ങളിൽ വരെ എത്തിനിൽക്കുന്ന സ്ഥലഘടന നോവലിന്റെ ദേശസങ്കല്പത്തെ തകിടം മറിക്കുന്നു. 1960 കളിലും 70 കളിലും കുറ്റാന്വേഷണനോവലുകൾ പാശ്ചാത്യ മാതൃകകളെ അനുകരിച്ച് സൃഷ്ടിച്ച വിദേശ സാങ്കല്പിക സ്ഥലഭാവനയിൽ നിന്നും വ്യത്യസ്തമാണ് പുതിയ കുറ്റാന്വേഷണനോവലുകളിലെ പ്രദേശങ്ങൾ. ആഗോളവത്കരണവും ഇന്റർനെറ്റും സൃഷ്ടിച്ച ഏകീകൃത ലോകസങ്കല്പവും ആഗോളപൗരനെന്ന മനുഷ്യാവസ്ഥയുമാണ് ഉത്തരാധുനികനോവലിന്റെ സ്ഥലസങ്കല്പത്തെ വ്യത്യസ്തമാക്കുന്നത്. സയൻസ് ഫിക്ഷനുകൾ ചെലുത്തിയ സ്വാധീനം സൃഷ്ടിച്ച ഉട്ടോപ്യൻ ഡിസ്റ്റോപ്യൻ ഭാവനകളും സൈബർ ഫിക്ഷനുകളുടെ സവിശേഷതയാണ്.

സൈബർ കുറ്റാന്വേഷണനോവലുകളുടെ പ്രധാന ഇതിവൃത്തം ഡാർക്ക് വെബ്ബുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. “ഡാർക്ക് വെബിനെ പൊതുവേ ഇന്റർനെറ്റിന്റെ ‘ഈവിൾ ട്വിൻ’ എന്നാണ് വിശേഷിപ്പിക്കുന്നത്. പ്രതിദിനം ചുരുങ്ങിയത് 5 ലക്ഷം യു. എസ് ഡോളറിന്റെ സാമ്പത്തിക ഇടപാടുകൾ നടക്കുന്നുണ്ടെന്നാണ് കരുതപ്പെടുന്നത്”(ആദർശ് എസ്.വി, 2019: 37). ഇട്ടിമാത്തൻ ഡയറീസും ഡാർക്ക് നെറ്റും ദി ഗെയിം ഓവറും ഡാർക്ക് വെബ്ബിന്റെ രഹസ്യവിപണിയുടെ വ്യത്യസ്ത തലങ്ങളെയാണ് അവതരിപ്പിക്കുന്നത്. മൂന്ന് നോവലുകളും കൈകാര്യം ചെയ്യുന്ന വിഷയം മലയാള കുറ്റാന്വേഷണനോവലുകളിൽ പരിചിതമല്ലാത്ത ഒരു ഇടത്തെയും ആഖ്യാനമാതൃകയെയും മുന്നോട്ടുവയ്ക്കുന്നു.

വേൾഡ് വൈഡ് വെബ്ബിലെ സർഫസ് വെബ്ബ് ദിനംപ്രതി ഉപയോഗിക്കാൻ ശീലിച്ച മലയാളികൾക്ക് ഡീപ് വെബ്ബിനെക്കുറിച്ചുള്ള അജ്ഞത ഡാർക്ക് വെബ്ബ് അഥവാ ഡാർക്ക് നെറ്റിനെക്കുറിച്ചുള്ള മിഥ്യാധാരണകളെ ഭയത്തിന്റെയും സംശയത്തിന്റെയും നിഴലിൽ നിർത്തി. സാമൂഹ്യമാധ്യമങ്ങളിലൂടെ നേടിയെടുത്ത മാധ്യമസാക്ഷരതയുടെ പരിമിതികളാണിതിനു കാരണം. ഡാർക്ക് നെറ്റിന്റെ പ്രവർത്തനത്തെ യക്ഷിക്കഥകൾക്കു സമാനമായി ഭയപ്പെടുത്തി അവതരിപ്പിക്കുന്ന രീതി നിലവിലുണ്ട്. പേരിൽതന്നെ ഇരുട്ടുകൊണ്ട് മറച്ചുപിടിക്കുന്ന, മാന്ത്രികനോവലുകളിൽ കാണുന്ന ആഭിചാരത്തിന്റെയും ക്രൂരതയുടെയും വിളനിലങ്ങളായ, കൊലപാതകങ്ങളും ലൈംഗികതയും

ഭീകരകുറ്റകൃത്യങ്ങളും നടനമാടുന്ന പ്രേതഭവനമാണ് ഡാർക്ക് നെറ്റ്. ഫെയ്ക്ക് ഐഡി ഇല്ലാതെ ഒറ്റയ്ക്ക് കയറിചെല്ലാൻ കഴിയാത്ത ഇടം, നക്തഞ്ചരന്മാരുടെ വിളയാട്ടസ്ഥലം, പോലീസ് എപ്പോഴും നിരീക്ഷിക്കുന്ന സ്ഥലം, ഒരിക്കൽ കയറിയാൽ നമ്മുടെ എല്ലാ വിവരങ്ങളും ചോർത്തിയെടുത്ത് മരണത്തിലേക്ക് നയിക്കുന്ന ഇടം എന്നിങ്ങനെ ഡാർക്ക് നെറ്റിനെക്കുറിച്ചുള്ള മലയാളി ഭാവന നിറംപിടിപ്പിച്ച കഥകളുടെ വാമൊഴികളായി സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിക്കുന്നത് കാണാം. സൈബർ കുറ്റാന്വേഷണ കൃതികളുടെ പ്രസക്തിയും സാധ്യതയും ഭാവിയും മലയാളിയുടെ ഇത്തരം ഭാവനയിൽ നിന്നാണ് ഉരുവം കൊള്ളുന്നത്. ഡാർക്ക് നെറ്റ് നോവലിന്റെ ആമുഖം തന്നെ ഇത് വ്യക്തമാക്കുന്നു.

വ്യക്തികൾക്ക് ലഭിക്കുന്ന സ്വകാര്യതയാണ് ഡാർക്ക് വെബ്ബിന്റെ പ്രധാന ആകർഷണം. "ആരിൽ നിന്നും കാണാതെ ഏറ്റവും സുരക്ഷിതമായി ഒളിക്കാൻ കഴിയുന്ന സ്ഥലം എല്ലാവരും നോക്കുന്ന ഇടം തന്നെ. അത്തരമൊരു സ്ഥലമുണ്ടാവും നിങ്ങളുടെ കൺവെട്ടത്തുതന്നെ" (ജയദേവ് വി., 2019: 78). മറഞ്ഞിരുന്ന് സാമൂഹികവ്യവഹാരങ്ങളിൽ ഇടപെടാൻ കഴിയുന്ന ഇന്റർനെറ്റിന്റെ സ്വകാര്യയിടമാണ് ഡാർക്ക് നെറ്റ്. ഡാർക്ക് വെബ്ബിനെക്കുറിച്ചുള്ള ശരിയായ വസ്തുതകൾ സാധാരണ വായനക്കാർക്ക് മനസ്സിലാകുന്ന രീതിയിലാണ് ആദർശ് ഡാർക്ക് നെറ്റിന്റെ ഇതിവൃത്ത ഘടനയെ ക്രമീകരിച്ചിരിക്കുന്നത്. ഇട്ടിമാത്തൻ ഡയറീസിൽ ഡാർക്ക് വെബ്ബിനെ കൂടുതൽ വികസിതമായ ഒരു കാഴ്ചപ്പാടിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ഡാർക്ക് നെറ്റ് വായിച്ചതിനുശേഷം ഇട്ടിമാത്തൻ ഡയറീസിലേക്ക് കടക്കുന്ന ഒരു വായനക്കാരന് സാങ്കേതികത്വത്തിന്റെ ആശങ്കകളില്ലാതെ വായനാക്ഷമമായ ഒരു അനുഭവം ലഭ്യമാകും. ദി ഗെയിം ഓവറിൽ ചർച്ചയാകുന്ന വിഷയങ്ങളും ഡാർക്ക് വെബ്ബ് കേന്ദ്രീകരിച്ചുള്ള കുറ്റകൃത്യമായതുകൊണ്ട് ഇതേ വായനാരീതി പിന്തുടരുന്നത് സഹായകരമാണ്.

സൈബർ ഇതിവൃത്തം പ്രമേയമാകുന്ന കൃതികളെ പൊതുവേ വിശേഷിപ്പിക്കുന്ന സൈബർപങ്ക് (cyber punk) എന്ന പ്രയോഗം മലയാള നോവലുകൾക്ക് എത്രത്തോളം യോജിക്കും എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. മനുഷ്യനും സാങ്കേതികവിദ്യയും യന്ത്രങ്ങളും സൈബോർഗുകളും സയൻസും തമ്മിലുള്ള ഇടപെടലുകളും സംഘർഷങ്ങളുമാണ് സൈബർപങ്ക് ഫിക്ഷനുകളെ ചലിപ്പിക്കുന്നത്. "മനുഷ്യൻ സൃഷ്ടിച്ചെടുത്ത ഒന്ന് അവന്റെ ബുദ്ധിക്ക് മുകളിലേക്കും സഞ്ചരിക്കുകയും മനുഷ്യരെ ആകമാനം വെല്ലുവിളിക്കുകയും

ചെയ്യുന്നൊരു ദിവസത്തെ ശാസ്ത്രലോകം ആകാംക്ഷയോടും അതീവ ശ്രദ്ധയോടുകൂടെയും നിരീക്ഷിക്കുന്നുണ്ട്"(റിഹാൻ റാഷിദ്, 2021: 34). ഇത്തരമൊരു സാഹചര്യത്തെ ഭാവനാത്മകമായി സൃഷ്ടിക്കുന്ന സാഹിത്യമാണ് പൊതുവിൽ സൈബർപങ്കുകളുടെ പ്രമേയം. സൈബർനോവലുകളായി മലയാളത്തിൽ ശ്രദ്ധനേടിയ കൃതികൾ ടെക്നോളജി സൃഷ്ടിക്കുന്ന അപരവത്കരണത്തിലും സ്വത്വസംഘർഷങ്ങളിലുമാണ് ശ്രദ്ധയൂന്നുന്നത്. എന്നാൽ സൈബർ കുറ്റാന്വേഷണനോവലുകൾ ഇതിൽനിന്നും വ്യത്യസ്തമായി വികസിതവും പുരോഗമനപരവുമായ ഒരു ടെക്നോളജിക്കൽ സമൂഹത്തെയാണ് കൃതികളിൽ വിഭാവനം ചെയ്യുന്നത്.

ഉത്തരാധുനിക നോവൽ നേരിടുന്ന പ്രധാന പ്രതിസന്ധി ഇതിവൃത്തത്തിലെ നവീനതയാണ്. പുതുമ നിരന്തരമായി ആവശ്യമാകുന്ന സാഹിത്യശാഖ എന്ന നിലയിൽ എഴുത്തുകാരൻ അവതരിപ്പിക്കുന്ന വിഷയത്തിന്റെ പ്രസക്തി കാലഘട്ടത്തിന്റെ നൈരന്തര്യത്തിന് അനുരൂപമാണോ എന്നത് പ്രസക്തമാണ്. ഇന്നിന്റെ വർത്തമാനങ്ങളെ അടയാളപ്പെടുത്തുമ്പോഴും ഭാവിയുടെ സാധ്യതകളെ എത്രത്തോളം ദീർഘവീക്ഷണത്തോടെ ഉൾച്ചേർക്കാൻ സാധിക്കുന്നു എന്നതാണ് സൈബർ സയൻസ് ഫിക്ഷന്റെ പ്രത്യേകത. ഇത്തരമൊരു ചിന്ത സൈബർ കുറ്റന്വേഷണനോവലുകളിലും പ്രധാനമാണ്. കുറ്റാന്വേഷണനോവലുകൾ ഇതിൽ ചെലുത്തുന്ന ജാഗ്രതയും സൂക്ഷ്മതയും പ്രവചനാത്മക സാഹിത്യമെന്ന വിശേഷണത്തിലേക്ക് കൃതികളെ നയിക്കുന്നു. ഡാർക്ക് നെറ്റും ഇട്ടിമാത്തൻ ഡയറീസും ചുംബനസമയവും ദി ഗെയിം ഓവറും ഇത് സാക്ഷ്യപ്പെടുത്തുന്നു.

വളരെ വേഗത്തിൽ സഞ്ചരിക്കുന്ന ഒരു ലോകവും അതിനോടൊപ്പം ഓടിയെത്താൻ ശ്രമിക്കുന്ന മനുഷ്യരുടെ സംഘർഷങ്ങളുമാണ് ഇന്നത്തെ കാലത്തിന്റെ ജീവിതഗതിയെ പ്രശ്നവത്കരിക്കുന്നത്. കുതറിമാറും തോറും വലിച്ചടിപ്പിക്കുന്ന കാന്തികവലയമാണ് ടെക്നോളജിയുടേത്. "സാങ്കേതികവിദ്യയുടെ ആസക്തിക്ക് അടിമപ്പെട്ട ഒരു സത്ത ഉത്തരാധുനിക സംസ്കാരത്തിന്റെ മനഃശാസ്ത്രപരമായ ലക്ഷണമാണെന്ന"(അപ്പൻ കെ.പി, 1997:27) നിരീക്ഷണം പ്രസക്തമാണ്. ഇന്റർനെറ്റ് കേന്ദ്രീകരിച്ച് നിർമ്മിതമായ പ്രതീതിലോകം മുന്നോട്ടുവയ്ക്കുന്ന സാധ്യതകൾ പൊതുസമൂഹത്തിന് ബദലായ ഒരു സമൂഹത്തെയും ആഗോളപൗരനെയും സൃഷ്ടിച്ചു. ഓൺലൈൻ/ഓഫ്ലൈൻ വേർതിരിവുകൾ അപ്രസക്തമാകുന്ന പുതിയ കാലത്ത് യഥാർത്ഥലോകത്ത് നടക്കുന്ന സംഭവങ്ങൾക്ക് പ്രതീതി സമൂഹത്തിലും തുടർച്ചകൾ ഉണ്ടാകുന്നു. മനുഷ്യരുടെ

സാങ്കേതിക അറിവുകളിലുള്ള അജ്ഞതയെ ചൂഷണം ചെയ്ത് നടത്തുന്ന കുറ്റകൃത്യങ്ങളുടെയും ഒളിച്ചുകടത്തുന്ന രഹസ്യങ്ങളുടെയും സാമ്പത്തിക ക്രയ വിക്രയങ്ങളിലെ പണത്തിന്റെ അധികാരത്തെ തിരുത്തിയെഴുതുന്ന ക്രിപ്റ്റോ കറൻസികളുടെ വ്യാപനം സൃഷ്ടിക്കുന്ന പ്രശ്നങ്ങളും ദേശസുരക്ഷ, തീവ്രവാദം, മനുഷ്യക്കടത്ത്, മയക്കുമരുന്ന് വിപണനം, ആയുധക്കച്ചവടം, സൈബർ യുദ്ധങ്ങൾ തുടങ്ങി സൈബർ ലോകത്ത് സംഭവിക്കുന്ന നിശബ്ദ പോരാട്ട ങ്ങൾ നിരവധിയാണ്. ഇവയെല്ലാം മലയാളസാഹിത്യത്തിൽ, വിശേഷിച്ച് കുറ്റാന്വേഷണസാഹിത്യത്തിന് നൽകുന്ന സാധ്യത അനന്തമാണ്. കൂടുതൽ വൈജ്ഞാനികത ആവശ്യമുള്ള എഴുത്തിന്റെ പുതിയ ഒരു ഇടം സൈബർഭാ വനയിലൂന്നിയ സാഹിത്യം എഴുത്തുകാർക്കും വായനക്കാർക്കും നൽകുന്നു.

ക്രൂരമായ കൊലപാതകങ്ങളും ആയുധങ്ങളും ബലാത്സംഗവും പണമിട പാടും കൊണ്ട് അധോലോക രാജാക്കന്മാരായി മാറുന്ന കഥാപാത്രങ്ങളാണ് ഇതുവരെ ഉണ്ടായിരുന്നത്. ഇതിൽനിന്ന് വ്യത്യസ്തമായി ഉയർന്ന സാങ്കേതി കവിദ്യാഭ്യാസം നേടിയ ഹാക്കേഴ്സും പ്രോഗ്രാമേഴ്സും നിയന്ത്രിക്കുന്ന, ക്രിപ്റ്റോ കറൻസികൊണ്ട് ലോകത്തിന്റെ ഭാവി തീരുമാനിക്കുന്ന സംഘങ്ങളുള്ള സൈബർ അധോലോകത്തിന്റെ കഥകളാണ് കുറ്റാന്വേഷണനോവലിന്റെ ഭാവിയെ മുന്നോട്ടു നയിക്കുന്നത്. ടെക്നോളജി ജീവിതത്തിലും സംസ്കാരത്തി ലും വരുത്തുന്ന മാറ്റങ്ങൾ കുറ്റകൃത്യങ്ങളെയും കേസ് അന്വേഷണങ്ങളെയും ശിക്ഷാരീതിയെയും സ്വാധീനിക്കുന്നു. പുരാവസ്തു വിൽപ്പന, ചൈൽഡ് പോണോഗ്രാഫി, ഓൺലൈൻ വാതുവയ്പ്പുകൾ, ഗെയിമുകൾ, ബിറ്റ്കോയിൻ വിനിമയങ്ങൾ, മാരകശേഷിയുള്ള ലഹരിമരുന്നിന്റെ ഇടപാടുകൾ, ഡേറ്റാ മോഷണം, ഹാക്കിങ് തുടങ്ങിയവ അപഹരിക്കുന്ന മനുഷ്യന്റെ സമയം, സമ്പത്ത്, സ്വാതന്ത്ര്യം, സാമൂഹികജീവിതം എന്നിവയ്ക്ക് സുരക്ഷയൊരുക്കുക എന്നതാണ് കുറ്റാന്വേഷകൻ നേരിടുന്ന പ്രധാന വെല്ലുവിളി. ഇവിടെയാണ് വ്യക്തികേന്ദ്രിതമായ നായകസങ്കല്പം സൈബർ കുറ്റാന്വേഷണ നോവലുക ളിൽ അട്ടിമറിക്കു വിധേയമാകുന്നത്.

സംഘടിതമായി നടക്കുന്ന സൈബർ കുറ്റകൃത്യങ്ങളെ കണ്ടെത്താനും നിയന്ത്രിക്കാനും ഒരു അന്വേഷണസംഘമാണ് നായകസ്ഥാനത്ത് ഉണ്ടാ യിരിക്കുക. അവരെ സഹായിക്കാൻ സമാന്തര അന്വേഷണം നടത്തുന്ന കഥാപാത്രങ്ങളും കടന്നു വരുന്നു. ഇന്റർനെറ്റ് ലോകം സൃഷ്ടിച്ച കൂട്ടായ്മയുടെയും പങ്കുവെയ്ക്കലിന്റെയും സാധ്യതകൾ മറ്റൊരു തരത്തിൽ കുറ്റകൃത്യങ്ങൾക്കും കേസന്വേഷണത്തിനും സഹായകരമാകുന്നു. ഡാർക്ക് നെറ്റിലും ഗെയിം

ഓവറിലും പോലീസ് അന്വേഷണസംഘം നായകസ്ഥാനം വഹിക്കുന്നു. അവരെ സഹായിക്കാൻ ശാസ്ത്ര, സാങ്കേതിക വിജ്ഞാനമുള്ള കഥാപാത്രങ്ങൾ അന്വേഷണാത്മകതയുടെ പുതിയ സാധ്യതകൾ പരീക്ഷിക്കുന്നു. ഇട്ടിമാത്തൻ ഡയറീസിലെ നായകൻ ഇതിൽ നിന്നും വ്യത്യസ്തനാണ്. യുക്തിക്ക് നിരക്കാത്ത അമാനുഷികത പ്രകടിപ്പിക്കുന്ന കഥാപാത്രമായി ഇട്ടിമാത്തൻ പലപ്പോഴും മാറുന്നു. ലോകത്തുള്ള എല്ലാ അറിവുകളും സ്വായത്തമാക്കിയ ഇന്റർപോളിന്റെ പ്രധാന രഹസ്യാന്വേഷകൻ എന്ന വിശേഷണത്തിൽ ഒതുക്കാൻ കഴിയാത്ത ഒരു അമാനുഷികത നോവലിലെ കുറ്റാന്വേഷണത്തെ ദുർബലപ്പെടുത്തുന്നുണ്ട്.

സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം നേരിടുന്ന പ്രധാന വെല്ലുവിളി എതിരാളിയുടെ സാങ്കേതിക അറിവിന്റെ കരുത്താണ്. അതിനൊപ്പം എത്താൻ നായക സംഘത്തിനോ നായകനോ കഴിയുന്നത് എങ്ങനെയെന്നുള്ള യുക്തിസഹമായ അവതരണമാണ് കുറ്റാന്വേഷണത്തെ മനോഹരവും ആസ്വാദ്യകരവുമാക്കുന്നത്. എഴുത്തുകാരൻ മാത്രമല്ല, വായനക്കാരനും വിവിധ വിജ്ഞാനമേഖലകളിലെ അറിവുകളെക്കൂടി സ്വായത്തമാക്കുന്നതിന്റെ അനിവാര്യതയിലാണ് ഇന്ന് സാഹിത്യാസ്വാദനം നിലനിൽക്കുന്നത്. സൈബർ നോവലുകളിൽ കഥാപാത്രങ്ങൾ ഒരേ സമയം വായനക്കാരോടും കമ്പ്യൂട്ടറിനോടും സംവദിക്കുമ്പോൾ യന്ത്രഭാഷയാണ് ആഖ്യാനത്തെ നയിക്കുന്നത്. പ്രോഗ്രാമിങ് ഭാഷയുടെ സാങ്കേതികത്വം വായനക്കാരെ പലപ്പോഴും സന്ദേഹങ്ങളിലേക്ക് നയിക്കാനുള്ള സാധ്യതയുണ്ട്. സൈബർ യുദ്ധങ്ങൾ, മാൽവെയർ, വൈറസ് ആക്രമണം, ശാസ്ത്ര പ്രതിഭാസങ്ങളെക്കുറിച്ചുള്ള പുതിയ പരീക്ഷണങ്ങൾ, ക്വാണ്ടം ക്രിപ്റ്റോഗ്രാഫി, ഹാക്കിങ്, കമ്പ്യൂട്ടർ ചരിത്രം, ഇന്റർനെറ്റ് ശൃംഖല തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട നിരവധി വാക്കുകൾ, പ്രയോഗങ്ങൾ ഇട്ടിമാത്തൻ ഡയറീസിലും ഡാർക്ക് നെറ്റിലും ദി ഗെയിം ഓവറിലും കാണാം. ഇന്റർനെറ്റിലെ പല കാര്യങ്ങളോടുമുള്ള മലയാളിയുടെ അപരിചിതത്വമാണ് പ്രോഗ്രാമിങ്ങിന്റെയും ഹാക്കിങ്ങിന്റെയും നോവലിലെ സാങ്കേതികവശങ്ങളെ കുറിക്കുന്ന കമ്പ്യൂട്ടർ ഭാഷയുടെ പ്രയോഗത്തെ വായനാക്ഷമമല്ലാതാക്കുന്നത്. ഓരോ അധ്യായങ്ങളിലും ഉപയോഗിച്ചിട്ടുള്ള നൂതനസങ്കേതങ്ങളെക്കുറിച്ച് വിശദമായി പരിചയപ്പെടുത്തുന്ന പുസ്തകങ്ങളുടെ പേരുകൾ ഇട്ടിമാത്തൻ ഡയറീസിലെ അധ്യായങ്ങളുടെ അവസാന ഭാഗത്ത് അധികവായനയ്ക്ക് എന്ന പേരിൽ നൽകിയിട്ടുണ്ട്.

കുറ്റാന്വേഷണ നോവലിന്റെ നവതരംഗത്തിൽ ജനപ്രിയത നേടിയ ലാജോ ജോസിന്റെയും ശ്രീപാർവതിയുടെയും പ്രവീൺ ചന്ദ്രന്റെയും റിഹാൻ റാഷിദിന്റെയും നോവലുകളിലെ ഭാഷയിൽ നിന്നും വ്യത്യസ്തമാണ് ഡാർക്ക് നെറ്റും ഇട്ടിമാത്തൻ ഡയറീസും മുന്നോട്ടു വയ്ക്കുന്ന ആഖ്യാനത്തിലെ ഭാഷാഘടന. ഒരേസമയം കുറ്റാന്വേഷണവും ശാസ്ത്രനോവലും സൈബർ ഫിക്ഷനുമായി നിലനിൽക്കാൻ ശ്രമിക്കുമ്പോൾ കുറ്റാന്വേഷണനോവലുകളിലെ ജനപ്രിയഘടകമായ ഒഴുക്കൻ മട്ടിലുള്ള തെളിഞ്ഞ ഭാഷയുടെ പ്രയോഗം ഇവിടെ അന്യമാകുന്നു. സാങ്കേതികതയിൽ ഊന്നിയുള്ള ഭാഷാവിശദീകരണങ്ങളിലും യുക്തിപരതയിലും പ്രയോഗരീതികളിലും ചെലുത്തുന്ന നിഷ്കർഷത ശാസ്ത്ര- സൈബർ നോവലുകളുടെ പ്രത്യേകതയാണ്. സാങ്കേതിക ഭാഷയോട് വായനക്കാർ എങ്ങനെ താദാത്മ്യപ്പെടുന്നു എന്നതിനനുസരിച്ചാണ് കൃതി വായനാക്ഷമമാകുന്നത്.

ഇട്ടിമാത്തൻ നിർമ്മിച്ച 'കാട്ടുകടന്നൽ' സെർച്ച് എഞ്ചിൻ മുതൽ പ്രധാന ആയുധമായ എതിരാളികളുടെ ഓർമ്മയെ മായ്ച്ചു കളയുന്ന ബയോറോബോട്ടുകൾ വരെ ശാസ്ത്രത്തിന്റെയും സൈബർ സാങ്കേതികവിദ്യയുടെയും യുക്തിസഹമായ സങ്കേതങ്ങൾ ഉപയോഗിച്ചാണ് വി. ജയദേവ് അവതരിപ്പിച്ചിരിക്കുന്നത്. ഡാർക്ക് നെറ്റ് നോവലിലെ ഹാക്കിങ്ങുമായി ബന്ധപ്പെട്ട വിശദീകരണങ്ങൾ, സൈബർ ആക്രമണങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ, ഗെയിം ഓവറിലെ ടൈംലൂപ്പിനെക്കുറിച്ചുള്ള ചർച്ചകൾ തുടങ്ങിയവയും സാങ്കേതിക ഭാഷയുടെ സഹായത്താലാണ് കൃത്യതയോടെ അവതരിപ്പിച്ചിട്ടുള്ളത്. നെറ്റിസെൻസ്, സൈബർ ഒടിവിദ്യ, സൈബർ ക്വാറന്റീൻ തുടങ്ങിയ പുതിയ പ്രയോഗങ്ങളും വെബ്ബുമായും ബ്രൗസിങ്ങുമായും ബന്ധപ്പെട്ട സാങ്കേതിക പദങ്ങളും ഇട്ടിമാത്തൻ ഡയറീസിന്റെ പ്രത്യേകതകളാണ്. വായനക്കാർ നേരിടുന്ന സാങ്കേതികപദത്തോടുള്ള അപരിചിതത്വം നോവൽ വായനയെ ബാധിക്കുന്നുണ്ട്. ജനപ്രിയ സാഹിത്യത്തിലെ സയൻസ് ഫിക്ഷനിൽ കുറ്റാന്വേഷണപരത കൂട്ടിയോജിപ്പിച്ചപ്പോൾ ലഭിക്കാതെ പോയ ജനസ്വീകാര്യത സൈബർ കുറ്റാന്വേഷണ നോവലുകളുടെ കാര്യത്തിൽ സംഭവിക്കാൻ ഇടയില്ല എന്ന് വിശ്വസിക്കാം.

ചുംബനസമയത്തിലും ഇട്ടിമാത്തൻ ഡയറീസിലും വായനയ്ക്ക് പ്രതിരോധം സൃഷ്ടിക്കുന്ന ചില ഘടകങ്ങളുണ്ട്. അനാവശ്യമായ വിവരണങ്ങൾ, ആവർത്തിക്കുന്ന വാക്യങ്ങൾ, ആശയങ്ങൾ, ഇതിവൃത്ത ഘടനയെ മുന്നോട്ടു കൊണ്ടുപോകാൻ നടത്തുന്ന അലസമായ എഴുത്തുശൈലി തുടങ്ങിയവ

സ്വാഭാവിക വായനയെ തടസ്സപ്പെടുത്തുന്നു. ഇംഗ്ലീഷും മലയാളവും കലർത്തിയുള്ള എഴുത്തുശൈലി, സാങ്കേതികമായ കാര്യങ്ങൾ അവതരിപ്പിക്കുമ്പോഴും അത് കഥാഘടനയെ സഹായിക്കുന്നതാണോ എന്ന ചിന്തയില്ലായ്മ എന്നിവയും പ്രധാനമാണ്. ശാസ്ത്ര- സൈബർ നോവലുകളായി നിലനിൽക്കുമ്പോഴും വായനാക്ഷമതയ്ക്ക് അനുയോജ്യമായ രീതിയിൽ അവതരിപ്പിക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകേണ്ടിയിരുന്നു. കൈകാര്യം ചെയ്യുന്ന മേഖലയിലെ സാങ്കേതിക കാര്യങ്ങളെ ലളിതമായി വായനക്കാർക്ക് യുക്തിസഹമായി മനസ്സിലാക്കാൻ സഹായിക്കുന്ന കുറ്റാന്വേഷണ നോവലുകളും മലയാളത്തിൽ ഉണ്ടാകുന്നുണ്ട്. രജിത് ആർ എഴുതിയ 'ഒന്നാം ഫോറൻസിക് അദ്ധ്യായം' ആദർശിന്റെ ഡാർക്ക് നെറ്റ് എന്നീ നോവലുകൾ ഉദാഹരണങ്ങളാണ്.

സൈബർ ക്രൈം ഫിക്ഷനുകൾക്ക് സയൻസ് ഫിക്ഷൻ, ടെക്നോളജി, വിവിധ വിജ്ഞാന ശാഖകൾ എന്നിവയുമായി അഭേദ്യമായ ബന്ധമാണുള്ളത്. കുറ്റാന്വേഷണ നോവലുകളിൽ ടെക്നോളജിയെക്കുറിച്ചുള്ള ചർച്ചകൾ ഭാവികാലത്തിന്റെ സാധ്യതകളിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കമ്പ്യൂട്ടർ മലയാളികൾക്ക് ചിരപരിചിതമാകുന്നതിന് മുൻപ് തന്നെ കോട്ടയം പുഷ്പനാഥിന്റെ 'കമ്പ്യൂട്ടർ ഗേൾ' എന്ന കൃതി ഇറങ്ങിയിരുന്നു. കമ്പ്യൂട്ടർ പറയുന്നതിനനുസരിച്ച് കൊലപാതകങ്ങൾ നടത്തുന്ന ഒരു സ്ത്രീ കഥാപാത്രം ഈ നോവലിലുണ്ട്. ടെക്നോളജിയും ഭാവനയും കൂടിച്ചേരുന്ന കഥാപരിസരം മലയാളസാഹിത്യത്തിൽ അന്യമല്ല. ഡാർക്ക് നെറ്റിലും ഇട്ടിമാത്തൻ ഡയറീസിലും ചുംബനസമയത്തിലും ഗെയിം ഓവറിലും പ്രമേയമാകുന്ന ടെക്നോളജിയും ശാസ്ത്രവുമായും ബന്ധപ്പെട്ട കാര്യങ്ങളെല്ലാം സാങ്കേതികവിദ്യയിൽ വളരെയധികം മുന്നോട്ട് സഞ്ചരിച്ച കഴിഞ്ഞ മനുഷ്യന്റെ ജീവിതാവസ്ഥകളെയാണ് പ്രതിനിധാനം ചെയ്യുന്നത്. മുൻധാരണകൾക്ക് വിപരീതമായോ പരിമിതമായ ലോകാവബോധത്തിന് എതിരായോ പുതിയ കാഴ്ചപ്പാടുകളെ അവതരിപ്പിക്കുന്നതാകണം സൈബർ നോവലുകൾ.

## കുറ്റാന്വേഷണത്തിലെ സ്ത്രീസാന്നിധ്യം

പാശ്ചാത്യ സൈബർ കുറ്റാന്വേഷണ കൃതികൾ മധ്യവർഗ്ഗ ജീവിതം നയിക്കുന്ന മനുഷ്യരുടെ കാഴ്ചപ്പാടിലൂടെയാണ് ടെക്നോളജിയുമായി ബന്ധപ്പെട്ട പ്രമേയങ്ങളെ നോവലിൽ അവതരിപ്പിച്ചത്. സ്ത്രീകളുടെ ജീവിതത്തിൽ ടെക്നോളജി ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് പലപ്പോഴും ഇത്തരം നോവലുകൾ മൗനം പുലർത്തി. സാങ്കേതികവിദ്യ സംസ്കാരത്തിൽ മാറ്റം വരുത്തുമ്പോഴും അത് കേവലം പുരുഷന്റെ ചിന്തകളെയും ജീവിതത്തെയും

മാത്രം സ്വാധീനിക്കുന്നതെങ്ങനെയെന്ന് സൈബർ ഫിക്ഷനുകൾ ചർച്ച ചെയ്തു. റോബോട്ടുകളുടെ രൂപീകരണത്തിൽ പോലും രൂപസാദൃശ്യം പുരുഷന്റേതിനു സമാനമായിരുന്നു. സ്ത്രീകൾ എഴുത്തുകാരായി സൈബർ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ ആരംഭിച്ചപ്പോഴാണ് ഈ പ്രവണതയ്ക്ക് മാറ്റം സംഭവിച്ചത്. 'വുമൺ സൈബർപങ്ക്' എന്ന വാക്ക് ഇങ്ങനെയാണ് കടന്നുവരുന്നത്.

മലയാളത്തിലെ സൈബർ കുറ്റാന്വേഷണനോവലുകൾ ഇതിൽ നിന്നും വ്യത്യസ്തമായി നിലകൊള്ളുന്നു. ഡാർക്ക് നെറ്റിലെയും ചുംബനസമയത്തിലെയും ഇട്ടിമാത്തൻ ഡയറീസിലെയും ഗെയിം ഓവറിലെയും സ്ത്രീ കഥാപാത്രങ്ങൾ നടത്തുന്ന ഇടപെടലുകൾ നിർണ്ണായകമാണ്. സൈബർ സ്ത്രീകളിൽ ചെലുത്തുന്ന സ്വാധീനം മാത്രമല്ല സൈബർ അക്രമങ്ങളെ പതറാതെ നേരിടാനും നിയന്ത്രിക്കാനും ടെക്നോളജിയെ തങ്ങൾക്കനുകൂലമാക്കി പ്രവർത്തിപ്പിക്കാനും കരുത്തുള്ള ശക്തരായ സ്ത്രീകഥാപാത്രങ്ങളായി ഇവർ മാറുന്നു. മാറുന്ന സാമൂഹിക ബോധവും ലിംഗനീതിയും ടെക്നിക്കൽ വിദ്യാഭ്യാസത്തിന്റെ വ്യാപനവും മാധ്യമസാക്ഷരതയും സൃഷ്ടിച്ച നവലോക ജീവിതസംസ്കാരവുമാണ് ഇതിന്റെ കാരണം.

കുറ്റാന്വേഷകനായി പുരുഷന്മാരായ ഡിറ്റക്ടീവുകളും പോലീസ് ഉദ്യോഗസ്ഥരുമാണ് മുൻപുള്ള ജനപ്രിയ കുറ്റാന്വേഷണ കൃതികളിൽ എത്തിയിരുന്നതെങ്കിൽ ഇന്ന് അതിന് സംഭവിച്ച മാറ്റം പ്രധാനമാണ്. പുരുഷന്മാർക്ക് പകരം സ്ത്രീകൾ കൂടുതലായി കുറ്റാന്വേഷകരായി എത്തുന്നു. ഷെർലക് ഹോംസിന്റെയും ഡോ. വാട്സൺന്റെയും മാതൃകയിൽ കോട്ടയം പുഷ്പനാഥ് സൃഷ്ടിച്ച ഡിറ്റക്ടീവ് മാർക്സിൻ, ഡോ. എലിസബത്ത് എന്നീ കഥാപാത്രങ്ങളിലെ സ്ത്രീപ്രാതിനിധ്യം വിസ്മരിക്കുന്നില്ല. സ്വന്തമായി ജോലി ചെയ്യുന്ന, സ്വയം പര്യാപ്തതയുള്ള, വിദ്യാഭ്യാസമുള്ള സ്ത്രീകൾ കുറ്റാന്വേഷകരായി എത്തുന്നത് ഭാഷയേയും ആഖ്യാനത്തെയും സവിശേഷമായി പുനർനിർമ്മിക്കുന്നു. കാഴ്ചപ്പാടുകളുടെ, ഭാവനയുടെ, ചിന്താമണ്ഡലങ്ങളുടെയെല്ലാം വ്യത്യസ്തത പുതിയ കുറ്റാന്വേഷണസാഹിത്യത്തെ നവീകരിക്കുന്നതിന്റെ കാരണവും ഇതാണ്. മാധ്യമ പ്രവർത്തകർ, അന്വേഷണ കുതുകികളായ കഥാപാത്രങ്ങൾ, സാങ്കേതികവിദ്യയെക്കുറിച്ച് അറിവുള്ളവർ, എല്ലാത്തിനുമുപരിയായി ശക്തമായ നിലപാടുകളുള്ള സ്ത്രീ കുറ്റാന്വേഷകരാൽ സമ്പന്നമായ സാഹിത്യപരിസരമാണ് ഇന്നുള്ളത്. ഉത്തരാധുനികത സാമൂഹിക, സാംസ്കാരിക ജീവിതത്തിൽ വരുത്തിയ മാറ്റങ്ങളുടെയും ചിന്തകളുടെയും ആശയലോകത്തിൽ നിന്ന് എഴുതുന്ന സാഹിത്യമാണ് ഇന്നത്തെ കുറ്റാന്വേഷണനോവലിന്റേത്.

ജനപ്രിയസാഹിത്യത്തിന്റെ സാംസ്കാരിക പരിസരത്തു നിന്ന് മാത്രം അതിനെ വിലയിരുത്താൻ കഴിയില്ല. വിശാലമായ അനുഭവമാതൃകകളെ അടയാളപ്പെടുത്തുന്നതിൽ സൂക്ഷ്മത പുലർത്തുന്ന സാഹിത്യമായി കുറ്റാന്വേഷണനോവൽ മാറുന്നു.

സ്ത്രീകൾ കൂടുതലായി കുറ്റാന്വേഷണസാഹിത്യത്തിലേക്ക് എഴുത്തുകാരായും വായനക്കാരായും കടന്നുവരുന്നു. സാമൂഹ്യമാധ്യമങ്ങളിലെ സാഹിത്യക്കൂട്ടായ്മകളിൽ കുറ്റാന്വേഷണ പുസ്തകചർച്ചകളിൽ സജീവമായി ഇടപെടുന്നത് സ്ത്രീകളാണ്. 1913-ൽ ചിന്നമ്മു അമ്മ എഴുതിയ 'ഒരു കൊലക്കേസ്' എന്ന കഥയാണ് ആദ്യമായി സ്ത്രീ എഴുതിയ അപസർപ്പക കഥയായി മലയാളസാഹിത്യത്തിൽ വരുന്നത്. 1914-ൽ തരവത്ത് അമ്മാളു അമ്മ 'കമലാഭായ് അഥവാ ലക്ഷ്മീ വിലാസത്തിലെ കൊലപാതകം' എന്ന അപസർപ്പക നോവൽ എഴുതി. 1980-90 കാലയളവിൽ കുറ്റാന്വേഷണ സാഹിത്യത്തിന് ഉണ്ടായിരുന്ന ജനപ്രീതി പിന്നീട് നഷ്ടമായി. അന്നും സ്ത്രീ എഴുത്തുകാർ കുറ്റാന്വേഷണനോവൽ എഴുതുന്നത് വിരളമാണ്. 2014-ൽ ഭദ്ര എൻ.മേനോൻ എഴുതിയ 'സിൽവർ ജെയിംസ്' എന്ന കൃതിയാണ് സ്ത്രീ എഴുതിയ കുറ്റാന്വേഷണനോവലായി പിന്നീട് ശ്രദ്ധ നേടിയത്. ജനപ്രിയ സാഹിത്യത്തിന്റെ പ്രധാന വായനക്കാരായിരുന്ന ബഹുഭൂരിപക്ഷം സ്ത്രീകളും 1990-കൾക്ക് ശേഷം ഭാഗികമായും 2000-നു ശേഷം പൂർണ്ണമായും ടെലിവിഷൻ പരമ്പരകളുടെ പ്രേക്ഷകരായി മാറിയതും ശ്രദ്ധേയമാണ്.

രണ്ടായിരത്തിനു ശേഷം കുറ്റാന്വേഷണസാഹിത്യം ജനപ്രിയമായ രീതിയിൽ ഒരു തരംഗമായി വരുന്നത് ലാജോ ജോസിന്റെ കൃതികളിലൂടെയാണ്. ജി. ആർ. ഇന്ദു ഗോപനും അൻവർ അബ്ദുള്ളയും നടത്തിയ ശ്രമങ്ങളെയും മറ്റൊരു തലത്തിൽ വിലയിരുത്തേണ്ടതുണ്ട്. എന്നാൽ ലാജോ ജോസിന്റെ കൃതികൾ എഴുത്തിലും പ്രസാധനത്തിലും പബ്ലിസിറ്റിയിലും ചെലുത്തിയ ഇടപെടലുകളാണ് ഇതിൽ പ്രധാനം. നവമാധ്യമങ്ങളുടെ സ്വാധീനം ഇതിൽ വഹിച്ച പങ്ക് എടുത്തു പറയേണ്ടതുണ്ട്. ശ്രീപാർവതിയുടെ കൃതികളും ഇതേസമയത്ത് നിരവധി വായനക്കാരെ സ്വന്തമാക്കിയിരുന്നു. എഴുത്തിന്റെ ക്രാഫ്റ്റിലും കഥാപാത്രങ്ങളുടെ രൂപീകരണത്തിലും കുറ്റാന്വേഷണത്തിന്റെ ഘടനയിലുമെല്ലാം നവഭാവുകത്വം കൃതികൾ പുലർത്തിയിരുന്നു. ജനപ്രിയ മാസികകളിൽ കുറ്റാന്വേഷണ നോവലുകൾ തുടർക്കഥകളായി പ്രസിദ്ധീകരിച്ചപ്പോൾ ഉണ്ടായിരുന്ന ഒരു അലസത പലപ്പോഴും എഴുത്തിന്റെ കാര്യത്തിൽ പുതിയ കൃതികളിലും കാണാം. പക്ഷെ വായനക്കാരെ തൃപ്തിപ്പെടുത്തുന്നതിൽ കൃതികൾ

വിജയിച്ചു. ജനപ്രിയതയുടെ ഒരു പുതിയതരംഗം ഇതിലൂടെ സംഭവിച്ചു. ഇത്തരത്തിൽ കുറ്റന്വേഷണ സാഹിത്യത്തിന്റെ എഴുത്തിടം കൂടുതൽ സജീവമായി. ശ്രീപാർവതിയും ജിസ ജോസും ലൂതുപർണ്ണയും ആതിര കെ.യും കുറ്റാന്വേഷണ സാഹിത്യത്തിനു നൽകിയ സംഭാവനകൾ പുതിയൊരു തലത്തിലേക്ക് ആഖ്യാനങ്ങളെ നയിക്കുന്നു. അത് രാഷ്ട്രീയമായും സാമൂഹികമായും പ്രസക്തിയുള്ളതാണെന്ന് വായനക്കാർ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യുന്നത് പ്രതീക്ഷ നൽകുന്നു.

സ്ത്രീകൾ എഴുതുന്ന കൃതികളിൽ മാത്രമല്ല, പുരുഷന്മാർ എഴുതുന്ന കൃതികളിലും കുറ്റാന്വേഷകയായും നായകനൊപ്പം തുല്യമായ പ്രാധാന്യമുള്ള കഥാപാത്രമായും പ്രതിനായികയായും സ്ത്രീകൾ മുന്നോട്ടു വരുന്നു. സ്ത്രീ-പുരുഷ ദ്വന്ദ്വങ്ങളിൽ നിന്ന് മാറി ട്രാൻസ് വിഭാഗങ്ങൾ കൂടി കഥാപാത്രമാകുന്ന കുറ്റാന്വേഷണ കൃതികൾ ഉണ്ടാകുന്നു. ലൂതുപർണ്ണയുടെ 'ആൽഫാ 2 ലേഡീസ് ഹോസ്റ്റലിലെ ആത്മഹത്യകൾ' എന്ന കൃതി ഉദാഹരണമാണ്. ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ പ്രതിനിധാനങ്ങൾ ശ്രീപാർവതിയുടെ കൃതികളിലും സജീവമാണ്. മാറിയ സാമൂഹികബോധത്തിന്റെ കാഴ്ചപ്പാടുകളും ജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ടാണ് ഉത്തരാധുനിക കുറ്റാന്വേഷണ കൃതികളിലെ കഥാപാത്രങ്ങൾ വായനക്കാരോട് സംവദിക്കാൻ തയ്യാറാകുന്നത്. ഡാർക്ക് നെറ്റിലെ ശിവന്തിക എന്ന പോലീസ് ഉദ്യോഗസ്ഥയും ശിഖ എന്ന റിപ്പോർട്ടറും ഇട്ടിമാത്തൻ ഡയറീസിലെ കാതറീനയും ചുംബനസമയത്തിലെ സ്ത്രീകഥാപാത്രങ്ങളും വ്യക്തിത്വം കൊണ്ട് സ്വതന്ത്രരാകുന്നതും ഇതേ സാഹചര്യത്തിലാണ്. എന്നാൽ ഈ നോവലുകൾക്കെല്ലാം എതിരെ നിൽക്കുന്ന കൃതിയാണ് ദി ഗെയിം ഓവർ.

കാലഘട്ടത്തിന് അനുയോജ്യമല്ലാത്ത ഒരു കഥാപാത്രസൃഷ്ടിയും എഴുത്തുഭാഷയും കൊണ്ട് വ്യതിരിക്തമായി നിൽക്കുന്ന നോവലാണ് ഗെയിം ഓവർ. ഈ നോവലിലെ ഭാവുകത്വം പഴയ ജനപ്രിയ സാഹിത്യത്തിലെ, വിശേഷിച്ച് മാസികകളിൽ പ്രസിദ്ധീകരിച്ചിരുന്ന ജനപ്രിയ നോവലുകളിലെ ചില സ്വഭാവസവിശേഷതകളോട് സാമ്യമുള്ളതാണ്. പ്രത്യേകിച്ചും സ്ത്രീയെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ. പ്രതിനായിക സ്ത്രീയായതുകൊണ്ടു മാത്രം സംഭവിക്കുന്ന കാര്യമെന്ന് പറഞ്ഞ് ഒഴിഞ്ഞാലും നോവലിലുടനീളം സ്ത്രീയോട് നോവലിസ്റ്റ് പുലർത്തുന്ന അനീതി കാലഘട്ടത്തിന് നിരക്കാത്തതാണ്. 21ആംനൂറ്റാണ്ടിലെ സാങ്കേതികവിദ്യയുടെയും ശാസ്ത്രത്തിന്റെയും വളർച്ചയുടെ സാധ്യതകൾ ആഖ്യാനവിധേയമാക്കുന്ന നോവലിൽ നോവലിസ്റ്റ് സ്വീകരിക്കുന്ന ഭാഷയും

ചിന്തയും നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ്. ചരിത്രപരമായ മുന്നേറ്റത്തെ സൂചിപ്പിക്കുന്ന ഫെമിനിസത്തെ പരിഹസിക്കുന്ന 'ഫെമിനിച്ചി' യെന്ന പ്രയോഗം വിഷലിപ്തമായ സൈബർ ആണത്തത്തിന്റെ സൃഷ്ടിയാണ്. അത്തരമൊരു പ്രയോഗത്തെ എഴുത്തുകാരൻ ഒരു സ്ത്രീ കഥാപാത്രത്തെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്നത് സാഹിത്യത്തോടുള്ള അനീതിയും ഉത്തരവാദിത്വമില്ലായ്മയുമാണ്. ടൈംലൂപ്പിനെക്കുറിച്ച് നോവലിൽ ചർച്ച ചെയ്യുമ്പോഴും ടൈം ട്രാവലിലൂടെ ഭാഷയെയും ചിന്തയെയും വർഷങ്ങൾക്കും നൂറ്റാണ്ടുകൾക്കും പിന്നിലേക്ക് സഞ്ചരിപ്പിക്കുന്ന നോവലിസ്റ്റിന്റെ ആണധികാരത്തിന്റെ എഴുത്തുവിദ്യ വായനയെ മലീമസമാക്കുന്നു. വായന അവസാനിപ്പിക്കാൻ വായനക്കാരെ പ്രേരിപ്പിക്കുന്നതല്ല കുറ്റാന്വേഷണ കൃതിയുടെ മേന്മ. കൈകാര്യം ചെയ്യുന്ന വിഷയത്തിന്റെ സാധ്യതയെ എല്ലാ അർത്ഥത്തിലും നീതി പുലർത്തി അവതരിപ്പിക്കാൻ സാധിച്ചിരുന്നുവെങ്കിൽ ഇന്നത്തെ സാമൂഹികാവസ്ഥയിൽ വായനാക്ഷമത ലഭിക്കേണ്ട കൃതിയായിരുന്നു ദി ഗെയിം ഓവർ.

### രഹസ്യാത്മകതയും സൈബർ യുദ്ധങ്ങളും

കുറ്റാന്വേഷണനോവലുകളിൽ നിന്ന് മന്ത്രവാദ നോവലുകളിലേക്കുള്ള ജനപ്രിയ സാഹിത്യത്തിന്റെ മാറ്റത്തെ "1950-കളുടെ തുടക്കം മുതൽ നാലു പതിറ്റാണ്ടു കാലം ഏതാണ്ട് പൂർണ്ണമായും ക്രൈസ്തവ കുടുംബാന്തരീക്ഷത്തിലും മൂല്യബോധങ്ങളിലും സാമൂഹ്യമണ്ഡലങ്ങളിലും കറങ്ങിത്തിരിഞ്ഞ മലയാളത്തിലെ ജനപ്രിയ നോവൽ ഭാവുകത്വമാണ് അതിന്റെ ആഖ്യാന ഭൂമിശാസ്ത്രവും ഭാവനാഭൂപടവും ഈ വിധം തിരുത്തിയെഴുതിയത്"എന്ന് ഷാജി ജേക്കബ് (2010: 53) നിരീക്ഷിക്കുന്നു. എന്നാൽ ഉത്തരാധുനിക കുറ്റാന്വേഷണ നോവലുകളിൽ പുരാതന ക്രൈസ്തവ പ്രമേയങ്ങളും പ്രതീകങ്ങളും ശക്തമായി തിരിച്ച വരുന്നതിന്റെ സൂചനകൾ ദൃശ്യമാണ്. ടി.ഡി. രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര', ബെന്യാമിന്റെ 'മഞ്ഞവെയിൽ മരണങ്ങൾ', ജിസ ജോസിന്റെ 'ഡാർക്ക് ഫാന്റസി'യിലെ പൂഞ്ചോലക്കൽ തറവാട്, ഇരുട്ടിന്റെ ശക്തികളായ സാത്താൻ ആരാധനയുടെ പ്രമേയങ്ങളും ചിഹ്നങ്ങളും വസ്ത്രധാരണ രീതികളും കടന്നുവരുന്ന ശ്രീപാർവതിയുടെ 'മിസ്റ്റിക് മൗണ്ടൻ', 'വയലറ്റുപൂക്കളുടെ മരണം.' ആദർശിന്റെ ഡാർക്ക് നെറ്റിൽ ഡെത്ത് റൂമിലെ കൊലപാതക സമയത്ത് അണിയുന്ന കറുത്ത വസ്ത്രങ്ങൾ, ദി ഗെയിം ഓവറിലെ യഹൂദ സമൂഹത്തിന്റെ വിശ്വാസ വംശീയ തീവ്രതകൾ, ലാജോ ജോസിന്റെ കൃതികളിൽ കാണുന്ന ക്രിസ്ത്യൻ പശ്ചാത്തലമുള്ള കഥാപാത്രങ്ങൾ, ബൈബിൾ വചനങ്ങൾ, ഋതുപർണ്ണയുടെ 'ഏഴാമത്തെ കല്ലറ'

തുടങ്ങിയ കൃതികളിലെല്ലാം ഈ പ്രവണത വ്യത്യസ്ത രൂപത്തിൽ കടന്നുവരുന്നുണ്ട്. മധ്യവർഗ്ഗ കുടുംബപശ്ചാത്തലത്തിലൂന്നിയുള്ള കഥാസന്ദർഭങ്ങൾ ഈ നോവലുകളുടെ മറ്റൊരു സവിശേഷതയാണ്. സൈബർ ശാസ്ത്ര കുറ്റാന്വേഷണനോവലുകൾക്കൊപ്പം തന്നെ രഹസ്യാത്മകതയും നിഗൂഢതയും കൊണ്ട് ഭയത്തിന്റെ സാധ്യതകളെ ഉപയോഗിച്ച് ആഖ്യാനമാതൃകകൾ സൃഷ്ടിക്കുന്ന കുറ്റാന്വേഷണകൃതികളും ഒരേസമയം ജനപ്രിയത തിരിച്ചു പിടിക്കുന്ന സാഹിത്യപരിസരമാണ് ഇന്നുള്ളത്.

കോഡ് വാക്കുകളും രഹസ്യങ്ങൾ ഒളിപ്പിക്കുന്ന നമ്പർ പാറ്റേണുകളും കുറ്റാന്വേഷണ നോവലുകളിലെ സ്ഥിരസാന്നിധ്യമാണ്. വായനക്കാരെ ആകാംക്ഷാഭരിതരാക്കുന്നതിൽ ഇത്തരം പ്രയോഗങ്ങൾക്കുള്ള സാധ്യതയും അവയുടെ പിന്നിലുള്ള രഹസ്യം കണ്ടെത്തലും പ്രധാനമാണ്. ഡാർക്ക് നെറ്റിൽ പറയുന്ന ബ്ലാക്ക് ഫറവോ എന്ന സൈറ്റിൽ ഉണ്ടായിരുന്ന പിരമിഡിന്റെ ചിത്രത്തിൽ രേഖപ്പെടുത്തിയ 'RA' എന്ന രണ്ടക്ഷരങ്ങൾ, അനന്തമൂർത്തിയുടെ കയ്യിലുള്ള ' KV 62, 19- 22 എന്ന നമ്പർ, ദി ഗെയിം ഓവറിലെ Day 50, MOM എന്നീ കോഡുകൾ, മരണത്തിന്റെ നിഗൂഢതകൾ ഉൾക്കൊള്ളുന്ന മ്യൂസിക്കൽ നോട്ടുകൾ എല്ലാം കുറ്റാന്വേഷണത്തെ വളരെയധികം സ്വാധീനിക്കുന്ന തരത്തിൽ എഴുത്തുകാർ ക്രമീകരിച്ചിട്ടുണ്ട്. സമീപകാലത്തിറങ്ങിയ എല്ലാ കുറ്റാന്വേഷണ കൃതികളിലും ഈ രീതി ഉപയോഗിക്കുന്നു. പുസ്തകങ്ങളുടെ പേരുകൾ പോലും രഹസ്യങ്ങൾ ഒളിപ്പിക്കുന്ന നമ്പറുകളാകുന്ന പ്രവണതയും പ്രകടമാണ്.

അക്കങ്ങളോടുള്ള സൂക്ഷ്മത മലയാള കുറ്റാന്വേഷണ സാഹിത്യത്തിൽ പ്രബലമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. 13 എന്ന നമ്പറും കോട്ടയം പുഷ്പനാഥും തമ്മിലുള്ള ബന്ധം ഇവിടെ ഓർക്കേണ്ടതുണ്ട്. അദ്ദേഹം പ്രസിദ്ധീകരണത്തിനായി നൽകിയിരുന്ന അധ്യായങ്ങളിൽ 13 എന്ന നമ്പർ എഴുതാറില്ലായിരുന്നു. കയ്യെഴുത്തു പ്രതികളിൽ പകരം 12 എ എന്നാണ് രേഖപ്പെടുത്തിയിരുന്നത്. പഴയ പ്രസാധകർ ഈ ശൈലിക്ക് പ്രാധാന്യം നൽകിയിരുന്നില്ല. ഇന്ന് കോട്ടയം പുഷ്പനാഥ് പബ്ലിക്കേഷൻസിന്റേതായി പുറത്തു വരുന്ന പഴയ പുസ്തകങ്ങളുടെയെല്ലാം പുതിയ എഡിഷനുകളിൽ 12 എ എന്ന നമ്പരാണ് നൽകിയിരിക്കുന്നത്. 'ചുവന്ന മനുഷ്യൻ', 'ഓവർ ബ്രിഡ്ജ്' തുടങ്ങി നിരവധി കൃതികളിലും അശുഭസൂചകമായി 13 എന്ന നമ്പർ പല സന്ദർഭങ്ങളിലും പുഷ്പനാഥ് ഉപയോഗിച്ചിട്ടുണ്ട്. ഇത്തരം ചിന്തകൾ, വിശ്വാസങ്ങൾ പാശ്ചാത്യ സ്വാധീനത്തിൽ നിന്നും മലയാള കുറ്റാന്വേഷണ

നോവലുകളിലേക്ക് വന്നിട്ടുള്ളതാണ്.

പതിമൂന്നാം നമ്പറിനെക്കുറിച്ചുള്ള സമാനമായ ഒരു പരാമർശം ഡാർക്ക് നെറ്റ് നോവലിലും വന്നിട്ടുള്ളത് ശ്രദ്ധേയമാണ്. ശിവന്തിക ഐ.പി.എസിനോട് അന്വേഷണസംഘത്തിലെ ആളുകളുടെ എണ്ണവുമായി ബന്ധപ്പെട്ട് നടത്തുന്ന "സംഖ്യാശാസ്ത്രപ്രകാരം പതിമൂന്ന് നല്ലൊരു നമ്പർ അല്ലല്ലോ മാഡം"(2021: 238) എന്ന പരാമർശം യാദൃശ്ചികമല്ല. സാങ്കേതികവിദ്യയുടെയും ശാസ്ത്രത്തിന്റെയും നവീന സാധ്യതകളെ കേസന്വേഷണങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന പോലീസ് ഉദ്യോഗസ്ഥരോട് പറയുന്ന യുക്തിസഹമല്ലാത്ത ഈ വാക്കുകൾ കുറ്റാന്വേഷകയുടെ അത്മവിശ്വാസത്തെ തളർത്താൻ തന്ത്രപരമായി ഉപയോഗിക്കുന്ന ഒരു പ്രയോഗമാണ്. പക്ഷെ ശിവന്തിക അതിനെ കൃത്യമായി അവഗണിച്ച് തള്ളിക്കളയുന്നുണ്ട്. ഇട്ടിമാത്തൻ ഡയറീസിൽ അക്ഷരങ്ങൾ തെറ്റിച്ചെഴുതിയും നമ്പറുകളിൽ രഹസ്യങ്ങൾ സൂക്ഷിക്കുന്ന ഗൂഢാർത്ഥശാസ്ത്രത്തിന്റെയും ചരിത്രത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. സൈബർ കോഡുരീതികളുമായി ബന്ധപ്പെടുത്തി കമ്പ്യൂട്ടർ വിജ്ഞാനശാഖയിലെ സങ്കേതങ്ങളുപയോഗിച്ച് നവീനമായ രീതിയിൽ വലിയ രഹസ്യങ്ങളെ സംരക്ഷിക്കുന്ന കോഡുരീതികൾ അവതരിപ്പിക്കുന്നു. ഇത്തരം പുതുമകൾ വിശാലമായ സാധ്യതകൾ കുറ്റാന്വേഷണ കൃതികൾക്ക് നൽകുന്നു.

കുറ്റകൃത്യങ്ങൾക്ക് നിഗൂഢതയും രഹസ്യാത്മകതയും ഉണ്ടായിരിക്കുകയെന്നത് പ്രധാനമാണ്. രഹസ്യങ്ങളുടെ വെളിപ്പെടുത്തൽ ഏതുവിധമാണ് നടത്തുന്നത് എന്നതിനെ ആശ്രയിച്ചാകും കുറ്റാന്വേഷണത്തിലെ കഥാഗതിയുടെ ഘടന രൂപപ്പെടുന്നത്. രഹസ്യസ്വഭാവം ഡാർക്ക് നെറ്റിൽ കൂടുതലായി ഉപയോഗിച്ചിട്ടുണ്ട്. വായനക്കാരിൽ ആകാംക്ഷ സൃഷ്ടിക്കുന്നതിനായി 102 ലധികം തവണയാണ് രഹസ്യമെന്ന വാക്ക് നോവലിൽ പ്രയോഗിച്ചിട്ടുള്ളത്. പുരാതന ഈജിപ്ഷ്യൻ സംസ്കാരത്തിലെ ചിഹ്നങ്ങളെയും വിശ്വാസങ്ങളെയും സൈബറിടത്തിൽ കുറ്റകൃത്യങ്ങൾക്കുള്ള മറയായി ഉപയോഗിക്കുന്നു. ബ്ലാക്ക് ഫറവോ എന്ന പേരും പിരമിഡുകളും ഈജിപ്ഷ്യൻ ബന്ധവും എല്ലാകാലത്തും ലോകസാഹിത്യത്തിന്റെയും സിനിമയുടെയും രഹസ്യാത്മകതയുടെ ഇടങ്ങളായിരുന്നു. മിത്തും ചരിത്രവും ഭാവനയും കൊള്ളയും രഹസ്യസമൂഹങ്ങളും നിധിവേട്ടയും ഭാവനയുടെ തലങ്ങളെ പ്രോജ്വലിപ്പിക്കുന്നതിന് സാഹിത്യം സാക്ഷിയാണ്. രഹസ്യങ്ങൾ ഭാവനയുടെ താക്കോലുകളാണ്. സൈബറിടവും ഡാറ്റാ രഹസ്യങ്ങളുടെ കേന്ദ്രങ്ങളാകുന്നു. അതുകൊണ്ടാണ് "ജനങ്ങളുടെ രഹസ്യങ്ങൾക്ക് എത്ര ട്രില്യൻ ഡോളറിന്റെ വിലയുണ്ടെന്ന്"(ആദർശ് എസ്,

2021: 46) തിരിച്ചറിയാൻ സൈബർ അധോലോകത്തിന് കഴിയുന്നത്.

ഡാർക്ക് വെബ്ബ് കേന്ദ്രീകരിച്ച് നടക്കുന്ന കുറ്റകൃത്യങ്ങൾക്ക് നേതൃത്വം നൽകുന്ന സംഘങ്ങൾക്ക് സൈനികഘടനയുമായുള്ള ബന്ധം ശ്രദ്ധേയമാണ്. സംഘാംഗങ്ങൾക്ക് നൽകുന്ന സ്ഥാനപ്പേരുകൾ, റാങ്കുകൾ, ഉത്തരവാദിത്ത ങ്ങൾ, അച്ചടക്ക നടപടികൾ, ശിക്ഷകൾ തുടങ്ങിയവയിലെല്ലാം പട്ടാളച്ചി ട്ടയുടെ സ്വാധീനം പ്രകടമാണ്. സൈബർ കുറ്റാന്വേഷണ നോവലുകളിലും ഇതേരീതി അനുവർത്തിക്കുന്നത് കാണാം. ഇട്ടിമാത്തൻ ഡയറീസിൽ എൽദേ സറിന് വീഡിയോ ക്ലിപ്പ് അയച്ചുകൊടുക്കുന്നത് "ക്യാപ്റ്റൻ എന്ന ഒരാളിൽ നിന്നായിരുന്നെങ്കിൽ മൈക്കിന് അത് കേണൽ എന്നൊരാളിൽ നിന്നായി രുന്നു. രണ്ടിന്റെയും പട്ടാളച്ചുവ അവരിൽ ഒന്നിച്ച് അങ്കലാപ്പുണ്ടാക്കിയിരുന്നു" (2021: 140). ക്യാപ്റ്റനും കേണലും നോവലിലെ വില്ലൻ കഥാപാത്രമായ കമാൻഡർ ബൈറ്റിന്റെ അനുയായികളായിരുന്നു. ഡാർക്ക് നെറ്റ് നോവലിലെ വില്ലൻ കഥാപാത്രമായ മഹാദേവൻ ഡാർക്ക് വെബ്ബിൽ അറിയപ്പെടുന്നത് മേജർ എന്ന അപരനാമത്തിലാണ്. ഈജിപ്ഷ്യൻ സംസ്കാരത്തിലെ പ്രധാന ദേവനായ സൂര്യനെ വിശേഷിപ്പിക്കുന്ന 'രാ' എന്ന നാമവും അധോലോക ത്തിന്റെ ദൈവമായ ഒസിരിസിന്റെ നാമവും സൈബർ കുറ്റകൃത്യങ്ങൾക്ക് സംഘങ്ങൾ ഉപയോഗിക്കുന്നതും നോവലിലുണ്ട്. സൈബർലോകത്ത് അധി കാരത്തിന്റെ ശക്തി കൃത്യമായി അടയാളപ്പെടുത്തുന്ന സ്ഥാനപ്പേരുകൾ നൽകുന്ന സന്ദേശം വ്യക്തമാണ്.

ഇന്റർനെറ്റും സാമൂഹ്യമാധ്യമങ്ങളും കേന്ദ്രീകരിച്ചുള്ള സംഘങ്ങളും ഇതേരീതി പിന്തുടരുന്നത് കാണാം. 'ട്രോൾ ആർമി' എന്ന പേര് ഇതിൽ പ്രധാനമാണ്. വംശീയ വിദ്വേഷത്തിന്റെ പരിണിതഫലമായി നോർവെയിൽ "ആന്ദ്രേ ബ്രെവിക് നടത്തിയ കൂട്ടക്കൊലയ്ക്ക് ശേഷം സമൂഹമാധ്യമങ്ങളിലെ വലതുപക്ഷ വിധ്വംസക രാഷ്ട്രീയത്തിന്റെ പ്രതിനിധികളെ വിശേഷിപ്പിക്കാൻ യൂറോപ്യൻ മാധ്യമങ്ങൾ ഉപയോഗിച്ച പ്രയോഗമാണ് 'ട്രോൾ ആർമി'. ഇത് പിന്നീട് സംഘം ചേർന്നുള്ള സൈബർ അക്രമണ സംഘത്തെ സാധൂകരിക്കു ന്ന വിശേഷണമായി മാറി" (ദാമോദർ പ്രസാദ്, 2021: 150). കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെ അനുഭാവികൾ നിയന്ത്രിക്കുന്ന സാമൂഹ്യമാധ്യമങ്ങ ളിലെ കൂട്ടായ്മകൾക്കും കേരളത്തിലെ പ്രധാന ഹാക്കേഴ്സ് സംഘടനയുടെയും പേരുകൾ ഇതോട് ചേർത്തു വായിക്കേണ്ടതുണ്ട്. സൈബർ ആർമി, ട്രോൾ ആർമി, പോരാളി ഷാജി, സൈബർ വാരിയേഴ്സ്, സൈബർ ഫോഴ്സ് തുടങ്ങിയ പേരുകളും ഗ്രൂപ്പുകൾക്ക് ഉപയോഗിക്കുന്ന ചിഹ്നങ്ങളും ഒരു യുദ്ധസ്ഥലത്തിന്റെ

ഇടമായി സൈബർ ലോകത്തെ മാറ്റുന്നു. ഫെയ്ക്ക് ഐഡികളുടെ പേരുകളിലും പട്ടാള റാങ്കുകൾ ദൃശ്യമാണ്.

സൈബർ കുറ്റകൃത്യങ്ങൾ ഓൺലൈനായി മാത്രം നടക്കുന്നവയല്ല. മറഞ്ഞിരുന്ന് ആസൂത്രണവും പണമിടപാടും നടത്താനുള്ള ഇടം മാത്രമായി ഉപയോഗിക്കാനുള്ള സാധ്യതയാണ് പ്രധാനമായും ഇവിടെ ലഭിക്കുന്നത്. പ്രതീതി സ്ഥലത്തുനിന്നും യഥാർത്ഥ സ്ഥലത്തേക്ക് വ്യാപിക്കുന്ന കുറ്റകൃത്യങ്ങളുടെ ബൗദ്ധിക ഇടം സൈബർ മേഖലയിലായിരിക്കും. ശൃംഖലാ ബന്ധിതമാണ് കുറ്റകൃത്യങ്ങളുടെ സ്വഭാവം. സാങ്കേതികവിദ്യയിൽ അറിവുനേടിയ വിഭാഗം മറഞ്ഞിരിക്കും. കുറ്റകൃത്യങ്ങൾ ചെയ്യാൻ നിയോഗിക്കപ്പെടുന്നവർ സാങ്കേതികവിദ്യയെക്കുറിച്ച് പരിജ്ഞാനമില്ലാത്ത പാർശ്വവത്കൃത ജനവിഭാഗങ്ങളിൽ നിന്നുള്ളവരുമായിരിക്കും. പിടിക്കപ്പെടുന്നതും ശിക്ഷിക്കപ്പെടുന്നതും ആര് എന്ന് തിരിച്ചറിയുമ്പോഴാണ് സമൂഹത്തിൽ സാങ്കേതികവിദ്യയും വിദ്യാഭ്യാസവും മനുഷ്യരെ തരംതിരിക്കുന്ന ഡിജിറ്റൽ ഡിവൈഡിനെക്കുറിച്ച് തിരിച്ചറിയുന്നത്. ലോകം ടെക്നോളജിയിൽ അഭിരമിക്കുമ്പോഴും നിശബ്ദരായി അതിന്റെ ഇരകളാകുന്ന മനുഷ്യർ. ഡാർക്ക് നെറ്റിലെ വിനായകൻ അത്തരമൊരു കഥാപാത്രമാണ്. ഡാർക്ക് വെബ്ബ് കേന്ദ്രീകരിച്ച് സാങ്കേതികവിദ്യയിൽ പരിജ്ഞാനമുള്ള ഹാക്കേഴ്സും പ്രോഗ്രാമേഴ്സും നടത്തുന്ന സൈബർ യുദ്ധങ്ങൾ ഡാറ്റയുമായി ബന്ധപ്പെട്ടുള്ളതാണ്. "ഇന്ന് ലോകത്തെ ഏറ്റവും വലിയ രാജ്യത്തെ തകർക്കാൻ അത്യന്താധുനിക മിസൈലുകളും മറ്റുമല്ല വേണ്ടത്. ഡേറ്റയാണ്"(ജയദേവ് വി, 2021:169). ജനങ്ങളുടെ രഹസ്യങ്ങൾ ചോർത്തിയും വൈറസുകളും മാൽവെയറുകളും ഉപയോഗിച്ച് ആയുധക്കലവറകൾ തകർക്കുകയും രാജ്യരഹസ്യങ്ങൾ ചോർത്തിയുമുള്ള അന്താരാഷ്ട്ര യുദ്ധങ്ങളാണിവ. രണ്ട് ലോകയുദ്ധങ്ങൾക്ക് ശേഷം സൈബറിടത്തിൽ നടക്കുന്ന നിശബ്ദ മൂന്നാംലോക യുദ്ധത്തിൽ കോർപ്പറേറ്റ് കമ്പനികളും ഗവൺമെന്റുകളും ഒരേസമയം ആവശ്യക്കാരും ഇരകളുമാകുന്നു.

അധികാരം നിലനിർത്തുന്നതിനുള്ള ആയുധമായിട്ടാണ് സാങ്കേതികവിദ്യയെ കോർപ്പറേറ്റ് കമ്പനികൾ രാഷ്ട്രീയത്തിൽ ഉപയോഗിക്കുന്നത്. കമ്പനികളുടെ പ്രവർത്തനം സുഗമമാക്കുന്നതിലും മനുഷ്യ-പ്രകൃതി വിഭവങ്ങളുടെ ചൂഷണത്തിനും വിപണി നിലനിർത്തുന്നതിനും രാഷ്ട്രങ്ങളുടെ അധികാരം കോർപ്പറേറ്റുകളെ സംബന്ധിച്ച് പ്രധാനമാണ്. ഇലക്ട്രോണിക് ബാലറ്റ് ഹാക്ക് ചെയ്ത് രാജ്യത്തിന്റെ തിരഞ്ഞെടുപ്പ് അട്ടിമറിച്ച് അധികാരം പിടിച്ചടക്കാനുള്ള ശ്രമത്തെക്കുറിച്ച് ഇട്ടിമാത്തൻ ഡയറീസിൽ പ്രതിപാദിക്കുന്നത്

സമകാലരാഷ്ട്രീയ സാഹചര്യത്തിൽ പ്രസക്തമാണ്. രാഷ്ട്രീയ എതിരാളികളുടെ രഹസ്യങ്ങൾ വിവിധ രാജ്യങ്ങളിലെ ഗവൺമെന്റുകൾക്ക് വേണ്ടി ഹാക്കിങ് നടത്തിയതിനെക്കുറിച്ച് ഡാർക്ക് നെറ്റിലും പരാമർശങ്ങളുണ്ട്. ടെക്നോളജിയും ശാസ്ത്രവും ഉപയോഗിച്ച് അധികാരം കയ്യടക്കുന്ന ആഗോള മുതലാളിത്ത കോർപ്പറേറ്റ് ശ്രമങ്ങൾ സൈബർഫിക്ഷനിൽ പ്രമേയമാകുന്നു.

ഫെയ്സ്ബുക്കിന് സമാനമായി ഫോളിയോ എന്ന സാമൂഹ്യമാധ്യമത്തിന്റെ അടിമകളാകുന്ന ജനങ്ങളെ ഇട്ടിമാത്തൻ ഡയറീസിൽ കാണാം. ജനങ്ങളുടെ ഈ സൈബർ സാക്ഷരതയിലാണ് ഡാറ്റാ മാഫിയയുടെ മുതൽമുടക്ക്. ലാബുകളുടെയും ആശുപത്രികളുടെയും സൈറ്റുകൾ ഹാക്ക് ചെയ്ത് രോഗികളുടെ വിവരങ്ങൾ ശേഖരിച്ച് വിൽക്കുന്നവർ, അതിനനുസരിച്ച് പ്രവർത്തിക്കുന്ന മരുന്നുമാഫിയകളുടെ മത്സരങ്ങൾ, പുതിയ അസുഖങ്ങൾ സൃഷ്ടിച്ച് മരുന്നുകൾക്ക് വിപണി കണ്ടെത്തുന്ന കോർപ്പറേറ്റ് തന്ത്രങ്ങളും നോവലുകളിൽ ചർച്ചാവിഷയമാകുന്നു. മെഡിക്കൽ രംഗവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ശാസ്ത്ര സൈബർ നോവലുകളുടെ പ്രധാന മേഖലയാണ്. ഒരർത്ഥത്തിൽ സൈബർ നോവലുകളിലെ വില്ലൻ കോർപ്പറേറ്റ് കമ്പനികളാണെന്നുള്ളതാണ് വാസ്തവം. അതുകൊണ്ടുതന്നെ അന്വേഷണവും ശിക്ഷയും നിയമത്തിന്റെ ചട്ടക്കൂടുകൾക്ക് പുറത്തായിരിക്കും പലപ്പോഴും നടക്കുക. കുറ്റാന്വേഷകന്റെ സ്വാതന്ത്ര്യം പ്രധാനമാണ്. കുറ്റകൃത്യങ്ങൾ അന്താരാഷ്ട്ര തലങ്ങളിലേക്ക് വളരുമ്പോൾ കുറ്റാന്വേഷണ നോവൽഭാവനയും അതിനനുസരിച്ച് വികസിക്കുന്നു. കുറ്റാന്വേഷണ നോവൽ സാഹിത്യത്തെ ചലനാത്മകമായി മുന്നോട്ടു നയിക്കാൻ ഡാർക്ക് വെബ്ബ് സൈബർ ഫിക്ഷനുകൾക്ക് കഴിയുമെന്നത് പുതിയ പ്രതീക്ഷയാണ്. ശാസ്ത്രവും സാങ്കേതികവിദ്യയും ഇതിവൃത്തമാകുന്നതോടെ അലസവായനയ്ക്ക് പിടിതരാതെ വായനക്കാരെ കൂടുതൽ ജാഗ്രതയോടെ സമീപിക്കാൻ പ്രേരിപ്പിക്കുന്ന സാഹിത്യമായി കുറ്റാന്വേഷണനോവൽ മാറുന്നത് ശുഭസൂചകമാണ്. മലയാള സാഹിത്യത്തിൽ കുറ്റാന്വേഷണകൃതികളിൽ വന്ന ഭാവുകത്വപരമായ പരിണാമങ്ങൾ പുസ്തകങ്ങളെയും വായനയെയും കൂടുതൽ ജനപ്രിയമാക്കുന്നു.

### കുറ്റാന്വേഷണസാഹിത്യവും നവമാധ്യമങ്ങളിലെ സാഹിത്യക്കൂട്ടായ്മകളും

കുറ്റാന്വേഷണ കൃതികൾക്ക് സമീപകാലത്ത് ലഭിച്ച സ്വീകാര്യതയുടെ പ്രധാന കാരണങ്ങളിലൊന്ന് സാമൂഹ്യമാധ്യമങ്ങളുടെ ഇടപെടൽ ശേഷിയാണ്. ഫെയ്സ്ബുക്കിലെയും വാട്സ്ആപ്പിലെയും സാഹിത്യക്കൂട്ടായ്മകളും ട്രോൾ പേജുകളും എഴുത്തിന്റെയും വായനയുടെയും സംവാദങ്ങളുടെയും പൊതു

ഇടങ്ങളായി പരിണമിച്ചു. സാമൂഹ്യമാധ്യമങ്ങൾ മലയാളികൾക്കിടയിൽ നേടിയെടുത്ത ജനപ്രിയത എഴുത്തിന്റെ ജനകീയതയിലേക്കുള്ള മടങ്ങിവരവിന് പുതിയ തലങ്ങൾ നൽകി. ഫെയ്സ്ബുക്കിലെ സാഹിത്യക്കൂട്ടായ്മകളിൽ ആൾക്കൂട്ടം എഴുതിയിടുന്ന കഥകൾക്കും കവിതകൾക്കും ജനപ്രിയസാഹിത്യത്തിന്റെയും കാല്പനികതയുടെയും ഭാവുകത്വങ്ങളോടുള്ള താല്പര്യം പ്രകടമാണ്. കുറ്റാന്വേഷണ നോവലുകൾക്ക് ലഭിക്കുന്ന ജനസ്വീകാര്യതയും ഇതിനോട് ചേർത്ത് വായിക്കേണ്ടതുണ്ട്. "ഒറ്റയ്ക്കൊരു നിലനില്പ് ജനപ്രിയ സാഹിത്യത്തിനിന്ന് ദുസ്സാദ്ധ്യമാണ്. ഇതര ജനപ്രിയ മാധ്യമങ്ങളുമായി സഹവർത്തിച്ചുകൊണ്ടേ അവയ്ക്ക് അതിജീവിക്കാൻ ആവുകയുള്ളൂ"(രാധാകൃഷ്ണൻ പി.എസ്, 2014: 74). എന്ന നിരീക്ഷണം പ്രസക്തമാണ്. ജനകീയ വായനശാലകളും ആനുകാലികങ്ങളും സിനിമയും നൽകിയ പിന്തുണ ഇന്ന് ആഗോളവായനശാലയായ ഇന്റർനെറ്റും സാമൂഹ്യമാധ്യമങ്ങളും ഒ.ടി.ടി പ്ലാറ്റ്ഫോമുകളും വെബ്സീരീസുകളും കുറ്റാന്വേഷണ സാഹിത്യത്തിന് നൽകുന്നു. ഇത് എഴുത്തിന്റെയും വായനയുടെയും കാഴ്ചയുടെയും തലങ്ങളെ നവീകരിക്കുന്നു.

എഴുത്തും പ്രസാധനവും വായനയും പ്രചാരണവും വിലയിരുത്തലുകളും ഇടനിലക്കാരില്ലാതെ നടക്കുന്ന സാഹചര്യമാണ് സൈബറിടത്തെ കൂട്ടായ്മകൾ മുന്നോട്ടു വയ്ക്കുന്ന സ്വാതന്ത്ര്യം. രണ്ട് രീതിയിലാണ് കൂട്ടായ്മകൾ സാഹിത്യത്തിൽ ഇടപെടുന്നത്. ഒന്ന്, സ്വന്തം രചനകൾ പ്രസിദ്ധീകരിക്കാനുള്ള ഇടം എന്ന നിലയിൽ. രണ്ട്, പ്രസിദ്ധീകരിച്ച കൃതികളെ പരിചയപ്പെടുത്തുന്നതിനും ആസ്വാദന ചർച്ചകൾ നടത്തുന്നതിനുള്ള ഇടം എന്ന നിലയിലും. രണ്ട് സ്ഥലത്തും വായനക്കാർക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താനുള്ള അവസരവും ലഭ്യമാണ്. ഇതിൽ രണ്ടാമത്തെ കൂട്ടായ്മകളാണ് കുറ്റാന്വേഷണ സാഹിത്യകൃതികളുടെ പ്രചാരത്തെയും വിപണിയെയും ജനകീയമാക്കിയത്. റീഡേഴ്സ് സ്ക്വയർ, ദി റീഡേഴ്സ് സർക്കിൾ, പുസ്തകക്കട, പുസ്തകപ്പുഴ ട്രോൾസ് (പുപ്പുട്ട), പഴയ മലയാളം പുസ്തകച്ചന്ത, മലയാളം ബുക്സ്, ജനപ്രിയ വായന, ജനപ്രിയ സാഹിത്യം, പുസ്തകവിചാരം, നോവൽ സംവാദം വാട്സ്ആപ്പ് കൂട്ടായ്മ എന്നിങ്ങനെ നിരവധി സംഘങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്.

മലയാളത്തിലെ എല്ലാ സാഹിത്യകാരന്മാരും സജീവമായി സാമൂഹ്യമാധ്യമങ്ങളിൽ ഇടപെടുന്നവരാണ്. കൂട്ടായ്മകളിൽ പുസ്തകങ്ങളെക്കുറിച്ചുള്ള ചർച്ചകളിൽ എഴുത്തുകാർ തന്നെ മറുപടി നൽകുന്ന പ്രവണത സാഹിത്യത്തെ കൂടുതൽ ജനകീയമാക്കുന്നു. വിമർശനങ്ങളും ആസ്വാദനവും ഇമോജികളിലും ഒറ്റവരി കമന്റുകളിലുമായി ചുരുങ്ങുന്നു. കുറ്റാന്വേഷണ കൃതികളെക്കുറിച്ച്

ലാജോ ജോസും ശ്രീപാർവതിയും റിഹാൻ റാഷിദും നിഖിലേഷ് മേനോനും ജിസ ജോസും ലൂതുപർണ്ണയും വായനക്കാരുമായി നടത്തുന്ന ചർച്ചകൾ പ്രധാനമാണ്. മരിയ റോസ് (സാജിദ് എ ലത്തീഫ്) അപസർപ്പകാഖ്യാനങ്ങളെക്കുറിച്ച് കൂട്ടായ്മകളിൽ നടത്തുന്ന പരിചയപ്പെടുത്തലും വിശകലനങ്ങളും വായനക്കാർക്ക് കൂടുതൽ ദിശാബോധം നൽകുന്നു. പുസ്തകസ്നേഹികളിലൂടെയും പി.കെ രാജശേഖരനിലൂടെയും ക്ലബ്ഹൗസിലേക്ക് വഴിമാറുന്ന സാഹിത്യകൂട്ടായ്മകളുടെ സംവാദ ഇടങ്ങൾ സൈബറിടത്തെ ജനകീയമാക്കുന്നു.

കൃതികളെക്കുറിച്ചുള്ള വിമർശനങ്ങൾ അപ്രസക്തമാകുന്ന, വിലയിരുത്തലുകൾ ആസ്വാദനം മാത്രമായി ഒതുങ്ങുന്ന പുസ്തക വിചാരങ്ങൾക്ക് സ്വീകാര്യത ലഭിക്കുന്ന ഇടങ്ങളായി പലപ്പോഴും സൈബറിടം മാറുന്നുണ്ട്. ചില സന്ദർഭങ്ങളിലെങ്കിലും പുതിയ എഴുത്തുകാർ വിമർശനങ്ങളോട് പുലർത്തുന്ന അസഹിഷ്ണുത ചർച്ചകളുടെ ഗൗരവത്തെ ഇല്ലാതാക്കുന്നു. ഏത് സാഹിത്യരൂപത്തിന്റെയും വളർച്ചയെ നിർണ്ണയിക്കുന്നതിൽ വിമർശനങ്ങൾക്ക് പങ്കുണ്ട്. പുതിയ തലമുറയിലെ വായനക്കാരും പഴയ തലമുറയിലെ വായനക്കാരും നടത്തുന്ന ആസ്വാദനത്തെക്കുറിച്ചുള്ള ചർച്ചകൾ വ്യത്യസ്ത കാലഘട്ടത്തിന്റെ അഭിരുചികളെ സാക്ഷ്യപ്പെടുത്തുന്നു. ഇ- ബുക്കുകളുടെയും ഇ- വായനയുടെയും കാലത്തും മലയാളിയുടെ പുസ്തകഭ്രമം സജീവമായി നിലനിൽക്കുന്നതിന്റെ തെളിവുകളാണ് സാഹിത്യകൂട്ടായ്മകൾ.

ആദ്യകാലങ്ങളിൽ മാസികാപ്രസിദ്ധീകരണങ്ങൾ, റോയൽ ബുക്ക് ഡിപ്പോ, വീനസ് ബുക്ക് ഹൗസ്, സി.ഐ.സി.സി. തുടങ്ങിയവരാണ് ജനപ്രിയ കുറ്റാന്വേഷണ കൃതികളെ വിപണിയിൽ അവതരിപ്പിച്ചത്. സമകാലികതയിൽ ഈ ദൗത്യം സാമൂഹ്യമാധ്യമങ്ങൾ ഏറ്റെടുത്തു. അച്ചടിയിലും കവർ ഡിസൈനിലും മാർക്കറ്റിങ്ങിലും ടെക്നോളജിയുടെ നൂതന സാധ്യതകൾ സൈബറിടവുമായി സംയോജിപ്പിച്ച് മലയാളത്തിലെ പ്രധാന പ്രസാധകരെല്ലാം കുറ്റാന്വേഷണകൃതികളെ ഇന്ന് ജനങ്ങളിലേക്കെത്തിക്കുന്നു. ആമസോണും ഫ്ളിപ്കാർട്ടും സൈബറിടത്തിൽ നടത്തിയ വിപണി വിപ്ലവം ഇതര ഭാഷകളിലെ കുറ്റാന്വേഷണ കൃതികളുടെ ലഭ്യതയെ സ്വാധീനിച്ചിട്ടുണ്ട്. നവമാധ്യമങ്ങളിലൂടെ എഴുതി വായനക്കാരെ കണ്ടെത്തുകയും സംവദിക്കുകയും ചെയ്യുന്ന എഴുത്തുകാരുടെ പുതിയ തലമുറയും ഇവിടെയുണ്ട്. സ്വന്തമായി പുസ്തകപ്രസാധനത്തിലേക്ക് കടന്ന് നവമാധ്യമങ്ങളുടെ സാധ്യതകളിലൂടെ വിപണി കണ്ടെത്തുന്ന അഖിൽ പി. ധർമ്മജനും ലൂതുപർണ്ണയും ഭാവിയുടെ പ്രതീക്ഷകളാണ്. സൈബറിടം നിർമ്മിക്കുന്ന പുതിയ എഴുത്തിടങ്ങൾ

കുറ്റാന്വേഷണസാഹിത്യത്തിന് നൽകുന്ന വളർച്ച പ്രധാനമാണ്. കുറ്റാന്വേഷണനോവൽ വായനയുടെ വിലോഭനങ്ങളിൽ നിന്ന് മലയാളി മാറിയിട്ടില്ല എന്ന് സൈബറിടത്തെ പുസ്തകചർച്ചകൾ സാക്ഷ്യംവഹിക്കുന്നു. കുറ്റാന്വേഷണകൃതികളെക്കുറിച്ചുള്ള ചർച്ചകൾ സവിശേഷമായ ഒരു കാലഘട്ടത്തിലെ സാഹിത്യാസ്വാദനത്തിന്റെ ചുവരെഴുത്തുകളായി പരിണമിക്കുന്നു.

## ഗ്രന്ഥസൂചി

1. അനുരാഗ് ഗോപിനാഥ്, 2021, ദി ഗെയിം ഓവർ, മംഗളോദയം, തൃശ്ശൂർ.
2. അപ്പൻ കെ.പി., 1997, ഉത്തരാധുനികത: വർത്തമാനവും വംശാവലിയും, ഡി സി ബുക്സ്, കോട്ടയം.
3. ആദർശ് എസ്., 2021, ഡാർക്ക് നെറ്റ്, ഡി.സി. ബുക്സ്, കോട്ടയം.
4. ജയദേവ് വി., 2019, ചുംബനസമയം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
5. ജയദേവ് വി., 2021, ഇട്ടിമാത്തൻ ഡയറീസ്, ലോഗോസ് ബുക്സ്, പാലക്കാട്.
6. രാജശ്രീ ആർ., 2018, അപസർപ്പകാഖ്യാനങ്ങൾ: ഭാവനയും രാഷ്ട്രീയവും, ലോഗോസ് ബുക്സ്, പാലക്കാട്.
7. രാധാകൃഷ്ണൻ പി.എസ്., 2014, 'ജനപ്രിയ സാഹിത്യത്തിന്റെ സാംസ്കാരിക വിവക്ഷകൾ', ജനപ്രിയ സാഹിത്യം മലയാളത്തിൽ, ശ്രീകുമാർ എ.ജി. (എഡി.), സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
8. സജി കരിങ്ങോല (എഡി.), 2020, സൈബറിടവും മലയാള ഭാവനയും, ആത്മ ബുക്സ്, കോഴിക്കോട്.
9. റിഹാൻ റാഷിദ്, 2021, ഡോൾസ്, ഡി.സി. ബുക്സ്, കോട്ടയം.
10. Barfield woodrow, 2015, Cyber-Humans: our future with machines, Springer, New York.
11. Dijck Jose van, 2013, The culture of Connectivity: a critical history of social media, Oxford University Press, New York.
12. Green Lelia, 2010, The internet: an introduction to new media, Berg Oxford, New York.
13. Rowland Susan, 2001, From Agatha Christie to Ruth Rendell, Palgrave Macmillan, New York.

## ലേഖനസൂചി

10. ആദർശ് എസ്.വി. നായർ, 2019, 'ഡാർക്ക് വെബ് നിഗൂഢതകളും സാധ്യതകളും', ഇൻഫോകൈരളി, Vol. 21 No. 3 , കോട്ടയം.
11. ദാമോദർ പ്രസാദ്, 2021, 'സ്വപ്നമാനത്തിനും യുദ്ധഭൂമിക്കുമിടയിൽ', മാധ്യമം വാർഷിക പ്പതിപ്പ്, കോഴിക്കോട്.
12. ഷാജി ജേക്കബ്, 2010, 'ഭാവനയിലെ ഭൂതബാധകൾ', ഗ്രന്ഥാലോകം, വാല്യം 60, ലക്കം 7, തിരുവനന്തപുരം.

*sangeethvalamkottu@gmail.com*

# കുറ്റാന്വേഷണത്തിന്റെ ഉൽഖനനങ്ങൾ:
## പാലേരിമാണിക്യം മുൻനിർത്തി ചില വിചാരങ്ങൾ

ഡോ. സജ്ന മാത്യു
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, യു.സി. കോളേജ്, ആലുവ

### പ്രബന്ധസംഗ്രഹം

മലയാളത്തിലെ ആധുനികാനന്തരകുറ്റാന്വേഷണരചനകളുടെ മികച്ച മാതൃകയായ ടി.പി. രാജീവന്റെ 'പാലേരിമാണിക്യം ഒരു പാതിരാക്കൊലപാതകത്തിന്റെ കഥ' എന്ന നോവലിന്റെ സൗന്ദര്യവും രാഷ്ട്രീയവും അപഗ്രഥിക്കുന്നതാണ് ഈ പ്രബന്ധം. കുറ്റകൃത്യങ്ങളുടെ സാമൂഹികചരിത്രപശ്ചാത്തലത്തെ വിലയിരുത്തുവാൻ നോവലിസ്റ്റ് പിൻപറ്റിയിരിക്കുന്ന ഓർമകളുടെ രാഷ്ട്രീയത്തെ, വാമൊഴിചരിത്രത്തിന്റെ സാധ്യതകളിലൂടെ അന്വേഷിക്കുവാനാണ് ഇവിടെ ശ്രമിച്ചിരിക്കുന്നത്. കുറ്റകൃത്യത്തെ ഒരു ഭാഷാശാസ്ത്രപ്രശ്നമായി നോക്കിക്കാണുന്ന നോവലിസ്റ്റിന്റെ സമീപനത്തെയും ഇതിൽ പ്രശ്നവൽകരിക്കുന്നുണ്ട്. സ്വത്വന്വേഷണത്തിന്റെ വഴിയും പൊരുളുമായി കുറ്റാന്വേഷണത്തെ വികസിപ്പിക്കുന്ന 'പാലേരിമാണിക്യം' നോവലിനെ, വ്യത്യസ്തകാലങ്ങളിലൂടെയും പാരമ്പര്യത്തുടർച്ചയിലൂടെയും നീങ്ങുന്ന വ്യവഹാരമെന്ന നിലയ്ക്കാണ് ഇവിടെ പരിശോധിക്കുന്നത്. കുറ്റാന്വേഷണരംഗത്തെ നൂതനസാധ്യതകൾ തുറന്നിടുന്ന 'പാലേരിമാണിക്യം' കുറ്റാന്വേഷണവ്യവഹാരങ്ങളിലെ പെൺനോട്ടത്തെ ക്കൂടി ഉൾക്കൊള്ളുന്നു എന്ന് ഈ പ്രബന്ധം സാക്ഷ്യപ്പെടുത്തുന്നു.

**താക്കോൽവാക്കുകൾ**: വാമൊഴി ചരിത്രം (Oral History), അപഗ്രഥനാത്മകകഥ (Analytical Story) ആധുനികാനന്തര ക്രൈം നോവൽ (Post Modern Crime Novel), കൊളോണിയൽ ആധുനികത (Colonial Modernity), രാഷ്ട്രീയരൂപകം (Political Metaphor)

ടി.പി. രാജീവന്റെ 'പാലേരിമാണിക്യം ഒരു പാതിരാക്കൊലപാതകത്തിന്റെ കഥ' (2008) എന്ന നോവലിൽ കുറ്റാന്വേഷണസാഹിത്യത്തിന് നാന്ദികുറിച്ച അമേരിക്കൻ എഴുത്തുകാരനായ എഡ്ഗാർ അലൻ പോ (1809-1849) യുടെ ഒരു പ്രസ്താവന കടന്നുവരുന്നുണ്ട്. 'ലോകത്തിലെ ഏറ്റവും കൂടുതൽ കാവ്യാത്മകമായ പ്രമേയം സൗന്ദര്യവതിയായ ഒരു സ്ത്രീയുടെ മരണമാണ്.' ("The Death, then of a beautiful women is, unquestionably, the most poetical topic in the world.") എന്ന ഉദ്ധരണിയാണ് ഇത്. 1846-ൽ എഡ്ഗാർ അലൻ പോ (2015: 06) എഴുതിയ 'The Philosophy of Composition' എന്ന ലേഖനത്തിലെ നിരീക്ഷണമാണ് ടി.പി. രാജീവന്റെ കുറ്റാന്വേഷണനോവലിന്റെ പ്രത്യയശാസ്ത്രത്തെയും നിർണയിക്കുന്നത്. ലോകസാഹിത്യത്തിൽ ബഹുജനാഭിരുചികളും മനോലോകങ്ങളും കുറ്റാന്വേഷണപഥമായി സ്വീകരിച്ച് പുതിയ കഥാഖ്യാനമാർഗം തുറന്ന അലൻ പോ മലയാളത്തിലെ എക്കാലത്തെയും കുറ്റാന്വേഷണനോവലിസ്റ്റുകളുടെ പ്രചോദനകേന്ദ്രമാണ്. ടി.പി. രാജീവനും ഈ വഴിയിൽനിന്ന് മാറിനടക്കുന്നില്ല. വായനക്കാരിൽ ഉദ്വേഗവും ജിജ്ഞാസയും ഉണർത്തുന്ന നോവൽശീർഷകത്തിന്റെ തിരഞ്ഞെടുപ്പിൽവരെ അലൻ പോയുടെ സ്വാധീനം കാണാം.

അപഗ്രഥനാത്മകകഥയുടെ (Analytical Story) രീതിശാസ്ത്രം സ്വീകരിച്ചിരിക്കുന്ന 'പാലേരിമാണിക്യം' മലയാളത്തിലെ കുറ്റാന്വേഷണവായനാഭാവുകത്വത്തിൽ വിച്ഛേദം വരുത്തിയ രചനയാണ്. പരിഹരിക്കേണ്ട നിരവധി പ്രശ്നങ്ങൾ നിറഞ്ഞ കലുഷമായ ആഖ്യാനശരീരമുള്ള കഥയാണ് അപഗ്രഥനാത്മകകഥ എന്ന് പൊതുവേ വിമർശകർ വിലയിരുത്തിയിട്ടുണ്ട്. മലയാളത്തിലെ പതിവ് കുറ്റാന്വേഷണനോവലുകളിൽനിന്ന് വ്യത്യസ്തമായി വായനക്കാരന്റെ ധൈഷണികജിജ്ഞാസയെ പ്രചോദിപ്പിക്കാനും നിഗൂഢതകൾക്ക് ചരിത്രപരമായ വിശദീകരണം നൽകാനും ഈ നോവൽ ശ്രദ്ധിച്ചിരിക്കുന്നു. സങ്കീർണമായ കഥാപാത്രസൃഷ്ടിയും ആഖ്യാനപരിസരവുമാണ് 'പാലേരിമാണിക്യം' തുറന്നിടുന്നത്. മലയാളത്തിലെ ആധുനികാനന്തര ക്രൈംനോവൽ (Post Modern Crime Novel) ചരിത്രത്തിലെ നാഴികക്കല്ലായി ഈ രചനയെ വിലയിരുത്താം. ആധുനികതയ്ക്ക് ശേഷമുള്ള കുറ്റാന്വേഷണനോവൽഗണത്തെ സൂചിപ്പിക്കുവാനാണ്, മേൽപറഞ്ഞ പരികല്പന ഉപയോഗിച്ചിരിക്കുന്നത്. ഉമ്പർട്ടൊ എക്കോ, ഇറ്റാലിനോ കാൽവിനോ, മരിയോ വർഗോ യോസ, ഡാൻ ബ്രൗൺ തുടങ്ങിയവരുടെ നോവലുകൾ ഇതിന് ഉദാഹരണമാണ്.

കവിയും നോവലിസ്റ്റുമായ ടി.പി. രാജീവന്റെ 'പാലേരിമാണിക്യം

ഒരു പാതിരാക്കൊലപാതകത്തിന്റെ കഥ' 2007-ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെ ഖണ്ഡശഃ പുറത്തുവന്നു. 'ഒരു പാതിരാക്കൊലപാതകത്തിന്റെ കഥ' ('A Midnight Murder Story') എന്ന പേരിൽ അദ്ദേഹം എഴുതിയ ഇംഗ്ലീഷ് നോവലിന്റെ മലയാളരൂപമായിരുന്നു ഇത്. രണ്ടു ഭാഷകളിലും ഈ നോവലിന്റെ ഇതിവൃത്തം ഒന്നുതന്നെയാണെങ്കിലും ഈ നോവൽ അവതരിപ്പിക്കപ്പെട്ടത് വ്യത്യസ്തമായ രീതിയിലാണ്. സാമൂഹികരാഷ്ട്രീയപശ്ചാത്തലം വിവരിക്കുന്ന കാര്യമെടുത്താൽ, മലയാളത്തിലാണ് നോവലിസ്റ്റ് ധാരാളിത്തം കാണിച്ചിട്ടുള്ളത്. കേരളപ്പിറവിയുടെ അമ്പതാംവാർഷികത്തിൽ പുറത്തുവന്ന ഈ നോവൽ സ്ത്രീസുരക്ഷ സംബന്ധിച്ച ഭരണകൂടകാഴ്ചപ്പാടുകൾക്ക് വിയോജനക്കുറിപ്പ് എഴുതി. സാമൂഹിക/രാഷ്ട്രീയ പ്രസ്ഥാനങ്ങളും ജനാധിപത്യ/നീതിന്യായ സ്ഥാപനങ്ങളും, സ്ത്രീപീഡന/കൊലപാതക പരമ്പരകളെ എങ്ങനെ അദൃശ്യമാക്കുന്നു എന്നതിനെക്കുറിച്ച് ഈ നോവൽ ഉൾക്കാഴ്ച നൽകുന്നുണ്ട്. 'പാലേരിമാണിക്യം' കേരളീയപൊതുസമൂഹത്തിൽ സൃഷ്ടിച്ച ചലനങ്ങളും വിവാദങ്ങളും ഇപ്പോഴും കെട്ടടങ്ങിയിട്ടില്ല. 2009-ൽ ഈ നോവൽ ഇതേപേരിൽ രഞ്ജിത്ത് സിനിമയാക്കിയിരുന്നു.

### ആഖ്യാനത്തിന്റെ ഇന്ദ്രജാലങ്ങൾ

മലയാളിയുടെ ജനകീയവായനാമുന്നേറ്റത്തിന് കുറ്റാന്വേഷണനോവലുകൾ വഹിച്ച പങ്ക് നിർണായകമാണ്. ആദ്യകാലനോവലിന്റെ ഉത്ഭവത്തോടനുബന്ധിച്ച് കുറ്റാന്വേഷണസ്വഭാവമുള്ള മലയാളനോവലുകളുടെയും ചരിത്രം തുടങ്ങുന്നു. 'ടി.എം. അപ്പു നെടുങ്ങാടിയുടെ 'കുന്ദലത' എന്ന കൃതിയാണ് നോവൽസാഹിത്യത്തിന്റെ സാമാന്യസ്വരൂപത്തെ ആംഗലഭാഷാനഭിജ്ഞരായ കേരളീയരെ ആദ്യം മനസ്സി ലാക്കിയത്' എന്ന് എം.പി. പോൾ (1991: 113) നിരീക്ഷിച്ചിട്ടുണ്ട്. മലയാളത്തിലെ ആദ്യനോവൽ 'കുന്ദലത' (1887) തന്നെ കുറ്റാന്വേഷണസ്വഭാവമുള്ള രചനയായിരുന്നു എന്നത് യാദൃച്ഛികമായി തോന്നാം. നോവലിന്റെ ചട്ടക്കൂടിനെ സ്വാംശീകരിച്ചതോടൊപ്പം പാശ്ചാത്യനോവലുകളിലെ പ്രമേയപരിസരങ്ങളെക്കൂടി ഉൾക്കൊണ്ടാണ് മലയാളത്തിലെ കുറ്റാന്വേഷണനോവലുകൾ സഞ്ചാരം തുടങ്ങിയത്. ആദ്യകാലനോവലിസ്റ്റുകളുടെ ശ്രേണിയിൽ ഉൾപ്പെടുന്ന അപ്പൻ തമ്പുരാന്റെ 'ഭാസ്കരമേനോൻ' (1904) ആണ് മലയാളത്തിലെ ആദ്യത്തെ കുറ്റാന്വേഷണനോവലായി അംഗീകരിക്കപ്പെട്ടത്. കാരാട്ട് അച്യുതമേനോന്റെ 'വിരുതൻശങ്കു' (1912) ജനപ്രീതി നേടിയ കുറ്റാന്വേഷണ നോവലുകളിൽ ശ്രദ്ധേയമാണ്. എഴുപതുകൾക്കുശേഷമാണ്, കുറ്റാന്വേഷണനോവലുകളിൽ വലിയ കുതിച്ചുചാട്ടങ്ങൾ

മലയാളത്തിൽ സംഭവിക്കുന്നത്. നീലകണ്ഠൻ പരമാര, അനുജൻ തിരുവാങ്കുളം, ഒ.എം. ചെറിയാൻ, സി. മാധവൻപിള്ള, കോട്ടയം പുഷ്പനാഥ്, തോമസ് ടി. അമ്പാട്ട്, ബാറ്റൺ ബോസ് എന്നീ അപസർപ്പകനോവലിസ്റ്റുകളുടെ ഒരു നീണ്ട നിരതന്നെ വളർന്നുവന്നു. എൺപതുകളിൽ കുറ്റാന്വേഷണനോവലുകൾ ഖണ്ഡശഃ പ്രസിദ്ധീകരിച്ചുകൊണ്ടാണ് മലയാളത്തിലെ പല വാരികകളും ലക്ഷങ്ങളുടെ പ്രചാരം നേടിയെടുത്തത്. ലോകപ്രസിദ്ധങ്ങളായ കുറ്റാന്വേഷണ ക്ലാസിക് ഗ്രന്ഥങ്ങൾക്ക് മികച്ച പരിഭാഷകളും പുനരാഖ്യാനങ്ങളും മലയാളത്തിലുണ്ടായി. ഇതെല്ലാം കുറ്റാന്വേഷണ സാഹിത്യത്തെ ജനപ്രിയ സാഹിത്യത്തിന്റെ മുഖ്യജനുസ്സാക്കി വളർത്തി.

മലയാളത്തിലെ മുഖ്യധാരാ എഴുത്തുകാരും കുറ്റാന്വേഷണനോവലിന്റെ വഴിയിൽ സഞ്ചരിച്ചിട്ടുണ്ട്. മലയാറ്റൂർ രാമകൃഷ്ണൻ, പോഞ്ഞിക്കര റാഫി, എം.ടി. വാസുദേവൻ നായർ, മേതിൽ രാധാകൃഷ്ണൻ എന്നിവർ ഇതിന് ഉദാഹരണമാണ്. കുറ്റാന്വേഷണരൂപഘടനയുള്ള ഒരു നോവൽസാഹിത്യഭാവുകത്വത്തിൽ പരിവർത്തനം സൃഷ്ടിച്ചതിന് മേതിൽ രാധാകൃഷ്ണന്റെ 'സൂര്യവംശം' (1970) പ്രത്യേകം പരാമർശമർഹിക്കുന്നു. 'കഥാകഥനരീതികൊണ്ട് 'സൂര്യവംശം' സാഹിത്യമേന്മയുള്ള ഒരു അപസർപ്പകകഥയായി നിലകൊള്ളുന്നു' എന്ന് ഹമീദ് (2015: 307) വിലയിരുത്തുന്നത് കാണാം. കുറ്റാന്വേഷണഘടനയുള്ള 'സൂര്യവംശം' കഴിഞ്ഞ് മലയാളനോവലിന്റെ ഭാവുകത്വഗതിയിൽ നിർണായകമായ രചന 'പാലേരിമാണിക്യം' തന്നെയാണ്. മലയാളത്തിലെ ആദ്യകാല നോവലിസ്റ്റുകൾമുതൽ ആധുനികർവരെ കുറ്റാന്വേഷണ നോവൽരചനയിൽ പശ്ചാത്യരെ അനുകരിക്കുകയാണ് ചെയ്തിട്ടുള്ളത്. വ്യതിരിക്തതയുള്ള അപസർപ്പകനോവലുകൾ മലയാളത്തിന് സംഭാവനചെയ്യാൻ അപൂർവം ചിലർക്ക് മാത്രമേ കഴിഞ്ഞിട്ടുള്ളൂ.

കഥാഖ്യാനരീതിയിലും അപസർപ്പകത്തിന്റെ രീതിശാസ്ത്രത്തിലും പുതുമകൾ സൃഷ്ടിക്കുവാനാണ് 'പാലേരിമാണിക്യം' വഴി ടി.പി. രാജീവൻ ശ്രമിച്ചിട്ടുള്ളത്. അപ്പോഴും ലോകസാഹിത്യത്തിലെ പുത്തൻപ്രവണതകളെ സ്വാംശീകരിക്കാനും സ്വതന്ത്രമായ ആവിഷ്കാരം നടത്താനും നോവലിസ്റ്റിന് കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത അപസർപ്പകനോവൽമാതൃകകൾ ഉപേക്ഷിച്ച് ലാറ്റിനമേരിക്കൻ നോവലുകളുടെ ആഖ്യാനതന്ത്രമാണ് അദ്ദേഹം പരീക്ഷിക്കുന്നത്. ഉത്തരാധുനികചിന്തകനായ ല്യോത്യാറിന്റെ (Jean Francois Lyotard) ബൃഹദാഖ്യാനങ്ങളുടെ (Grand Narrations) തകർച്ചയിൽനിന്ന് ഉയർന്നുവരുന്ന ലഘു ആഖ്യാനങ്ങളെകുറിച്ചുള്ള (Little Narrations) സങ്കല്പങ്ങളും ഇതിന്

പശ്ചാത്തലമാകുന്നു. പ്രാദേശികതയിൽ ഊന്നിയുള്ള ടി.പി. രാജീവന്റെ കഥപറച്ചിൽരീതി ഗബ്രിയേൽ ഗാർസിയ മാർക്വിസിന്റെ 'പ്രവചിക്കപ്പെട്ട ഒരു മരണത്തിന്റെ പുരാവൃത്തം' ('Chronicle of a Death Foretold 1981) എന്ന നോവലിനെ അനുസ്മരിപ്പിക്കുന്നതാണ്. ഇത് ജീവിതത്തെയും ദുരന്തപൂർണമായ വിധിയെയും കോർത്തിണക്കി കുറ്റാന്വേഷണശൈലിയിൽ കഥപറയുന്ന നോവലാണ്. ഇരുപത്തിയേഴ് വർഷങ്ങൾക്കുമുമ്പ് സംഭവിച്ച ഒരു കൊലപാതകത്തിന്റെ ചുരുൾനിവർത്തുന്ന രീതിയിലാണ് ഈ നോവൽ മാർക്വിസ് സംവിധാനം ചെയ്തിരിക്കുന്നത്. ടി.പി. രാജീവന്റെ 'പാലേരിമാണിക്യം' നോവലിലും മാർക്വിസിന്റെ ആഖ്യാനകലയുടെ പിരിയൻഘടന ഒളിഞ്ഞിരിക്കുന്നു.

### കുറ്റകൃത്യങ്ങളുടെ ജ്യാമിതീയഘടന

കുറ്റാന്വേഷണപ്രക്രിയയുടെ തത്വപരവും (Theoretical) പ്രയോഗപരവും (Practical) ആയ തലങ്ങൾ ചർച്ച ചെയ്യുന്ന ഒരു രചന എന്ന നിലയിലാണ് 'പാലേരി മാണിക്യം' മലയാളത്തിലെ ഇതര കുറ്റാന്വേഷണനോവലുകളിൽ നിന്ന് വ്യത്യസ്തമാകുന്നത്. നാല് പുസ്തകങ്ങളായി 40 അധ്യായങ്ങളിൽ ഈ നോവൽ രൂപകൽപന ചെയ്തിരിക്കുന്നു. കോഴിക്കോട് ജില്ലയിലെ പാലേരി എന്ന ഗ്രാമത്തിൽനടന്ന മാണിക്യം എന്ന യുവതിയുടെ കൊലപാതകവും തുടർന്നുള്ള അന്വേഷണവുമാണ് ഈ നോവലിന്റെ പശ്ചാത്തലം. 1957 മാർച്ച് മാസം മുപ്പതാംതീയതി നടന്ന കുറ്റകൃത്യമാണ് ഇത്. അഞ്ച് മാസം നീണ്ട കേസ് അന്വേഷണത്തിനും വിചാരണയ്ക്കും ഒടുവിൽ പാലേരിമാണിക്യം കൊലക്കേസിലെ എല്ലാ പ്രതികളെയും വെറുതെവിട്ടുകൊണ്ട് കോഴിക്കോട് സെഷൻസ് ജഡ്ജി ശ്രീമതി മേരി കുര്യാക്കോസ് ഉത്തരവിറക്കി. പ്രതികളായ കുന്നുംപുറത്ത് വേലായുധൻ, മുതുവന അഹമ്മദ്, എടത്തേത്തൊടി കുഞ്ഞിക്കണ്ണൻ എന്നിവരുടെ പേരിൽ പോലീസ് ചാർജ്ജുചെയ്ത ഭവനഭേദനം, സംഘം ചേർന്നുള്ള കൊല, ബലാൽസംഗം, കൊലപാതകം, തെളിവ് നശിപ്പിക്കൽ എന്നീ കുറ്റങ്ങൾ തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞില്ല എന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുതവിധി. കേസന്വേഷണത്തിൽ പോലീസ് വീഴ്ചവരുത്തിയെന്നും വിധിന്യായത്തിൽ പ്രത്യേകം പരാമർശം ഉണ്ടായിരുന്നു. തേഞ്ഞുമാഞ്ഞുപോയ ഈ കേസിന്റെ അന്വേഷണത്തിനായി അമ്പത് വർഷങ്ങൾക്കുശേഷം നോവലിസ്റ്റും സഹായിയായ ക്രൈം അനലിസ്റ്റ് സരയുവും പാലേരിയിൽ എത്തുകയാണ്. തന്റെ മുത്തച്ഛനും കോൺഗ്രസ് പ്രവർത്തകനുമായിരുന്ന രായപ്പൻനായരുടെ ഡയറിക്കുറിപ്പുകളാണ് ആഖ്യാതാവിനെ

കേസ് അന്വേഷിക്കാൻ പ്രേരിപ്പിച്ചത്. സ്വകാര്യമായ താൽപര്യത്തിൽനിന്ന് ആരംഭിക്കുന്ന അന്വേഷണം കുറച്ച് കഴിയുമ്പോൾ കാലത്തിന്റെ അനിവാര്യതയായി തിരിച്ചറിയപ്പെടുന്നുണ്ട്.

സ്വതന്ത്രകുറ്റാന്വേഷകനായ വ്യക്തി കേന്ദ്രസ്ഥാനത്ത് വരുന്നത് ഇംഗ്ലീഷ് അമേരിക്കൻ അപസർപ്പകനോവലുകളുടെ മുഖമുദ്രയായിരുന്നു. 'സ്വകാര്യഡിറ്റക്ടീവ് എന്ന പരികൽപന അമേരിക്കൻ സങ്കല്പവും സ്വതന്ത്രവാദകാഴ്ചപ്പാടുമാണ്' എന്ന് മാർട്ടിൻ പ്രീസ്റ്റ്മാൻ (2003:95) ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കൊളോണിയൽ ആധുനികത (Colonial Modernity) യുടെ സവിശേഷമായ സാമൂഹികരാഷ്ട്രീയസാഹചര്യമാണ് മലയാളത്തിലും സ്വകാര്യഡിറ്റക്ടീവുകൾ കേന്ദ്രസ്ഥാനത്ത് അവരോധിക്കപ്പെടാൻ കാരണം. കോളനീകരണം ഭാരതം ഉൾപ്പെടെയുള്ള മൂന്നാം ലോകരാജ്യങ്ങളിൽ സൃഷ്ടിച്ച സാംസ്കാരിക ഉണർവിനെ കുറിക്കുവാൻ ഉപയോഗിക്കുന്ന പരികല്പനയാണ് കൊളോണിയൽ ആധുനികത. കേരളത്തെ സംബന്ധിച്ച് 19, 20 നൂറ്റാണ്ടുകൾ ഇത്തരമൊരു ഉണർവിന്റെ കാലമായിരുന്നു. ഈ ഘട്ടത്തിലാണ് മലയാളത്തിലും അപസർപ്പകനോവലുകളുടെ രംഗപ്രവേശത്തിന് വഴിതുറന്നത്. മലയാളനോവലിന്റെ പരിണാമഗതിയോട് ബന്ധപ്പെട്ട് സ്വകാര്യ ഡിറ്റക്ടീവ് എന്ന സങ്കല്പവും ശക്തിപ്പെട്ടു എന്ന് നിരീക്ഷിക്കാം.

ഒരു സ്ത്രീയുടെ കൊലപാതകത്തെ പുരുഷവീക്ഷണത്തിലൂടെ അന്വേഷിക്കുമ്പോൾ സംഭവിക്കുന്ന പരിമിതികളെ മറികടക്കുവാനാണ് 'പാലേരി മാണിക്യം' നോവലിൽ സരയു ശർമ എന്ന കഥാപാത്രത്തെ ടി.പി. രാജീവൻ അവതരിപ്പിച്ചിരിക്കുന്നത്. ഡാൻ ബ്രൗണിന്റെയും ഉംബർട്ടോ എക്കോയുടെയും നോവലുകളിൽ കാണുന്ന യുഗ്മാന്വേഷണം (Dual Investigation) തന്നെ ഇവിടെയും ആവർത്തിക്കുന്നു. കുറ്റാന്വേഷകന്റെ അന്വേഷണത്തിന് പകരം ഒരു കേസന്വേഷണത്തിന്റെ നടപടി ക്രമങ്ങളും അനുബന്ധസംഭവങ്ങളും പിന്തുടരുന്ന നാടകീയമായ ആവിഷ്കാരമായിട്ടാണ് നോവൽ മുന്നോട്ടുനീങ്ങുന്നത്.

അന്വേഷകൻ ആദ്യം കാണുന്നത് ക്രൈം റെക്കോർഡ്സ് സംരക്ഷിക്കുന്ന വൈ. മാധവൻ എന്ന ഉദ്യോഗസ്ഥനെയാണ്. സാഹിത്യതൽപരനായ അയാൾ പറയുന്നുണ്ട്: 'എല്ലാം തിരിച്ചുപിടിക്കലാണ് ഒരു അന്വേഷണം. ഒരു ആഖ്യാനത്തിന്റെ പൊളിച്ചെഴുത്തും. അതേസമയം മറ്റൊരു ആഖ്യാനത്തിന്റെ നിർമാണവും' (2008: 21). മാണിക്യത്തിന്റെ മരണത്തിന് പിന്നിലെ വ്യത്യസ്തമായ സാധ്യതകളെയാണ് വൈ. മാധവൻ ചൂണ്ടിക്കാണിക്കുന്നത്. മരണം

നടന്ന രാത്രിയിലെ പൂജാരി ചന്തമ്മന്റെ തിരോധാനം, അന്ന് രാത്രിതന്നെ സംഭവിച്ച ധർമദത്തൻ നമ്പൂതിരിയുടെ അപകടമരണത്തിലെ അസ്വാഭാവികത, കേസുമായി ബന്ധപ്പെട്ട് ആരോപണവിധേയനായിട്ടും കേസ് രേഖകളിൽ ഉൾപ്പെടാതെ പോയ അഹമ്മദ് ഹാജി എന്ന വ്യക്തിയുടെ സാന്നിധ്യം എന്നിവ അയാൾ ഒരു ത്രികോണഘടനയിൽ വരച്ചിടുകയാണ്. കുറ്റകൃത്യത്തിന്റെ ഈ ജ്യാമിതീയഘടനയിൽ എവിടെയോ ആണ് സത്യം ഒളിഞ്ഞിരിക്കുന്നത് എന്നും അയാൾ പറയുന്നുണ്ട്. കുറ്റാന്വേഷണം ഒരു ആഖ്യാനത്തിന്റെ പൊളിച്ചെഴുത്താണ് എന്ന അപനിർമാണ കാഴ്ചപ്പാടാണ് ഈ നോവലിന്റെ പാഠത്തെയും പ്രത്യയശാസ്ത്രത്തെയും നിർണയിക്കുന്നത്.

സമകാലികമായി പൊതുശ്രദ്ധ ലഭിച്ച കേരളത്തിലെ ചില കേസ്‌വിചാരണകളുമായി മാണിക്യം കൊലക്കേസിനെ സാദൃശ്യപ്പെടുത്തുന്ന അപൂർവസന്ദർഭങ്ങളും ഈ രചനയിൽ കടന്നുവരുന്നുണ്ട്. വർഗീസ് വധക്കേസ് (1970) സിസ്റ്റർ അഭയ കേസ് (1993) എന്നിവ ഇതിൽ പരാമർശിക്കപ്പെടുന്നു. 'ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ സിസ്റ്റർ അഭയ കൊലക്കേസിലും നക്സൽ വർഗീസിനെ പോലീസ് വെടിവെച്ചുകൊന്നതായി പറയപ്പെടുന്ന കേസിലും ഉള്ള അന്വേഷണവുമായി ബന്ധപ്പെട്ട ചില വസ്തുതകൾക്ക് മാണിക്യം കൊലക്കേസുമായി നല്ല സാമ്യമുണ്ട്. അതിൽ പ്രധാനം രാസപരിശോധനാറിപ്പോർട്ടാണ്. വർഗീസ് വധക്കേസിൽ എന്നപോലെ മാണിക്യം കേസിലും പോസ്റ്റുമോർട്ടം റിപ്പോർട്ട് രേഖകളിൽനിന്ന് നഷ്ടപ്പെട്ടിട്ടുണ്ട്.' (2012:41). യഥാർഥ പോസ്റ്റ്മോർട്ടം റിപ്പോർട്ടിലെ അട്ടിമറിയാണ് മാണിക്യംകേസിലെ പ്രതികൾ രക്ഷപ്പെടാൻ കാരണമെന്ന് അന്വേഷകനും സരയുവുംകൂടി കണ്ടെത്തുന്നു. അതിന് ഇടയാക്കിയ സൂക്ഷ്മമായ സാമൂഹികരാഷ്ട്രീയസാഹചര്യങ്ങളിലേക്കാണ് അന്വേഷകർ കടക്കുന്നത്. വിദൂരമായ തെളിവുകൾ അവർ ശേഖരിക്കുകയും നിർദ്ധാരണം ചെയ്യുകയും ചെയ്യുന്നു. കുറ്റകൃത്യത്തെ സംബന്ധിച്ച് പ്രാഥമികമായ അന്വേഷണത്തിൽ വിട്ടുപോയ പലതും അതിവിദഗ്ധമായ നിരീക്ഷണപാടവത്തോടെയാണ് കണ്ടെത്തുന്നത്. അങ്ങനെ ഇരുളിലാണ്ടുപോയ പല സംഭവങ്ങളും വസ്തുതകളും അനുക്രമമായി വെളിച്ചത്ത് വരുന്നു.

## ഓർമ്മകളുടെ രാഷ്ട്രീയം

ആധുനികാനന്തരമലയാളനോവലിന്റെ ആഖ്യാനകലയിൽ ഓർമ്മ ഒരു രാഷ്ട്രീയരൂപകം (Political Metaphor) എന്ന നിലയിലാണ് പ്രാമുഖ്യം നേടുന്നത്. പ്രത്യയശാസ്ത്രപരമായ ഉള്ളടക്കമുള്ള പ്രതീകനിർമിതികളാണ് രാഷ്ട്രീയരൂപകമെന്ന്

പലതും നിരീക്ഷിച്ചിട്ടുണ്ട്. ജോർജ് ഓർവലിന്റെ 'അനിമൽ ഫാം' (1945) രാഷ്ട്രീയ രൂപകങ്ങളുടെ സവിശേഷപ്രയോഗങ്ങൾകൊണ്ട് ശ്രദ്ധേയമായ രചനയാണ്. മലയാളത്തിൽ ഡോ. സി.ആർ. പരമേശ്വരന്റെ 'പ്രകൃതിനിയമം' (1989) മുതൽ ഇ. സന്തോഷ്കുമാറിന്റെ 'അന്ധകാരനഴി' (2011) വരെയുള്ള നോവലുകളിൽ രാഷ്ട്രീയരൂപകങ്ങളുടെ സമൃദ്ധി കാണാം. ഓർമകളെ രാഷ്ട്രീയരൂപകമായി ഉപയോഗിക്കുന്ന നോവലുകളും ആധുനികാനന്തരകാലത്ത് കടന്നുവന്നിട്ടുണ്ട്. ഓർമകൾ ചരിത്രത്തിന്റെ അടരുകളാണ്. എല്ലാ ഏകാധിപത്യഭരണകൂടങ്ങളും ജനതയുടെ ഓർമകളെ തുടച്ചുനീക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഓർമകളെ വീണ്ടെടുക്കുക എന്നത് എല്ലാ രാഷ്ട്രീയസമരങ്ങളുടെയും പ്രാരംഭപ്രക്രിയയാണ്. 'അധികാരത്തിനെതിരെയുള്ള മനുഷ്യന്റെ സമരം വിസ്മൃതിക്കെതിരെയുള്ള ഓർമയുടെ സമരമാണ്" എന്ന് മിലാൻ കുന്ദേര യുടെ''ചിരിയുടെയും മറവിയുടെയും പുസ്തകം' ('The Book of Laughter and Forgetting') എന്ന നോവലിലെ (2016:09) മിറേക്ക് എന്ന കഥാപാത്രം പറയുന്നുണ്ട്.

മലയാളനോവലിൽ ഓർമകളെ ചരിത്രവൽകരിക്കുന്നതിന്റെ സമാനതകളില്ലാത്ത മാതൃകയാണ് 'പാലേരിമാണിക്യം' മുഖേന ടി.പി. രാജീവൻ കാഴ്ച വയ്ക്കുന്നത്. മാണിക്യത്തിന്റെ കൊലപാതകം നടന്നകാലത്ത് പാലേരിയിൽ ഉണ്ടായിരുന്ന, അമ്പത് വർഷങ്ങൾക്കുശേഷവും അവശേഷിക്കുന്നവരുടെ സ്മരണകളിലൂടെ ഈ നോവലിന്റെ ആഖ്യാനം പൂർത്തിയാകുകയാണ്. ലിഖിതമായ തെളിവുകൾ ഉണ്ടെങ്കിലും വാമൊഴിചരിത്ര (Orlal History) ത്തിലെ രീതിശാസ്ത്രം 'പാലേരിമാണിക്യം' നോവലിലെ കുറ്റാന്വേഷണപ്രക്രിയയെ വേറിട്ടുനിർത്തുന്നു. കുറ്റാന്വേഷണത്തിന് വിധേയമാകുന്ന ചരിത്രപരിസരവും ഭൂമിശാസ്ത്രപരിസരവും ഇവിടെ ഏറെ പ്രസക്തമാണ്. ഇതിൽനിന്ന് വേർപെടുത്തി എടുക്കുന്നതോടെ കുറ്റാന്വേഷണത്തിന്റെ ഭാഗമായ കഥാപാത്രങ്ങളുടെ ജൈവികത നഷ്ടപ്പെടും. ഇതാണ് 'പാലേരിമാണിക്യ'ത്തിലെ ആഖ്യാനത്തിൽ വാമൊഴിചരിത്രത്തിന്റെ വഴി പിൻതുടരാൻ നോവലിസ്റ്റിനെ പ്രേരിപ്പിക്കുന്ന ഘടകം.

കുറ്റാന്വേഷണത്തിൽ വാമൊഴിചരിത്രം എത്രത്തോളം വിശ്വസനീയമായിരിക്കും എന്ന ചോദ്യം ഉയരുന്നുണ്ട്. ഒരേ സംഭവത്തെക്കുറിച്ചുതന്നെ പല കഥാപാത്രങ്ങൾപല കാര്യങ്ങൾ ഓർമിച്ചെടുത്ത് പറഞ്ഞാൽ അവയിൽനിന്ന് എങ്ങനെ ശരി കണ്ടെത്തും എന്ന സംശയം സാധാരണയായി ഉന്നയിക്കപ്പെടാറുണ്ട്. എന്നാൽ ഈ നോവലിൽ ആഖ്യാനത്തിന് ആധികാരികത പകരുന്ന ഘടകങ്ങളിലൊന്നായി വാമൊഴിചരിത്രത്തെ ഉപയോഗപ്പെടുത്തുന്നതിൽ

നോവലിസ്റ്റ് വിജയിച്ചിരിക്കുന്നു. ആധുനികകുറ്റാന്വേഷണത്തിലും വിധിന്യായങ്ങളിലും സാക്ഷിമൊഴികൾക്ക് നല്കിവരുന്ന പ്രാധാന്യത്തെയാണ് ഇവിടെ ഇപ്രകാരം ഉറപ്പിക്കുന്നത്. കേസ് അന്വേഷണത്തിൽ നഷ്ടപ്പെട്ടു പോയ കണ്ണികൾ പൂരിപ്പിക്കാൻ അതുവഴി കഴിയുന്നുണ്ട്. അമ്പത് വർഷങ്ങൾക്കു ശേഷവും പാലേരിയിൽ ജീവിച്ചിരിക്കുന്ന ബാർബർ കേശവൻ, എസ്.കെ. പള്ളിപ്പുറം, കെ.പി. ഹംസ, ആയേടത്ത് കുമാരൻ എന്നിവരുടെ ഓർമകളും കുറ്റസമ്മതങ്ങളും കേസിന്റെ പുനരന്വേഷണത്തെ ഉദ്വേഗഭരിതമാക്കുകയാണ്. 'കുറ്റാന്വേഷണത്തിന്റെ വഴിയിൽ കുറ്റങ്ങളുടെ സാമൂഹികചരിത്രം തേടിപ്പോകുകയാണ് രാജീവന്റെ കൃതി' എന്ന് ഷാജി ജേക്കബ് (2013:1953) നിരീക്ഷിക്കുന്നു. കഥാപാത്രങ്ങളുടെ ബഹുസ്വരമായ ആത്മാഖ്യാനങ്ങൾ സാമൂഹികജീവിതത്തിലെ അടികല്ലുകളുടെ മൂടുപടമാണ് അഴിക്കുന്നത്. ജാതീയത, മതസ്വത്വം, രാഷ്ട്രീയം, ലിംഗഭേദം, വംശീയത തുടങ്ങിയ സാമൂഹികജീവിതത്തിന്റെ അടരുകൾ എങ്ങനെയാണ് കുറ്റാന്വേഷണത്തിന്റെ വഴികളിൽ പ്രതിബന്ധമാകുന്നതെന്നും ഈ കൃതി ചർച്ചചെയ്യുന്നു. മലയാളനോവലിന്റെ സഞ്ചാരപഥങ്ങളിൽ ഇതെല്ലാം പുതിയ തുടക്കങ്ങളാണെന്ന് കാണേണ്ടതുണ്ട്.

കുറ്റാന്വേഷകൻ എന്ന പരിവേഷം സ്വീകരിക്കാതെ നോവൽ എഴുത്തുകാരൻ എന്ന നിലയിലാണ് മാണിക്യംകേസുമായി ബന്ധപ്പെട്ട വ്യക്തികളെ ആഖ്യാതാവ് സന്ദർശിക്കുന്നത്. ഒന്നാമത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ, രാഷ്ട്രീയനാടക പ്രസ്ഥാനം, വിമോചനസമരം, നക്സൽ മുന്നേറ്റം എന്നീ ചരിത്രസംഭവങ്ങളുടെ ഓർമകൾ പേറുന്ന കഥാപാത്രങ്ങളെ ആഖ്യാതാവിന് അഭിമുഖീകരിക്കേണ്ടി വരുന്നു. മാണിക്യം കൊലക്കേസിന്റെ സത്യം വെളിപ്പെടാൻ ഏറ്റവും ആഗ്രഹിച്ച ബാർബർ കേശവനെയാണ് അന്വേഷകൻ ആദ്യം സന്ദർശിക്കുന്നത്. പാലേരിയുടെ ബോധവും ചരിത്രവും ഓർമയുമാണ് കേശവൻ എന്ന് നോവലിൽ ഒന്നിലധികം തവണ പറയുന്നുണ്ട്. മാണിക്യം കേസ് അട്ടിമറിക്കാൻ നടന്ന രാഷ്ട്രീയഗൂഢാലോചനയുടെ ഏകസാക്ഷിയും അയാളാണ്. പാലേരിയിലെ കമ്മ്യൂണിസ്റ്റ് നേതാവ് കെ.പി. ഹംസയുടെ വ്യക്തിദൗർബല്യങ്ങളെക്കുറിച്ചും കേശവൻ അന്വേഷകനോട് പറയുന്നുണ്ട്. പാലേരിയിലെ തണ്ടാരപ്പുര ഹൈസ്കൂൾ മാണിക്യത്തിന്റെ ജഡത്തിനുള്ള വിലയാണെന്നും അറിയിക്കുന്നു. കേസൊതുക്കാൻ അഹമ്മദ് ഹാജി നൽകിയ സ്ഥലത്താണ് പാലേരിയിലെ ആദ്യത്തെ ഹൈസ്കൂൾ ഉയർന്നുവന്നത് എന്നും അന്വേഷകൻ കണ്ടെത്തുന്നുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി വിട്ട് നക്സലിസത്തിലേക്ക് നീങ്ങിയ കേശവൻ പാലേരിയിലെ കീഴാളജീവിതത്തിന്റെ

പരിച്ഛേദമാണ്. എന്നാൽ പറയാൻ തുടങ്ങിയ കാര്യങ്ങൾ പൂർത്തിയാക്കാതെ ബാർബർ കേശവന് ജീവിതത്തിൽനിന്ന് വിരമിക്കേണ്ടിവരുന്നു.

വള്ളുവനാട് തീയേറ്റേഴ്സ് ഉടമയും നാടകകൃത്തുമായ എസ്.കെ. പള്ളിപ്പുറത്തിന്റെ ഭൂതകാലസ്മരണകളും മാണിക്യം കൊലക്കേസിലെ പുനരന്വേഷണത്തിൽ നിർണായകമാകുന്നുണ്ട്. 1959-ലെ വിമോചനസമരത്തിന് കാരണമായ രാഷ്ട്രീയസാംസ്കാരികസാഹചര്യങ്ങളോട് മാണിക്യം കൊലക്കേസിനെ കണ്ണിചേർക്കുന്നത് എസ്.കെ.യുടെ ഓർമകളാണ്. കേരളത്തിലെ ഒന്നാമത്തെ ഇടത് ഗവൺമെന്റിന്റെ പോലീസ്നയം സംബന്ധിച്ച വിവാദങ്ങൾ വിമോചനസമരത്തിനുള്ള പ്രധാനപ്പെട്ട കാരണങ്ങളിലൊന്നായിരുന്നു. സെൽഭരണം എന്നാണ് അത് കുപ്രസിദ്ധിനേടിയത്. പ്രത്യേകിച്ചും പോലീസ് സ്റ്റേഷൻ ഭരണത്തിൽ അന്ന് കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർ നടത്തിയ ഇടപെടലുകൾ വ്യാപകമായ പരാതികൾ ഉയർത്തിയിരുന്നു. കൈനിക്കര പത്മനാഭപിള്ളയുടെ 'കമ്യൂണിസ്റ്റ് ഭരണം കേരളത്തിൽ' (2010) എന്ന ഗ്രന്ഥത്തിൽ അതിന്റെ വിശദാംശങ്ങൾ നൽകുന്നുണ്ട്. 'ഇരുപത്തിയെട്ട് മാസത്തെ കമ്യൂണിസ്റ്റ് ഭരണം നൽകിയ ശുഭപ്രതീക്ഷകൾ ശോകപര്യവസായിയായി. ആദർശസുന്ദരമായ ഒരു ഭരണം വാഗ്ദാനം ചെയ്തവർ ബഹുജനസമരങ്ങളെ ഇരുമ്പുമുഷ്ടി ഉപയോഗിച്ച് അടിച്ചമർത്തി.' എന്ന് പത്മനാഭപിള്ള (2010:45) എഴുതുന്നു. സാംസ്കാരികരംഗത്തും കമ്യൂണിസ്റ്റ് പാർട്ടിയുടെ സങ്കുചിതനിലപാടുകൾ പാർട്ടി അനുഭാവികളായ കലാകാരന്മാരെ ഈ കാലയളവിൽ പാർട്ടിവിരുദ്ധരാക്കി. കമ്യൂണിസ്റ്റ് ഭരണത്തെ വിമർശിച്ചുകൊണ്ട് സി.ജെ. തോമസിന്റെ 'വിഷവൃക്ഷം' (1959) എന്ന നാടകം പുറത്തുവന്നതിന്റെ പശ്ചാത്തലവും ഇതായിരുന്നു. 'പാലേരിമാണിക്യം' നോവലിലെ എസ്.കെ. എന്ന നാടകകൃത്തും തുടക്കത്തിൽ കമ്യൂണിസ്റ്റ് സഹയാത്രികനാണ്. മാണിക്യം കൊല്ലപ്പെട്ട രാത്രിയിൽ എസ്.കെ.യുടെ 'തുന്നിക്കൂട്ടിയ സത്യം' എന്ന നാടകം കുറ്റ്യാടിയിൽ കളിച്ചിരുന്നു. പാലേരിയിലെ ജനങ്ങളെ ആ രാത്രി ഗ്രാമത്തിൽനിന്ന് അകറ്റിനിർത്തുക എന്ന ലക്ഷ്യം അതിന്റെ സംഘാടകർക്ക് ഉണ്ടായിരുന്നു എന്ന് അന്വേഷകൻ കണ്ടെത്തുന്നുണ്ട്. അതിനുവേണ്ട സാമ്പത്തികസഹായം നൽകിയത് അഹമ്മദ് ഹാജി ആയിരുന്നുവെന്ന് എസ്.കെ. വെളിപ്പെടുത്തുന്നു. വിമോചനസമരകാലത്ത് എസ്.കെ. കമ്യൂണിസ്റ്റ് വിരുദ്ധചേരിയിലാണ് നിലയുറപ്പിച്ചത്. മാണിക്യം കൊലക്കേസ് പ്രമേയമാകുന്ന 'അരിവാൾ ചുറ്റിക ലാത്തി' എന്ന നാടകവും അയാൾ എഴുതി അവതരിപ്പിച്ചു. പ്രസ്തുത നാടകത്തിന്റെ ക്ലൈമാക്സിൽ പാർട്ടി സമ്മർദ്ദം കാരണം കേസ്

അട്ടിമറിച്ചതിന്റെ മനോവേദന പേറുന്ന പോലീസ് ഉദ്യോഗസ്ഥന്റെ കുറ്റസമ്മതം ഉൾപ്പെടുത്തിയിരുന്നു. പാലേരിമാണിക്യം കേസ് ശരിയായ രീതിയിൽ അന്വേഷിച്ച കാർത്തികേയൻ എന്ന പൊലീസ് ഉദ്യോഗസ്ഥനെയാണ് എസ്.കെ. അവതരിപ്പിച്ചത് എന്നും അന്വേഷകൻ തിരിച്ചറിയുന്നുണ്ട്. എസ്.കെ. പള്ളിപ്പുറത്തിന്റെ തുറന്നുപറച്ചിലുകളും കുറ്റസമ്മതങ്ങളും കുറ്റകൃത്യങ്ങൾക്ക് മുന്നിൽ നിശബ്ദമാകുന്ന കേരളത്തിന്റെ സാംസ്കാരികലോകത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

പാലേരിയിൽ ജീവിച്ചിരിക്കുന്ന പഴയകാല കമ്യൂണിസ്റ്റ് നേതാവ് കെ.പി. ഹംസയെ കൂടി അന്വേഷകനും സരയുവും സന്ദർശിക്കുന്നുണ്ട്. അയാൾ ഇന്ന് പാർട്ടിക്ക് അനഭിമതനായി ശിഷ്ടകാലം ചെലവഴിക്കുകയാണ്. 'അധികാരത്തിന്റെ പടവുകളിൽ പിഴച്ചുപോയ ഒരു നേതാവിന്റെ ദയനീയരൂപം പോലെ തോന്നി അയാൾ. എന്നിട്ടും കഠിനമായ വഴികളിൽ രൂപപ്പെട്ട ആ പ്രതീക്ഷയ്ക്ക് മാത്രം ഇല്ല മങ്ങൽ.' (2012: 291) എന്ന് അന്വേഷകൻ വിലയിരുത്തുന്നുണ്ട്. ബാർബർ കേശവന്റെ തുറന്നുപറച്ചിലുകളെയും ആരോപണങ്ങളെയും ഹംസ തള്ളിക്കളയുകയാണ്. അഹമ്മദ് ഹാജിയോടുള്ള വ്യക്തിപരമായ വിരോധവും അപകർഷതാബോധവുമാണ് കേശവനെക്കൊണ്ട് ഇതെല്ലാം പറയിക്കുന്നത് എന്ന നിലപാടാണ് അയാൾ സ്വീകരിക്കുന്നത്. മാണിക്യം കേസിലെ രാസപരിശോധനാ റിപ്പോർട്ട് ആർക്കുവേണ്ടിയാണ് തിരുത്തിയത് എന്ന സരയുവിന്റെ ചോദ്യത്തിന് മുന്നിൽ അയാൾക്ക് അടിതെറ്റുന്നു. നിരപരാധിയായ അഹമ്മദ് ഹാജിയെ രക്ഷിക്കാനായിരുന്നു എന്നാണ് അതിന് അയാൾ മറുപടി പറയുന്നത്. കെ.പി. ഹംസയുടെ കുറ്റസമ്മതത്തോടെ മാണിക്യംകേസ് അതിന്റെ ക്ലൈമാക്സിലേക്ക് എത്തുകയാണ്. സംഭവിച്ചതിന്റെ ദുരൂഹത മറനീക്കി അന്വേഷണം പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് അന്വേഷകർ കടക്കുന്നു.

ആയേടത്ത് കുമാരൻ എന്ന ഭ്രാന്തൻ കുമാരൻ മാണിക്യം കേസിലെ ഒരു ദൃക്സാക്ഷിയായിരുന്നു. അന്വേഷകനും സരയുവുംകൂടി അയാളോട് സംസാരിക്കുന്നുണ്ട്. അലഞ്ഞുതിരിഞ്ഞ് നടക്കുന്ന അയാൾ പാലേരിയിലെ എല്ലാ സംഭവങ്ങളുടെയും മൂകസാക്ഷിയാണ്. 'പാലേരിയുടെ ബോധമായിരുന്നു ബാർബർ കേശവൻ എങ്കിൽ അബോധമാണ് ആയേടത്ത് കുമാരൻ. മറ്റാരും അറിയാത്ത പല വസ്തുതകളും അയാളിൽ അടിഞ്ഞുകിടക്കുന്നുണ്ട്.' (2012: 257). മാണിക്യത്തിന്റെ കൊലപാതകത്തിനും ശാന്തി ധർമ്മദത്തൻ നമ്പൂതിരിയുടെ ആകസ്മികദുരന്തത്തിനും കുമാരൻ സാക്ഷിയായിരുന്നു. ഭ്രാന്തൻ

ആയതുകൊണ്ട് അയാളുടെ തുറന്നുപറച്ചിലുകൾ അധികാരി ഉൾപ്പെടെ ആരും വിശ്വസിച്ചില്ല. യാഥാർഥ്യം അറിയാവുന്ന അഹമ്മദ് ഹാജി കുമാരനെ ഭീഷണിപ്പെടുത്തിയതോടെ അയാൾ ഭ്രാന്ത് അഭിനയിച്ച് നടക്കാൻതുടങ്ങി. മാണിക്യത്തിന്റെ കൊലപാതകത്തിന് മറ്റൊരു ദൃക്സാക്ഷിയായ പൂജാരി ചന്തമ്മൻ അന്ന് രാത്രി പാലേരി വിട്ടുപോയെങ്കിൽ, കുമാരൻ അതിനുശേഷം ഭ്രാന്തിലേക്ക് കൂടുമാറുകയാണ് ചെയ്തത്. ഇടയ്ക്ക് അയാളുടെ തിരോധാനവും സംഭവിക്കുന്നു.

മാണിക്യംകേസുമായി ബന്ധപ്പെട്ട് വൈ. മാധവൻ വരച്ചിട്ട ത്രികോണത്തിലെ ഒരഗ്രമായ അഹമ്മദ് ഹാജിയെ വലംവെച്ചാണ് കേസന്വേഷണം ഒടുവിലെത്തുന്നത്. കേസിൽ മുഖ്യസ്ഥാനത്ത് വരുന്നത്, അയാളുമായി ബന്ധപ്പെട്ടവർ തന്നെയാണ്. ഹാജിയുടെ വെപ്പാട്ടി ചീരു, ഹാജിയുടെ സഹായികളായ വേലായുധൻ, കുഞ്ഞികണ്ണൻ എന്നിവർ എല്ലാം കേസിന്റെ കേന്ദ്രത്തിലേക്ക് പ്രതിഷ്ഠിക്കപ്പെടുന്നു. പലർ പറയുന്ന കഥകൾ, വ്യത്യസ്ത ആഖ്യാനസ്ഥാനങ്ങൾ എന്നിവയെല്ലാം മാണിക്യം കൊലക്കേസുമായി ഹാജിക്കുള്ള ബന്ധത്തെയാണ് ഉറപ്പിക്കുന്നത്. 'ഓർമകളുടെ ചരിത്രബന്ധങ്ങളിലൂടെയാണ് പാലേരിമാണിക്യത്തിന്റെ ജീവിതവും ദുരന്തവും ആഖ്യായികയിൽ പരിചരിക്കുന്നത്.' എന്ന് പി.എസ്. രാധാകൃഷ്ണൻ (2017:50) നിരീക്ഷിച്ചിട്ടുണ്ട്. വേറിട്ട ചരിത്രസങ്കല്പങ്ങൾ പകരംവെയ്ക്കുന്നതിലൂടെയാണ് ഈ നോവൽ കാലികപ്രസക്തമാകുന്നത്. ഓർമകളെ മുൻനിർത്തിയുള്ള കുറ്റാന്വേഷണം രാഷ്ട്രീയവും ജാതീയവും സാമ്പത്തികവുമായ നിരവധി പാഠങ്ങളിലേക്ക് നോവലിനെ വഴിതിരിച്ചുവിടുവാൻ സഹായകരമാകുന്നു.

## കുറ്റകൃത്യങ്ങളുടെ ഭാഷാശാസ്ത്രപ്രഹേളിക

സമകാലിക ലോകത്ത് കുറ്റകൃത്യങ്ങളുടെ വിശകലനത്തിന് ഉപയോഗി ക്കുന്ന നൂതന സാങ്കേതികസാധ്യതകളെല്ലാം മാണിക്യം കേസിന്റെ ചുരുളഴിക്കാൻ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഡാറ്റ മൈനിങ് ഉൾപ്പെടെയുള്ള സാങ്കേതിക സന്നാഹങ്ങൾ ഈ നോവലിൽ കടന്നുവരുന്നതിന്റെ പശ്ചാത്തലം ഇതാണ്. മാണിക്യത്തിന്റെ കൊലപാതകം നടന്ന ഭൂമിശാസ്ത്രപരിസരങ്ങളും കൃത്യനിർവഹണത്തിന്റെ വിവരണങ്ങളും ദൃശ്യവൽകരണത്തിന് വിധേയമാക്കപ്പെടുന്നു. ക്രൈം അനലിസ്റ്റ് സരയുവാണ്, മാണിക്യം കേസിലെ മൗനത്തിന്റെ ഇടങ്ങൾ (Silent Spaces) പൂരിപ്പിക്കുന്നത്. പുനരന്വേഷണത്തിന്റെ അവസാനഘട്ടങ്ങളിൽ നിർണായകമാകുന്നത് സരയുവിന്റെ അനുമാനങ്ങളാണ്. മാണിക്യം കേസിൽ നിഗൂഢതകൾ തേടിയുള്ള അന്വേഷണം സ്വന്തം

സ്വത്വാന്വേഷണമായി അവൾ തിരിച്ചറിയുന്നുണ്ട്. സരയു അന്വേഷകനോട് പറയുന്നു: 'എല്ലായിടത്തും എല്ലാക്കാലത്തും സ്ത്രീ കടന്നുപോയതും പോകുന്നതും ഒരേ അനുഭവത്തിലൂടെയാണ്. പുരുഷന്റെ സംശയത്തിനും സ്വാർഥതയ്ക്കും സ്വന്തമാക്കലിനും വിധേയമായി. ഇതിനിടയിൽ സ്വന്തം സ്വത്വം ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്നവർ ഒന്നുകിൽ ഉപേക്ഷിക്കപ്പെടുന്നു അല്ലെങ്കിൽ കൊല്ലപ്പെടുന്നു.' (2012: 110). സരയുവിന്റെ നിരീക്ഷണം മാണിക്യത്തിന്റെ ദാരുണമരണം സംബന്ധിച്ചും ഏറെ പ്രസക്തമാണ്.

ജന്മിയായ അഹമ്മദ് ഹാജിയുടെ വെപ്പാട്ടി ചീരുവിന്റെ മരുമകളും പൊക്കന്റെ ഭാര്യയുമായി പാലേരിയിൽ എത്തുന്ന മാണിക്യത്തെ കാത്തിരുന്നതും സ്ത്രീജീവിതത്തിന്റെ പതിവ് ദുർവിധിയായിരുന്നു. സമ്പത്തും പദവിയും ഇല്ലാത്ത സ്ത്രീജന്മങ്ങൾ ലോകത്ത് എല്ലായിടത്തും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയാണ് ആദ്യം ചീരുവും പിന്നീട് മാണിക്യവും ഏറ്റുവാങ്ങുന്നത്. ചീരുസാഹചര്യങ്ങൾക്ക് വഴങ്ങിയപ്പോൾ പുതുതലമുറയിൽപെട്ട മാണിക്യം അതിനെ ചെറുക്കുകയാണ്. അഹമ്മദ് ഹാജിയ്ക്ക് ആദ്യഭാര്യയിൽ ഉണ്ടായ മകൻ ഖാലിദിന്റെയും കൂട്ടുകാരുടെയും കാമകേളിക്ക് ഇരയായ മാണിക്യത്തിന്റെ നിലവിളി ഇരുട്ടിൽ മുഴങ്ങിക്കേട്ടിരുന്നു. ഇതേ പെണ്ണിനെ വഴക്കിയെടുക്കാൻ നടത്തിയ പദ്ധതികൾക്കൊടുവിൽ സംഭവിച്ചതൊന്നും അറിയാതെ മീത്തലെ ചാലിൽ അഹമ്മദ് ഹാജിയും എത്തുകയാണ്. എന്തുപറ്റി? ഹാജി ചീരുവിനോട് ചോദിക്കുന്നു. ' 'എന്തുപറ്റാൻ, ബാപ്പക്ക് വെച്ചത് മോൻ കൊണ്ടുപോയി' ചീരു ആട്ടിത്തുപ്പി.' (2012: 302). അവിടെ കരുത്തനായ അഹമ്മദ് ഹാജി തളരുന്നു. അപ്പോഴും മാണിക്യത്തിന്റെ നിലവിളികൾ നിലച്ചിരുന്നില്ല. 'അഹമ്മദ് ഹാജി തന്റെ സഹായി കുന്നുംപുറത്ത് വേലായുധനോട് പറഞ്ഞു: 'ഓളെ ഒന്നു മിണ്ടാതാക്കു.' ഹാജി പറയുന്നതിനപ്പുറം കാണുന്ന കുന്നുംപുറത്ത് വേലായുധൻ ആ വാക്കിനെ പൊലിപ്പിച്ചു.' (2012: 303). തുടർന്നാണ് മാണിക്യത്തിന്റെയും ധർമ്മദത്തൻ നമ്പൂതിരിയുടെയും കൊലപാതകങ്ങൾ പാലേരിയിൽ ആ രാത്രി അരങ്ങേറുന്നത്.

കുറ്റകൃത്യം എന്നത് ഒരു ഭാഷാശാസ്ത്രപ്രശ്നമാണ് എന്ന കാഴ്ചപ്പാടാണ് 'പാലേരിമാണിക്യം' നോവലിലൂടെ ടി.പി. രാജീവൻ മുന്നോട്ടുവെയ്ക്കുന്നത്. ഭാഷയുടെ വിനിമയശേഷിയ്ക്കുള്ള പരിമിതികളിൽ ചിലപ്പോൾ ഒരു കുറ്റകൃത്യം ജനിക്കാം. ഫോറൻസിക് ലിംഗ്വിസ്റ്റിക്സ് ഉൾപ്പെടെയുള്ള നൂതന കുറ്റാന്വേഷണവ്യവഹാരങ്ങൾ സാക്ഷ്യപ്പെടുത്തുന്നത് ഇതാണ്. ക്രൈം അനലിസ്റ്റായ സരയു ഈ സത്യം വേഗം തിരിച്ചറിയുന്നുണ്ട്. പുനരന്വേഷണത്തിന്റെ

പശ്ചാത്തലത്തിലാണ് സരയുവിന് തന്റെ ഭർത്താവായ ഗൗതമിൽനിന്ന് വിവാഹമോചനം സംബന്ധിച്ച കത്ത് ലഭിക്കുന്നത്. സ്വന്തം വ്യക്തിജീവിതത്തിലെ പദപ്രശ്നങ്ങളെ മാണിക്യം കൊലക്കേസിന്റെ അർഥവിരാമങ്ങളോട് ചേർത്തുവായിക്കാൻ സരയു ശ്രമിക്കുന്നുണ്ട്. ദാമ്പത്യത്തകർച്ചയുടെ വഴിത്തിരിവിൽ സരയു അന്വേഷകനായ സുഹൃത്തിനോട് ചോദിക്കുന്നു: 'ഞാനെങ്ങോട്ട് പോകും?' (2012: 303). ഇത് കേൾക്കുന്ന സുഹൃത്ത് സ്വന്തം ഭാര്യ വനജയെ ഉപേക്ഷിച്ച് എന്റെ കൂടെമാത്രം ജീവിക്കാനാണ് സരയു ഉദ്ദേശിച്ചത് എന്ന് വിചാരിക്കുന്നു. ഇതുതന്നെയാണ് അഹമ്മദ് ഹാജിയുടെ നിർദ്ദേശം മനസ്സിലാക്കുന്നതിൽ വേലായുധന് സംഭവിച്ചതെന്ന് സരയു ബോധ്യപ്പെടുത്തുകയാണ്. കുറ്റാന്വേഷണപ്രക്രിയയിലെ ഭാഷാശാസ്ത്രപരമായ വിടവുകളും പിളർപ്പുകളുമാണ് ഇവിടെ തുറന്നുകാണിക്കുന്നത്. മാണിക്യത്തിന്റെ 51 ആം ചരമദിനമായ 2008 മാർച്ച് 30-ന് അന്വേഷണം പൂർത്തിയാക്കി സരയുവും അന്വേഷകനും പാലേരിയിൽനിന്ന് രണ്ട് വഴിക്ക് പിരിയുന്നു.

മലയാളത്തിലെ ഇതുവരെയുള്ള കുറ്റാന്വേഷണനോവലുകൾ പിന്തുടരാത്ത സൗന്ദര്യശാസ്ത്രസമീപനമാണ് 'പാലേരിമാണിക്യം' പിന്തുടരുന്നത്. കുറ്റാന്വേഷണപ്രക്രിയയെ സാങ്കേതികമായി കാണാതെ ചരിത്രം, രാഷ്ട്രീയം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം എന്നിങ്ങനെ വിഭിന്നവ്യവഹാരങ്ങളോട് ബന്ധിപ്പിക്കാൻ ശ്രമിച്ചിരിക്കുന്നു. വാമൊഴിചരിത്രത്തെ നോവലിസ്റ്റ് സർഗാത്മകമായി പുനഃസൃഷ്ടിച്ച് തന്റെ കഥാപാത്രങ്ങൾക്ക് ജൈവികത നല്കിയാണ് അവതരിപ്പിച്ചിരിക്കുന്നത്. ഔദ്യോഗികരേഖകളിലും ചരിത്രഗ്രന്ഥങ്ങളിലും ഇടംപിടിക്കാത്ത പല സംഭവങ്ങളുടെയും വിശദാംശങ്ങൾ അതുവഴി ഈ നോവലിൽ കൂട്ടിച്ചേർക്കുവാൻ ടി.പി. രാജീവന് കഴിഞ്ഞിട്ടുണ്ട്. ചരിത്രപരത നിലനിർത്തിക്കൊണ്ടുതന്നെ കുറ്റാന്വേഷണത്തെ ജീവിതത്തോട് അടുപ്പിച്ചു നിർത്തുന്നതിലും നാടകീയമാക്കുന്നതിലും ഈ നോവൽ വിജയിച്ചിരിക്കുന്നു. പ്രാദേശികസംസ്കാരത്തിന്റെ ബഹുവിധഭംഗികൾ നിറഞ്ഞ കുറ്റാന്വേഷണ നോവൽ എന്ന നിലയിലും ഇത് പ്രസക്തമാണ്.

സ്ത്രീയായി ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെടുന്ന കേരളസ്ത്രീയുടെ ഭൂത-വർത്തമാനങ്ങളിലേക്കും കുറ്റാന്വേഷണകഥയുടെ ചുവടുപിടിച്ചുള്ള ഈ നോവൽ വെളിച്ചം വീശുന്നുണ്ട്. ജീവിച്ചിരിക്കുന്നതിനേക്കാൾ കൊല്ലപ്പെടുന്നതാണ് നല്ലതെന്ന് തോന്നുന്ന സാമൂഹിക ചുറ്റുപാടുകൾ അഭിമുഖീകരിക്കേണ്ടി വരുന്ന സ്ത്രീയുടെ അവസ്ഥയാണ് ഇത് അടയാളപ്പെടുത്തുന്നത്. കുറ്റകൃത്യങ്ങളുടെ നിർദ്ധാരണം മാത്രമല്ല അവയുടെ സാമൂഹികപശ്ചാത്തലത്തെക്കുറിച്ചുള്ള

അന്വേഷണംകൂടിയാണ് യഥാർഥ കുറ്റാന്വേഷണനോവലുകളുടെ ലക്ഷ്യമെന്ന് ഇത് സ്ഥാപിക്കുന്നുണ്ട്. കുറ്റാന്വേഷണത്തെ സർഗാത്മകമാക്കുന്ന സൗന്ദര്യസമീപനമാണ് ആധുനികാനന്തരനോവലിൽ 'പാലേരിമാണിക്യം' നോവലിനെ വേറിട്ടു നിർത്തുന്നത്.

## ഗ്രന്ഥസൂചി

1. കൈനിക്കര പത്മനാഭപിള്ള, 'കമ്യൂണിസ്റ്റ് ഭരണം കേരളത്തിൽ', 2010, പ്രിയദർശിനി പബ്ലിക്കേഷൻസ് സൊസൈറ്റി, തിരുവനന്തപുരം.
2. ഗബ്രിയേൽ ഗാർസിയാ മാർക്വിസ്, കൃഷ്ണദാസ് (വിവ.), 'പ്രവചിക്കപ്പെട്ട ഒരു മരണത്തിന്റെ പുരാവൃത്തം', 2003, ഗ്രീൻ ബുക്സ്, തൃശൂർ.
3. പോൾ, എം.പി., 'നോവൽസാഹിത്യം', 1991, പൂർണ പബ്ലിക്കേഷൻ, കോഴിക്കോട്.
4. മിലാൻ കുന്ദേര, കെ. ചന്ദ്രമോഹൻ (വിവ.), 'ചിരിയുടെയും മറവിയുടെയും പുസ്തകം', 2016, ഡി.സി. ബുക്സ്, കോട്ടയം.
5. രാജീവൻ, ടി.പി., 'പാലേരി മാണിക്യം ഒരു പാതിരാക്കൊലപാതകത്തിന്റെ കഥ', 2012, കറൻറ് ബുക്സ്, തൃശ്ശൂർ.
6. രാധാകൃഷ്ണൻ, പി.എസ്. (ലേഖകൻ), 'ഓർത്തെഴുത്തിന്റെ അപസർപ്പക തൃഷ്ണകൾ', ഭാഷാപോഷിണി, 2017 ജനുവരി, മലയാള മനോരമ പ്രസ്സ്, കോട്ടയം.
7. ഷാജി ജേക്കബ് (ഇഷ്യൂ എഡിറ്റർ), 'നോവൽ വായനകൾ', മലയാളം റിസർച്ച് ജേണൽ, വാല്യം 6 ലക്കം 2, 2013 ആഗസ്റ്റ്, ബെഞ്ചമിൻ ബെയിലി ഫൗണ്ടേഷൻ, കോട്ടയം.
8. ഹമീദ്, 'അപസർപ്പകനോവലുകൾ മലയാളത്തിൽ', 2015, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
9. Edgar Allan Poe, 'The Philosophy of Composition', 2015, Createspace Independent, California.
10. Jean - Francois Lyotard, 'The Post Modern Condition: A Report on Knowledge', 1984, Mannchestor University Press, USA.
11. Martin Priestman, 'The Cambridge Campanion to Crime Fiction', 2003, Cambridge University Press, New York.
12. Thachom Poyil Rajeevan, 'Undying Echoes of Silence', 2013, Amaryllis, New Delhi.

*sajumathew81@gmail.com*

# സംവേദനത്തിന്റെ ലാവണ്യത—ഗോഥിക് കഥകളിൽ

## 'ഗ്രന്ഥകാരന്റെ മരണവും മറ്റ് ഭീതികഥകളും' എന്ന കഥാസമാഹാരത്തെ അടിസ്ഥാനമാക്കിയുള്ള പഠനം


**രമ്യ കെ.**

ഗവേഷക, മലയാള വിഭാഗം, വിമല കോളേജ് (ഓട്ടോണമസ് ), തൃശ്ശൂർ



### പ്രബന്ധസംഗ്രഹം

ഭീതികഥാരചന മലയാളത്തിലെ നിരന്തരമായ ഒരു സാഹിത്യവൃത്തിയല്ല. എന്നാൽ പുതുപരീക്ഷണങ്ങളുമായി ഗോഥിക് രചനകൾ പ്രത്യക്ഷപ്പെട്ട് തുടങ്ങിയിരിക്കുന്നു. അപസർപ്പക സാഹിത്യത്തിലെ ഒരു പ്രത്യേകവിഭാഗ മായ ഗോഥിക് കഥകൾ സവിശേഷമായ ഭാഷ, പ്രമേയം, അവതരണരീതി എന്നിവയാൽ ശ്രദ്ധേയമാണ്. ഈ സവിശേഷതകൊണ്ട് പുതിയ ഭാവുകത്വം തന്നെ സൃഷ്ടിക്കാൻ ഇത്തരം രചനകൾക്ക് സാധിച്ചിട്ടുണ്ട്. ഗോഥിക് രചനാ സവിശേഷതകൾ കണ്ടെത്തി ഇവ സംവേദനം ചെയ്യുന്ന യഥാർത്ഥ സാഹിതീയഭംഗികൾ അന്വേഷിക്കുകയാണ് പ്രബന്ധം ലക്ഷ്യമാക്കുന്നത്. മരിയാ റോസ് എഴുതിയ 'ഗ്രന്ഥകാരന്റെ മരണവും മറ്റ് ഭീതി കഥകളും' എന്ന സമാഹാരത്തിലെ നാലു പ്രധാന ഭീതികഥകളുടെ പഠനത്തിലൂടെ ഉത്തരാധുനിക ഗോഥിക് കഥാഖ്യാനത്തിന്റെ നവഭാവുകത്വവിചാരങ്ങളെ നിരീക്ഷിക്കുകയാണ് പ്രബന്ധത്തിലൂടെ സാധ്യമാക്കുന്നത്.



**തക്കോൽ വാക്കുകൾ:** ഗോഥിക്, സംവേദനം, കഥാർസിസ്


### ആമുഖം

അപസർപ്പക സാഹിത്യത്തിലെ ഒരു വിഭാഗമാണ് ഗോഥിക് രചനകൾ. എഡ്ഗാർ അല്ലൻപോ, ചാൾസ് ഡിക്കൻസ്, വിൽക്കീ കോളിൻസ്, സർ ആർതർ കോനൽ തുടങ്ങി നിരവധി പാശ്ചാത്യസാഹിത്യകാരന്മാർ ഗോഥിക് രചനാരംഗത്ത് പ്രസിദ്ധരായിരുന്നു. എന്നാൽ ജനപ്രീതി നേടിയ

അപസർപ്പകസാഹിത്യത്തെ നിലവാരശൂന്യതയുടെ പേരിൽ ഉന്നത സാഹിത്യത്തിൽ നിന്ന് മാറ്റി നിർത്തുന്ന പ്രവണതയാണ് പൊതുവെ ഉണ്ടായിരുന്നത്. എന്നാൽ ഇരുപതാംനൂറ്റാണ്ടോടുകൂടി ഇതിന് മാറ്റം വരുകയും ഉന്നത സാഹിത്യം / ജനപ്രിയ സാഹിത്യം എന്ന ദ്വന്ദ്വം തകർന്നുവീഴുകയും ചെയ്തു. മലയാളസാഹിത്യത്തിലും ഇവയെ നേരംകൊല്ലിയായും, സെൻസേഷൻ സാഹിത്യമായുമാണ് പരിഗണിച്ചത്. ആദ്യകാലങ്ങളിൽ രചിച്ച അപസർപ്പകകഥകളിൽ പലതും ആഖ്യാന ചാതുര്യത്താലായിരുന്നില്ല ശ്രദ്ധയാകർഷിച്ചത്. ഉത്തരാധുനികതയായതോടെ അപസർപ്പകാഖ്യാനം ഗൗരവമായി കാണുകയും അപസർപ്പകരചനകൾ പ്രായേണ വർദ്ധിക്കുകയും ചെയ്തു. ആദ്യകാല അപസർപ്പകാഖ്യാനങ്ങളിൽനിന്നുംപ്രമേയപരവും ആഖ്യാനപരവുമായ നിരവധി മാറ്റങ്ങൾ സൃഷ്ടിച്ചു കൊണ്ടാണ് ഉത്തരാധുനിക ഗോഥിക് കഥകൾ രൂപംകൊണ്ടത്. ഗോഥിക് കഥകൾ മലയാളത്തിൽ വിരളമായി പ്രത്യക്ഷപ്പെടുന്ന സാഹചര്യത്തിൽ ഗോഥിക് കഥകളുടെ സ്വഭാവം, പ്രമേയം, രചനാരീതി, അവ സഹൃദയരുമായി സംവദിക്കുന്ന ആസ്വാദനതലങ്ങൾ എന്നിവ തിരിച്ചറിയേണ്ടതുണ്ട്.

### ഗോഥിക് കഥ – പ്രമേയം , സ്വഭാവം

മനുഷ്യനിലെ അടിസ്ഥാന വികാരങ്ങളിലൊന്നായ ഭയത്തെ പ്രശ്നവൽക്കരിക്കുന്നവയാണ് ഗോഥിക് കഥകൾ. ഒളിച്ച് വയ്ക്കപ്പെട്ട ഏതെങ്കിലും രഹസ്യത്തെ കേന്ദ്രീകരിച്ചാണ് ഗോഥിക് കഥകളുടെ രചന സാധ്യമാക്കുന്നത്. മരണം, മനോരോഗം, മരണാനന്തര ലോകത്തെക്കുറിച്ചുള്ള അറിവില്ലായ്മയിൽനിന്ന് ഉടലെടുക്കുന്ന ഭീതി, പ്രകൃതിയുടെ വന്യതയെ നേരിടുമ്പോഴുള്ള ഭയം, തികച്ചും സ്വാഭാവികമാകേണ്ട, എന്നാൽ അടക്കിപ്പിടിച്ചതു മൂലം ദുരൂഹമാകുന്ന ലൈംഗികത, ഇങ്ങനെ വിവിധ വിഷയങ്ങളാണ് പ്രാചീനകാലംമുതൽ ഗോഥിക് കഥകൾക്ക് പ്രമേയമായിട്ടുള്ളത്. വിലക്കപ്പെട്ട കോട്ടകൾ, ശ്മശാനങ്ങൾ, സന്യാസിമഠങ്ങൾ , വിജനമായ പ്രദേശങ്ങൾ തുടങ്ങിയവയാണ് ഗോഥിക് കഥകൾക്ക് പശ്ചാത്തലമാവുന്നത്. ഭയത്തേയും ഭീതിയെയും പ്രതിനിധീകരിച്ചു കൊണ്ട് രചിക്കുന്ന ഗോഥിക് കഥകൾ സംഘർഷങ്ങളെയും വേദനകളെയും ഇതിവൃത്തത്തി ലുൾപ്പെടുത്തിക്കൊണ്ടാണ് അതിന്റെ സംവേദനലക്ഷ്യം പൂർത്തീകരിച്ചത്. ഇത്തരം കഥകൾക്ക് ഭീതിജനകവും അലൗകികവും രഹസ്യാത്മകവുമായ സ്വഭാവമുണ്ടായിരിക്കും. ഭൂതകാലത്തിന്റെ തിരിച്ചു വരവ്, പ്രേതങ്ങൾ തുടങ്ങിയവ അപസർപ്പക സാഹിത്യത്തിന്റെ പൊതു വിഷയമാണ്. എന്നാൽ ഭൂതകാലവും വർത്തമാനകാലവും തമ്മിലുള്ള

സംഘർഷമാണ് ഗോഥിക് ആഖ്യാനങ്ങളുടെ പൊതു സ്വഭാവമായി കാണാനാവുന്നത്

ഗോഥിക് കഥാകാരി റാഡ് ക്ലിഫ് ഭയത്തെയും ഭീതിയെയും വേർതിരിക്കുന്നതിങ്ങനെയാണ്, "ഭയാനകമായ സംഭവങ്ങൾക്ക് മുൻപുള്ള അവ്യക്തതയും അനിശ്ചിതത്വവുമാണ് ഭീതി. ഇത് മനസ്സിനെ സംസ്കരിക്കുകയും ഉദാത്തതയിലേക്ക് ഉയർത്തുകയും മാനസികമായ കഴിവുകളെ ഉണർത്തുകയും ചെയ്യുന്നു. അതേസമയം ഭയം ഇവയെയെല്ലാം മരവിപ്പി ക്കുകയും ഉന്മൂലനം ചെയ്യുകയും ചെയ്യുന്നു " (2018:14) ഭീതി ജനിപ്പിക്കുന്ന ഒരു കാഴ്ചയെ വിവരണാത്മകമായി അവതരിപ്പിക്കുകയല്ല ഗോഥിക് കഥകളുടെ മർമ്മം, മറിച്ച് ധ്വനികളിലൂടെ ആശയ വിനിമയംനടത്തി രസാനുഭൂതി പകരലാണ്. മികച്ച ഭാഷയും രചനാഭംഗിയും പ്രകടിപ്പിക്കുന്നതിനൊപ്പം പ്രക്ഷുബ്ധമായ പ്രമേയമവതരിപ്പിക്കുന്നവയാണ് ഗോഥിക് കഥകൾ. ഗോഥിക് കഥകൾ ജനപ്രീതി നേടിയത് അത് സംവേദനം ചെയ്യുന്ന ധ്വന്യാത്മകതയാലാണ്. എന്നാൽ പ്രമേയത്തിൽ മാത്രം ഊന്നിക്കൊണ്ടുള്ള പഠനങ്ങളാണ് ഗോഥിക് സാഹിത്യത്തെ ജനപ്രിയസാഹിത്യത്തിലൊതുക്കിയത്. ഭയവും ഭീതിയും പ്രമേയത്തിന്റെ ഭാഗമാവുന്നത് ഗോഥിക് സാഹിത്യത്തിൽ മാത്രമല്ല. നാടോടികഥകളിലും ഇതിഹാസങ്ങളിലും ഇവ പ്രത്യക്ഷപ്പെടുന്നു. ഉദ്വേഗമുളവാക്കുന്ന അനേകം സംഭവങ്ങളുണ്ടായിട്ടും ഇവയൊന്നും ഗോഥിക് സാഹിത്യമാവാത്തത് അവ ധാർമ്മികതയെ അടിസ്ഥാനമാക്കി നിലകൊള്ളുന്നതിനാലാണ്.

### ഗോഥിക് കഥകളിലെ ഭീതിയും സഹൃദയരും

'ഗ്രന്ഥകാരന്റെ മരണവും മറ്റു ഭീതി കഥകളും' എന്ന കഥാസമാഹാരത്തിലെ നാലുകഥകൾ ഗോഥിക് കഥകളുടെ വിവിധങ്ങളായ രചനാതന്ത്രങ്ങളുടെ പ്രായോഗമാതൃകകളാണ്. 'ഗ്രന്ഥകാരന്റെ മരണം' എന്ന കഥയിൽ അജയൻ എന്ന സാഹിത്യകാരന്റെ റൈറ്റേഴ്സ് ബ്ലോക്ക് എന്ന മാനസിക പ്രശ്നം പരിഹരിക്കാൻ ഡോക്ടർ ഒരു മാർഗ്ഗം നിർദ്ദേശിക്കുന്നു. ആ മാർഗ്ഗം സൃഷ്ടിച്ച സംഭവങ്ങളാണ് കഥയ്ക്ക് ഇതിവൃത്തമാവുന്നത്. ഡോക്ടർ നിർദ്ദേശിക്കുന്ന പ്രധാന ചികിത്സാരീതി മനസ്സിനെ പിരിമുറുക്കത്തിനനുവദിക്കരുതെന്നാണ്. എഴുത്തുകാരനായ അജയനെമാത്രമല്ല കഥാവായനക്കാരെക്കൂടി ഉദ്ദേശിച്ചാണ് ഈ നിർദ്ദേശം കഥയിൽ മുന്നോട്ട് വയ്ക്കുന്നത്. എന്നാൽ കഥാന്ത്യത്തോടെ എഴുത്തുകാരനും വായനക്കാരനും ഈ നിർദ്ദേശം പാലിക്കാൻ സാധിക്കുന്നില്ലെന്നതാണ് വ്യക്തമാകുന്നത്. മരവിച്ചുകിടക്കുന്ന ഭാവനയ്ക്ക് തീപിടിക്കാൻ 'ഹോണ്ടഡ് ഹൗസ്' എന്ന സാനഡു ബംഗ്ലാവിൽ താമസിക്കാൻ ഡോക്ടർ

നിർദ്ദേശിക്കുന്നതിനൊടുവിൽ പറയുന്നൊരു വാചകം, "പ്രേതമുണ്ടോ എന്ന തല്ല പേടിയോ മറ്റോ ഉണ്ടെങ്കിൽ വേണ്ട കേട്ടോ" എന്നതാണ്. ഈ വാക്കു കളാണ് എഴുത്തുകാരന്റെയും വായനക്കാരന്റെയും ഭീതിവർദ്ധിപ്പിക്കുന്നത്. നിരവധി മരണകഥകളും, ഭീതിജനകമാംവിധമുള്ള അവതരണങ്ങ ളുമാണ് ' എഴുത്തുകാരനായ അജയന്റെ മനസ്സിൽ ഭീതിയുണർത്തുന്നത്. അജയൻ കാണുന്ന ദുഃസ്വപ്നങ്ങൾക്കുള്ള കാരണവും ഈ ഭീതിയാണ്. എന്നാൽ താൻ കണ്ടത് സ്വപ്നമല്ലെന്ന് തോന്നുകയും യാഥാർത്ഥ്യമാണെന്നതിനുള്ള തെളിവുകൾ കണ്ടു തുടങ്ങുകയും ചെയ്യുമ്പോൾ ഭീതി കഥാപാത്രത്തെയും വായനക്കാരെയും ഒരുപോലെ കീഴടക്കുന്നു. സാഹിത്യത്തിന്റെ യഥാർത്ഥ ലക്ഷ്യമാണ് അപ്പോൾ സാർത്ഥകമാവുന്നത്. ബൗദ്ധിക വ്യവഹാരത്തേ ക്കാൾ സംഘർഷങ്ങളും, വേദനകളും, നിറഞ്ഞ ഭയാനക സംഭവങ്ങൾ മനുഷ്യ മനസ്സിനെ സംസ്കരിക്കുകയും ഉദാത്തതയിലേയ്ക്ക് ഉയർത്തുകയും ചെയ്യുന്നുവെ ന്ന ആൻ റാഡ് ക്ലിഫിന്റെ അഭിപ്രായം ഇവിടെ പ്രസക്തമാകുന്നു.

ഒരു സമൂഹത്തിന്റെ അബോധത്തിലുള്ള ഭീതിയും ഉത്കണ്ഠകളുമാണ് ഗോഥിക് സങ്കല്പങ്ങളായി മാറുന്നത്. ഒരു പ്രാദേശികമിത്ത് എങ്ങനെയാണ് ഭീതി കഥകൾക്ക് പശ്ചാത്തലമാവുന്നതെന്ന് 'കാലിൽ കുളമ്പുള്ള മനുഷ്യൻ' എന്ന കഥ വ്യക്തമാക്കുന്നു. "കുറ്റപ്പാടം എന്ന ഗ്രാമം തന്നെ ചികിത്സക്കാവ ശ്യമായ ഒരു ഭീതി രോഗിയാണ്" എന്ന വസ്തുത ഒരു സമൂഹത്തിന്റെ ഭീതിയുടെ കഥയാണ് കെട്ടഴിക്കുന്നത്. ഭീതിക്ക് കാരണമാവുന്നത് രാത്രികാലങ്ങളിൽ ആ പ്രദേശത്ത് പശുവിന്റെ ശബ്ദമുള്ള കാലിൽ കുളമ്പുള്ള ഒരു മനുഷ്യനെ കാണുന്നതാണ്. " വളരെ വർഷങ്ങൾക്കു മുമ്പാണ് കുറ്റപ്പാടത്തെ ഭീതിയുടെ ചരിത്രം ആരംഭിക്കുന്നത്. വിജയൻ നിരീക്ഷിച്ചതു പോലെ അതൊരു വ്യ ക്തിയുടെ ഭീതിയുടേയോ പാപത്തിന്റെയോ കഥയല്ല. ഇവിടുത്തെ ഒരുകൂട്ടം മനുഷ്യർ ഭാഗഭാക്കായ നിഷ്ഠുരമായ ഒരു പഴയ കുറ്റകൃത്യത്തിന്റെ, അവർ സ്വയം ഏറ്റുവാങ്ങുന്ന ശിക്ഷയാണ് ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ദുരന്തങ്ങൾ" (2020:48) എന്നു പറയുമ്പോൾ ഗ്രാമത്തിലെ ഓരോ മരണവും ആ പ്രദേശത്തിലെ അസുഖകരമായ ചില ചരിത്രസംഭവങ്ങളിലാണ് ചെന്നുനിൽ ക്കുന്നതെന്നുകാണാം. ഹസ്സൻ എന്ന സാധാരണ മനുഷ്യൻ അനുഭവിച്ച നിഷ്ഠു രതയെക്കുറിച്ച് ആ സമൂഹത്തിന്റെ അബോധത്തിലടങ്ങിയ ഭീതിയാണ് കാലിൽ കുളമ്പുള്ള മനുഷ്യൻ എന്ന മിത്തിന്റെ നിർമ്മിതിക്ക് കാരണമാവുന്നത്. മതസ്പർദ്ധയാണ് കന്നുകാലിവളർത്തൽ ജീവിതമാർഗ്ഗമാക്കിയ ഹസ്സനെയും കുടുംബത്തെയും ഇല്ലാതാക്കിയത്. തുടർന്ന് സമൂഹത്തിൽ നിറഞ്ഞ ഭീതിയാണ് മിത്ത് ഉരുത്തിരിഞ്ഞുവരാനുള്ള സാഹചര്യം സൃഷ്ടിക്കുന്നത്.

ഗോഥിക് സാഹിത്യത്തിലെ ഒരു വിഭാഗമാണ് വിയേർഡ് ഫിക്ഷൻ (വിചിത്രമായ ഫിക്ഷൻ). ഇത്തരം രചനകളുടെ അടിസ്ഥാനം പ്രപഞ്ചത്തിൽ മനുഷ്യന് അപരിചിതവും ഭീതിജനകവുമായ ചില അസ്തിത്വങ്ങൾ നിലനിൽക്കുന്നുവെന്ന വിശ്വാസമാണ്. 'ചുരങ്ങളിൽ ഒരു ദുരൂഹമരണം' എന്ന കഥയ്ക്ക് പിൻബലമാവുന്നതും ഇതു തന്നെയാണ്. നിലമ്പൂരിൽ നിന്ന് ഊട്ടിയിലേയ്ക്കുള്ള മലയോരപാതയിൽ വെച്ച് പ്രൊഫസർ ഐസക് തോമസ് കാറപകടത്തിൽ മരിക്കുന്നു. അതുമായി ബന്ധപ്പെട്ട ചില വസ്തുതകൾ ആഖ്യാതാവ് വിവരിക്കുന്ന നിലയിലാണ് കഥയുടെ ഇതിവൃത്തം. അപകടത്തിന് മുൻപ് ഇതേവഴിയിലുള്ള യാത്രയിൽ ചില അസ്വാരസ്യങ്ങൾ അദ്ദേഹം കാണുകയും അവ ഭാര്യയോട് പറയുകയും ചെയ്യുന്നു. മരങ്ങൾ കീറിമുറിക്കുന്ന ഒച്ചയോടൊപ്പം, അസാധാരണമായ വലുപ്പവും രൂപരഹിതവുമായ എന്തോ ഒന്ന് കണ്ടെന്നാണ് അദ്ദേഹം വിവരിക്കുന്നത്. യാത്രയ്ക്ക് ഇനി ഈവഴി തിരഞ്ഞെടുക്കില്ലെന്നു പറഞ്ഞ പ്രൊഫസർ കുറച്ച് നാളുകൾക്കുശേഷം അതേവഴിയിലൂടെ യാത്ര ചെയ്യുകയും മരണമടയുകയും ചെയ്യുന്നതാണ് ഭീതിയുണർത്തുന്ന വസ്തുത. പ്രൊഫസർ ഭാര്യയോട് പറഞ്ഞ വസ്തുതകൾ തന്നെയാണ് മരണകാരണമെന്ന് വായനക്കാർക്ക് ബോധ്യമാവുമ്പോഴാണ് ഭീതികഥാസ്വാദനം പൂർണ്ണതയിലെത്തുന്നത്.

അബോധത്തിലുള്ള ചില അസ്വസ്ഥമായ ഓർമ്മകൾ ഗോഥിക് കഥകൾക്ക് പ്രമേയമാവാറുണ്ട്. 'ബെറ്റി' എന്ന പ്രേതഭവനകഥ അത്തരത്തിലുള്ളതാണ്. ഹെന്റി ജെയിംസിനെപ്പോലെയുള്ള എഴുത്തുകാർ മനശാസ്ത്രപരമായ വായനയ്ക്കുകൂടി സാധ്യത തുറന്നിടുംവിധം വിദഗ്ധമായി പ്രേതഭവനകഥകൾ രചിച്ചിട്ടുണ്ട്. കഥയിലെ കോളേജധ്യാപകൻ വാടകയ്ക്ക് താമസിക്കാൻ ആഗ്രഹിക്കുന്ന വീടുമായി ബന്ധപ്പെട്ട ചിലസംഭവങ്ങളാണ് കഥയുടെ അടിസ്ഥാനതന്തു. വീട്ടുടമസ്ഥനായ ജോസഫ് റൈറ്ററുടെ കുടുംബവുമായി ബന്ധപ്പെട്ട് പ്രചരിച്ച ചില കഥകളാണ് ഇവയ്ക്ക് അടിത്തറ പാകുന്നത്. ഇതിൽ പ്രധാനപ്പെട്ടത് റൈറ്ററുടെയും റോസമ്മച്ചേടത്തിയുടെയും ഇളയ മകനായ ജെയ്സന്റെ മന്ത്രവാദവുമായി ബന്ധപ്പെട്ട കഥകളാണ്. ജെയ്സന്റെ മന്ത്രവാദത്തിലെ പ്രധാന രീതി ഒരു പൂച്ചയെ തലകീഴായി കെട്ടിയിട്ട് തീയിട്ടു കൊല്ലുന്നതാണ്. മന്ത്രവാദത്തിന്റെ ഫലം പൂച്ച മരിക്കുമ്പോൾ അയാളുദ്ദേശിക്കുന്ന വ്യക്തിയും മരിക്കുമെന്നതാണ്. ഈ മന്ത്രവാദ കഥയ്ക്കൊപ്പം ജെയ്സന്റെ സഹോദരിയുടെ അപൂർവ രോഗത്തെക്കുറിച്ചും റോസമ്മച്ചേടത്തിയുടെ മരണത്തെക്കുറിച്ചുമുള്ള ചില കഥകളും പ്രചരിച്ചിരുന്നു. ഇവയെല്ലാം പൂച്ചയുമായി ബന്ധപ്പെടുന്നതുമായിരുന്നു. ഈ കഥയറിവുകൾ പ്രൊഫസറെ സ്വാധീനിക്കുകയും ഭീതിക്ക്

തുടക്കം കുറിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ ഭൂതകാലാനുഭവവും വർത്തമാനകാലനുഭവവും ഇഴചേരുമ്പോഴാണ് അയാൾ പൂച്ചയോട് താദാത്മ്യം പ്രാപിക്കുന്നത്. എന്നാൽ നായകന് സംഭവിക്കുന്ന മാറ്റം മാനസികമാണെന്ന് കഥാപാത്രവും, വായനക്കാരനും തിരിച്ചറിയുന്നതോടെ കഥ മനശാസ്ത്രപരമായ നിരീക്ഷണങ്ങൾക്കായുള്ള തുറന്ന പുസ്തകമാവുന്നു.

മിത്തുകൾ, പ്രപഞ്ചത്തിലെ അജ്ഞാതവസ്തുതകൾ, മനുഷ്യമനസ്സിലെ അബോധതലങ്ങളിലെ നിഗൂഢതകൾ എന്നിവയുടെ ഭീതിതമായ അവസ്ഥകൾ കഥകളിലൂടെ അവതരിപ്പിക്കുമ്പോൾ സാധ്യമാവുന്നത് കഥാർസിസത്തിൻ്റെ അനുഭവങ്ങളാണ്. “ഭയകരുണങ്ങൾക്ക് അടിമപ്പെട്ടു പോകാൻ സാധ്യതയുള്ളവരും വികാരലോലരും ഒരു സമാനാനുഭവത്തിലൂടെ കടന്നുപോകുമ്പോൾ അവർ കഥാർസിസിനു വിധേയരാവുന്നു” (2004:169) എന്ന് അരിസ്റ്റോട്ടിൽ ‘പൊളിറ്റിക്സ്’ എന്ന കൃതിയിൽ ട്രാജഡിയെ സംബന്ധിച്ചാണ് പറയുന്നതെങ്കിലും ഭീതികഥകളുടെ ഭാവുകത്വത്തിന്റെ അടിസ്ഥാന ഘടകമായി ഇത് അടയാളപ്പെടുത്താം

## നവഭാവുകത്വം –പ്രമേയാവതരണത്തിലും ഭാഷയിലും

‘ഗ്രന്ഥകാരന്റെ മരണം ‘, ‘കാലിൽ കുളമ്പുള്ള മനുഷ്യൻ’, ‘ചുരങ്ങളിൽ ദുരൂഹ മരണം’, ‘ബെറ്റി ‘, എന്നീ നാല് ഗോഥിക് കഥകളെയും നിരീക്ഷിച്ചാൽ അവയുടെ പ്രമേയത്തിന്റെ അടിത്തറ പ്രാദേശികമോ, സാമൂഹികമോ, ചരിത്രപരമോ ആയ യാഥാർത്ഥ്യങ്ങളുടെ ചങ്ങലയുമായി ബന്ധപ്പെട്ടിരിക്കുന്നതായി ബോധ്യപ്പെടുന്നു. ഗ്രന്ഥകാരന്റെ മരണം സംഭവിക്കുന്നത് പാലൈയ്യർ എന്ന ആദിവാസി വിഭാഗം ജീവിച്ചിരുന്ന ഭൂമിയിലാണ്. ബ്രിട്ടീഷുകാരും അമേരിക്കൻ മിഷനറി പ്രവർത്തകരും ആദിവാസികളുടെ ഇടം കൈയ്യേറി. സ്വന്തം ഇടങ്ങളിൽനിന്ന് പുറത്താക്കപ്പെടുന്ന ആദിവാസികൾ അധിനിവേശികളോട് പ്രതികാരം ചെയ്യുന്നത് അസ്ഥിപ്രായമായ ജഡം വീണ്ടും വളർന്ന് മണ്ണ് പിളർന്നെണീറ്റുകൊണ്ടാണ്. ഈ ചരിത്രമാണ് കഥയിൽ ഭീതിയായി പരിണമിക്കുന്നത്. ചരിത്രത്തിന്റെ /അധികാരത്തിന്റെ ചില പാപബോധം ഭീതിക്കൊപ്പം വളരുമ്പോഴാണ് എഴുത്തുകാരന് മരണം സംഭവിക്കുന്നത്.

‘കാലിൽ കുളമ്പുള്ള മനുഷ്യൻ’ എന്ന കഥയിൽ ശക്തമായ സാമൂഹികചരിത്രത്തിന്റെ ഇടപെടൽ വ്യക്തമാണ്.’ കുറ്റപ്പാടം’ എന്ന ഗ്രാമത്തിന്റെ ഭീതിചരിത്രം ആരംഭിക്കുന്നത് ഹസ്സൻ എന്ന വ്യക്തിയുടെ ജീവിതവുമായി ബന്ധപ്പെട്ടാണ്. കുളമ്പ് രോഗം വന്ന പശുവിൻ മാംസം ഉപജീവനാർത്ഥം വിൽക്കാൻ നിർബന്ധിതനായ ഹസ്സന്റെ കുടുംബത്തെ മതതീവ്രവാദികൾ

ഇല്ലാതാക്കി. ഹസ്സന്റെ മകനെ ജീവനോടെ തീ കൊളുത്തുകയാണ് ഉണ്ടായത്. ആ അതിഭീകരമായ അന്തരീക്ഷം സൃഷ്ടിച്ച അക്രമികൾക്ക് തങ്ങൾചെയ്ത പ്രവൃത്തിയോർത്ത് ഒരിക്കലും സന്തോഷിക്കുവാനോ മനസമാധാനമായി കഴിയുവാനോ സാധിച്ചില്ല. അത് ഭീതിയുടെ തുടക്കമായിരുന്നു. സമൂഹത്തിലെ ന്യൂനപക്ഷത്തിനെതിരായി ഒരു വിഭാഗം നടത്തിയ ആക്രമണം വരും തലമുറയിലും ഭീതി നിറയ്ക്കുമെന്ന് കഥ വെളിപ്പെടുത്തുന്നതായി അനുഭവപ്പെടും.

'ചുരങ്ങളിൽ ഒരു ദുരൂഹ മരണം', 'ബെറ്റി' എന്നീ കഥകളുടെ അടിസ്ഥാന പ്രമേയം അബോധമനസ്സിലെ അനിയന്ത്രിതമായ അസ്വസ്ഥതകളാണ്. പ്രകൃതിയിലെ അജ്ഞാതമായവയോടുള്ള ഭീതി മനുഷ്യനെ മരണത്തിലേക്ക് നയിക്കുമെന്ന് പറയുന്ന കഥയാണ് 'ചുരങ്ങളിൽ ഒരു ദുരൂഹ മരണം'. "സംസ്കാരത്തിൽ നിന്നകന്ന് തന്റെ കാഴ്ചയേക്കാൾ വലുപ്പത്തിൽ ഉയർന്നു നിൽക്കുന്ന പാറക്കെട്ടുകളും ഉയരമുള്ള മരങ്ങളും നിഗൂഢതകളും നിറഞ്ഞ പ്രകൃതിയുടെ മധ്യത്തിൽ പെടുമ്പോൾ മനുഷ്യന് സ്വാഭാവികമായി തോന്നുന്ന ഒരുതരം പ്രാചീന ഭയമായിരിക്കണം അത്"(2020:60) എന്നുപറയുന്നത് ഈ കഥയിലെ ഭയത്തിന്റെ ആധാരത്തെക്കുറിച്ചാണ്. മനുഷ്യ സാന്നിധ്യം ഏറെ കടന്നുചെന്നിട്ടില്ലാത്ത പ്രകൃതിയുടെ മധ്യത്തിൽ ചെന്നെത്തിപ്പെടുമ്പോൾ അനുഭവപ്പെടുന്ന ആഴമുള്ള ഭയം ഗോഥിക് കഥകൾക്ക് പ്രമേയമാവുന്നുവെന്ന് ഈ കഥയിലൂടെ വ്യക്തമാവും. ദുർമരണങ്ങളുടെയും ഭയവിഹ്വലതകളുടെയും കഥകളിലേയ്ക്ക് നായകന്റെ പൂർവകാല ദുരനുഭവങ്ങളും സ്വപ്നങ്ങളും ഇഴകിച്ചേർന്നുണ്ടാവുന്ന സംഭവങ്ങളെ മനശാസ്ത്രപരമായി കൈകാര്യം ചെയ്യുന്ന കഥയാണ് 'ബെറ്റി'. നായകന്റെ ബാല്യത്തിൽ പേടിയോടെ ഓർക്കുന്ന ജോഷിയെന്ന അങ്കിളിനോടുള്ള വിദ്വേഷവും, ജോഷിയോട് സമാനതയുള്ള ജെയ്സനും, മന്ത്രവാദക്കരുവായ ബെറ്റി എന്ന പൂച്ചയും സ്വപ്നത്തിലൊരുമിക്കുമ്പോൾ 'ആഗ്രഹ നിവൃത്തിക്കായുള്ള ഒരുദ്യമമാണ് സ്വപ്മെന്ന' ഫ്രോയിഡിന്റെ സിദ്ധാന്തമാണ് പ്രമേയത്തിലവതരിപ്പിക്കുന്നത്.

ചരിത്രനോവലുകളിലും, സാമൂഹികനോവലുകളിലും കുറ്റാന്വേഷണനോവലിന്റെ ഘടന കാണാനാവും. സി. വി.യുടെ നോവലുകളിൽ ഉദ്വേഗമുണർത്തുന്ന അനേകംസംഭവങ്ങൾ കോർത്തുകൊരുത്താണ് കഥയുടെ ചുരുളഴിയുന്നത്. ചരിത്ര, സാമൂഹിക പ്രമേയങ്ങളെ ഗോഥിക് കഥകൾക്കിണങ്ങിയ രീതിയിൽ വികസിപ്പിച്ചെടുക്കുകയാണ് മരിയ റോസ് ഈ നാല് കഥകളിലൂടെ ചെയ്യുന്നത്. ഓരോകഥയും സൃഷ്ടിക്കുന്ന ഭീതിയുടെ ഭാഷ ഇതിൽ അടയാളപ്പെടുത്തേണ്ട ഒരു വസ്തുതയാണ്. 'ഗ്രന്ഥകാരന്റെ മരണം' എന്ന കഥ വികാസരൂപം

പ്രാപിക്കുമ്പോൾ എഴുത്തൊക്കെ എവിടം വരെയായി എന്ന് ചോദ്യത്തിന് എഴുത്തുകാരൻ പറയുന്ന മറുപടി "ചെറിയ പുരോഗതിയുണ്ട്. ഇന്നലെ ഒരു സ്കെൽട്ടൺ കിട്ടി. പതിയെ ഡെവലപ്പ് ചെയ്യുന്നുണ്ട്"(2010:31) എന്നാണ്. ഇത് ബംഗ്ലാവിലെ അസ്ഥിപ്രായമായ ജഡത്തിന്റെ വളർച്ചയെ ധ്വനിപ്പിക്കുന്നു. ഒരു രചന പൂർണമാകുന്ന നിമിഷം അതിന്റെ അർത്ഥങ്ങളെ തന്നിലേക്ക് ചുരുക്കാതെ ഗ്രന്ഥകാരന്റെ മരണം സംഭവിക്കുകയും അനേകം വ്യാഖ്യാനങ്ങളുമായി വായനക്കാരൻ പിറവിയെടുക്കുകയും ചെയ്യുന്നുവെന്ന് ബാർത്ത് ഗ്രന്ഥകാരന്റെ മരണം എന്ന സങ്കല്പത്തിലൂടെ പറഞ്ഞിട്ടുള്ളത് കഥയിൽ യാഥാർത്ഥ്യമാവുന്നു (2004:487). തുടർന്നുള്ള കഥകളിലും കഥയെഴുത്തിന്റെ നൂതന പ്രയോഗമാതൃകകൾ കാണാം. ഓരോ കഥയ്ക്കും മുന്നിലും പിന്നിലുമുള്ള സൂചിത കഥാംശങ്ങൾ കഥയിലേയ്ക്കുള്ള വഴിതുറക്കുകയും കഥയുടെ പൂർണ്ണതയിലേയ്ക്കെത്തിക്കാനുള്ള പാതയൊരുക്കുകയും ചെയ്യുന്നു.

## ഗോഥിക് കഥകളിലെ യുക്തിയും ഭീതിയും

ശാസ്ത്രവും വിശ്വാസവും തമ്മിലുള്ള അന്തഃസംഘർഷം ഗോഥിക് കഥകളുടെ ഒരു പൊതു ഘടകമാണ്. 'ഗ്രന്ഥകാരന്റെ മരണം', 'കാലിൽ കുളമ്പുള്ള മനുഷ്യൻ', 'ചുരങ്ങളിൽ ഒരു ദുരൂഹ മരണം', 'ബെറ്റി' എന്നീ കഥകളെല്ലാം ഈ ഘടകത്തെ ആത്യന്തികമായി ഉപയോഗിച്ചിരിക്കുന്നു. കൊടൈക്കനാലിലെ പൂർവ്വികരായിരുന്ന ആദിവാസികളും ബംഗ്ലാവിലുള്ള അസ്വസ്ഥതകളും തമ്മിലുള്ള ബന്ധം ശാസ്ത്രീയമല്ലെന്ന് 'ഗ്രന്ഥകാരന്റെ മരണം' എന്ന കഥയിലെ നായകൻ ഒരു ഘട്ടത്തിൽ തിരിച്ചറിയുന്നുണ്ട്. എന്നാൽ ഭാവനയ്ക്ക് ചൂട്ടുപിടിക്കുന്നതിനൊപ്പം യുക്തി മരവിച്ചുവുന്നതോടെ ശാസ്ത്രത്തിന്റെ യുക്തിബോധത്തെ ഭയം കീഴടക്കുന്നു. 'കാലിൽ കുളമ്പുള്ള മനുഷ്യൻ' എന്ന കഥയിൽ ഒരുപാട് കാലത്തെ ഗ്രാമത്തിന്റെ ഭീതിയുടെ കാരണഹേതു വിജയൻ നേരിട്ട് കാണുന്നുണ്ട്. രഘു മരിക്കുന്നതിന് മുൻപ് കാലിൽ കുളമ്പുള്ള മനുഷ്യനെ കണ്ടുവെന്ന് ഹസ്സന്റെ മകൻ എന്ന് സ്വയം പരിചയപ്പെടുത്തിയ വ്യക്തിയോട് വിജയൻ വിവരിക്കുന്ന സന്ദർഭമുണ്ട്. "സത്യത്തിൽ രഘു എന്നെ മുഴുവനോടെ കണ്ടതാണ്. പക്ഷേ കാലിലെ കുളമ്പിനെക്കുറിച്ച് മാത്രമേ പറയാൻ കഴിഞ്ഞുള്ളൂ..... സമയം കിട്ടിയിരുന്നെങ്കിൽ ബാക്കികൂടി പറഞ്ഞേനേ '' എന്ന് അയാൾ പറഞ്ഞ മറുപടി അന്നുവരെ ഗ്രാമത്തെ മൂടിയ ഭീതിയെ അഴിച്ചുമാറ്റാനും അതൊരു കുറ്റകൃത്യമായി തിരിച്ചറിഞ്ഞ് കുറ്റവാളിയെ സമൂഹത്തിനു മുന്നിൽ കൊണ്ടുവരാനും സാധിക്കുമായിരുന്നു. എന്നാൽ വിജയന്റെ മനസ്സിൽ മുഴങ്ങിക്കേട്ടത് "എന്നെ മുഴുവനോടെ കണ്ടതാണ്" എന്ന വാക്യം മാത്രമാണ്.

"എനിക്ക് പിന്നിൽ അപ്പോൾ ഒരു മൃഗത്തിൽ നിന്നും ഇന്നേ വരെ കേട്ടിട്ടില്ലത്ത തരം ഭീതിതമായ ഒരു അലർച്ച മുഴങ്ങുന്നത് ബോധം നഷ്ടപ്പെട്ടും മുമ്പ് ഞാൻ കേട്ടു" എന്നു പറഞ്ഞ് കഥയവസാനിക്കുമ്പോൾ യുക്തി പ്രവർത്തിക്കും മുമ്പ് കൊടും ഭീതി അയാളെ ഗ്രസിക്കുകയായിരുന്നുവെന്ന് വ്യക്തമാകുന്നു. 'ചുരങ്ങളിൽ ഒരു ദുരൂഹ മരണം' എന്ന കഥയിൽ മരണമടയുന്ന പ്രൊഫസർ തന്റെ യാത്രയിൽ കണ്ട അസ്വസ്ഥജനകവും, ഭീതിജനകവും അവ്യക്തവും ആയ കാഴ്ചയെക്കുറിച്ച് അറിയാൻ ചില എഴുത്തുകുത്തുകൾ നടത്തിയതായി പറയുന്നുണ്ട്. യുക്തിസഹമായ ഒരുത്തരത്തിനായുള്ള അന്വേഷണമാവാം വീണ്ടും അതേ വഴിയിലൂടെ വീണ്ടും സഞ്ചരിക്കാൻ പ്രൊഫസറെ പ്രേരിപ്പിചത്. സത്യംകണ്ടെത്താനുള്ള അദ്ദേഹത്തിന്റെ മനസ്സിനു മീതെ ഭീതി നേടിയ വിജയമായിരുന്നു അദ്ദേഹത്തിന്റെ മരണം. 'ബെറ്റി' എന്ന കഥയിലെ നായകൻ മാത്രമാണ് മന:ശാസ്ത്രപരമായി തന്റെ പ്രവൃത്തികളെ അപഗ്രഥിക്കുകയും ഭീതി തന്നെ കീഴടക്കും മുൻപ് അപകടത്തിൽ നിന്ന് മുക്തി നേടുകയും ചെയ്തത്. ഗോഥിക് കഥകളുടെ ശരിയായ സംവേദനം സാധ്യമാവുന്നത് ഈ യുക്തിവിചാരങ്ങളുടെ പരാജയത്താലാണ്. ഗോഥിക് കഥകൾ ശാസ്ത്രകഥകളാവാതെ നിലനിർത്താൻ എഴുത്തുകാരന്റെ വിജയകരമായ ഒരു തന്ത്രംകൂടിയാണിതെന്ന് പറയാം. ഓരോ കഥകളുടെയും ആഖ്യാതാവ് ഓരോ സന്ദർഭങ്ങളിലും മരണമടഞ്ഞവർ തന്നെയാകുമ്പോൾ വായനക്കാരന് സംവദിക്കാനുള്ളത് മരിച്ചവരോടാകുന്നു. യുക്തിയെക്കുറിച്ചും ശാസ്ത്രത്തെക്കുറിച്ചുമുള്ള അറിവിടം നിലയ്ക്കുന്നതോടെ ഭീതി മാത്രം അപ്പോൾ അവശേഷിക്കുന്നു. ഭീതിക്ക് മാത്രമാണ് മനസ്സിനെ സംസ്കരിക്കുവാനും ഉദാത്തതയിലേക്ക് ഉയർത്തുവാനും സാധിക്കുകയുള്ളു എന്ന് റാഡ് ക്ലിഫ് പറഞ്ഞിട്ടുള്ളത് ഓരോ ഗോഥിക് കഥകളുടെയും സാഹിത്യ ലക്ഷ്യമാവുന്നു.

## ഉപസംഹാരം

മലയാള സാഹിത്യത്തിലെ ചെറുകഥകൾക്ക് ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യം പറയാനുണ്ട്. എന്നാൽ ഗോഥിക് കഥയിൽ ഗൗരവമുള്ള ശ്രമങ്ങൾ നടന്നിട്ടില്ലെന്നത് ഇത്തരം കഥാപഠനങ്ങളെ ഗൗരവമായി കാണേണ്ടതിന്റെ പ്രാധാന്യത്തെ എടുത്ത് കാണിക്കുന്നുണ്ട്. വായനക്കാരുമായുള്ള സംവേദനാത്മകതയെ ലക്ഷ്യം വെച്ചെഴുതുന്നത് മാത്രമല്ല ഗോഥിക് കഥകൾ. പുതിയ രചനാരീതിക്കുള്ള മാർഗ്ഗം തെളിയിക്കുക കൂടിയാണവയുടെ ഉദ്ദേശ്യം. ഇതിനുള്ള ഉത്തമ ഉദാഹരണമാണ് ഈ സമാഹാരം. ഗോഥിക് കഥകൾക്കിണങ്ങുന്ന പ്രമേയങ്ങളെ പുതുമയോടെയും ധ്വന്യാത്മകമായും എത്തരത്തിൽ അവതരിപ്പിക്കാം എന്നു

പറഞ്ഞുതരുന്ന കഥകളാണവ. 'ഗ്രന്ഥകാരന്റെ മരണം ','കാലിൽ കുളമ്പുള്ള മനുഷ്യൻ', ബെറ്റി എന്നീ കഥകൾ മരണത്തെക്കുറിച്ചും മരണാനന്തര ലോകത്തെക്കുറിച്ചുമുള്ള ഭീതിയാൽ നിർമ്മിതമാണ്. പ്രകൃതിയുടെ വന്യതയെ നേരിടുമ്പോഴുള്ള ഭയം ആണ് 'ചുരങ്ങളിൽ ഒരു ദുരൂഹ മരണം' എന്ന കഥയുടെ കാതൽ. ഗോഥിക് കഥകളെ ജനപ്രിയ വിഭാഗത്തിന്റെ മാത്രം ഭാഗമാക്കി മാറ്റി നിർത്തുന്ന പ്രവണത ഇപ്പോഴുമുണ്ട്. അവ ഭയവിഹ്വലതയാലാണ് മനുഷ്യമനസ്സിനെ വികാരവിമലീകരണത്തിനുപയുക്തമാക്കുന്നതിനാൽ ഈ അഭിപ്രായത്തെ ശരിവക്കുകയുമാവാം . എന്നാൽ ധ്വന്യാത്മകമായ കഥാവതരശൈലിയിലൂടെയാണ് അത് സാധ്യമാക്കിയിരിക്കുന്നതെന്ന തിരിച്ചറിവ് ഗോഥിക് കഥകളുടെ ലാവണ്യാത്മകതയെ ഗൗരവമായ പഠനവിഷയമാക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കും. ഗോഥിക് കഥകളെ പ്രമേയാധിഷ്ഠിതമായല്ല ഉള്ളടക്ക ധ്വനിയുടെയും ആഖ്യാനരീതികളുടെയും അടിസ്ഥാനത്തിലാണ് ഇനിയുള്ള കാലം വായിക്കേണ്ടതെന്ന് ഈ കഥകൾ ബോധ്യപ്പെടുത്തുന്നു.

## ഗ്രന്ഥസൂചി

1. അച്യുതൻ, എം. പാശ്ചാത്യ സാഹിത്യ ദർശനം. ഡി.സി.ബുക്സ്, തിരുവനന്തപുരം.2004.
2. അയ്യപ്പപ്പണിക്കർ. അന്തസ്സന്നിവേശം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. 2006.
3. ബാലകൃഷ്ണമേനോൻ ,നെടിയം വീട്ടിൽ. നോവൽപഠനങ്ങൾ. ഡി സി ബുക്സ്, കോട്ടയം. 1989.
4. മരിയ റോസ്. ഗ്രന്ഥകാരന്റെ മരണവും മറ്റു ഭീതികഥകളും. മാതൃഭൂമി ബുക്സ്, കോഴിക്കോട്. 2020.
5. മുരളീധരൻ, നെല്ലിക്കൽ. വിശ്വസാഹിത്യ ദർശനങ്ങൾ .ഡി സി ബുക്സ്, കോട്ടയം. 2016.
6. രാജശ്രീ, ആർ. അപസർപ്പകാഖ്യാനങ്ങൾ ഭാവനയും രാഷ്ട്രീയവും. ലോഗോസ് ബുക്സ്, പാലക്കാട്. 2018.
7. ഹമീദ്. അപസർപ്പക നോവലുകൾ മലയാളത്തിൽ. കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. 2015.
8. ഹമീദ്. അപസർപ്പക ചെറുകഥകൾ നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം . 2015.
9. Ann Radcliffe. On the Supernatural in Poetry Stephen Edwin King. Danse Macabre Everest House. US.198.1
10. Freud Sigmund. The Interpretation of Dreams. Avon Publishers, New York. 1965.
11. Pristman, Martin. Detective Fiction and Literature. The Figure on the Carpet, Basingstoke, Macmillan. 1990.

*ramyavnath@gmail.com*

# കോസി മർഡർ മിസ്റ്ററിയും ആഖ്യാനസവിശേഷതകളും

## ലാജോ ജോസിന്റെ 'റെസ്റ്റ് ഇൻ പീസ്' മുൻനിർത്തിയുള്ള പഠനം

ഫെൽബിൻ ആന്റണി
ഗവേഷകൻ, കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്

### പ്രബന്ധ സംഗ്രഹം

ഉള്ളടക്കത്തിലെ പുതുമയും ആഖ്യാനവൈവിധ്യവും വഴി വ്യത്യസ്തമായ സമസ്യകൾ അവതരിപ്പിക്കുന്നതിലൂടെ അപസർപ്പകസാഹിത്യത്തിൽ ഉപവിഭാഗങ്ങൾ രൂപപ്പെടുന്നു. അപസർപ്പകകഥകളിലെ ഉപവിഭാഗങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതോടൊപ്പം 'കോസി മർഡർ മിസ്റ്ററി' എന്ന ഉപവിഭാഗത്തിന്റെ പ്രത്യേകതകളും ആഖ്യാനസവിശേഷതകളും ലാജോ ജോസിന്റെ 'റെസ്റ്റ് ഇൻ പീസ്' എന്ന നോവലിനെ അടിസ്ഥാനമാക്കി അന്വേഷിക്കുകയുമാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. എഴുത്തുകാരനിലും വായനക്കാരനിലും ഉപവിഭാഗങ്ങളുടെ സ്വാധീനം എങ്ങനെ പ്രവർത്തിക്കുന്നു എന്നും പഠനത്തിന്റെ ഭാഗമായി പരിശോധിക്കുന്നു.

**താക്കോൽ വാക്കുകൾ:** ആഖ്യാനസങ്കേതങ്ങൾ (Narrative tools), ഉപവിഭാഗങ്ങൾ (Sub-genre), കോസി മർഡർ മിസ്റ്ററി (Cozies)

### ആമുഖം

നിബന്ധനകൾക്കു വിധേയമായി ഒതുങ്ങിനിൽക്കുന്ന സാഹിത്യമേഖലയല്ല അപസർപ്പകസാഹിത്യം. ജനപ്രിയമായൊരു സാഹിത്യവിഭാഗമായതിനാൽ ഏകരേഖയിലുള്ള ആഖ്യാനമല്ല അപസർപ്പകസാഹിത്യത്തിൽ കാണുന്നത്. സാമ്പ്രദായിക രചനാസങ്കേതങ്ങളിൽ നിന്നും എഴുത്തുകാർ മാറി സഞ്ചരിക്കുകയും പരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നു. അതിനായി പുതിയ ആഖ്യാനോപകരണങ്ങളുടെ സഹായവും തേടുന്നു. റെയ്മണ്ട് ചാൻഡലർ

പറഞ്ഞതുപോലെ അപസർപ്പകകഥളിൽ അത്യാവശ്യം ഉണ്ടാകേണ്ട ഘടകങ്ങൾ അപസർപ്പകനും ഒരു സമസ്യയുമാണ്. ഇനിയെന്ത് സംഭവിക്കാൻ പോകുന്നുയെന്ന ഉൽക്കണ്ഠ നിലനിർത്തി അവസാനം എന്തായിരിക്കുമെന്ന സന്ദേഹം വായനക്കാരനിൽ സൃഷ്ടിക്കുവാൻ എഴുത്തുകാരൻ ശ്രമിക്കുന്നു. മറ്റു രൂപങ്ങളിൽനിന്നും വ്യത്യസ്തമായി അനാവശ്യമായ വർണ്ണനകളും വിവരണങ്ങളും അപസർപ്പകകഥകളിൽ വിരളമാണ്. മറിച്ച് സാഹസികമായ സന്ദർഭങ്ങളിലൂടെ കടന്നുപോകുന്ന കഥാപാത്രങ്ങളെയും അവരുടെ പ്രതികരണങ്ങളും ആവിഷ്കരിക്കുന്നു. കഥയുടെ കേന്ദ്രമായി ഒരു കുറ്റകൃത്യമുണ്ടെങ്കിൽ തന്നെയും അതിനെ സ്വാധീനിക്കുന്ന അടിസ്ഥാനഘടകങ്ങൾ നിരവധിയുണ്ടെന്നു മനസിലാക്കാം. അപസർപ്പകൻ അനുഭവിക്കുന്ന അജ്ഞതയും അപരിചിതത്വവും പ്രേക്ഷകനിലേക്കും എത്തിചേരുന്നുണ്ട്. കുറ്റാന്വേഷകന്റെ ഈ പരിമിതി പോലും ആകാംക്ഷയെ വളർത്തുന്നു. കുറ്റകൃത്യങ്ങൾ പരിഹരിക്കുന്ന സമയം അടുത്തെത്തുമ്പോൾ മറ്റു കഥാപാത്രങ്ങളിൽ നിന്നോ പരിസ്ഥിതിയിൽനിന്നോ കുറ്റാന്വേഷകന് ഉണ്ടാകുന്ന വെല്ലുവിളികൾ വരെ വായനക്കാരനിൽ ആകാംക്ഷ വളർത്തുന്ന ഘടകമാണ്. കഥയിലെ നിഗൂഢത സൃഷ്ടിക്കുന്ന സന്ദർഭങ്ങൾക്കൊപ്പം തന്നെ പ്രാധാന്യമർഹിക്കുന്നതാണ് കുറ്റാന്വേഷകന്റെയും കുറ്റവാളിയുടെയും രൂപീകരണം. വിദഗ്ധനായ കുറ്റാന്വേഷകനെ (Professional Sleuth) പോലെ തന്നെ സാധാരണക്കാരനായ ഒരു വ്യക്തിയും കുറ്റാന്വേഷകൻ (Amature Sleuth) ആകുന്നു. കൊലപാതകിയുടെ ചിത്രീകരണവും കൊലപാതരീതിയും കാരണങ്ങളും വ്യത്യസ്തമായിരിക്കും. ഇങ്ങനെ അസർപ്പകകഥകളിലെ അടിസ്ഥാനഘടകങ്ങൾ മാറുന്നതനുസരിച്ച് വിവിധങ്ങളായ ഉപവിഭാങ്ങൾ ഉണ്ടാകാനുള്ള സാധ്യതയേറെയാണ്. നവീനമായ ആഖ്യാനസാധ്യതകളുപയോഗിച്ച് രചനാവഴികളെ ക്രമീകരിക്കുമ്പോൾ ഉപവിഭാഗങ്ങൾ രൂപപ്പെടാനുള്ള സാഹചര്യങ്ങളും അനുകൂലമായി വരുന്നു.

## അപസർപ്പകകഥകളും ഉപവിഭാഗങ്ങളും

ഒരു സമസ്യയും ഒരു അപസർപ്പകനുമുണ്ടെങ്കിൽ കുറ്റാന്വേഷണസാഹിത്യത്തിൽ എന്തെല്ലാം വ്യത്യസ്തത സൃഷ്ടിക്കുവാൻ കഴിയുമെന്നുള്ളത് പ്രസക്തമായ ചോദ്യമാണ്. കുറ്റകൃത്യം സമസ്യയാകുമ്പോൾ അതിൽ അപസർപ്പകരും സാക്ഷികളും കുറ്റാരോപിതരും ഇരകളും കുറ്റവാളിയുമുണ്ട്. തെളിവുകളും സൂചനകളുമുണ്ട്. കുറ്റാന്വേഷണകഥകളിൽ അടിസ്ഥാനമായി കാണാൻ കഴിയുന്ന ഈ ഘടകങ്ങളെ വ്യത്യസ്തരീതിയിൽ അവതരിപ്പിക്കാനുള്ള

ശ്രമഫലമായാണ് ഉപവിഭാഗങ്ങൾ വികസിക്കുന്നത്. പ്രത്യേകമായ ഒരു ശ്രേണിയിൽ നിന്നുകൊണ്ട് എഴുതുക എന്നതിനപ്പുറം പല ഉപവിഭാഗങ്ങളുടെ കലർപ്പുവഴിയും വിഷയങ്ങൾ അവതരിപ്പിക്കപ്പെടുന്നു. ഉപവിഭാഗങ്ങൾ രൂപപ്പെടുന്നത് സാഹിത്യപരിമിതിയല്ല മറിച്ച്, ആ സാഹിത്യശാഖ വളരാനുള്ള സാധ്യതയാണ് അതിൽ പ്രകടമാകുന്നത്. കുറ്റാന്വേഷകന്റെ സ്വഭാവമനുസരിച്ച് ഉപവിഭാഗങ്ങൾ രൂപപ്പെടുന്നു. സാധാരണക്കാരനായ ഒരാൾ കുറ്റാന്വേഷകനാകുന്ന (Amature Sleuth) അവസ്ഥ അതിൽ ഒന്നാണ്. ഏതെങ്കിലും കുറ്റകൃത്യമോ ഒരാളുടെ കൊലപാതകമോ വഴി സാധാരണ ജീവിതം പെട്ടെന്ന് തടസ്സപ്പെടുന്ന സന്ദർഭത്തിൽ പ്രശ്നംപരിഹരിക്കുവാൻ ഒരാൾ അന്വേഷിച്ചിറങ്ങുന്നു. എന്നാൽ വിദഗ്ധനായ ഒരു കുറ്റാന്വേഷകൻ (Professional Sleuth) തന്റെ അറിവും അനുഭവവും ഉപയോഗപ്പെടുത്തി അന്വേഷണം നടത്തുന്നു. കുറ്റാന്വേഷകന്റെ സ്വഭാവം പോലെ തന്നെ കുറ്റകൃത്യത്തിന്റെ സ്വഭാവമനുസരിച്ചും തരംതിരിവ് ഉണ്ടാകുന്നുണ്ട്. തീവ്രവും ക്രൂരമവുമായ കുറ്റകൃത്യങ്ങളും, ലൈംഗികാതിക്രമങ്ങളും ഭയാനകമായ സന്ദർഭങ്ങളും ആഖ്യാനത്തിന്റെ ഭാഗമാക്കുകയാണ് 'ഹാർഡ് ബോയിൽഡ്' എന്ന ഉപവിഭാഗം. എന്നാൽ ലൈംഗികത, അക്രമണം എന്നിവ കുറവുള്ളതും ഒരു ചെറിയ സ്ഥലത്തിൽ/ സമൂഹത്തിൽ സംഭവിക്കുന്നതുമായ അപസർപ്പകകഥകൾ ആണ് 'കോസി മർഡർ മിസ്റ്ററികൾ'യെന്ന് പറയുന്നത്. കൊലയാളി ഒരു തുടർകൊലപാതകി (Serial Killer) ആണെങ്കിൽ അത് പ്രത്യേകം ഒരു വിഭാഗമായി പരിഗണിക്കുന്നു. കഥാഖ്യാനത്തിന്റെ ഭാവം അനുസരിച്ചും ഉപവിഭാഗങ്ങൾ രൂപപ്പെടുന്നു. 'ത്രില്ലർ', 'സസ്പെൻസ് ത്രില്ലർ' 'റൊമാൻറിക് ത്രില്ലർ' എന്നിങ്ങനെയാകുന്നു അത്. അന്വേഷണം ചരിത്രസംഭവത്തെക്കുറിച്ച് ആകുമ്പോൾ ചരിത്രാത്മക അപസർപ്പകകഥകളായി (Historical) അതുമാറുന്നു. നർമ്മത്തിന്റെ അംശത്തിൽ കുറ്റാന്വേഷണം നടത്തുന്ന ആഖ്യാനങ്ങൾ 'കേപ്പർ' (Caper) എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. കുറ്റകൃത്യം ആരംഭത്തിൽതന്നെ അവതരിപ്പിക്കുകയും ശേഷം അതുമായി ബന്ധപ്പെട്ട വസ്തുതകൾ വെളിച്ചത്തു കൊണ്ടുവരികയും ചെയ്യുന്ന വിപരീത സ്വഭാവം പുലർത്തുന്ന ശൈലികളും പ്രകടമാണ്. നിയമപാലകർ ഔദ്യോഗികമായി നടത്തുന്ന അന്വേഷണങ്ങളും (Police Procedural) പ്രത്യേക വിഭാഗമായി പരിഗണിക്കപ്പെടുന്നു.

### കോസി മർഡർ മിസ്റ്ററി

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭംമുതൽ 1930-കൾ വരെ അപസർപ്പക

കഥകളുടെ സുവർണ്ണ കാലഘട്ടമായിരുന്നു. 'ഹാർഡ് ബോയിൽഡ്' വിഭാഗത്തിൽ ഉൾപ്പെടുന്ന ധാരാളംകഥകൾ ഈ കാലഘട്ടത്തിലുണ്ടായി. എന്നാൽ ക്രൂരമായ കുറ്റകൃത്യങ്ങളുടെ ആവർത്തിച്ചുള്ള ആഖ്യാനം ഇത്തരം സൃഷ്ടികളുടെ സ്വീകാര്യതയെ കാര്യമായിത്തന്നെ ബാധിച്ചു. അതിന്റെ ഫലമായാണ് വായനക്കാരന് ഹൃദ്യമായ വായനാനുഭവം നൽകുവാൻ ശ്രമിക്കുന്ന 'കോസി മർഡർ മിസ്റ്ററികൾ' എന്ന ഉപവിഭാഗം രൂപപ്പെട്ടത്. അക്രമവും ക്രൂരമായ കൊലപാതകങ്ങളും ലൈംഗികാതിക്രമങ്ങളും നിറഞ്ഞ കുറ്റന്വേഷണകഥകളിൽനിന്നും വ്യത്യസ്തമായി സമസ്യകളുടെ മറ്റൊരു ശ്രേണിയിലുള്ള വായനാനുഭവം ആഗ്രഹിക്കുന്നവരെ കോസി മർഡർ മിസ്റ്ററികൾക്ക് തൃപ്തിപ്പെടുത്താനായി എന്നു പറയുന്നു. ഈ കാരണം കൊണ്ടുതന്നെ 'സുഖപ്രദമായത്' എന്ന അർത്ഥം വരുന്ന 'കോസി'എന്ന പദം ചേർത്ത് ഇത്തരം ആഖ്യാനങ്ങളെ വിശേഷിപ്പിച്ചു. ഈ കഥകളിൽ അപകടവും നിഗൂഢതകളും ആകാംക്ഷകളും നിറയുന്നുണ്ടെങ്കിലും പരിസമാപ്തിയിൽ കുറ്റകൃത്യം പരിഹരിക്കപ്പെടുന്നു. എല്ലാം വീണ്ടും ശരിയാകുമെന്ന പ്രതീക്ഷ വായനക്കാരന് നൽകുന്നു. അലക്സാണ്ടർ മെക്കോൾ സ്മിത്തിന്റെ 'ലേഡീസ് ഡിറ്റക്ടീവ് ഏജൻസി' സീരിയസ്, നാൻസി അതേർട്ടന്റെ 'ആന്റ് ഡിമിറ്റി', ലിലിയൻ ജാക്സൺന്റെ 'ബ്രൗൺസ് കാറ്റ്ഹ' സീരിയസ്, അഗത ക്രിസ്റ്റിയുടെ 'മിസ് മാർപിൾ', ജൊനാൽ ഫ്ലൂക്കിന്റെ 'ദി ഹന്ന സ്വെൻസൻ' സീരിയസ്, ഒവീഡിയ യുവിന്റെ 'ദി സിംഗപൂർ മിസ്റ്ററി' സീരിയസ് തുടങ്ങിയ നോവലുകൾ ഈ ഉപവിഭാഗത്തിലെ പ്രസിദ്ധ കൃതികളാണ്.

### 'കോസിയും' ആഖ്യാനസവിശേഷതകളും

കോസി മർഡർ മിസ്റ്ററികളിൽ സാധാരണയായ കണ്ടുവരുന്ന പ്രാധാന സവിശേഷതകൾ ഇവയൊക്കെയാണെന്ന് നാൻസി കുർട്ട്മാൻ (Curteman, Nancy) ചൂണ്ടിക്കാട്ടുന്നു (2012):

- ആക്രമണം, ലൈംഗികത, പരുഷമായഭാഷ എന്നിവയുള്ള സന്ദർഭങ്ങൾ പരിമിതമായിരിക്കും.
- കഥ നടക്കുന്ന പരിസരം ചെറുതും ചുരുങ്ങിയതും(Closed Space) ആയിരിക്കും. അയൽപക്കം, സർക്കസ് കൂടാരം, ചെറിയ പട്ടണങ്ങൾ എന്നിവ ഉദാഹരണം.
- കഥയിൽ കുറ്റാന്വേഷണം നടത്തുന്ന വ്യക്തി സാധാരണയായി ഡിറ്റക്ടീവ് ജോലിയുമായി ബന്ധമില്ലാത്ത തൊഴിൽ ചെയ്യുന്ന ആളായിരിക്കും.

- അന്വേഷകൻ നല്ല മൂല്യങ്ങളുള്ള ആളും പിഴവുകൾ വരുത്തുന്ന വ്യക്തിയുമാവും.
- സൂചനകളും ബന്ധങ്ങളും സ്വരൂപിക്കുന്നതിലും പ്രതികളെ കണ്ടെത്തുന്നതിലും കുറ്റാന്വേഷകന് കഴിവുണ്ടാകും.
- കുറ്റാന്വേഷകന് സംശയം ജനിപ്പിക്കുന്നവരുടെ എണ്ണം പരിമിതമായിരിക്കും
- തുടർകൊലപാതകികളോ (Serial Killers) ചിത്തരോഗികളോ (Psychopath) ആയിരിക്കുകയില്ല പ്രതിനായകന്മാർ
- അത്യാഗ്രഹം, അസൂയ, പ്രതികാരം തുടങ്ങിയ കാരണങ്ങളാകും കൊലപാതകത്തിലേക്കു നയിക്കുന്നത്.
- പ്രതിനായക/ൻ അവസാനം മാത്രമേ പിടിക്കപ്പെടുന്നുള്ളൂ
- കുറ്റാന്വേഷക/ൻ പലപ്പോഴും കൊലപാതകിയുടെ ലക്ഷ്യമാകുന്നു.
- പ്രണയം ചെറിയ രീതിയിൽ കടന്നുവരുന്നു
- 'കോസികൾ' ഭ്രാന്തവും വന്യവും മൃഗീയവുമായ അനുഭവമല്ല മറിച്ച് ക്രമാനുഗതമായ സൂചനകളുടെ ആശ്ചര്യമായി അന്ത്യത്തിലേക്ക് നയിക്കുന്നു.

റെസ്റ്റ് ഇൻ പീസ്

'റൂത്തിന്റെ ലോകം', 'കോഫി ഹൗസ്'', 'ഹൈഡ്രേഞ്ചിയ' എന്നീ നോവലുകൾക്ക് ശേഷം ലാജോ ജോസ് എഴുതിയ കുറ്റാന്വേഷണ നോവലാണ് 'റെസ്റ്റ് ഇൻ പീസ്''. മറ്റു മൂന്ന് നോവലുകളിൽനിന്ന് വ്യത്യസ്തമായി കോസി മർഡർ മിസ്റ്ററിയുടെ രചനാശൈലിയാണ് ഈ നോവലിൽ ലാജോ ജോസ് പിന്തുടരുന്നത്. 'ഹാർഡ് ബോയിൽഡ്'' സ്വഭാവം പുലർത്തുന്ന നോവലുകൾ എഴുതിയപ്പോൾ സാഹിത്യകാരന്റെ മാനസികാവസ്ഥയിൽ ഉണ്ടായ മാറ്റങ്ങളാണ് ഒരു കോസി മർഡർ മിസ്റ്ററി നോവലെഴുതാൻ പ്രേരിപ്പിച്ചതെന്ന് നോവലിന്റെ ആമുഖത്തിൽ അദ്ദേഹം സൂചിപ്പിക്കുന്നു. "Dark മൂഡിലുള്ള കഥകൾ എഴുതുമ്പോൾ അവയിലെ ഭൂതങ്ങൾ (Demons) എന്നെ വളരെക്കാലം പിന്തുടരുന്നതായി അനുഭവപ്പെട്ടു. ചിലതിനെ രാത്രികളിൽ എന്റെ കട്ടിലിന്റെയടിയിൽ കാണുവാൻ തുടങ്ങി. വളരെയധികം പ്രയാസപ്പെട്ടാണ് അത്തരം നാശോന്മുഖമായ അവസ്ഥയിൽനിന്ന് കരകയറിയിരുന്നത്. ഏറ്റവും കൂടുതൽ ബാധിച്ചത് ഹൈഡ്രേഞ്ചിയ (2019) എഴുതിക്കഴിഞ്ഞുള്ള പതിനൊന്നു മാസങ്ങളാണ്. ഓരോദിവസവും എനിക്കെന്നെ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടാണ് നാലാമത്തെ പുസ്തകം ഒരു Cozy Murder

Mystery മതി എന്ന തീരുമാനത്തിൽ എത്തിച്ചേർന്നത്. ആളുണ്ടെങ്കിലല്ലേ കഥ എഴുതാൻ പറ്റൂ" (ലാജോ ജോസ്: 2021).

ഗോൾഡൻ റിട്ടയർമെന്റ് ഹോം എന്ന വൃദ്ധസദനത്തിൽ നടക്കുന്ന രണ്ടു കൊലപാതകങ്ങൾ. അന്തേവാസികളായ അന്നമ്മയും മകൻ ബ്രിട്ടോയും കൊല്ലപ്പെടുന്നു. ഇവരുടെ മരണത്തെക്കുറിച്ച് വൃദ്ധസദനത്തിലെ മറ്റൊരു അന്തേവാസിയായ ഫ്രെഡറിക് ദേവസ്സി അന്വേഷിക്കുന്നു. ഈ അന്വേഷണങ്ങളിൽ നിന്നും അയാൾ തിരിച്ചറിഞ്ഞ കാര്യങ്ങളെല്ലാം ചേർത്ത് 'വൃദ്ധസദനത്തിലെ കൊലപാതകം' എന്നൊരു നോവൽ അയാൾ എഴുതുന്നു. ഈ നോവൽ മകളായ ജെസ്സിക്ക ഫ്രെഡറിക്കിന് ലഭിക്കുകയും കൊലപാതകങ്ങളെക്കുറിച്ച് അവൾ തുടർന്ന് അന്വേഷിക്കുകയും ചെയ്യുന്നു. ജെസ്സിക്ക ഫ്രെഡറിക്കിന്റെ കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കുന്ന 17 അധ്യായങ്ങളും 'വൃദ്ധസദനത്തിലെ കൊലപാതകം' എന്ന നോവലിന്റെ ഉള്ളടക്കം അവതരിപ്പിക്കുന്ന 16 അധ്യായങ്ങളും കൂടിച്ചേരുമ്പോഴാണ് 'റെസ്റ്റ് ഇൻ പീസ്' എന്ന നോവൽ പൂർണ്ണതയിൽ എത്തുന്നത്. കഥാന്ത്യത്തിൽ അന്നമ്മയുടെയും ബ്രിട്ടോയുടെയും കൊലപാതകിയെയും കൊലപാതകകാരണങ്ങളും ജെസ്സിക്ക കണ്ടെത്തുന്നു. തന്റെ പിതാവ് മരിച്ചിട്ടില്ല എന്ന സത്യവും അവൾ തിരിച്ചറിയുന്നു. വൃദ്ധസദനത്തിൽനടന്ന കൊലപാതകങ്ങളെക്കുറിച്ച അന്വേഷണം നടത്തിയതുവഴി ജീവിതത്തിൽ സംഭവിച്ച മാറ്റങ്ങൾ നിമിത്തം, മരണപ്പെട്ടു എന്ന വ്യാജേന ഒളിവുജീവിതം നയിക്കുവാൻ തീരുമാനിച്ച ഫ്രെഡറിക്ക് വിവരങ്ങൾ മകളെ അറിയിക്കുന്നതിനു വേണ്ടിയാണ് 'വൃദ്ധസദനത്തിലെ കൊലപാതകം' എന്ന നോവൽ എഴുതുന്നത്. അങ്ങനെ അച്ഛനും മകളും നടത്തുന്ന കുറ്റാന്വേഷണ വഴികളിലൂടെയാണ് 'റെസ്റ്റ് ഇൻ പീസ്' എന്ന നോവൽ മുന്നോട്ടുനീങ്ങുന്നത്. സുഖപ്രദമായത് എന്ന ബോധ്യം സൃഷ്ടിക്കുന്ന കോസി മർഡർ മിസ്റ്ററി ഉപവിഭാഗത്തിൽ എഴുതപ്പെട്ടിരിക്കുന്ന 'റെസ്റ്റ് ഇൻ പീസ്' എന്ന നോവൽ 'കോസി'കളുടെ ആഖ്യാനസവിശേഷതകളോട് എങ്ങനെ ബന്ധം പുലർത്തുന്നുയെന്നു പരിശോധിക്കേണ്ടതുണ്ട്. മറ്റ് നോവലുകളോട് താരതമ്യം ചെയ്തുകൊണ്ടും ഈ വ്യത്യാസത്തെ കണ്ടെത്താൻ കഴിയും.

### കുറ്റകൃത്യങ്ങളുടെ സ്വഭാവം

കുറ്റകൃത്യങ്ങളുടെ തീവ്രതയനുസരിച്ച് നോവലിന്റെ സ്വഭാവം രൂപപ്പെടുന്നത് പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. കോസി മർഡർ മിസ്റ്ററികളിൽ ആക്രമണം, ലൈംഗികത, പരുഷമായഭാഷ എന്നിവയുള്ള സന്ദർഭങ്ങൾ

പരിമിതമായിരിക്കും. 'റെസ്റ്റ് ഇൻ പീസി'ൽ ഏഴ് കൊലപാതക സന്ദർഭങ്ങൾ അവതരിപ്പിക്കുണ്ട്. അന്നമ്മയെയും മകൻ ബ്രിട്ടോയെയും വിഷം അകത്തുചെന്നാണ് കൊല്ലപ്പെടുന്നത്. റീന, ഡോ. വിനയദാസ്, അയാളുടെ സഹായി നിഖിൽ എന്നിവരുടെ കൊലപാതകമാണ് പിന്നീട് നോവലിൽ പരാമർശിക്കുന്നത്. മറ്റുള്ളത് കൊലയാളിയുടെ പ്രതികാരകാരണങ്ങളുമായി ബന്ധപ്പെട്ട ഭൂതകലാഖ്യാനത്തിലുണ്ടാകുന്ന കുഞ്ഞിവർക്കിയുടെയും കുട്ടിയച്ചന്റെയും കൊലപാതകങ്ങളാണ്. ഇങ്ങനെ ഏഴുകൊലപാതകങ്ങൾ കഥാസന്ദർഭത്തിൽ ഉണ്ടാകുന്നുണ്ട്. എങ്കിലും ചുരുങ്ങിയ വരികളിൽ മാത്രമാണ് അത് സൂചിപ്പിക്കുന്നത്. കൊലപാതങ്ങൾ എല്ലാം ക്രൂരത നിറഞ്ഞതാണ്. എന്നാൽ ഹിംസയുടെ തീവ്രത വിവരിക്കുന്ന സന്ദർഭങ്ങൾ കുറവാണ് എന്നതിൽ സംശയമില്ല. ബ്രിട്ടോയെയും അന്നമ്മയെയും കൊലപ്പെടുത്തിയ റീനയെ ഒരു വാഹനാപകടത്തിൽ നതാഷ കൊലപ്പെടുത്തുന്നു. നതാഷയെ പീഡിപ്പിച്ച വിനയദാസിനെയും നിഖിലിനെയും ഫ്രെഡറിക്ക് ചതുപ്പിൽ താഴ്ത്തി കൊലപ്പെടുത്തുന്നു. കുഞ്ഞിവർക്കിയുടെയും കുട്ടിയച്ചന്റെയും കൊലപാതകങ്ങളും നോവലിൽ വിഷയമാവുമ്പോഴും ക്രൂരതനിറഞ്ഞ വിവരണങ്ങൾ കുറവാണ്. ലൈംഗികബന്ധങ്ങൾ ഉണ്ടാവുമ്പോൾ കാണാറുള്ളതു പോലെ ദീർഘമായ വർണ്ണനകളും ഒഴിവാക്കിയിരിക്കുന്നു. ഫ്രെഡറിക്ക് ദേവസ്സിയും കാമുകി നതാഷയും തമ്മിലുള്ള പ്രണയത്തിന്റെ വളർച്ച വിവരിക്കുന്ന സന്ദർഭങ്ങളിൽ ഇത്തരം വർണ്ണനകൾക്കുള്ള സാധ്യത നിലനിൽക്കുന്നണ്ടെങ്കിലും എഴുത്തുകാരൻ അത് പരിമിതപ്പെടുത്തുന്നുണ്ട്. ലൈംഗിക അതിക്രമം ഉണ്ടാകുന്ന സന്ദർഭങ്ങളും നോവലിൽ കുറവാണ്. നതാഷയെ വിനയദാസ് എന്ന ഡോക്ടർ പിടിച്ചു കൊണ്ടുപോകുന്നുണ്ട്. ആ സന്ദർഭത്തിൽ നതാഷയെ ദേഹോപദ്രവം ചെയ്യുവാൻ അവർ ആലോചിക്കുന്നു. എന്നാൽ ഫ്രെഡറിക്ക് നതാഷയെ രക്ഷപ്പെടുത്തുന്നു. 'കോസി'കളുടെ നിബന്ധനകൾ കർശനമായി പാലിക്കാൻ നോവലിസ്റ്റ് ബോധപൂർവം ശ്രമിച്ചതിന്റെ ഫലമായാകും ഇങ്ങനെ ഉണ്ടായത്. നോവലിന്റെ ആമുഖത്തിൽ എഴുത്തുകാരൻ സൂചിപ്പിക്കുന്നതും മറ്റൊന്നല്ല. തുടർച്ചയായ 'ഹാർഡ് ബോയിൽഡ്' എഴുതുമ്പോഴും വ്യത്യസ്തതകൾ പരീക്ഷിക്കുമ്പോഴും എഴുത്തുകാരനിൽ രൂപപ്പെടുന്ന സംഘർഷങ്ങൾ പ്രത്യേകം ചിന്തിക്കേണ്ടത് തന്നെയാണ്. 'റൂത്തിന്റെ ലോകം', 'കോഫി ഹൗസ്', 'ഹൈഡ്രേഞ്ചിയ' എന്നീ നോവലുകളിൽ ഹിംസയുടെയും ലൈംഗികതയുടെയും വിശദമായ വിവരണങ്ങളുണ്ട്. പരുഷമായ ഭാഷാപ്രയോഗങ്ങളും ധാരാളമായുണ്ട്. 'ഹൈഡ്രേഞ്ചിയ'യിലെ കൊലപാതകി

ആളുകളെ ബലാൽക്കാരമായി ലൈംഗികാതിക്രമത്തിന് വിധേയമാക്കിയും ക്രൂരമായ ദേഹോപദ്രവത്തിലൂടെയുമാണ് കൊലപ്പെടുത്തുന്നത്. 'റൂത്തിന്റെ ലോകത്തിലും ' ലൈംഗികാതിക്രമങ്ങൾ ധാരാളമായുണ്ട്. എന്നാൽ ഈ മൂന്നുനോവലുകളിൽനിന്നും വ്യത്യസ്തമാണ് 'റെസ്റ്റ് ഇൻ പീസ്'.

കഥാപരിസരം

കോസി മർഡർ മിസ്റ്ററികളിൽ അത് നടക്കുന്ന പരിസരം ചെറുതും ഇടുങ്ങിയതും (Closed Space) ആയിരിക്കും. ഇവിടെ അന്നമ്മയുടെയും ബ്രിട്ടോയുടെയും കൊലപാതകം നടക്കുന്നത് ഗോൾഡൻ റിട്ടയർമെൻറ് ഹോം എന്ന് പറയുന്ന വൃദ്ധസദനത്തിലാണ്. കായൽതീരത്ത് സ്ഥിതി ചെയ്യ്ത് 'അസിസ്റ്റഡ് ലിവിങ് ഫെസിലിറ്റി' നൽകുന്ന ഒരു ഇടമാണ് ഗോൾഡൻ റിട്ടയർമെൻറ് ഹോം. കഥയുടെ കേന്ദ്രസ്ഥാനവും ഇവിടമാണ്. ജെസ്സിക്ക അബുദാബിയിൽ ജീവിക്കുന്ന സമയത്താണ് അവൾക്ക് 'വൃദ്ധസദനത്തിലെ കൊലപാതകം' എന്ന നോവൽ ലഭിക്കുന്നത്. ആ നോവലിലൂടെയാണ് തന്റെ പിതാവ് ജീവിച്ചിരുന്ന വൃദ്ധസദനത്തിലെ കാര്യങ്ങളെല്ലാം അവൾ അറിയുന്നത്. നോവൽ വായിച്ചതിനുശേഷം കൊലപാതകങ്ങളുടെ വിവരങ്ങൾ അറിയുവാൻ ജെസ്സിക്ക വൃദ്ധസദനത്തിലെത്തുന്നു. അവിടെയുള്ള അന്തേവാസികളാണ് നോവലിലെ പ്രധാന കഥാപാത്രങ്ങൾ. വൃദ്ധസദനത്തിലെ എല്ലാ അന്തേവാസികളും കഥയുടെ ഭാഗമാകുന്നില്ല. 'സെഹിയോൻ ബ്ലോക്ക്' എന്ന ഭാഗത്ത് ജീവിക്കുന്നവരെ ചുറ്റിപറ്റിയാണ് കഥവളരുന്നത്. യഥാർത്ഥത്തിൽ ഒരു വൃദ്ധസദനത്തിൽ നിന്ന് അതിന്റെ ഒരു 'ബ്ലോക്കി'ലേക്ക് കഥാപരിസരം ചുരുങ്ങുന്നു. പതിനെട്ട്പേരാണ് അവിടവുമായി ബന്ധമുള്ളത്. എട്ട് അന്തേവാസികൾ, അഞ്ച് ജോലിക്കാർ, ഇടയ്ക്കുവരുന്ന അഞ്ചുപേർ. ഒരു ബ്ലോക്കിലുള്ളവർക്ക് മറ്റ് ബ്ലോക്കിലുള്ളവരുമായി ബന്ധം സ്ഥാപിക്കാൻ അനുവാദമില്ല. 'റിക്രിയേഷൻ ഡേ ഔട്ട്' എന്ന പേരിലണ് അന്തേവാസികൾ വല്ലപ്പോഴും സിനിമ കാണാൻ മറ്റുമായി പുറത്തിറങ്ങുന്നത്. അങ്ങനെ ബ്രിട്ടോയുടെയും അന്നമ്മയുടെയും മരണം സംഭവിക്കുന്ന ഇടം ചുരുങ്ങിയതും അതുമായി ബന്ധപ്പെട്ടു നിൽക്കുന്നവരുടെ എണ്ണം ചെറുതുമായി നിൽക്കുന്നു. "പലരിൽ നിന്നും കിട്ടിയ വിവരങ്ങളാണ് ഇവിടെ ഞാൻ പറയുന്നത്. നമ്മുടെ സെഹിയോൻ ബ്ലോക്കിൽ മൊത്തം 13 ആൾക്കാരാണ് സ്ഥിരമായി രാത്രിയിൽ താമസിക്കുന്നത്.

അന്തേവാസികൾ: 8 മിലിട്ടറി ഇന്റലിജൻസിൽ ആയിരുന്ന ഫ്രെഡറിക്ക്, റിട്ട. ഡെപ്യൂട്ടി തഹസിൽദാർ കുര്യൻ, ടീച്ചറായിരുന്ന സിസിലി ജേക്കബ്, സഹോദരികളായ ഷേർളി, ഷീല,

| | |
|---|---|
| | ഹന്ന, സൗത്ത് ആഫ്രിക്കയിൽ ആയിരുന്ന ജോർജ് ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന തോമസ്, |
| ജോലിക്കാർ: 5 | മേഴ്സി കുര്യൻ, ജോജിമോൾ ജോസ്, സാലി, മിനി, സെക്യൂരിറ്റി: ആൻറണി |
| ഇടയ്ക്ക് തങ്ങുന്നവർ: 5 | സണ്ണി കുരുവിള, Plumber/Electrician സുനിൽ, റീന മാത്യു, നതാഷ ഏഞ്ചൽ വർഗീസ്"(ലാജോ ജോസ്: 2021: 106) |

വൃദ്ധസദനം കൂടാതെ നോവലിൽ പരാമർശിക്കുന്ന ഇടങ്ങൾ അബുദാബിയിൽ ജെസ്സിക്ക താമസിക്കുന്ന ഫ്ലാറ്റും കൊലപാതകങ്ങൾക്കും അന്വേഷണങ്ങൾക്കും ശേഷം ഫ്രെഡറിക്കും നതാഷയും താമസിക്കുന്ന ഫാമും ആണ്. ഈ രണ്ടിടങ്ങളും ചുരുങ്ങിയ സ്ഥലങ്ങൾ തന്നെയാണ്. കോസിയുടെ പരിധിയിൽ വരുന്നതല്ലെങ്കിൽക്കൂടിയും നോവലിലെ കഥാപാത്രങ്ങളുടെ എണ്ണം പരിമിതപ്പെടുത്താൻ ഈ ഇടങ്ങൾ സഹായിക്കുന്നുണ്ട്. വിനയദാസിന്റെയും നിഖിലിന്റെയും മൃതശരീരങ്ങൾ ഒളിപ്പിക്കുന്നതും നതാഷയുടെയും ഫ്രെഡറിക്കിന്റെയും ഫാമിലാണ്. അതുകൊണ്ട് തന്നെ നോവലിൽ ആ സ്ഥലത്തിനു പ്രാധാന്യമുണ്ട്. കഥാസന്ദർഭത്തെ വൃദ്ധസദനത്തിലെ സെഹിയോൻ ബ്ലോക്കിൽ കേന്ദ്രീകരിച്ചതു വഴി ചുരുങ്ങിയൊരു ഇടത്തിൽ കഥാഖ്യാനം നടത്തണമെന്ന കോസികളുടെ പൊതുസ്വഭാവത്തെ ശരിവെക്കുന്നുണ്ട് 'റെസ്റ്റ് ഇൻ പീസ്'. 'ഹൈഡ്രേഞ്ചിയയിൽ സംഭവങ്ങൾ നടക്കുന്നത് ചെറിയൊരു ഇടത്തിൽ അല്ല. 'റൂത്തിന്റെ ലോക'ത്തിൽ ഒരു കുടുംബത്തെയും ഫാംഹൗസിനെയും കേന്ദ്രീകരിച്ചാണ് കഥ നടക്കുന്നത്. 'കോഫി ഹൗസി'ലും ചുരുങ്ങിയ ഒരിടത്താണ് കൊലപാതകം നടക്കുന്നതെങ്കിലും ഈ രണ്ട് നോവലുകളും 'കോസി'യുടെ സ്വഭാവം പുലർത്തുന്നില്ല.

## കുറ്റാന്വേഷകരുടെ സ്വഭാവം

കോസി മർഡർ മിസ്റ്ററികളിൽ അപസർപ്പകൻ വിദഗ്ധനായ ഒരാൾ ആയിരിക്കുകയില്ല. 'റെസ്റ്റ് ഇൻ പീസിൽ' അച്ഛനും മകളും കുറ്റാന്വേഷകരാകുന്നു. ഫ്രെഡറിക്ക് ദേവസ്സി മിലിറ്ററി ഇന്റലിജൻസിൽ ഉദ്യോഗസ്ഥനായിരുന്നു. വിശ്രമജീവിതം വൃദ്ധസദത്തിൽ ജീവിക്കാൻ സ്വയം തീരുമാനിച്ച അയാൾ, അവിടെ താമസിച്ചിരുന്ന രണ്ട് അന്തേവാസികളുടെ മരണത്തെക്കുറിച്ച് അന്വേഷിക്കാൻ ആരംഭിക്കുന്നു. മിലിറ്ററി ഇൻറലിജൻസ് ഉദ്യോഗസ്ഥൻ ആയതിനാൽ തന്നെ കുറ്റകൃത്യങ്ങളുടെ സ്വഭാവവുമായി അയാൾ പരിചിതനാണ്. ഇവിടെ സംഭവങ്ങളുടെ വിശദാംശങ്ങൾ വായനക്കാരൻ അറിയുന്നത്

ജെസ്സിക്ക നടത്തുന്ന അന്വേഷണത്തിലൂടെയാണ്. അബുദാബിയിൽ നേഴ്സായി ജോലി ചെയ്യുകയായിരുന്നു ജെസ്സിക്ക. അവരുടെ ജീവിതപരിസരം കുറ്റാന്വേഷണസ്വഭാവത്തിൽനിന്നും അകന്നുനിൽക്കുന്നു. എന്നിരുന്നാൽതന്നെയും അച്ഛൻ ബന്ധപ്പെട്ടിരിക്കുന്ന ഒരു സംഭവം ആയതുകൊണ്ടുതന്നെ അവൾക്ക് അന്വേഷണത്തിന് ഇറങ്ങേണ്ടിവരുന്നു. സാഹചര്യവശാൽ കുറ്റാന്വേഷണം നടത്തേണ്ടി വരുന്ന അപസർപ്പകൻ കോസി മർഡർ മിസ്റ്ററികളിലെ ഒരുഘടകം തന്നെയാണ്. വിദഗ്ധ അല്ലാത്തതുകൊണ്ടുതന്നെ പലപിഴവുകളും അന്വേഷണത്തിൽ ജെസ്സിക്ക വരുത്തുകയും വെല്ലുവിളികൾ നേരിടേണ്ടിവരുകയും ചെയ്യുന്നു.

ജെസ്സിക്കയുടെ ഭർത്താവായ ജോയൽ വിവാഹമോചനത്തിന്റെ കാര്യം സംസാരിക്കുന്നത് അവതരിപ്പിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. ആ മനോവ്യഥയിൽ ഇരിക്കുമ്പോഴാണ് അവൾക്ക് ഫ്രെഡറിക്ക് എഴുതിയ നോവൽ ലഭിക്കുന്നതും. പിതാവിന്റെ പ്രണയത്തെക്കുറിച്ചും വൃദ്ധസദനത്തിലെ കൊലാപതകങ്ങളെക്കുറിച്ചും അറിയുന്ന ജെസ്സിക്ക കൂടുതൽ അസ്വസ്ഥയാകുന്നു. വിവാഹമോചനത്തിൽനിന്നും ഭർത്താവ് പിൻമാറുന്നില്ല എന്നു മനസ്സിലാക്കിയ ജെസ്സിക്ക അയാളെ കുടുക്കാൻ തന്റെ രക്തം മുറിയിൽവീഴ്ത്തി, രേഖകളെല്ലാമെടുത്ത് ഫോണും ഓഫാക്കി നാട്ടിലേക്ക് തിരിക്കുന്നു. തന്റെ ഭർത്താവിനെ കുടുക്കാൻ ജെസ്സിക്ക സ്വീകരിച്ച വഴി അവതരിപ്പിക്കുന്നതിലൂടെ ആ കഥാപാത്രത്തിന്റെ അപസർപ്പകസ്വഭാവത്തെ ഉറപ്പിക്കുന്നതിനുള്ള സഹായക ഘടകങ്ങളായി ഇതു മാറുന്നു."എനിക്ക് കേൾക്കേണ്ടത് ജോയെ പോലീസ് കൊണ്ടുപോയി ചോദ്യംചെയ്തു എന്നകാര്യമാണ്. എന്തായാലും ഞാൻ നാട്ടിലേക്ക് പോന്നുവെന്ന ഇൻഫർമേഷൻ എയർപോർട്ടിൽ നിന്നും പോലീസിന് കിട്ടും. അതുവഴി ജോയ്ക്കും. ആ നിമിഷം വരെ സ്വൈര്യം കിട്ടരുത്. അതിനുള്ളതൊക്കെ കിടക്കവിരിയിലും നിലത്തും ഞാൻ മനപ്പൂർവം ഇട്ട് രക്തത്തുള്ളികൾ ചെയ്തോളും" (ലാജോ ജോസ്: 2021: 134).

ഈ മടങ്ങിവരവിലാണ് വൃദ്ധസദനത്തിലെ കൊലാപാതകങ്ങളെക്കുറിച്ച് ജെസ്സിക്ക അന്വേഷിക്കുന്നത്. താൻ വന്നിരിക്കുന്നതിന്റെ ഉദ്ദേശ്യം വൃദ്ധസദനത്തിലെ അന്തേവാസികൾ മനസ്സിലാക്കാതെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള വൈഭവം ജെസ്സിക്ക കാണിക്കുന്നുണ്ട്. നതാഷയുടെ ചിത്രങ്ങളും ആശുപത്രി രേഖകളും ശേഖരിക്കുമ്പോഴും 'സഹപാഠി കൂട്ടുകാരിയെ തിരയുന്നു' എന്ന പേരിൽ നതാഷയെ തിരക്കി പത്രപരസ്യം കൊടുക്കുന്നിടത്തും അവസാനം നതാഷയെയും ഫ്രെഡറിക്കിനെയും കണ്ടെത്തുമ്പോഴും

ജെസ്സിക്കയുടെ അന്വേഷണ മികവ് പ്രകടമാണ്. കാര്യവും കാരണങ്ങളും എല്ലാം കൃത്യമായി ജെസ്സിക്ക മനസ്സിലാകുന്നുണ്ട്. എന്നാൽ കൊലപാതകിയെ കൃത്യമായി നിർണ്ണയിക്കാൻ ജെസ്സിക്ക പരാജയപ്പെടുന്നുണ്ട്. ഒരു സന്ദർഭത്തിൽ നതാഷയും ഫ്രെഡറിക്കും ജെസ്സിക്കയുടെ കണ്ടുപിടുത്തങ്ങൾ കേട്ട് പൊട്ടിച്ചിരിക്കുന്നുണ്ട്."അപ്പോൾ ബ്രിട്ടോയെയും അന്നമ്മ അമ്മച്ചിയെയും കൊന്നത്. നാടകീയമായി ഇടയ്ക്കുവെച്ച് നിർത്തിയിട്ട് ഇരുവരെയും നോക്കി. അവരുടെ മുഖത്ത് ആകാംക്ഷയുണ്ട്. ഏഞ്ചൽ, മിനി ഇവരിലാരോ ആണ്. അല്ലെങ്കിൽ ജോജിമോൾ ഇരുവരും പരസ്പരം നോക്കി. എന്നിട്ട് പൊട്ടിച്ചിരിച്ചു. ഒരുമാതിരി കളിയാക്കൽപോലെ നിർത്ത് ഞാൻ അലറി" (ലാജോ ജോസ്: 2021: 175).

വിദഗ്ധയല്ലാത്ത ഒരു കുറ്റാന്വേഷകയുടെ പരിമിതിയും ജെസ്സിക്ക പ്രകടിപ്പിക്കുന്നു. ഫ്രെഡറിക്കും നതാഷയും വൃദ്ധസദനത്തിൽ നടന്ന കൊലപാതകവുമായി ബന്ധപ്പെട്ട് കണ്ടെത്തിയതും അതേതുടർന്ന് അവരനുഭവിച്ച അവസ്ഥകളെയും അതിനു കാരണമായ സംഭവങ്ങളെയുമാണ് ജെസ്സിക്ക തിരിച്ചറിയുന്നത്. യാർത്ഥത്തിൽ ജെസ്സിക്ക പുതുതായി ഒന്നും കണ്ടെത്തുന്നില്ല. തന്റെ പിതാവ് കടന്നുപോയ വഴികളിലൂടെ വീണ്ടും കടന്നുപോവുകയും പിതാവിന്റെ സഹായത്തോടെ കാര്യങ്ങൾ അറിയുകയുമാണ് അവൾ ചെയ്യുന്നത്. ഫ്രെഡറിക്കും നതാഷയും തന്നെയാണ് നോവലിലെ യഥാർത്ഥ കുറ്റാന്വേഷകർ. പക്ഷേ നോവലിലെ സമസ്യയുടെ ചുരുളുകൾ അഴിയുന്നത് ജെസ്സിക്കയിലൂടെയാണ്.

ലാജോ ജോസിന്റെ നോവലുകളിലെ കുറ്റാന്വേഷകരുടെ സ്വഭാവം പ്രത്യേകമായി പരിഗണിക്കേണ്ടതുണ്ട്. സ്ത്രീ കുറ്റാന്വേഷകരുടെ സജീവത അതിൽ പ്രകടമാണ്. റൂത്തും എസ്തറും ജെസ്സിക്കയും ഈ വസ്തുതയെ ഉറപ്പിക്കുന്നു. പുരുഷന്മാരായ കുറ്റാന്വേഷകർ ഈ നോവലുകളിൽ കടന്നുവരുന്നുണ്ടെങ്കിലും ശ്രദ്ധിക്കപ്പെടുന്നത് സ്ത്രീകളായ അസർപ്പകരുടെ സാന്നിധ്യവും പ്രകടനവും തന്നെയാണ് 'കോഫി ഹൗസിൽ ' എസ്തർ എന്ന കഥാപാത്രം ഒരു മാധ്യമപ്രവർത്തകയാണ്. 'ഹൈഡ്രേഞ്ചയി'ൽ എത്തുമ്പോൾ പോലീസ് അധികാരികളും അലി ഇമ്രാൻ എന്ന കുറ്റാന്വേഷകനും 'കോഫിഹൗസി'ലെ എസ്തർ എന്ന കഥാപാത്രവും വീണ്ടും അന്വേഷണത്തിനെത്തുന്നു. ഈ അപസർപ്പകരിൽ നിന്നും തികച്ചും വ്യത്യസ്തയാണ് ജെസ്സിക്ക.

### കുറ്റവാളിയും പ്രതികാരവും

കോസി മർഡർ മിസ്റ്ററികളിൽ കൊലപാതകിയെ കൊലപാതകത്തിന്

പ്രേരിപ്പിക്കുന്ന ഘടകങ്ങൾ അത്യാഗ്രഹം, അസൂയ, പ്രതികാരം എന്നിവ യൊക്കെയാവാം. ഇവിടെ അതിനുകാരണം പ്രതികാരമാണ്. അന്നമ്മയുടെ ഭർത്താവ് തങ്കച്ചൻ സുഹൃത്തായ കുഞ്ഞുവർക്കിയെ കൊലപ്പെടുത്തിയ കുട്ടി യച്ചനെ വധിക്കുന്നു. ഇതിന് പ്രതികാരം ചെയ്യുവാൻ കുട്ടിയച്ചന്റെ മകളുടെ കൊച്ചുമകൾ നടത്തുന്ന ശ്രമമാണ് അന്നമ്മയുടെയും മകൻ ബ്രിട്ടോയുടെയും മരണത്തിൽ ചെന്നെത്തുന്നത്. അതായത് ഒരു കൊലപാതകത്തിന് മൂന്നാം തലമുറയിലുള്ള ഒരാൾ പ്രതികാരം ചെയ്യുന്നതാണ് കൊലപാതകകാരണം. തുടർകൊലപാതകിയോ മനോരോഗിയോ അല്ല കുറ്റവാളി. പ്രതികാരം എന്ന ലക്ഷ്യം മാത്രമേ കൊലപാതകിക്ക് ഉണ്ടായിരുന്നുള്ളൂ. ഇതിനുവേണ്ടി ബുദ്ധി പരമായ തന്ത്രങ്ങൾ മെനയാൻ അയാൾ ശ്രമിക്കുന്നുണ്ട്. ആ അർത്ഥത്തിൽ കൊലപാതകിയുടെ സ്വഭാവവും 'കോസി'കളോട് ചേർന്ന് നിൽക്കുന്നു. തന്റെ ഭൂതാകാലത്തെക്കുറിച്ച് വൃദ്ധസദനത്തിൽ ഉള്ളവരോട് പറഞ്ഞതു കൊണ്ടാണ് തന്റെമകൻ മരിച്ചതെന്നും താനും മരിക്കുമെന്നും അന്നമ്മ മനസ്സിലാക്കിയിരു ന്നു. കുട്ടിയച്ചന്റെ മകൾ ബിയാട്രിസിന്റെ കൊച്ചുമകളായ റീനയാണ് അന്നമ്മ യെയും ബ്രിട്ടോയെയും കൊല്ലുന്നത്. "കുട്ടിയച്ചന്റെയും ഏലാമ്മയുടെയും മൂന്നു പെൺമക്കൾ. മൂന്നുപേർക്കും അപ്പനെ കൊന്നവരോട് അടക്കാനാവാത്ത പകയുണ്ടായിരുന്നു. മൂത്തതായതുകൊണ്ടാവും ബിയാട്രിസ് ആ പകയുടെ തീപ്പൊരി ഊതി കത്തിച്ചുകൊണ്ടിരുന്നു. അപ്പനെ ജീവനോടെ ചുട്ടവരെ എന്നെങ്കിൽ കൈയിൽക്കിട്ടും എന്ന പ്രതീക്ഷയോടെയായിരുന്നു ബിയാട്രിസ് ജീവിച്ചത്. ബിയാട്രിസിനത് ഉറപ്പായിരുന്നു. അതിനായി വാശിയോടെ അവർ വർഷങ്ങളോളം കാത്തിരുന്നു. അവർ കല്യാണംകഴിച്ചൊരു കുട്ടിയുണ്ടായി. ഒരു പെൺകുട്ടി ആലീസ്. തന്റെ അപ്പന്റെ കൊലപാതകത്തിന് പകരംവീ ട്ടണം എന്നുപറഞ്ഞ് ആ കൊച്ചിനെ വളർത്തിക്കൊണ്ടിരുന്നു. ആ കൊച്ച് പക്ഷേ, അതിനോടു താത്പര്യംകാണിച്ചില്ല. എന്നാൽ ബിയാട്രിസ് ശ്രമം ഉപേക്ഷിച്ചില്ല. ആലീസിന്റെ വിവാഹംകഴിഞ്ഞു അവൾക്കും ഒരു പെൺകു ഞ്ഞാണുണ്ടായത് (ലാജോ ജോസ്: 2021: 158).

വൃദ്ധസദനത്തിലെ ഫിസിയോതെറാപ്പിസ്റ്റ് ആയിരുന്നു റീന. കൊലപാ തകങ്ങളെക്കുറിച്ച് അന്വേഷിച്ച ഫ്രെഡറിക്കിന്റെയും നതാഷയുടെയും കൂടെ സഹായത്തിന് റീനയും ഉണ്ടായിരുന്നു. ഫ്രെഡറിക്കിന്റെ ചായപ്പൊടിയിൽ ലെഡ് ചേർത്ത് അയാളെയും കൊലപ്പെടുത്താൻ റീന ശ്രമം നടത്തുന്നു. ഒരു ചിത്തരോഗിയുടെയോ തുടർകൊലപാതകിയുടെയോ സ്വഭാവം പ്രകടിപ്പി ക്കാതെ നിശബ്ദ കൊലയാളി ആയിട്ടാണ് റീനയെ അവതരിപ്പിച്ചിരിക്കുന്നത്.

കുഞ്ഞുവർക്കി കുട്ടിയച്ചന്റെ തോട്ടത്തിൻ തടിവെട്ടാൻ പോയതും കള്ളതടി വെട്ടിയതുകൊണ്ട് കുട്ടിയച്ചനെ വനപാലകർക്ക് ഒറ്റികൊടുക്കുകയും ചെയ്തു. ഈ കാരണത്താൽ കുഞ്ഞിവർക്കിയെ കുട്ടിയച്ചന്റെ ആളുകൾ കൊലപ്പെടുത്തുന്നു. ഇതിനുപ്രതികാരമായിട്ടാണ് തങ്കച്ചനും കൂട്ടരും കുട്ടിയച്ചനെ വീട്ടിൽ ഇട്ട് കത്തിച്ചു കൊല്ലുന്നത്. തലമുറകൾക്ക് ശേഷം ഗോൾഡൻ റിട്ടയർമെന്റ് ഹോം എന്ന വൃദ്ധസദനത്തിൽ രണ്ട് കൊലപാതകങ്ങൾ നടത്തുന്നതിനുള്ള പ്രതികാരകാരണം വ്യക്തമാണ്. എന്നാൽ കൊലപാതകങ്ങൾ അവതരിപ്പിക്കുന്നു പോലെ തന്നെ പ്രതികാരതീവ്രതയും ചുരുങ്ങിയ വാക്കുകളിൽ പറയുന്നതിന്റെ പരിമിതി നോവലിൽ കാണാം.

കുറ്റവാളി ആരെന്ന രഹസ്യം അവസാനംവരെ മൂടിവയ്ക്കുവാൻ ഈ നോവലിലും ശ്രമിക്കുന്നുണ്ട്. വളരെ ചുരുങ്ങിയ ഒരു സ്ഥലത്ത് നടക്കുന്ന സംഭവമായതിനാൽ തന്നെ സംശയിക്കപ്പെടുന്നവരുടെ എണ്ണവും കുറവായിരിക്കും. കഥാന്ത്യം അടുക്കുമ്പോൾ നോവൽ വായിക്കുന്ന വായനക്കാരൻ കഥ നടക്കുന്ന പരിസരവുമായും കഥാപാത്രങ്ങളുമായും ഏറെ അടുത്തുകഴിഞ്ഞിരിക്കും. എന്നാൽ ആ കഥാപാത്രങ്ങളിൽ ആരെങ്കിലുമാകും കൊലപാതകി എന്ന സൂചന എഴുത്തുകാരൻ പലപ്പോഴായി നൽകുകയും ചെയ്യുന്നു. കൊലപാതകിയെ അറിയാനുള്ള ആഗ്രഹം വായനക്കാരനിൽ നിലനിർത്തുവാൻ കോസി മർഡർ മിസ്റ്ററികൾക്ക് ഈ കാരണത്താൽ സാധിക്കുന്നുണ്ട്. ‘ഹൈഡ്രേഞ്ചിയയിലും’ ‘കോഫി ഹൗസി’ലും ‘റൂത്തിന്റെ ലോകത്തി’ലും കൊലപാതകികളെ അവസാനം തന്നെയാണ് വെളിപ്പെടുത്തുന്നത്. എന്നാൽ കൊലപാതകികളുടെ സ്വഭാവത്തിന് വളരെ വ്യത്യാസങ്ങൾ കാണാൻകഴിയും. ‘ഹൈഡ്രേഞ്ചിയ’യിൽ ഒരു ചിത്തരോഗിയായ തുടർകൊലപാതകി ആയിരുന്നു.’റൂത്തിന്റെ ലോക’ത്തിലും ഒരു തുടർകൊലപാതകിയാണ്. എങ്കിലും ആ കഥാപാത്രം വ്യത്യസ്തമായി നിൽക്കുന്നു. ‘കോഫിഹൗസി’ലാകട്ടെ കൊലപാതകകുറ്റം മറ്റൊരാളിൽ ആരോപിച്ച് സ്വയം രക്ഷപെടാൻ ശ്രമിക്കുന്ന കുറ്റവാളിയെ കാണാം.

## ഇതര ഘടകങ്ങൾ

കഥാപരിസരവും കുറ്റകൃത്യത്തിന്റെ ആഖ്യാനവും കുറ്റാന്വേഷക/ന്റെയും കുറ്റവാളിയുടെയും സവിശേഷതകൾക്കൊപ്പം മറ്റു വിഷയങ്ങളും കോസികളുടെ സ്വഭാവത്തെ നിർണ്ണയിക്കുന്നുണ്ട്. പ്രണയം അത്തരമൊരു ഘടകമാണ്. ’റെസ്റ്റ് ഇൻ പീസി’ലെ ഫ്രെഡറിക്കിന്റെയും നതാഷയുടെയും പ്രണയത്തെക്കുറിച്ചുള്ള ദീർഘവിവരണങ്ങൾ നോവലിൽ കാണാൻകഴിയില്ലെങ്കിലും

കഥാഗതിയിൽ അവരുടെ ബന്ധത്തിന് വളരെ പ്രാധാന്യമുണ്ട്. രണ്ടുപേരുടെ പ്രായംതമ്മിൽ വലിയവ്യത്യാസം ഉണ്ടെങ്കിലും ഒന്നിച്ചുജീവിക്കാൻ അവരെടുത്ത തീരുമാനത്തെ മകളും അംഗീകരിക്കുന്നു. "ജീവിതത്തിന്റെ അവസാന വർഷങ്ങളിലാണ് ഒരു കൂട്ട് വേണമെന്ന് ചാച്ചനു തോന്നിയത്. നതാഷയ്ക്ക് പ്രായം കുറവാണ് എന്നുള്ളത് ആരുടെ തെറ്റാണ് ചാച്ചൻ ആകൃഷ്ടനായത് അവളുടെ കരുതലിലാകും. സ്നേഹസ്പർശത്തിലാകും. ഈ ജീവിതത്തിൽ ആ മനുഷ്യൻ വേറെയെന്താണ് നേടിയിട്ടുള്ളത്?" (ലാജോ ജോസ്: 2021: 179)

കുറ്റാന്വേഷകൻ പലപ്പോഴും കൊലപാതകിയുടെ ലക്ഷ്യമാകുന്നതും കോസിയുടെ സ്വഭാവമാണ്. കൊലപാതകങ്ങളെക്കുറിച്ച് ഫ്രെഡറിക്ക് അന്വേഷിക്കാൻ തുടങ്ങിയപ്പോൾ അയാൾ ഉപയോഗിക്കുന്ന ചായപ്പൊടിയിൽ ലെഡ് ചേർത്ത് അയാളെ കൊലപ്പെടുത്താൻ റീന ശ്രമിക്കുന്നുണ്ട്. അതേ ചായപ്പൊടി അബുദാബിയിലേക്ക് ജെസ്സിക്ക കൊണ്ടു പോകുകയും അതുവഴിയുണ്ടാകുന്ന ശാരീരിക ബുദ്ധിമുട്ടുകൾ അവർ നേരിടുകയും ചെയ്യുന്നു.

> "ഫ്രെഡ്ഡിക്കും ലെഡ് പോയിസണിംഗ് ഉണ്ടായിരുന്നു. ഫ്രെഡ്ഡിയുടെ എന്തെങ്കിലും സാധനങ്ങൾ ജെസ്സി ഉപയോഗിച്ചിരുന്നോ? കഴിക്കാനോ കുടിക്കാനോ ഉള്ള എന്തെങ്കിലും?"
> അപ്പോഴാണ് മനസ്സിലേക്ക് ആ ഓർമ്മ കയറിവന്നത്. "Oh My God, ചാച്ചൻ ഉപയോഗിച്ചിരുന്ന ചായപ്പൊടി ഞാൻ കൊണ്ടുപോയിരുന്നു. ആ വലിയ പായ്ക്കറ്റിൽ കൊറേ മിച്ചമൊണ്ടായിരുന്നു."
> "അപ്പോൾ അതുതന്നെ കാരണം." ചായപ്പൊടിയിൽ അവളെങ്ങനെ lead ഇട്ടു?"
> "ഒരാളെ കൊല്ലാനുള്ള മാർഗങ്ങൾക്ക് റിസേർച്ച് നടത്തുന്ന ആൾക്കാണോ ഇതിനൊക്കെ പാട്? വെറുതേ ഒന്ന് google search ചെയ്താപ്പോരേ?" (ലാജോ ജോസ്: 2021: 163)

കൊലപാതകിയെ നേരത്തെ വെളിപ്പെടുത്താൻ അവസരം ഉണ്ടായിട്ടും അവസാനം വരെ ആകാംഷ നിലനിർത്താൻ കൊലയാളിയെ മറച്ചുവയ്ക്കുന്നുണ്ട് രചയിതാവ്. കോസിയുടെ സ്വഭാവത്തോട് ചേർന്നു നിൽക്കുന്നതാണ് ഈ ഘടകവും.

യഥാർത്ഥത്തിൽ കോസി മർഡർ മിസ്റ്ററികളുടെ കൽപ്പിതവ്യവസ്ഥകൾ പാലിക്കാൻ എഴുത്തുകാരൻ ബോധപൂർവ്വം തന്നെ ശ്രമം നടത്തിയിട്ടുണ്ട്. നോവലിന്റെ ആഖ്യാനഘടനയും ആ രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. വിഷയങ്ങളിലെ ആവർത്തനവിരസത ഒഴിവാക്കാനും പുതിയ ശൈലി

അവലംബിക്കാനുമുള്ള ശ്രമം വിജയിച്ചിട്ടുണ്ട്. അപസർപ്പകകഥകൾ എഴുതുന്ന ഏതൊരാളുടെയും വലിയ ആഗ്രഹമായിരിക്കും ഒരു കോസി മർഡർ മിസ്റ്ററി എഴുതുക എന്ന നോവലിന്റെ ആമുഖത്തിൽ ലാജോ ജോസ് അഭിപ്രായപ്പെടുന്നുണ്ട്(ലാജോ ജോസ്:2021) ഒരോ കഥയും ആവശ്യപ്പെടുന്ന ശൈലിയാണ് എഴുത്തിൽ പിന്തുടരുന്നതെന്നും നോവലിസ്റ്റ് സൂചിപ്പിക്കുന്നു.' റെസ്റ്റ് ഇൻ പീസ്' എന്ന നോവലിനെ അദ്ദേഹം മുമ്പെഴുതിയ മറ്റു മൂന്ന് നോവലുകളുമായി താരതമ്യം ചെയ്യുമ്പോൾ ആഖ്യാനസ്വഭാവത്തിലെ വ്യത്യാസം കൃത്യമായി വേർതിരിച്ചറിയാൻ കഴിയും. ഒരു 'ക്ലോസ്ഡ് സ്പെയ്സ് മർഡർ മിസ്റ്ററി' സൃഷ്ടിക്കുക എന്ന മുൻവിധിയോടെ എഴുതപ്പെട്ടൊരു നോവൽ ആ ഉപവിഭാഗത്തിന്റെ സ്വഭാവസവിശേഷതകളിൽ നിന്ന് അകന്നുനിൽക്കാനുള്ള സാധ്യതയും വിരളമാണ്.

ഉപസംഹാരം

ഓരോകാലത്തെയും എഴുത്തിന്റെ മേഖലയിൽ വൈവിധ്യമാർന്ന ഉപവിഭാഗങ്ങൾ സൃഷ്ടിക്കപ്പെടുന്നത് സമൂഹവും എഴുത്തും തമ്മിലുള്ള പലതരം സംഘർഷങ്ങളിലൂടെയാണെന്നു കാണാം. കുറ്റാന്വേഷണ ആഖ്യാനലോകത്തിൽ വൈവിധ്യമാർന്ന ഉപവിഭാഗങ്ങളുണ്ടാകുന്നത് എഴുത്തും സാമൂഹവും തമ്മിലുള്ള സവിശേഷമായി പ്രത്യയശാസ്ത്ര പ്രവർത്തനഫലമാണ്. കഥാപരിസരത്തിലും കുറ്റകൃത്യത്തിന്റെ സ്വഭാവത്തിലും കുറ്റാന്വേഷക/ന്റെയും കുറ്റവാളിയുടെയും ആവിഷ്കാരത്തിലും പ്രതികാര കാരണങ്ങളിലുമെല്ലാം ഇതര ഉപവിഭാഗങ്ങളിൽനിന്നും കോസി മർഡർ മിസ്റ്ററികൾ വ്യത്യസ്തപ്പെട്ടിരിക്കുന്നു. ഗോൾഡൻ റിട്ടയർമെൻറ് ഹോമിലെ സെഹിയോൻ ബ്ലോക്ക് എന്ന ചുരുങ്ങിയ ഇടത്തുനടക്കുന്ന കൊലപാതകങ്ങളുടെ ചുരുളഴിക്കാൻ വിദഗ്ധരല്ലാത്ത ജെസ്സീക്കയും ഫ്രെഡറിക്കും നടത്തുന്ന ശ്രമങ്ങളും തലമുറകൾക്ക് മുൻപു നടന്ന ഒരു കൊലപാതകത്തിന്റെ പ്രതികാരം നടത്തുന്ന റീനയുടെ പ്രവൃത്തികളും കോസി മർഡർ മിസ്റ്ററികളുടെ ആഖ്യാനസവിശേഷകളോട് ചേർന്നു നിൽക്കുന്നു. ഉപവിഭാഗത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകളെ പിന്തുടരുവാൻ എഴുത്തുകാരൻ ബോധപൂർവ്വം ശ്രമിക്കുന്നുണ്ട്. പൂർവ്വനോവലുകളുടെ ആഖ്യാനഫലമായി എഴുത്തുകാരന് രൂപപ്പെട്ട മാനസികാവസ്ഥയും അതിനു കാരണമാകുന്നു. നിലനിൽക്കുന്ന ഒരു വിഭാഗമാണെങ്കിലും കൂടിയും ആഖ്യാനചിന്തകളെ ഏകരേഖയിൽ നിർത്താതെ പുതിയചിന്തകളെ കണ്ടെത്തി സാഹിത്യരൂപങ്ങൾ വികസിപ്പിക്കുവാനുള്ള ശ്രമങ്ങൾ പരിഗണനയർഹിക്കുന്നു.

## സഹായകഗ്രന്ഥങ്ങൾ


1. ജോസ് ലാജോ, 2018, കോഫി ഹൗസ്, ഗ്രീൻ ബുക്സ്, തൃശ്ശൂർ.
2. ജോസ് ലാജോ, 2019 ,ഹൈഡ്രേഞ്ചിയ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. ജോസ് ലാജോ, 2019, റൂത്തിന്റെ ലോകം, ഡി. സി ബുക്സ്, കോട്ടയം.
4. ജോസ് ലാജോ, 2020, റെസ്റ്റ് ഇൻ പീസ്, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
5. ഹമീദ്, 2015, അപസർപ്പകനോവലുകൾ മലയാളത്തിൽ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
6. ഹമീദ്, 2015, അപസർപ്പക കഥകൾ ചരിത്രവഴികളിലൂടെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
7. Curteman Nancy,2012,Nine Popular Mystery Sub- Genres to Explore, https://globalmysteriesblog.com/2012/07/01/9-popular-mystery-sub-genres-to-explore/ (July 1, 2012)
8. Martin Emily ,A Brief History of Cozy Mysteries, Novelsuspects https://www.novelsuspects.com/articles/novel-investigations-a-brief-history-of-cozy-mysteries/
9. Poli Rachel,2020,12 Popular Subgenres in Mystery Writing Explained, https://medium.com/swlh/12-popular-subgenres-in-mystery-writing-explained-d406a7248eed


*felbin.antony@gmail.com*

# സമകാലീന മലയാള അപസർപ്പകാഖ്യാനങ്ങളുടെ കവർച്ചിത്രങ്ങൾ: വിപണിയും രാഷ്ട്രീയവും

ജയശ്രീ എസ്.
ഗവേഷക, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി


## പ്രബന്ധ സംഗ്രഹം

ജനപ്രിയസാഹിത്യത്തിന്റെ പുതുകാല വായനാ ഭൂമിൽ നവ അപസർപ്പകാഖ്യാനങ്ങളുടെ കവർ ചിത്രങ്ങളെ വിശകലനം ചെയ്യുകയാണ് ലേഖനത്തിൽ. ആഖ്യാനശൈലിയിലും കഥാതന്തുവിലും എത്ര വ്യത്യസ്തതയും മികവും ഉണ്ടെങ്കിലും ഒരു കാലത്തെ അപസർപ്പക കൃതികൾക്ക് ഇറോട്ടിക് കണ്ണുകളും, തോക്കേന്തി നിൽക്കുന്ന നായകകഥാപാത്രവും, പാമ്പും, പ്രേതഭവനങ്ങളും, ഒരേ വിരസതയുടെ മുഖം നൽകിയിരുന്നു. അതിനപ്പുറത്തേക്ക് ഇന്ന് സാഹിത്യത്തിന്റെ മുൻനിര സീറ്റുകളിൽ നിറയുന്ന ജനപ്രിയസാഹിത്യത്തിന്റെ കവറുകളിൽ എന്ത് പുതുമയാണ് ഉള്ളതെന്നും, പഴയ കവറുകളുടെ സത്തയെ, അതിന്റെ സിഗ്നേച്ചർ രീതികളെ എത്തരത്തിലാണ് കാലഘട്ടത്തിനനുസൃതമായി പുതുക്കിരിക്കുന്നത് എന്നും മറ്റുമുള്ള നിരീക്ഷണങ്ങളാണ് ലേഖനം ചർച്ച ചെയ്യുന്നത്. ഈ മാറ്റത്തിന്റെ സാഹിത്യ, രാഷ്ട്രീയ, വിപണി സാധ്യതകളും കവറുകളെ ചുറ്റിപ്പറ്റിയുള്ള മറ്റനേകം കാഴ്ചപാടുകളും ലേഖനത്തിൽ അവതരിപ്പിക്കപ്പെടുന്നു.


**താക്കോൽ വാക്കുകൾ:** വസ്തുവൽക്കരണം; ചരക്കുവൽക്കരണം; നായകത്വ നിർമിതി; മെറ്റാഡാറ്റാ; സില്ലൌട്ട്; ബൊക്കെ എഫക്റ്റ്.

ഒരു കവർച്ചിത്രത്തിനു കൃതിയുമായി ബന്ധപ്പെട്ട് എന്തു പ്രസക്തിയാണുള്ളത് എന്ന ചോദ്യത്തിന് സാമാന്യമായി സൗന്ദര്യാത്മകവശങ്ങളുമായുള്ള ബന്ധം, പ്രവേശകം, പശ്ചാത്തലം, ഭാവതലത്തെ ബലപ്പെടുത്തുന്നത്, കഥാപാത്രത്തിന്റെ ഭാവ ചിത്രീകരണത്തിനുള്ള മാർഗം എന്നിവ ഉത്തരങ്ങളായി

ചൂണ്ടിക്കാണിക്കാവുന്നതാണ്. എന്നാൽ ജനപ്രിയസാഹിത്യത്തിന്റെ കവറിനെ നിർണയിക്കുന്നത് കൃതിയോ വിപണിയോ എന്ന ചോദ്യം ശക്തമായി ഉന്നയിക്കപ്പെടുന്നു. അപസർപ്പകസാഹിത്യത്തിൽ മലയാളത്തിലുണ്ടായ നവതരംഗത്തിന്റെ ഭാഗമായി പുറത്തിറങ്ങിയ പുസ്തകങ്ങളുടെ കവറുകൾ മുൻനിർത്തി അവയുടെ രാഷ്ട്രീയത്തെ വ്യക്തമാക്കാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്.

പുസ്തകങ്ങൾ ഏറിയകൂറും വിശുദ്ധവാചകങ്ങളോ ഒരു ന്യൂനപക്ഷത്തിന്റെ മാത്രം കുത്തകാവകാശമോ ആയിരുന്ന മധ്യകാലഘട്ടങ്ങളിൽ പുറംചട്ട എന്നതിന് പുസ്തകത്തിനുള്ള സംരക്ഷണകവചം എന്ന പരിമിതമായ ധർമം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പുസ്തകത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്നവയെ കാലത്തിന്റെ പരിക്കുകൾ ഏൽക്കാതെ കാത്തുരക്ഷിക്കുക എന്നതിനപ്പുറത്തേക്ക് ഭൗതികമോ സാമൂഹികമോ സാംസ്കാരികമോ ആയ യാതൊരുവിധ പ്രാധാന്യവും പുസ്തകത്തിന്റെ പുറംചട്ടകൾക്ക് ഉണ്ടായിരുന്നില്ല. പത്തൊമ്പതാം നൂറ്റാണ്ടോടുകൂടിയാണ് പുസ്തകത്തിന്റെ പ്രകൃതവും വിനിമയ ശൃംഖലയും പരിണമിക്കുകയും കവറുകൾ പുസ്തകത്തോളം തന്നെ പ്രാധാന്യമുള്ള ഒരു നിർമ്മിതിയായി മാറുകയും ചെയ്യുന്നത്. അച്ചടിയുടെ വ്യാപനം പുസ്തകത്തിന്റെ ഭൗതികസ്വരൂപത്തെത്തന്നെ വലിയ തോതിൽ പരിവർത്തിപ്പിക്കുന്നു. ജനസാമാന്യത്തിലേക്ക് പുനരുൽപാദിപ്പിക്കപ്പെടാവുന്ന ഒന്നായി പുസ്തകം മാറിത്തീരുന്നു. അതോടു കൂടി പുസ്തക വിപണിയുമായും പുതുതായി ഉയർന്നു വന്ന പൊതുമണ്ഡലവുമായും ബന്ധത്തിലേർപ്പെടുന്ന സവിശേഷ ചിഹ്നന പ്രക്രിയയായി പുസ്തകകവർ ഡിസൈൻ മാറി. സവിശേഷ സാംസ്കാരികമൂല്യമുള്ള നിർമിതിയായി പുസ്തകങ്ങളുടെ കവർ മാറുന്നത് വിപണിയുടെ ചുവടു പിടിച്ചു തന്നെയാണെന്നു പറയാം. പുസ്തകപാഠത്തോടു മാത്രമല്ല ഇവിടെ പുസ്തകത്തിന്റെ കവറിനു ബന്ധമുള്ളത്. ആ പുസ്തകത്തിന്റെ നിലനില്പ് സാധ്യമാക്കുന്ന വിപണി ബന്ധങ്ങളോടും ഇടപെട്ടുകൊണ്ടാണ് കവർ നിലകൊള്ളുന്നത്. അതുകൊണ്ടു തന്നെയാണ് സംരക്ഷണ പുറംചട്ടയുടെ ആവശ്യമില്ലാത്ത ഡിജിറ്റൽ പുസ്തകങ്ങൾക്ക് തയാറാക്കപ്പെടുന്ന കവറുകൾ പോലും അത്യന്തം സൂക്ഷ്മമാകുന്നത്.

## കവർചിത്രവും കൃതിയും

ലിട്രോമാഗസിൻ ഡോട്ട് കോമിൽ പ്രസിദ്ധീകരിച്ച ജെ. കിംഗ്സ്റ്റൺ പിയേർസിന്റെ “Where Sleaze meets artistry: 12 Great Crime Novel Covers” എന്ന ലേഖനം ഇരുപതാം നൂറ്റാണ്ടിലെ ഇംഗ്ലീഷിലെ അപസർപ്പകാഖ്യാനങ്ങളുടെ കവറുകളെ പഠിക്കുന്നു. ആ ലേഖനം ആരംഭിക്കുന്നത്

ഇങ്ങനെയാണ്: "കണ്ണുകളിൽ കാമവും പാപവും കത്തുന്ന പെണ്ണുങ്ങൾ. കൈയിൽ തോക്കേന്തിയ (വേണ്ടത്ര ഭാഗ്യമില്ലാത്ത) കുറ്റാന്വേഷകർ. കുതിർന്ന വിജനമായ വഴികൾ. വേശ്യാസത്രങ്ങൾ. ഭയം കൊണ്ട് വികൃതമായ മുഖങ്ങളോടെ, അപകട മുനമ്പിൽ പെട്ട സ്ത്രീകൾ. പഴയ വിഡ്ഢികളെ ചൂടുയൗവനം ഭീഷണിപ്പെടുത്തുന്ന ഇടവഴികൾ. നിഷ്കളങ്കർ നിത്യനിദ്രയിലേക്ക് ആണ്ടുപോകുന്ന കിടപ്പറകൾ. കാതടപ്പിക്കുന്ന വെടിയൊച്ചകൾ സംഗീതത്തെ ഭഞ്ജിച്ച് അപശ്രുതി ഉയർത്തുന്ന നിശാക്ലബുകൾ" (2013).[1] ജെ. കിംഗ്സ്റ്റൺ പിയേഴ്സ് ലേഖനത്തിൽ ഊന്നുന്നത് കാമവും പൈശാചികതയും നിറഞ്ഞ സ്ത്രീകളുടെ കണ്ണുകൾ കവറുകളിൽ ആവർത്തിക്കുന്നു എന്നാണ്. ഇവിടെ സ്ത്രീശരീരത്തിന്റെ വസ്തുവൽക്കരണവും (objectification) അതിലുപരി ചരക്കുവൽക്കരണവും (commodification) ആണ് സൂചിപ്പിക്കുന്നത്. അന്നവർ കവറിൽ കണ്ടിരുന്ന മറ്റൊരു വശം കുറ്റാന്വേഷകന്റെ വീരപരിവേഷത്തിന്റെ തെളിവുകളായിരുന്നു. ഗ്രന്ഥകർത്താവിനെക്കാൾ വളർന്ന കുറ്റാന്വേഷണ കഥാപാത്രം ഷെർലക് ഹോംസിനെ തന്നെ ഉദാഹരണമായി എടുക്കാം. ഹോംസിന്റെ ചിത്രം, അയാളുടെ മാഗ്നിഫൈയിംഗ് ലെൻസ്, പൈപ്പ്, കുതിരവണ്ടി, ചെക്ക് കോട്ട്, ഡിയർസ്റ്റോക്കർ ക്യാപ്പ്, തുടങ്ങിയവയൊക്കെ നായകത്വനിർമ്മിതിയുടെ മാറ്റുകൂട്ടാൻ സഹായിച്ചിരുന്നവയായിരുന്നു. നായകസങ്കല്പവുമായി ബന്ധപ്പെട്ട തീർപ്പുകൽപ്പിക്കലുകളാണിവിടെ സംഭവിക്കുന്നത്. അതേസമയം എഴുത്തുകാരുടെ മുഖചിത്രവുമായി പ്രസിദ്ധീകരിക്കപ്പെടുന്ന അപസർപ്പക നോവലുകളും ഉണ്ടായിരുന്നു. അഗതാ ക്രിസ്റ്റിയുടെ നോവലുകൾ ഉദാഹരണമാണ്. മിസ് മാർപിളോ പൊയ്റോട്ടോ എഴുത്തുകാരിയെ അതിലംഘിച്ച കഥാപാത്രങ്ങളല്ല എന്നതുകൊണ്ട് തന്നെയാണ് എഴുത്തുകാരുടെ മുഖചിത്രം കവർ ചിത്രമായി വരുന്നത്.

കാമവും പൈശാചികതയും നിറഞ്ഞ സ്ത്രീ കഥാപാത്രങ്ങളുടെ ചിത്രങ്ങൾ ആവർത്തിച്ച് വരുന്നത് അപസർപ്പകാഖ്യാനം, സോഫ്റ്റ് പോൺ, ഇറോട്ടിക് ത്രില്ലർ എന്നിവയുടെ അതിർവരമ്പുകൾ വളരെ നേർത്തതായതുകൊണ്ടാണ് എന്ന് സിമ്രാൻ ഹാൻസ് (2015) നിരീക്ഷിക്കുന്നുണ്ട്. നോവലിലും സിനിമയിലും ഈ പ്രവണത ആവർത്തിക്കുന്നതു കാണാൻകഴിയും എന്നവർ കൂട്ടിച്ചേർക്കുന്നുണ്ട്. ഒരർത്ഥത്തിൽ മുഖ്യധാരയ്ക്ക് പുറത്തുനിൽക്കുന്ന അപസർപ്പകാഖ്യാനങ്ങളിലെ സ്ത്രൈണതൃഷ്ണയുടെ ആവിഷ്കാരമായ ചിത്രങ്ങൾ സ്ത്രീലൈംഗികതയുടെ സ്വാതന്ത്ര്യപ്രഖ്യാപനമാണെന്ന് റോസലിൻ കോവാർഡ് (1984: 56) നടത്തുന്നതു പോലെയുള്ള വിശകലനങ്ങളെ ഒറ്റപ്പെട്ടതായി തന്നെ കാണേണ്ടിവരും. സവർണ്ണതയുടെയും ആണത്തത്തിന്റെയും സ്ത്രീ വിരുദ്ധതയുടെയും പ്രദർശനമായിത്തന്നെയാണ് ഇത്തരം കവറുകൾ ഏറിയകൂറും

മനസ്സിലാക്കപ്പെട്ടിട്ടുള്ളത്.

## മലയാളനോവലുകളുടെ കവറുകൾ

മലയാളസാഹിത്യത്തിൽ അപസർപ്പകാഖ്യാനങ്ങളുടെ നവതരംഗം സംഭവിക്കുമ്പോൾ കാണുന്ന ഏറ്റവും വലിയ പ്രത്യേകത മുഖ്യധാരാപ്രസാധകർ അപസർപ്പകാഖ്യാനങ്ങളുടെ വിപണിസാധ്യത തിരിച്ചറിഞ്ഞ് അവ പ്രസിദ്ധീകരിക്കാനും ക്രൈം നോവലുകൾക്ക് മാത്രമായി ഇംപ്രിന്റുകളും നോവൽ മത്സരങ്ങളും നടത്താൻ തയ്യാറായി എന്നതാണ്. അമച്വർ പ്രസാധകരിൽ നിന്ന് മുഖ്യധാരാ പ്രസാധകരിലേക്ക് അപസർപ്പക ആഖ്യാനങ്ങളുടെ ഏജൻസി മാറിത്തീരുന്നതോടെ കെട്ടിലും മട്ടിലും മാറ്റങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്.

ലിംഗാധിഷ്ഠിതമായി രൂപപ്പെട്ട ഇടങ്ങൾക്ക് (engendered spaces) വലിയ മാറ്റമൊന്നും സമൂഹത്തിൽ സംഭവിച്ചിട്ടില്ലെങ്കിലും കവറുകളും മെറ്റാഡേറ്റയും ഡിജിറ്റൽ മാർക്കറ്റിൽ ഉൾപ്പെടെ വിപണിയുടെ ചാലകശക്തിയായി മാറുമ്പോൾ മധ്യവർഗ്ഗ ജനസമ്മിതിയ്ക്കായെങ്കിലും ചില മാറ്റങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. സ്ത്രൈണകടാക്ഷങ്ങൾകൊണ്ടും വീരനായകപരിവേഷം കൊണ്ടും പ്രശാന്തതയോ പ്രക്ഷുബ്ധതയോ അതിന്റെ ഏറ്റവും ആപൽക്കരമായ അളവിൽ പ്രയോഗിച്ച് ഒരേഫലം ലഭിക്കുന്ന തരത്തിൽ കണ്ടീഷൻ ചെയ്യപ്പെട്ടു കഴിഞ്ഞോ എന്നാണ് കവറുകളിലൂടെ പരിശോധിക്കാനുള്ളത്.

എന്തായാലും “എഴുത്തുകാരന്റെ പേര്, ശീർഷകം, പ്രവേശകം, ചിത്രീകരണങ്ങൾ തുടങ്ങിയ ഭാഷാപരവും അല്ലാത്തതുമായ പ്രത്യേക നിർമിതികളുടെ അകമ്പടിയോടും പിൻബലത്തോടും കൂടിയല്ലാതെ കൃതി അനലംകൃതമായി വിരളമായേ അവതരിപ്പിക്കപ്പെടാറുള്ളൂ” (Gerard Genette, 2019) എന്ന വീക്ഷണം, പാഠം എന്ന നിലയ്ക്ക് കൃതി നിലനിൽക്കുന്നത് കവർ (അതിലെ ഘടകങ്ങൾ ഉൾപ്പടെ) കൂടിചേർന്നാണ് എന്ന് വ്യക്തമാക്കുന്നു.[2] അതിനാൽ തന്നെ the anatomy of book cover എന്ന വിശേഷണത്തിന് അനുയോജ്യമായ പഠനങ്ങൾ പ്രസക്തമാകുകയും ചെയ്യുന്നു.

കുറ്റാന്വേഷണമെന്നത് കുറ്റവാളിയെ (പലപ്പോഴും കൊലപാതകിയെ) സംബന്ധിച്ച് രൂപപ്പെടുത്തിയെടുക്കുന്ന ഊഹങ്ങളുടെ അടിസ്ഥാനത്തിൽ, ആ ഊഹങ്ങളെ വികസിപ്പിച്ച് പ്രതിയിലേക്ക് എത്തിച്ചേരുക എന്നതാണല്ലോ അപസർപ്പകാഖ്യാനങ്ങളുടെ ഒരു പൊതുശൈലി. എന്നാൽ കുറ്റാന്വേഷണശാസ്ത്രവും ഫോറൻസിക് വിദ്യകളും വികസിച്ചതും കുറ്റകൃത്യങ്ങളും സാങ്കേതികവിദ്യാസഹായത്താൽ നിർവഹിക്കപ്പെടുന്നതും പുതുആഖ്യാനങ്ങളെ

വിശകലനംചെയ്യുമ്പോൾ വിസ്മരിച്ചുകൂടാത്ത കാര്യമാണ്.

## നവ അപസർപ്പകാഖ്യാനങ്ങളുടെ കവർ ചിത്രങ്ങൾ

പഴയകാല നോവലുകളിൽനിന്ന് പുതിയകാലത്തേക്കു വരുമ്പോൾ നോവലുകളുടെ പേരിടലിന്റെ ശൈലിക്കുവരെ കാര്യമായ മാറ്റമുണ്ടാകുന്നതുകാണാം. കൊലപാതകം, ഭീതി എന്നിവയുടെ അടയാളങ്ങളായ ഇരുട്ട്, ചെകുത്താൻ പോലെയുള്ള വാക്കുകളുമുപയോഗിച്ചാണ് ആദ്യകാലത്ത് കൃതിൾക്ക് പേരിട്ടിരുന്നത്. ഒന്നാം ഫോറൻസിക് അദ്ധ്യായം, പ്രഥമദൃഷ്ട്യാ, കോഫി ഹൌസ്, ഏകാന്തതയുടെ മ്യൂസിയം എന്നൊക്കെയുള്ള പേരുകൾ ആഖ്യാനത്തിലെയും ശില്പഘടനയിലെയും വേറിടൽ അടയാളപ്പെടുത്തുന്നു. ഡിജിറ്റൽ അധോലോകത്തെ സൈബർ ക്രൈമും ഡാർക്ക് വെബ്ബും ഡീപ് വെബ്ബും കൊലപാതകങ്ങളും മുൻനിർത്തിയുള്ള കുറ്റാന്വേഷണമാണ് ഡാർക്ക് നെറ്റ് എന്ന നോവൽ. ന്യൂറോണുകളുടെ തത്ത്വത്തെ മുൻനിർത്തി സയൻസ് ഫിക്ഷനും എത്തിക്കൽ ഡിസ്ക്കോഴ്സും കുറ്റകൃത്യങ്ങളുടെ ഭാഗമായി കടന്നു വരികയാണ് ന്യൂറോഏരിയ എന്ന നോവലിൽ. ഇത്തരം പ്രമേയങ്ങൾ അപസർപ്പക നോവൽ ഭാവുകത്വത്തിന് വിച്ഛേദം നൽകുമ്പോഴും പ്രമേയസ്വീകരണത്തിലെ ഈ പുതുമ കവർ ചിത്രങ്ങളുടെ കാര്യത്തിൽ പാലിക്കാൻ കഴിയുന്നുണ്ടോ എന്നതാണ് നിർണായകമായ ചോദ്യം. വായനക്കാരനെ ആദ്യകാഴ്ചയിൽ തന്നെ ഉദ്വേഗത്തിന്റെ മുൾമുനയിൽ നിർത്തുക എന്നത് ഏത് അപസർപ്പക നോവൽ കവറിന്റെയും ധർമമായിരിക്കെ വശ്യമായ പ്രലോഭനമായിത്തന്നെയേ അതാവിഷ്കരിക്കാൻ കഴിയൂ എന്ന വിശ്വാസം രൂഢമൂലമായി ഇവയിൽ പലതിലും ഇപ്പോഴും നിലനിന്നു പോരുന്നതായി കാണാം.

പുതുതലമുറ കുറ്റാന്വേഷണനോവലുകളിൽ പ്രധാനപ്പെട്ടതായി ഗണിച്ചുപോരുന്ന ലാജോ ജോസിന്റെ ഹൈഡ്രേഞ്ചിയയിൽ കുറ്റം തെളിയിക്കാനായി രണ്ടുസ്ത്രീകൾ ഇറങ്ങിപ്പുറപ്പെടുന്നുണ്ട്—എസ്തറും ഷാരോണും. അന്വേഷണ ഉദ്യോഗസ്ഥനായ അലി ഇമ്രാനെ ഒരു വീരപുരുഷനായല്ല അവതരിപ്പിക്കുന്നതും. എങ്കിലും ഹൈഡ്രേഞ്ചിയപ്പൂക്കളുടെ പശ്ചാത്തലത്തിൽ കാണുന്ന സ്ത്രീയുടെ പാതി മുഖത്ത് പ്രലോഭിപ്പിക്കുന്ന (seducing) നീലക്കണ്ണുകൾ എടുത്തുകാണാം. ലാജോ ജോസിന്റെ ആദ്യ പുസ്തകമായ 'കോഫീഹൗസി'ന്റെ കവറിൽ വീണുകിടക്കുന്ന, മരിച്ചു കിടക്കുന്ന എന്ന് ഊഹിക്കാൻ കഴിയുന്ന, സ്ത്രീയുടെ മുടിയിഴകളാണ്, അതും വെള്ള പ്രതലത്തിൽ. ആ മുടിയിഴകളിലേക്ക് പടർന്നുകയറുന്ന ഒരു വള്ളിച്ചെടിയും. മുഖ്യ കഥാപാത്രത്തിന്റെ റെട്രോഗ്രേഡ് അംനേഷ്യ കേന്ദ്ര പ്രമേയമാകുന്ന 'റൂത്തിന്റെ ലോക'ത്തിൽ

കണ്ണടച്ചിരിക്കുന്ന സ്ത്രീ വെളിച്ചത്തിന് നേരെ കൈ പിടിച്ചിരിക്കുന്ന ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രമാണ്. ഓർമ്മകൾ മങ്ങുന്നു എന്ന സൂചന ആവണം ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രം തരുന്നത്. ഇവിടെ ആ സ്ത്രീയുടെ ചിത്രം മേല്പറഞ്ഞ ശരാശരി ചേരുവകൾ കൊണ്ടാണ് എന്ന് പറയാൻ കഴിയില്ല.

'റെസ്റ്റ് ഇൻ പീസ്' എന്ന നോവലിന്റെ കവർ ചിത്രത്തിലാകട്ടെ ഒരു ഒറ്റപ്പെട്ട കെട്ടിടത്തെ നോക്കിയിരിക്കുന്ന വൃദ്ധയെയാണ് കാണുന്നത്. കൊലപാതകങ്ങളും നിഗൂഢതകളും അരങ്ങേറുന്ന വൃദ്ധസദനമാണ് ഒറ്റപ്പെട്ട കെട്ടിടത്തിന്റെ വിവക്ഷ. അവിടെ ഭീതിയോ അറപ്പോ ഉണ്ടാക്കുകയല്ല ഉൽകണ്ഠ നിറഞ്ഞ ഒരു ദൃക്സാക്ഷിയായി അവരെ അവതരിപ്പിക്കുകയാണ് കവർ ചിത്രത്തിലൂടെ ചെയ്തിരിക്കുന്നത്. അതേസമയം ശ്രീപാർവ്വതിയുടെ വയലറ്റ് പൂക്കളുടെ മരണം എന്ന നോവലിന്റെ കവറിൽ വീടിന്റെ ബാൽക്കണിയിൽ വീൽചെയറിലിരുന്ന് അടുത്തവീട്ടിൽ സ്റ്റഡി ടേബിളിലെ ടേബിൾ ലാംപ് വെളിച്ചത്തിലിരുന്ന് എഴുതുകയോ വായിക്കുകയോ ചെയ്യുന്നയാളെ ഒളിഞ്ഞുനോക്കുന്ന (peeping) പെൺകുട്ടിയെയാണ് കാണുന്നത്. നോവൽ ഏബിളിസ്റ്റ് ചിന്താഗതിക്കെതിരെയാണ് നിലനിൽക്കുന്നതെങ്കിൽ അതിന് കടകവിരുദ്ധമായ ഒരു ചിത്രമാണ് കവർ നൽകുന്നതെന്ന് തന്നെ കരുതേണ്ടിവരും.

നായിക അഗതാ ക്രിസ്റ്റി എന്ന നോവലിന്റെ കവറിൽ ടൈറ്റിൽ എഴുതിയിരിക്കുന്നത് അഗതാ ക്രിസ്റ്റിയുടെ മുഖത്തിന്റെ ഇരുപാതികൾക്കിടയിലാണ്. സ്വന്തം മുഖംമൂടി തകർത്ത് പുറത്തേക്ക് വരുന്ന എഴുത്തുകാരിയെ പ്രതിനിധാനം ചെയ്തുകൊണ്ട് നോവൽ അഗതാ ക്രിസ്റ്റിയുടെ ഉള്ളറകളിലേക്ക് വെളിച്ചംവീശുന്നു എന്ന അർത്ഥത്തിലാകാം. എന്നാൽ ഒരു കുറ്റാന്വേഷണ എഴുത്തുകാരി എന്നനിലയിൽ സ്വന്തം ചിത്രം കവറായി അനവധി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള അവരുടെ ഏതൊരു ഫോട്ടോയെക്കാളും ഭംഗിപ്പെടുത്തിയ മുഖമാണിവിടെ. എഴുത്തുകാരിയുടെ നിർവാഹകശേഷിയെ നിർവീര്യമാക്കുന്ന തരത്തിൽ വസ്തുവൽക്കരണം കവറിൽ സംഭവിക്കുന്നു.

അജിത് ഗംഗാധരന്റെ ദി അൾട്ടിമേറ്റ് ജസ്റ്റിസ് എന്ന പുസ്തകത്തിന്റെ കവർചിത്രം കറ്റാനാ വാളേന്തി നിൽക്കുന്ന സാമുറായിയാണ്. റാഷമോൺ എഫക്റ്റ് സൃഷ്ടിക്കാനുള്ള ശ്രമത്തെ കവർചിത്രങ്ങൾ കൂടുതൽ അർത്ഥവ്യാപ്തിയോടെ സൃഷ്ടിക്കാനുള്ള ശ്രമമായി കരുതേണ്ടതുണ്ട്. ന്യൂറോണുകളുടെ തത്വത്തെ മുൻനിർത്തുന്നതുകൊണ്ടുതന്നെ മറ്റ് സ്ഥിരം ചേരുവകളെ എല്ലാം ഒഴിവാക്കിക്കൊണ്ട് തലച്ചോറിലെ ന്യൂറോണുകളെ കവർച്ചിത്രമായി

അവതരിപ്പിക്കുന്നതിലൂടെ ന്യൂറോ ഏരിയ എന്ന നോവൽ അതിന്റെ പ്രമേയത്തിൽ മാത്രമല്ല കവറിലും സയൻസ് ഫിക്ഷന്റെ രൂപഭാവങ്ങൾ ആർജ്ജിക്കാൻ ശ്രമിക്കുന്നു. ആശിശ് ബെൻ അജയിന്റെ 307.47 എന്ന നോവലിന്റെ കവർ സ്വപ്നവും ഫാന്റസിയുമായി അടുത്തുനിൽക്കുന്നു. ന്യൂറോ ഏരിയ സയൻസ് ഫിക്ഷനോട് എന്ന പോലെ 307.47 ഫാന്റസിയോടാണ് ചേർന്നു നിൽക്കുന്നത്.

ആശിഷ് ബെൻ അജയിന്റെ 446054 എന്ന നോവലിന്റെ കവർ Road not Taken എന്നതിനെ ഓർമിപ്പിക്കുന്ന വിധത്തിൽ വിജനവും ദുർഗ്രഹവുമായ ഒരു സഞ്ചാരപാതയിൽ മുമ്പോട്ടു പോകാൻ കയ്യിൽ വെളിച്ചവുമായി നിൽക്കുന്ന അജ്ഞാതന്റെ സില്ലൗട്ട് (silhoutte) ആണ്. അതേസമയം ഏകാന്തതയുടെ മ്യൂസിയത്തിന്റെ കവർ വ്യക്തമായി, പ്രലോഭിപ്പിക്കുന്ന (seducing) സ്ത്രീയുടെ ചിത്രം തന്നെ. ഉടയാടകൾ പറന്നുപൊങ്ങി പ്രേതം കണക്കെ ഒരു രൂപം പ്രാപിച്ച ചിത്രം വിപണിയിൽ വശീകരണ ശേഷി പ്രദർശിപ്പിക്കുമെന്നുതന്നെ കരുതി ചെയ്തതാവണം. ജയൻ ശിവപുരത്തിന്റെ കാറ്റിമ എന്ന നോവലിന്റെ കവറിലും സ്ത്രൈണത തുളുമ്പുന്ന നഗ്നമായ കാലുകളും ഒരു കത്തിയുമാണ്. കിഷ്കിന്ധയുടെ മൗനം എന്ന നോവലിന്റെ കവറിൽ നിലാവെളിച്ചത്തിൽ തിളങ്ങുന്ന രാവണൻ കോട്ടയും രതി പ്രതീകമായ ഒരു സർപ്പവുമാണ്. ഡോൾസ് എന്ന നോവലിന്റെ കവറിൽ നിഴൽക്കൂത്ത് ആണ് ആവിഷ്കരിച്ചിരിക്കുന്നത്. ഉന്നംവെച്ച തോക്കും അരുതേ എന്ന കൈയും നിഴലുകളായി ജനലിനപ്പുറത്തുനിന്നുള്ള ഒരു സില്ലൗട്ടായി കാണുന്നു. പ്രഥമദൃഷ്ട്യാ എന്ന നോവലിന്റെ കവറിൽ നിഗൂഢമായ പശ്ചാത്തലത്തിൽ തെളിഞ്ഞുകാണുന്ന ഒരു യുവതിയുടെ സില്ലൗട്ടും ആ സില്ലൗട്ടിനുള്ളിൽ അതിലും നിഗൂഢമായ ചുവന്ന നിറത്തിലുള്ള ഒരു സ്ഥലവും കാണാം.

കവർ ചിത്രങ്ങളുടെ പടംവരക്കാലത്തിൽനിന്ന് ഫോട്ടോഗ്രാഫിക് യുഗത്തിലേക്ക് കടന്നതോടെ കൂടി അപസർപ്പകാഖ്യാനങ്ങളുടെ കവറുകൾക്കായി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് സില്ലൗട്ടുകളും ബൊക്കെ (Bokeh) എഫക്ടും ആണെന്ന് കാണാം. പുറകിൽ നിന്നുള്ള ഒരു പ്രകാശ സ്രോതസ്സായി ഒരു റിം ലൈറ്റിന്റെ സഹായത്തോടെ ആവശ്യമായ ഭാഗങ്ങൾ ഇരുണ്ടതാക്കിയും സോഫ്റ്റ് ഔട്ട് ഓഫ് ഫോക്കസ് പശ്ചാത്തലത്തിൽ വൈഡസ്റ്റ് അപ്പേർച്ചെറിൽ ഫാസ്റ്റ് ലെൻസ് ഉപയോഗിച്ച് വസ്തുവിനെ ഷൂട്ട് ചെയ്ത് ഉണ്ടാക്കിയെടുക്കുന്ന ചിത്രങ്ങൾ നിരവധി കവറുകളിൽ ആവർത്തിക്കുന്നതായി കാണാം. രണ്ടു വിഭിന്ന ചിത്രങ്ങൾ സംയോജിപ്പിച്ച് രണ്ടിന്റെയും ഇൻഡിവിജ്വാലിറ്റി

സൂക്ഷിക്കുകയും ഇന്റർ ട്വയിനിങ് ഉറപ്പുവരുത്തുകയും ചെയ്യുന്ന ചിത്രങ്ങളും വ്യാപകമായി കാണാം. റിജോ ജോർജിന്റെ ഹവാന ക്ലബ് എന്ന സൈ്പ ത്രില്ലറിൽ ഒരു incognito ഇമേജും കോഡ് ലാംഗ്വേജുകളും കാണാം. ഡാർക്ക് നെറ്റ് എന്ന നോവലിന്റെ കവറിൽ ഹുഡ് ധരിച്ച മുഖംമൂടിക്കാരൻ ഹാക്കറും ഗീക്ക് ടൈപ്പും ആണ് കവറിൽ. ജോക്കർ കഥാപാത്രങ്ങളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ചിത്രീകരിച്ചിരിക്കുന്ന കഥാപാത്രചിത്രവും പ്രോഗ്രാമിംഗ് ലാംഗ്വേജും പ്രമേയത്തിൽ എന്നപോലെ കവറിലും സാങ്കേതിക വിദ്യയുടെ പ്രതിഫലനങ്ങൾ പ്രദർശിപ്പിക്കുന്നു. ഒന്നാം ഫോറൻസിക് അധ്യായത്തിന്റെ കവറിൽ സ്കാൻ ചെയ്യപ്പെടുന്ന ഒരു വിരലടയാളം കുറ്റാന്വേഷണത്തിൽ എന്നതുപോലെ കവറിലും കുറ്റാന്വേഷണശാസ്ത്രത്തിന്റെ സാധ്യതകളെ, യുക്തി പൂർവ്വമായ ശാസ്ത്രീയ അടിത്തറയുള്ള അന്വേഷണ രീതികളെ ഓർമിപ്പിക്കുന്നു. ഈ കവറിനെ ഒരു വഴിത്തിരിവായി കാണേണ്ടതുണ്ട്.

### വായനാസമൂഹവും കവർചിത്രവും

നായകത്വനിർമിതിക്ക് സമാനമായി ഒരു 'ഐഡിയൽ' പുരുഷകുറ്റാന്വേഷകന്റെ ഉദയം ലക്ഷ്യംവയ്ക്കുകയാണ് പുതിയ കവർചിത്രങ്ങൾ ചെയ്യുന്നതെന്ന് വ്യക്തമാകുന്നു. ഈ ലക്ഷ്യം സ്ത്രീകളുടെ വസ്തുവൽക്കരണത്തിലെക്കാണ് നയിക്കുന്നതെന്നും കാണാം. അതേസമയം കുറ്റകൃത്യം, അന്വേഷണം എന്നിവയിൽ സാങ്കേതികമായി വരുന്ന മാറ്റങ്ങൾ ഒരുപാട് കവറുകളിൽ പ്രതിഫലിച്ചു കാണാം. അത് അനുഭൂതി തലത്തിൽ വരുന്ന മാറ്റമായി പരിഗണിക്കപ്പെടേണ്ടതുണ്ട്. സേവനമേഖലാധിഷ്ഠിത മധ്യവർഗ്ഗ ജീവിതത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുമ്പോൾ സാങ്കേതികവിദ്യ നമ്മുടെ അനുഭവലോകത്തിൽ ഇടപെടുന്നതിന്റെ തെളിവുകളിൽ ഒന്നായി കാണാം. കുറ്റകൃത്യവും ഭീതിയും അതിനനുസൃതമായി മാറുന്നുണ്ട്. കുറ്റകൃത്യങ്ങളുടെ വാർത്താമാധ്യമ ആഖ്യാനവും സാമൂഹ്യമാധ്യമങ്ങളുടെ പ്രാഭവവും അനുഭൂതി ഘടനയെക്കൂടിയാണ് മാറ്റിമറിക്കുന്നത്. അപ്രകാരം അനുഭവത്തിൽ ഉണ്ടായിട്ടുള്ള വിള്ളലിനെ അഭിസംബോധന ചെയ്യേണ്ടതുണ്ട് എന്ന സ്ഥിതിയുള്ളതായി നാം മനസ്സിലാക്കുന്നു. അതേസമയം പഴയബോധ്യങ്ങളുടെ വിച്ഛേദസ്ഥാനം കൃത്യമായി വെളിവാകുന്നില്ല എന്നതുകൊണ്ട് തന്നെ അവയുടെ തുടർച്ച സംഭവിക്കുന്നതായി മനസ്സിലാക്കാം. പരമ്പരാഗത വായനാസമൂഹത്തെ തന്നെയാണോ ഈ കവർ ലക്ഷ്യംവയ്ക്കുന്നത് എന്ന ചോദ്യം പ്രസക്തമാകുന്നു. കാമനകളെ തൃപ്തിപ്പെടുത്തുക എന്നതിൽ നിന്ന് കവറുകളുടെ നിർമിതി പൂർണമായും ഒഴിഞ്ഞുനിൽക്കുന്നില്ല. അതായത് തൃഷ്ണകളെ ഉദ്ദീപിപ്പിച്ചുകൊണ്ട്

കൃതികളിലേക്ക് വായനക്കാരെ നയിക്കുക എന്നൊരു ഉദ്ദേശ്യം സന്നിഹിതം തന്നെയാണ്. കവർ പാഠവുമായി ചേർന്ന് നിൽക്കുന്നതാണ് എന്നതിനാൽ കവർ ഒരു സംഘർഷഭൂമിയായി മാറുന്നു എന്ന നിലയിൽ പരിഗണിക്കപ്പെടേണ്ടതായി വരുന്നു. പാഠത്തെ വെളിപ്പെടുത്തുകയും അതേ സമയം വിപണിയുടെ യുക്തികളെ പിന്തുടരുകയും ചെയ്യുന്ന സംയോജിത സ്ഥാനമായി അതു മാറുന്നു. വിപണി എന്നും പുതുമയുടെ കൂടെ നിൽക്കാൻ താല്പര്യപ്പെടുന്നു എന്നതിൽനിന്ന് പുതിയ ഒന്നാണ് ഈ ആഖ്യാനം എന്ന് പ്രഖ്യാപിക്കാനുള്ള ഉപകരണം എന്ന നിലയിൽ കവറിലെ മാറ്റത്തെ പരിഗണിക്കാവുന്നതാണ്.

വിപണിയെ തമസ്കരിച്ചുകൊണ്ട് പുസ്തകം സംവിധാനം ചെയ്യണമെന്ന ശാഠ്യം മുതലാളിത്ത ലോകത്ത് വിലപ്പോവില്ല. എന്നാൽ വിപണിയുടെ പ്രത്യയശാസ്ത്ര ഉപകരണം ഭയവും ഭീതിയും വെറുപ്പും നിറയ്ക്കുന്ന ആസക്തിയും തൃഷ്ണയും ഉൽപാദിപ്പിക്കുന്ന ഒന്നാകണം എന്ന് ജനപ്രിയ നോവലുകളെ പറ്റി തീരുമാനിക്കപ്പെടുമ്പോൾ പ്രതിക്കൂട്ടിലാവുന്നത് ജനവും ജനത്തിന്റെ പ്രീതിയും തന്നെയാണ്. കുറ്റാന്വേഷണ നോവൽ കുറ്റത്തിലാണോ അന്വേഷണത്തിലാണോ കേന്ദ്രീകരിക്കുന്നത് എന്ന പ്രധാന ചോദ്യവും ഉയർന്നുവരുന്നു. കൊല, അഗമ്യഗമനം, പക തുടങ്ങിയ വിലക്കപ്പെട്ട പ്രവർത്തികൾ ചെയ്യുന്നത് കാണാനുള്ള താൽപര്യമാണോ അതോ നിഷേധിക്കപ്പെട്ട നീതിയിലേക്ക് എത്തിച്ചേരുന്നതിന് സാക്ഷ്യംവഹിക്കാനുള്ള ആഗ്രഹമാണോ വായനയെ മുന്നോട്ടുനയിക്കുന്നത് എന്ന് കവർ ചിത്രങ്ങളുടെ വിശകലനം വ്യക്തമാക്കുന്നു.

കുറിപ്പുകൾ

1. Women with desire and devilry in their eyes. Detectives with pistols in their paws and not enough luck to fill a match box. Damp, deserted roadways. Hot sheet motels. Women in peril, their face contorted with fear. Alleyways where young tough threaten old fools. Bedrooms where the innocent go to sleep for ever. Women with legs of the length of Panama. Nightclubs where booming gunfire plays a discordant rhythm against the music." (2013)
2. Text is rarely presented in an unadorned state, unreinforced and unaccompanied by a certain number of verbal or other productions such as an author's name, a title, a preface, illustrotions." (Gerard Genette, 2019)

## ഗ്രന്ഥ/ലേഖനസൂചി


1. അജിത് ഗംഗാധരൻ, 2021, ദ അൾട്ടിമേറ്റ് ജസ്റ്റിസ്. മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. ആദർശ്. എസ്, 2021, ഡാർക്ക് നെറ്റ്. ഡി സി ബുക്സ്, കോട്ടയം.
3. അനിൽകുമാർ, എം.ആർ., 2019, ഏകാന്തതയുടെ മ്യൂസിയം. ഡി സി ബുക്സ്, കോട്ടയം.
4. ആശിഷ് ബെൻ അജയ്, 2018, 307.47. ഡ്രീം ബുക്ക് ബൈൻഡറി, കൊല്ലം.
5. ആശിഷ് ബെൻ അജയ്, 2021, 446054. ഡ്രീം ബുക്ക് ബൈൻഡറി, കൊല്ലം.
6. ജയൻ ശിവപുരം, 2019, കാറ്റിമ . മാതൃഭൂമി ബുക്സ്, കോഴിക്കോട്.
7. ജയപ്രകാശ് പാന്തൂർ, 2021, കിഷ്കിന്ധയുടെ മൌനം. ഡി സി ബുക്സ്, കോട്ടയം.
8. നിഖിലേഷ് മേനോൻ, 2021, പ്രഥമദൃഷ്ട്യാ. ഗ്രീൻ ബുക്സ്, തൃശ്ശൂർ.
9. പ്രവീൺ ചന്ദ്രൻ, 2020, ഛായാമരണം. മാതൃഭൂമി ബുക്സ്, കോഴിക്കോട്.
10. രജത്. ആർ, 2021, ഒന്നാം ഫോറൻസിക് അദ്ധ്യായം. ഗ്രീൻ ബുക്സ്, തൃശ്ശൂർ.
11. രാജശ്രീ. ആർ, 2018, അപസർപ്പകാഖ്യാനങ്ങൾ: ഭാവനയും രാഷ്ട്രീയവും. ലോഗോസ് ബുക്സ്, പാലക്കാട്.
12. ലാജോ ജോസ്, 2019, കോഫീഹൗസ്. ഗ്രീൻ ബുക്സ്, തൃശ്ശൂർ.
13. ലാജോ ജോസ്, 2019, ഹൈഡ്രേഞ്ചിയ. മാതൃഭൂമി ബുക്സ്, കോഴിക്കോട്.
14. ലാജോ ജോസ്, 2020, റൂത്തിന്റെ ലോകം. ഡി സി ബുക്സ്, കോട്ടയം.
15. ലാജോ ജോസ്, 2020, റെസ്റ്റ് ഇൻ പീസ്. മാതൃഭൂമി ബുക്സ്, കോഴിക്കോട്.
16. ശിവൻ എടമന, 2020, ന്യൂറോ ഏരിയ. ഡി സി ബുക്സ്, കോട്ടയം.
17. ശ്രീപാർവതി, 2020, നായിക അഗതാ ക്രിസ്റ്റി. മാതൃഭൂമി ബുക്സ്, കോഴിക്കോട്.
18. ശ്രീപാർവതി, 2021, വയലറ്റ് പൂക്കളുടെ മരണം. മാതൃഭൂമി ബുക്സ്, കോഴിക്കോട്.
19. ഹമീദ്, 2015, അപസർപ്പക നോവലുകൾ മലയാളത്തിൽ. കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
20. റിജോ ജോർജ്, 2021, ഹവാന ക്ലബ്. മാതൃഭൂമി ബുക്സ്, കോഴിക്കോട്.
21. റിഹാൻ റാഷിദ്, 2021, ഡോൾസ്. ഡി സി ബുക്സ്, കോട്ടയം.
22. Adorno and Horkheimer, 1947, Dialetic of Enlightment (Translated by John Cumming, 1972). Herder and Herder, New York.
23. Coward, Rosalind, 1984, Female Desire, Paladin, London.
24. Genette, Gerard, 1997, Paratexts: Thresholds of Interpretations, Cambridge University Press, Cambridge.
25. Hans, Simran, 2015 December 10, 10 great erotic thrillers. www2.bfi.org.uk.
26. Pierce, Kingston J., 2013 March 20, Where Sleaze Meets Artistry: 12 great novel covers. litromagazine.com.


*jayasreesreenivasan96@gmail.com*

# കുറ്റാന്വേഷണ സാഹിത്യത്തിലെ പുത്തൻപ്രവണതകൾ ലാജോ ജോസ് കൃതികളിൽ

അന്ന ഷിന്റ്റ റ്റി.സി.
ഗവേഷക, ദേവമാതാ കോളേജ്, കുറവിലങ്ങാട്

പ്രബന്ധസംഗ്രഹം

മലയാളസാഹിത്യം പുറമ്പോക്കിലേക്ക് തള്ളിയിരുന്ന അപസർപ്പകസാഹിത്യത്തിന് ഇന്ന് പുത്തനുണർവ്വ് കൈവന്നിരിക്കുന്നു. പുതിയ എഴുത്തുകാരുടെ ആഖ്യാന സവിശേഷതകളും തന്ത്രങ്ങളും ഈ സാഹിത്യത്തെ വീണ്ടെടുപ്പിന്റെ പാതയിലേക്ക് എത്തിച്ചിരിക്കുന്നതെങ്ങിനെയെന്നും പുതിയ പ്രവണതകളും അനുവാചക താത്പര്യങ്ങളും മുൻനിർത്തി ഈ സാഹിത്യവിഭാഗത്തെ ജനപ്രിയമാക്കുന്നതിൽ ലാജോ ജോസിന്റെ പങ്കെന്തെന്നും ഈ പഠനത്തിൽ അന്വേഷിക്കുന്നു.

**താക്കോൽ വാക്കുകൾ:** മനഃശാസ്ത്ര അപഗ്രഥനം, ആഖ്യാനരീതികളും തന്ത്രങ്ങളും.

## ആമുഖം

പാശ്ചാത്യ സാഹിത്യലോകം ഗൌരവമായി ചർച്ചചെയ്യുന്ന അപസർപ്പക സാഹിത്യം മലയാളത്തിൽ ശരിയായ സാഹിത്യത്തിന്റെ ശത്രുവായിട്ടാണ് പരിഗണിക്കുന്നത്. മുഖ്യധാരാസാഹിത്യം ഇന്നും അയിത്ത മനോഭാവത്തോടെയാണ് ഇത്തരം കൃതികളെ കാണുന്നത്. ഒരു സാഹിത്യവിഭാഗമായി പരിഗണിക്കുന്നതിനുള്ള വിമുഖതയും ശ്രദ്ധേയമാണ്. 1981-ൽ ആർതർ കോനൻ ഡോയിലിന്റെ ജനപ്രീതി നേടിയ ഷെർലക് ഹോംസ് കഥകളുടെ പരിഭാഷകൾ ഇവിടെ വരുന്നതിനുമുമ്പുതന്നേ അതേ മാതൃക പിൻതുടർന്നുള്ള അപസർപ്പകകഥകൾ മലയാളത്തിന് പരിചിതമായിരുന്നു. അമ്പാടി

നാരായണപ്പൊതുവാൾ, വേങ്ങയിൽ കുഞ്ഞിരാമൻ നായർ എന്നിവരുടെ രചനകളായിരുന്നു ഈ പാശ്ചാത്യമാതൃകകളെ പിന്തുടർന്നിരുന്നത്. അമ്പാടി നാരായണ പൊതുവാളിന്റെ 'ഉളിപിടിച്ച കൈയ്യി'ലെ ഇക്കണ്ടക്കുറുപ്പിന് ഷെർലക്ഹോംസിന്റെ ഛായയുണ്ടായത് യാദൃച്ഛികമായിരുന്നില്ല. എഡ്ഗാർ അലൻപോവിന്റെ ഡ്യൂപ്പിൻ കഥകളുടെ പ്രമേയത്തോടും ചെറുതല്ലാത്ത അടുപ്പമുണ്ടായിരുന്നു. എന്നിരുന്നാലും മലയാളത്തിലെ ആദ്യത്തെ അപസർപ്പക നോവൽ എന്ന് അറിയപ്പെടുന്നത് അപ്പൻ തമ്പുരാന്റെ 'ഭാസ്കരമേനോനാണ്.' 1905-ൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ നോവൽ ഒരു നായർ തറവാട്ടിലുണ്ടായ കാരണവരുടെ കൊലപാതകം അന്വേഷിക്കുന്ന ഭാസ്കരമേനോൻ എന്ന പോലീസ് ഉദ്യോഗസ്ഥന്റെ കഥയാണ്. ഷെർലക്ഹോംസ് കഥകളോട് സാദൃശ്യം പുലർത്തുന്നുമുണ്ട്.

സാഹിത്യത്തിലെ ഒരു വിഭാഗമെന്ന നിലയിൽ കുറ്റാന്വേഷണ നോവലുകൾ മലയാളത്തിൽ സജീവമാക്കിയത് കോട്ടയം പുഷ്പനാഥാണ്. ഷെർലക്ഹോംസ്-ഡോ. വാട്സൺ മാതൃകയിൽ ഡിറ്റക്ടീവ് മാർക്സിനേയും ഡോ. ജോൺസനേയും പുഷ്പനാഥ് മാറ്റി പ്രതിഷ്ഠിച്ചു. കുറ്റാന്വേഷണം വിദേശത്താണെങ്കിൽ ഡിറ്റക്ടീവ് മാർക്സിനെയും, നാട്ടിലാണെങ്കിൽ പുഷ്പരാജിനേയും കുറ്റാന്വേഷകരാക്കി. ജനപ്രിയത മനസ്സിലാക്കി കുറ്റാന്വേഷണരചനകളുടെ ഒപ്പം തന്നെ ഡ്രാക്കുള പരമ്പരയിൽപെടുന്ന മാന്ത്രികനോവലുകളുടെ രചനയിലേക്കും അദ്ദേഹം തിരിഞ്ഞു. 'ഡ്രാക്കുളക്കോട്ട', 'ഡ്രാക്കുളയുടെ അങ്കി', 'ഡ്രാക്കുളയുടെ മകൾ', 'ഡ്രാക്കുള ഉണരുന്നു', 'ഡ്രാക്കുള ഏഷ്യയിൽ', 'ഡ്രാക്കുളക്കോട്ടയിലെ സുന്ദരികൾ' എന്നിവ മാന്ത്രികപരമ്പര നോവലുകളുടെ ജനപ്രിയതയ്ക്ക് തെളിവാണ്.

കോട്ടയം പുഷ്പനാഥിന്റെ പാത പിന്തുടർന്ന് ബാറ്റൺബോസ്, തോമസ് ടി. അമ്പാട്ട്, പ്രണാബ് തുടങ്ങിയ എഴുത്തുകാരും 1980-കളിൽ കുറ്റാന്വേഷണ സാഹിത്യത്തിൽ സജീവ സംഭാവനകൾ നൽകി. ഒരു കാലത്ത് കേരളത്തിലെ വായനശാലകളെ സജീവമാക്കിയിരുന്നത് ആനുകാലികങ്ങളിൽ വന്നിരുന്ന അപസർപ്പക നോവലുകളായിരുന്നു. വായനയിൽനിന്നും അകന്നുകൊണ്ടിരുന്ന മലയാളിയെ തിരികെ വായനായിടങ്ങളിലേക്ക് എത്തിക്കുന്നതിന് ഈ സാഹിത്യവിഭാഗം കാരണമായെന്നു നിരീക്ഷിക്കപ്പെടുന്നു. എന്നിരുന്നാലും മുഖ്യധാരാസാഹിത്യത്തിന് പുറത്തുതന്നെയായിരുന്നു സ്ഥാനം. ഇന്ന് അപസർപ്പകസാഹിത്യം വീണ്ടും ഉയർത്തെഴുന്നേറ്റിരിക്കുന്നു. ജി.ആർ. ഇന്ദുഗോപൻ, ലാജോജോസ്, അഖിൽ പി. ധർമ്മജൻ, ശ്രീപാർവ്വതി

എന്നിവരുടെ പുതിയ അപസർപ്പക നോവലുകൾ ഈ സാഹിത്യവിഭാഗത്തെ തിരിച്ചുപിടിക്കുന്നതിനും ജനപ്രിയമാക്കുന്നതിനും കാരണമാകുന്നു. പുതിയ കാലത്തിന്റെ കോട്ടയം പുഷ്പനാഥെന്നും മലയാളത്തിലെ ആർതർ കോനൻ ഡോയിൽ എന്നുമെല്ലാം അറിയപ്പെടുന്ന എഴുത്തുകാരനാണ് ലാജോജോസ്. 'കോഫിഹൗസ്', 'ഹൈഡ്രേഞ്ചിയ', 'റൂത്തിന്റെ ലോകം', 'റെസ്റ്റ് ഇൻ പീസ്' എന്നീ നാലുനോവലുകൾ കൊണ്ടുതന്നെ അപസർപ്പക സാഹിത്യത്തിന്റെ തിരിച്ചുവരവിനെ ശക്തമായി അടയാളപ്പെടുത്തുവാൻ സാധിച്ചു.

### കോഫിഹൗസ് – ഹൈഡ്രേഞ്ചിയ

പാശ്ചാത്യസാഹിത്യത്തിൽ അഗതാ ക്രിസ്റ്റിയുടെ മാർപ്പിളിനെപ്പോലുള്ളവർ കുറ്റാന്വേഷകയായി ആദ്യകാലത്തുതന്നെ വന്നിട്ടുണ്ടെങ്കിലും മലയാളത്തിലെ അപസർപ്പകസാഹിത്യത്തിലെ ആദ്യത്തെ കുറ്റാന്വേഷക ലാജോജോസിന്റെ കോഫിഹൗസിലേയും ഹൈഡ്രേഞ്ചിയയിലേയും എസ്തർ ഇമ്മാനുവൽ ആണ്. സ്ത്രീകൾ വൈകാരികമായി ചിന്തിക്കുകയും പ്രവർത്തിക്കുന്നവരുമാണെന്ന പൊതുധാരണ ഉള്ളതുകൊണ്ടുതന്നെ യുക്തിചിന്ത ആവശ്യമുള്ളതും ഉദ്വേഗ ജനകവുമായ കുറ്റാന്വേഷണസാഹിത്യത്തിൽ അവർക്ക് ഇടമില്ലായിരുന്നു. ഇവിടെയാണ് ഒരു വെല്ലുവിളി എന്ന നിലയിൽ ലാജോ ജോസ് തന്നിലെ ആഖ്യാതാവിനെ എസ്തർ ഇമ്മാനുവലിലേക്ക് പരിപ്രേക്ഷം ചെയ്യുന്നത്.

വിലക്കുറവിലൂടെ ആളുകളെ ആകർഷിച്ച ശേഷം, കടയിൽവരുന്നത് ശീലമായി കഴിയുമ്പോൾ പതിയെ കഴുത്തിൽ മുറുക്കുന്ന ബൂർഷാതന്ത്രം എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് കോഫിഹൗസിലെ സമോസ വില്പ നയുടെ തന്ത്രം പറഞ്ഞുകൊണ്ട് ലളിതമായി വായനക്കാരനെ ലാജോ ജോസ് ബോധ്യപ്പെടുത്തുന്നു. കൂടാതെ മലയാളത്തിലെ പ്രസിദ്ധീകരണ മേഖലയേയും വിമർശിക്കാൻ എസ്തറിലൂടെ ലാജോയ്ക്ക് സാധിച്ചിരിക്കുന്നു. എന്തിനും ഏതിനും ഉപമകളിൽ കൂടിയേ കാര്യങ്ങൾ എഴുതാൻ പറ്റൂ എന്നതാണ് പൊതുവെയുള്ള ധാരണ. പിന്നെ നിഘണ്ടുവിലില്ലാത്ത കടിച്ചാൽ പൊട്ടാത്ത വാക്കുകൾ കൊണ്ട് കസർത്തും വേണം. ലളിതമായ ഭാഷയിൽ കാര്യങ്ങൾ അവതരിപ്പി ക്കുന്നവരുടെ രചനകളെ പ്രസിദ്ധീകരണ യോഗ്യമല്ല എന്ന നിലപാടിനെ കണക്കിന് വിമർശിക്കുന്നുണ്ട്. അപസർപ്പക സാഹിത്യം തന്നെ മലയാള സാഹിത്യത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് മാറ്റിനിർത്തപ്പെട്ടിരിക്കുന്നിടത്ത്, അത് ലളിതമായ ഭാഷയിലുള്ളതു കൂടിയാകുമ്പോൾ എഴുത്തുകാരൻ നേരിട്ട പ്രസിദ്ധീകരണപ്രശ്നങ്ങൾ എത്രയായിരുന്നത് ഊഹിക്കാവുന്നതേയുള്ളു.

തന്റെ അനുഭവങ്ങളെ, പ്രതിഷേധങ്ങളെ പ്രകടിപ്പിക്കാനുള്ള ഇടം കൂടിയായി നോവൽ മാറുന്നു.

നോവലിലെ ഓരോ സന്ദർഭങ്ങളും സിനിമയിലെ ദൃശ്യം പോലെ മനസ്സിൽ പതിപ്പിക്കുന്നതിനും, ഈ വിവരണങ്ങളിൽ പരിണാമഗുപ്തി (സസ്പെൻസ്) വല്ലതുമുണ്ടോ എന്ന സംശയം ജനിപ്പിക്കുന്നതിനും, കഥാപാത്രങ്ങളുടെ സൂക്ഷ്മവിവരണം കൊണ്ട് ലാജോ സാധ്യമാക്കിയിരിക്കുന്നു. കോട്ടയം നഗരമാണ് നോവലുകളുടെ പശ്ചാത്തലം. എഴുത്തുകാരൻ കോട്ടയത്ത് ജനിച്ചുവളർന്ന വ്യക്തിയായതുകൊണ്ട് കോട്ടയത്തിലെ പ്രധാന റോഡുകൾ, ജംഗ്ഷനുകൾ, റെസ്റ്ററന്റുകൾ, കോഫീ ഹൗസുകൾ എന്നിങ്ങനെ ദേശപരമായ വിവരണങ്ങൾ ധാരാളമായി കാണാം. പൊതുവെ വൈദേശികമായ പശ്ചാത്തലത്തിൽ രചിക്കപ്പെടുന്ന അപസർപ്പകസാഹിത്യമേഖലയെ സ്വന്തം മണ്ണിന്റെ ചൂടുംചൂരും ഉൾക്കൊണ്ട് പറയുമ്പോൾ മലയാളികളായ വായനക്കാർക്ക് എളുപ്പം ഉൾക്കൊള്ളാൻ സാധിക്കുന്നു. അഖിൽ പി. ധർമ്മജന്റെ 'മെർക്കുറി', ശ്രീപാർവ്വതിയുടെ 'നായിക അഗതാക്രിസ്റ്റി' എന്നിവയിലെല്ലാം വൈദേശികമായ പശ്ചാത്തലമാണ് ഉള്ളത്. ഇതിൽനിന്നും വ്യത്യസ്തമായി സ്വന്തംദേശത്തിന്റെ പശ്ചാത്തലത്തിൽ കുറ്റാന്വേഷണത്തെ സ്വതസിദ്ധമായി അവതരിപ്പിക്കാൻ ലാജോ ജോസിന് സാധിച്ചിട്ടുണ്ട്.

കുറ്റവാളി ആരെന്ന് ആദ്യമേ വെളിപ്പെടുത്തുന്ന ഇൻവെർട്ടഡ് അല്ലെങ്കിൽ റിവേഴ്സ് ഡിറ്റക്ടീവ് കഥകളുടെ രീതിയാണ് കോഫിഹൗസിൽ പിന്തുടരുന്നത്. കുറ്റവാളി എന്ന് വിധിക്കപ്പെട്ടയാളുടെ കുമ്പസാരപരമായ നിരപരാധിത്വം എന്ന വസ്തുത ശരിയാണോ എന്ന അന്വേഷണമാണ് ഈ നോവലിനെ മുന്നോട്ടുനയിക്കുന്നത്. ഭൂതകാലത്ത് സംഭവിച്ച ഒരു കുറ്റത്തിന്റെ യഥാർത്ഥ കുറ്റവാളിയാരെന്നാണ് കോഫിഹൗസിൽ അന്വേഷിക്കുന്നതെങ്കിൽ കുറ്റവും അന്വേഷണവും സമാന്തരമായി കടന്നുപോകുന്ന ഉയർന്ന ഉദ്വേഗജനകമയ അവസ്ഥയാണ് ഹൈഡ്രേഞ്ചിയയിലുള്ളത്. കോഫിഹൗസിൽ എസ്തർ എന്ന കഥാപാത്രവുമായി താദാത്മ്യപ്പെട്ടുകൊണ്ട് തന്റെ നിലപാടുകളും കുറ്റാന്വേഷണവും ആഖ്യാനം ചെയ്യുമ്പോൾ, ഹൈഡ്രേഞ്ചിയയിൽ എസ്തറിന് തന്നിൽ നിന്ന് വേർപെടുത്തിക്കൊണ്ടുള്ള സ്വതന്ത്രമായ സ്വത്വം നൽകിയിരിക്കുന്നു. കോഫിഹൗസിൽ തന്റേടിയായ, സ്വന്തം അഭിപ്രായങ്ങളും തീരുമാനങ്ങളിലും ഉറച്ച് മുന്നോട്ടുപോകുന്ന, കുറ്റാന്വേഷകയാണ് എസ്തർ. തെറ്റായ വിധിന്യായത്തിലൂടെ ബെഞ്ചമിൻ എന്ന നിരപരാധിയെ തൂക്കിലേറ്റാൻ കാരണമായതിന് പിന്നിൽ തന്റെ തെറ്റായ കണ്ടെത്തലുകൾ ഉണ്ടായെന്ന് തിരിച്ചറിയുന്ന എസ്തർ

യഥാർത്ഥ കുറ്റവാളിയെ കണ്ടുപിടിക്കാനുള്ള ശ്രമവുമായി ധൈര്യപൂർവ്വം മുന്നോട്ടുപോകുന്നു. കോഫിഹൌസിൽ അസാമാന്യ കഴിവുള്ള വ്യക്തിയാണ് എസ്തറെങ്കിൽ ഹൈഡ്രേഞ്ചിയയിലെത്തുമ്പോൾ ഭൂതകാലം വേട്ടയാടുന്ന സ്കിസോഫ്രീനിയ ബാധിച്ച് വൈകാരികമായി ഭയപ്പാടോടെ ചിന്തിക്കുന്ന സാധാരണ സ്ത്രീ എന്ന നിലയിലേക്ക് എസ്തർ എന്ന കഥാപാത്രത്തെ ലാജോ ജോസ് ആഖ്യാനം ചെയ്തിരിക്കുന്നു. അലി ഇമ്രാൻ എന്ന പ്രൈവറ്റ് ഡിക്റ്റടീവിൻറെ നിഴലിലേക്ക് അവൾ ചുരുങ്ങിപ്പോകുന്നു. നിർണ്ണായക കണ്ടെത്തലുകൾ നടത്തുന്നുണ്ടെങ്കിലും കുറ്റവാളിക്കൊപ്പം കുറ്റാന്വേഷകയും മരിക്കുന്നു. മാനസികമായ ബുദ്ധിമുട്ടുകളെയെല്ലാം തരണം ചെയ്ത്, സുപ്രധാന തെളിവുകൾ കണ്ടെത്താൻ കാണിച്ച ധൈര്യത്തിലൂടെ മുന്നേറിവരേണ്ടിയിരുന്ന എസ്തർ എന്ന കഥാപാത്രത്തെ ഹൈഡ്രേഞ്ചിയയിൽ നോവലിസ്റ്റ് അവസാനിപ്പിക്കുന്നു. വിരസമായ തുടർച്ചകൾക്കപ്പുറം കുറ്റാന്വേഷണത്തിന്റെ പുതിയ വാതായനങ്ങളിലേക്ക് കടക്കാനുള്ള എഴുത്തുകാരന്റെ ശ്രമമായി ഇതിനെ കാണാം.

ഭൂതകാലം വേട്ടയാടിക്കൊണ്ടിരിക്കുന്ന സ്കിസോഫ്രീനിയ എന്ന അവസ്ഥ, കൊലപാതകശേഷം ബലാത്സംഗം ചെയ്യുന്ന നെക്രോഫീലിയ, റെട്രോഗ്രേഡ് അംനീഷ്യ എന്നീ മനഃശാസ്ത്രപരമായ പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിലൂടെ അപസർപ്പക സാഹിത്യത്തെ മനഃശാസ്ത്രപരമായി സമീപിക്കുന്നതിനും എഴുത്തുകാരൻ ശ്രമിക്കുന്നു. ആദ്യരണ്ടു നോവലിലേയും കുറ്റവാളി നെക്രോഫിൽ ആണ്. എന്നാൽ കോഫീഹൗസിൽ വ്യക്തമായ കാരണങ്ങളില്ലാതെ, എപ്പോഴോ തോന്നിയ ആഗ്രഹം തീർക്കാനെന്നവിധം അവസാനനിമിഷം അത്തരം പ്രവൃത്തിയിലേർപ്പെടുന്ന സന്ദർഭത്തെക്കുറിച്ചുള്ള ആഖ്യാനവിശദീകരണത്തിൽ പോരായ്മയുണ്ട്. സ്വന്തം സഹോദരനേയും സഹോദരഭാര്യയേയും സ്വത്തിനുവേണ്ടി വേറെ വഴികളില്ലാതെ കൊല്ലപ്പെടുത്തേണ്ടിവരുമ്പോൾ, അതിനു സാക്ഷിയായ പെൺകുട്ടിയെ വധിക്കുകയും ശേഷം ബലാത്സംഗംചെയ്തു എന്ന് പറയുമ്പോൾ വസ്തുതകൾ മനഃശാസ്ത്രപരമായി ഇണങ്ങാത്തതായി തോന്നിപ്പോകും. എന്നാൽ ഈ പോരായ്മയെ ശാസ്ത്രീയമായും മനഃശാസ്ത്രപരമായും ഹൈഡ്രേഞ്ചിയയിൽ വീണ്ടെടുത്തിരിക്കുന്നു. ഹൈഡ്രേഞ്ചിയയിൽ കുറ്റവാളി നെക്രോഫിൽ ആയതിനുള്ള കാരണങ്ങൾ വ്യക്തവും ശക്തവുമാണ്. ചെറുപ്പത്തിൽ കുടുംബത്തിൽ നിന്ന് ലഭിച്ച കൊടിയ ശാരീരിക-മാനസിക പീഡകളും ആദ്യമായി സ്നേഹിച്ച പെൺകുട്ടിയുടെ "അപ്പന്റെ ആണത്തം മകനില്ലേന്ന്" (2020: 230) എന്ന അഭിപ്രായപ്രകടനത്തിൽ പുരുഷത്വത്തിനേറ്റ കടുത്ത അപമാനവും കുറ്റവാളിയെ എങ്ങനെയാണ്

നെക്രോഫീലിയ എന്ന മാനസികഅവസ്ഥയിലേക്കെത്തിച്ചത് എന്നതിന് മനഃശാസ്ത്രപരമായി ഉത്തരം ആഖ്യാനം ചെയ്തുറപ്പിക്കാൻ സാധിച്ചിരിക്കുന്നു. കുറ്റകൃത്യം ലൈംഗികമായ വഴിത്തിരിവിലേക്കു തിരിയുമ്പോൾ അനുവാചക താത്പര്യം ഏറുമെന്ന പൊതുവിചാരത്തിൽ നിന്നാണോ ആദ്യ രണ്ട് നോവലുകളിലും നെക്രോഫീലിക് ആയ കുറ്റവാളിയെ സൃഷ്ടിക്കാൻ ലാജോ ജോസ് ശ്രമിച്ചത് സംശയജനകമാണ്.

യാഥാസ്ഥിതിക കുറ്റാന്വേഷണരീതികളിൽനിന്ന് മാറി ശാസ്ത്രീയവും യുക്തിഭദ്രവുമായി കാര്യങ്ങളെ അവതരിപ്പിക്കുന്നതിനായി പോസ്റ്റ്മാർട്ടത്തിലെ പുത്തൻ രീതികളെക്കുറിച്ചുള്ള വിശദമായ വിവരണം, ഡി.എൻ.എ. ഫിംഗർ പ്രിൻറിംഗ്, മുടിയിൽ നിന്ന് കിട്ടുന്ന ഡി.എൻ.എ.യുടെ പ്രത്യേകതകൾ എന്നിവ വിവരിച്ച് സാങ്കേതികമായി കുറ്റാന്വേഷണം മുന്നോട്ടുപോകുമ്പോൾ സംശയഭേദമെന്യേ വായനക്കാർക്കും കുറ്റവാളിയിലേക്കെത്തുന്ന പ്രക്രിയ ലാജോ ജോസ് ആസ്വാദ്യകരമാക്കിത്തീർക്കുന്നു.

കുറ്റാന്വേഷണവേളയിൽ ചില സമസ്യകൾക്ക് ഉത്തരമെന്നോണം, അസാധാരണ സംഭവങ്ങൾ ഉണ്ടാകുമ്പോൾ, അസാധാരണമായിപ്പോയല്ലോ? എന്ന ചിന്ത അനുവാചകനിൽ ഉണ്ടാകുന്നതിന് മുമ്പു തന്നെ അസാധാരണ സംഭവം തന്നെയെന്ന് കുറ്റാന്വേഷകയെക്കൊണ്ട് പറയിപ്പിക്കുന്ന ആഖ്യാനതന്ത്രം ശ്രദ്ധേയമാണ്. കോഫീഹൗസ് കൊലപാതക സാക്ഷിയായ അക്കാമ്മ ജോർജ്ജ് ഫ്ലാറ്റിനു ചുറ്റും ആരൊക്കെ എന്തിനു വരുന്നു, എവിടെപ്പോകുന്നു എന്നിങ്ങനെയുള്ള വിവരങ്ങൾ സമയം വെച്ചു കുറിച്ചിടുന്ന വ്യക്തിയാണ്. ഇത് വായനക്കാർക്ക് സംശയത്തിനിട നൽകാതെ "ഇങ്ങനെയും ആൾക്കാരൊണ്ടോ?" (2018: 168) എസ്തറിന് അതിശയമായി—എന്ന വാചകത്തിലൂടെ അവസാനിപ്പിച്ചിരിക്കുന്നു. കൂടാതെ ഫോറൻസിക് സർജനും ഇതുപോലെ വ്യത്യസ്തമായ രീതിയിൽ ഡയറിയെഴുതിയിരിക്കുന്നതു കണ്ടപ്പോൾ "എല്ലാവർക്കും ഡയറിയുണ്ടോ? നേരത്തേ അക്കാമ്മ ജോർജ്ജ് ഇപ്പോൾ ദേ ഇവര്" (2018: 193) എന്ന എസ്തറിന്റെ വാചകത്തിലൂടെ അസാധാരണമായ സംഭവത്തെ സ്വാഭാവികമായി തോന്നിപ്പിക്കുന്നു. എന്നാൽ ഹൈഡ്രേഞ്ചിയയിലും തുടർന്നുള്ള നോവലുകളിലും അസാധാരണസംഭവങ്ങളെ സ്വാഭാവികമാക്കുന്ന തന്ത്രങ്ങളില്ലെന്നതും ശ്രദ്ധേയമാണ്.

### റൂത്തിന്റെ ലോകം

സൈക്കോളജിക്കൽ ക്രൈം ത്രില്ലർ വിഭാഗത്തിൽ, മലയാറ്റൂർ രാമകൃഷ്ണന്റെ 'യക്ഷി' എന്ന നോവലിനുശേഷം ഇറങ്ങിയ നോവലാണ് ലാജോ ജോസിന്റെ

'റൂത്തിന്റെ ലോകം'. മലയാളത്തിലും പ്രൊഫഷണലായ എഴുത്തിന്റെ കാലം തുടങ്ങിയെന്ന് അടയാളപ്പെടുന്ന നോവലാണ് റൂത്തിന്റെ ലോകം എന്ന് ജി.ആർ. ഇന്ദുഗോപൻ അഭിപ്രായപ്പെടുന്നു. റെട്രോഗ്രേഡ് അംനീഷ്യ ബാധിച്ച റൂത്ത് എന്ന യുവതിയുടെ ഓർമ്മയുടെയും മറവിയുടെയുമിടയിലെ ദുരൂഹതകളിലേക്ക് നടത്തുന്ന അന്വേഷണമാണ് ഈ നോവൽ.

സങ്കീർണ്ണമായ മറവിരോഗം ബാധിച്ച റൂത്ത് ഭർത്താവ് റൊണാൾഡ് തോമസ്, അവർ അനുജത്തിയെപോലെ കരുതുന്ന വേലക്കാരി എന്നിങ്ങനെ വളരെക്കുറച്ച് കഥാപാത്രങ്ങൾ മാത്രമാണ് നോവലിലുള്ളത്. റൂത്ത് റൊണാൾഡ് ഭർത്താവ് റോണാൾഡ് തോമസ് എന്നീ പ്രധാന കഥാപാത്രങ്ങളുടെ ചിന്തകളിലൂടെയാണ് നോവൽ വികസിക്കുന്നത്. നഗരത്തിൽ ദുരൂഹ സാഹചര്യത്തിൽ കാണാതായ യുവതികളെക്കുറിച്ചുള്ള അന്വേഷണത്തിന്റെ പ്രധാനസാക്ഷിയായി റൂത്ത് മാറുന്നതോടെ, നോവൽ ഉദ്വേഗജനകമായിത്തീരുന്നു. 'കോഫിഹൌസി'ലും 'ഹൈഡ്രേഞ്ചിയ'യിലും കുറ്റവാളി ആരെന്ന സസ്പെൻസ് അവസാനംവരെ ലാജോ ജോസ് നിലനിർത്താൻ ശ്രമിക്കുന്നു. എന്നാൽ റൂത്തിന്റെ ലോകത്തിൽ നോവൽ പകുതിയിലെത്തുന്പോൾ തന്നെ കുറ്റവാളിയെ തിരിച്ചറിയാൻ വായനക്കാരന് സാധിക്കുന്നു. എന്നാൽ റൂത്തിന്റെ മാനസികാവസ്ഥയോടൊപ്പം തുടർന്നും സഞ്ചരിക്കാൻ അനുവാചകനെ പ്രേരിപ്പിക്കുന്ന വിധത്തിലാണ് ലാജോ ജോസിന്റെ ആഖ്യാനരീതി എന്നത് ശ്രദ്ധേയമാണ്.

ഓർമ്മയിൽ ദുർബലമായ റൂത്ത് കുറ്റവാളിയിലേക്ക് എങ്ങനെ എത്തിച്ചേരുന്നു, സാഹചര്യങ്ങളെ ഇത്തരം അവസ്ഥയിലും എങ്ങനെ നേരിടുന്നു എന്നിങ്ങനെയുള്ള പരിണാമഗുപ്തി അവസാനം വരെ നിലനിർത്താൻ ലാജോ ജോസിന് സാധിച്ചിട്ടുണ്ട്. ആദ്യ രണ്ടുനോവലുകളിൽ നിന്നും വിഭിന്നമായി മനസ്സിന്റെ സങ്കീർണ്ണ അവസ്ഥകളിലൂടെ സഞ്ചരിച്ച് നോവലിനെ കൂടുതൽ മന:ശാസ്ത്രപരമായി വിശകലനംചെയ്യാൻ ലാജോ ജോസിന് സാധിച്ചിരിക്കുന്നു. ക്രൈംത്രില്ലർ വിഭാഗത്തിലെ പ്രധാന കഥാപാത്രം കുറ്റാന്വേഷകൻ/കുറ്റാന്വേഷകയാണ്. എന്നാൽ റൂത്തിന്റെ ലോകത്തിൽ ഇത്തരം പരമ്പരാഗത കുറ്റാന്വേഷകസങ്കല്പങ്ങളെ എഴുത്തുകാരൻ പൊളിച്ചെഴുതിയിരിക്കുന്നു.ണ്ട്.

### റെസ്റ്റ് ഇൻ പീസ്

ലാജോ ജോസിന്റെ ആദ്യ മൂന്നുനോവലുകളിലും ഉണ്ടായിരുന്ന സെക്സ്, വയലൻസ് എന്നിവ തീരെ കുറവുള്ള കോസി മിസ്റ്ററിയാണ് 'റെസ്റ്റ് ഇൻ പീസ്' – ഗോൾഡൻ റിട്ടയർമെൻറ് ഹോം എന്ന ലക്ഷ്വറി വൃദ്ധസദനത്തിൽ

തുടരെത്തുടരെ നടക്കുന്ന കൊലപാതകങ്ങളും അതിൻറെ പിന്നിലെ കാരണങ്ങളും തേടിയുള്ള വ്യത്യസ്തമാർന്ന കുറ്റാന്വേഷണരീതിയാണിത്.

അപ്പന്റെ മരണശേഷം ജെസ്സി എന്ന പ്രധാനകഥാപാത്രത്തിന് 'വൃദ്ധസദനത്തിലെ കൊലപാതകം' എന്ന തലക്കെട്ടോടുകൂടിയ ഒരു ഡയറി ലഭിക്കുന്നു. ഗോൾഡൻ റിട്ടയർമെൻറ് ഹോം എന്ന വൃദ്ധസദനവും അതിനെ ചുറ്റിപറ്റി നടക്കുന്ന കൊലപാതകങ്ങളുടെ ചുരുളഴിക്കാൻ അവിടത്തെ അന്തേവാസികൂടിയായ ഫ്രഡറിക് ദേവസി ശ്രമിക്കുന്നതാണ് ഡയറിയിലെ കഥയുടെ ഉള്ളടക്കം. വൃദ്ധസദനം തന്റെ അപ്പൻ താമസിച്ചിരുന്ന സ്ഥലമാണെന്നും, ഈ കഥയും ചാച്ചന്റെ മരണവും തമ്മിൽ ബന്ധമുണ്ടെന്ന് തിരിച്ചറിയുന്ന ജെസ്സിയുടെ സത്യാവസ്ഥ തേടിയുള്ള കുറ്റാന്വേഷണ യാത്രയാണ് റെസ്റ്റ് ഇൻ പീസിലൂടെ ലാജോ ജോസ് പറയുന്നത്.

ചാച്ചൻ എന്തിനാണ് ആത്മഹത്യ ചെയ്തത് എന്ന് അറിയുവാനുള്ള മകളുടെ അന്വേഷണ വളരെ ഉദ്വേഗജനകമായി അവതരിപ്പിക്കാൻ ലാജോ ജോസിന് സാധിച്ചിരിക്കുന്നു. വൃദ്ധസദനത്തിൽ നടക്കുന്ന കൊലപാതകപരമ്പരകൾക്കു പിന്നിൽ പ്രേതമാണോ അതോ മനുഷ്യൻ തന്നെയാണോ എന്ന് സംശയം ജനിപ്പിക്കുന്ന സന്ദർഭങ്ങളുടെ വിവരണങ്ങൾ വായനക്കാരനെ നോവലിലേക്ക് കൂടുതൽ അടുപ്പിക്കുന്നു. തലമുറകളിലേക്കു കൈമാറുന്ന പ്രതികാരത്തിന്റെ കഥയായ നോവൽ മറ്റ് നോവലുകളിൽ നിന്നും വ്യത്യസ്തമായ ശൈലിയിൽ ലാജോ ജോസ് ആഖ്യാനം ചെയ്തിരിക്കുന്നു. മലയാളത്തിലെ അപസർപ്പകസാഹിത്യത്തിന് പരിചിതമല്ലാത്ത 'കോസിമിസ്റ്ററി' എന്ന കുറ്റാന്വേഷണവിഭാഗത്തെ പരിചയപ്പെടുത്താൻ 'റെസ്റ്റ് ഇൻ പീസി'ലൂടെ ലാജോ ജോസിന് സാധിച്ചിരിക്കുന്നു.

ഉദാത്തസാഹിത്യത്തിന്റെ അപരമേഖലയിലേക്ക് തള്ളിയിരുന്ന അപസർപ്പകസാഹിത്യം ഇന്ന് ഉയിർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്. സാമാന്യജനവിഭാഗത്തിന്റെ ആസ്വാദനത്തെ തൃപ്തിപ്പെടുത്താൻ ഈ സാഹിത്യവിഭാഗത്തിന് സാധിക്കുന്നു. പുതിയ കാലത്തിനിണങ്ങുന്ന പ്രമേയപരിസരം, ആഖ്യാനരീതി എന്നിവ ഈ വിഭാഗത്തിന് പുത്തനുണർവ് നൽകുന്നു. ഈ വിഭാഗത്തിലെ യുവഎഴുത്തുകാർ പരസ്പരം പ്രേരകശക്തിയായി മുന്നേറുന്നു എന്നതും ശ്രദ്ധേയമാണ്. പരിസ്ഥിതി, സാമൂഹികജീവിതം എന്നിവയിൽ തനിക്കുള്ള നിലപാടുകൾ അനുവാചകനുമായി പങ്കുവെയ്ക്കാൻ കോഫി ഹൌസിൽ ലാജോ ജോസ് ശ്രമിക്കുന്നു. എന്നാൽ തുടർന്നുള്ള നോവലുകളിൽ ഇത്തരം നിലപാടുകളിൽ നിന്ന് മാറി അപസർപ്പക കഥകളുടെ ചേരുവകളിൽ

കൂടുതൽ ശ്രദ്ധ ചെലുത്തുന്ന ലാജോ ജോസിനെ കാണാൻ സാധിക്കും. ഓരോ നോവലും വ്യത്യസ്തമായ പരീക്ഷണങ്ങളിലൂടെ പുതുമയുള്ളതാക്കുന്നതിനും അനുവാചകനെ പരിണാമഗുപ്തിയുടെ പരകോടിയിലെത്തിക്കുവാനും, ശാസ്ത്രീയവും വ്യക്തവുമായ വിശദീകരണത്തിലൂടെ ഈ സാഹിത്യവിഭാഗത്തെ കൂടുതൽ ജനകീയമാക്കുന്നതിനും ലാജോ ജോസ് ശ്രമിച്ചിരിക്കുന്നു. സാമൂഹ്യമാധ്യമങ്ങൾ ശക്തി തെളിയിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു പുസ്തകം വായിക്കാനെടുക്കുന്നതു തന്നെ വലിയ കാര്യമാണ്. ഇവിടെയാണ് യുവജനങ്ങളെ വായനയുടെ പാതയിലേക്ക് തിരികെ എത്തിക്കാനുള്ള ലാജോ ജോസിന്റെ സംഭാവനം പ്രസക്തമാകുന്നത്.

## സഹായ ഗ്രന്ഥങ്ങൾ


1. ലാജോ ജോസ്, 2018, കോഫി ഹൗസ്, ഗ്രീൻ ബുക്സ്.
2. ---------, 2020, ഹൈഡ്രേഞ്ചിയ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. ---------, 2020, റൂത്തിന്റെ ലോകം, ഡി.സി. ബുക്സ്, കോട്ടയം.
4. ഹമീദ്, 2015, അപസർപ്പക കഥകൾ ചരിത്രവഴികളിലൂടെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. --------, 2021, റെസ്റ്റ് ഇൻ പീസ്, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
6. ഹമീദ്, 2015, അപസർപ്പക കഥകൾ ചരിത്രവഴികളിലൂടെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
7. രാധാകൃഷ്ണൻ പി എസ്, 2011 ജനപ്രിയസാഹിത്യം: കലയും കച്ചവടവും (സംസ്കാരപഠനം ചരിത്രം, സിദ്ധാന്തം, പ്രയോഗം) വള്ളത്തോൾ വിദ്യാപീഠം, ശുകപുരം,
8. രാധാകൃഷ്ണൻ പി.എസ്., ജനപ്രിയസാഹിത്യം: കലയും കച്ചവടവും, 2011, മലയാള പഠനസംഘം, ------ സംസ്കാരപഠനം—ചരിത്രം സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.


*annashintu@gmail.com*

# ഡിറ്റക്ടീവ് പ്രഭാകരൻ: ആഖ്യാനവും രാഷ്ട്രീയവും

അനു ജെയിംസ്
ഗവേഷക, ദേവമാതാ കോളേജ്, കുറവിലങ്ങാട്

## പ്രബന്ധസംഗ്രഹം

മലയാളസാഹിത്യത്തിൽ അപസർപ്പകകഥകൾ അപരവത്കരിക്കപ്പെട്ടതിനു പിന്നിൽ ധാരാളം സാംസ്കാരികകാരണങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. കുറ്റാന്വേഷണസാഹിത്യശാഖയുടെ വീണ്ടെടുപ്പിന് ജി.ആർ. ഇന്ദുഗോപനും അദ്ദേഹത്തിന്റെ 'ഡിറ്റക്ടീവ് പ്രഭാകരൻ' എന്ന പരമ്പരയും നടത്തിയ ഇടപെടലുകളാണ് ഈ പ്രബന്ധം അന്വേഷിക്കുന്നത്. കുറ്റാന്വേഷകനായ പ്രഭാകരന്റെ അവതരണത്തിലെ വ്യതിരിക്തതകളും ആഖ്യാനത്തിലെ സാധ്യതകളും ഇതിൽ പഠനവിധേയമാക്കുന്നു. കഥകളിലെ ലിംഗപ്രതിനിധാനങ്ങളെ കുറിച്ചുള്ള അന്വേഷണം അവയിലെ സാമൂഹിക പ്രതിഫലനവും സാംസ്കാരിക പ്രത്യയശാസ്ത്രവും വെളിപ്പെടുത്തുന്നു. സാമ്പത്തിക വർഗ്ഗബന്ധങ്ങളെ കഥാകൃത്ത് എങ്ങനെ നോക്കിക്കാണുന്നു എന്നതും പ്രബന്ധത്തിന്റെ അന്വേഷണവിഷയമാണ്.

**താക്കോൽ വാക്കുകൾ:** ജനപ്രിയത-സാഹിതീയത-ആധുനികതാവാദം-ആഖ്യാനശാസ്ത്രം-സാംസ്കാരിക രാഷ്ട്രീയം - ലിംഗപ്രതിനിധാനം-വർഗ്ഗരാഷ്ട്രീയം.

യുക്തി സാഹിത്യത്തിനു പുറത്താണ് എന്ന സാഹിത്യവിമർശനത്തിന്റെ വിധിതീർപ്പാണ് കുറ്റാന്വേഷണസാഹിത്യത്തെ വളരെക്കാലത്തോളം മലയാളസാഹിത്യത്തിന്റെ അപരപാതയായി കാണാനിടയാക്കിയത്. വികാരത്തിന്റെ ആവിഷ്കാരമായി സാഹിത്യത്തെയും യുക്തിയും നിഗമനങ്ങളുമുള്ള അവതരണമായി ശാസ്ത്രത്തെയും വിരുദ്ധദ്വന്ദ്വങ്ങളായി സങ്കല്പിച്ച ജ്ഞാനയുഗമാണ് സാഹിതീയതയുടെ നിർവചനത്തിൽനിന്ന് ചരിത്രവും ശാസ്ത്രവും അടക്കമുള്ള

പല മനുഷ്യ വ്യവഹാരങ്ങളെയും പുറത്താക്കിയത്. യുക്തി, നിരീക്ഷണം, അപഗ്രഥനം എന്നിവയാണ് കുറ്റാന്വേഷണസാഹിത്യശാഖയുടെ അടിസ്ഥാന പ്രമാണങ്ങൾ.

വൈവിധ്യമാർന്ന ജ്ഞാനശാഖകളുടെ കലർന്നൊഴുകലാണ് കുറ്റാന്വേഷണസാഹിത്യത്തെ സവിശേഷമാക്കുന്നത്. ഭാവന മാത്രമല്ല സൂക്ഷ്മജ്ഞാനങ്ങളും പ്രമേയനിർമിതിയിൽ നിർണായകമാണ്. ഇവയെ യുക്തിപൂർവ്വമായി സംവിധാനം ചെയ്യുന്നതാണ് കുറ്റാന്വേഷണ സാഹിത്യശാഖയുടെ ആഖ്യാന രഹസ്യം. നിശ്ചിതമായി സ്ഥാപിച്ചുവയ്ക്കപ്പെട്ട സാഹിത്യ ഭാവുകത്വത്തിൽ കുടുങ്ങിക്കിടക്കാത്ത പൊതുജനം ഈ ആവിഷ്കാരങ്ങളെ ആഘോഷിച്ചു. ജനപ്രിയമായത് ഉത്തമസാഹിത്യമല്ല എന്നൊരു ചിന്താഗതിയും വിമർശകരിൽ പലരും വച്ചുപുലർത്തി. അങ്ങനെ കുറ്റാന്വേഷണനോവലുകൾ എഴുതിയവർ പൈങ്കിളി സാഹിത്യകാരന്മാരായി വിലയിരുത്തപ്പെട്ടു. ഭൂരിപക്ഷത്തിനും ആസ്വദിക്കാനാകാത്ത പ്രമേയപരിചരണങ്ങളെയാണ് അവർ സാഹിത്യഭാവുകത്വമായി അംഗീകരിച്ചത്. എന്നാൽ ലോകക്ലാസിക്കുകളെല്ലാം കുറ്റാന്വേഷണ സ്വഭാവം ഉൾക്കൊള്ളുന്നവയായിരുന്നു എന്നു കാണാം.

സാഹിതീയവിചാരത്തിൽ ആധുനികതാവാദം നേടിയ മേൽക്കോയ്മയാണ് അപസർപ്പക സാഹിത്യത്തെ അപരവത്കരിച്ച മറ്റൊരുകാരണം. ദാർശനികമായ ഔന്നത്യമുള്ള കൃതികളെയാണ് ആധുനികനിരൂപകർ മഹത്തരമായി കണ്ടത്. ദാർശനികതയെക്കാൾ ദൈനംദിനത്വമാണ് കുറ്റാന്വേഷണ സാഹിത്യത്തിൽ പ്രധാനം. വ്യാഖ്യാനാതീതമായ ഒന്നും അവർ പ്രതിപാദിക്കുന്നില്ല. ഭാരതീയ സാഹിത്യചിന്താപദ്ധതികളും ദർശനത്തെയും സൗന്ദര്യത്തെയും ആഖ്യാനത്തെയുമാണ് വിലമതിച്ചത്. വൈയക്തികതയിലും അസ്തിത്വചിന്തയിലും കേന്ദ്രീകരിച്ച ആധുനികതയുടെ സാഹിത്യരചനാസമ്പ്രദായങ്ങൾക്ക് എതിർദിശയിലാണ് കുറ്റാന്വേഷണ സാഹിത്യത്തിന്റെ സഞ്ചാരപഥം. സമൂഹത്തെ ബാധിക്കുന്ന പ്രശ്നത്തിൽനിന്നാണ് അവരുടെ അന്വേഷണാരംഭം. ആലങ്കാരികഭാഷ അവർ ഉപയോഗിക്കുന്നില്ല. സൂക്ഷ്മമായ അറിവുകളെ സന്ദർഭങ്ങളോടിണക്കി യുക്തിയുടെ നൂൽക്കമ്പിയിൽ ആഖ്യാനം ചെയ്യുന്നതാണ് അതിന്റെ രീതി. കുറ്റവാളി ഏതുകാലത്തും പിടിക്കപ്പെടാം, സത്യം വളരെക്കാലം മറച്ചുവയ്ക്കാനാവില്ല എന്നിങ്ങനെ ധാർമ്മികമായ ചില സന്ദേശങ്ങൾ കൂടി കുറ്റാന്വേഷണ സാഹിത്യം ഉള്ളടക്കുന്നുണ്ട്.

എഴുത്തുകാരനും വിമർശകനും അർത്ഥത്തിന്റെ അധിപതികളാകുന്ന ആസ്വാദന പ്രക്രിയയല്ല കുറ്റാന്വേഷണസാഹിത്യത്തിന്റേത്.

അർത്ഥനിർമിതിയിൽ വായനക്കാരന് പങ്കാളിത്തമുള്ള സംവാദസ്വഭാവമുള്ള വായനയാണത് പ്രദാനംചെയ്യുന്നത്. മനുഷ്യന്റെ യുക്തിവിചാരശീലത്തെ പ്രചോദിപ്പിച്ചും പ്രകോപിപ്പിച്ചുമാണ് അപസർപ്പകകഥയുടെ ആഖ്യാനം മുന്നേറുന്നത്. സംസ്കാരം അംഗീകരിക്കുന്ന വിശുദ്ധമായ പ്രകടനങ്ങളെ മാത്രം ഉത്തമസാഹിത്യമായി പരിഗണിക്കുന്ന പ്രവണത വിമർശനത്തിനുണ്ട്. മാംസനിബദ്ധമല്ലാത്ത രാഗത്തെയും ജീവിതദർശനത്തെയും മറ്റുമാണ് സാഹിത്യവിമർശനം വാഴ്ത്തിപ്പാടിയത്. കുറ്റാന്വേഷണ പ്രമേയങ്ങൾ ജനപ്രിയസാഹിത്യത്തിനന്റെ ഭാഗമായി ഒതുക്കപ്പെട്ടത് മനുഷ്യന്റെ അബോധവാസനകളുടെ ആവിഷ്കാരങ്ങളെ മാറ്റിനിറുത്തുന്ന സംസ്കാരനിയന്ത്രണം സാഹിത്യരംഗത്ത് പ്രവർത്തിച്ചതിന്റെ കൂടി ഫലമാണ്.

കുറ്റാന്വേഷണസാഹിത്യശാഖയുടെ ഒരു സമ്പന്നസമാന്തരചരിത്രം മലയാളത്തിനുണ്ട്. ആദ്യകാലകഥകൾ മുതൽ കുറ്റാന്വേഷണം മലയാളസാഹിത്യത്തിന്റെ പ്രമേയപരിസരങ്ങളിൽ സ്ഥാനം നേടിയിരുന്നു. അവയിലെ കഥാപാത്രങ്ങളിലും ആഖ്യാനശൈലിയിലും പാശ്ചാത്യ കുറ്റാന്വേഷണസാഹിത്യത്തിന്റെ സ്വാധീനം പ്രകടമായിരുന്നു. മലയാളനോവലിൽ അപ്പൻ തമ്പുരാന്റെ ‘ഭാസ്കരമേനോനും’ ഒ.എം. ചെറിയാന്റെ ‘കാലന്റെ കൊലയറ’യും കാരാട്ട് അച്യുതമേനോന്റെ ‘വിരുതൻ ശങ്കു’വും അപസർപ്പകപ്രമേയങ്ങളുടെ ആദ്യമാതൃകകളായി. ആധുനികനോവലിൽ കോട്ടയം പുഷ്പനാഥ്, ബാറ്റൺ ബോസ്, നീലകണ്ഠൻ പരമാര, തോമസ് ടി. അമ്പാട്ട് തുടങ്ങിയവരുടെ നോവലുകളിലൂടെ കുറ്റാന്വേഷണസാഹിത്യം മലയാളിയുടെ വായനാചരിത്രത്തിൽ സജീവമായി നിലനിന്നു. ഷെർലക്ക് ഹോംസ് മാതൃകകളെ പിന്തുടരുന്നതായിരുന്നു അവ. ആനുകാലികപ്രസിദ്ധീകരണങ്ങളുടെ വിപണി ഉയർത്തുന്നതിൽ അവ പ്രധാന പങ്കുവഹിച്ചു. മുഖ്യധാരാ എഴുത്തുകാരും വിമർശകരും അപസർപ്പക സാഹിത്യത്തോട് കാണിച്ച വിപ്രതിപത്തിയും ഈ സാഹിത്യമേഖലയുടെ അപരവത്കരണത്തിന് ഇടയാക്കി.

ഈ കാഴ്ചപ്പാടിന് ഒരു വിച്ഛേദം ഉണ്ടാക്കുന്നതിൽ പ്രധാന ഇടപെടൽ നടത്തിയ എഴുത്തുകാരനാണ് ജി.ആർ. ഇന്ദുഗോപൻ. അദ്ദേഹത്തിന്റെ കഥകളിലെല്ലാം ഒരു നിഗൂഢതയുടെ ചുരുളഴിക്കലുണ്ട്. കുറ്റാന്വേഷണത്തെക്കാൾ ത്രില്ലർ സ്വഭാവമാണ് അവയിൽ മുന്നിട്ടുനില്ക്കുന്നത്. ഈ എഴുത്തുകാരൻ മലയാളത്തിൽ കുറ്റാന്വേഷണസാഹിത്യത്തിന് സ്വീകാര്യതയും പ്രേരണയും നല്കി. മുഖ്യധാരാ പ്രസാധകർ തന്നെ ക്രൈം ഫികഷനുകൾക്കായി മത്സരം നടത്തുന്ന സ്ഥിതിയിലേക്ക് പ്രസാധനരംഗം മാറി. സജീവമായ

സാഹിത്യമേഖലയായി കുറ്റാന്വേഷണസാഹിത്യം പരിവർത്തിക്കപ്പെട്ടതിൽ ഇന്ദുഗോപന്റെ എഴുത്തിനും ഡിറ്റക്ടീവ് പ്രഭാകരനെ കേന്ദ്രമാക്കിയ കുറ്റാന്വേഷണ പരമ്പരയ്ക്കും പങ്കുണ്ട്.

ഡിറ്റക്ടീവ് പ്രഭാകരൻ

പാശ്ചാത്യമാതൃകകൾക്കനുസരിച്ച് കഥാപാത്രത്തെയും ദേശത്തെയും ആഖ്യാനത്തെയും പകർത്തുന്നതായിരുന്നു മലയാളത്തിലെ കുറ്റാന്വേഷണസാഹിത്യശാഖയുടെ പൊതുസ്വഭാവം. മലയാളിയുടെ ജീവിതസന്ദർഭങ്ങളും പശ്ചാത്തലങ്ങളും പലപ്പോഴും അവയിൽ പ്രതിഫലിച്ചിരുന്നില്ല. ഒരു അപസർപ്പകനെ സൃഷ്ടിക്കാൻ പര്യാപ്തമായ സാംസ്കാരികസാഹചര്യം കേരളത്തിൽ ഉണ്ടായിരുന്നില്ല. കുറ്റകൃത്യത്തെ രഹസ്യാത്മകമാക്കുന്ന നിഗൂഢമായ ഭൂപ്രദേശങ്ങളോ ഒറ്റപ്പെട്ട നഗരജീവിതമോ അക്കാലത്ത് മലയാളിയുടെ സാംസ്കാരിക അനുഭവമല്ലായിരുന്നു. ശാസ്ത്രസാങ്കേതികരംഗങ്ങളും വേണ്ടത്ര വികാസംപ്രാപിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ, വിവർത്തനങ്ങളിലൂടെ പരിചിതമായ വാർപ്പുമാതൃകകളിൽ കുറ്റാന്വേഷകരെ സൃഷ്ടിക്കാൻ എഴുത്തുകാർ നിർബന്ധിതരായി.

മലയാളിയുടെ അലസതയും അർപ്പണബുദ്ധിയും സമ്മേളിച്ച കുറ്റാന്വേഷകനാണ് പ്രഭാകരൻ. ഇരുളാണ്ട സമസ്യകളിൽ വെളിച്ചമാകുന്നവൻ എന്ന അർത്ഥത്തിൽ ഒരു കുറ്റാന്വേഷകന് ഏറ്റവും അനുയോജ്യമായ പേരാണ് ഇന്ദുഗോപൻ തന്റെ കേന്ദ്രകഥാപാത്രത്തിന് നല്കിയത്. നായകത്വഗുണങ്ങൾ ഒന്നുമില്ലാത്ത, തീർത്തും സാധാരണക്കാരനായ ഒരു മധ്യവയസ്കൻ. പ്രഭാകരനെ കഥാകൃത്ത് വർണിക്കുന്നത് ഇപ്രകാരമാണ്: “താഴെ കുത്തിയിരുന്നു ബീഡി വലിക്കുന്ന ഒരാൾ. പിഞ്ചിത്തുടങ്ങാറായ ഒരു ഷർട്ടിട്ടിരിക്കുന്നു. അതും ഒരു ബട്ടൻസേ ഇട്ടിട്ടുള്ളൂ. കൈയിൽ ബീഡിക്കറ. ലുങ്കിയുടെ ആവശ്യമില്ല. ജട്ടി മതിയായിരുന്നു എന്നു തോന്നുംവിധം എല്ലാംകൂടി ചെരുകിക്കയറ്റി മുട്ടിനിടയിലേക്ക് തിരുകിക്കയറ്റിവച്ചിരിക്കുന്നു” (2020: 38). കണ്ടുപരിചയിച്ച കുറ്റാന്വേഷകരിൽനിന്നും വളരെ വ്യത്യസ്തൻ. അലസമായ വസ്ത്രധാരണംതന്നെ അയാളുടെ അച്ചടക്കമില്ലായ്മ വെളിവാക്കുന്നു. ആരെയും ഒന്നിനെയും കൂസാത്ത പ്രകൃതം. കള്ളിമുണ്ടുടുത്ത് ചുണ്ടിൽ കത്തിയെരിയുന്ന ബീഡിയുമായി അയാൾ കുറ്റാന്വേഷണത്തിന് ഇറങ്ങിത്തിരിക്കുന്നു.

ഡച്ച് ബംഗ്ലാവിലെ പ്രേതരഹസ്യം, ഓപ്പറേഷൻ കത്തിയുമായി ഒരാൾ; പല നഗരങ്ങളിൽ, രാത്രിയിലൊരു സൈക്കിൾവാല, ഒരു പ്രേതബാധിതന്റെ ആത്മകഥ, ഇന്നു രാത്രി ആരെന്റെ ചോരയിൽ ആറാടും...?, രക്തനിറമുള്ള

ഓറഞ്ച്, രണ്ടാം നിലയിലെ ഉടൽ! എന്നീ കഥകളാണ് പ്രഭാകരൻ പരമ്പര കളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ചില അനുഭവാഖ്യാനങ്ങൾക്ക് കൂടി ഇടം നീക്കിവച്ചിട്ടുണ്ട്. താൻ ചെറുപ്പത്തിൽ ദൃക്സാക്ഷിയായ ഐജിയുടെ മരണത്തിന്റെ നിഗൂഢതയും സംശയങ്ങളുമാണ് പ്രഭാകരനിലെ കുറ്റാന്വേ ഷകനെ വളർത്തിയെടുത്തത്. ഡിറ്റക്ടീവ് നോവലുകളുടെ ആരാധകനായ സ്വാമിയാരപ്പൂപ്പൻ, ചേട്ടന്റെ ഘാതകിയെ കണ്ടെത്താൻ തന്റെ ഗ്രന്ഥാലയ ത്തിൽ അയാളെ കൂടെനിർത്തി പരിശീലിപ്പിച്ചു. പ്രഭാകരൻ എന്ന സാധാര ണക്കാരനെ കുറ്റാന്വേഷകനാക്കിയ പശ്ചാത്തലം കഥാകൃത്ത് കൃത്യമായി വിശദീകരിച്ചിട്ടുണ്ട്. അന്ന് പതിനഞ്ചു വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന തന്റെ മൊഴികൊണ്ടു കൂടിയാണ് നിരപരാധിയായ താണുപെരുമാൾ ശിക്ഷി ക്കപ്പെട്ടത് എന്ന കുറ്റബോധം അയാളെ വേട്ടയാടുന്നുണ്ട്. അതുകൊണ്ട് യഥാർത്ഥ കുറ്റവാളിയെ കണ്ടെത്താൻ വർഷങ്ങളോളം ഈ സംഭവത്തെ അയാൾ കീറിമുറിച്ച് പരിശോധിക്കുകയും സ്വയം ഒരു കുറ്റാന്വേഷകനായി രൂപാന്തരപ്പെടുത്തുകയും ചെയ്തു.

മലയാളത്തിലെ കുറ്റാന്വേഷണസാഹിത്യത്തിൽ മുമ്പുണ്ടായിട്ടുള്ള കുറ്റാന്വേഷകർ പാശ്ചാത്യനാടുകളിലും നഗരപശ്ചാത്തലങ്ങളിലുമാണ് വ്യാ പരിച്ചതെങ്കിൽ ഡിറ്റക്ടീവ് പ്രഭാകരനെ ഇന്ദുഗോപൻ പ്രാദേശികതയിലേക്ക് പറിച്ചുനട്ടു. കേരളീയ ഭൂപ്രകൃതിയും സംസ്കാരവും ഭാഷയും ഊർജ്ജസ്വലമാവുന്ന പശ്ചാത്തലത്തിലാണ് പ്രഭാകരന്റെ ചിത്രീകരണം. പാറശ്ശാല, നെയ്യാറ്റി ൻകര, ചെങ്ങന്നൂർ, കൊല്ലം, പൂവാർ തുടങ്ങിയ തെക്കൻ കേരളത്തിലെ തീരപ്രദേശങ്ങളാണ് ഈ കഥകളിലെ സ്ഥലപശ്ചാത്തലം. മണ്ണിലും വെള്ളത്തിലും രത്നങ്ങൾ ഒളിപ്പിച്ചുവയ്ക്കുന്ന വാമനപുരം നദി, അടിക്കടി മിന്ന ലേൽക്കുന്ന ഗ്രാമം എന്നിങ്ങനെ കൗതുകകരമായ രണ്ടു ഭൂപശ്ചാത്തലങ്ങൾ 'ഡച്ച് ബംഗ്ലാവിലെ പ്രേതരഹസ്യം' എന്ന കഥയിൽ ഇടപെടുന്നുണ്ട്. 'രാത്രി യിലൊരു സൈക്കിൾവാല'യിൽ കള്ളക്കടത്തുസംഘത്തിൽനിന്നും രത്നം മറച്ചുവയ്ക്കാൻ അനിലിന് സഹായകമാവുന്നത് തീരവാസികളുടെ ശവസംസ്കാര രീതിയാണ്. ഭൂതാവേശത്തിന്റെയും മന്ത്രവാദത്തിന്റെയും പശ്ചാത്തലങ്ങൾ 'ഒരു പ്രേതബാധിതന്റെ ആത്മകഥ'യിൽ കാണാം. ശത്രുകുടുംബങ്ങളെ പീഡി പ്പിച്ച മാർത്താണ്ഡവർമ്മയുടെ ആത്മാവിനെ ആവാഹിച്ചോ അല്ലെങ്കിൽ പുനർജന്മത്തിലോ അദ്ദേഹത്തിനെതിരായ യുദ്ധത്തിനായി സന്നാഹങ്ങൾ ഒരുക്കുന്ന സ്വാമിമാരാണ് ഈ കഥയെ ഉദ്വേഗഭരിതമാക്കുന്നത്. കേരളത്തി ന്റെ ഭൂമിശാസ്ത്രപരവും സാംസ്കാരികവും ചരിത്രപരവുമായ സാധ്യതകളെ

കുറ്റാന്വേഷണസാഹിത്യത്തോട് ഇണക്കി എന്നതിലാണ് ഡിറ്റക്ടീവ് പ്രഭാകരൻ പരമ്പരയുടെ പ്രസക്തിയും വ്യതിരിക്തതയും.

കുറ്റാന്വേഷണം തൊഴിലായി സ്വീകരിച്ച അന്വേഷകനല്ല പ്രഭാകരൻ. അതുകൊണ്ടുതന്നെ, കുറ്റാന്വേഷകനെക്കുറിച്ച് ഉണ്ടായിട്ടുള്ള നിയമാവലികളെ അയാൾ അട്ടിമറിക്കുന്നു. ആകസ്മികത പലപ്പോഴും അയാൾക്ക് കൂട്ടിനെത്തുന്നുണ്ട്. ചിലപ്പോൾ അയാൾ അന്വേഷിക്കുന്നവർ അയാളെ തേടിവരുന്നു. യുക്തിക്ക് കീഴടങ്ങുന്ന സത്യങ്ങൾ മാത്രം വിശ്വസിക്കുന്ന കുറ്റാന്വേഷകരിൽ നിന്ന് വ്യത്യസ്തമായി അമാനുഷിക പ്രഭാവങ്ങളിൽ വിശ്വസിക്കാൻ അയാൾ തെളിവുകൾ നല്കുന്നു.

പോലീസിനെ സഹായിക്കുന്നുണ്ടെങ്കിലും അവരോട് പരിപൂർണവിധേയത്വം അയാൾ പ്രഖ്യാപിക്കുന്നില്ല. കുറ്റവാളികളെ പലപ്പോഴും നിയമത്തിന് കാട്ടികൊടുക്കുന്നുമില്ല. പക്വതയോടും ക്ഷമയോടുംകൂടെ അയാൾ ഓരോ അന്വേഷണത്തിലും ഇടപെടുന്നു. പോലീസിന്റെ എടുത്തുചാട്ടത്തെ പലയിടത്തും തിരുത്തുകയും ചെയ്യുന്നുണ്ട്. കുറ്റവാളികളോട് മനുഷ്യത്വപരമായ സമീപനം അയാൾ സ്വീകരിക്കുന്നു. ചിലപ്പോൾ അവരുടെ പ്രവർത്തനങ്ങൾക്ക് കൂട്ടുനില്ക്കുന്നതായും കാണാം. തീവ്രവാദിസംഘത്തിലെ സ്റ്റെല്ലയെ അവരെ പറ്റിച്ച രത്നവുമായി കടന്നുകളഞ്ഞ അനിലിനെ കണ്ടെത്താൻ സഹായിക്കുന്നു. ഉദ്ദേശത്തെക്കുറിച്ച് വ്യക്തത ഇല്ലാതിരുന്നിട്ടും ഹരീന്ദ്രന് കൂട്ടാളിയായി നിൽക്കുന്നു, അയാൾക്ക് മറതീർക്കുന്നു. സ്വന്തം ജീവൻപോലും പണയപ്പെടുത്തി താൻ ഒറ്റിക്കൊടുത്ത കുറ്റവാളിയുടെ സഹായാഭ്യർത്ഥനയെ മാനിക്കുന്നു. ഇങ്ങനെ പലസന്ദർഭങ്ങൾ പ്രഭാകരനെ കേന്ദ്രീകരിക്കുന്ന കുറ്റാന്വേഷണപരമ്പരയിലെ കഥകളിലുണ്ട്.

കുറ്റവാളി ആര് എന്നതിനെക്കാൾ സംഭവങ്ങളുടെ നിഗൂഢതയാണ് പലപ്പോഴും കുറ്റാന്വേഷണങ്ങളിലേക്ക് പ്രഭാകരനെ ആകർഷിക്കുന്നത്. ക്ഷമാപൂർവമായ കാത്തിരിപ്പാണ് ഈ കുറ്റാന്വേഷകനെ വ്യത്യസ്തനാക്കുന്ന പ്രധാന ഗുണം. ഐജിയുടെ കൊലപാതകിയെ കണ്ടെത്താൻ അനുകൂല സാഹചര്യങ്ങൾക്കായി മുപ്പത് വർഷങ്ങളാണ് അയാൾ കാത്തിരുന്നത്. മേൽവിലാസമില്ലാത്ത കത്തിനു പുറകെ അതയച്ചയാളെ തേടി രാജസ്ഥാനിലെ പോസ്റ്റോഫീസിനു മുന്നിൽ ഒന്നര മാസത്തോളം അയാൾ കാത്തിരുന്നു. 'ഒരു പ്രേതബാധിതന്റെ ആത്മകഥ', 'രണ്ടാം നിലയിലെ ഉടൽ' എന്നീ കഥകളിലും സത്യമറിയാനുള്ള നീണ്ട കാത്തിരിപ്പുണ്ട്. അനുകൂല സന്ദർഭങ്ങൾ മിക്കപ്പോഴും അയാൾതന്നെ സൃഷ്ടിക്കുന്നു. സംശയിക്കപ്പെടുന്നവരുമായി അടുക്കാനുള്ള

സാധ്യതയായി തന്റെ ബാഹ്യാകാരത്തെ അയാൾ ഉപയോഗിക്കുന്നുണ്ട്. ചില കഥകളിൽ പ്രച്ഛന്നവേഷത്തിലും ഈ കുറ്റാന്വേഷകനെ കണ്ടെത്താം. അടുക്കളക്കാരനായും ഭിക്ഷക്കാരനായും പരിചാരകനായും ഒക്കെ അയാൾ പലരുടെയും ജീവിതത്തിലേക്ക് കടന്നുചെല്ലുന്നു. അവർ കാലങ്ങളായി മറച്ചു വച്ചിരിക്കുന്ന രഹസ്യത്തെ പുറത്തുകൊണ്ടുവരുന്നു. ശാസ്ത്ര-സാങ്കേതികവിദ്യകളുടെ സഹായമില്ലാത്ത തന്റെ കുറ്റാന്വേഷണങ്ങളിൽ യുക്തിയും നിരീക്ഷണവും കാര്യകാരണവിവേചനബുദ്ധിയുമാണ് അയാളുടെ കൈമുതൽ. കള്ളുകുടിക്കുന്ന, കഞ്ചാവടിക്കുന്ന അന്വേഷകനാണ് അയാൾ. പ്രഭാകരനെ വായനക്കാർ പരിചയപ്പെടുന്ന ആദ്യസന്ദർഭം തന്നെ അയാൾ കള്ളുഷാപ്പിൽനിന്നു മടങ്ങുന്ന രംഗമാണ്. അയാളെത്തേടി ആളുകൾ വരുന്നതും കള്ളുഷാപ്പിന്റെ മേൽവിലാസത്തിലാണ്. 'പ്രഭാകരൻ, പതിനേഴാം നമ്പർ കള്ളുഷാപ്പ്, കല്ലുംകുന്ന് പി.ഒ., പാറശ്ശാല'. ഷെർലക്ക് ഹോംസിന്റെ വിഖ്യാത മേൽവിലാസത്തെ ഇവിടെ ഹാസ്യാത്മകമായി പുനസൃഷ്ടിച്ചിരിക്കുന്നു.

### ആഖ്യാനത്തിന്റെ സാധ്യതകൾ, പരിമിതികൾ

പ്രഭാകരൻ പരമ്പരയിലെ കഥകളെല്ലാം സർവജ്ഞനായ കഥാകൃത്തിന്റെ ആഖ്യാനത്തിലാണ്. കഥാകാലം ആഖ്യാതാവിന്റെ വാക്കുകളിലൂടെയും ആഖ്യാനകാലം കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിലൂടെയും ഓർമ്മകളിലൂടെയും വെളിപ്പെടുത്തുന്ന രീതിയാണ് കഥകളിൽ പൊതുവായി അവലംബിച്ചിരിക്കുന്നത്. മിക്കകഥകളിലും സർവജ്ഞവീക്ഷണത്തിൽ കഥാകൃത്ത് തന്നെ സംഭവങ്ങളെയും കഥാപാത്രങ്ങളെയും അടുത്തുനിന്നെന്ന പോലെ വിവരിക്കുമ്പോൾ 'ഒരു പ്രേതബാധിതന്റെ ആത്മകഥ', 'ഇന്നു രാത്രി ആരെന്റെ ചോരയിൽ ആറാടും...?', 'രക്തനിറമുള്ള ഓറഞ്ച്' എന്നിവയിൽ കഥാപശ്ചാത്തലം ഒരുക്കിയതിനുശേഷം കഥാകൃത്ത് ആഖ്യാനത്തിന്റെ നിയന്ത്രണം കഥാപാത്രത്തിന് കൈമാറുന്നതായി കാണാം. വർത്തമാനകാലത്തു നിന്നും പൂർവ്വകാലസംഭവങ്ങളിലേക്ക് പിന്തിരിഞ്ഞുനോക്കുന്ന ഫ്ലാഷ്ബാക്കിന്റെ (അനലെപ്സിസ്) ആഖ്യാനസങ്കേതം ഈ കഥകളിൽ ഉപയോഗിച്ചിട്ടുണ്ട്. സർവജ്ഞവീക്ഷണത്തിൽനിന്നും ഉത്തമപുരുഷാഖ്യാനരീതിയിലേക്ക് കഥ വഴിമാറുകയാണ് ഇവിടെ. കഥാപാത്രത്തിന്റെ അനുഭവാഖ്യാനത്തിനുശേഷം കഥാഗതിയുടെ നിയന്ത്രണം കഥാകൃത്തുതന്നെ ഏറ്റെടുക്കുന്നു. ഇങ്ങനെ വസ്തുനിഷ്ഠമായ ആഖ്യാനത്തിന്റെയും ആത്മനിഷ്ഠ ആഖ്യാനത്തിന്റെയും സാധ്യതകൾ ഒരുപോലെ ഉപയോഗിക്കുകയാണ് കഥാകൃത്ത്. കഥയുടെ പശ്ചാത്തലമായി വായിക്കാവുന്ന യഥാർത്ഥ അനുഭവാഖ്യാനം അനുബന്ധമായി

ചേർത്തുകൊണ്ട് ആഖ്യാനത്തിന്റെ ആത്മനിഷ്ഠസ്വഭാവത്തെ കഥാകൃത്ത് കൂടുതൽ ദൃഢമാക്കുന്നുണ്ട്. 'ഡച്ച് ബംഗ്ലാവിലെ പ്രേതരഹസ്യം' എന്ന കഥയുടെ അനുബന്ധമായ നിധിവേട്ടക്കാരൻ കല്ലമാധവന്റെ കഥ അത്തരത്തിലൊന്നാണ്.

ഹോംസിന് വാട്സൺ എന്നപോലെ തെളിവുകളെ വെളിപ്പെടുത്താൻ അനന്തൻ എന്ന ഒരു പോലീസ് കഥാപാത്രത്തെ എല്ലാ കഥകളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. അനന്തൻ വഴിയാണ് പല കേസന്വേഷണങ്ങളിലേക്കും പ്രഭാകരൻ എത്തിച്ചേരുന്നത്. കുറ്റാന്വേഷകന്റെ യുക്തികളും നിരീക്ഷണങ്ങളും കണ്ടെത്തലുകളും വായനക്കാരോട് കഥാകൃത്ത് വിശദീകരിക്കുന്നതും ഈ കഥാപാത്രത്തിന്റെ സഹായത്താലാണ്. പത്രവാർത്തകളിലെ കൗതുകങ്ങളും പ്രഭാകരനെ അന്വേഷണവഴിയിലേക്ക് തിരിക്കാറുണ്ട്. തെളിവുകളെ മാത്രമല്ല സാക്ഷികളുടെ പ്രസ്താവനകളെയും ആശ്രയിക്കുന്ന അന്വേഷണരീതിയാണ് പ്രഭാകരന്റേത്. ഈ കുറ്റാന്വേഷണ ആഖ്യാനത്തിൽ യുക്തിവിശദീകരണമല്ല മുന്നിട്ടുനില്ക്കുന്നത്. അന്വേഷകന്റെ മനസ്സുകൂടി ഇതിൽ വായിച്ചറിയാൻ കഴിയുന്നു. കുറ്റാന്വേഷകന്റെ കാഴ്ചപ്പാടിലൂടെ മാത്രമല്ല കഥ ആഖ്യാനം ചെയ്യപ്പെടുന്നത്. പ്രഭാകരനുമായുള്ള സംഭാഷണത്തിലൂടെ ഓരോ കഥാപാത്രങ്ങളുടെയും മാനസികാവസ്ഥയും പരിപ്രേക്ഷ്യവും കഥാകൃത്ത് കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്.

കുറ്റാന്വേഷണത്തെക്കാൾ അതിനെ ചൂഴ്ന്നുനില്ക്കുന്ന ജീവിതാഖ്യാനത്തിനും വ്യാഖ്യാനത്തിനുമാണ് ഇന്ദുഗോപൻ ഊന്നൽനല്കുന്നത്. ധാർമികമായ സന്ദേശങ്ങൾ ആഖ്യാനത്തിൽ ഉൾക്കൊള്ളിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്. പാപപുണ്യങ്ങളുടെ ഒരു തലം എല്ലാ കുറ്റാന്വേഷണ കഥകളോടും അദ്ദേഹം ചേർത്തുവയ്ക്കുന്നുണ്ട്. 'ഡച്ച് ബംഗ്ലാവിലെ പ്രേതരഹസ്യം' എന്ന കഥയിൽ ഐജി തന്റെ ഭാര്യയെയും മകനെയും അംഗീകരിക്കാനോ അവർക്ക് സ്വത്ത് നല്കാനോ തയ്യാറായില്ല. പകരം അനന്തിരവൾക്ക് സ്വത്ത് നല്കാനും വാർദ്ധക്യകാലത്ത് തന്റെ പരിചരണത്തിന് കൂടെനിറുത്താനും അയാൾ തീരുമാനിച്ചു. അദ്ദേഹത്തിന്റെ കൊലപാതകത്തിലേക്ക് നയിച്ചത് ഈ കാരണങ്ങളാണ്. അവകാശികളാകട്ടെ ശരിയായ വഴിയിലൂടെ രത്നം ആവശ്യപ്പെടാതെ കൊലപാതകം, ഭവനഭേദനം, മോഷണം തുടങ്ങിയ കുത്സിതമാർഗങ്ങൾ സ്വീകരിച്ചു. അനന്തിരവളുടെ ഭർത്താവ്, നിരപരാധിയായ താണുപെരുമാൾ കുറ്റവാളിയായി മുദ്രകുത്തപ്പെട്ടു. ശേഷിച്ച ജീവിതകാലം മുഴുവൻ അതിന്റെ വേദനയിൽ അയാൾ നീറിനീറി ഒടുങ്ങി. ഈ ശാപം ഐജിയുടെ

ജാരസന്തതിയായ സുരേന്ദ്രൻ നാടാരെയും കുടുംബത്തെയും വേട്ടയാടി. രത്നം കൈവശപ്പെടുത്താൻ അവർക്കു കഴിഞ്ഞില്ല. ദാരിദ്ര്യവും ആത്മഹത്യയും ദുരന്തങ്ങളും അവരെ പിന്തുടർന്നു.

അർഹമല്ലാത്ത ധനം കൈവശം വെച്ചാൽ നാശംവരും എന്ന വിശ്വാസവും അനുഭവങ്ങളും കല്ല മാധവനും ഔവ്വക്കറും ഡിസൂസയും പങ്കുവയ്ക്കുന്നുണ്ട്. അനധികൃതമായി കാൻസർ കുടുക്കകളിലൂടെ പിരിച്ച പണം ചിലവിനുപയോഗിച്ചതാണ് ഔവ്വക്കറിന്റെ കൊച്ചുമകൾക്ക് കാൻസർ വരാനിടയാക്കിയത്. 'രാത്രിയിലൊരു സൈക്കിൾവാല'യിലെ അനിലിനും രത്നം കൈവശപ്പെടുത്താനുള്ള സാഹസികതകൾക്കിടയിൽ ഭാര്യയെ നഷ്ടമായി. ജീവഭയത്താൽ ഒളിച്ചുകഴിയേണ്ട അപകടകരമായ അവസ്ഥയിലാണയാൾ. 'ഒരു പ്രേതബാധിതന്റെ ആത്മകഥ'യിലെ ഹരിയും താൻ അറിയാതെ മറ്റൊരാളുടെ ജീവിതത്തിൽ വരുത്തിയ ദുരന്തത്തിന് കടലു താണ്ടിയും ക്ഷതങ്ങളേറ്റും പാപപരിഹാരം അനുഷ്ഠിക്കുന്നുണ്ട്. ആഖ്യാതാവിന്റെ സദാചാരബോധവും ധാർമികചിന്തയും വഹിക്കുന്നവരാണ് ആഖ്യാനമേറ്റെടുക്കുന്ന പ്രഭാകരനും ഔവ്വക്കറും ഡിസൂസയുമെല്ലാം. കഥാകൃത്തിന്റെ ജീവിതവീക്ഷണം തന്നെയാണ് ആഖ്യാനം നിർവഹിക്കുന്ന ഈ കഥാപാത്രങ്ങളിലും പ്രതിഫലിക്കുന്നത്. ആഖ്യാതാവായ കഥാകൃത്തിന്റെ പ്രത്യയശാസ്ത്രമാണ് ആഖ്യാനത്തിൽ ആധിപത്യം സ്ഥാപിക്കുന്നത്.

വർത്തമാനകാലത്തിൽനിന്നും ഭൂതകാലത്തിലേക്ക് സഞ്ചരിക്കുകയും വർത്തമാനകാലത്തിൽത്തന്നെ തിരിച്ചെത്തുകയും ചെയ്യുന്ന കാലക്രമമാണ് എല്ലാ കഥകൾക്കുംതന്നെ. കഥയ്ക്കുള്ളിൽ കഥ പറയുന്ന ആഖ്യാനരീതി ചില കഥകളിൽ ഉപയോഗിച്ചിട്ടുണ്ട്. ലോക്ക്ഡ് റൂം കഥ എന്ന ആഖ്യാനസങ്കേതം ചിലകഥകളിൽ ഉപയോഗിച്ചിട്ടുണ്ട്. 'ഇന്ന് രാത്രി ആരെന്റെ ചോരയിൽ ആറാടും...?' എന്ന കഥയിൽ അടച്ചിട്ട വീടിനുള്ളിൽ ചില അസാധാരണ അനുഭവങ്ങളുണ്ടാവുന്നു. അതിന് വിശദീകരണം കണ്ടെത്താനാണ് പ്രഭാകരൻ എത്തുന്നത്. 'ഡച്ച് ബംഗ്ലാവിലെ പ്രേതരഹസ്യ'ത്തിൽ ഐജി കൊല്ലപ്പെടുമ്പോൾ മുറിയിൽ മറ്റാരും ഉണ്ടായിരുന്നില്ല. പ്രത്യക്ഷത്തിൽ കുറ്റവാളിയെക്കുറിച്ച് തെളിവുകളൊന്നും കണ്ടെത്താതിരുന്നതിനാലാണ്, വാക്കുതർക്കത്തിന്റെ പേരിലും കൈവശം കീടനാശിനി ഉണ്ടായിരുന്നു എന്ന കാരണത്താലും, നിലവിളി കേട്ട് ആദ്യം ഓടിയെത്തിയ താണുപെരുമാൾ പ്രതിയാക്കപ്പെട്ടത്. 'രണ്ടാം നിലയിലെ ഉടൽ!' എന്ന കഥയിലെ പ്രമേയവും സമാനമാണ്. മുറിയിലുണ്ടായിരുന്ന മറ്റുള്ളവരുടെ കൈയിൽ ആയുധമില്ലാതിരുന്നത് വേലക്കാരിയെ

ഭീഷണിപ്പെടുത്താനായി ഉണ്ടയില്ലാത്ത തോക്കുചൂണ്ടിയ ഹരീന്ദ്രനെ കൊല പാതകിയാക്കി. ഭിത്തി തുറന്ന് തോക്ക് സ്വയം വെടിവെയ്ക്കുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് യഥാർത്ഥപ്രതി കൊലനടത്തിയത്. പ്രഭാകരൻ പരമ്പരയിൽ ശാസ്ത്രീയരീതിയിലുള്ള കുറ്റകൃത്യം ഇത് മാത്രമാണ്. ഇതിലാകട്ടെ പ്രഭാകരൻ കുറ്റാന്വേഷണം നടത്തുകയല്ല മറിച്ച് കുറ്റവാളിയാക്കപ്പെട്ടവന്റെ സത്യാന്വേഷണത്തിന് കൂട്ടുനില്ക്കുകയാണ്. കഥയുടെ സ്ഥലപശ്ചാത്തലം നാട്ടിൻപുറങ്ങളാണ് എന്നതുകൂടിയാണ് ശാസ്ത്രവും സാങ്കേതികവിദ്യകളും ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ ഇതിൽ കുറയാൻ കാരണം. യുക്തിവിചാരവും സൂക്ഷ്മനിരീക്ഷണവും മാത്രം കൈമുതലായുള്ള പ്രഭാകരന് അത്തരം കുറ്റാന്വേഷണങ്ങൾ ഒരു കീറാമുട്ടിയായിരിക്കും.

സമ്പത്തിനോ പെണ്ണിനോ വേണ്ടിയുള്ള കുറ്റകൃത്യങ്ങൾ പ്രഭാകരൻ പരമ്പരയിലെ കഥകളിൽ പൊതുവായി കാണാം. 'ഓപ്പറേഷൻ കത്തിയുമായി ഒരാൾ; പല നഗരങ്ങളിൽ' എന്ന കഥയിലെ ഡോ. അരുൺദത്ത്, 'രണ്ടാം നിലയിലെ ഉടൽ!' എന്ന കഥയിലെ ജോൺ എന്നിവർ സ്നേഹിച്ച പെണ്ണിനെ സ്വന്തമാക്കാനാണ് കൊലപാതകങ്ങൾ ആസൂത്രണം ചെയ്യുന്നത്. 'ഒരു പ്രേതബാധിതന്റെ ആത്മകഥ'യിലും സംഘർഷങ്ങൾക്ക് കാരണമാകുന്നത് ഒളിച്ചോട്ടമാണ്. മറ്റു കഥകളിൽ കുറ്റകൃത്യങ്ങളുടെ മുഖ്യഹേതു രത്നത്തിനോ സമ്പത്തിനോ വേണ്ടിയുള്ള മത്സരങ്ങളും. ദാരിദ്ര്യത്തെയോ സ്നേഹത്തെയോ ചൊല്ലിയുള്ള ഒരു ന്യായീകരണം കുറ്റകൃത്യത്തിൽ ഉൾപ്പെട്ടവർക്ക് നല്കാനുണ്ട്. ചില വിട്ടുകൊടുക്കലുകൾകൊണ്ട് ഒഴിവാക്കാമായിരുന്ന കൊലപാതകങ്ങൾ എന്ന് ആഖ്യാതാവ് തന്നെ പല സന്ദർഭങ്ങളിലും സൂചിപ്പിക്കുന്നു.

തന്റെ ഭാര്യയുടെ ദേഹത്ത് ഒരു തമിഴന്റെ പ്രേതം ആവേശിക്കുന്ന സമയത്താണ് താൻ കുറ്റാന്വേഷണങ്ങൾക്ക് ഇറങ്ങിത്തിരിക്കുന്നത് എന്ന പ്രഭാകരന്റെ പ്രസ്താവന എല്ലാ കുറ്റാന്വേഷണ ആഖ്യാനത്തിലും ആവർത്തിക്കുന്നതാണ്. ഗാർഹസ്ഥ്യനായ പ്രഭാകരന്റെ സ്വാതന്ത്ര്യത്തെ വ്യക്തമാക്കാനാണ് ഈ ആവർത്തനം ആഖ്യാനത്തിൽ ഉപയോഗിക്കുന്നത്. ഓരോ കുറ്റാന്വേഷണ കഥയുടെയും ഉള്ളിൽ കുറ്റവാളിയിലേക്ക് നീട്ടിയെറിയുന്ന ഒരു സൂചന പല സന്ദർഭങ്ങളിൽ ആവർത്തിക്കുന്നതായി കാണാം. ഉദാഹരണമായി, 'ഡച്ച് ബംഗ്ലാവിലെ പ്രേതരഹസ്യം' എന്ന കഥയിൽ 'നീലക്കണ്ണുകൾ' പല സത്യങ്ങളിലേക്കുമുള്ള താക്കോലാണ്. ഐജിയുടെ പ്രേതം പ്രഭാകരന് പ്രത്യക്ഷപ്പെട്ടപ്പോൾ ഐജിയുടേതല്ലാത്ത ആ നീലക്കണ്ണുകൾ പ്രഭാകരൻ ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ മുറിയിൽ ഇടയ്ക്ക് കടക്കുന്ന കരങ്ങെന്നോ

മനുഷ്യനെന്നോ തിരിച്ചറിയാനാവാത്ത ജീവിക്കും ഈ നീലക്കണ്ണുണ്ട്. ഐജിയുടെ ഭാര്യയായ രാജരത്തിനത്തിന് അച്ഛനായ സായിപ്പിൽനിന്നും ലഭിച്ചതാണ് ആ നീലക്കണ്ണുകൾ. മകനിലേക്കും കൊച്ചുമകന്റെ കുട്ടിയിലേക്കും ഈ ജൈവികപാരമ്പര്യം അവർ കൈമാറി. കുറ്റവാളിയെ കണ്ടെത്താൻ പ്രഭാകരനെ സഹായിക്കുന്നത് ഈ നീലക്കണ്ണുകൾക്കു പിന്നിലെ സത്യങ്ങളാണ്.

കഥാകാലത്തിനുള്ളിൽ ചരിത്രകാലത്തെക്കൂടി അടയാളപ്പെടുത്തുന്നുണ്ട് 'ഒരു പ്രേതബാധിതന്റെ ആത്മകഥ'യിൽ. ചരിത്രവും ഭാവനയും ഭ്രമാത്മകതയും ഇടകലർത്തിയ ആഖ്യാനമാണിവിടെ. തിരുവിതാംകൂർചരിത്രത്തിലെ സുപ്രധാന അധ്യായമായ മാർത്താണ്ഡവർമ്മയുടെ ശത്രുപീഡനങ്ങളും നിഗ്രഹങ്ങളും കഥയിൽ കടന്നുവരുന്നുണ്ട്. നീതി നിഷേധിക്കപ്പെട്ടവരുടെ പ്രേതാത്മാക്കൾ മാർത്താണ്ഡവർമ്മയോട് പ്രതികാരം ചെയ്യാനായി കാത്തുകഴിയുകയാണ്. ചരിത്രസത്യങ്ങളും സ്മാരകങ്ങളുമെല്ലാം ഈ കഥയ്ക്ക് വിശ്വസനീയമായ പശ്ചാത്തലമൊരുക്കുന്നു. വേണാടിന്റെ ആസ്ഥാനമായിരുന്ന ഇരണിയൽ കൊട്ടാരത്തിലാണ് വിഭ്രമിപ്പിക്കുന്ന രംഗങ്ങൾ അരങ്ങേറുന്നത്. നായകനായ ഹരി അംഗമായ മദ്രാസ് ഒൻപതാം ബറ്റാലിയൻ മാർത്താണ്ഡവർമ്മ അംഗരക്ഷകർക്കായി സ്ഥാപിച്ച സേനയാണെന്നത് അയാളെ അപകടത്തിലാക്കുന്നുണ്ട്. കഥാഖ്യാനത്തെ ബലപ്പെടുത്താനുള്ള സ്രോതസ്സായി ചരിത്രകാലത്തെ പ്രയോജനപ്പെടുത്തുന്ന എഴുത്തുകാരൻ ചരിത്രത്തെ മഹത്വവത്കരിക്കുകയല്ല, മറിച്ച് പ്രശ്നവത്കരിക്കുകയാണെന്ന് കാണാം.

### ലിംഗപ്രതിനിധാനങ്ങളിലെ സാംസ്കാരികശീലങ്ങൾ

പ്രഭാകരൻ പരമ്പരയിലെ കുറ്റാന്വേഷണകഥകളിൽ ആഖ്യാനത്തിൽ ഇടപെടുന്ന സ്ത്രീകഥാപാത്രങ്ങൾ ചുരുക്കമാണ്. അധികാരവും താല്പര്യങ്ങളും മറ്റുള്ളവരുടെമേൽ അടിച്ചേല്പിക്കുന്ന പുരുഷാധീശത്വത്തിന്റെ പല പ്രതിനിധികളെ ഈ നോവലെറ്റുകളിൽ കണ്ടെത്താം. 'ഡച്ച് ബംഗ്ലാവിലെ പ്രേതരഹസ്യം' എന്ന കഥയിൽ ഐജിയുടെ നിർബന്ധബുദ്ധി മൂന്നു സ്ത്രീകളുടെ ജീവിതമാണ് പ്രതിസന്ധിയിലാക്കിയത്. സ്വത്തിന്റെയും അധികാരസ്ഥാനത്തിന്റെയും ജാത്യാഭിമാനത്തിന്റെയും അഹങ്കാരമാണ് അയാളുടെ പ്രവൃത്തികളെ നിർണയിച്ചത്. ഭർത്താവിനോടോ അമ്മാവനോടോ വിധേയത്വം പുലർത്തേണ്ടത് എന്നറിയാതെ കുഴങ്ങുന്ന അനന്തന്റെ അമ്മ. ഭർത്താവിനാൽ അംഗീകരിക്കപ്പെടാതെ നിത്യദാരിദ്ര്യത്തിൽ കഴിഞ്ഞുകൂട്ടുന്ന രാജരത്തിനം. സായിപ്പിന് വേലക്കാരിയിൽ ജനിച്ച രാജരത്തിനം മറ്റൊരു ചൂഷണവ്യവസ്ഥിതിയുടെ കൂടി ഉദാഹരണമാണ്. സ്നേഹിച്ച പുരുഷനെ വിവാഹം കഴിക്കാനായി കാത്തിരുന്ന്

ഒടുവിൽ സമുദായത്തിൽ നിന്നുപോലും വിവാഹം കഴിക്കാൻ ആരുമെത്താത്ത അവസ്ഥയിൽ ആത്മഹത്യ ചെയ്ത പുസ്തകസ്വാമിയാരുടെ പ്രണയിനിയായ പഠാണി പെൺകുട്ടി. ഐജിയുടെ അധികാര പ്രയോഗമാണ് ഈ സ്ത്രീകളുടെ ജീവിതത്തെ നരകതുല്യമാക്കിയത്.

താൻ സ്നേഹിച്ച പെൺകുട്ടിയെ അവളുടെ തിരഞ്ഞെടുപ്പിനെ മാനിക്കാതെ വർഷങ്ങളോളം തടങ്കലിൽ പാർപ്പിക്കുന്ന 'ഓപ്പറേഷൻ കത്തിയുമായി ഒരാൾ; പല നഗരങ്ങളിൽ' എന്ന കഥയിലെ ഡോ. അരുൺദത്ത്, പ്രണയബന്ധങ്ങളിൽ സ്വാർത്ഥരാവുന്ന കാമുകന്മാരുടെ പ്രതീകമാണ്. ഒടുവിൽ തടങ്കലിൽ തന്നെ കഴിയാൻ ഇഷ്ടപ്പെടുന്ന മനോനിലയിലെത്തിയ ആ പെൺകുട്ടി തടങ്കലായിത്തീരുന്ന ദാമ്പത്യവ്യവസ്ഥയിൽ പുറത്തുകടക്കാനാവാതെ ബലിയാടുകളാവുന്ന സ്ത്രീകളുടെ പ്രതീകമാവുന്നു. വേലക്കാരികളെ ചൂഷണം ചെയ്യുന്ന, ഭാര്യയുടെ നഗ്നത തന്റെ അവകാശമായി കരുതുന്ന ഹരീന്ദ്രൻ പുരുഷാധികാരത്തിന്റെ മറ്റൊരുമുഖമാണ്. ഭാര്യയെ താമസിപ്പിക്കുന്ന മുറിയിൽ അവളെ നിരീക്ഷിക്കാൻ, അവളുടെ നഗ്നത ആസ്വദിക്കാൻ അയാൾ ക്ലോസ് സർക്യൂട്ട് ടി.വി. സ്ഥാപിക്കുന്നു. ഭാര്യയോടുള്ള അയാളുടെ സമീപനം ഉപഭോഗവസ്തുവിനോടുള്ളതാണ്. അയാളുടെ സംഭാഷണങ്ങളിലെല്ലാം ഈ വസ്തുവത്കരണം വെളിപ്പെടുന്നുണ്ട്. രാജുവിന്റെ സാഹസങ്ങൾക്ക് ബലിയാടാവേണ്ടിവന്ന സജിത, വേട്ടയാടപ്പെടുന്ന മകൾ മരിയ, ഇങ്ങനെ ഇര എന്ന സ്വത്വത്തിലാണ് ഭൂരിഭാഗം സ്ത്രീകഥാപാത്രങ്ങളും അടയാളപ്പെടുന്നത്.

വേട്ടയാടുന്ന ഗണത്തിൽ ഉൾപ്പെടുന്ന ഏകസ്ത്രീകഥാപാത്രം തീവ്രവാദി സംഘത്തിലെ കണ്ണിയായ സ്റ്റെല്ലയാണ്. അബലതയും ചപലതയും സ്ത്രീസഹജമായി കാണുന്ന സാമൂഹികവ്യവസ്ഥയെ പല കഥാപാത്രചിത്രീകരണങ്ങളും പ്രതിഫലിപ്പിക്കുന്നുണ്ട്. വൈകാരികമായി പ്രതികരിക്കുന്നവരാണ് സ്ത്രീകൾ എന്ന സാംസ്കാരികകാഴ്ചപ്പാടിലാണ് പെൺകഥാപാത്ര ചിത്രീകരണങ്ങൾ. സ്വന്തംപങ്കാളിയെ തിരഞ്ഞെടുത്ത ലാലി അപക്വയായാണ് അവതരിപ്പിക്കപ്പെടുന്നത്. സ്വതന്ത്രമായ സ്വത്വം പ്രകടിപ്പിക്കുന്ന സ്ത്രീകഥാപാത്രങ്ങളാകട്ടെ പരിഹാസിതരാവുന്നു അല്ലെങ്കിൽ മറ്റൊരു അതിഭൗതികശക്തിയുടെ പിന്തുണയുള്ളവരായി കണക്കാക്കപ്പെടുന്നു. ശക്തനായ ഒരു പുരുഷന്റെ ഭൂതബാധ പ്രഭാകരൻ പരമ്പരയിലെ രണ്ടു സ്ത്രീകഥാപാത്രങ്ങളെ ശക്തരാക്കുന്നതായി കാണാം. പ്രഭാകരന്റെ ഭാര്യയുടെ ദേഹത്ത് ഒരു തമിഴന്റെ പ്രേതം ആവേശിക്കുമ്പോഴാണ് അയാൾ കുറ്റാന്വേഷണത്തിന് ഇറങ്ങുന്നത്. ഈ സമയത്ത് തന്റെ ഭാര്യ ഇരട്ടി ജോലിചെയ്യുമെന്ന് അയാൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഭർത്താവിന്റെ മദ്യപാനം നിയന്ത്രിക്കാനാവാത്ത സുജാതയും തന്റെ ശരീരത്തിൽ ഒരു പ്രേതത്തെ ആവാഹിച്ചുകൊണ്ടാണ് ശക്തി പ്രകടിപ്പിക്കുന്നത്.

'രക്തനിറമുള്ള ഓറഞ്ച്' എന്ന കഥയിലെ ഔവ്വക്കറും 'ഒരു പ്രേതബാധിതന്റെ ആത്മകഥ'യിലെ ഹരിയും തങ്ങൾക്ക് വന്ന പാളിച്ചയിൽ ഭാര്യയുടെ ശക്തമായ പ്രേരണയെ കൂട്ടുപിടിക്കുന്നുണ്ട് അല്ലെങ്കിൽ അവരുടെമേൽ കുറ്റം ആരോപിക്കുന്നുണ്ട്. പെണ്ണിന്റെ ഉപദേശം സ്വീകരിച്ചതിനാലാണ് തങ്ങൾക്ക് തെറ്റുപറ്റിയത് എന്നൊരു ധാരണയാണ് അവരുടെ അനുഭവാഖ്യാനത്തിൽ മുഴച്ചുനില്ക്കുന്നത്. താൻ സേട്ടുവിന്റെ വഴിയിൽനിന്നും പിന്തിരിഞ്ഞപ്പോഴെല്ലാം ഭാര്യയായ അസൂറയാണ് വീണ്ടും ആ വഴി സ്വീകരിക്കാൻ നിർബന്ധിച്ചത് എന്ന് അബൂബക്കർ ആവർത്തിച്ച് പറയുന്നുണ്ട്. ഒളിച്ചോട്ടത്തിനും പിന്നീടുണ്ടായ വാഹനാപകടത്തിനും മൂലകാരണമായി ഹരി പറയുന്നത് ലാലിയുടെ ചപലതയാണ്. പുരുഷന്മാരാൽ സംരക്ഷിക്കപ്പെടേണ്ടവരാണ് സ്ത്രീകൾ എന്നവിചാരവും പല പുരുഷകഥാപാത്രങ്ങളും വച്ചുപുലർത്തുന്നുണ്ട്. താൻ നാടുവിട്ടുപോകുമ്പോഴെല്ലാം അസൂറയുടെ സംരക്ഷണം മകനെ ഏല്പിച്ചു എന്ന് ആഖ്യാനത്തിൽ ആവർത്തിച്ചു പറയുന്ന ഔവ്വക്കർ, 'ഇന്നു രാത്രി ആരെന്റെ ചോരയിൽ ആറാടും...?' എന്ന കഥയിൽ സഹോദരിയുടെ സംരക്ഷണത്തിൽ പ്രതിജ്ഞാബദ്ധരായ സഹോദരന്മാർ എന്നിവർ ഇതിന് ഉദാഹരണങ്ങളാണ്.

'രണ്ടാം നിലയിലെ ഉടൽ!' എന്ന കഥയിൽ വേലക്കാരികളുമായി അവിഹിതബന്ധങ്ങൾ ശീലമാക്കിയ ഹരീന്ദ്രൻ എന്ന പട്ടാള ഉദ്യോഗസ്ഥൻ ഭാര്യയുടെ വിവാഹപൂർവ്വ ബന്ധത്തെക്കുറിച്ച് അറിയുമ്പോൾ, വിവാഹബന്ധത്തിലെ ഇരുവരുടെയും അവിശ്വസ്തത സമാസമം എന്ന് പറഞ്ഞ് തന്റെ പക്ഷത്തെ ന്യായീകരിക്കുന്നു. ഹരീന്ദ്രന്റെ കഥകേൾക്കുന്ന പോലീസുദ്യോഗസ്ഥരുടെ പ്രതികരണങ്ങൾ, മലയാളിസമൂഹത്തിലെ ലിംഗ അനീതികളെക്കുറിച്ചുള്ള എഴുത്തുകാരന്റെ നിലപാട് വ്യക്തമാക്കുന്നതാണ്. സ്ത്രീയുടെ സദാചാരത്തെക്കുറിച്ചാണ് മലയാളിസമൂഹം എപ്പോഴും അസ്വസ്ഥരാകുന്നത്.

### വർഗ്ഗരാഷ്ട്രീയം

ലോകക്രമത്തെയും മനുഷ്യബന്ധങ്ങളെയും നിർണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു സുപ്രധാന ഘടകമാണ് സമ്പത്ത്. 'രക്തനിറമുള്ള ഓറഞ്ച്' എന്ന കഥയിലെ മിതിലാജിന്റെ വാക്കുകൾ കടമെടുത്താൽ:"പണത്തെ പ്രതിയല്ലിയോ പടച്ചോൻ ഈ കളിയത്രേം കളിക്കുന്നത്. മനുഷ്യന് അഹങ്കാരമുണ്ടാക്കുന്നതും ഇല്ലാതാക്കുന്നതും. പാമ്പും കോണീം കളിക്കാൻ, പടച്ചോന് പകിട വേണ്ടേ...അതാണ് കാശ്!" (2020: 334). സമൂഹത്തിലെ

സാമ്പത്തികവർഗങ്ങളുടെ പ്രതിനിധാനം തന്നെയാണ് ഡിറ്റക്ടീവ് പ്രഭാകരൻ പരമ്പരയിലെ കഥകളിൽ അവതരിപ്പിക്കുന്നത്. അധ്വാനിച്ച് നിത്യവൃത്തി കഴിക്കുന്നവർ, ഉദ്യോഗസ്ഥന്മാർ, സാമ്പത്തിക തട്ടിപ്പുകാർ, മുതലാളിമാർ, ഇടനിലക്കാർ, രത്നഖനനം നടത്തുന്നവർ, കള്ളക്കടത്തുകാർ എന്നിങ്ങനെ സാമ്പത്തിക ലോകത്തിന്റെ ഒരു പരിച്ഛേദം തന്നെ പ്രഭാകരൻ പരമ്പരയിലെ കഥകളിലുണ്ട്. എന്നാൽ രാഷ്ട്രീയ ഇടപെടലുകളെ അദ്ദേഹം ബോധപൂർവ്വം ഒഴിച്ചുനിറുത്തിയിരിക്കുന്നു.

ചില പെരുമാറ്റരീതികൾ മാത്രമാണ് സമ്പന്നനെയും പാവപ്പെട്ടവനെയും വേർതിരിക്കുന്നത് എന്ന സത്യത്തെ ഔവ്വക്കറിന്റെ വേഷപ്പകർച്ചയിലൂടെ പറഞ്ഞുവയ്ക്കുന്നുണ്ട്. രാവിലെ സ്റ്റാൻഡിൽ ഓറഞ്ച് കച്ചവടം കഴിഞ്ഞ് ഉച്ചയോടെ ജുബ്ബയും വിഗ്ഗും സ്വർണക്കണ്ണടയും വാക്കിങ്ങ് സ്റ്റിക്കുമായി ഔവ്വക്കർ അബൂബക്കറിലേക്ക് കൂടുമാറ്റം നടത്തുന്നു. അയാൾ പ്രഭാകരനോട് പറയുന്നു: “എത്ര പണമുണ്ടെങ്കിലും ചെയ്യാൻ പറ്റുന്നത് ഒന്നേയുള്ളുവെന്ന് എനിക്ക് മനസ്സിലായി. തിന്നുക, കുടിക്കുക, മദിക്കുക, വലിയ കാറിൽ കയറുക, പുതിയ വീട്, തുണി, ഫോൺ തുടങ്ങി നമുക്ക് അത്യാവശ്യമില്ലാത്ത കാര്യങ്ങളെക്കുറിച്ചൊക്കെ ചർച്ച ചെയ്ത് ആയുസ്സ കളയുക” (2020: 321). സമ്പത്തുള്ളവനാകട്ടെ പണത്തിന്റെ പ്രലോഭനത്തെ ചെറുക്കാനാവാതെ ഭ്രാന്തമായി അതിനു പിന്നാലെ പായുന്നു. ‘രക്തനിറമുള്ള ഓറഞ്ച്’ എന്ന കഥയിലെ അശോകൻ മുതലാളിയുടെ കഥാപാത്രചിത്രീകരണം ഇപ്രകാരമാണ്. സമ്പന്നനാകാനും ദരിദ്രനാവാനും നിമിഷങ്ങൾ മതി എന്ന സത്യത്തെ കല്ലു മാധവന്റെ അനുഭവാഖ്യാനത്തിലൂടെ കഥാകൃത്ത് സാക്ഷ്യപ്പെടുത്തുന്നു. രത്നഖനനത്തിനിറങ്ങി മണ്ണു കുഴിച്ചും വെള്ളംഅരിച്ചും ദരിദ്രരായ ധാരാളംപേരെ ‘ഡച്ചു ബംഗ്ലാവിലെ പ്രേതരഹസ്യ’ത്തിന്റെ അനുബന്ധകഥയിൽ കാണാം. ‘രാത്രിയിലൊരു സൈക്കിൾവാല’യിലും ‘ഡച്ചു ബംഗ്ലാവിലെ പ്രേതരഹസ്യ’ത്തിലും രത്നത്തിന് വേണ്ടിയുള്ള കൊലപാതകങ്ങൾ അരങ്ങേറുന്നു.

സമ്പത്ത് സാധാരണക്കാരന് ക്രയവിക്രയത്തിന് വിട്ടുകൊടുക്കുന്ന സേട്ടുമുതലാളി താഴ്ന്നവനെ ഉയർത്തുകയും പണത്തിൽ അഹങ്കരിക്കുന്നവനെ ശിക്ഷിക്കുകയും ചെയ്യുന്നു. സെലാവുദ്ദീനും ഔവ്വക്കറും അദ്ദേഹം വഴിയരികിൽ നിന്ന് ഉയർത്തിയവരാണ്. ഔവ്വക്കറിന്റെ പണം തട്ടിയെടുത്ത് ആർഭാടത്തിനു പയോഗിച്ച അശോകന്റെ സാമ്പത്തികനിലയെ അയാൾ താറുമാറാക്കുന്നുണ്ട്. സത്യസന്ധതയും വിശ്വസ്തതയുമാണ് അയാൾ പരിശോധിക്കുന്നത്. സമ്പത്ത് മോഹിക്കാതെ സമൂഹത്തിലെ സാമ്പത്തികനീതിയെക്കുറിച്ച് ചിന്തിക്കുന്ന

ചില കഥാപാത്രങ്ങളെയും ഈ കഥകളിൽ കാണാം. സമ്പത്ത് ഒരു വിഭാഗത്തിലേക്ക് കുന്നുകൂടുന്നതിൽ അവർ അസ്വസ്ഥരാണ്. പണം അർഹിക്കുന്നവരുടെ അവകാശമാണെന്ന് അവർ വിശ്വസിക്കുന്നു. സേട്ടുവും സാമ്പത്തിക തട്ടിപ്പുകൾക്ക് ബുദ്ധി ഉപദേശിക്കുന്ന മിതിലാജും ഈ മനസ്ഥിതി പുലർത്തുന്നവരാണ്. ഈ മനോഭാവം അടുത്ത തലമുറയ്ക്ക് കൈമോശം വന്നതായി പ്രഭാകരൻ വ്യസനിക്കുന്നു. തട്ടിപ്പിന്റെ നൂതന സാധ്യതകളെക്കുറിച്ച് മനസ്സിലാക്കുന്ന അയാൾ ആശങ്കാകുലനാണ്.

സമ്പന്നർ, ദരിദ്രർ, മധ്യവർഗക്കാർ എന്ന ഭേദമില്ലാതെ പണം ആവശ്യക്കാരന് ഉപകരിക്കുന്ന ഒരു സാമ്പത്തികവ്യവസ്ഥയാണ് പ്രഭാകരൻ പരമ്പരയിലൂടെ എഴുത്തുകാരന് വിഭാവനം ചെയ്യുന്നത്. ഏതെങ്കിലും സാമ്പത്തിക വർഗ്ഗങ്ങളിലോ മതവിഭാഗങ്ങളിലോ കുറ്റകൃത്യങ്ങൾ ആരോപിക്കുന്ന ശൈലിയിൽനിന്നും കഥാകൃത്ത് ബോധപൂർവ്വം ഒഴിഞ്ഞുനില്ക്കുന്നു. എല്ലാ ജനവിഭാഗങ്ങളുടെയും പ്രതിനിധികളെ പ്രഭാകരന് പരമ്പരയിലെ ഓരോ കഥകളിലായി സ്ഥാനപ്പെടുത്തുന്നുണ്ട്. ജാതി-ലിംഗ-സാമ്പത്തിക ഭേദമില്ലാതെ കുറ്റവാസന എല്ലാവരിലും ഉണ്ട് എന്ന വസ്തുതയാണ് അദ്ദേഹം പറഞ്ഞുവയ്ക്കുന്നത്.

## ഗ്രന്ഥസൂചി


1. ഇന്ദുഗോപൻ, ജി.ആർ., 2020, ഡിറ്റക്ടീവ് പ്രഭാകരൻ, ഡി.സി. ബുക്സ്, കോട്ടയം.
2. ഇന്ദുഗോപൻ, ജി.ആർ., 2020, ട്വിങ്കിൾ റോസയും പന്ത്രണ്ട് കാമുകന്മാരും, ഡി.സി. ബുക്സ്, കോട്ടയം.
3. രാധാകൃഷ്ണൻ നായർ ഡി., 2000, ആഖ്യാനവിജ്ഞാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. രാധാകൃഷ്ണൻ, പി.എസ്., 2017, എതിർദിശകൾ സാഹിത്യചരിത്രത്തിലെ പക്ഷപാതങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ശ്രീകുമാർ എ.ജി. (എഡി.), 2014, ജനപ്രിയസാഹിത്യം മലയാളത്തിൽ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
6. ഹമീദ്, 2015, അപസർപ്പക കഥകൾ ചരിത്രവഴികളിലൂടെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


*anupamavjames@gmail.com*

# കുറ്റാന്വേഷണനോവൽ: ആഖ്യാനവും സംസ്കാരവും

ഇന്ദുശ്രീ കെ.
ഗവേഷക, മലയാളവിഭാഗം, ശ്രീ നീലകണ്ഠ ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി

### പ്രബന്ധസംഗ്രഹം

പുതിയ കുറ്റാന്വേഷണനോവലുകൾ മലയാളനോവലിൽ ഉണ്ടാക്കിയ ഭാവുകത്വവിച്ഛേദനത്തെ പഠനവിധേയമാക്കാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്. കേരളീയരുടെ മാറുന്ന സദാചാരബോധവും ജീവിതവീക്ഷണവും ജനപ്രിയ നോവലുകളിൽ പ്രതിഫലിക്കുന്നുണ്ടെന്ന് ഈ പഠനം തിരിച്ചറിയുന്നു. പുതിയ അപസർപ്പകനോവലുകളുടെ ജനപ്രിയതയെ പഠനവിധേയമാക്കുമ്പോൾ സമൂഹമാധ്യമങ്ങൾക്ക് ഇക്കാലത്തെ വായനാസംസ്കാരത്തെ നിർണ്ണയിക്കുന്നതിൽ ഗണ്യമായ പങ്കുണ്ടെന്ന് മനസ്സിലാക്കാം. ജിസ ജോസിന്റെ 'ഡാർക്ക് ഫാന്റസി' , ലാജോ ജോസിന്റെ 'ഹൈഡ്രേഞ്ചിയ', ശ്രീപാർവ്വതിയുടെ 'പോയടി കില്ലർ', ജി ആർ ഇന്ദുഗോപന്റെ 'സ്കാവഞ്ചർ' എന്നീ കുറ്റാന്വേഷണനോവലുകളാണ് ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കുന്നത്.

**താക്കോൽ വാക്കുകൾ:** ജനപ്രിയത, സൈബർ സംസ്കാരം, സാങ്കേതികവിദ്യ, സദാചാരസങ്കല്പം, ലിംഗനീതി

പൊതുസമൂഹം ആസ്വദിക്കുന്ന രചനകൾ എന്ന നിലയിൽ ഗൗരവമുള്ള പഠനങ്ങൾ നടക്കേണ്ട ഒരു മേഖലയാണ് കുറ്റാന്വേഷണസാഹിത്യം. എന്നാൽ, നിരൂപകരും സാഹിത്യചരിത്രങ്ങളും ഈ സാഹിത്യശാഖയെ അവഗണിക്കുകയാണുണ്ടായത്. ഒട്ടേറെ വായനക്കാരുണ്ടായിട്ടും കുറ്റാന്വേഷണകൃതികൾ ഉൾപ്പെടെയുള്ള ജനപ്രിയസാഹിത്യത്തെ അക്കാദമികസമൂഹം 'ശരിയായ സാഹിത്യത്തിന്റെ' അപരമേഖലയിൽ പ്രതിഷ്ഠിച്ചു. നിലവാരം കുറഞ്ഞതും അതിവൈകാരികവും ഉപരിപ്ലവവുമായ രചനകളാണ് ജനപ്രിയനോവലുകൾ എന്ന ധാരണ നിരൂപകർക്കിടയിൽ പ്രബലമായിരുന്നു. മലയാളത്തിൽ

ജനപ്രിയസാഹിത്യത്തിന് സവിശേഷമായ ഭാവവും ആഖ്യാനഘടനയും കൈവരുന്നത് 1950 കളിലാണ്. വാമൊഴി കേന്ദ്രീകൃതമായ ജനപ്രിയസംസ്കാരത്തിൽനിന്ന് അച്ചടി കേന്ദ്രീകൃതമായ ജനപ്രിയസംസ്കാരത്തിലേക്ക് ജനങ്ങൾ മാറിയത് ഇക്കാലത്താണ്. കേരളത്തിൽ അച്ചടി ആരംഭിച്ച കാലത്ത് വിദ്യാഭ്യാസം, മതപ്രചാരണം, ലോകബോധം തുടങ്ങിയ വിഷയങ്ങൾക്ക് പ്രാധാന്യമുള്ള പുസ്തകങ്ങളും പത്രങ്ങളുമാണ് പ്രസിദ്ധീകരിക്കപ്പെട്ടിരുന്നത്. കൂടുതൽ ജനങ്ങൾ സാക്ഷരത നേടിയതോടെ അറിവു നേടാനുള്ള വായനയ്ക്കുപരിയായി വിനോദത്തിനുള്ള വായനയ്ക്ക് പ്രാധാന്യം ലഭിച്ചു. വായനശാലകൾ ആരംഭിക്കുകയും പത്രമാസികകൾ സാർവത്രികമാവുകയും ചെയ്ത ആ കാലഘട്ടത്തിൽ ജനപ്രിയനോവലുകൾക്ക് വലിയ പ്രചാരംലഭിച്ചു. ലളിതവും ആകാംക്ഷയുണർത്തുന്നതുമായ രചനാശൈലി, വാമൊഴിയുടെ പ്രയോഗം, പ്രാദേശികമായ കഥാപശ്ചാത്തലം, ഗഹനമായ ചിന്തകളെക്കാൾ വൈകാരികതയ്ക്ക് പ്രാധാന്യം നൽകുന്ന കഥാഗതി തുടങ്ങിയ ഘടകങ്ങൾ ഈ നോവലുകളെ വായനക്കാർക്ക് പ്രിയങ്കരമാക്കി. അൻപതുകളിൽ പ്രണയവും ദാരിദ്ര്യവും പ്രമേയമായ മുട്ടത്തുവർക്കിയുടെ നോവലുകൾ സാധാരണജനങ്ങൾക്കിടയിൽ വലിയ പ്രചാരം നേടി. ഇണപ്രാവുകൾ, പാടാത്ത പൈങ്കിളി, മറിയക്കുട്ടി, വഴിതെറ്റിവന്ന മാലാഖ എന്നിവ അദ്ദേഹത്തിന്റെ പ്രസിദ്ധമായ കൃതികളാണ്.

മലയാളത്തിൽ അപസർപ്പകനോവലുകൾ വായനക്കാരിലെത്തുന്നത് അറുപതുകളിലാണ്. എഴുപതുകളിലും എൺപതുകളിലും ഈ സാഹിത്യമേഖലയ്ക്ക് പ്രചാരമേറി. കുടുംബബന്ധങ്ങൾക്കും വൈകാരികസംഘർഷങ്ങൾക്കും പ്രാധാന്യം നൽകിയിരുന്ന പ്രണയനോവലുകളിൽനിന്നു വ്യത്യസ്തമായി അന്വേഷണത്വരയും സാഹസികതയും നിറഞ്ഞ പുതിയ വായനാനുഭവം നൽകിയ അപസർപ്പകനോവൽ കുട്ടികളേയും മുതിർന്നവരേയും ആകർഷിച്ചു. കുറ്റാന്വേഷണനോവലുകളെ വിപണിയിൽ സജീവമാക്കിയത് കോട്ടയം പുഷ്പനാഥാണ്. അദ്ദേഹം സൃഷ്ടിച്ച ഡിറ്റക്ടീവ് മാർക്സിൻ എന്ന കഥാപാത്രം പ്രശസ്തി നേടിയിരുന്നു. ബ്രാംസ്റ്റോക്കറുടെ ഡ്രാക്കുളയ്ക്ക് കോട്ടയം പുഷ്പനാഥ് എഴുതിയ അനുബന്ധങ്ങൾക്ക് ധാരാളം വായനക്കാരുണ്ടായി. ബാറ്റൺ ബോസ്, പ്രണാബ്, തോമസ് ടി. അമ്പാട്ട് എന്നീ എഴുത്തുകാർ എൺപതുകളിലെ പ്രശസ്തരായ കുറ്റാന്വേഷണസാഹിത്യ രചയിതാക്കളായിരുന്നു. സമകാലിക സംഭവങ്ങളെ അടിസ്ഥാനമാക്കി ബാറ്റൺ ബോസ് എഴുതിയ നോവലുകൾക്ക് നല്ല പ്രചാരം ലഭിച്ചു. വൈദേശികമായ പശ്ചാത്തലത്തിലും ശൈലിയിലും

എഴുതിയിരുന്ന കുറ്റാന്വേഷണനോവലുകളോട് വായനക്കാർക്ക് ഉണ്ടായിരുന്ന താത്പര്യം തൊണ്ണൂറുകളോടെ കുറഞ്ഞുതുടങ്ങി. കുറച്ചുകാലത്തേക്ക് മാന്ത്രിക നോവലുകൾക്ക് വായനക്കാർക്കിടയിൽ പ്രചാരം ഉണ്ടായിരുന്നു. മോഹനചന്ദ്രന്റെ 'കലിക' പി വി തമ്പിയുടെ 'ശ്രീകൃഷ്ണപ്പരുന്ത്' എന്നിവ വായനക്കാരുടെ ശ്രദ്ധനേടിയ മാന്ത്രികനോവലുകളായിരുന്നു.

### മാധ്യമങ്ങളും ജനപ്രിയതയും

തൊണ്ണൂറുകളുടെ പകുതിയോടെ കുറ്റാന്വേഷണസാഹിത്യത്തിന് പ്രചാരം കുറഞ്ഞു. അച്ചടികേന്ദ്രീകൃതമായ ജനപ്രിയസംസ്കാരത്തിൽനിന്ന് ടെലിവിഷൻ കേന്ദ്രീകൃതമായ ജനപ്രിയസംസ്കാരത്തിലേക്ക് മലയാളികൾ മാറാൻ തുടങ്ങിയത് ഈ കാലഘട്ടത്തിലാണ്. ടെലിവിഷന് പ്രചാരം കിട്ടിയതോടെ ജനപ്രിയനോവലുകൾ ടെലിവിഷൻ പരമ്പരകളായി പരിണമിക്കുകയും വലിയതോതിൽ പ്രേക്ഷകശ്രദ്ധ നേടുകയും ചെയ്തു. ദൃശ്യമാധ്യമങ്ങളുടെ സ്വാധീനംകാരണം ജനങ്ങളുടെ വായനാശീലത്തിന് കാര്യമായ കുറവുണ്ടായി. 'അൻപതുകൾതൊട്ട് ക്രമത്തിൽ വളരുന്ന മലയാളത്തിലെ ജനപ്രിയ നോവൽ, സിനിമ എന്നിവ തളർച്ച നേരിട്ടു തുടങ്ങിയ വർഷങ്ങളാണ് തൊണ്ണൂറുകളുടെ രണ്ടാംപകുതി. ടെലിവിഷൻ പരമ്പരകളും വർത്തമാനപത്രങ്ങളും ചേർന്ന് സംസ്കാരത്തിന്റെ സിംഹാസനങ്ങളിൽനിന്ന് ജനപ്രിയവാരികകളേയും സിനിമയേയും സ്ഥാനഭ്രഷ്ടമാക്കിത്തുടങ്ങിയ കാലഘട്ടമാണിത്.' (ജേക്കബ്, ഷാജി 2009: 74) രണ്ടായിരങ്ങൾ ആരംഭിച്ചതോടെ വി സി ഡി കൾ കേരളത്തിൽ പ്രചാരം നേടി. സിനിമകൾ യഥേഷ്ടം വീട്ടിലിരുന്ന് കാണാമെന്ന സാഹചര്യം വന്നതോടെ കുറ്റാന്വേഷണ നോവലുകളുടെ ആസ്വാദകരായിരുന്ന യുവാക്കൾ ഹോളിവുഡ് ക്രൈം ത്രില്ലർ, ആക്ഷൻ സിനിമകളിലേക്ക് ആകൃഷ്ടരായി. ആർതർ കോനൻ ഡോയലിന്റേയും അഗതാ ക്രിസ്റ്റിയുടെയും കൃതികൾ കുറ്റാന്വേഷണസാഹിത്യത്തിലെ ക്ലാസിക്കുകൾ എന്ന പദവിയോടെ പുസ്തക്കടകളിൽ നിലനിന്നുവെങ്കിലും ഒരുകാലത്ത് കേരളത്തിലെ വായനക്കാർക്കിടയിൽ ഹരമായിരുന്ന കുറ്റാന്വേഷണകൃതികൾ പാടേ വിസ്മരിക്കപ്പെട്ടു. ഏറെക്കാലം മലയാളത്തിലെ അപസർപ്പകസാഹിത്യം നിശ്ചലമായിത്തുടർന്നു.

സമീപകാലത്ത് മലയാളസാഹിത്യത്തിൽ പുതുമയുള്ള അപസർപ്പകനോവലുകൾ ആസ്വാദകരുടെ ശ്രദ്ധനേടുന്നതായി കാണാം. കുറ്റാന്വേഷണനോവലുകളുടെ ദീർഘകാലത്തെ അഭാവംതന്നെ പുതിയ കുറ്റാന്വേഷണ നോവലുകൾ വായിച്ചു നോക്കാനുള്ള ആകാംക്ഷ വായനക്കാരിലുണ്ടാക്കാൻ കാരണമായി. അൻപതുകളിൽ അച്ചടിയും തൊണ്ണൂറുകളിൽ ടെലിവിഷനും

ജനപ്രിയസംസ്കാരത്തെ പരിവർത്തനവിധേയമാക്കിയതു പോലെ, സമീപകാലത്ത് ഇന്റർനെറ്റും സമൂഹമാധ്യമങ്ങളും ഭാവുകത്വവിച്ഛേദനത്തിന്റെ ചാലകങ്ങളാകുന്നു. വിവരവിനിമയസാങ്കേതികവിദ്യയുടെ വികാസം കഴിഞ്ഞദശകത്തിലെ സാംസ്കാരികമാറ്റത്തെ ഗാഢമായി സ്വാധീനിച്ചിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യങ്ങൾ ജനങ്ങൾക്ക് ലഭ്യമാകാൻ തുടങ്ങിയപ്പോൾ, ദൃശ്യമാധ്യമങ്ങൾക്ക് പ്രാധാന്യം കുറയാൻ തുടങ്ങി. വാർത്താവിനിമയത്തിലും വിനോദമേഖലയിലും ടെലിവിഷന് ഉണ്ടായിരുന്ന സവിശേഷസ്ഥാനം നഷ്ടമായി. ഫേസ്ബുക്ക് പോലുള്ള സമൂഹമാധ്യമങ്ങൾ ആളുകൾക്ക് സംശോധകരുടെ ഇടപെടലില്ലാതെ സാഹിത്യരചനകൾ പ്രസിദ്ധീകരിക്കാനുള്ള സ്വാതന്ത്ര്യമുള്ള ഇടങ്ങളായി. വായനക്കാർക്ക് വായനാനുഭവം പങ്കുവയ്ക്കാനും എഴുത്തുകാരോട് നേരിട്ടു സംവദിക്കാനുമുള്ള അവസരം ഇങ്ങനെയുള്ള സൈബറിടങ്ങളിലുണ്ട്. എഴുത്ത് മുതൽ പുസ്തകപ്രസാധനം വരെയുള്ള ഘട്ടങ്ങളിൽ ആസ്വാദകരെ പങ്കാളികളാക്കാനും സൗഹൃദം നിലനിർത്താനുമുള്ള സാധ്യതയും സോഷ്യൽമീഡിയ നൽകുന്നു. അഖിൽ പി ധർമ്മജന്റെ ഓജോ ബോർഡ് ഫെയ്സ്ബുക്കിൽ ഖണ്ഡശ: പ്രസിദ്ധീകരിച്ച നോവലാണ്. ആ നോവൽ പുസ്തകമാക്കിയത് ആസ്വാദകർ ക്രൗഡ് ഫണ്ടിംഗ് നടത്തിയാണ്. മാന്ത്രികതയും കുറ്റാന്വേഷണകഥയും ചേർത്തെഴുതിയ 'ഓജോ ബോർഡി'ന് വായനക്കാരിൽനിന്ന് നല്ല പ്രതികരണം ലഭിച്ചു. ലാജോ ജോസിന്റെ 'റൂത്തിന്റെ ലോകം' എന്ന സൈക്കോളജിക്കൽ ക്രൈം ത്രില്ലർ നോവൽ വായനക്കാർ എഴുതിയ രണ്ട് ക്ലൈമാക്സുകൾ കൂടി ചേർത്ത് പുസ്തകമാക്കിയിട്ടുണ്ട്. കേരളത്തിൽ ഇന്റർനെറ്റ് ലഭ്യമാകാൻ തുടങ്ങിയകാലത്ത് സോഷ്യൽ മീഡിയയിൽ കാര്യമായ ജനപങ്കാളിത്തം ഉണ്ടായിരുന്നില്ല. സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന സാധാരണ ജനങ്ങൾക്ക് ഈ സൗകര്യങ്ങൾ ഉപയോഗിക്കുവാൻ സാധിക്കുമായിരുന്നില്ല. പക്ഷേ, ഈ അവസ്ഥയ്ക്ക് വളരെപെട്ടെന്ന് മാറ്റം സംഭവിച്ചു. സ്മാർട്ട്ഫോണുകൾ സാർവത്രികമായി. പല സാമ്പത്തിക വിതാനങ്ങളിൽ നിന്നുള്ള വ്യക്തികൾ സൈബർലോകത്ത് ഒത്തുകൂടാൻ തുടങ്ങി. 2020-ൽ കോവിഡ് 19 മഹാമാരി കാരണം രാജ്യം അടച്ചുപൂട്ടലിലായപ്പോൾ വിദ്യാഭ്യാസവും പലതരം തൊഴിലിടങ്ങളും ഓൺലൈനിലായതു കൊണ്ട് ഇന്റർനെറ്റ് മലയാളികളുടെ ജീവിതത്തിന്റെ ഒഴിവാക്കാനാവാത്ത ഭാഗമായി. ഡിജിറ്റൽ ഡിവൈഡുകൾ മറികടക്കാനും ഡിജിറ്റൽസാക്ഷരത നൽകുവാനും ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് നേരിട്ട് ശ്രമങ്ങൾ ഉണ്ടാകുന്നതും ഇക്കാലത്താണ്. ഈ ഘടകങ്ങളെല്ലാം സൈബർ

ഇടങ്ങളിലെ ജനപങ്കാളിത്തത്തിലും വ്യവഹാരങ്ങളുടെ സ്വഭാവത്തിലും വലിയ മാറ്റങ്ങൾ വരുത്തിയതായി കാണാം. സൈബർ ഇടങ്ങളിലെ സുരക്ഷിതത്വവും നൈതികതയും ഇപ്പോൾ കൂടുതലായി ചർച്ചയാകുന്നുണ്ട്.

## പുതിയ കുറ്റാന്വേഷണനോവലുകൾ

പുതുതലമുറയിലെ കുറ്റാന്വേഷണനോവലുകൾ പഴയ കുറ്റാന്വേഷണനോവലുകളിൽനിന്ന് രചനാപരവും പ്രമേയപരവുമായ വ്യത്യാസങ്ങൾ പുലർത്തുന്നവയാണ്. കുറ്റാന്വേഷകരെക്കുറിച്ചുള്ള പരമ്പരാഗതമായ സങ്കല്പങ്ങളെ പുതിയ നോവലുകൾ തിരുത്തുന്നുണ്ട്. വായനക്കാർക്ക് ആരാധന തോന്നുന്ന തരത്തിലുള്ള അസാമാന്യ ബുദ്ധിവൈഭവവും യുക്തിയുമുള്ള പുരുഷകഥാപാത്രങ്ങളെയാണ് കുറ്റാന്വേഷകകൃതികളിലെ നായകരായി സാധാരണ കാണാനാവുക. എന്നാൽ, പുതിയ കുറ്റാന്വേഷണകൃതികളിൽ സമൂഹത്തിന്റെ ആദരവോ ആരാധനയോ കിട്ടാത്ത കഥാപാത്രങ്ങൾ കുറ്റാന്വേഷകനായി കടന്നുവരുന്നു. ഇന്ദുഗോപന്റെ ഡിറ്റക്ടീവ് പ്രഭാകരൻ കാര്യമായ വിദ്യാഭ്യാസമോ പണമോ ഇല്ലാത്ത, മദ്യപാനിയായ, ആരും ഗൗനിക്കാത്ത ഒരു നാട്ടിൻപുറത്തുകാരനാണ്. ലാജോ ജോസിന്റെ കോഫീഹൗസ്, ഹൈഡ്രേഞ്ചിയ നോവലുകളിലെ കുറ്റാന്വേഷകയായ എസ്തർ കടുത്ത മാനസികപ്രശ്നങ്ങൾ ഉള്ള മാധ്യമപ്രവർത്തകയാണ്. ജിസ ജോസിന്റെ ഡാർക്ക് ഫാന്റസിയിലെ ഐന്ദ്രില രഹസ്യങ്ങൾ അന്വേഷിച്ചു പോകാൻ താൽപര്യമുള്ള ഒരു ബ്യൂട്ടീഷനാണ്. കഥാപാത്രസൃഷ്ടിയിൽ കാണുന്ന ഈ വ്യത്യാസങ്ങൾ ചെറിയതോതിലാണെങ്കിലും പരിചയിച്ച വീക്ഷണകോണിൽ നിന്നുമാറി കുറ്റാന്വേഷണകഥകളെ കാണാൻ വായനക്കാർക്ക് പ്രേരണയാകുന്നു.

മലയാളസാഹിത്യത്തിലെ ആദ്യകാല കുറ്റാന്വേഷണ നോവലുകൾ കൂടുതലായും വൈദേശികമായ പശ്ചാത്തലത്തിലും സാഹചര്യങ്ങളിലും ഉള്ളവയായിരുന്നു. ജനപ്രിയനോവലുകൾ പൊതുവേ പ്രാദേശികതയെ ആഘോഷിച്ചിരുന്നുവെങ്കിലും കുറ്റാന്വേഷണനോവലുകളുടെ കാര്യത്തിൽ അതങ്ങനെയായിരുന്നില്ല. പുതിയ കുറ്റാന്വേഷണ നോവലുകൾ പ്രാദേശികതയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതായി കാണാം. 2018-ൽ പുറത്തിറങ്ങിയ, ലാജോ ജോസിന്റെ ‘കോഫീഹൗസ്’ പൂർണ്ണമായും കോട്ടയം പശ്ചാത്തലമാക്കി എഴുതിയ നോവലാണ്. വളരെക്കാലത്തെ ഇടവേളയ്ക്കു ശേഷം മലയാളത്തിൽ പുറത്തിറങ്ങിയ അപസർപ്പകനോവൽ എന്ന നിലയിലും കോട്ടയം പശ്ചാത്തലമായ നോവൽ എന്ന നിലയിലും കോഫീഹൗസിന് വായനക്കാരുടെ ശ്രദ്ധ കിട്ടി. ഇന്ദുഗോപന്റെ ‘സ്കാവഞ്ചർ’ തിരുവനന്തപുരം

മൃഗശാലയെ പശ്ചാത്തലമാക്കിയ കുറ്റാന്വേഷണനോവലാണ്. സമീപകാലത്ത് കേരളത്തിൽ നടന്ന കുപ്രസിദ്ധ കൊലപാതകങ്ങളെ ഓർമിപ്പിക്കുന്ന സംഭവങ്ങൾ 'ഡാർക്ക് ഫാന്റസി', 'പോയട്രി കില്ലർ' എന്നീ നോവലുകളിൽ കാണാനാകും. ഇതും പ്രാദേശികതയെ വേറിട്ട രീതിയിൽ ഓർമ്മയിലെത്തിക്കുന്ന രചനാതന്ത്രമാണ്. പുതിയ അപസർപ്പകനോവലുകളെ വ്യത്യസ്തമാക്കുന്ന മറ്റൊരു ഘടകം അതിലെ പുതിയ സാങ്കേതികവിദ്യയുടെ അടയാളങ്ങളാണ്. സൈബർ ക്രൈമുകളും ഡിജിറ്റൽ അധോലോകവും പുതിയ കുറ്റാന്വേഷണ നോവലുകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ആദർശ് എസിന്റെ 'ഡാർക്ക് നെറ്റ്' അങ്ങനെയുള്ള ഒരു നോവലാണ്.

ഉദ്വേഗജനകമായ കഥ പറഞ്ഞു പോകുന്നതിനൊപ്പം മലയാളിയുടെ മാറുന്ന ജീവിതവീക്ഷണത്തെക്കുറിച്ചും പുതിയ കുറ്റാന്വേഷണനോവലുകൾ ചിന്തിക്കാൻ വക നൽകുന്നുണ്ട്. ജിസ ജോസിനെ 'ഡാർക്ക് ഫാന്റസി' 50 വർഷം മുമ്പുള്ള ഒരു കൂട്ടക്കൊലയെ തെളിയിക്കുന്നതിന്റെ കഥയാണ്. കൊലയാളിയിലേക്ക് മാത്രമല്ല മനുഷ്യരിലെ ദുരൂഹമായ കുറ്റവാസനയിലേക്കും നോവൽ അന്വേഷണം നടത്തുന്നു. വീട്ടുകാരെല്ലാം ദുരൂഹസാഹചര്യത്തിൽ മരിച്ചുപോയതുകൊണ്ട് അൻപതുവർഷമായി അടച്ചിട്ടിരുന്ന ഒരു വീടിന്റെ ഉള്ളിൽ നിന്ന് കിട്ടുന്ന അപൂർണ്ണമായ കൈയ്യെഴുത്തു നോവലിലൂടെ ആണ് ഡാർക്ക് ഫാന്റസിയിൽ പഴയകാലത്തെ ആവിഷ്കരിച്ചിരിക്കുന്നത്. സ്ത്രീകളെ അടിച്ചമർത്തുന്ന സാമൂഹ്യവ്യവസ്ഥയും യാഥാസ്ഥിതികമായ കുടുംബസംവിധാനവും മനുഷ്യരുടെ ജീവിതത്തിലേൽപ്പിക്കുന്ന ആഘാതങ്ങൾ ചുരുങ്ങിയ വാക്കുകളിലൂടെ അവതരിപ്പിക്കാൻ നോവലിന് സാധിച്ചിട്ടുണ്ട്. നോവലിലെ കേന്ദ്രകഥാപാത്രങ്ങൾ സ്ത്രീകളാണ്, അവരുടെ സൗഹൃദത്തിന് കഥയിൽ വലിയ പ്രാധാന്യവുമുണ്ട്. നോവലിൽ ചിത്രീകരിച്ചിരിക്കുന്ന വർത്തമാനകാലത്തിൽ സ്ത്രീകൾ സ്വന്തമായി തീരുമാനമെടുക്കുകയും ഉത്തരവാദിത്വങ്ങൾ നിറവേറ്റുകയും ചെയ്യുന്നു. സാധാരണ അപസർപ്പകസാഹിത്യത്തിൽ സ്ത്രീകളെ മിക്കപ്പോഴും സംരക്ഷണം ആവശ്യമുള്ള ദുർബലരായ വ്യക്തികളായാണ് ചിത്രീകരിക്കാറുള്ളത്. ഈ നോവലിലെ സ്ത്രീകൾ ആ വാർപ്പുമാതൃകയിൽ ഒതുങ്ങുന്നില്ല. സംഭവവികാസങ്ങളുടെയത്രയും തന്നെ കഥാപാത്രങ്ങളുടെ മാനസികവ്യാപാരങ്ങൾക്കും കഥാഗതിയിൽ പ്രാധാന്യം നൽകിയതുകൊണ്ട് കഥാപാത്രങ്ങൾ ത്രിമാന സ്വഭാവം ഉള്ളവരായി അനുഭവപ്പെടും. വികാരവിചാരങ്ങളെക്കാൾ സംഭവവികാസങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന ആഖ്യാനരീതിയാണ് അപസർപ്പക നോവലുകളിൽ സാധാരണയായി കണ്ടുവരാറുള്ളത്.

ഡാർക്ക് ഫാന്റസിയുടെ ആഖ്യാനതന്ത്രം ഇതിൽ നിന്ന് വ്യത്യസ്തമാണ്. കേരളത്തിലെ വ്യവസ്ഥാപിതമായ കുടുംബസങ്കല്പം സ്ത്രീകളുടേയും പുരുഷന്മാരുടേയും സ്വയംനിർണ്ണയാധികാരത്തെ എങ്ങനെയെല്ലാം നിയന്ത്രിക്കുന്നു എന്നും, അത് സൃഷ്ടിക്കുന്ന സംഘർഷങ്ങൾ തലമുറകൾക്കപ്പുറവും വ്യക്തികളുടെ ആരോഗ്യത്തെയും സമാധാനത്തെയും എങ്ങനെയെല്ലാം ബാധിക്കുന്നു ഈ നോവൽ ചർച്ച ചെയ്യുന്നുണ്ട്. പഴയ ജനപ്രിയനോവലുകൾ കുടുംബബന്ധങ്ങൾക്കും ദൃഢമായ സദാചാരമൂല്യങ്ങൾക്കും പ്രാധാന്യം നൽകിയിരുന്നു. മാറുന്ന സദാചാരസങ്കൽപ്പങ്ങളുടെ സംഘർഷം പുതിയ അപസർപ്പകനോവലുകളിൽ പ്രകടമാണ്. പ്രണയം, പ്രണയത്തിന്റെ തകർച്ച, വിവാഹമോചനം, ഒരിണസങ്കൽപ്പത്തിന് പുറത്തുള്ള ബന്ധങ്ങൾ, വ്യക്തിസ്വാതന്ത്ര്യം, സ്ത്രീകളുടെ സൗഹൃദം തുടങ്ങിയ വിഷയങ്ങൾ അതിവൈകാരികതയില്ലാതെ അവതരിപ്പിക്കാൻ നോവലിസ്റ്റുകൾ ശ്രമിക്കുന്നുണ്ട്.

ലാജോ ജോസിന്റെ 'ഹൈഡ്രേഞ്ചിയ' വായനക്കാർക്കിടയിൽ വലിയ സ്വീകാര്യത ലഭിച്ച നോവലാണ്. ഭയവും ജിജ്ഞാസയും തോന്നിക്കുന്ന വിവരണങ്ങൾ അതിലുണ്ട്. സ്ത്രീകളെ ക്രൂരമായി കൊല്ലുന്ന, നെക്രോഫിലിക്ക് ആയ ഒരാളുടെ കഥയാണ് ഹൈഡ്രേഞ്ചിയയിലുള്ളത്. കുറ്റാന്വേഷണ സംഘത്തെ സഹായിക്കുന്ന എസ്തർ ഇമ്മാനുവലിന്റെ വീക്ഷണകോണിലൂടെ നോവൽ മുന്നോട്ടുപോകുന്നു. സ്ത്രീയുടെ വീക്ഷണകോണിലൂടെ കഥപറയുമ്പോൾ പലയിടത്തും ആൺനോട്ടം കയറിവന്ന് കൃത്രിമത്വം സൃഷ്ടിക്കുന്നുണ്ട്. അറിഞ്ഞോ അറിയാതെയോ, മുഖ്യധാരാസമൂഹത്തിന് പുറത്തു നിൽക്കുന്ന മനുഷ്യരെ തരംതിരിവുകളോടെ നോക്കിക്കാണാൻ ഈ നോവൽ പ്രേരണ നൽകുന്നുണ്ട്. നോവലിൽ പലയിടത്തും "ഫോൺ നമ്പർ വെച്ച് അന്വേഷിച്ച പോയാൽ വല്ല ബംഗാളിയിലും ആയിരിക്കും ചെന്നു നിൽക്കുക" "ഏതോ ബംഗാളിയെ പിടികൂടിയിട്ടുണ്ട്" തുടങ്ങിയ വാചകങ്ങൾ ഉണ്ട് പക്ഷേ ഒരിടത്തുപോലും അവർക്ക് 'ബംഗാളി' എന്നതിൽ കവിഞ്ഞ ഒരു മേൽവിലാസം ഇല്ല. കുറ്റമൊന്നും ചെയ്യാത്ത അവർ എങ്ങനെ ഈ പ്രശ്നത്തിൽവന്നു എന്നതിനെക്കുറിച്ച് ആരും വിശദീകരണം നൽകുന്നില്ല. ട്രാൻസ്ഫോബിയ ഈ നോവലിലെ ഏറ്റവും ഗുരുതരമായ പ്രശ്നമാണ്. പോലീസുകാർ അന്വേഷിക്കുന്ന ക്രൂരനായ കൊലപാതകി ഒരു ട്രാൻസ്ജെൻഡർ വ്യക്തിയാണെന്ന് നോവലിന്റെ അവസാനത്തിൽ കാണാം. ട്രാൻസ്ജെൻഡർ വില്ലനാകുന്നതിലല്ല; ട്രാൻസ് വ്യക്തിത്വം നോവലിൽ വികലമായി ചിത്രീകരിക്കപ്പെടുന്നതിലാണ് പ്രശ്നമുള്ളത്. നോവലിൽ പലയിടത്തും കൊലയാളിയുടെ ഡയറിക്കുറിപ്പുകളുണ്ട്.

അനാരോഗ്യകരമായ കുട്ടിക്കാലത്തിന്റെ മുറിവുകൾ പേറുന്ന, സ്ത്രീകളോട് കടുത്ത വിദ്വേഷമുള്ള ഒരു പുരുഷനാണ് അയാൾ എന്ന സൂചനയാണ് ആ കുറിപ്പുകളിലുള്ളത്. അതിലെവിടെയും ട്രാൻസ്ജെൻഡർ വ്യക്തിയുടെ സംഘർഷങ്ങളോ പ്രയാസങ്ങളോ കടന്നുവരുന്നില്ല. കേരളീയസമൂഹം ട്രാൻസ്ജെൻഡറുകളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ ആരംഭിച്ചിട്ട് കുറച്ച് വർഷങ്ങളേ ആയിട്ടുള്ളൂ. ലിംഗമാറ്റ ശസ്ത്രക്രിയയെക്കുറിച്ചുള്ള വിവരങ്ങൾ പോലും ഇപ്പോഴും അന്യമായ ഒരു സമൂഹത്തിൽ ട്രാൻസ് സ്വത്വത്തെ സ്ത്രീയായി ആൾമാറാട്ടം നടത്താനുള്ള ഉപായമായി അവതരിപ്പിക്കുന്നത് വിമർശിക്കപ്പെടേണ്ട പ്രവണത തന്നെയാണ്.

ഇന്ദുഗോപന്റെ ‘സ്കാവഞ്ചർ’ എന്ന നോവൽ നിരവധി സാമൂഹ്യപ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ ശ്രമിച്ച ഒരു രചനയാണ്. മൃഗശാലയിലെ കൂടുകൾ വൃത്തിയാക്കുന്ന തൊഴിലാളികളുടെ തസ്തികയ്ക്ക് സ്കാവഞ്ചർ എന്നാണ് പേര് നൽകിയിരിക്കുന്നത്. ഇത് ആ ജോലി ചെയ്യുന്നവരുടെ അന്തസ്സിനെ നിഷേധിക്കുന്ന പ്രയോഗമാണ് എന്ന് നോവൽ അടിവരയിട്ടു പറയുന്നു. ജാതീയത, ജാതീയമായ വിദ്വേഷം, പോലീസ് മർദ്ദനം, അധികാര ദുർവിനിയോഗം, സ്ത്രീകൾ അനുഭവിക്കുന്ന സ്വാതന്ത്ര്യനിഷേധങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങൾ ഈ നോവൽ ചർച്ചചെയ്യുന്നുണ്ട്. അനാരോഗ്യകരമായ തൊഴിൽസാഹചര്യങ്ങളിൽ അടിമപ്പണി ചെയ്യേണ്ടി വരുന്ന പച്ചൈയപ്പൻ എന്ന തമിഴ് യുവാവാണ് നോവലിന്റെ കേന്ദ്രകഥാപാത്രം. ജ്ഞാനാംബിക അയാളുടെ കാമുകിയാണ്. ആന്ധ്രയിൽ വേരുകളുള്ള ഒരു സമുദായത്തിൽ ഉൾപ്പെടുന്ന വ്യക്തിയാണ് ആ സ്ത്രീ. പ്രധാനകഥാപാത്രങ്ങൾ രണ്ടുപേരും കേരളത്തിനുപുറത്തുള്ള സാംസ്കാരികസാഹചര്യങ്ങളിൽനിന്ന് വന്നവരാണ്. ജാതീയമായ വിദ്വേഷത്തെയും നിർബന്ധിതവിവാഹങ്ങളെയും കുറിച്ച് പറയുമ്പോൾ ഈ സാംസ്കാരിക അകലം ആത്മപരിശോധനകൾ ഇല്ലാതെ നോവലിലൂടെ കടന്നുപോകാൻ വായനക്കാരെ പ്രേരിപ്പിക്കുന്നു എന്നൊരു പോരായ്മ നോവലിനുണ്ടെന്ന് പറയാം. നോവലിൽ വിവാഹേതരബന്ധങ്ങളെ അവതരിപ്പിക്കുന്നുണ്ടെങ്കിലും അതിനെ സദാചാരദൃഷ്ടിയോടെ നോക്കുന്നില്ല. അതേ സമയം ആദ്യപ്രണയത്തിന് പവിത്രതയുടെ പരിവേഷം നൽകുന്നുണ്ട്.

ശ്രീപാർവ്വതിയുടെ ‘പോയട്രി കില്ലർ’ സ്ത്രീയുടെ പ്രതികാരത്തിന്റെ കഥയാണ്. നാടകീയതയില്ലാത്ത ആഖ്യാനം ഈ നോവലിനെ വ്യത്യസ്തമാക്കുന്നുണ്ട്. അന്വേഷകരുടെ കുറിപ്പുകൾ, സാക്ഷിമൊഴികൾ, ഇന്റർവ്യൂകൾ, പത്രസമ്മേളനത്തിലെ ചോദ്യോത്തരങ്ങൾ എന്നിവയിലൂടെയുള്ള ഹ്രസ്വവും

രേഖീയവുമായ ആഖ്യാനം നോവലിന്റെ എടുത്തുപറയേണ്ട സവിശേഷത യാണ്. തന്റെ ചേച്ചിയെ ബലാത്സംഗം ചെയ്തവരെ കണ്ടെത്തി പൊട്ടാസ്യം സയനൈഡ് നൽകി കൊലപ്പെടുത്തുന്ന പെൺകുട്ടിയുടെ കഥയാണ് ഈ നോവൽ. ‘പ്രതികാരം ചെയ്യുന്ന സ്ത്രീ’ സാഹിത്യത്തിലെ പഴക്കമേറിയ ഒരു സങ്കല്പമാണ്. നീതി നടപ്പിലാക്കുന്ന ആളെന്ന പരിവേഷം നൽകി വായന ക്കാർ ഇങ്ങനെയുള്ള കഥാപാത്രങ്ങളുടെ പക്ഷം ചേരുന്നതായി കാണാം. ആത്യന്തികമായി വായനക്കാരിൽ നിലനിൽക്കുന്ന ധാരണകളേയും സദാ ചാരബോധത്തേയും തൃപ്തിപ്പെടുത്തുന്നവരായി ഇത്തരം കഥാപാത്രങ്ങൾ മാറിപ്പോകാറുണ്ട്. ബലാത്സംഗത്തെ അതിജീവിച്ച് പരാതികളില്ലാതെ ഉൾവ ലിയുന്ന സ്ത്രീ, അപമാനഭാരത്താൽ ആത്മഹത്യ ചെയ്യുന്ന സ്ത്രീ, അവൾക്കൊപ്പം ആത്മഹത്യ ചെയ്യുന്ന കുടുംബം, പ്രതികാരത്തിനിറങ്ങുന്ന സഹോദരി തുടങ്ങിയ പരിചിതമായ ശ്രേണികളാണ് നോവലിലുള്ളത്. ലൈംഗികാതിക്രമമെന്ന കുറ്റകൃത്യത്തെപ്പോലെ, കാമത്തെയും കുറ്റമായി നിർവചിക്കാനുള്ള പ്രവണത നോവലിൽ ചിലയിടങ്ങളിൽ, ബൈസെക്ഷ്വാലിറ്റിയെ അവജ്ഞയോടെ കാണുന്ന വാചകങ്ങളായി കടന്നുവരുന്നുണ്ട്.

ആഖ്യാനസവിശേഷതകൾ

കുറ്റാന്വേഷണനോവലുകളെ ജനപ്രിയമാക്കുന്ന ഘടകങ്ങളിലൊന്ന് അവയുടെ ആഖ്യാനത്തിന്റെ സവിശേഷതകളാണ്. ജിജ്ഞാസയുണർത്തുകയും അത് അവസാനം വരെ നിലനിർത്തുകയും ചെയ്യുന്ന കഥാഖ്യാനം, വായനക്കാ രുടെ ധാരണകളെ മറികടക്കുന്ന അപ്രതീക്ഷിതസന്ദർഭങ്ങൾ, കഥാപാത്രങ്ങ ളുടെ വ്യക്തിത്വസങ്കീർണ്ണതകളെ ചുരുങ്ങിയ വാക്കുകളിലൂടെ അവതരിപ്പിക്കുന്ന രീതി എന്നിവയെല്ലാം കുറ്റാന്വേഷണകൃതികളിൽ പൊതുവേ കാണാറുണ്ട്. കഥാഗതിയിലെ ചില സന്ദർഭങ്ങളെ വായനക്കാർക്ക് ഊഹിക്കാൻ സാധി ക്കുന്ന വിധത്തിൽ ക്രമീകരിക്കുന്നതും ഇങ്ങനെയുള്ള കൃതികളിലെ ഒരു രചനാതന്ത്രമാണ്. നിഗൂഢമായ ഒരു കഥ, ചെറിയ തോതിൽ തങ്ങളുടെ ഊഹത്തിനനുസരിച്ച് പോകുന്നത് വായനക്കാർക്ക് വലിയ സംതൃപ്തി നൽകും. എന്നാൽ, കഥ മുഴുവനും പ്രവചിക്കാൻ സാധിച്ചാൽ ആകാംക്ഷ നഷ്ടപ്പെടുക യും ചെയ്യും. തങ്ങളുടെ ധാരണകളെ കവച്ചുവയ്ക്കുകയും, ബുദ്ധിസാമർത്ഥ്യത്തെ വെല്ലുവിളിക്കുകയും ചെയ്യുന്ന കഥാഗതിയുടെ ആകർഷകത്വം വായനക്കാരെ കുറ്റാന്വേഷണ സാഹിത്യത്തിലേക്ക് അടുപ്പിക്കുന്നു. വൈവിധ്യമുള്ള ജീവിത ങ്ങളേയും സംഭവവികാസങ്ങളേയും വിശദമായി അവതരിപ്പിക്കുവാനുള്ള സൗകര്യം നോവൽ എന്ന സാഹിത്യരൂപം എഴുത്തുകാർക്ക് നൽകുന്നുണ്ട്.

അത് കുറ്റാന്വേഷണകഥയെ ആഖ്യാനം ചെയ്യാൻ അനുയോജ്യമായ മാധ്യമമാകുന്നതും അതുകൊണ്ടാണ്. കുറ്റാന്വേഷണനോവലിന്റെ ആഖ്യാനത്തെ മനസ്സിലാക്കാൻ ആഖ്യാനശാസ്ത്രത്തെ ഉപയോഗിക്കാം.

ആഖ്യാനശാസ്ത്രകാരനായ ജെറാൾഡ് ജെനറ്റ് നറേറ്റീവ് ഡിസ്കോഴ്സ് എന്ന പുസ്തകത്തിൽ ആഖ്യാനത്തിന്റെ ആറു ഘടകങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ആഖ്യാനരൂപത്തിന്റെ അടിസ്ഥാനം, ആഖ്യാനകേന്ദ്രീകരണം, കഥാഖ്യാതാവ്, കഥയിലെ സമയാവിഷ്കരണം, കഥയുടെ ക്രമീകരണം, സംഭാഷണങ്ങളുടേയും ചിന്തകളുടേയും ക്രമീകരണം എന്നിവയാണ് ആ ഘടകങ്ങൾ (Genette, Gerald, 1980: 25-31). അപസർപ്പകകൃതികളുടെ കഥാതന്തുവിനെ ഏറ്റവും ലളിതമാക്കിയാൽ അത് ഇങ്ങനെയിരിക്കും : ഒരു കുറ്റകൃത്യം സംഭവിക്കുന്നു —അത് ചെയ്തവരെ കണ്ടെത്തുന്നു. സംഭവവികാസങ്ങളിലൂടെയും കണ്ടെത്തലുകളിലൂടെയുമാണ് കഥ മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെ കഥാപാത്രങ്ങളുടെ വൈകാരികതയ്ക്ക് കഥയിൽ വലിയ പ്രാധാന്യം ഉണ്ടാവാറില്ല. എന്നാൽ, വൈകാരികത തീരെയില്ലാത്ത ആഖ്യാനം വായനക്കാർക്ക് വിരസമായി അനുഭവപ്പെടും. അതുകൊണ്ട് ക്രിയകളുടെ അനുകരണാത്മകമായ ആവിഷ്കാരവും, സംഭവങ്ങളുടേയും വിവരങ്ങളുടേയും സംഗ്രഹവും ഇടകലർന്ന രചനാരീതിയാണ് കുറ്റാന്വേഷണകൃതികളിൽ കാണാറുള്ളത്. എഴുത്തുകാരുടെ അഭിരുചിക്കനുസരിച്ച് ഇതിൽ ഏറ്റക്കുറച്ചിലുകളുണ്ടാവാം. നോവലിലെ സമയാവിഷ്കാരവും കഥയുടെ ക്രമീകരണവും ഇതിവൃത്തത്തെ ആശ്രയിച്ചിരിക്കുന്നു.

ആഖ്യാനകേന്ദ്രീകരണം കഥ അവതരിപ്പിക്കപ്പെടുന്ന വീക്ഷണകോണാണ്. കഥാപാത്രങ്ങളെ പുറത്തുനിന്ന് നോക്കിക്കാണുന്ന രീതിയിൽ അവതരിപ്പിക്കുന്നതിനെ ബാഹ്യകേന്ദ്രീകരണമെന്ന് പറയുന്നു. കഥയ്ക്കുള്ളിലെ ഏതെങ്കിലും കഥാപാത്രത്തിന്റെ വീക്ഷണകോണിലൂടെ കഥ ആവിഷ്കൃതമാകുന്നതാണ് അന്തരികകേന്ദ്രീകരണം. ചിലപ്പോൾ ഒന്നിലധികം കഥാപാത്രങ്ങളുടെ വീക്ഷണകോണുകളിലൂടെ കഥ ആവിഷ്കരിയ്ക്കാം. നോവൽ മുന്നോട്ടുവയ്ക്കുന്ന സാമൂഹിക കാഴ്ചപ്പാടുകളെ വെളിപ്പെടുത്തുന്ന നിർണ്ണായകഘടകങ്ങളാണ് ആഖ്യാനകേന്ദ്രീകരണവും കഥാഖ്യാതാവും. സംഭാഷണങ്ങളുടേയും ചിന്തകളുടേയും ക്രമീകരണം എന്ന ആഖ്യാനഘടകത്തെയും ഇതിനോട് ചേർത്ത് വായിക്കണം.

'ഡാർക്ക് ഫാന്റസി'യിൽ കഥ അവതരിപ്പിച്ചിട്ടുള്ളത് വ്യത്യസ്ത കഥാപാത്രങ്ങളുടെ വീക്ഷണകോണിലൂടെയാണ്. പ്രധാന കഥാപാത്രങ്ങളുടെ

പേരുകളാണ് ഭൂരിഭാഗം അദ്ധ്യായങ്ങൾക്കും നൽകിയിട്ടുള്ളത്. ഈ അധ്യായങ്ങളോരോന്നും അതാത് കഥാപാത്രങ്ങളുടെ വീക്ഷണകോണുകളിൽ പൂർണ്ണമായി കേന്ദ്രീകരിച്ചിരിക്കുന്നു. ഉത്തമപുരുഷാഖ്യാനമാണ് ഇവിടെയെല്ലാം ഉപയോഗിച്ചിരിക്കുന്നത് എന്നതും ശ്രദ്ധിക്കേണ്ട സവിശേഷതയാണ്. കഥാപാത്രങ്ങളുടെ ചിന്തകൾക്കും അനുഭവങ്ങൾക്കും പൂർണ്ണമായ ദൃശ്യത നൽകാൻ ഈ ആഖ്യാനതന്ത്രത്തിന് സാധിച്ചിട്ടുണ്ട്. ഈ നോവലിലെ സ്ത്രീകഥാപാത്രങ്ങൾ കർതൃത്വമുള്ളവരായി അനുഭവപ്പെടാനുള്ള കാരണങ്ങളിലൊന്ന് ഇതാണ്. വായനക്കാരിൽ സ്വാനുഭവപ്രതീതിയുണ്ടാക്കാനും, കഥാപാത്രങ്ങൾക്ക് കഥയിൽ പ്രാതിനിധ്യമുറപ്പിക്കാനും ഉത്തമപുരുഷാഖ്യാനം സഹായകമാകുന്നു. നോവലിനുള്ളിൽ കടന്നുവരുന്ന അപൂർണ്ണമായ കുറ്റാന്വേഷണകൃതിയുടെ ആഖ്യാനശൈലി ഇതിൽ നിന്നും തീർത്തും വ്യത്യസ്തമാണ്. അതിൽ കഥാഖ്യാതാവ് കഥയ്ക്ക് പുറത്ത് സ്ഥിതി ചെയ്യുന്ന ലേഖികയാണ്. ആ ഖണ്ഡത്തിൽ രചയിതാവ് നേരിട്ട് വായനക്കാരോട് സംസാരിക്കുകയും കഥാപാത്രങ്ങളുടെ സ്വഭാവത്തെക്കുറിച്ചും പ്രവൃത്തികളെക്കുറിച്ചും അഭിപ്രായപ്രകടനങ്ങൾ നടത്തുകയും ചെയ്യുന്നത് കാണാം. സ്വന്തം ആകാംക്ഷ പ്രകടിപ്പിച്ച കൊണ്ട് ഈ ലേഖിക കഥാഗതിയിൽ ഇടയ്ക്കിടയ്ക്ക് തടസ്സമുണ്ടാക്കുന്നു. അതുകൊണ്ട് അതിനുള്ളിലെ കഥാപാത്രങ്ങൾ ആരുടേയോ നിരീക്ഷണത്തിലാണ് എന്ന പ്രതീതി വായനക്കാർക്ക് ലഭിക്കുന്നു. അതോടൊപ്പം ഈ അപൂർണ്ണമായ കുറ്റാന്വേഷണ നോവൽ എഴുതിയത് എഴുത്തിൽ വൈദഗ്ധ്യമില്ലാത്ത ഒരു വ്യക്തിയാണെന്നും സൂചന ലഭിക്കുന്നു. ഈ സൂചനകൾക്ക് ഡാർക്ക് ഫാന്റസി എന്ന നോവലിന്റെ കഥാപരിണാമത്തിൽ പ്രാധാന്യമുണ്ട്.

'ഹൈഡ്രേഞ്ചിയ'യിലെ കഥ പ്രധാനമായും എസ്തർ എന്ന കഥാപാത്രത്തിലൂടെ ആഖ്യാനം ചെയ്യാനാണ് എഴുത്തുകാരൻ ശ്രമിച്ചിട്ടുള്ളത്. ഈ കഥാപാത്രത്തിന്റെ ആന്തരിക ആത്മഗതങ്ങളും മനോവികാരങ്ങളും വായനക്കാർക്കു മുൻപിൽ തുറന്നുവയ്ക്കുമ്പോഴും എവിടേയും ഉത്തമപുരുഷാഖ്യാനം ഉപയോഗിക്കുന്നില്ല. പകരം ഉപയോഗിക്കുന്നത് സൂചിതാഖ്യാനമാണ്. ആഖ്യാതാവ് പിന്നിലേക്ക് മാറിനിന്നുകൊണ്ട് ആഖ്യാനപാഠത്തിലെ കഥാപാത്രങ്ങളിലൂടെയും സംഭവങ്ങളിലൂടെയും കഥ ആവിഷ്കരിക്കുന്ന വിധത്തിലുള്ള ആഖ്യാനമാണ് സൂചിതാഖ്യാനം. പ്രഥമപുരുഷാഖ്യാനമാണ് ഇതിൽ ഉപയോഗിക്കുന്നത്. ഈ ആഖ്യാനരീതി കഥാപാത്രത്തിന്റെ നിസ്സഹായതയെ എടുത്തുകാണിക്കുന്നുണ്ട്. നോവലിൽ ഉത്തമപുരുഷാഖ്യാനം ഉപയോഗിച്ചിട്ടുള്ളത് കൊലയാളിയുടെ ഡയറിക്കുറിപ്പിൽ മാത്രമാണ്. എല്ലാവരുടേയും

നീക്കങ്ങൾ നിരീക്ഷിച്ചുകൊണ്ട്, ആർക്കും പിടികൊടുക്കാതെ നടക്കുന്ന ഭീകരനായ വ്യക്തിയുടെ ചിത്രം വായനക്കാരിലുറപ്പിക്കാൻ ഈ തരത്തിലുള്ള ആഖ്യാനകേന്ദ്രീകരണത്തിന് സാധിക്കുന്നു. നോവലിൽ പ്രധാനകഥാപാത്രങ്ങളായ സ്ത്രീകളുടെ ജീവിതം പൂർണ്ണമായും സൂചിതാഖ്യാനത്തിലൂടെ അവതരിപ്പിക്കുമ്പോൾ അവർ സദാസമയവും ഭയന്നുജീവിക്കുന്ന, സംരക്ഷണം ആവശ്യമുള്ള ആളുകളാണ് എന്ന പ്രതീതിയും സൃഷ്ടിക്കപ്പെടുന്നു.

'സ്കാവഞ്ചർ' എന്ന ലഘുനോവലിന്റെ ആഖ്യാനം നിരവധി കഥാപാത്രങ്ങളിലൂടെയാണ്. പച്ചൈയപ്പൻ കഥാനായകനാണെന്ന് പറയാമെങ്കിലും ഏതെങ്കിലുമൊരു കഥാപാത്രത്തിൽ കേന്ദ്രീകരിക്കുന്ന ആഖ്യാനമല്ല ഈ നോവലിനുള്ളത്. ഒട്ടേറെ ദ്വിമാന കഥാപാത്രങ്ങൾ കഥയിൽ വായനക്കാർക്കു മുന്നിലെത്തുന്നുണ്ട്. ഭൂതാഖ്യാനങ്ങളും ആത്മഗതങ്ങളും നോവലിൽ പലയിടങ്ങളിലായുണ്ട്. പല കഥാപാത്രങ്ങളിലായി ആഖ്യാനം ചിതറിക്കിടക്കുന്നതുകൊണ്ട് ചില കഥാപാത്രങ്ങളുടെ പ്രവൃത്തികൾക്കു പിന്നിലെ യുക്തി മനസ്സിലാക്കാൻ പ്രയാസമാണ്. ഉദാഹരണമായി,

"മറ്റെന്തും സഹിക്കും. ഞാനൊരു കള്ളനാണെന്നറിഞ്ഞാ എന്റെ പെണ്ണ് സഹിക്കില്ല. വേണ്ട, തൊണ്ടി കിട്ടുന്നതു വരെ ഞാനീ കാട്ടത്തീ കിടന്നോളാം എന്ന് തീരുമാനിച്ചത് അതു കൊണ്ടാ" എന്നു പറയുന്ന പച്ചൈയപ്പൻ എന്തുകൊണ്ടാണ് മോഷണത്തിനിറങ്ങിയത് എന്ന ചോദ്യത്തിന് നോവലിൽ ഉത്തരമില്ല. കാമുകി വെറുക്കുമെന്നറിഞ്ഞിട്ടും അയാളെ മോഷണം ചെയ്യാൻ പ്രേരിപ്പിച്ച സാഹചര്യങ്ങളുടെ സമ്മർദ്ദത്തെക്കുറിച്ച് എവിടേയും പരാമർശമില്ല. ജാതീയതയും മനുഷ്യാവകാശലംഘനങ്ങളും ഉൾപ്പെടെയുള്ള ഗൗരവമേറിയ സാമൂഹ്യപ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവ നോവലിൽ വളരെ ഉപരിപ്ലവമായി അനുഭവപ്പെടുന്നു.

'പോയടി കില്ലർ' എന്ന നോവലിൽ അവസാനത്തെ ഖണ്ഡം വരെയും ഇന്റർവ്യൂകളുടേയും പോസ്റ്റ്മോർട്ടം റിപ്പോർട്ടുകളുടേയുമൊക്കെ രൂപത്തിലുള്ള വൈകാരികതയില്ലാത്ത ആഖ്യാനമാണ് കാണാനാവുക. എന്നാൽ, അവസാന ഖണ്ഡത്തിൽ വച്ച് ഇതിന് പെട്ടെന്ന് മാറ്റം വരുന്നു. കൊലയാളിയായ ആമില എന്ന പെൺകുട്ടിയുടെ കുറ്റസമ്മതമാണ് ഈ ഖണ്ഡത്തിലുള്ളത്. അന്വേഷണ ഉദ്യോഗസ്ഥരുടെ ചോദ്യങ്ങൾക്കിടയില്ലാത്ത, നീണ്ടതും ഇടതടവില്ലാത്തതുമായ ആത്മഭാഷണത്തിന്റെ രൂപത്തിലാണ് ഈ ഭാഗം ആഖ്യാനം ചെയ്തിട്ടുള്ളത്. പൂർണ്ണമായും കഥാപാത്രത്തിന്റെ അനുഭവങ്ങൾ തുറന്നു കാണിക്കുന്ന ഈ ഭാഗം വൈകാരികതയുടെ സാന്നിധ്യം കാരണം

നോവലിന്റെ മറ്റു ഭാഗങ്ങളിൽ നിന്ന് പ്രകടമായ വ്യത്യാസം കാണിക്കുന്നു. ഈ കഥാപാത്രത്തിനോട് വായനക്കാർക്ക് ആദരവോ സഹതാപമോ തോന്നിക്കാൻ ഈ ആഖ്യാനക്രമത്തിന് സാധിക്കുന്നു. ആഖ്യാനത്തിന്റെ ഈ പ്രത്യേകത കൊണ്ടാണ്, ആമിലയുടെ വാക്കുകളിലെ രാഷ്ട്രീയ ശരിതെറ്റുകൾ ചിന്തിക്കേണ്ട വിഷയമാകുന്നത്.

'എനിക്കറിയാമായിരുന്നു നേരത്തെ ജെയിംസും അരുണും തമ്മിലുള്ള ബന്ധം. പക്ഷേ അവർ തമ്മിൽ ഗേ എന്ന തലത്തിൽ നിന്നുള്ള പ്രണയമൊന്നുമല്ല. കാമഭ്രാന്ത് അത്ര തന്നെ. അയാൾക്ക് മാത്രമല്ല ഞാൻ കൊന്ന എല്ലാവനും അതേ ഭ്രാന്ത് ഉണ്ടായിരുന്നു. ആ ഭ്രാന്ത് കാരണമാണല്ലോ എന്റെ ചേച്ചി!' എന്നു നോവലിൽ ആമില പറയുന്നു. ബലാത്സംഗത്തേയും കാമത്തേയും വിമതലൈംഗികതയേയും ഇങ്ങനെ ബന്ധിപ്പിക്കുന്ന മനോഭാവം ഈ സമൂഹത്തിലെ ലൈംഗികാതിക്രമങ്ങൾക്കു പിന്നിലെ യഥാർത്ഥ കാരണങ്ങളെ മറച്ചുവയ്ക്കുകയും പകരം അറിഞ്ഞോ അറിയാതെയോ ലൈംഗികയെത്തന്നെ ഒരു കുറ്റമായി അവതരിപ്പിക്കുകയും ചെയ്യുന്നു. ഹൈഡ്രേഞ്ചിയയിലെ ട്രാൻസ്ഫോബിയയും ഇതിനോട് ചേർത്തുവായിക്കാവുന്ന കാര്യമാണ്. ഇക്കാലത്തും ഇന്ത്യയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾ കടുത്ത മനുഷ്യാവകാശലംഘനങ്ങൾ നേരിടുന്നുണ്ട്. മുഖ്യധാരാസമൂഹം ട്രാൻസ് സ്വത്വത്തെക്കുറിച്ച് വ്യക്തമായ അവബോധം ആർജ്ജിച്ചിട്ടില്ല. മെഡിക്കൽരംഗത്തെ പാഠപുസ്തകങ്ങളിൽ പോലും ട്രാൻസ് സ്വത്വത്തെക്കുറിച്ച് വ്യക്തമായ പഠനങ്ങൾ ഇല്ലാത്തത് അവർ നേരിടുന്ന വിവേചനങ്ങൾക്ക് ഒരു ഉദാഹരണമാണ്. ഹൈഡ്രേഞ്ചിയ നോവലിലെ കഥാപാത്രത്തിന്റെ ട്രാൻസ്ജെൻഡർ സ്വത്വം കഥയിൽ ഒരിടത്തു മാത്രമാണ് വെളിപ്പെടുന്നത്. ആ ഭാഗം ഇങ്ങനെയാണ് :

അരയ്ക്കുതാഴെ ആണും അരയ്ക്കു മുകളിൽ പെണ്ണും! ഹിജഡ? എന്താണിത്? കാണുന്നത് സത്യമാണോ?

> 'എന്താടീ നോക്കുന്നേ?' സ്വപ്ന ക്രുദ്ധയായി. 'ഇത് ഞാനാടീ,
> ഹരി, റിപ്പർ ആനന്ദന്റെ മകൻ ഹരി.'
> എസ്തറിന് തല പൊട്ടിത്തെറിക്കുന്നതുപോലെ തോന്നി.
> 'ഹരിയും ഞാൻ, സ്വപ്നയും ഞാൻ.' ഹരി ടീഷർട്ട് ഊരിയെറിഞ്ഞു. സ്തനങ്ങൾ.
> 'മൂന്നാംലിംഗക്കാരുടെ ഓപ്പറേഷൻ സർവസാധാരണമായ
> കാലഘട്ടത്തിൽ ഇത് രണ്ടെണ്ണം വെച്ചുപിടിപ്പിക്കുന്നത്
> നിസ്സാരം.' (ജോസ്, ലാജോ, 2021: 259).

ട്രാൻസ്ജെൻഡർ സ്വത്വത്തെ സ്ത്രീയായി ആൾമാറാട്ടം നടത്താനുള്ള ഉപായമായാണ് നോവലിൽ അവതരിപ്പിച്ചിട്ടുള്ളത്. കഥാപാത്രത്തിന്റെ ഭൂത കാലത്തെ വെളിപ്പെടുത്തുന്ന കുറിപ്പുകളിൽപ്പോലും ജെൻഡർ ഡിസ്ഫോറിയയെ ക്കുറിച്ചോ ഹോർമോൺ ട്രീറ്റ്മെന്റിന്റെ സങ്കീർണ്ണതകളെക്കുറിച്ചോ നേരിയ പരാമർശംപോലും കാണാൻസാധിക്കുകയില്ല. ലൈംഗികതയെക്കുറിച്ചും ജെൻഡർ ഐഡന്റിറ്റിയെക്കുറിച്ചും ആരോഗ്യകരമായ അവബോധം നേടാൻ പൊതുസമൂഹത്തിന് സാധിച്ചിട്ടില്ല എന്നതിന്റെ സൂചനയാണ് ജനപ്രിയനോ വലുകളിലെ ഇത്തരം പരാമർശങ്ങൾ.

### ജീവിതവീക്ഷണത്തിന്റെ പരിണാമം

കഴിഞ്ഞ രണ്ടുദശകങ്ങളായി കേരളത്തിൽ ഒട്ടേറെ സാമൂഹികമാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. മലയാളിയുടെ ജീവിതവീക്ഷണത്തിലും സദാചാരബോധത്തി ലും സംഭവിച്ച മാറ്റങ്ങൾ ജനപ്രിയസാഹിത്യത്തിലും തെളിഞ്ഞുകാണാൻ സാധിക്കുന്നു. നവോത്ഥാനകാലത്തെ സാമൂഹ്യപരിഷ്കരണത്തിന്റേയും, കൊളോണിയൽ മൂല്യബോധത്തിന്റേയും ഫലമായി ഉരുത്തിരിഞ്ഞ കുടുംബ സങ്കല്പം കാലംചെല്ലുന്തോറും പല കാരണങ്ങൾ കൊണ്ട് ശിഥിലമാകുന്നതായി കാണാം. പുതുതലമുറ കൂടുതൽ വ്യക്തികേന്ദ്രീകൃതമായ ജീവിതശൈലിയോട് ആഭിമുഖ്യം പ്രകടിപ്പിക്കുന്നു. മലയാളികൾ ജനാധിപത്യമൂല്യങ്ങളെ പുറമേക്ക് അംഗീകരിക്കുകയും സ്വകാര്യമായി നിരാകരിക്കുകയും ചെയ്യുന്നതുകൊണ്ട് ഇക്കാലത്തും കേരളത്തിലെ ഭൂരിപക്ഷം കുടുംബങ്ങളേയും നിയന്ത്രിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്നത് ജാതി, മതം, പുരുഷാധിപത്യം തുടങ്ങിയ പഴകിയ വ്യവസ്ഥകളാണ്. പുതുതലമുറയിലെ കുറ്റാന്വേഷണ നോവലുകൾ ഇങ്ങനെയുള്ള വ്യവസ്ഥാപിതമായ കുടുംബസങ്കല്പത്തിലെ സദാചാരബോ ധത്തെ നിരാകരിക്കുന്നുണ്ടെങ്കിലും, പാർശ്വവത്കരിക്കപ്പെടുന്ന മനുഷ്യരുടെ ജീവിതത്തെ ശ്രദ്ധയോടെ ആവിഷ്കരിക്കുന്നില്ല. 'പിതൃ-ആധിപത്യ വ്യവസ്ഥ യിൽ പുലരുന്ന ഒരു ജനസമൂഹത്തിന്റെ രുചികളെ നിർണ്ണയിക്കുന്നത് ആ വ്യവസ്ഥയുടെ സവിശേഷതകൾ തന്നെയാണ്. അവയെ മറികടക്കാനുള്ള മനഃപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാകാത്തിടത്തോളം കുറ്റാന്വേഷണാഖ്യാനങ്ങൾ പാർശ്വവൽകൃതരുടെ ഭാഗത്ത് നിൽക്കാൻ സാദ്ധ്യതയില്ല.' (രാജശ്രീ, ആർ, 2018: 49)

'ജനപ്രിയമായവയുടെ ലക്ഷണങ്ങളും ഘടനയും വ്യത്യാസപ്പെട്ടു കൊണ്ടിരിക്കും. ജനപ്രിയസാഹിത്യത്തിന്റെ വളർച്ചയും അതിലെ പുതിയ പ്രവണതകളും പൊതുസമൂഹത്തിന്റെ ജനാധിപത്യവത്കരണത്തിന്റെ

പ്രതിഫലനങ്ങളാണ്. പൊതുസമൂഹത്തിന്റെ ജനാധിപത്യവത്കരണം എപ്പോഴും തുടർന്നുകൊണ്ടിരിക്കേണ്ട ഒരു പ്രക്രിയയാണ്. പുതുതലമുറയിലെ കുറ്റാന്വേഷണനോവലുകളിൽ പുരോഗമനപരമായ സാമൂഹ്യവീക്ഷണങ്ങൾക്കൊപ്പം സമൂഹത്തിൽ ഉറച്ചുപോയ ജനാധിപത്യവിരുദ്ധമായ വീക്ഷണങ്ങളും കാണാം. 'വൈവിധ്യത്തിന്റേയും വൈരുധ്യത്തിന്റേയും നിറവുള്ളതാണ് ജനപ്രിയസാഹിത്യം. ശാശ്വതമൂല്യങ്ങളെക്കാൾ മാറുന്നവയോടൊത്താണ് അവയുടെ സഞ്ചാരം.' (രാധാകൃഷ്ണൻ, പി.എസ്., 2017: 303)

മലയാളിയുടെ സംസ്കാരികമായ പരിണാമം ജനപ്രിയനോവലുകളിൽ കാണാനാകും. ആധുനികതയുടേയും ഉത്തരാധുനികതയുടേയും സാംസ്കാരികതയിൽ നിന്നുണ്ടായ ഭാവുകത്വപരിസരത്തിൽ നിന്ന് മലയാളികൾ മാറുന്നതിന്റെ സൂചനയാണ് പുതുതലമുറയിലെ കുറ്റാന്വേഷണനോവലുകളും അവയ്ക്ക് ലഭിക്കുന്ന പ്രശസ്തിയും.

## ഗ്രന്ഥസൂചി


1. അനിൽ, കെ.എം., (എഡി.), 2017, സംസ്കാരനിർമ്മിതി, പ്രോഗ്രസ് പബ്ലിക്കേഷൻ.
2. അനിൽകുമാർ, കെ.എസ്.; രശ്മി, ജി. (സമ്പാ.), 2018, ട്രാൻസ്ജന്റർ: ചരിത്രം സംസ്കാരം പ്രതിനിധാനം, ചിന്ത പബ്ലിഷേഴ്സ്.
3. ഇന്ദുഗോപൻ, ജി.ആർ., 2021, സ്കാവഞ്ചർ, മലയാള മനോരമ, വാല്യം 31, ലക്കം 31. പേജ് 144-156.
4. ജേക്കബ്, ഷാജി, 2009, ജനപ്രിയസംസ്കാരം: ചരിത്രവും സിദ്ധാന്തവും, മാതൃഭൂമി ബുക്സ്.
5. ജേക്കബ്, ഷാജി, 2018, ആധുനികാനന്തര മലയാള നോവൽ: വിപണി, കല, പ്രത്യയശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
6. ജോസ്, ജിസ, 2020, ഡാർക്ക് ഫാന്റസി, ലോഗോസ് ബുക്സ്.
7. ജോസ്, ലാജോ, 2021, ഹൈഡ്രേഞ്ചിയ, മാതൃഭൂമി ബുക്സ്.
8. പോൾ, സെബാസ്റ്റ്യൻ, 2018, ഗുട്ടൻബർഗ് മുതൽ സുക്കർബർഗ് വരെ, സാഹിത്യ പ്രവർത്തക സഹകരണ സംഘം.
9. രാജശ്രീ, ആർ., 2018, അപസർപ്പകാഖ്യാനങ്ങൾ: ഭാവനയും രാഷ്ട്രീയവും, ലോഗോസ് ബുക്ക്സ്.
10. രാധാകൃഷ്ണൻ, പി.എസ്., 2017, ജനപ്രിയസാഹിത്യം: കലയും കച്ചവടവും, മലയാളപഠനസംഘം, കാലടി, സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, (പേജ്- 284-305), വള്ളത്തോൾ വിദ്യാപീഠം.
11. വർഗ്ഗീസ്, മാത്യു, എ., 2021, സാമൂഹികശാസ്ത്രം പൊതുഇടങ്ങളിലൂടെ —ലിംഗപദവിയുടെ അടയാളപ്പെടുത്തലുകൾ, ജോർജ്, മ്യൂസ് മേരി. (എഡി.). ലിംഗപദവി വിശകലനങ്ങൾ വിചാരങ്ങൾ, (പേജ് 146-154), വിദ്വാൻ പി.ജി നായർ സ്മാരക ഗവേഷണകേന്ദ്രം.

12. വെങ്കിടേശ്വരൻ, സി.എസ്., 2018, മലയാളിയുടെ നവമാധ്യമ ജീവിതം, ഡി.സി. ബുക്ക്സ്.

13. ശ്രീപാർവതി, 2021, പോയട്രി കില്ലർ, ഡി.സി. ബുക്സ്.

14. ഷംല, യു., 2010, ആഖ്യാനതന്ത്രം ഉറൂബിന്റെയും എം.ടി. വാസുദേവൻനായരുടേയും എം. മുകുന്ദന്റേയും നോവലുകളിൽ (പിഎച്ച്.ഡി. പ്രബന്ധം), മഹാത്മാഗാന്ധി സർവ്വകലാശാല.

15. ഹമീദ്, 2015, അപസർപ്പകനോവലുകൾ മലയാളത്തിൽ, കേരള സാഹിത്യ അക്കാദമി.

16. Genette, Gerald, 1980, Narrative discourse - An essay in method, Cornell University press.

*indhukalasi@gmail.com*

# 3

# അപസർപ്പകസാഹിത്യം: ജാതി, ശരീരം, ലിംഗപദവി

# Female Victims, Necrophilia and Necropornography in Lajo Jose's Hydrangea

Muhsina N.
Research Assistant, Department of Communication Arts,
University of Wisconsin-Madison, USA

## Abstract

*Crime fiction is an emerging genre in Malayalam literature. Earlier it was considered as a part of pulp fiction, looked down on by cognoscenti of serious literature due to the excessive presence of eroticism. In the majority of the crime fiction novels, female victims' bodies are depicted as objects for men to satiate their sadistic voyeurism and fetishistic Scopophilia. In Lajo Jose's Hydrangea, the readers are witness to the murders of several women and the narrative style of the work reveals the sexualized bodies of these women from a third-person point of view as well as from the criminal's angle. The female corpses become objects to be looked at during various points of the storyline such as the video sent by the criminal to the police and on the autopsy table.*

*Necropornography constitutes a pillar of modern crime fiction. It frequently manifests itself not only through the presentation of sexualized female cadavers and dissections but also through sensational descriptions of the murder of women. As the gendering and sexualization of the cadavers of the female victims are the fundamental aspects of Necropornography, many twenty-first-century crime fiction works make the deaths, especially the deaths of women as much more compelling and lucrative. This article attempts to trace the elements of Necropornography, analyze the erotic dimensions of the living and dead female bodies and the psycho-dynamics*

*of the killer in the novel Hydrangea.*

***Key Words****: Female Victim/Female Corpse, Voyeurism, Necrophilia, Necropornography, Objectification*

> "The death... of a beautiful woman is,
> unquestionably, the most poetical
> topic in the world"
> —Edgar Allen Poe,
> *The Philosophy of Composition, 1992, 59*

Malayalam detective fiction was inaugurated by the publishing of Bhaskara Menon by Ramavarma Appan Thampuran in 1905. This genre got perfected through the works of Kottayam Pushpanath, Neelakandan Paramara, and Batton Bose. In the 21st century, we have a handful of young writers like G.R. Indugopan, Rihan Rashid, Sree Parvathy, and Lajo Jose to nurture this genre. Lajo Jose is a successful writer of crime thrillers and mystery novels in Malayalam. His works include Coffee House (2018), Hydrangea (2019), Ruthinte Lokam (2019), and Rest in Peace (2020). The journalist turned private detective Esther Immanuel once again appears in this investigative thriller Hydrangea after Coffee House. The novel reminds us of born-chilling western Stalker Crime thrillers like Watching You by Michael Robotham, The Night Stalker by Robert Bryndza, and A Stranger in the House by Shari Lapena.

Hydrangea opens up a mysterious crime story that revolves around a 'Romantic Killer' and the female sleuth Esther Immanuel. This brutal serial killer is vehemently threatening the city with his maverick crimes targeting mainly females. The female victims of the psychopath include Chaithra Madhavan, Liya Fathima, Ovia Krishnan, Haritha Menon, Isha Teresa Francis, Ria Mathew, and DYSP Sharon Thomas IPS. All these women were attacked in a similar method.

The *modus operandi* of the psychopathic killer includes sexual assault, rape, maiming all over the body of the victim especially repeated stabbing in private parts and strangulation. He shoots a short video of his victims nearly before the actual act of crime by secretly stalking

them and sends it to the city police chief, virtually challenging them to stop the crime from being committed. But since the videos don't leave much information about the victims except for a flashy image of them in their rooms, the police also find it nearly impossible to derive anything crucial about these ladies. Private Investigator Esther and the detective firm 'AAA' in which she is working for, headed by Ali Imran also get entangled in this quagmire and their task is to stop another murder being committed as the criminal is on his killing spree to establish his delinquent identity.

## The living female body, Scopophilia, and Objectification

The Female body as an object of the 'male gaze' is a notion that Laura Mulvey delineated in her essay 'Visual Pleasure and Narrative Cinema.' Mulvey talks about the gaze of the camera lens, which is unique to cinematic narratives. But her analysis can also be used to describe the system of viewing power in textual fiction. In several passages of Hydrangea, the narrator offers ecstatic and erotic descriptions of victims' living bodies. The living body of the victim Haritha is described elaborately and even the minute aspects of narration contribute to the erotic experience of the readers through the voice of the narrator. The descriptions of characterization and the depiction of female bodies indicate the elements of objectification and voyeuristic scopophilia.

> "Haritha stepped down from the treadmill. Her body was drenched in sweat. Taking a towel, she gently wiped off the moisture on her face. Canals of perspiration channeled through her neck towards the middle of her sports bra to cross her navel and wet her panties to make her disturbed." (28-29)

Here the female body is introduced in an objectified way and is being looked at by both the narrator and the reader. Another example is that the victim Haritha enjoys her image in a mirror and the narrative style brings in erotic Scopophilia. Here, linguistic structures act as a camera lens to capture the sexualized living body to turn into a pleasurable object

to stimulate the libido of the reader. The narrative aspects sexualize the living female body by creating an erotic word picture. Here the female body is an erotic object for the narrator as well as for the reader. The narrator continues,

> "She looked at the mirror to enjoy the beauty of her perfectly toned and sculptured body which is the result of daily exercise for a period of seven months. She found her loosened arm muscles got strengthened and her protruded tummy got flattened. On moving sideways, she observed her hips got curved, breasts turned fuller and spherical, and her bums and thighs became tightened. Her full body beamed with beads of sweat." (29-30)

The narrator of Hydrangea is the bearer of the reader's gaze. These narrations focus on the 'close-ups' of female body parts and the narrator serves as a surrogate for the reader's look. The detailed narration investigates the female body and tries to demystify its mysteries. The killer's gaze at the female body has sadistic elements in asserting control, judging, and punishing his victims. All these images of female body parts, enactment of male power and male gaze stand as representations of eroticism. In an introduction to Georges Bataille's Story of the Eye, he details the increasingly bizarre sexualizing of the female body.

> "The determining male gaze projects its fantasy onto the female figure, which is styled accordingly. In their traditional exhibitionist role, women are simultaneously looked at and displayed, with their appearance coded for strong visual and erotic impact... The woman displayed as a sexual object is the leitmotif of erotic spectacle... she holds the look, plays to, and signifies male desire." (33)

For Mulvey, the camera allows male viewers to experience pleasure through 'Scopophilia,'—the pleasure in looking. Ladelle McWhorter in her essay 'Bataille's Erotic Displacement of Vision' opines that Pornographic literature is "visual in that [it] conjure[s] up images of women, body parts, scenes in the enactment of male power" (119). In Hydrangea, the male

gaze operates through the visual qualities of a literary work to generate this pleasure in looking at female bodies. The narrative style invites the reader to identify with both the first-person account of the killer and the third-person angle of the narrator.

## Female Corpses, Necrophilia and Necropornography

Every short video sent to the City Police Chief before the crime was shot in a manner that indicates stalking and filming of women without their consent indicated the voyeuristic tendencies of the culprit. The crime scene looked strange in its appearance as the female dead bodies of the victims were kept in their bedrooms completely decorated, near to it burnt two big perfumed candles, pink hydrangea flowers sprinkled all over the bed, floor and doorsteps. The overall appearance of the homicide scene looked like an installation art that is staged with utmost care. As Elisabeth Bronfen states in her book Over Her Dead Body: Death, Femininity and the Aesthetic (1992), female corpses were displayed as artworks.

The equation between femininity and death is such, that while in cultural narratives the feminine corpse is treated like artwork or the beautiful woman is killed to produce an artwork, conversely, artworks emerge only at the expense of a beautiful woman's death and are treated like Feminine corpses. (72–73)

The criminal uses sophisticated technology to record videos of his victims bathing and undressing. His voyeuristic behavior has an underlying coercive sexual interest and his covert observations of females took place in the context of preparing for coercive sexual acts and rape planning. The criminal's unnatural satisfaction of sexual instincts upon the female victims includes extreme narcissism, sadism, and fetishism. He tries to assume his power and control over his victims by introducing infliction of pain, humiliation, and suffering. This sexual sadist engages in bondage, cutting/stabbing, and ligature strangulation of his victims.

The criminal at times loses his erection when the victim was put to rape and he withdrew from raping them while they are alive. Once

he killed them, he engages in necrophilia and shoots the video. Later he simply chooses to masturbate to thoughts and visuals of his actions. His paraphilic activities are a result of transient necrophilic fantasies. The murders he committed were necrophilic homicides to obtain corpses to fulfill his sexual desires. This serial killer finds sexual gratification in smelling the private parts of the corpses and neatly arranging the bed, dresses, and other things of the next victim. Necrofetishism of the criminal is evident as he engages in conversing, bedding, and eating together with the corpses. The imagery he wishes to fondle in his mind is the dominant male perpetrator and the helpless female victim.

The novel narrates the female corpse just like an object that is displayed in a showcase. The disfigured female body was kept stark naked in a clean white bedspread, its eyes made wide open using transparent glue, its hands spread out towards two sides, and the corpse was covered with another clean white cloth. There were deep wounds all over the body but the amount of blood dried and stuck to the body was very little. It was evident that the deep cut wounds and blood were cleansed with Hydrogen Peroxide to destroy all shreds of evidence. The female corpses were arranged as showpieces after engaging in violent sexual intercourse with them. Etienne Du Toit in his work Commentary on the Criminal Procedure (2005) opines that,

> "Crime novels are either narrative of investigators or narratives of criminals–rarely are they narratives of victims. While the murderer and, subsequently, the detective in some sense write their stories on the victim's body, the victim, often conventionally female, seldom gets the chance to tell her story. If she does, her tale risks being hijacked by the audience as a pornographic spectacle, especially if it is one of sexual violence" (Du Toit 2005, 257–258).

In Hydrangea, the killer writes his story on the victim's corpse and his monologues reveal the working of his psychopathic-paraphilic mind. He uses the body of the victim as a canvas to express his mental frustrations triggered by sexual dysfunction and disorders. He remembers the erectile

dysfunction he faced during his first sexual encounter with a lady named Sini. She ridiculed and made fun of him for his sexual inability. The humiliation poured out by her mockery created stress and anxiety in him. His feelings of guilt, lack of confidence, concern about sexual performance, and body image resulted in extreme misogyny and sexual complexity.

Once he committed his lust-murder, the criminal wanted that to be acknowledged by the public, waits for the public to discuss the brutality he committed, and if his necrosadism goes unnoticed by the police, he gets frustrated. Extreme narcissistic tendencies of the criminal are visible here. This violent necrophile gets a sexual charge out of mutilating dead bodies, enjoys the act of killing, and copulates with the warm fresh corpses. In their article titled, "Necrophilia: A Study of the Psychoanalysis in the Characteristics of the Offenders Who Sexually Molest the Dead", Anand Kumar Vasudevan *et al* states that,

> "One central theme in necrophilia is a profound lack of self-esteem and deep-seated feelings of inferiority. Unusually sensitive to rejection, they seek out a safe sex partner who is permanently incapable of rejecting them. At first, they are fearful of the dead. However, through the defense mechanism of reaction formation, whereby an unacceptable emotion is replaced by its opposite, they become enamored of the dead and obsessed with them. They develop elaborate fantasies involving corpses, and when environmental or occupational circumstances cooperate, they will act on their hidden desires." (16)

The victims rarely get a chance to speak or react when all these atrocities were happening to them. The criminal silences them by inserting cloth materials inside their mouths and subjecting them to brutal physical violence. The novel gives the point of view of one of the victims named Ria in the form of a monologue—only once. She was tied to the legs of the cot, unable to utter even a single word as her mouth was filled with clothes and was terrified by the presence of the ferocious criminal. Her

monologue goes on like this, "Oh, Look! he sprinkles flowers - pink hydrangeas. What next?! Oh my God! He will rape me then. This filthy creature! It is better to get killed. My God..." (175). The acts of human inflicted violence, even an unwanted gaze can degrade the victim from the status of a subject to that of an object, while the pain resulting from such injuries reduces her to flesh. Unfortunately, all these victims underwent such a mental trauma of gaze before they were put to excruciating physical atrocities.

## Psycho-dynamics of the killer

The intimate and complex inter-relationships between birth fantasies, coprophilia, and sadism, regarding necrophilic tendencies, were first described by Sigmund Freud in his article "Civilized Sexual Morality and Modern Nervous Illness" (1908). Freud said that the 'perverse' part of libido is caused by a disturbance in development. The repression of sexual instincts can lead to internal conflicts and can result in perverse drives. Some psychoanalysts claim that the need to overcome the primal scene trauma is responsible for causing later necrophilia.

This psychopathic necrophile has a significant motive to possess an unresisting and submissive partner. He always preferred sex partners who are helpless, unresisting, and completely at his mercy, or who are immobile, to avoid critical remarks about his performance, the fulfillment of which gives him a sense of power and control over the women whom he considers as a sex object. The criminal continues his acts, as he believes, that the dead 'lover' never rejects him, makes no demands, does not compare his love-making skills with others, and will never file a complaint against him. He is often reminded of Sini who compared his love-making skills with his father's and made critical remarks about his performance. He strangulated her to death and then showed his 'masculinity'. This incident was his first murder and necrophilic activity.

The childhood experience of this serial killer was another important aspect. His father used to torture him physically and mentally while his mother refused to help him from the attacks he had to bear. After the death of his father, his mother engaged in illicit relationships and

prostitution by neglecting her child. The lack of love, empathy and care in the family created hatred and revenge in his mind and ultimately resulted in matricide. He tried to identify this parental figure in his victims and it is evident that he selected victims with the same facial symmetry as that of his mother to torture and murder. The unconscious suppressed hostility towards parental figures and sadistic impulses to explore the mother's body is a concept associated with necrophilia. In their article titled "On Certain Neurotic Equivalents of Necrophilia", Calet and Weinshel (1972) hypothesize that the bizarre mutilations sometimes found in sexual killings indicate that in some of these cases "the wish to re-enter and to explore the interior of the mother's body may be an important ingredient" (67).

The necrophile sees the perverse act as the use of hostility in converting a childhood trauma into an adult triumph, the fantasy of revenge being crucial and risk-taking an essential part. A triumph is celebrated and the sex object is dehumanized each time the perverse act is performed. On killing each of his victims, he receives a pleasure that is equal to orgasmic pleasure.

## Tales from Autopsy table

An autopsy is commonly associated with the examination of bodies or fragments of bodies in forensic anthropological procedures. Autopsy is a word derived from the Greek language and is a combination of 'auto' and 'opsis' which means 'to see with one's own eyes.' The dissection of dead bodies for the post-mortem examination is a systematic visual investigation that is exactly a penetrating gaze to extract medical information. The necropornographic fictions centering on the scene of autopsy and the exhibition of corpses are common in crime fiction. It has sexual attributes and serves to stimulate erotic feelings in the reader or viewer through this public spectacle. In Hydrangea, the post mortem process of the victim Haritha was explained and the autopsies of Chaithra, Liya and Ovia were mentioned. The scene centers on

the examination of corpses by forensic medical technicians and their scientific gazes. The autopsy scenes "featur(ing) the most graphic, abject images of the victim's ruined corpse" (Pierson, 197) and can be conceived of anatomical dismemberment as a pornographic spectacle for the readers.

The narrator invites his readers to enjoy the anatomical fantasy as he proceeds to stage the woman's autopsy as a brightly illuminated and eagerly attended erotic glance or spectacle, and he immediately focuses narrative attention on organs of prime pornographic interest. The display of the victim's body on the autopsy slab, the way in which the naked bodies were kept straight, and the appearance of wounds in the breasts, stomach, and thighs were specified in the novel. The autopsy is a site in which the naked female dead body is exhibited as an object of the gaze and the sexualization of this body ends only when it is buried. In Hydrangea, the killer even attends the funeral and visits the burial places of his victims by tricking the entire police force and detective agents.

## Conclusion

Necrophilia is often acknowledged as a very rare and poorly represented phenomenon in crime fiction, especially in Malayalam. The writer succeeded in weaving such a cold-blooded murder series in a terror-stricken manner by using a catchy narrative style and peculiar plot-line. The novel reveals sexual deviancy in a necrophile-turned slayer from the point of view which helps the reader to critically analyze the psycho-dynamic aspects of him with an in-depth inquiry into the nature of the criminal. On observing the nuances of Hydrangea, one could understand the embedded Scopophilia and objectification of the living female bodies and the necrophilic approach of the criminal towards the dead bodies of the victims. The interpersonal dynamics of the killer reveal that his bizarre sexual behavior is rooted in his antecedents of humiliation and misogyny. The gaze of the killer and the narrator facilitates the occurrence of necropornography to sexualize female bodies as erotic spectacles.

## Glossary

| | | |
|---|---|---|
| 1. | Coprophilia | getting sexual arousal from compulsive consumption of feces. |
| 2. | Necrofetishism | deriving sexual gratification from corpses or parts of the corpse. |
| 3. | Necrophile | a person who is sexually attracted to corpses. |
| 4. | Necropornography | pornographic visuals or writings depict sexual acts with corpses or people pretending to be dead |
| 5. | Necrosadism | the propensity to murder in order to have sex with a corpse |
| 6. | Paraphilia | any intense sexual arousal other than sexual interest in genital stimulation |
| 7. | Psychopath | a person suffering from a chronic mental disorder with abnormal and violent social behavior |
| 8. | Scopophilia | pleasure derived chiefly from watching others when they are naked or engaged in sexual activity. |

## Works Cited

13. Bataille, Georges. Story of the Eye. Trans. Joachim Neugroschel. San Francisco: City Lights,1987.

14. Bronfen, Elizabeth. Over Her Dead Body: Death, Femininity and the Aesthetic. Manchester UP,1992.

15. Calet, V., and Weinshel, E. (1972).“On certain neurotic equivalents of necrophilia”. International Journal of Psychoanalysis, Vol 53,pp.67-75.

16. Du Toit, Etienne. Commentary on the Criminal Procedure. Juta, 2005.

17. Edgar Allen Poe, The Philosophy of Composition, 1992, pp 59.

18. Jose, Lajo. Hydrangea. Mathrubhumi, 2019.

19. McWhorter, Ladelle. “Bataille’s Erotic Displacement of Vision.” Panorama:Philosophies of the Visible. Ed. Wilhelm S. Wurzer. New York: Continuum, 2002. pp117-27.

20. Mulvey, Laura. “Visual Pleasure and Narrative Cinema.” Issues in Feminist Film Criticism. Ed. Patricia Evans. Bloomington: Indiana UP, 1990. pp. 28-40.

21. Sigmund Freud,“Civilized Sexual Morality and Modern Nervous Illness”, Sexual Problems,1908. pp.107-129.

22. Vasudevan, Anand Kumar. “Necrophilia: A Study of the Psychoanalysis in the Characteristics of the Offenders Who Sexually Molest the Dead”. Medico-legal Update, July-December 2019, Vol.19, No. 2.

*muhsinajeeb@gmail.com*

# പറയപ്പേച്ചുകളുടെ ശിരോബലികൾ

ഡോ. എൻ. രജനി
അസോസിയേറ്റ് പ്രൊഫസർ, മലയാള വിഭാഗം, ഗവ: ബ്രണ്ണൻ കോളേജ്, തലശ്ശേരി

"അവകൾകിനാവുകളെന്നാം ശാസ്ത്രം
കളവുകളെന്നാം ലോക ചരിത്രം:
ഇവയിലുമേറെയഥാർത്ഥം ഞങ്ങടെ
ഹൃദയനിമന്ത്രിതസുന്ദര തത്വം."

—വൈലോപ്പിള്ളി, ഓണപ്പാട്ടുകാർ

## പ്രബന്ധസംഗ്രഹം

വർത്തമാനകാലമലയാള നോവലുകളുടെ ആഖ്യാനപരിസരം വിപുലവും വൈവിധ്യം കലർന്നതുമാണ്. അക്കൂട്ടത്തിൽ മലയാളത്തിലെ ശ്രദ്ധേയനായ എഴുത്തുകാരനാണ് പി.എഫ് മാത്യൂസ്. അദ്ദേഹത്തിന്റെ നോവലുകൾ മാന്ത്രികവും ഭ്രമാത്മകവുമായ ആഖ്യാനാന്തരീക്ഷം സൃഷ്ടിക്കുന്നു.ചാവുനിലം, ഇരുട്ടിൽ ഒരു പുണ്യാളൻ, അടിയാളപ്രേതം എന്നീ നോവലുകൾ പ്രഹ രമേല്പിക്കുന്ന വായന നല്കുന്നവയാണ്. അതിൽ അടിയാളപ്രേതം എന്ന നോവലിനെ മുൻനിർത്തി വർത്തമാനകാല അവബോധ നിർമ്മിതി യുടെ രാഷ്ട്രീയം വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധം. ക്രൈം നോവലിന്റെ ആഖ്യാനാന്തരീക്ഷം സൃഷ്ടിച്ചു കൊണ്ട്, ചരിത്രത്തെയും വർത്ത മാനത്തെയും ചേർത്തിണക്കി അടിമകളും അടിയാളരും കീഴാളരും ആക്ക പ്പെട്ട ജനതയുടെ ജീവിതാവസ്ഥകളെ അവതരിപ്പിക്കുന്ന നോവലാണ് അടിയാള പ്രേതം. മറ്റ് നോവലുകളുടെ സ്വരൂപത്തെക്കൂടി ആദേശം ചെയ്യുന്ന വിധത്തിൽ സമകാലിക രചനാമണ്ഡലത്തെ വലിച്ചെടുക്കുന്ന പ്രവണത ക്രൈം ഫിക്ഷനുകൾക്കുണ്ടെന്ന് അടിയാള പ്രേതത്തെ മുൻനിർത്തി നിരീ ക്ഷിക്കാവുന്നതാണ്.

**താക്കോൽ വാക്കുകൾ:** ക്രൈം ഫിക്ഷൻ, ക്രൈം ഫാന്റസി, ജനുസ്സ്, ഗോതിക് നോവൽ, ഭാവുകത്വപരിണാമം, ചരിത്രം, ഉന്മാദം, അവബോധം.

ചരിത്രവും ഓർമ്മയും ഐതിഹ്യവും വർത്തമാന സന്ദർഭങ്ങളിലേക്ക് സവിശേഷമായി ചേർത്ത് വെച്ചുകൊണ്ട് നൂതനമായ ഭാവുകത്വം സൃഷ്ടിക്കാൻ നമ്മുടെ സാഹിത്യജനുസ്സുകൾ ശക്തമാണ്. അക്കൂട്ടത്തിൽ ഒന്നാമതായി ഗണിക്കേണ്ടത് നോവലുകളെയാണ്. ഭാവനയെയും ചിന്തയെയും ആകെ തകിടംമറിച്ചുകൊണ്ട് യുക്തിയുടെ ശിലാബോധങ്ങളെ ദ്രവീകരിച്ചുകൊണ്ട് പുതിയൊരു ലാവണ്യലോകം മലയാളനോവൽ ഉണ്ടാക്കുന്നുണ്ട്.ക്രൈംഭാവനയുടെ ആഖ്യാനങ്ങൾ കൊണ്ട് സമൃദ്ധമാണ് മലയാളത്തിലെ സമീപകാല ഫിക്ഷനും സിനിമയും. കുറ്റവും അന്വേഷണവും എന്നത് എല്ലാ കാലവും ജനപ്രിയമായ വിഷയമായിരുന്നു. പക്ഷേ ജനപ്രിയതയ്ക്ക് സാഹിതീയവും ധൈഷണികവും അക്കാദമികവും ആയ സർഗ്ഗാത്മക മണ്ഡലത്തിലേക്കുള്ള സ്വീകാര്യത അത്ര ഹൃദ്യമായിരുന്നില്ല. ഇന്ന് ഹൃദ്യമായ വരവേല്പ് ഉണ്ടാവുകയോ അല്ലെങ്കിൽ കുറ്റാന്വേഷണ നോവലുകളുടെ ജനപ്രിയത ഫിക്ഷന്റെ ഏറ്റവും സ്വീകാര്യതയുള്ള പൊതുമണ്ഡലമായി പരിണമിക്കുകയോ ചെയ്തിട്ടുണ്ട്. സാങ്കേതികതയുടെ വിസ്മയിപ്പിക്കുന്ന വികാസങ്ങൾ, ഭാവനയുടെ അനന്തതകൾ, മനുഷ്യമനസ്സിന്റെ അതിസൂക്ഷ്മ സഞ്ചാരങ്ങൾ തുടങ്ങിയവയൊക്കെ ക്രൈംഫിക്ഷന്റെ രചനയുടെ ബാഹുല്യത്തിന് പ്രേരണയായി. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ക്രൈമുകളും ഹിംസാത്മകതയും ഇത്തരം രചനകൾക്കുള്ള അബോധവളമായി രൂപപ്പെടുകയും ചെയ്തു. മലയാള സാഹിത്യത്തിന്റെ സവിശേഷ പഠന മേഖലയിൽ നിന്ന് മാറ്റി നിർത്താൻ പറ്റാത്ത വിധത്തിലുള്ള പടർച്ച കുറ്റാന്വേഷണ സാഹിത്യത്തിന് വന്നിട്ടുണ്ട് എന്നതാണ് ക്രൈംഫിക്ഷനുകളെപ്പറ്റിയുള്ള അക്കാദമികമായ പഠനങ്ങളുടെ പ്രസക്തി.

ക്രൈംഫിക്ഷൻ (കുറ്റാന്വേഷണസാഹിത്യം) മലയാളനോവലിന്റെ പ്രാരംഭകാലം മുതലേ രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും 2000ത്തിന് ശേഷമാണ് മുഖ്യധാരാരുചിയിലേക്ക് ഇത്തരം രചനകൾ ചേർന്നത്. ക്രൈം ഭാവനകൾ നോവലിന്റെ ആഖ്യാനവും ഘടനയും പ്രമേയവും ഒക്കെയായി കേരളീയത്വത്തോടെ സജീവസാന്നിധ്യമായത് ഇക്കാലയളവിലാണ്. 'പാലേരിമാണിക്യം ഒരു പാതിരാക്കൊലപാതകത്തിന്റെ കഥ', 'ഫ്രാൻസിസ് ഇട്ടിക്കോര' എന്നീ നോവലുകളിലൂടെയാണ് (2009) അത്തരത്തിലൊരു വേറിട്ട രുചി മലയാളി നോവലിൽ അനുഭവിച്ചു തുടങ്ങിയത്. അതുവരെ വൈദേശികമായ കുറ്റാന്വേഷണസാഹിത്യത്തിന്റെ പൊതുസവിശേഷതകളിലേക്ക് പരകായപ്രവേശം നടത്തിയാണ് ഏറെക്കുറെ മലയാളത്തിൽ ഈ ജനുസ്സ് ആവിഷ്കാരം നടത്തിയത്. ടി.ഡി.രാമകൃഷ്ണന്റെ ഫ്രാൻസിസ് ഇട്ടിക്കോര

കേരളീയത, വൈദേശികത, അപസർപ്പകത എന്നിവയുടെ വിദഗ്ധമായ മിശ്രണം അനുഭവിപ്പിച്ചു. ടി.പി.രാജീവന്റെ 'പാലേരി മാണിക്യം ഒരു പാതിരാ കൊലപാതകത്തിന്റെ കഥ' വന്നതോടെ പൂർണമായും കേരളീയമെന്ന് പറയാവുന്ന കുറ്റാന്വേഷണനോവൽ പിറവിയെടുത്തു.[1]

കഥ, കഥാപാത്രങ്ങൾ, ചരിത്രം, ആഖ്യാന ഘടന, ഭൂപ്രകൃതി, ഭാഷ ഇങ്ങനെ സമസ്തഘടകങ്ങളിലും കുറ്റത്തിന്റെയും അന്വേഷണത്തിന്റെയും ഫിംഗർപ്രിൻറുകൾ രേഖപ്പെടുത്തിക്കൊണ്ട് ആ നോവൽ കുറ്റാന്വേഷണ നോവലുകളുടെ ശ്രേണിയിൽ വളരെ കൃത്യമായ ഭാവുകത്വ വ്യതിയാനം സൃഷ്ടിച്ചു. അവിടന്നങ്ങോട്ട് മലയാളനോവലിന്റെ ഘടനയിലും പ്രമേയത്തിലും ഭാവനയിലും കുറ്റാന്വേഷണ നോവൽ എന്ന നോവൽ ജനുസ്സ് പലനിലകളിൽ പ്രവർത്തിച്ചു തുടങ്ങി. മലയാളിയുടെ സമീപകാല നോവൽ വായനാശീലങ്ങളിൽ വലിയൊരു വിപ്ലവം തന്നെ ഈ വിഭാഗം ഉണ്ടാക്കി. നിലവിലെ സാമൂഹിക സാഹചര്യവും കോവിഡ്കാല അടച്ചിരിപ്പും അരക്ഷിതാവസ്ഥയും തീർക്കുന്ന വിഹ്വലതയിൽ നിന്ന്, അതിനെക്കാൾ വലിയ വിഹ്വലതയിലേക്കുള്ള മലയാളിയുടെ സഞ്ചാരമായി, ഒരു തരം വൈകാരികപലായനമായി ഈ അഭിരുചിപരിണാമത്തെ വിലയിരുത്താം. ഇതിനെ സമർത്ഥമായി ഉപയോഗിച്ച് ,പുസ്തക പ്രസാധകരും വില്പനക്കാരും വായനക്കാരും കൈകോർക്കുന്ന ഒരു അനുവാചകമണ്ഡലം ഇവിടെ രൂപപ്പെട്ടിട്ടുണ്ട് എന്നത് ഈ അടുത്തകാലത്ത് ഇറങ്ങിയ ക്രൈംനോവലുകളുടെ ആധിക്യം തെളിയിക്കുന്നു.[2] ക്രൈം, ഹിംസ, തിരോധാനങ്ങൾ, കൊലകൾ എന്നിങ്ങനെയുള്ള വിഷയങ്ങളെല്ലാം സമകാലികമായ രാഷ്ട്രീയ ശരിയുടെ പക്ഷത്തുനിന്ന് പുനർവിചാരം നടത്തുവാനുള്ള ശ്രമം ഇത്തരം നോവലുകളിലുണ്ട്. ശരീരം, ലൈംഗികത, ലിംഗബോധങ്ങൾ, രാഷ്ട്രം, ദേശീയത, വംശം തുടങ്ങിയവയെ അടിസ്ഥാനമാക്കി മനശ്ശാസ്ത്രവിശകലനവും സാമൂഹ്യവിശകലനവും നടത്തുന്ന തരത്തിലുള്ള സാംസ്കാരിക ഇടപെടൽ ഈ വിഭാഗം നോവലുകൾ ഇന്ന് നടത്തുന്നുണ്ട് എന്നതും ഇവയുടെ വായനയെ ഗൗരവമാക്കുന്നു.

കുറ്റാന്വേഷണ നോവലിനെ പഠിച്ചിട്ടുള്ള നിരൂപകരെല്ലാം അതിന് കൃത്യമായ നിയമങ്ങളും സാമാന്യ സ്വഭാവങ്ങളും നിർദേശിക്കുന്നു.[3] പക്ഷേ, ആ നിയമങ്ങളെയും സാമാന്യഘടകങ്ങളെയും കാലഹരണപ്പെടുത്തിയാണ് ക്രൈം നോവലുകൾ പുതിയ ഘടകങ്ങളോടെ, ഘടനയോടെ പ്രത്യക്ഷപ്പെടുന്നത്. പി.കെ.രാജശേഖരന്റെ നിരീക്ഷണം നോക്കുക:

"കുറ്റകൃത്യം, ശിക്ഷ നിയമം, പോലീസ്, കേസന്വേഷണം, കുറ്റവാളിയെ

പിടികൂടൽ, തുടങ്ങിയവ മുഖ്യസ്ഥാനത്ത് വരുന്ന സവിശേഷമായ ഇതിവൃത്തഘടനയാണ് കുറ്റാന്വേഷണ കഥയ്ക്ക് അടിസ്ഥാനം.ഒന്നോ അതിലധികമോ കുറ്റകൃത്യങ്ങൾ (മിക്കവാറും കൊലപാതകം), സംശയിക്കപ്പെടുന്ന വ്യത്യസ്ത പ്രേരണകളുള്ള ഒന്നിലേറെപ്പേർ, ഔദ്യോഗികമോ അനൗദ്യോഗികമോ ആയി പ്രവർത്തിക്കുന്ന അപസർപ്പകൻ ( അന്വേഷകൻ), തെളിവു ശേഖരണം, സാക്ഷികളെയും സംശയിക്കപ്പെടുന്നവരെയും ചോദ്യം ചെയ്യൽ, അപസർപ്പകൻ നടത്തുന്ന നിഗൂഢത ചുരുളഴിക്കലും കുറ്റവാളിയെ കണ്ടുപിടിക്കലും കുറ്റവാളിയുടെ ബന്ധനം (ചിലപ്പോൾ കുറ്റവാളിയുടെ മരണമോ തിരോധാനമോ)—കുറ്റാന്വേഷണ കഥയിലെ അവശ്യ ഘടകങ്ങളാണിവ" (ഉത്ക്കണ്ഠയുടെ കോനൻ ഘടികാരങ്ങൾ, അറിയപ്പെടാത്ത ഷെർലക് ഹോംസ്, 20:2020)

ഈ സ്വഭാവങ്ങളെ വഹിക്കുന്ന, നേരിട്ട് കുറ്റവും അതിന്റെ അന്വേഷണവും എന്ന രീതിയിൽ മുന്നോട്ട് പോവുന്ന നോവലുകൾക്കൊപ്പം പ്രധാന പ്രമേയത്തിന് സമാന്തരമായോ ഉപാഖ്യാനങ്ങളായോ കുറ്റാന്വേഷണം പ്രതിപാദ്യമാവുന്ന നോവലുകൾ ഇന്ന് ധാരാളമുണ്ട്. ഏറ്റവും ശക്തമായ ആഖ്യാന സാധ്യതയായി നോവലിസ്റ്റുകൾ ഹത്യ, കൊല, മാൻമിസ്സിംഗ്, അന്വേഷണം എന്നിവയെ സമർത്ഥമായി ഉപയോഗിക്കുന്നു. മലയാളനോവൽ ഘടനയെയും ഭാവാന്തരീക്ഷത്തെയും ശക്തമായി സ്വാധീനിക്കാൻ ശേഷിയുള്ള ഇനമായി ഇവ മാറിയിട്ടുണ്ട് എന്നർത്ഥം. (മുദ്രിത, ഘാതകൻ, തുടങ്ങിയ നോവലുകളുടെ ഘടന നോക്കുക. ആദ്യകാല നോവലായ ധർമ്മരാജയെയും ഉദാഹരിക്കാം). ഫിക്ഷനുകളുടെ ആന്തരികഘടനയിൽ അപസർപകത്വം ലയിച്ചു ചേർന്നിട്ടുണ്ട് എന്നത് സാമാന്യമായി വിലയിരുത്താം.

കുറ്റാന്വേഷണ നോവലുകളുടെ വളർച്ചയിൽ ഗോതിക് നോവലുകളെപ്പറ്റി പി.കെ.രാജശേഖരൻ സൂചിപ്പിക്കുന്നുണ്ട് (ഉത്ക്കണ്ഠയുടെ കോനൻ ഘടികാരങ്ങൾ, 20-21, 2020) ഇരയുടെ പീഡിതാവസ്ഥ, ചരിത്രത്തെ ആധാരമായി എടുത്തുകൊണ്ടുള്ള മനശ്ശാസ്ത്രവിശകലനം, അമാനുഷികതയും വൈകാരികതയും ഭയാനകതയുമൊക്കെ പ്രത്യക്ഷപ്പെടുന്ന ആഖ്യാന പരിസരം—ഇത്തരം പ്രവണതകളൊക്കെ ഗോതിക് നോവലിന്റെ സവിശേഷതകളായി കണക്കാക്കിയിട്ടുണ്ട്. പി.എഫ്. മാത്യൂസിന്റെ അടിയാള പ്രേതം ഇത്തരത്തിൽ ഗോതിക് നോവലിന്റെ അംശങ്ങൾ വഹിക്കുന്നുണ്ട്. 'ഇരുട്ടിലൊരു കുറ്റാന്വേഷകൻ' എന്നാണ് എസ്. ഹരീഷ് അടിയാള പ്രേതത്തിന്റെ ആമുഖ പഠനത്തിന് ശീർഷകം നല്കിയിരിക്കുന്നത്. 'ഇരുട്ട്' എന്നതിന് ഈ നോവലിനെ

സംബന്ധിച്ച് അനേകം ഭാവാർത്ഥങ്ങൾ പ്രസരിപ്പിക്കാൻ ശേഷിയുണ്ട്. കീഴാളതയിലേക്ക്, കേരളത്തിന്റെ മൊഴിചരിത്രത്തിലേക്ക്, അയുക്തികളുടെ അവ്യാഖ്യേയ തലങ്ങളിലേക്ക്, ഭീതിയുടെ പൊരുളിലേക്ക്, പി.എഫ് മാത്യൂസിന്റെ എഴുത്തുമണ്ഡലത്തിലേക്ക് ഒക്കെ വായനക്കാരുടെ ശിരസ്സ് ചലിപ്പിക്കുന്ന താക്കോലായി അത് തിളങ്ങുന്നുണ്ട്. ക്രൈം ഒരു വിഷയവും ഫാൻറസി അതിലേക്കെത്താനുള്ള മാർഗ്ഗവും എന്ന നിലയിൽ മൂർത്തവും അമൂർത്തവും ആയ തലങ്ങൾ ഇതിൽ സംയോജിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ അപസർപ്പക സ്വഭാവമുള്ള ഫാന്റസിനോവൽ എന്ന നിലയിൽ അടിയാളപ്രേതത്തെ വിലയിരുത്താനാണ് ഈ പഠനം ശ്രദ്ധിക്കുന്നത്.

ചരിത്രത്തിന്റെയും ഭാവനയുടെയും ലെയറുകൾ:

"മിത്തുകൾ നുണയാണെന്നാണോ പറയുന്നത്? പണ്ട് ജീവിച്ച മനുഷ്യന്റെ ജീവിതം തന്നേണത്. ഇച്ചിരി അലങ്കാരത്തിൽ പറയണ്വന്ന് മാത്രം. ഇതൊക്കെ ഇല്ലാണ്ടായാൽ പിന്നെ തീർന്നില്ലേ ജീവിതം... നമ്മടെ ജീവിതത്തിന്റെ പാതീം ഭാവനേല്ലേ കറുപ്പൻ മാഷേ... കഥയില്ലേൽ പിന്നെ മനുഷ്യനുണ്ടോ...?" നോവലിലെ വളരെ മിത്തിക്കൽ ആയ കഥാപാത്രം തനി യുക്തിവാദിയായ കറുപ്പൻ മാഷിനോട് പറയുന്നതാണ് ഇത്. ഈ നോവലിന്റെ അവബോധവും ബലതന്ത്രങ്ങളും ഇതാണ്. മനുഷ്യജീവിതത്തെ യുക്തി,ഭാവന, യാഥാർത്ഥ്യം, ചരിത്രം, മിത്ത്, അനുഭവം, അധികാരം ,ക്രൈം എന്നിവ കൊണ്ട് പുനർവായിച്ചു കൊണ്ടേയിരിക്കുന്നു, അമ്പരപ്പിന്റെ അനേകം അടരുകളിലൂടെ വായനക്കാർ കയറിയും ഇറങ്ങിയും ജീവിതത്തെ പ്രതി ആലോചിച്ചുകൊണ്ടേയിരിക്കുന്നു.

പണ്ട് ജീവിച്ച മനുഷ്യരുടെ ജീവിതം ഏതൊക്കെയോ അളവിൽ നമ്മുടെ ഇന്നത്തെ ജീവിതവുമായി കെട്ടുപിണഞ്ഞിട്ടുണ്ട്. നമ്മിൽ അവർ ജീവിക്കുന്നു. മിത്തായോ ,ചരിത്രമായോ, കഥയായോ, അന്ധവിശ്വാസമായോ, ആദിപ്രരൂപങ്ങളായോ ഒക്കെ.സി.ജി. യുങ്ങിന്റെ സങ്കല്പമായ ആദിപ്രരൂപങ്ങൾ (Archetypes) നേരത്തേ തന്നെ സമൂഹാബോധം എന്ന ആശയത്തെ വിശദീകരിച്ചിട്ടുണ്ട്. വ്യക്തിയുടെ മനസ്സ് എന്നത് ആ വ്യക്തിയുടെ മാത്രമല്ലെന്നും നൂറ്റാണ്ടുകളായി ജീവിച്ച മരിച്ച മനുഷ്യരും കഥകളും അവരുടെ സാംസ്കാരിക സ്വഭാവങ്ങളും കൈമാറി വന്ന് വ്യക്തികളിൽ ലയിച്ച കിടപ്പുണ്ടെന്നും കഥകളായും പുരാവൃത്തങ്ങളായും മിത്തുകളായും അവ ചരിത്രാതീതകാലത്തിൽ നിന്ന് വർത്തമാനത്തിലൂടെ ഭാവിയിലേക്കും പ്രവഹിച്ചുകൊണ്ടിരിക്കുകയാണെന്നും യുങ്ങ് വിശദീകരിക്കുന്നുണ്ട് (The Archetypes and the Collective Unconscious, 1990).

പി.എഫ്. മാത്യൂസിന്റെ അടിയാള പ്രേതം ചരിത്രത്തെയും അതിലെ നീതികേടുകളെയും ഐതിഹ്യത്തെയും വർത്തമാനസാഹചര്യങ്ങളിൽ കൊണ്ടുനിർത്തി വിചാരണചെയ്യുന്നു. ചരിത്രാനുഭവങ്ങളുടെ സങ്കലനമായി വ്യക്തികൾ മാറുന്നു. അധികാരവും വിധേയത്വവും ഊടും പാവും വിരിച്ച് മൂടി വെച്ച പഴയ ചരിത്രത്തെ ജനാധിപത്യ ഭരണത്തിന്റെ ഉപകരണങ്ങൾ ഉപയോഗിച്ച് വിദഗ്ധമായി കിളച്ചെടുക്കുന്നു. വന്യമായ ചാരുതയോടെ പക അന്തരീക്ഷത്തിലേക്ക് വ്യാപിക്കുന്ന പുകയാവുന്നു. ആഖ്യാനത്തിലും പ്രമേയപരിചരണത്തിലും ഉള്ള ബഹുസ്വരതയാണ് ഈ നോവലിന്റെ മറ്റൊരു സവിശേഷത. ആഖ്യാതാവ് ബഞ്ചമിനായും, കറുപ്പനായും ഉണ്ണിച്ചെക്കനായും അച്ചമ്പിയായും ഒക്കെ മാറി മാറി പ്രത്യക്ഷപ്പെടുന്നുണ്ട്. അതുപോലെ പ്രമേയവും. ഒരേ സമയവും കുറ്റാന്വേഷണ നോവലും, ദളിത് നോവലും, ചരിത്ര നോവലും മാജിക്കൽ ഭാവനയുടെ ലാവണ്യാത്മകതയുള്ള ഫാന്റസിനോവലും ആയി അടിയാളപ്രേതം പ്രതിഫലിക്കുന്നു. ഈ രീതിയിൽ ബഹുസ്വരമായ അന്തരീക്ഷം നോവലിന് മനോഹരമായ സംവാദാത്മകത ഉണ്ടാക്കുന്നു.

### അടിമജീവിതത്തിന്റെ ചരിത്രസഞ്ചാരങ്ങൾ:

1520-ൽ വാസ്കോഡാ ഗാമയുടെ മരണം മുതലുള്ള സംഭവങ്ങളിൽ നിന്നാണ് നോവലിന്റെ പ്രമേയം വികസിക്കുന്നത്. 1663-ലെ അൽമേഡയും കറമ്പനടിമയും ഉൾപ്പെടുന്ന ചരിത്രം, 1950-ലെ അച്ചമ്പി മാപ്ലയിലേക്കും മക്കോതയിലേക്കും കൃത്യമായ സമാന്തരം തീർക്കുന്നു. നോവലിന്റെ ആഖ്യാനകലയിലെ തിളങ്ങുന്ന രണ്ടു കണ്ണുകളായി ഈ സമാന്തരകാലങ്ങൾ നില്ക്കുകയും അവയിലേക്ക് നോക്കുന്ന ബഞ്ചമിന്റെ കണ്ണുകൾ വർത്തമാനകാലത്തിന്റെ _ അതായത് 2000 മുതൽ ഇങ്ങോട്ടുള്ള കാലം- സംഭവങ്ങളാവുകയും ചെയ്യുന്നു. ഉണ്ണിച്ചെക്കൻ ഈ ചരിത്രവർത്തമാനങ്ങളിലെല്ലാം നിലം തൊട്ടും തൊടാതെയും പറന്നുനടക്കുന്നു.

ഏകദേശം 500 വർഷത്തെ കൊച്ചിയുടെ അധിനിവേശചരിത്രങ്ങളും അതിലെ അധികാര വിധേയബന്ധങ്ങളും കീഴാളചരിത്രത്തിന്റെ അടക്കം ചെയ്ത നേരുകളും ഇഴയടുപ്പത്തോടെ നെയ്ത ഈ നോവൽ അടിമ ജീവിതത്തിന്റെ ചരിത്രസഞ്ചാരം ആവിഷ്കരിക്കുന്നു.

നിധിയും നിധിയുടെ കാവലായ ഭൂതത്താനും എന്നത് ഭാരതത്തിലെ നാടോടിക്കഥയിലെ അടിസ്ഥാന കഥനങ്ങളിലൊന്നാണ്. നിധി കാക്കുന്ന ദേവന്മാർ ഉണ്ടാവുന്നില്ല.അവർ നിധിയുടെ ഉടയോർ മാത്രമാണ്. കാവൽ അടിമയുടേതാണ്. ജീവിച്ചിരിക്കുമ്പോൾ അടിമയായും ബലിക്കു ശേഷം

മൂർത്തിയായും. നിധി കാക്കുന്ന ഭൂതങ്ങൾക്ക് കൃത്യമായും കീഴാളതയിലേക്ക് വേരോട്ടമുണ്ട്. ബലിയുടെയും അടിമത്തത്തിന്റെ രക്തസഞ്ചാരമുണ്ട്. അത്തരത്തിലുള്ള തിളങ്ങുന്ന കറുത്ത ഞരമ്പാണ് ഈ നോവലിൽ ഉള്ളത്. ഡച്ച് അധിനിവേശകരുടെ വരവിനു മുമ്പ് പറങ്കി സായ്‌വ് അൽമേഡ തന്റെ വിശ്വസ്തനായ കറമ്പനടിമയെ നിധിക്ക് കാവലിനായി ബലികൊടുത്ത് നിലവറയിൽ തള്ളിയ കഥ. ഇത് കഥയോ ചരിത്രമോ ആകാം. അൽമേഡയ്ക്കും മുമ്പേയുള്ള നിരവധി ഉടയോന്മാർ ചരിത്രത്തിൽ നടത്തിയ ഹത്യകൾക്ക് മേൽ ചാർത്തിക്കിട്ടിയ മിത്തുമാകാം. എന്തായാലും കൊച്ചിയുടെ സാംസ്കാരികചരിത്രത്തിൽ ഈ കഥയ്ക്ക് നിർണായക സ്ഥാനമുണ്ട്. കാപ്പിരിമുത്തപ്പൻ എന്ന കീഴാള ദൈവം പിറവിയെടുക്കുന്നത് ഈ ബലിയിൽ നിന്നാണ്. ചുരുട്ടും പുകച്ച് ചുട്ട മീനും തിന്ന്, കള്ള് കുടിച്ച് ആഞ്ഞിലിത്തറയിലോ അതുപോലുള്ള മരത്തറകളിലോ കാപ്പിരിമുത്തപ്പൻ കുടിയിരിക്കുന്നതായി കൊച്ചിക്കാർ വിശ്വസിക്കുന്നു. ഇപ്പോഴത് മേലാളരുടെ നിധിക്ക് കാവലായല്ല, കീഴാളരുടെ സാംസ്കാരികനിധിക്ക് കാവലായിട്ടാണെന്ന് വ്യവഹാരങ്ങൾ സൂചിപ്പിക്കുന്നു. നോവലിന്റെ കീഴാളപക്ഷസൂക്ഷ്മരാഷ്ട്രീയം പ്രവർത്തിക്കുന്ന കൃത്യമായ അവബോധ നിർമ്മിതിക്ക് ആധാരമായ ഖനനമേഖലയാണ് കാപ്പിരിമുത്തപ്പനും ഈ അനുബന്ധകഥകളും.

### കാലത്തിന്റെ കണ്ണാടിക്കാഴ്ചകൾ

1663-ലെ ഈ കഥയുടെ തനിയാവർത്തനമാണ് 1950 കളിൽ നടക്കുന്നത്. നോവലിന്റെ മൂന്ന് കഥാകാലങ്ങളിൽ പ്രധാനപ്പെട്ടത് ഈ രണ്ടാംഘട്ട കഥയാണ്. അച്ചമ്പി മാപ്ലയും കുഞ്ഞു മാക്കോതയും ഉൾപ്പെടുന്ന സ്വാതന്ത്ര്യാനന്തര കേരളത്തിലെ കൊച്ചീചരിത്രം.തന്റെ തറവാട്ടുപറമ്പിലെ നിധി കൈക്കലാക്കാൻ വേണ്ടി പറയപ്പുരോഹിതനായ, അറിവാളനായ കുഞ്ഞി മാക്കോതയെ ബലി കൊടുക്കുകയും അവന്റെ കുടുംബത്തെ മുച്ചൂടും കുരുതി കൊടുക്കുകയും ചെയ്ത ചരിത്രം. കള്ളും ചുരുട്ടും ഇറച്ചിയും എത്ര കാണിക്കവെച്ചിട്ടും നിധി വെളിപ്പെടുത്തിത്തരാത്ത കാപ്പിരിമുത്തപ്പനോടുള്ള രോഷത്തിൽ ആഞ്ഞിലിത്തറ തുറന്ന് കുഞ്ഞു മാക്കോതയുടെ തല ബലി കൊടുക്കുകയാണ് അച്ചമ്പി മാപ്ല ചെയ്യുന്നത്. അതോടൊപ്പം തന്റെ പിണിയാളരുടെയും അധികാരിവർഗ്ഗത്തിന്റെയും സഹായത്തോടെ മാക്കോതയുടെ കുടുംബത്തെ കുരുതി കൊടുക്കുന്നു. അതിൽ മാക്കോതയുടെ ഇളയ ചെക്കൻ മൂന്നോ നാലോ വയസ്സുള്ള കുഞ്ഞും അരുംകൊലയ്ക്ക് സാക്ഷിയും ഇരയും ആകുന്നുണ്ട്. ഈ കുഞ്ഞിന്റെ പുതിയകാല ഉയിർപ്പിലൂടെയാണ് അടിയാളപ്രേതം എന്ന നോവൽ

അതിന്റെ ഭാവലോകം ആവിഷ്കരിക്കുന്നത്. ചരിത്രത്തിൽ ഇരകളാക്കപ്പെട്ട വരുടെ, ചരിത്രത്തിൽ നിന്നേ മായ്ച്ചു കളഞ്ഞവരുടെ പിൻമുറക്കാർ പഴയ കഥകളുടെ പൊളിച്ചെഴുത്തും പുതിയ സത്യങ്ങളുമായി അവതരിക്കും എന്ന വർത്തമാനകാലത്തിന്റെ ദളിത് രാഷ്ട്രീയം കൃത്യമായി പ്രതിനിധീകരിക്കുന്നുണ്ട് ഈ നോവൽ.മാക്കോതയുടെ ചെക്കന്റെ മുതിർന്നാലുള്ള ഒരു പ്രതിബിംബ സൃഷ്ടിയായി ഉണ്ണിച്ചെക്കൻ എന്ന പോലീസുകാരൻ മായികവും ദുരൂഹവുമായി നോവലിലാകെ സഞ്ചരിക്കുന്നു. കാപ്പിരി മുത്തപ്പന്റെ അവതാരങ്ങൾ എന്ന പോലെ മക്കോതയും ഉണ്ണിച്ചെക്കനും അവരവരുടെ കാലത്തെ സംഭവങ്ങളെ നിയന്ത്രിക്കുന്നു.

അന്വേഷണത്തിന്റെ സഹയാത്രികർ:

ഈ നോവലിലെ അപസർപ്പകൻ സി.ഐ ബഞ്ചമിൻ ആണ്, അതോടൊപ്പം വായനക്കാരും! കാരണം വസ്തുതകളും ഡാറ്റകളും അപഗ്രഥിക്കേണ്ടതും ചരിത്ര ത്തിന്റെ അപരാധങ്ങൾക്കെതിരെ വർത്തമാനത്തിന്റെ അവബോധംകൊണ്ട് നീതികരിക്കേണ്ടതും വായനക്കാരാണ്. അതാണ് ഈ നോവലിന്റെ ഏറ്റവും പ്രഹരസ്വഭാവമുള്ള കാവ്യനീതി. പോലീസ് ഓഫീസറായ ബഞ്ചമിന് അന്വേ ഷിക്കേണ്ട വിഷയങ്ങൾ പലതാണ്.പലതരം മരണങ്ങൾ, ചരിത്രത്തിലെയും വർത്തമാനത്തിലെയും പല പല തിരോധാനങ്ങൾ, സെമിത്തേരിയിലെ ശവമോഷണം തുടങ്ങിയവ ഇവയോട് ചേർന്ന് വരുന്ന ദുരൂഹമായ ധാരാളം സംഭവങ്ങൾ സങ്കീർണമായ ഭാവതലം നോവലിന് സൃഷ്ടിക്കുന്നു. ഒരു അന്വേ ഷണവും വേണ്ടതില്ലാത്ത വിധം സാധാരണ മരണമായി തോന്നുന്ന ഒരു വാഹനാപകടം പെട്ടെന്ന് അസ്വാഭാവികവും ദുരൂഹവുമായി പരിണമിക്കു ന്നതാണ് ഈ നോവലിന്റെ വർത്തമാനസംഭവം. സ്റ്റേഷനിൽ പുതുതായി ചാർജെടുക്കാൻ വന്ന ഉണ്ണിച്ചെക്കൻ എന്ന എസ്.ഐ ആണ് അത്തരം സാധ്യതകളിലേക്ക് അതിനെ നയിച്ചത്.സെമിത്തേരിയിൽ കിടന്നുറങ്ങുന്ന കുഞ്ഞിട്ടിയുടെ മൊഴിയിലൂടെ ശവമോഷണത്തെപ്പറ്റിയും നീചാത്മാക്ക ളെപ്പറ്റിയും പോലീസുകാർ കേൾക്കുന്നു. അത് 1950 കളിൽ ജീവിച്ച അച്ചമ്പി മാപ്ലയിലേക്കും കുഞ്ഞു മക്കോതയിലേക്കും മിത്തിക്കൽ കഥാപാത്രമായ കാപ്പിരിമുത്തപ്പനിലേക്കും എത്തുന്നു. അച്ചമ്പിയുടെ ആശ്രിതനായിരുന്ന കുഞ്ഞുമാക്കോതയുടെയും കുടുംബത്തിന്റെയും തിരോധാനം വിഷയമാവുന്നു. അന്വേഷണത്തിന്റെ സങ്കീർണതയും അയുക്തികതയും തിരിച്ചറിഞ്ഞ ബഞ്ചമിൻ പുതുതായി ചാർജെടുത്ത ഉണ്ണിച്ചെക്കനോട് തന്നെ കേസ് അന്വേഷിക്കാനും പറയുന്നു. കേസ് ഏറ്റെടുത്ത ഉണ്ണിച്ചെക്കൻ വായനശാലാ

പ്രവർത്തകനും യുക്തിവാദിയുമായിരുന്ന കറുപ്പനിലൂടെ, കുഞ്ഞിട്ടിയിലൂടെ, ചരിത്രത്തിന്റെ അനുഭവങ്ങളിലൂടെ, ചരിത്രം വിട്ടൊഴിഞ്ഞ വിടവുകളിലൂടെ, അന്വേഷണം നടത്തുന്നു. തെളിവുകളും ശാസ്ത്രീയ യുക്തികളുമല്ല അതിന് നിദാനം. വാമൊഴികളും ചരിത്രവും സ്വപ്നവുമൊക്കെയാണ്. സാക്ഷികളെ അയാൾ കാണുന്നുണ്ട്, സംഭവസ്ഥലങ്ങൾ സന്ദർശിക്കുന്നുണ്ട്, വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. 1950-കളിലെ അച്ചമ്പി മാപ്ലയുടെ വീട്ടിലേക്ക്, ഭാര്യ അന്നം കുട്ടിയിലേക്ക്, അയാളുടെ മകൻ സേവ്യറിലേക്ക്, സേവ്യറിന്റെ കുഞ്ഞിന്റെ മരണത്തിലേക്ക്, സെമിത്തേരിയിൽ ശവമോഷണം നടന്നതിലേക്ക്, കുഞ്ഞുമാക്കോതയുടെ കുടുംബത്തിന്റെ ബലിയിലേക്ക് ഒക്കെ ഉണ്ണിച്ചെക്കൻ അന്വേഷണം എത്തിക്കുന്നു. ഒരാഴ്ചകൊണ്ട് വിവരങ്ങൾ കണ്ടെത്തിയ ഉണ്ണി ച്ചെക്കൻ സി.ഐ. ബഞ്ചമിന് അവയുടെ സൂചനകളൊക്കെ വച്ച് ഒരു കത്തും എഴുതിവെച്ച് അപ്രത്യക്ഷനാകുന്നു. അതോടു കൂടിയാണ് ഈ നോവലിന്റെ യഥാർത്ഥ അന്വേഷണസ്വഭാവം നടക്കുന്നത്.

ഉണ്ണിച്ചെക്കൻ നിർത്തിയേടത്ത് നിന്ന് ബഞ്ചമിൻ തുടങ്ങുന്നു. അതോടൊപ്പം ഉണ്ണിച്ചെക്കൻ ആര്, അയാൾ എവിടെ അപ്രത്യക്ഷനായി എന്ന് കൂടി അയാൾക്ക് കണ്ടെത്തേണ്ടി വരുന്നു.നേരത്തേ ഉണ്ണിച്ചെക്കൻ കണ്ടെത്തിയ കാര്യങ്ങളുമായി അന്വേഷകനായിരുന്ന അയാൾ പല തരത്തിൽ ബന്ധിതനാണെന്ന് ബഞ്ചമിൻ മനസ്സിലാക്കുന്നുണ്ട്. ഈ വസ്തുതകളൊന്നും ഉണ്ണിച്ചെക്കന്റെ 'ഡ്രീം ലോജിക്' എന്ന് പറഞ്ഞ് തള്ളാവുന്നതല്ല എന്നും അയാൾ തിരിച്ചറിയുന്നു. ബഞ്ചമിന്റെ മുമ്പിലെ അന്വേഷണവിഷയങ്ങൾ സങ്കീർണമാവുകയാണ്.

1. പാണ്ടി ലോറിക്കിടയിൽ പെട്ട് മരിച്ചത് ആര്, എങ്ങനെ?
2. രാത്രി ലോഡ്ജിൽ റൂമെടുത്ത സേവിയുടെ കൈയിലെ വലിയ ലെതർ ബാഗിൽ എന്തായിരുന്നു? അയാൾ പിന്നീട് എങ്ങോട്ട് പോയി?
3. സെമിത്തേരിയിൽ നിന്ന് മോഷണം പോയ കുഞ്ഞിന്റെ ശവം എവിടെ?
4. അച്ചമ്പിയുടെ അനിയൻകൊർണേലിയുടെ മകൻ ദേവസി എവിടെ?
5. 1950-കളിൽ ജീവിച്ച അച്ചമ്പി മാപ്ലയുടെ ആശ്രിതനായിരുന്ന കുഞ്ഞു മാക്കോതയ്ക്കും കുടുംബത്തിനും എന്ത് സംഭവിച്ചു?
6. ഈ സംഭവങ്ങളും സംശയങ്ങളും പാതി തുറന്ന് വെച്ച് ഒരാഴ്ച തന്റെ കൂടെ ജോലിയെടുത്ത ഉണ്ണിച്ചെക്കൻ യഥാർത്ഥത്തിൽ ആരാണ്? അയാൾ എങ്ങോട്ട് പോയി? ഇതിന് മിക്കതിനും കൃത്യമായ ഉത്തരം

ബഞ്ചമിന് ഇല്ലെങ്കിലും വായനക്കാർക്കുണ്ട് എന്നത് അദ്ഭുതവുമാണ്. അന്വേഷണവുമായി വർത്തമാനത്തിൽ നിന്ന് ചരിത്രത്തിലേക്കും തിരിച്ചും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ബഞ്ചമിൻ കാര്യങ്ങളെ ഏകോപിപ്പിക്കുന്നുണ്ട്.

“കൊച്ചിലുണ്ടാരുന്ന പാണ്ട്യാലക്കൽ അച്ചമ്പി കുഞ്ഞുമാക്കോതയെ കൊന്ന് പറമ്പില് കുഴിച്ചിട്ടു... അതേ രാത്രി ഇവിടെ കുഞ്ഞവരയും നിങ്ങളും കൂടി ചീരയെയും മക്കളെയും കൊന്നു... നല്ല കാശു മേടിച്ചിട്ടാണത് ചെയ്തതെന്നൊക്കെ അറിഞ്ഞു. പിന്നെ കണ്ണടയുംമുമ്പ് കുഞ്ഞവരാച്ചൻ എല്ലാം കുമ്പസരിക്കുകയും ചെയ്തു. ഒന്നും മറച്ചു വെച്ചിട്ടിനി കാര്യമില്ല” എന്ന് ബഞ്ചമിൻ 50 വർഷം മുമ്പ് ഈ കുരുതികളിൽ പങ്കാളിയായ കുഞ്ഞുരാമമേനോനോട് പറയുന്നുണ്ട്. ഇത് യുക്തിഭദ്രമാണ്. പക്ഷേ, അതിലേക്ക് ബഞ്ചമിനെ നയിച്ച ഉണ്ണിച്ചെക്കൻ തീർത്തും അയഥാർത്ഥമായ കഥാപാത്രവും! പഴയ സംഭവങ്ങളിലെ ഇരകളും പീഡിതരും മരണപ്പെട്ടിരിക്കുന്നു.. ജീവിച്ചിരിക്കുന്ന ഏക സാക്ഷിയായ കുഞ്ഞുരാമമേനോൻ ഉന്മാദിയും ആയിരിക്കുന്നു. അതുകൊണ്ട്, വസ്തുതകൾ കണ്ടെത്തിയെങ്കിലും ശിക്ഷ ഉറപ്പാക്കാൻ ബഞ്ചമിന് കഴിയുന്നില്ല. പകരം അയാൾക്കാണ് ശിക്ഷ കിട്ടുന്നത്, ഉണ്ണിച്ചെക്കൻ എന്ന പേരിൽ ഇല്ലാത്ത ഒരാൾ സ്റ്റേഷനിൽ ജോലിചെയ്ത് ഒരു പഴയ കേസ് അന്വേഷിച്ചു എന്നത് മേലുദ്യോഗസ്ഥന്റെ വീഴ്ചയായി കണ്ട് സസ്പെൻഷൻ വാങ്ങുന്നു. സത്യങ്ങൾ വീണ്ടും ഇരുണ്ട ചരിത്രങ്ങളായി കല്ലറകളിലേക്കും നിലവറകളിലേക്കും അടക്കം ചെയ്യപ്പെടുന്നു, ആത്മാവുകൾ അന്വേഷകരായി വേഷമണിയുന്നു.

ശിക്ഷ നടന്നില്ലെങ്കിലും അന്വേഷണവും പ്രതികാരവും ഒരേ സമയം നടക്കുന്ന ക്രിയാതലം ഇതിലുണ്ട്. ശിക്ഷ ഔദ്യോഗികസംവിധാനത്തിൽ യുക്തിഭദ്രമായി സംഭവിക്കേണ്ടതാണെങ്കിൽ പ്രതികാരത്തിന് യുക്തിയും തെളിവുകളും വേണ്ട. നീതീകരണം ഉണ്ടായാൽ മതി. ചരിത്രത്തിന്റെ അപരാധങ്ങൾക്കുള്ള വർത്തമാനകാലത്തിന്റെ അവബോധത്തിന്റെ പ്രതികാരം കൂടിയാണത്. അത്തരമൊരു നീതീകരണത്തിലാണ് അടിയാള പ്രേതം കീഴാള രാഷ്ട്രീയത്തിന്റെ ശക്തമായ സംവാദമാകുന്നത്. മേലാളചരിത്രം ബലി കൊടുത്ത ഇരകൾ കാപ്പിരിമുത്തപ്പന്റെ തിണർപ്പുകളായി , അടിയാളരുടെ ആത്മത്തിന്റെ കാവലുകളായി പാതാളക്കുഴികളിൽ നിന്ന് ആകാശത്തിന്റെ മേലാപ്പു വരെ സ്ഥലകാലങ്ങളെ ഭേദിച്ചു കൊണ്ട് സഞ്ചരിക്കുന്നു.

ചരിത്രത്തിൽ നിന്നും ഐതിഹ്യത്തിൽ നിന്നും കഥകളിൽ നിന്നും സ്ഥലത്തെയും കാലത്തെയും മായ്ച്ചു കളഞ്ഞ് ആഖ്യാനം ചെയ്യുമ്പോൾ അവ മറ്റൊരു കഥയായോ ചരിത്രമായോ മാറുന്നു.പ്രമേയത്തിന്റെ തിളക്കത്തിൽ അവ

പഴയതിനെ പ്രകാശിപ്പിച്ചു കൊണ്ടേയിരിക്കുകയും ചെയ്യുന്നു. വായനയുടെ വഴിയിൽ ഈ നോവൽ അനേകം ദ്വന്ദ്വങ്ങളുടെ ഏറ്റുമുട്ടലാണ്.

ചരിത്രം/വർത്തമാനം
കറുപ്പ്/വെളുപ്പ്
മേലാളൻ/കീഴാളൻ
സമ്പന്നൻ/ദരിദ്രൻ
വെളിച്ചം/ഇരുട്ട് (പകൽ/രാത്രി)
അസത്യം/സത്യം
സാധാരണത്വം/ഭ്രാന്ത്
ഭൗമം/ഭൗമാതീതം
യുക്തി/അയുക്തി

എന്നിങ്ങനെ കണ്ടെടുക്കാവുന്ന ധാരാളം തലങ്ങൾ ഈ നോവലിന്റെ ഭാവ ഭൂപടത്തെ ദ്വിനിലകളിൽ പ്രതിഫലിപ്പിക്കുന്നു. കീഴാളന്റെ അടിമത്തവും നിശ്ശബ്ദതയും മേലാളന്റെ വിജയമായിരുന്നു എന്നും. ആ അടിമത്തത്തിലും നിശ്ശബ്ദതയിലും അവരുടെ അറിവും അടങ്ങിയിരുന്നു. ആ അറിവായിരുന്നു അവരുടെ സ്വത്വവും പ്രതിരോധവും ശക്തിയും. അതിന്റെ കൂടി കൈയടക്കമാണ് മേലാളർ ആഗ്രഹിച്ചത്.

അങ്ങ് അൽമേഡ മുതൽ ഇന്ന് വരെ ചരിത്രത്തിന്റെ സഞ്ചാരം അതായിരുന്നു. അച്ചമ്പി മാപ്ലയും വ്യത്യസ്തനല്ല. മക്കോതയുടെ ആത്മാക്കളുടെ കൈയടക്കവും ജ്ഞാനവും കാപ്പിരിമുത്തപ്പന്റെ നിധിയിലേക്കുള്ള തന്റെ താക്കോലാണെന്ന് അയാൾ കരുതുന്നു. അതിനു വേണ്ടി പറയനെ സഹോദരനെപ്പോലെ സ്നേഹിക്കാൻ അയാൾ തയ്യാറാണ്.മാക്കോത പൂർണമായും ആ സ്നേഹത്തിന്റെ അടിമയുമായിരുന്നു.മാക്കോതയ്ക്കത് ജീവിതത്തിന്റെ സത്യവും അച്ചമ്പിക്കത് ആസക്തിയുടെ താക്കോലും ആയിരുന്നു. ഈ വൈരുദ്ധ്യമായിരുന്നു ചരിത്രത്തിലെന്നും അടിയാളനെ ഇരയായും അടിമയായും ബലിയായും നില നിർത്തിയത്. അതിന്റെ ഏറ്റവും നിസ്സഹായമായ ഈ ചിത്രം നോക്കുക :

"അച്ചമ്പി പന്തം മണ്ണിൽ കുത്തിവെച്ചു. മടിത്തെറുപ്പിൽ നിന്ന് പേനാക്കത്തിയെടുത്ത് അയാൾ കുഞ്ഞു മാക്കോതയുടെ തുടയിൽ വലിയൊരു വര വരച്ച് മുറിവുണ്ടാക്കി.അതിൽ നിന്നു ചീറ്റിയ ചോര തുടക്കാതെ തന്നെ മുറിവിലേക്ക് വിരൽ കടത്തി തുടയ്ക്കുള്ളിൽ നിന്ന് ചെമ്പിന്റെ ചെറുതകിട് വലിച്ചൂരിയെടുത്ത് അയാൾ വലിച്ചെറിഞ്ഞു. ആ തകിട് ചെമ്പുനിറമുള്ള പക്ഷിയായി മാറി ചിറകടിച്ച് ഗുഹയ്ക്ക് പുറത്തേക്ക് പറന്നപ്പോൾ തീർത്തും വീര്യം കെട്ടുപോയ കുഞ്ഞു മക്കോത മണ്ണിലേക്ക് കുഴഞ്ഞു വീണു. ഗുഹയിൽനിന്ന് പുറത്ത് കടന്ന പക്ഷി

പറന്ന് പറന്ന് തൊടിയുടെ കിഴക്കേ അതിരിലെത്തി ആരെയോ വിളിച്ചുണർത്തുന്നതു പോലെ നിലവിളിക്കാൻ തുടങ്ങി..”

രക്തമിറ്റിച്ച് പറക്കുന്ന ഈ പക്ഷി വായനക്കാരുടെ വിസ്മയങ്ങളുടെയും ഹതാശയുടെയും ആകാശച്ചെരിവിലാണ് ഇരിക്കുന്നത്. തുടയിൽ നിന്നുരിയ ആ ചെമ്പു തകിട് അയാളുടെ അറിവിന്റെ രക്ത നിക്ഷേപമായിരുന്നു. കുഞ്ഞു മാക്കോതയെ സംബന്ധിച്ച് ശരീരത്തിന്റെയും ആത്മാവിന്റെയും ജ്ഞാനമായിരുന്നു അത്. അറിവും പൗരോഹിത്യവും മേലാളന് അടിയറ വെച്ച അടിയാളൻ കേവലം അടിമ മാത്രമാണ്. അത് മാക്കോയുടെ പെണ്ണ് ചീര എത്രയോ തവണ മാക്കോതയോട് പറഞ്ഞതാണ്. രഹസ്യ മരുന്ന് കൊടുത്ത് അപസ്മാരം വരെ മാറ്റാൻ സിദ്ധിയുണ്ടായിരുന്ന കുഞ്ഞു മാക്കോത പതുക്കെ പതുക്കെ ക്രിയകളൊക്കെ അവസാനിപ്പിച്ച് അച്ചമ്പിയുടെ സിൽബന്തിയായി മാറുന്നതു കണ്ടപ്പോൾ ചീര താക്കീത് ചെയ്തതാണ്:

“ദേ, ഇത് നിങ്ങടെ നാശത്തിനാണ് .പറഞ്ഞു വരുമ്പം നിങ്ങേം തമ്പ്രാക്കടെ ചത്ത പശൂന തിന്നണ പറയനും തമ്മിലെന്താണ് വ്യത്യാസം...? അച്ചമ്പി മൊതലാളീടെ എച്ചിലു പെറുക്കിത്തിന്നണേലും നല്ലത് അതല്ലേ.”

പക്ഷേ ഈ മുന്നറിയിപ്പിനെ അവഗണിച്ച് കൊണ്ടാണ് മാക്കോത അച്ചമ്പിയുടെ എച്ചിൽദാസനായി ജീവിച്ചത്. അവസാനം അയാളുടെ കൈ കൊണ്ടു തന്നെ തലയറ്റ് നിലംപതിക്കുകയും ചെയ്തു.

അടിമയ്ക്ക് അയാളുടെ അടിമ ശരീരത്തെ വഹിച്ച് പ്രതിരോധം അസാധ്യമാണ്. അടിമ ശരീരത്തിന്റെ മേലുള്ള അസാധാരണമായ കവചമാണ് അറിവ്. അറിവിന്റെ അടിയറവെക്കൽ അയാളെ വീണ്ടും അടിമയും ഇരയും ആക്കുന്നു. ഉണ്ണിച്ചെക്കൻ ആത്മാവിന്റെ ലോകത്തെ അന്തേവാസിയായതുകൊണ്ടാണ്, അടിമ ശരീരത്തിന്റെ പരാധീനതകൾ ഇല്ലാത്തതു കൊണ്ടാണ് അയാൾക്ക് ഈ മേലാള വർഗ്ഗത്തിന്റെ നീതി നിഷേധങ്ങളെ, നേരിന്റെ കാണാപ്പുറങ്ങളെ പുറത്തെടുക്കാൻ കഴിയുന്നത്.കാപ്പിരിയുടെ കളിപ്പാട്ടച്ചെണ്ടകൊട്ടിക്കൊണ്ട് ,ആത്മാക്കളുടെ കൂട്ടുകാരനായി നിന്ന് ഉണ്ണിച്ചെക്കൻ ഓരോ അഴിയാക്കുരുക്കും അഴിച്ചെടുത്ത് പുതിയ അറിവാളനായി മാറി. ടോമാ ഹോക്ക് ബൈക്കിൽ യാത്രചെയ്തിരുന്ന ആ കറുത്ത മനുഷ്യൻ ബഞ്ചമിന്റെ ചിന്തകളെല്ലാം വായിച്ച് മനുഷ്യരുടെ കണ്ണുകൾക്കും കാതുകൾക്കും പിടികൊടുക്കാതെ ഏതോ സ്ഥായിയിലും പ്രതലത്തിലും സഞ്ചരിക്കുന്നത് നോവലിസ്റ്റ് രേഖപ്പെടുത്തുന്നുണ്ട്.അടിയാള പ്രേതങ്ങൾ ഉയിർപ്പു നേടുന്നതും മേലാളന്റെ ചിന്താപ്രതലങ്ങളിലേക്ക് പ്രവേശിച്ച് അവരുടെ സ്വാസ്ഥ്യങ്ങൾ കവർന്നെടുക്കുന്നതും

കൃത്യമായ പ്രതിരോധമായി വായിച്ചെടുക്കാൻ കഴിയും. നമ്മുടെ യുക്തികളെയും എഴുതപ്പെട്ട ചരിത്രങ്ങളെയും അനുശീലനങ്ങളെയും അട്ടിമറിച്ചു കൊണ്ട് പുതിയ കാലത്തിന്റെ സാഹിത്യ വേദാന്തം രചിക്കാൻ പ്രാപ്തരാണ് ഈ പ്രേതശരീരങ്ങൾ.

ഉന്മാദത്തിന്റെ വേദാന്തങ്ങൾ:

ഈ നോവലിലെ ഓരോ കഥാപാത്രത്തെയും അസാധാരണ സൂക്ഷ്മതയോടെ വാർത്തെടുത്തതാണ്. അക്കൂട്ടത്തിൽ തെളിഞ്ഞു നില്ക്കുന്ന കഥാപാത്രമാണ് കറുപ്പൻ. യുക്തിവാദിയായി നിന്ന് വായനാശാലാ പ്രവർത്തനവുമായി മുന്നോട്ട് പോയ കറുപ്പൻ 1950 കളിൽ കുഞ്ഞു മക്കോതയുടെയും കുടുംബത്തിന്റെയും തിരോധാനത്തിനെതിരെ പോലീസിൽ പരാതി കൊടുത്തിരുന്നു. പോലീസ് തന്നെയാണ് സത്യങ്ങളെ ചരിത്രത്തിന്റെ കെട്ടുകടലാസാക്കിയത് .ഉണ്ണി ച്ചെക്കൻ പോലീസായി വന്ന് കറുപ്പൻ മാഷിൽ നിന്ന് യുക്തിയും ചരിത്രവും ശേഖരിച്ച് ആ കെട്ടുകടലാസൊക്കെ ശേഖരിക്കുന്നതും ചരിത്രത്തിലെ സത്യത്തെ പുറത്തെടുക്കുന്നതും നോവലിന്റെ ആവർത്തിതചക്രമാണ്. ആ ചാക്രികതയിലെ ഒരു ബിന്ദുവാണ് കറുപ്പൻ. നോവലിന്റെ അന്ത്യഭാഗത്ത് ഉന്മാദിയായി മാറിയ കറുപ്പൻ യുദ്ധം എന്ന അദ്ധ്യായത്തിൽ വാസ്കോഡ ഗാമയുടെ ആഗമനം മുതലുള്ള ഒരു പുതിയ ചരിത്രം രചിക്കുന്നു. അന്നു മുതൽ കേരളത്തിന്റെ ചരിത്രം മേലാളരുടേതും കീഴാളരുടേതും ആവുന്നുണ്ട്, അധി നിവേശകരുടേതും കീഴടക്കപ്പെട്ടവരുടേതും ആകുന്നുണ്ട്. ഉന്മാദത്തിന്റെ പിറപ്പിൽ,യുക്തിയുടെ എല്ലാ സാധാരണ തകളെയും തുടച്ചു മായ്ച്ച കറുപ്പൻ ചരിത്രത്തെ വ്യത്യസ്തമായി ആഖ്യാനം ചെയ്യുകയാണ്,വായനക്കാർക്ക്- അന്ധനായ ധൃതരാഷ്ട്രർക്ക് സഞ്ജയനെന്ന പോലെ- കുരുക്ഷേത്രയുദ്ധം പോലൊന്ന് പറഞ്ഞുതരികയാണ് . മേലാളരും കീഴാളരും തമ്മിലുള്ള യുദ്ധം. ഉന്മാദമാണ് അവിടത്തെ യാഥാർത്ഥ്യം. “അങ്ങനേണ് ഞങ്ങ അവിടെന്നറങ്ങി യുദ്ധക്കളത്തിലേക്ക് പുറപ്പെട്ടത്. അവടച്ചെന്ന് സായൂമ്മാര് പന്ത് കളിക്കുന്ന പറമ്പില് അതേ പോലെ രണ്ടു ടീമായിട്ടങ്ങനെ നിക്കേണ്... ഒരു വശത്ത് വാരി ക്കുന്തോം മുളവടീം പുല്ലരിവാളുമൊക്കെപ്പിടിച്ച, കഷ്ടി ഒറ്റക്കോണക മുടുത്ത കറുമ്പമ്മാര്. മറുവശത്ത് പളപളാ മിന്നണ പട്ടുടുത്ത കുതിരപ്പുറത്തിരിക്കണ വെളുത്ത തമ്പുരാക്കളും സായുമ്മാരും കോണാനുടുത്ത പടനായന്മാരും.” കറുപ്പൻ ആഖ്യാനം ചെയ്യുന്ന ഈ യുദ്ധം അവസാനിക്കുന്നതെങ്ങനെയെന്ന് നോക്കുക: “എട ചെക്കാ മോനേ നെനക്ക് നിന്റപ്പന പോലാടാ ഞാൻ... എന്ന ഒന്നും ചെയ്യരുതെടാ... എന്നക്കെ കരഞ്ഞുകൊണ്ട് അവന്റെ കാലേല്

വീണതാണ് അച്ചമ്പി മാപ്ല ഡീം... എന്നൊരൊച്ച കേട്ട ... നോക്കുമ്പെഴെണ്ടടാ അച്ചമ്പീടെ തല ഒടലിനെക്കാളും മുമ്പേ ചെക്കന്റെ കാലേല് വീണു കഴിഞ്ഞിരിക്കുന്നു. വടിവാളുമ്മേല ചോര കാക്കിക്കളസത്തുമ്മേ തൊടച്ചിട്ട് മുട്ടൻ വടിയേല് തൂങ്ങിക്കെടക്കണ കുഞ്ഞു മാക്കോതയുടെയും ചീരേടേം പെങ്ങക്കടേം തലയെടുത്ത് തറേലു വീണുകെടക്കണ അവര്ടെ ദേഹത്തുമ്മേലങ്ങാട് ചേർത്തുവെച്ചു കൊടുത്തു... ധീടീം... അവര് മൂന്നു പേരും മണ്ണീന്ന് ഒറക്കം കഴിഞ്ഞ പോലെ ചാടി എണീറ്റ് ചെക്കനേം കെട്ടിപ്പിടിച്ച് സുഖോയ്ട്ട് ഒറ്റപ്പോക്കാണ്... എങ്ങോട്ടാണവര് പോണത്... തീണ്ടലും തൊടലും അക്രമോം മരണോമില്ലാത്ത നാട്ടിലേക്ക്."

ഈ മൊഴികളോടെ അടിയാളന്റെ അഭിലാഷവും സ്വപ്നവും പൂർത്തീകരിക്കുന്ന ആത്മത്തിന്റെ ലോകത്തിലേക്ക് കറുപ്പനും പോവുന്നു. നൂറ്റാണ്ടുകളായി കേരളം ഇത്തരമൊരു യുദ്ധക്കളത്തിലായിരുന്നെന്നും നമ്മുടെ നവോത്ഥാനവും ആധുനികതയും എതിരു നിർത്തിയ മനുഷ്യർ നിരന്തരം സമരത്തിലായിരുന്നെന്നും പറഞ്ഞു വെക്കുന്ന ഈ നോവൽ കീഴാളരുടെ രക്തനിറമുള്ള ഇരുട്ടിനെ പുറത്തെടുക്കുന്നു. ആധുനികതയുടെയും നവോത്ഥാനത്തിന്റെയും പുതുവിചാരണ ആവശ്യപ്പെടുന്ന അടിയാളപ്രേതം കേരളത്തിന്റെ ചരിത്രത്തെ ഉഴുതുമറിക്കുകയാണ്. കുറ്റാന്വേഷണ നോവലിന്റെ ഘടനയിൽ വളരെ കൃത്യമായ അടിയാളരാഷ്ട്രീയം ഈ നോവൽ പറഞ്ഞുവെക്കുന്നുണ്ട്.

കാപ്പിരിമുത്തപ്പന്റെ പ്രേതം മുതൽ ഉണ്ണിച്ചെക്കന്റെ പ്രേതം വരെ പല സന്ദർഭകളിലും കഥാഗതിയെ നിയന്ത്രിക്കുന്ന പ്രേതശരീരങ്ങൾ ഈ നോവലിന്റെ അസാധാരണമായ തമോമണ്ഡലത്തിന്റെ പ്രതിനിധാനമാണ്. സ്ഥലത്തെയും കാലത്തെയും അത് വട്ടം കറക്കുന്നു. ബോധാബോധങ്ങളെ കീഴ്മേൽ മറിച്ചിടുന്ന ഉന്മാദവും ഈ പ്രേതസാന്നിധ്യവും ചരിത്രത്തിന്റെ ഖനനവുമെല്ലാം നോവലിനെ ഏറ്റവും ജനപ്രിയമായ വായനയാക്കുന്നു. കറുപ്പന്റെ, വില്യമച്ചന്റെ, സേവിയുടെ , അന്നം കുട്ടിത്താത്തയുടെ, ചേലാട്ട് കുഞ്ഞുരാമമേനോന്റെയുൾപ്പെടെ ഈ നോവലിലെ കഥാപാത്രങ്ങളിലൂടെ വളരുന്ന ഭ്രാന്ത് ചരിത്രത്തിന്റെ മൂടികളിൽ നിന്ന് യാഥാർത്ഥ്യത്തിന്റെ വെളുത്ത പുക ഊതിയുയർത്തുന്നു.

അസാധാരണമായ ഭാവനാ ഭൂപടം കൊണ്ട് നെയ്ത ഈ നോവൽ സാമാന്യ വായനക്കാരുടെ എല്ലാ ബോധ്യങ്ങളെയും അപ്രസക്തമാക്കുകയാണ്. ഇരുട്ട് ഒരു രാത്രി മഴ പോലെ പെയ്യുന്ന അടിയാള പ്രേതത്തിൽ

ജീവിച്ചിരിക്കുന്ന മനുഷ്യരെക്കാൾ മരിച്ചവർ കടന്നു വരുന്നു. ഒരു ആവാഹനകല പോലെ ഉണ്ണിച്ചെക്കൻ വായനക്കാരെയിരുത്തി മാന്ത്രികക്കളംപൂരിപ്പിക്കുന്നു. ചരിത്രത്തിൽ നിന്നും ഓർമ്മകളിൽ നിന്നും സംഭവങ്ങളും കഥകളും ഈ കളത്തിൽ നിറയുന്നു.ഭാഷയുടെ അതിചാരുതയാർന്ന ധ്വനനശേഷികൊണ്ട് ഒരേ സമയം കവിതയും ഫിക്ഷനും ചിത്ര പടവുമൊക്കെയായി ഒരു നോവൽ മാറുന്നത് അടിയാള പ്രേതത്തിൽ അനുഭവിക്കാൻ പറ്റുന്നുണ്ട്. കുറുക്കിയെഴുത്തിന്റെ കലയായി , ശില്പത്തികവോടെ ഈ നോവൽ വായനക്കാരെ വിസ്മയിപ്പിക്കുന്നു.

നിഗമനങ്ങൾ:

1. സമീപകാലമലയാളനോവൽ ക്രൈംഫിക്ഷനെ ഏറ്റവും സ്വീകാര്യമായ ആഖ്യാനരൂപമായി സ്വീകരിക്കുന്നു.അതിൽ ക്രൈംഒരുപ്രധാന വിഷയമോ ഉപവിഷയമോ ആയി പ്രമേയത്തെ നിർണയിക്കുന്നു.
2. ക്രൈം ഫാന്റെസി എന്ന നിലയിൽ അടിയാള പ്രേതം സവിശേഷ ഭാവുകത്വം സൃഷ്ടിക്കുന്നുണ്ട്.
3. ഒരേ സമയം പല തരത്തിലുള്ള ഭാവമണ്ഡലം രചിക്കുകയും വർത്തമാനകാലത്തോട് സംവാദാത്മകമാവുകയും ചെയ്യുന്ന രചനയാണിത്.
4. വായനക്കാർ കൂടി അപസർപ്പകരാവുന്ന അസാധാരണ തലം ഈ നോവലിനുണ്ട്. ചരിത്രത്തോടുള്ളവിയോജിപ്പും വർത്തമാനകാലത്തുള്ള നീതീകരണവും നോവലിന്റെ സൂക്ഷ്മ രാഷ്ട്രീയം വെളിപ്പെടുത്തുന്നു. എഴുതപ്പെട്ട ചരിത്രങ്ങളുടെ പുനർനിർമ്മിതി ആവശ്യപ്പെടുന്ന കീഴാള അവബോധം നോവൽ പങ്കുവെക്കുന്നു.
5. നോവൽ അതിന്റെ ഘടനയിലും പ്രമേയത്തിലും ബഹുസ്വരമാവുന്നു.
6. പഴയകാല ഗോഥിക് നോവലുകളുടെ സ്വഭാവം അടിയാള പ്രേതത്തിൽ കാണാം.
7. യുക്തിയാണ് ക്രൈം നോവലുകളുടെ അന്വേഷണത്തിനും കണ്ടെത്തലിനും വിശകലനത്തിനും ആധാരം.അടിയാള പ്രേതം യുക്ത്യതീതമായാണ് ഈ ഘടകങ്ങളെ സമീപിക്കുന്നത്. അത് സവിശേഷമായ വായനാനുഭവവും ലാവണ്യബോധവും നല്കുന്നു.

സാധാരണ ക്രൈം നോവലുകളിൽ നിന്ന് അടിയാള പ്രേതം വിഭിന്നമാവുന്നത് ഇത്തരം ഘടകങ്ങൾ വഴിയാണ്.

## കുറിപ്പുകൾ:

1. അപസർപ്പക സ്വഭാവമുള്ള രചനകൾ സവിശേഷമായി സ്വീകരിക്കപ്പെട്ടുകയും അക്കാദമികമായി ചർച്ച ചെയ്യപ്പെട്ടുകയും ചെയ്തതിന്റെ ചരിത്രം കൂടിയാണ് ടി.പി.രാജീവന്റെ പാലേരി മാണിക്യം ഒരു പാതിരാ കൊലപാതകത്തിന്റെ കഥ എന്ന നോവൽ. "മലയാളത്തിൽ ഒരു സ്വതന്ത്ര അപസർപ്പക കഥ ഉരുത്തിരിഞ്ഞു എന്നുള്ളതാണിതിന്റെ പ്രത്യേകത. മലയാള കരയുടെ മണമുള്ള, മലയാളക്കരയിൽ സംഭവിക്കാവുന്ന, അല്ലെങ്കിൽ സംഭവിച്ച ഒരു പ്രമാദമായ കഥയഥാർത്ഥ കുറ്റാന്വേഷണ ഘടകങ്ങൾ കൂട്ടിച്ചേർത്ത്, പാത്രസൃഷ്ടിയിൽ സൂക്ഷ്മത പാലിച്ച് എഴുതിയ ഒരു നോവൽ എന്നുള്ള നിലയിൽ മലയാള അപസർപ്പക സാഹിത്യത്തിൽ ഒരു നാഴികക്കല്ലാണ് ഈ കൃതി "- ഹമീദ്, പേജ് 278, അപസർപ്പക നോവലുകൾ മലയാളത്തിൽ)

2. ലാജോ ജോസിന്റെ കോഫീ ഹൗസ് , റൂത്തിന്റെ ലോകം, ഹൈഡ്രാഞ്ചിയ ,RIP, പ്രവീൺ ചന്ദ്രന്റെ ഛായാമരണം, റിജോ ജോർജിന്റെ ഹവാന ക്ലബ്, ജിസ ജോസിന്റെ ഡാർക്ക് ഫാൻറസി, ശിവൻ എടമനയുടെ ന്യൂറോ ഏരിയ, റിഹാൻ റഷീദിന്റെ ഡോൾസ് ,മോഡസ് ഓപ്പറാണ്ടി,ശ്രീ പാർവ്വതിയുടെ വയലറ്റ് പൂക്കളുടെ മരണം, പോയടി കില്ലർ, ജയപ്രകാശ് പാനൂരിന്റെ കിഷ്കിന്ധയുടെ മൗനം, നിഖിലേഷ് മേനോന്റെ അഗോചരം, പ്രഥമദൃഷ്ട്യാ, വിപിൻദാസിന്റെ അനാഹി ,അനൂപ് ശശികുമാറിന്റെ ഒൻപതാം വീട്, ഗോഥം, ആദർശ് എസിന്റെ ഡാർക്ക് നെറ്റ്, അൻവർ അബ്ദുള്ളയുടെ പ്രൈം വിറ്റ്നസ് ,അഖിൽ പി ധർമ്മജന്റെ ഓജോ ബോർഡ് തുടങ്ങിയ ക്രൈം നോവലുകൾ 2020-21 വർഷങ്ങളിൽ മലയാളത്തിൽ ഇറങ്ങിയവയിൽ ചിലതാണ് . എണ്ണത്തിലുള്ള ഈ ആധിക്യം തന്നെയാണ് സമീപകാല സാഹിത്യത്തിൽ അവയുടെ സ്വീകാര്യതയുടെ ആദ്യത്തെ അടയാളപ്പെടുത്തൽ.

3. Ronald knox കുറ്റാന്വേഷണ രചനയ്ക്ക് 10 നിയമങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. അതിനൊക്കെ അപവാദങ്ങളായി ധാരാളം കൃതികൾ ഉണ്ടാകുന്നതായി ഈ മേഖലയിലെ പഠിതാക്കൾ നിരീക്ഷിച്ചിട്ടുണ്ട് (ഹമീദ്, 2015: 17).

4. കുറ്റാന്വേഷണനോവലിന് അവശ്യം വേണ്ട ഘടകങ്ങൾ കുറ്റകൃത്യം, അഥവാ അങ്ങനെ സംശയിക്കുന്ന ഒന്ന്, അപസർപ്പകർ, വിവര വിരേചനം, പരിണാമഗുപ്തിയും പാത്രഗുപ്തിയും എന്നിങ്ങനെയാണെന്ന് ഹമീദ്പറയുന്നുണ്ട് (അപസർപ്പക നോവുകൾ മലയാളത്തിൽ, 2015: 18).

5. ..."കുറ്റകൃത്യവുമായി ബന്ധപ്പെട്ട ഒരു കഥാംശത്തെ ഇതിവൃത്തമായി വികസിപ്പിച്ച് മുന്നേറുന്ന ആഖ്യാനക (Narrative) മാണ് അപസർപ്പക കഥ." (പി.കെ .രാജശേഖരൻ അറിയപ്പെടാത്ത ഷെർലക് ഹോംസ്, ആമുഖപഠനം, 2020: 22).

6. കുറ്റാന്വേഷണരചനകളുടെ സാമാന്യ ഘടകങ്ങളെപ്പറ്റി ആർ. രാജശ്രീയും കണ്ടെത്തലുകൾ അവതരിപ്പിക്കുന്ന (അപസർപ്പകാഖ്യാനങ്ങൾ: ഭാവനയും രാഷ്ട്രീയവും, 2018: 23) നിർവ്വചനങ്ങളെയും സാമാന്യസ്വഭാവങ്ങളെയും തിരസ്കരിച്ച കൊണ്ട് അവതരണത്തിലും പ്രമേയത്തിലും അപാരമായ സ്വാതന്ത്ര്യവും വൈവിധ്യവും പ്രകടിപ്പിക്കുന്നവയാണ് മലയാളത്തിലെ സമീപകാല ക്രൈം രചനകൾ എന്ന് നിരീക്ഷിക്കാം.

## സഹായക ഗ്രന്ഥങ്ങൾ:

23. പി.എഫ്. മാത്യൂസ് (2019), അടിയാള പ്രേതം, ഗ്രീൻ ബുക്സ്

24. പി.കെ. രാജശേഖരൻ (2020), ഉത്കണ്ഠയുടെ കോനൻ ഘടികാരങ്ങൾ, ആമുഖം, അറിയപ്പെടാത്ത ഷെർലക് ഹോംസ്, (പരിഭാഷ: കെ.പി. ബാലചന്ദ്രൻ, പി. പ്രകാശ്), മാതൃഭൂമി

25. രാജശ്രീ, ആർ., (2018) അപസർപ്പകാഖ്യാനങ്ങൾ: ഭാവനയും രാഷ്ട്രീയവും, ലോഗോസ് ബുക്സ്, പാലക്കാട്.

26. ഹമീദ് (2015), അപസർപ്പക നോവലുകൾ മലയാളത്തിൽ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

27. Knox, Ronald A, 1992: Detective Story Decalogine in the Art of the Mystery Story: A Collection of Critical Essays. Ed. Howard Haycraft, New york, Carroll & Graf

28. Jung, C.G., 1990 (10th Print): The Archetypes and Collective Unconscious (trs. by R.F.C. Hull), Princeton University Press.

*rajaniunni44@gmail.com*

# കുറ്റം, കുറ്റവാളി, കുറ്റാന്വേഷണം:
## സ്ത്രൈണകർതൃത്വത്തിന്റെ അപരപാഠങ്ങൾ

ഡോ. ശ്രീപ്രിയ കെ.
അസി.പ്രൊഫസർ, മലയാള വിഭാഗം, ഗവ. കോളേജ്, ചിറ്റൂർ

### പ്രബന്ധസംഗ്രഹം

മലയാള അപസർപ്പകസാഹിത്യ മേഖലയിൽ വിപുലമായ സംഭാവനകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയകാലത്ത് ഈ രംഗത്തെ സ്ത്രീ എഴുത്തു കാരും അവരുടെ കൃതികളും അപഗ്രഥന വിധേയമാക്കുന്നു. കുറ്റാന്വേഷ ണസാഹിത്യം, സാമൂഹികമായും ലിംഗപരമായും നവീകരിക്കുന്നതിലൂടെ സ്ത്രീയുടെ പരമ്പരാഗത സ്വത്വത്തെ പുതിയ കാഴ്ചപ്പാടുകളിൽ സ്ത്രീകൾ തന്നെ പുതുക്കിയെഴുതുന്നത് എങ്ങനെയെന്ന് കുറ്റാന്വേഷണ നോവലുകളെ മുൻനിർ ത്തി പഠന വിധേയമാക്കുകയാണ് ഈ പഠനം.

**താക്കോൽ വാക്കുകൾ:** അപസർപ്പകാഖ്യാനം, ലിംഗപദവി, പൊലീസ് ക്രൈം സ്റ്റോറി, സൈക്കോ ത്രില്ലർ, സൈക്കോ ഫാന്റസി ത്രില്ലർ,

സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗനീതിയുടെ അസമത്വത്തെ സംബന്ധിച്ചും ലിംഗപദവിയെ സംബന്ധിച്ചുമൊക്കെ ക്രിയാത്മകമായ ആലോചനകൾ സമീപകാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. അതിന്റെ ഫലമായി അതുവരെയുണ്ടായിരുന്ന ലിംഗകേന്ദ്രീകൃത പഠനങ്ങൾക്ക് സാമൂഹികവും സാംസ്കാരികവുമായ പിളർപ്പ് സംഭവിക്കുകയും പുതിയ സാമൂഹികസ ങ്കല്പനങ്ങൾക്കനുസരിച്ച് അവയിൽ മാറ്റമുണ്ടാവുകയും ചെയ്തു. അങ്ങനെ സ്ത്രീ പുരുഷദ്വന്ദ്വങ്ങൾക്കപ്പുറത്തേക്കു കടന്ന് വിമതലൈംഗികതയെ കൂടി ഉൾക്കൊള്ളുന്ന തരത്തിൽ ലിംഗകേന്ദ്രീകൃത പഠനങ്ങൾ ലിംഗപദവിപഠന ങ്ങളായി (Gender Studies) പരിണമിച്ചു കൊണ്ടിരിക്കുകയാണ്. കേവലം

സ്ത്രീവാദചിന്തകൾ എന്നതിനുപരിയായി ലിംഗപദവിയുടെ വ്യത്യസ്ത അടരുകളാണ് സമൂഹത്തിൽ നിലനിൽക്കുന്നതെന്നും അവയെ ആണധികാര ചിന്തകളാണ് നിയന്ത്രിക്കുന്നതെന്നുമുള്ള തരത്തിൽ ഫെമിനിസത്തിന്റെ ആശയധാരകൾ മാറിവരുന്നതായി കാണാം. ജീവശാസ്ത്രപരമായ ശരീരം എന്നത് ഒരു മിത്താണെന്നും അത് എല്ലായ്പ്പോഴും ലിംഗപദവിയുമായി ബന്ധപ്പെട്ടാണിരിക്കുന്നതെന്നും സമകാലിക സൈദ്ധാന്തികർ കരുതുന്നു (രാജേഷ്: 2018, 7). ഇത്തരത്തിൽ സ്ത്രീത്വം, പുരുഷത്വം എന്നിങ്ങനെ ആണധികാരവ്യവസ്ഥ നൽകുന്ന നിർവചനങ്ങൾക്കകത്ത് രൂപപ്പെട്ട ചിന്താപദ്ധതികളൊക്കെ ചോദ്യംചെയ്യപ്പെടാൻ തുടങ്ങി. പുരുഷനെയും സ്ത്രീയെയും നിർവചിക്കുന്ന ഭൗതികവും ബൗദ്ധികവുമായ ഒരു കെണിയായിരുന്നു മേൽ പറഞ്ഞ സ്ത്രീത്വ-പുരുഷത്വ ചിന്തകൾ. ആൺകോയ്മാ വ്യവസ്ഥയോട് കലഹിക്കുന്ന സ്ത്രീകളെ ലിംഗപാരമ്പര്യത്തിന്റെ അദൃശ്യവടിയുപയോഗിച്ച് പുരുഷാധിപത്യസമൂഹം മെരുക്കാൻ ശ്രമിച്ചു കൊണ്ടേയിരുന്നു. എന്നാൽ അവർ ഉയർത്തിയ ശബ്ദം പരിണാമത്തിന്റെ പ്രതിധ്വനികളായി മാറി. ഓൺലൈൻ മാധ്യമങ്ങളിലും മറ്റും വരുന്ന ചർച്ചകൾ ഇത്തരം ലിംഗപദവി പ്രശ്നങ്ങളെ നിരന്തരം അഭിസംബോധന ചെയ്യുന്നതായി കാണാം.

നിലവിലെ സ്ത്രീവാദചിന്തകൾ ഒന്ന്, രണ്ട് മൂന്ന്, നാല് എന്നിങ്ങനെ തരംഗങ്ങളായി ചർച്ചചെയ്യുന്ന ആശങ്ങളുടെ വെളിച്ചത്തിൽ ലിംഗപദവീപരമായ പരിണാമങ്ങളുടെ മൂന്ന് തലങ്ങളെ ഇങ്ങനെ ചിട്ടപ്പെടുത്താം.

1. ശരീരം നിർമിതിയാണെന്നു കണ്ട് ജൈവികശരീരത്തെ ആസ്പദമാക്കിയുള്ള ലിംഗവിവേചനങ്ങളൊക്കെ സാമൂഹികനിർമിതിയാണെന്ന മനസ്സിലാക്കുന്ന സമീപനം. ശരീരമെന്നത് ആഘോഷിക്കാനുള്ളതാണെന്ന കാഴ്ചപ്പാട് ശക്തിപ്പെടുന്നു.
2. സ്ത്രൈണം/പുരുഷത്വം എന്നീ ഗുണങ്ങൾ സ്ത്രീയിലും പുരുഷനിലും മാത്രം നിലകൊള്ളുന്നവയല്ലെന്നും അവ ഇടകലരുകയും ആൺ പെൺ എന്ന വേർതിരിവ് അപ്രസക്തമാക്കുകയും ചെയ്യുന്നു. അതിലൂടെ ലിംഗപരമായി പെൺ-ആൺ മാതൃകയ്ക്കുപരി വിമതത്വങ്ങളുടെ മാതൃക ശക്തിപ്പെടുന്നു.
3. സ്ത്രീത്വം എന്ന ഏകീകൃത സ്വത്വസങ്കല്പത്തെ സമൂഹത്തിലെ ജാതി, വർഗ്ഗ, സാംസ്കാരിക, ലൈംഗിക വൈവിധ്യങ്ങളിലൂടെ നോക്കിക്കാണുന്ന സമീപനം ശക്തിപ്പെടുന്നു. വ്യത്യസ്ത അധികാരഘടനകൾക്കുള്ളിൽ സമൂഹത്തിലെ വ്യത്യസ്ത

സ്ത്രീകളെങ്ങനെ അടിച്ചമർത്തപ്പെടുന്നുവെന്ന പ്രശ്നം ഉന്ന യിക്കുന്നു.

സാമൂഹിക വ്യവസ്ഥക്കകത്ത് ഇത്തരത്തിൽ ബോധനവീകരണ പ്രക്രിയകൾ നടക്കുമ്പോൾ കലാസാഹിത്യ രംഗങ്ങളിലും ഇതിന്റെ തുടർചിന്തകൾ അനി വാര്യമാകുന്നു. എഴുത്ത്, വായന തുടങ്ങിയ സർഗ്ഗാത്മകവ്യാപാരങ്ങളും ലിംഗപ ദവിയെ സംബന്ധിച്ച പുതിയ തിരിച്ചറിവുകളിലേക്ക് നടന്നടുക്കുന്നുണ്ട്. ഭാഷ, സാമൂഹികവ്യവഹാരങ്ങൾ, സാംസ്കാരിക ചിഹ്നങ്ങൾ എന്നിവയിലെല്ലാം നില നിൽക്കുന്ന ലിംഗപദവി അസമത്വങ്ങളെ വിമർശിക്കുന്നവയായി മാറുന്നുണ്ട് പുതിയകാല സാഹിത്യരൂപങ്ങൾ. പരമ്പരാഗതമായ പുരുഷാധിപത്യബോ ധ്യങ്ങൾകൊണ്ട് നിർമ്മിക്കപ്പെട്ടിരുന്ന അപസർപ്പകസാഹിത്യമേഖലയിലും ലിംഗപരമായ നൂതനപ്രവണതകൾ കാണാൻ സാധിക്കും. അപസർപ്പക സാഹിത്യം കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും പുതുമ പുലർത്തിക്കൊണ്ട് ശക്തമായ ഒരു രണ്ടാംവരവ് നടത്തിക്കൊണ്ടിരിക്കുന്ന കാലമാണ് ഇത്. ജനപ്രിയ സാഹിത്യത്തിന്റെ ഒരു ശാഖയായി മലയാളത്തിൽ 1950കളോടെ കുറ്റാന്വേഷണനോവലുകൾ ശക്തമായിരുന്നു. മറ്റു ജനപ്രിയ നോവലുക ളോടൊപ്പം കുറ്റാന്വേഷണ, മന്ത്രവാദ നോവലുകളും അക്കാലത്ത് ഭാവനാ ത്മകമായി രചിക്കപ്പെട്ടിരുന്നു, വായിക്കപ്പെട്ടിരുന്നു. അതു കൊണ്ടു തന്നെ ബാറ്റൺ ബോസ്, കോട്ടയം പുഷ്പനാഥ്, ഏറ്റുമാനൂർ ശിവകുമാർ തുടങ്ങിയ പേരുകൾ മലയാളിക്ക് സുപരിചിതമാണ്. കുറ്റാന്വേഷണ നോവലുകളെ ഒരു സാഹിത്യഗണമെന്ന നിലയിൽ ജനകീയമാക്കിയത് കോട്ടയം പുഷ്പ നാഥാണ്. ഷെർലക് ഹോംസ് കഥാപാത്രങ്ങളായ ഡോ. വാട്സണെ അനു കരിച്ചാണ് അദ്ദേഹത്തിന്റെ ചുവന്ന മനുഷ്യൻ (1967-68) എന്ന നോവലിലെ കഥാപാത്രങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (രാജശ്രീ: 22).

ജനപ്രിയ സാഹിത്യത്തെ അതുണ്ടായിവന്ന കാലത്ത് മുഖ്യധാര സാഹിത്യപ്രേമികൾ അംഗീകരിച്ചിരുന്നില്ലെന്ന് മാത്രമല്ല അതിനെ വിലകു റഞ്ഞ എഴുത്തുകളായി തീർത്തും അവഗണിക്കുകയും ചെയ്തിരുന്നു. സാധാര ണക്കാരുടെ സർഗ്ഗാത്മകതയെ, ഭാവനയെ, വായനാലോകത്തെ ഒക്കെ ഇക്കൂട്ടർക്ക് പരമപുച്ഛമായിരുന്നു എന്ന് പറയേണ്ടി വരും. എഴുത്തുകാരും ഇത്തരം പ്രതിസന്ധി അനുഭവിച്ചതായി കാണാം. മാത്രമല്ല ഇവ പുലർ ത്തിയിരുന്ന ആൺകോയ്മ സ്വഭാവം മൂലം സ്ത്രീക്ക് അപസർപ്പക കഥകളുടെ രചനാ രംഗത്തു നിന്നും കഥാപരിസരത്തു നിന്നും കൃത്യമായ അകലമാണ് പാലിക്കേണ്ടിയിരുന്നത്. ഈ രംഗത്ത് ശക്തരായ സ്ത്രീ എഴുത്തുകാർ ഇല്ലെന്ന്

തന്നെ പറയാം. കഥാപാത്രങ്ങളുടെ നിരയെടുത്ത് പരിശോധിച്ചാൽ അതിലും അപ്രധാന കഥാപാത്രങ്ങളായ ഒന്നോ രണ്ടോ സ്ത്രീകളെ മാത്രമേ കാണാനാവൂ. ഇവിടെയാണ് ലിംഗപദവിപഠനങ്ങളുടെ പ്രസക്തി. എഴുത്ത് നിരന്തരം പരിഷ്കരിക്കപ്പെടുന്ന ആധുനികോത്തരകാലത്ത് അപസർപ്പക സാഹിത്യവും ലിംഗരാഷ്ട്രീയത്തിന്റെ വ്യത്യസ്തരീതികൾ ആവിഷ്കരിക്കുന്നുണ്ട്. മലയാള അപസർപ്പക സാഹിത്യത്തിലെ സ്ത്രീ എഴുത്തിടങ്ങളുടെ വേറിട്ട രീതി ശാസ്ത്രവും അവ ആവിഷ്കരിക്കുന്ന സ്ത്രീ കേന്ദ്രിത നവീനകുറ്റാന്വേഷണബോധവും ലിംഗപദവി ബോധ്യങ്ങളും നിലനിൽക്കുന്ന പുരുഷ കേന്ദ്രിത വ്യവസ്ഥയെ നിഷേധിക്കുന്നതെങ്ങനെ എന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിൽ നിർവഹിക്കുന്നത്.

## അപസർപ്പകസാഹിത്യത്തിന്റെ ലിംഗരാഷ്ട്രീയം

അപസർപ്പകാഖ്യാനത്തിലെ പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യസംഭാവനകൾ പരിശോധിക്കുമ്പോൾ സ്ത്രീകളായ എഴുത്തുകാരുടെ അഭാവം നമുക്ക് പ്രകടമായി ബോധ്യപ്പെടും. ഇതര സാഹിത്യരംഗത്ത് സ്ത്രീ എഴുത്തുകൾ പുതിയ ദിശാബോധത്തോടു കൂടി പ്രത്യക്ഷപ്പെടുന്ന സമകാലിക സാഹചര്യത്തിൽ പോലും കുറ്റാന്വേഷണ സാഹിത്യരംഗത്തെ സ്ത്രീകളുടെ സാന്നിധ്യം കുറവാണെന്നു കാണാം. ലോകസാഹിത്യത്തിൽ പ്രസിദ്ധിയാർജ്ജിച്ച അഗത ക്രിസ്റ്റിയുടെ രചനാലോകത്തെ പിന്നിലാക്കാൻ പോന്ന ഒരു എഴുത്തുകാരി അതിന് മുമ്പോ ശേഷമോ ഉണ്ടായിട്ടില്ല. ഇവർക്ക് മുമ്പ് അമേരിക്കൻ അഗതാക്രിസ്റ്റി എന്ന നാമത്തിൽ അറിയപ്പെട്ടിരുന്ന മേരി റൈൻഹാർട്ട് എന്ന അമേരിക്കൻ നോവലിസ്റ്റ് അപസർപ്പകനോവലുകൾ എഴുതിയിരുന്നു. കാലഘട്ടം അനുസരിച്ച് വിലയിരുത്തുമ്പോൾ പാശ്ചാത്യലോകത്തെ ആദ്യത്തെ അപസർപ്പക എഴുത്തുകാരിയായി മേരി റൈൻഹാർട്ട്നെ കരുതാവുന്നതാണ്. 'ദ സെർക്കുലർ സ്റ്റെയർകേസ്' ഇവരുടെ ആദ്യ നോവലാണ്. ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ സാഹിത്യരംഗത്തേക്ക് കടന്നുവന്ന ഇവർ കുറ്റാന്വേഷണ സ്വഭാവമുള്ള നിരവധി കഥകളും നോവലുകളും രചിക്കുകയും ചെയ്തു.

കുറ്റാന്വേഷണ കഥകളുടെ രാജ്ഞിയായി അറിയപ്പെടുന്ന അഗതാക്രിസ്റ്റിയുടെ സാഹിത്യ സംഭാവനകൾ വേറിട്ടുനിൽക്കുന്നു. 1920 മുതൽ 70 കൾ വരെ കുറ്റാന്വേഷണ നോവൽ രംഗത്ത് സജീവമായി നിലയുറപ്പിക്കാൻ ക്രിസ്റ്റിക്ക് കഴിഞ്ഞു. ആദ്യം പ്രസിദ്ധീകരിച്ച 'ദ മിസ്റ്റീരിയസ് അഫയർ അറ്റ് സ്റ്റൈൽസ്' എന്ന കൃതിയിലാണ് അഗതാ ക്രിസ്റ്റിയുടെ സുപ്രധാന ഡിറ്റക്ടീവ് കഥാപാത്രമായ ഹെർക്യൂൾ പൊയ്റോയെ ആദ്യമായി അവതരിപ്പിച്ചത്.

പൊയ്റോയോടൊപ്പം ശ്രദ്ധേയമായ മറ്റൊരു കഥാപാത്രം കൂടി ക്രിസ്റ്റി നോവലുകളിൽ ജീവിച്ചിരുന്നു, 'ജെയ്ൻ മാർപിൾ'. പ്രശസ്തനായ ഹെർക്യൂൾ പൊയ്റോ എന്ന കഥാപാത്രമാണ് പിന്നീടങ്ങോട്ട് അഗത ക്രിസ്റ്റിയുടെ കുറ്റാന്വേഷണ പരമ്പരയുടെ കേന്ദ്ര ആകർഷണമായി പ്രവർത്തിക്കുകയും കൂടുതൽ ജനകീയമായി ഈ നോവലുകളെ മുന്നോട്ട് നയിക്കുകയും ചെയ്തത്. പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങളുടെ കൂട്ടത്തിൽ ലോക റാങ്കിങ്ങിൽ ബൈബിളിനും ഷേക്സ്പിയർ കൃതികൾക്കും ശേഷം മൂന്നാം സ്ഥാനം ക്രിസ്റ്റി കൃതികൾക്കാണെന്നാണ് കണക്കുകൾ പറയുന്നത്.

ഇന്ത്യയിലെ പ്രാദേശികഭാഷകളിൽ ഡിറ്റക്റ്റീവ് സാഹിത്യ കൃതികൾ അതാത് കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുണ്ടെങ്കിലും അവയെപ്പറ്റിയുള്ള ഗൗരവമായ പഠനങ്ങൾ നടന്നിട്ടില്ല. മലയാളത്തിലെ അപസർപ്പകസാഹിത്യത്തിന്റെ ചരിത്രത്തിൽ ആദ്യകാലത്ത് രണ്ടോ മൂന്നോ സ്ത്രീകളുടെ സാന്നിധ്യം കാണാൻ സാധിക്കും. 'അപസർപ്പക നോവലുകൾ മലയാളത്തിൽ ' എന്ന ഹമീദിന്റെ കൃതിയിൽ ആർ.ശ്രീലേഖയുടെ മരണദൂതൻ, കെ.ഭാരതിയമ്മ ഉള്ളുന്നപ്പുഴയുടെ ഭാസ്കര സിംഹൻ, എന്നിങ്ങനെ രണ്ട് സ്ത്രീകളെ സുവർണകാലഘട്ടത്തിലെ എഴുത്തുകാരുടെ കൂടെ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നുതന്നെ മലയാളത്തിലെ അപസർപ്പക രചനകൾ തെളിവുകൾ ആവശ്യമില്ലാത്ത വിധം ആൺകോയ്മ സ്വഭാവം വെളിപ്പെടുത്തുന്നവയാണെന്ന് മനസ്സിലാക്കാം. പുരുഷന്റെ ബുദ്ധിയിൽ രൂപപ്പെട്ട ഇത്തരം കഥകളുടെ പരിസരം സ്ത്രീകളെ തീർത്തും ഒഴിവാക്കിയിരുന്നു. ഇവയിൽ കുറ്റാന്വേഷണത്തിന് യോഗ്യരായവരും കുറ്റകൃത്യം ചെയ്യുന്നവരും സംശയങ്ങളും തെളിവുകളുമെല്ലാം ഈ ആൺകോയ്മയ്ക്കകത്ത് വ്യവഹരിക്കപ്പെടുന്നതും ഊട്ടിയുറപ്പിച്ചതുമായിരുന്നു. സ്ത്രീകൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ, കറുത്തവർ തുടങ്ങിയവരെ ഈ പ്രമേയങ്ങൾ പുറത്തുനിർത്തി. പടിഞ്ഞാറ് അഗതാ ക്രിസ്റ്റിയുടെ രചനാലോകങ്ങൾ ചൂട്പിടിച്ച ചർച്ചകൾക്ക് വിധേയമായ കാലഘട്ടത്തിൽ പോലും ഇവിടെ ഇത്തരം രചനകളിൽ സ്ത്രീ എഴുത്തുകാർ രംഗപ്രവേശം ചെയ്തിട്ടില്ല. സത്യാനന്തരമെന്നു (Post truth) വ്യവഹരിക്കപ്പെടുന്ന രണ്ടായിരത്തിനു ശേഷമുള്ള സമീപകാലത്താണ് അപസർപ്പക സാഹിത്യത്തിന്റെ രണ്ടാംതരംഗം മലയാളത്തിൽ ശക്തമായി തിരിച്ചുവരുന്നത്. പ്രമേയത്തിൽ സ്വീകരിക്കുന്ന വൈവിധ്യവും അവതരണത്തിലെ പുതുമയും ഈ സാഹിത്യശാഖയ്ക്ക് പുതിയ, ആഴത്തിലുള്ള വായനക്കാരെ സമ്മാനിക്കുന്നുണ്ട്. ജനപ്രിയം,രണ്ടാം തരം, നിലവാരം കുറഞ്ഞത് എന്നിങ്ങനെയുള്ള വിശേഷണങ്ങളെ ആഖ്യാനത്തിന്റെ പുതിയ

രസക്കൂട്ടുകളുപയോഗിച്ച് അനായാസം മറികടക്കുന്ന രീതിയാണ് നവീന അപസർപ്പകരചനകൾ സ്വീകരിക്കുന്നത്. കുറ്റകൃത്യങ്ങളിൽ സ്ത്രീകൾക്ക് പങ്കുണ്ടാവുകയോ അവർ തന്നെ മുൻകൈയെടുത്ത് കുറ്റകൃത്യം നടത്തുകയോ കുറ്റാന്വേഷകരായി സ്ത്രീകൾ അവതരിപ്പിക്കപ്പെടുകയോ ചെയ്തിട്ടുള്ള നിരവധി കൃതികളും ക്രൈം സിനിമകളും വെബ് സീരീസുകളും ഇന്ന് പരക്കെ പുറത്തി റങ്ങുന്നുണ്ട്. ശ്രീ പാർവതിയുടെ പോയട്രി കില്ലർ, വയലറ്റ് പൂക്കളുടെ മരണം, ആർ.ഋതുപർണയുടെ ഉൽച്ചുഴിപ്പലക, ജിസ ജോസിന്റെ ഡാർക് ഫാന്റസി തുടങ്ങിയ കൃതികൾ ഉദാഹരണം. കുറ്റാന്വേഷണത്തിലും കുറ്റകൃത്യത്തിലും സ്ത്രീകൾ പ്രധാന പങ്കുവഹിക്കുന്ന രണ്ട് അപസർപ്പകസാഹിത്യരചനകളെ മുൻനിർത്തി അപസർപ്പകസാഹിത്യരംഗത്തെ സ്ത്രീ എഴുത്തുകൾ മുന്നോട്ടു വയ്ക്കുന്ന ലിംഗപദവി രാഷ്ട്രീയത്തിന്റെ പുതിയകാഴ്ചകൾ, പോലീസ് സ്റ്റോറി എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന, ശ്രീപാർവ്വതിയുടെ 'പോയട്രി കില്ലർ' എന്ന കൃതിയുടെയും സൈക്കോ ത്രില്ലർ വിഭാഗത്തിൽ ഉൾപ്പെടുന്ന ജിസ ജോസിന്റെ 'ഡാർക്ക് ഫാന്റസി' എന്ന കൃതിയുടെയും വായനയിലൂടെ അപഗ്ര ഥിക്കുകയാണിവിടെ.

### കുറ്റം-കുറ്റവാളി: സങ്കല്പനങ്ങളുടെ എതിർവായന

കുറ്റാന്വേഷണനോവലുകളുടെ അടിസ്ഥാന ഘടകങ്ങളാണ് കുറ്റവും ശിക്ഷയും. വ്യക്തിക്കെതിരായ കയ്യേറ്റങ്ങൾ മുതൽ രാഷ്ട്രത്തിനെതിരായ വ്യവഹാരങ്ങൾ വരെ നീണ്ടു കിടക്കുന്നവയാണ് കുറ്റകൃത്യങ്ങളുടെ ലോകം (രാജശ്രീ :11). സമൂഹത്തിന്റെ കാഴ്ചപ്പാടിൽ കുറ്റകൃത്യമായി പരിഗണിക്കപ്പെടുന്ന ചില പ്രവൃ ത്തികൾ നടക്കുമ്പോൾ അവയെപ്പറ്റി വിശദമായ അന്വേഷണം നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തലുകൾ രൂപീകരിച്ചെടുക്കുകയും അവയ്ക്ക് സമൂഹം നിശ്ചയിക്കുന്ന ചില ശിക്ഷാവിധികൾ നടപ്പിൽ വരുത്തുകയു മാണ് കുറ്റാന്വേഷണത്തിൽ സംഭവിക്കുന്നത്. അതുകൊണ്ടുതന്നെ കുറ്റമെന്നത് സമൂഹനിർമ്മിതമാണെന്നും അത് പരമ്പരാഗതമായി ആൺകോയ്മ സ്വഭാവം പുലർത്തുന്ന ഒന്നാണെന്നും നിസ്സംശയം പറയാം. സ്ത്രീകൾ ദുർബലകളാണെ ന്നും ആയതിനാൽ അവർക്ക് കുറ്റകൃത്യം ചെയ്യാൻ സാധിക്കില്ലെന്നുമുള്ള പുരുഷാധിപത്യ ഉറപ്പിന്മേലാണ് ഇക്കാലമത്രയും കുറ്റാന്വേഷണ ആഖ്യാന ങ്ങൾ സമൂഹത്തിൽ വേരുറപ്പിച്ചു പോന്നത്. കേരളത്തിലെ സാമൂഹികാന്ത രീക്ഷത്തിലും ഇത്തരം ധാരണകൾ ഉറച്ചിട്ടുണ്ടെന്നു കാണാം. അതിനാൽ സ്ത്രീകൾ കുറ്റവാളികളാകുന്ന വാർത്തകൾ വരുമ്പോൾ സോഷ്യൽമീഡിയയിലും മറ്റും സ്ത്രീകളെ സൈബർ അക്രമണം നടത്തുന്നതുകാണാം. അമ്മയായി

ജീവിക്കുന്ന ഒരാൾ ഏതെങ്കിലും കുറ്റകൃത്യത്തിൽ പങ്കാളികളായാലുടനെ മാതൃത്വത്തെ നശിപ്പിച്ചുവെന്നു പറഞ്ഞുള്ള പ്രതികരണങ്ങൾ സ്ത്രീകളെയും കുറ്റകൃത്യത്തെയും സമൂഹം എങ്ങനെ കാണുന്നുവെന്നു വ്യക്തമാക്കുന്നു. ഡോ. ഓമന, ശോഭാ ജോൺ എന്നിവരെക്കുറിച്ചുള്ള വാർത്തകളും പ്രതികരണങ്ങളും സ്ത്രീയും കുറ്റകൃത്യവും തമ്മലുള്ള കാഴ്ചകളെ അടയാളപ്പെടുത്തുന്നു. പെൺഗുണ്ട എന്നൊക്കെ പത്രങ്ങൾ തലക്കെട്ടു കൊടുത്തതിൽനിന്ന് ഗുണ്ടായിസമൊക്കെ പുരുഷനാണ് ചേരുകയെന്നും സ്ത്രീയുടെ അക്രമങ്ങൾ വേറിട്ടതാണെന്നും സൂചിപ്പിക്കുന്നു. മാത്രമല്ല അടുത്തകാലത്ത് കേരളത്തിൽ സ്ത്രീകളുടെ കുറ്റകൃത്യങ്ങൾ കൂടുന്നുവെന്നുള്ള കണക്കുകളും അവതരിപ്പിക്കുന്നുണ്ട്. ഇതെല്ലാം കുറ്റവും ലിംഗഭേദവും തമ്മിലുള്ള ബന്ധത്തിന്റെ പരമ്പരാഗതസ്വഭാവത്തെ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു.[1] മറ്റൊരുതലത്തിൽ സ്ത്രീകൾ കുറ്റകൃത്യത്തിൽ പങ്കാളികളാകുന്നത് പുരുഷാധിപത്യത്തിന്റെ സമ്മർദ്ദംകാരണമാണെന്നു വ്യഖ്യാനിക്കുന്നതും കാണാം. കോട്ടയം പുഷ്പനാഥിന്റെ നോവലുകളിൽ കുറ്റകൃത്യത്തിൽ പങ്കാളികളാകുന്ന സ്ത്രീകളെ ധാരാളമായി കാണാം. പ്രധാന കുറ്റവാളിയുടെ ഭാഗമായിട്ടായിരിക്കും ഇവരെ ചിത്രീകരിക്കുന്നതെന്നുമാത്രം.

സ്ത്രീകൾക്ക് സ്വതന്ത്രകർതൃത്വം ഇല്ലെന്നു കരുതുന്ന പുരുഷാധിപത്യവ്യവസ്ഥയാണ് സ്ത്രീയുടെ കുറ്റകൃത്യത്തെ അംഗീകരിക്കാത്തത്, അവൾ ദുർബലയാണെന്നു ആവർത്തിക്കുന്നത്. ലിംഗവിവേചനങ്ങൾ ചോദ്യംചെയ്യപ്പെടുന്ന സമകാലികതയിൽ സ്ത്രീകൾ ഈ ക്രമത്തെ റദ്ദാക്കുന്നുണ്ട്. വ്യവസ്ഥയോടുള്ള ശക്തമായ ചോദ്യംചെയ്യലാണ് ശ്രീപാർവ്വതിയുടെ പോയടി കില്ലർ എന്ന നോവൽ. കുറ്റവാളി എന്ന പേരിൽ പുരുഷൻ ചെയ്തിരുന്നതെല്ലാം സ്ത്രീ ചെയ്യുകയും അത് വഴി പുരുഷാധിപത്യവ്യവസ്ഥയെ തന്നെ പ്രതിക്കൂട്ടിൽ നിർത്തുകയും ചെയ്യുന്നു എന്നതാണ് ഈ നോവൽ പങ്കിടുന്ന രാഷട്രീയമാനം. എറണാകുളം ജില്ലയുടെ ചുമതലയുള്ള എസ്.പി ഡെറിക് ജോണിന്റെ നേതൃത്വത്തിൽ, അവിടെ നടക്കുന്ന സീരിയൽ കില്ലിംഗ് സ്വഭാവമുള്ള കൊലപാതകപരമ്പരകളുടെ അന്വേഷണവും പരിസമാപ്തിയുമാണ് ഈ നോവലിന്റെ പ്രമേയം. പ്രസിദ്ധ കവിയായ ജെയിംസ് ഡാനിയേൽ ദുരൂഹസാഹചര്യത്തിൽ സയനയ്ഡ് ഉള്ളിൽചെന്ന് മരിക്കുന്നതോടെ നോവൽ ആരംഭിക്കുന്നു. മൃതദേഹത്തിന് അടുത്തുനിന്നും മരിച്ചുകിടക്കുന്ന അയാളുടെ പടങ്ങളും എഴുതിവെച്ച ഒരു കവിതാശകലവും ലഭിക്കുന്നു. അന്വേഷണം പുരോഗമിക്കുന്ന സന്ദർഭത്തിൽ അതേ മാതൃകയിൽ നോവലിസ്റ്റായ കേച്ചേരി ഭാസി,ഫേസ്ബുക്ക്

കവിയായ അരുൺ ദാസ് എന്നിവരും മരണപ്പെടുന്നു. കൊലപാതകത്തെ സംബന്ധിക്കുന്ന നിർണായക സൂചനയാണ് ഈ കവിതാശകലങ്ങൾ എന്ന് മൂന്നാമത്തെ കൊലപാതകത്തിനുശേഷമാണ് അന്വേഷണസംഘം തിരിച്ചറിയുന്നത്. എന്നാൽ ഈ സൂചന ഉപയോഗിച്ച് കൊലപാതകം തടയാൻ അവർക്ക് സാധിക്കുന്നില്ല. പിന്നീട് മരിച്ചത് റിസോർട്ട് ഉടമ കബീർ ഹുസൈനായിരുന്നു. കിട്ടിയ സൂചനകൾ സൂക്ഷ്മമായി പിന്തുടർന്ന് ഒട്ടുവിൽ കുറ്റവാളിയെ കണ്ടെത്തുന്നു. അന്വേഷണം വഴിതിരിച്ചു വിടുന്ന പലസന്ദർഭങ്ങളും നോവലിൽ കാണാം സീരിയൽ കില്ലിങ്ങിന് പുറകിൽ യാതൊരു ലക്ഷ്യവും ഉണ്ടായിരിക്കില്ലെന്ന അന്വേഷകരുടെ മുൻവിധി, ഡെറികിന്റെ ഭാര്യ സൂസന്നയിലേക്ക് അന്വേഷണം കേന്ദ്രീകരിക്കുന്ന ചില സന്ദർഭങ്ങൾ എന്നിവ ഉദാഹരണം. നാലാമത്തെ കൊലപാതകത്തോടെ അന്വേഷണം ഊർജിതമാകുകയും കൊലയാളിക്ക് പോയടി കില്ലർ എന്ന ഒരപരനാമം അന്വേഷകർ നൽകുകയും ചെയ്യുന്നു. സമാനമായ അടുത്ത രണ്ട് കൊലകൾ കൂടി നടത്തി 'Poetry Ends Here' എന്ന കുറിപ്പോടെ കൊലപാതകപരമ്പര അവസാനിക്കുന്നു. പത്രപ്രവർത്തകയായ ആമില ദാസ് എന്ന സ്ത്രീ തന്റെ കുടുംബത്തിനും സഹോദരിക്കുമുണ്ടായ ദുരന്തത്തിന് ബദലായി ഒറ്റക്ക് നടത്തിയ പ്രതികാരമായിരുന്നു അതെന്ന് തിരിച്ചറിയുന്നതോടെ നോവൽ അവസാനിക്കുന്നു.

ഈ പോലീസ് സ്റ്റോറിക്ക് തന്ത്രപ്രധാനമായ ചില അടരുകൾ ഉണ്ട്. ഒന്നാമതായി ഏതൊരു കുറ്റാന്വേഷണ കൃതിയേയും പോലെ അന്വേഷണാത്മകത മുറ്റിയ ഒരു പ്രമേയത്തെ സങ്കീർണമായ ഘടനകളിലൂടെ കടത്തിവിട്ടുകൊണ്ട് കുറ്റകൃത്യത്തിന് പരിഹാരം കാണുകയാണ് നോവലിൽ ചെയ്തിട്ടുള്ളത്. മറ്റൊന്ന്, ഒരു പുരുഷനായ കില്ലറിനെ തിരഞ്ഞ് നോവലിൽ ഉടനീളം സഞ്ചരിക്കുന്ന വായനക്കാർക്ക് മുന്നിൽ ഏറ്റവും ഒടുവിൽ ആണ് സ്ത്രീയായ കുറ്റവാളിയെ നോവലിസ്റ്റ് അവതരിപ്പിക്കുന്നത് എന്നതാണ്. ഈ വഴിത്തിരിവാണ് നോവലിന്റെ മർമ്മം. മാത്രമല്ല സ്ത്രീയുടെ പ്രതികാരനിർവഹണത്തെ ജനാധിപത്യബോധത്തോടെ അവതരിപ്പിച്ചിരിക്കുന്നു എന്നത് കൂടി ഈ കൃതിയുടെ എടുത്തുപറയേണ്ട സവിശേഷതയാണ്. കൊലപാതകങ്ങളെ കുറിച്ച് ആമിലയുടെ വിശദീകരണവും അതുവരെ ശാന്തനായി കേട്ടിരിക്കുന്ന പൊലീസ് ഓഫീസറും ഈ ജനാധിപത്യ രീതിയുടെ തെളിവാണ്. അതിവിദഗ്ധമായാണ് കുറ്റവാളിയായ ആമില നോവലിൽ ആദ്യം പ്രത്യക്ഷപ്പെടുന്നത്. മറ്റ് പത്രപ്രവർത്തകരുടെതിൽ നിന്ന് ഭിന്നമായി ജെയിംസ് ഡാനിയലിന്റെ

മരണം റിപ്പോർട്ട് ചെയ്യുന്നത് ഡെറിക്കിന്റെ ശ്രദ്ധയിൽപ്പെടുന്നതോടെയാണ് അവൾക്ക് കുറ്റാന്വേഷണത്തിൽ പങ്കുണ്ടാവുന്നത്. തുടർന്നും അവൾ ആവശ്യമുള്ള വിവരങ്ങളെല്ലാം പൊലീസിന് നൽകിക്കൊണ്ടിരിക്കുന്നു. മാലിനി എന്ന സ്ത്രീയോട് മരണപ്പെട്ട പുരുഷന്മാർ ചെയ്ത ക്രൂരമായ പ്രവൃത്തിക്കെതിരെയുള്ള പ്രതികാരമാണ് ഈ കൊലപാതകപരമ്പരകളുടെ പിന്നിലെ കാരണമെന്ന നിഗമനത്തിൽ ഡെറിക് എത്തിച്ചേരുന്നുണ്ടെങ്കിലും അത് ആമിലയായിരിക്കുമെന്ന ഒരു സൂചന പോലും അയാൾക്ക് ലഭിക്കുന്നില്ല. പൂർണ്ണമായും കുറ്റാന്വേഷകന്റെ വീക്ഷണത്തിലൂടെയാണ് ഈ കൃതിയുടെ ആഖ്യാനം നിർവഹിച്ചിരിക്കുന്നത് എന്ന് ആമുഖത്തിൽ നോവലിസ്റ്റ് തന്നെ തുറന്നെഴുതിയിരിക്കുന്നു. അതുകൊണ്ടുതന്നെ ഡെറിക് ജോൺ എന്ന പൊലീസ് ഉദ്യോഗസ്ഥനാണ് ഈ നോവലിലെ കേന്ദ്രാന്വേഷകൻ. ഇദ്ദേഹത്തിന്റെ നിരീക്ഷണപാടവവും കുറ്റം തെളിയിക്കാൻ ഉള്ള കർക്കശമായ ബുദ്ധി സാമർത്ഥ്യവും നോവലിന്റെ തുടക്കത്തിൽ അവതരിപ്പിക്കുന്ന മറ്റൊരു കേസ് അന്വേഷണത്തിലൂടെ നോവലിസ്റ്റ് പറഞ്ഞു വയ്ക്കുന്നുണ്ട്. ഒരു ഘട്ടത്തിൽ ഡെറിക്കിന്റെ കാമുകിയായ മായയിലേക്കു പോലും സംശയത്തിന്റെ നോട്ടം പോകുന്നുണ്ട്.

### കുറ്റാന്വേഷണവും പെണ്ണത്തത്തിന്റെ നിരാകരണവും

കുറ്റാന്വേഷണാഖ്യാനങ്ങളിൽ ബുദ്ധിയുടെ സിരാകേന്ദ്രമായ ഒരു നായക കുറ്റാന്വേഷകനാണ് എല്ലായ്പ്പോഴും കർതൃസ്ഥാനത്ത് അവരോധിക്കപ്പെടുന്നത്. അത് പൊലീസ് ഉദ്യോഗസ്ഥനോ ഡോക്ടറോ ശാസ്ത്രജ്ഞനോ സ്വകാര്യ ഏജൻസിയിലെ പ്രഗൽഭനായ കുറ്റാന്വേഷകനോ ഒക്കെയാവാം. സാമാന്യമായി ഇവരെ സമർത്ഥരും ഏത് പ്രതിസന്ധിയെയും ബുദ്ധിവൈഭവം കൊണ്ട് മറികടക്കുന്നവരുമായാണ് ചിത്രീകരിക്കുക. കുറ്റാന്വേഷകരോടൊപ്പം സഹായിയായ ഒരു പുരുഷനും കഥയുടെ കേന്ദ്രങ്ങളിൽ ചുറ്റിക്കറങ്ങുന്നുണ്ടാവും. ഇവിടെയും സ്ത്രീ സാന്നിധ്യങ്ങളെ അപ്രസക്തമാക്കുന്ന ലിംഗപദവിയുടെ അദൃശ്യബോധ്യങ്ങളാണ് കാലങ്ങളായി നാം കണ്ടുവരുന്നത്. പരമ്പരാഗതമായ ഇത്തരം മാതൃകാ നായകനിർമ്മിതികളെ പുതിയ കുറ്റാന്വേഷണസാഹിത്യം പൊളിച്ചെഴുതുന്നുണ്ട്. ഒപ്പം തന്നെ ബൗദ്ധികവും ഭൗതികവുമായി, പെണ്ണത്തനിർവചനങ്ങളെ വെല്ലുവിളിക്കുന്ന സ്ത്രീപ്രതിനിധാനങ്ങൾ ഇത്തരം കൃതികളിൽ ആവിഷ്കരിക്കപ്പെടുന്നു. സ്ത്രീകൾ മാത്രം പ്രധാന കഥാപാത്രങ്ങളാവുന്ന ജിസ ജോസിന്റെ ഡാർക്ക് ഫാന്റസി, ഒരു വീൽചെയറിൽ ഇരുന്ന് കുറ്റാന്വേഷണം നടത്തുന്ന ആലിയ എന്ന പെൺകുട്ടി കേന്ദ്രമാവുന്ന ശ്രീപാർവതിയുടെ വയലറ്റ് പൂക്കളുടെ മരണം തുടങ്ങിയവ ഉദാഹരണം.

വീരപരിവേഷം കൊണ്ട് വായനക്കാരെ പിടിച്ചിരുത്തുന്ന നായകനിർമ്മാണ സമവാക്യങ്ങളെ തകർക്കുന്ന നോവലാണ് ഡാർക് ഫാന്റസി. അതോടൊപ്പം കുറ്റവാളിയും സഹകഥാപാത്രങ്ങളുമായി സ്ത്രീകൾ മാത്രം പ്രത്യക്ഷപ്പെടുന്നുവെന്ന സവിശേഷത കൂടി ഈ നോവലിനുണ്ട്.

അപസർപ്പകസാഹിത്യത്തിന് നിരവധി ശാഖകളുണ്ട്. ലീഗൽ ത്രില്ലേഴ്സ്, ചാരക്കഥകൾ, പൊലീസ് കഥകൾ, മെഡിക്കൽ ഡിറ്റക്ടീവ് കഥകൾ മനശ്ശാസ്ത്ര കഥകൾ, ഫാന്റസി ത്രില്ലേഴ്സ് തുടങ്ങിയവയാണവ. ഇതിലെ ഒരു പ്രധാന വിഭാഗമാണ് സൈക്കോ ത്രില്ലറുകൾ. വ്യക്തികൾക്ക് ഉണ്ടാകുന്ന മനശ്ശാസ്ത്ര പരമായ കാരണങ്ങൾകൊണ്ട് കുറ്റകൃത്യം നടത്തുകയും അതിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട പ്രമേയവും ആണ് സൈക്കോ ത്രില്ലർ നോവലുകൾ എന്ന വിഭാഗത്തിൽ ഉള്ളടങ്ങിയിരിക്കുന്നത്. മനസ്സിന്റെ അബോധത്തിൽ വേരാഴ്ന്തിയ പകയും അതിൽനിന്നുണ്ടാകുന്ന അതിവൈകാരികമായ പകപോക്കലും നിമിത്തമാണ് ഇത്തരം കേസുകളിൽ കുറ്റകൃത്യം നിർവഹിക്കപ്പെടുന്നത്. സസ്പെൻസുകളുടെ അപ്പോസ്തലനായി അറിയപ്പെടുന്ന 'ആൽഫ്രെഡ് ഹിച്ച്കോക്കി'ന്റെ സിനിമകൾ ഇത്തരം ഗണത്തിലാണ് ഉൾപ്പെടുന്നത്. അദ്ദേഹത്തിന്റെ 'സൈക്കോ' പോലുള്ള സിനിമകൾ വ്യത്യസ്തമായ ത്രില്ലർ സ്വഭാവം പ്രകടമാക്കുന്നത് ഉദാഹരണം.

2020-ൽ പുറത്തിറങ്ങിയ ജിസ ജോസിന്റെ ഡാർക് ഫാന്റസി എന്ന നോവൽ സൈക്കോ-ഫാന്റസി വിഭാഗത്തിൽ ആഖ്യാനപ്പെടുന്ന കൃതിയാണ്. ആണധീശവ്യവസ്ഥ പെണ്ണിന് കീഴാളപദവി നൽകിയ സാമൂഹിക രാഷ്ട്രീയ ഇടങ്ങളിലൊക്കെ വെല്ലുവിളികളുയർത്തിക്കൊണ്ട് സ്ത്രീകൾ പ്രത്യക്ഷപ്പെടുന്ന കാഴ്ചയാണ് നോവലിന്റെ മർമ്മം. ക്രൈം ത്രില്ലർ എന്ന ഗണത്തിൽ ഉൾപ്പെടുന്ന ഈ നോവലിൽ റൂബി, ഐന്ദ്രില എന്നീ രണ്ട് സ്ത്രീകൾ കേന്ദ്രസ്ഥാനീയരാവുന്നു. കുറ്റാന്വേഷകരും കുറ്റവാളിയും സ്ത്രീകൾ തന്നെയാവുന്നത് മലയാള അപസർപ്പകസാഹിത്യത്തിലെ വിപ്ലവകരമായ മാറ്റത്തിന്റെ ചേരുവയായി പരിണമിക്കുന്നു. ഐന്ദ്രില, റൂബി, റിനി, റോസി എന്നിവരുടെ വീക്ഷണത്തിലൂടെയാണ് നോവലിലെ കുറ്റകൃത്യവും തുടർന്നുള്ള അന്വേഷണവും നടക്കുന്നത്. 50 വർഷം മുമ്പ് ഒരു കുടുംബത്തിലെ അച്ഛനും അമ്മയും ഏറ്റവും മൂത്ത മകനും അയാളുടെ ഭാര്യയും രണ്ടാമത്തെ മകനും അന്നുരാത്രി വിരുന്നുവന്ന അച്ഛന്റെ പേരപ്പനും അകാരണമായി കൊല്ലപ്പെടുന്നു.അതുമായി ബന്ധപ്പെട്ട് അമ്പതു വർഷത്തിനിപ്പുറം നടക്കുന്ന അനൗപചാരികമായ അന്വേഷണം ആണ് കഥാതന്തു. റിനി-റൂബി എന്നീ സഹോദരിമാരുടെ കുടുംബ വീട്ടിലാണ്

ഈ കൂട്ടക്കൊല നടന്നത്. കൊലപാതകത്തിനു ശേഷം പ്രേതഭവനമായി മുദ്രകുത്തപ്പെട്ട ആ പഴയ വീടിനെ ചുറ്റിപ്പറ്റിയുള്ള ഭാവനാത്മക കഥകൾക്കു പിന്നിൽ ഒളിച്ചിരിക്കുന്ന യഥാർത്ഥ കുറ്റവാളിയെ കണ്ടെത്താൻ റൂബിയുടെ സുഹൃത്തായ ഐന്ദ്രില നടത്തുന്ന ഉദ്വേഗജനകമായ അന്വേഷണമാണ് നോവലിന്റെ കാതൽ. ആഖ്യാനത്തിന്റെ ഒരു ഭാഗം 50 വർഷം മുമ്പെഴുതിയ അപസർപ്പക നോവലിന്റെ ഘടനയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. പൂഞ്ചോലക്കൽ കൂട്ടക്കൊലപാതകവും അതിന് അനുബന്ധമായി നടന്ന അക്കാലത്തെ കേസന്വേഷണത്തിന്റെ ചരിത്രവുമാണ് ഈ ഭാഗത്തെ പരാമർശവിഷയം. ആദ്യകാല അപസർപ്പകാഖ്യാനത്തിന്റെ രീതിയിലാണ് ഈ ഭാഗത്തെ വിവരണം. കൂടാതെ ഗ്രന്ഥകർത്രി നേരിട്ട് ഇടപെടുന്ന സന്ദർഭങ്ങളും ഉണ്ട്. 22 ചെറിയ അധ്യായങ്ങളിലൂടെ ഫാന്റസി രൂപത്തിലുള്ള വിവരണം കഥക്ക് തുടർന്ന് യാഥാർത്ഥ്യ പ്രതീതി നൽകുന്നു. ഈ ഭാവനാത്മക വിവരണം വായനക്കാർക്ക് പുതുമയായി അനുഭവപ്പെടുന്നുണ്ട്. ആ കഥ പൂർണമാവാതെ അവസാനിക്കുന്നിടത്താണ് യഥാർത്ഥ കുറ്റാന്വേഷണഭാവത്തിലേക്ക് നോവൽ പ്രവേശിക്കുന്നത്. അതിനെ ' പഴയ കാലത്തെ മഷിയിൽ എഴുതിയ ഒരു ഡിറ്റക്റ്റിവ് നോവലിന്റെ പ്രാഥമിക രൂപ 'മെന്ന് എഴുത്തുകാരി സ്വയം വിശേഷിപ്പിക്കുന്നുണ്ട്.

മതിയായ തെളിവുകളില്ലാത്തത് എന്ന കാരണത്താൽ എഴുതിത്തള്ളിയ പൂഞ്ചോലക്കൽ കൂട്ടക്കൊലപാതക കേസാണ് പില്ക്കാലത്ത് അനൗപചാരികമായ അന്വേഷണത്തിലൂടെ ഐന്ദ്രില തെളിയിക്കാൻ ശ്രമിക്കുന്നത്. ഒറ്റയ്ക്കൊരു സ്ത്രീ നടത്തുന്ന ക്രിയാത്മകമായ അന്വേഷണമാണിത്. പുരുഷപോലീസ് സേനയും നീതിന്യായവ്യവസ്ഥയും അന്വേഷണത്തിൽ പാടെ തോറ്റുപോയ, അവർക്ക് തെളിയിക്കാൻ സാധിക്കാത്ത കുറ്റകൃത്യമാണ് ഐന്ദ്രില ചുരുളഴിക്കുന്നത്. സംഭവം നടന്നഘട്ടത്തിൽ പുരുഷ കുറ്റാന്വേഷകരിൽ ചിലർ നടത്തിയ കേസന്വേഷണത്തെ തീർത്തും ഫലിത രൂപേണയാണ് എഴുത്തുകാരി അവതരിപ്പിക്കുന്നത്. കുറ്റവാളിയായ റോസിക്ക് തന്നെ കണ്ടെത്താൻ ശ്രമിക്കുന്ന ഐന്ദ്രിലയെ കുറിച്ചോ അവൾ നടത്തുന്ന തീർത്തും ഒറ്റപ്പെട്ട അന്വേഷണത്തെ സംബന്ധിച്ചോ യാതൊരു സൂചനയും ലഭിക്കുന്നില്ല. അത്രത്തോളം കൈയൊതുക്കത്തോടെയാണ് കൃതിയിലെ കുറ്റാന്വേഷണ രീതി ആവിഷ്കരിച്ചിരിക്കുന്നത്. തന്റെ ക്ലയന്റായ ഡോക്ടറുടെ അപ്രതീക്ഷിത മരണവും കെമിക്കലിനെക്കുറിച്ച് അവർ നടത്തിയ സംഭാഷണവുമൊക്കെ ഐന്ദ്രിലയിൽ ചില സംശയങ്ങൾ ഉയർത്തുകയും ഈ രണ്ട് സംഭവങ്ങൾ

തമ്മിൽ ബന്ധപ്പെടുത്തുകയും ചെയ്യുന്നതോടെയാണ് അവൾക്ക് അന്വേഷണത്തിന്റെ വഴി ബോധ്യപ്പെടുന്നത്. അക്കാലത്ത് ആ കേസ് റിപ്പോർട്ട് ചെയ്ത പത്രപ്രവർത്തകൻ, റോസിയുടെ തഞ്ചാവൂരിലെ വീട്ടിലേക്കുള്ള യാത്ര എന്നിങ്ങനെ ഗൗരവമുള്ള അന്വേഷണ പാതയിലൂടെ അവൾ സഞ്ചരിക്കുന്നു. കൃത്യമായ കുറ്റാന്വേഷണ ബുദ്ധിയോടെ അന്വേഷണങ്ങൾ ക്രമീകരിക്കുന്ന ഒരു കുറ്റാന്വേഷകയായി നോവലിൽ അവൾ ഉയരുന്നുണ്ട്. പുരുഷ നിർമ്മിതമായ സ്ത്രീ സങ്കല്പങ്ങൾക്ക് പാടെ വിരുദ്ധമായ ചില അന്വേഷണ രീതികളിലൂടെ പൊതു സമൂഹംപോലും അറിയാതെ കുറ്റാന്വേഷക ബൗദ്ധികമായ നീക്കങ്ങൾ നടത്തുന്നു. ഇതിന് അവളെ സഹായിക്കാൻ ഒരാൾ പോലും ഇല്ലെന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. ഒറ്റയ്ക്കാണ് അവരുടെ അന്വേഷണമെന്നതിനാൽ ശിക്ഷാവിധിയിലും അവർ സ്വീകരിക്കുന്ന ജനാധിപത്യരീതി വേറിട്ടു നിൽക്കുന്നു. ആഖ്യാനത്തിലുടനീളം കുറ്റവാളിയായ റോസി ഒരു നിഗൂഢതയായി വായനക്കാർക്ക് അനുഭവപ്പെടുന്നു. മാത്രമല്ല നിഷ്കളങ്കയായ പാവം സ്ത്രീയായിട്ടാണ് റോസി ആദ്യം പ്രത്യക്ഷപ്പെടുന്നത്. 'റോസിക്കും മുട്ടറ്റം മുടിയായിരുന്നല്ലോ. അതവൾക്ക് അഴിച്ചിട്ട് നടക്കാൻ പോലും അനുവാദമില്ലായിരുന്നു, പാവം' (പു: 86). എന്ന തരത്തിൽ അവളെപ്പറ്റി നിരവധി സന്ദർഭങ്ങളിൽ പറയുന്നുണ്ട്. ഇതിൽനിന്നും കുറ്റവാളിയുടെ സ്ഥാനത്ത് പ്രതിക്കൂട്ടിൽ നിൽക്കുന്നത് പുരുഷാധിപത്യവ്യവസ്ഥ നയിക്കുന്ന സാമൂഹികാന്തരീക്ഷം തന്നെയാണെന്ന് ബോധ്യമാവുന്നു. കുടുംബബന്ധങ്ങളിലെ ഏകപക്ഷീയമായ നടപടി ക്രമങ്ങളോട് വിദ്യാഭ്യാസസമ്പന്നയായ സ്ത്രീയുടെ പ്രതിഷേധമാണ് ഈ കൂട്ടക്കൊലയുടെ പിന്നിലെ മനശ്ശാസ്ത്രമെന്ന് നോവലിസ്റ്റ് തെളിച്ചുപറയുന്നുണ്ട്.

അപസർപ്പക രചനക്കുള്ളിൽ മറ്റൊരു അപസർപ്പകാഖ്യാനത്തിനുള്ള സാധ്യത തുറന്നു തരുന്നു എന്നതാണ് ഡാർക്ക് ഫാന്റസിയുടെ ആഖ്യാനപമായ സവിശേഷത. സാഹിത്യത്തിലെ 'മെറ്റാ നരേഷൻ ' പോലെ അപസർപ്പകകഥയ്ക്കുള്ളിലെ അപസർപ്പകമായി ഈ അപസർപ്പകാഖ്യാനത്തെ കണക്കാക്കാം. കുറ്റം തെളിയിക്കാനുള്ള വഴികാട്ടിയായി ആ ആഖ്യാനം മാറുന്നു. കുറ്റാന്വേഷണ നോവലുകളുടെ പരമ്പരാഗത ശൈലിയിൽനിന്നും ഘടനാപരമായ വിച്ഛേദം ഈ പെൺനോവൽ വരുത്തിയിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥനായ രവിവർമ്മയ്ക്ക് പറ്റുന്ന അബദ്ധങ്ങളും അന്വേഷണത്തിൽനിന്ന് അവർ പിന്മാറാൻ ചിലസ്ഥലത്ത് ഫാന്റസി പൊടിക്കൈകളും ഒക്കെ ചേർത്ത് ആ ഭാഗം രസകരമാക്കിയിരിക്കുന്നു. കേസന്വേഷണത്തിനെത്തിയ പോലീസ് ഉദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിക്കുന്നതിനായി ചിലയിടത്ത് ഹാസ്യാത്മകവിവരണവും കാണാം.

നോവലിന്റെ പരിണാമഗുപ്തി ശ്രദ്ധേയമാണ്. കുറ്റവാളിയായ റോസിയെ സമൂഹത്തിനു മുൻപിൽ തുറന്നുകാട്ടാൻ ഐന്ദ്രിലയും റൂബിയും ശ്രമിക്കുന്നില്ല, പകരം അവർക്ക് വേണ്ട ശിക്ഷ നൽകുകയും റീനിയെ അവരുടെ പിടിയിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്യുന്നതോടെ നോവലിന് പരിണാമമാവുന്നു. റോസി എന്ന വ്യക്തിയിൽ ഉള്ളടങ്ങികിടക്കുന്ന കുറ്റവാസന കുറ്റകൃത്യത്തിന് പ്രേരണയാകുകയും മാനസികവും ഭാവനാത്മകവുമായ ഒരു അവസ്ഥയിലൂടെ അവർ കടന്നു പോകുന്നതും വായനക്കാർ തിരിച്ചറിയുന്നുണ്ട്. .

### കൊലനടത്തുന്ന പെണ്ണുങ്ങൾ

കുറ്റാന്വേഷകപരിവേഷം പുരുഷനുമാത്രം അവകാശപ്പെട്ട ഒന്നായിരുന്നതു പോലെ തന്നെയാണ് കുറ്റവാളികളുടെ പാത്രസൃഷ്ടിയിലും അവലംബിച്ചി രുന്നത്. കൊലചെയ്യാൻ യോഗ്യതയും ധൈര്യവും എക്കാലത്തും ഉള്ളത് പുരുഷന് തന്നെയാണ് എന്ന് സമൂഹത്തിൽ നിലനിന്ന മിഥ്യാധാരണയാണ് കുറ്റാന്വേഷണസാഹിത്യവും ആവിഷ്കരിച്ചിട്ടുള്ളത്. ആ അർത്ഥത്തിൽ കുറ്റവാളി - കുറ്റാന്വേഷക പുരുഷ ബിംബങ്ങളുടെ വീരഗാഥകളായി കൊട്ടിഘോഷിക്കപ്പെ ട്ടവയാണ് മലയാള കുറ്റാന്വേഷണസാഹിത്യം. പുരുഷനാണ് പ്രതികാരത്തിന് നിയോഗിക്കപ്പെട്ടവൻ എന്ന കാഴ്ചപ്പാട് ബലപ്പെടുത്തിയിരുന്നു ഇവ. സ്ത്രീക്ക് പ്രതികാരം എന്ന ഒന്നില്ലെന്നും ഉണ്ടെങ്കിൽ തന്നെ അത് ഏറ്റവും ഒടുവിൽ 'ക്ഷമിച്ചുകളഞ്ഞ്' പരിഹരിക്കാവുന്ന കേവലമായ ഒരു കാര്യം മാത്രമായാണ് കണക്കാക്കപ്പെട്ടിരുന്നത്. ഇതിൽനിന്ന് വ്യത്യസ്തമായി സംതൃപ്തമാകാത്ത, വ്യവസ്ഥയെത്തന്നെ വെല്ലുവിളിക്കുന്ന, അനുസരിക്കാത്ത, തെറിച്ച പെണ്ണു ങ്ങളുടെ പ്രതികാരമാണ് യക്ഷി സങ്കല്പത്തിന്റെ കാതൽ. സ്ത്രീക്ക് പ്രതികാരം ചെയ്യേണ്ടതുണ്ടെങ്കിൽ അത് ജീവിച്ചിരിക്കുമ്പോൾ ചെയ്യുണ്ടതല്ലെന്നും മറിച്ച് മരണശേഷം ചെയ്യാനുള്ള അവസരം ഒരുക്കിക്കൊടുക്കലുമാണ് ഈ യക്ഷി സങ്കല്പത്തിന്റെ പിറകിലെ പ്രത്യയശാസ്ത്രം. ഇത്തരം പരമ്പരാഗത ആൺവില യിരുത്തലുകളെ കൂസലില്ലാതെ മറികടക്കുന്ന കൃതികളാണ് മേൽ വിശകലനം ചെയ്തവ. രണ്ട് കൃതിയിലും പ്രതിസ്ഥാനത്ത് വ്യക്തികൾക്ക് പകരം ആണത്ത വ്യവസ്ഥിതി മേൽക്കൈ നേടുന്ന സമൂഹമാണ് എന്നത് വ്യക്തമാണ്. വിദ്യാ സമ്പന്നരും സമൂഹത്തിലെ സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർ ത്തിക്കുന്നവരുമായ ഒരുകൂട്ടം പുരുഷന്മാർ സഹോദരിയെ അതിക്രൂരമായി ബലാത്കാരംചെയ്ത് അവളെ മരണത്തിലേക്ക് തള്ളിയിട്ട് തന്റെ കുടുംബത്തെ ഇല്ലായ്മ ചെയ്തതിനെതിരേയാണ് ആമില പ്രതികാരം ചെയ്യുന്നത്. 'റേപ് ' എന്നത് സ്ത്രീകു മേൽ പുരുഷന്റെ അവകാശവും അധികാരസ്ഥാപനവുമായി

കണക്കാക്കുന്ന ഒരു ആണത്ത ലൈംഗിക ബോധമാണ് ഇവിടെ നിലനിൽക്കു ന്നത്. അതുകൊണ്ടുതന്നെ സ്ത്രീകൾക്ക് കൊലയാളികളായി മാറേണ്ടിവരുന്നു. നിലനിൽക്കുന്ന ആണത്ത വ്യവസ്ഥയോടുള്ള പ്രതികാരമാണ് ഈ കൃതികൾ ആവിഷ്കരിക്കുന്നത്. 'പെണ്ണുങ്ങൾ കുറ്റാന്വേഷണ കഥയൊക്കെ എഴുതുന്നത് അപൂർവ്വം' എന്ന് ഡാർക്ക് ഫാന്റസിയിലെ ഒരു കഥാപാത്രം ഒരു സന്ദർഭ ത്തിൽ പറയുന്നുണ്ട് (ജിസ ജോസ്: 86). എന്നാൽ ഉത്തരാധുനികകാലത്ത്, അപസർപ്പകരചനകളുടെ രണ്ടാംതരംഗത്തിൽ ശക്തമായ സാന്നിധ്യമായി സ്ത്രീകൾ മലയാളത്തിൽ രംഗപ്രവേശം ചെയ്യുന്നുണ്ടെന്ന് മേൽ അപഗ്രഥിച്ച രണ്ട് നോവലുകളും തെളിയിക്കുന്നുണ്ട്. കുറ്റവാളിയായും അന്വേഷകവേഷത്തി ലും സഹായിയായും ഒക്കെ സ്ത്രീകൾ കർതൃസ്ഥാനത്ത് വരുന്നതോടൊപ്പം അതിഭാവുകത്വം ഒട്ടും ഇല്ലാതെ ആഖ്യാനം നിർവഹിക്കുകയും ചെയ്തിരിക്കുന്നു. രണ്ടു നോവലിലെയും സ്ത്രീ കുറ്റവാളികളോട് അന്വേഷകരുടെ സമീപനം തീർത്തും ജനാധിപത്യപരമാണ് എന്നത് ശ്രദ്ധേയമാണ്. പോയടി കില്ലറിൽ തന്റെ സഹോദരനെ ഈ കേസിലേക്ക് വലിച്ചിഴക്കേണ്ടതില്ലെന്ന ആമില ദാസിന്റെ അഭ്യർത്ഥന പക്വതയോടെയാണ് ഡെറിക് കേൾക്കുന്നത്. ഡാർക് ഫാന്റസിയിൽ കുറ്റവാളിയെ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കാൻ കുറ്റാന്വേഷക മുതിരുന്നില്ല എന്നതും ഉദാഹരണമാണ്. ഇപ്രകാരം എഴുത്ത് സ്വീകരിക്കുന്ന തനിമയും നിലവിലുള്ള ചേരുവയിൽ നിന്നുള്ള വഴിതെറ്റലും വേറിട്ട ആഖ്യാനരീതിയും എടുത്തുപറയേണ്ടതാണ്. കുറ്റകൃത്യവും അതിനെ തുടർന്നുണ്ടാവുന്ന അന്വേഷണവും പരിണാമവും ഉള്ള ഒരു സാമ്പ്രദായികഘ ടനയെ തിരസ്കരിക്കാൻ ഇവർ ശ്രമിച്ചിട്ടുണ്ട്.

പേരു സൂചിപ്പിക്കുന്ന പോലെ പോയടി കില്ലറിന്റെ ഉള്ളടക്കം അത്ര കാല്പനികമല്ല. ആ പേരിൽ തന്നെ ഒരു കൗതുകവും ആകാംക്ഷയും എഴുത്തു കാരി ഒളിപ്പിച്ചുവെച്ചിട്ടുണ്ട്. സമൂഹത്തിൽ നടക്കുന്ന യഥാർത്ഥ കുറ്റകൃത്യത്തിൽ പൊലീസും നിയമനിർമ്മാണസംഘങ്ങളും എങ്ങനെയാണോ ഇടപെടുന്നത് അത് അടുക്കും ചിട്ടയോടെയും ഒട്ടും അതിശയോക്തി കലർത്താതെയും നോവൽ അവതരിപ്പിക്കുന്നുണ്ട് . കുറ്റകൃത്യവുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണങ്ങൾ , പ്രസ് മീറ്റ്, സാക്ഷിമൊഴികൾ, അന്വേഷണ ഉദ്യോഗസ്ഥ രുടെ വെളിപ്പെടുത്തലുകൾ, പൊലീസ് സർജന്റെ റിപ്പോർട്ട് എന്നിവ സത്യസ ന്ധമായരീതിയിൽ അവതരിപ്പിക്കുന്നതോടെ നോവലിന് യാഥാർത്ഥ്യപ്രതീതി നൽകുകയും വായനക്കാർ നേരിട്ട് പങ്കാളികളാവുന്ന അവസരം സംജാതമാ കുകയും ചെയ്യുന്നു. നോവലിന്റെ അവസാനം നൽകുന്ന ഉപസംഗ്രഹം ഇത്

വ്യക്തമാക്കുന്നു. കുറ്റവാളിയെ കണ്ടെത്തിയതിനു ശേഷം പത്രങ്ങളിലൂടെയും മറ്റും ലഭിക്കുന്ന വിവരങ്ങൾ ഈ യാഥാർത്ഥ്യ പ്രതീതിയെ വിശ്വസനീയമാക്കാൻ സഹായിക്കുന്നു. ഡെറിക് ജോൺ എന്ന കുറ്റാന്വേഷകൻ നായകപദവിയിൽ പ്രതിഷ്ഠിക്കപ്പെടുന്നുണ്ടെങ്കിലും ആമില ദാസ് എന്ന കുറ്റവാളി, മീര, സൂസന്ന തുടങ്ങിയ സ്ത്രീകൾ അന്വേഷണത്തിന്റെ നിറസാന്നിധ്യമാകുന്നത് കാണാം. പോയട്രി കില്ലർ ഒരു സ്ത്രീയാണെന്നത് കൃതിയുടെ ഏറ്റവും വലിയ സസ്പെൻസ് ആണ്. അങ്ങനെ ഒരു സൂചന കൃതിയുടെ ആദ്യഭാഗങ്ങളിൽ നൽകുന്നില്ല എന്നതാണ് എഴുത്തിന്റെ സവിശേഷത. പരസ്പരബന്ധിതമായ ഘടകങ്ങൾ ചേർന്ന് സവിശേഷമായ ഘടന നിർമ്മിച്ചെടുക്കുകയാണ് കുറ്റാന്വേഷണസാഹിത്യത്തിൽ ചെയ്യുന്നത് (രാജശ്രീ: 26). സൂചിതങ്ങളുടെ വിദഗ്ധമായ വിന്യാസമാണ് കുറ്റാന്വേഷണസാഹിത്യത്തെ നിലവാരമുള്ളതാക്കി പരിവർത്തിപ്പിക്കുന്നത്. വായനക്കാർക്ക് നേരിയ സംശയംപോലും ഉണ്ടാക്കാതെ അതിസൂക്ഷ്മമായി, കഥയുടെ മർമ്മമായി ഈ സൂചനകൾ വർത്തിക്കുന്നു. കൃതിയിൽ കവിതാശകലങ്ങൾ ആണ് സൂചകമായി വർത്തിക്കുന്നത്. ഓരോ കൊലനടക്കുന്നതിന് മുമ്പും ലഭിക്കുന്ന കവിതാവരികളെക്കുറിച്ച് അരവിന്ദ് പറയുന്നത് ഇങ്ങനെയാണ് "സർ ആ കവിതകൾ എല്ലാം തന്നെയും വല്ലാത്തൊരു നെഗറ്റിവ് വൈബ് ആണ്. വല്ലാത്ത ഭീതിയുണർത്തുന്ന കവിതകൾ" (ശ്രീ പാർവതി: 85). വളരെ കയ്യടക്കത്തോടെ എഴുത്തുകാരി ഈ സൂചിതത്തെ ഉപയോഗിച്ചിരിക്കുന്നു. കവിതാശകലങ്ങളിൽ ഒളിച്ചിരിക്കുന്ന തെളിവ് മൂന്ന് കൊലകൾക്ക് ശേഷമാണ് ഡിറ്റക്ടീവ് നിരീക്ഷിക്കുന്നത് എന്നത് പ്രമേയത്തെ കൂടുതൽ ദൃഢമാകുന്നു. സീരിയൽ കില്ലിംഗിന്റെ പാറ്റേൺ കൂടുതൽ വിശ്വാസയോഗ്യമാക്കാൻ ഈ ക്രമീകരണം സഹായിക്കുന്നതായി കാണാം.

മറ്റാരുടെയും സഹായമില്ലാതെ ഒറ്റക്ക് ഒരു സ്ത്രീ സ്വതന്ത്രമായി കുറ്റകൃത്യം നിർവഹിക്കുന്നു എന്നതാണ് ഈ കൃതിയുടെ പ്രധാന സവിശേഷത. സ്വന്തം സഹോദരിയുടെ ജീവൻ ഇല്ലാതാക്കിയ, തന്റെ കുടുംബത്തെ തന്നെ തകർത്ത കുറ്റവാളികളോടുള്ള ഒടുങ്ങാത്ത പകയിൽ നിന്നുണ്ടായ പ്രതികാരമാണ് ആമിലയെ കുറ്റകൃത്യങ്ങൾ ചെയ്യാൻ പ്രേരിപ്പിച്ചത്. 'ആരാണ് പോയട്രി കില്ലർ' എന്ന ഡെറികിന്റെ ചോദ്യത്തിന് ഞാനൊരു പെണ്ണായതു കൊണ്ടല്ലേ സാറെന്നോട് ഈ ചോദ്യം ചോദിച്ചതെന്നും ഞാനൊറ്റക്കാണ് എല്ലാം... പെണ്ണിന് ബലം മനസ്സാണ് എന്നും ആമില പറയുന്നുണ്ട്. (ശ്രീപാർവതി: 118) അന്വേഷകന്റെയുള്ളിൽ മാത്രമല്ല വായനക്കാരുടെ ഉള്ളിലും കുറ്റകൃത്യത്തെ സംബന്ധിച്ച് ഉണ്ടാവുന്ന ഇത്തരം ആണധികാര ചോദ്യത്തിനുള്ള

ഉത്തരമാണ് ഈ മറുപടി. സീരിയൽ കില്ലിങ്ങിന്റെ പിറകിലെ ആസൂത്രകയും കുറ്റവാളിയും ഈ പെൺകുട്ടിയാണോ എന്ന വായനക്കാരുടെ സംശയം അകറ്റുന്നത് അവളുടെ തന്നെ കുറ്റസമ്മതത്തിലാണ്. കുറ്റാന്വേഷണ വിദഗ്ധനായ ഡെറിക്കിന് ഒരു സൂചനപോലും നൽകാതെ അനായാസേനയാണ് അവൾ ആ നാല് കൊലപാതകങ്ങളും നടത്തുന്നത്. "ഇതൊരു പെണ്ണിന്റെ പ്രതികാരമാണ്.അതുകൊണ്ട് പോയട്ടി കില്ലറായി ആമില ദാസിന്റെ പേര് മാത്രം മതിയെന്ന്" ധൈര്യത്തോടെ ആ കുറ്റവാളി പറയുന്നുണ്ട് (ശ്രീപാർവതി: 121). ഡെറിക്കിന്റെ കാമുകിയായ മായ, അയാളോടൊപ്പം കുറ്റാന്വേഷണത്തിൽ പങ്കുകൊള്ളുന്ന സന്ദർഭങ്ങളുണ്ട്. കുറ്റകൃത്യത്തിന്റെ പ്രധാന സൂചിതമായ കവിതാവരികൾ ആരുടെതെന്ന് കണ്ടുപിടിച്ചുനൽകുന്നതും ജെയിംസ് ഡാനിയലുമായി അവൾ നടത്തിയ ഇൻററർവ്യൂവും ഒക്കെ അന്വേഷണത്തിന്റെ വഴികളിൽ അയാളെ സഹായിക്കുന്നുണ്ട്.ഒരു സാധാരണ കാമുകിയെന്ന പരിവേഷത്തിനുമപ്പുറം സ്വതന്ത്ര്യയും ചിന്തിക്കുന്നവളും തന്റേടിയുമായ സ്ത്രീയായാണ് മായ നിലനിൽക്കുന്നത്. അവൾ സംഘർഷത്തിലാവുന്ന നിമിഷങ്ങൾ നോവലിൽ കാണുന്നില്ല. പക്ഷേ അതിസമർത്ഥയായ കുറ്റവാളിയുടെ അദൃശ്യസാന്നിധ്യം നോവലിലുടനീളം അനുഭവപ്പെടുന്നുണ്ട്. കുറ്റവാളിയായ ആമില തന്നെ അവസാനം കുറ്റകൃത്യത്തെക്കുറിച്ച് വെളിപ്പെടുത്തുന്നു.വിദഗ്ധയായ ഒരു സ്ത്രീ കുറ്റവാളിയെയും അവളുടെ ഒടുങ്ങാത്ത പ്രതികാരത്തെയും സങ്കീർണമായ ആഖ്യാനരീതിയിലൂടെ നോവൽ അവതരിപ്പിച്ചിരിക്കുന്നു. ഈ രണ്ടു കൃതികളിലും മെയ്ക്കരുത്തു കൊണ്ടോ അംഗബലംകൊണ്ടോ ശക്തരായ എതിരാളികളല്ല കടന്നുവരുന്നത് എന്നത് ശ്രദ്ധേയമാണ്. അതുപോലെ തന്നെ അന്വേഷണത്തിൽ സംഭവിക്കുന്ന പാളിച്ചകളെ അതേ അർത്ഥത്തിൽ ഉൾക്കൊള്ളാനും മറികടക്കാനും കഴിയുന്ന ഉയർന്ന മാനസിക പക്വതനേടിയ കുറ്റാന്വേഷകരെയും ഈ കൃതികളിൽ കാണാം. സൂപ്പർ ഹീറോകളായ കുറ്റാന്വേഷകരെ പ്രതീക്ഷിക്കുന്ന വായനക്കാർക്ക് വളരെ സ്വാഭാവികമായ ഒരു മറുപടി പോലീസ് മേധാവി നോവലിന്റെ അവസാനം നൽകുന്നുണ്ട്. "മുന്നിൽ തെളിവുകൾ ഉണ്ടായാൽ മാത്രമെ ഞങ്ങൾക്ക് സഞ്ചരിക്കാനാകൂ.. സൂപ്പർ ഹീറോകളായ നായകന്മാരെ കണ്ട് അവരെപ്പോലെ നിമിഷനേരംകൊണ്ട് കേസ് തെളിയിക്കുന്നവരാണ് പൊലീസ് എന്നാണ് നാട്ടുകാർ കരുതുന്നത്. എന്നാൽ അതല്ല സത്യം. അത് അംഗീകരിക്കുക" (ശ്രീപാർവതി: 122). കുറ്റാന്വേഷണ കൃതികൾ പിന്തുടർന്ന് വരുന്ന അതിഭാവുകത്വ നായക മാതൃകകളെ തിരസ്കരിക്കേണ്ടതിന്റെ ആവശ്യകതകൂടി നോവൽ പങ്കുവയ്ക്കുന്നതായി ഇതിൽ

നിന്ന് വ്യക്തമാകുന്നു. അതീന്ദ്രിയശക്തികളുള്ള , അതിഭാവുകത്വം നിറഞ്ഞ നായകരെ അവതരിപ്പിക്കുന്നതിനു പകരം യഥാർത്ഥ കുറ്റാന്വേഷകന്റെ കഴിവും ഒപ്പം തന്നെ മാനവികമായ നിസ്സഹായാവസ്ഥയും വെളിപ്പെടുത്തുന്നതിലൂടെ മറ്റൊരു കുറ്റാന്വേഷണമാതൃക കൂടി ഈ കൃതി മുന്നോട്ടു വയ്ക്കുന്നുണ്ട്.

ശാസ്ത്രീയവും യുക്തിസഹവുമായ തെളിവുകളുടെ അടുക്കി വയ്ക്കലാണ് സൈക്കോ ത്രില്ലറായ ഡാർക്ക് ഫാന്റസിയുടെ രചനാതന്ത്രം. ചങ്ങലകളായി നിബന്ധിച്ചിരിക്കുന്ന തെളിവുകളുടെ വിന്യസനം വായനക്കാരെ ആകാംക്ഷയിൽ നിർത്തുന്നുണ്ട്. രണ്ടു സ്ത്രീകൾ നടത്തുന്ന 'ഇൻവെസ്റ്റിഗേറ്റീവ് പിക്നിക്കായി' ഇതിനെ കഥാപാത്രങ്ങൾ തന്നെ വിലയിരുത്തുന്നു. ഒരു കൂട്ടം സ്ത്രീകൾ അപസർപ്പണത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യക്ഷപ്പെടുന്നതു തന്നെ മലയാളത്തെ സംബന്ധിച്ച് പുതുമയാണ്. ഈ സാഹിത്യമേഖലയിൽ വിരാജിച്ച നിൽക്കുന്ന നായകത്വബിംബങ്ങളെ നായികാത്വം കൊണ്ട് ഇവർ അട്ടിമറിക്കുന്നു. നായകന്റെ നെടുംതൂണായി മാറുന്ന കുറ്റാന്വേഷണ സഹായിയെയും പാടെ ഒഴിവാക്കിയാണ് കഥയുടെ ആസൂത്രണം നടത്തിയിരിക്കുന്നത്. ഐന്ദ്രില, റോസിയുടെ ഭൂതകാലത്തിലേക്ക് ഉള്ള സഞ്ചാരം നടത്തുന്നത് അവളുടെ മാത്രം ബുദ്ധിയിൽ ഉരുത്തിരിയുന്ന അന്വേഷണതന്ത്രമാണ്.

കുറ്റവാളിയായ റോസി എന്ന സ്ത്രീക്ക് കഥയിൽ നല്കിയിരിക്കുന്ന നിഗൂഢപരിവേഷം കാരണം സൈക്കോ ത്രില്ലറിന്റെ പ്രധാന അംശങ്ങളൊന്നും ആഖ്യാനത്തിൽ നേരിട്ട് പ്രത്യക്ഷപ്പെടുന്നില്ല എന്നത് ശ്രദ്ധേയമാണ്. മറിച്ച് നോവലിന്റെ ഒടുവിൽ റോസിയുടെ തുറന്നുപറച്ചിലിലാണ് വായനക്കാർക്ക് അത് ബോധ്യപ്പെടുന്നത്. "കൈകൾ തരിച്ചു. എന്റെയുള്ളിലെ ഹിംസ്രജന്തുവിനെ ഞാൻ മെരുക്കിയിട്ട് കാലങ്ങളെത്രയായി" (ജിസ ജോസ്, 160). താൻ കടന്നുപോയ സൈക്കോപാത്തിക് അവസ്ഥയുടെ വെളിപ്പെടുത്തലാണ് കഥാപാത്രം ഈ സംഭാഷണത്തിലൂടെ വെളിപ്പെടുത്തുന്നത്. കൂട്ടക്കൊലപാതകത്തിന്റെ കാരണം അന്വേഷിക്കുന്ന വായനക്കാർ എത്തിച്ചേരുന്നത് റോസി എന്ന കഥാപാത്രത്തിന്റെ കുറ്റകൃത്യത്തോടുള്ള പ്രവചനാതീതമായ അഭിനിവേശത്തിലേക്കാണ്. റോസി സ്വയം വെളിപ്പെടുന്നത് ഇരുപത്തഞ്ചാം അധ്യായത്തിലാണ്. പക്ഷേ ഇവർ, കുറ്റകൃത്യം നടത്താനുള്ള കാരണങ്ങൾ നേരത്തെ തന്നെ വായനക്കാരിലെത്തുന്നുണ്ട്. പൂഞ്ചോലക്കൽ വീട്ടിലെ എല്ലാ അംഗങ്ങളെയും വധിക്കുകയും തന്നെ എതിർക്കാൻ ശ്രമിച്ച രണ്ടാം ഭർത്താവിനെയും മകൾ റെബേക്കയെയും പതിയെ കെമിക്കൽ നൽകി ഇല്ലാതാക്കുകയും ചെയ്തത് ഇത്തരം ഒരു മാനസികാവസ്ഥയിലാണെന്ന് അവൾ

ഓർക്കുന്നുണ്ട്. പോലീസ് അന്വേഷണത്തോട്ട കിടപിടിക്കുന്ന തരത്തിലാണ് ഐന്ദ്രില കുറ്റകൃത്യത്തിന്റെ ചുരുളഴിക്കൽ നടത്തുന്നത്. പിതൃത്വാധികാര വ്യവസ്ഥയോടുള്ള ഒടുങ്ങാത്ത കലിപ്പാണ് റോസിയെ കുറ്റകൃത്യത്തിലേക്ക് നയിച്ചതെന്ന് ഐന്ദ്രില കണ്ടെത്തുന്നു. 'ഇഷ്ടമില്ലാത്ത വിവാഹം, ഡൊമസ്റ്റിക് വയലൻസ്, രക്ഷപ്പെടണമെന്ന തീവ്രമായ അഭിനിവേശം ഇതെല്ലാം ചേർന്ന് അവരെ മെൻറലി അൺസ്റ്റേബിൾ ആക്കിയിട്ടുണ്ടാവും ,സൈക്കോപാത്തിക് എന്ന അവസ്ഥ ' എന്നാണ് അവൾ കൊലപാതക കാരണമായി വിശദമാക്കുന്നത്. സ്ത്രീകൾമാത്രം പ്രധാനകഥാപാത്രങ്ങളായി വരുന്ന ഈ നോവലിന്റെ തലക്കെട്ടുകൾ ആ സ്ത്രീകളുടെ തന്നെ പേരുകളാവുന്നതും എഴുത്തിന്റെ വേറിട്ട രാഷ്ട്രീയമാണ്. റൂബി, ഐന്ദ്രില എന്നിവർ അവരുടെ അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോഴാണ് കഥ വികസിക്കുന്നത്. സ്ത്രീകളുടെ വീക്ഷണത്തിലൂടെ കുറ്റത്തെയും കുറ്റവാളിയുടെ മനശ്ശാസ്ത്രത്തെയും കുറിച്ച് ഒരു ബദൽചിന്ത സാധ്യമാണ് എന്ന് സ്ഥാപിക്കാനാണ് നോവലിസ്റ്റ് ഇതിലൂടെ ശ്രമിക്കുന്നത്. അതുകൊണ്ട തന്നെ സാമ്പ്രദായികമായ ആഖ്യാനരീതിയിൽ നിന്നുള്ള ഇത്തരം വിടുതൽ ശ്രമങ്ങൾ കൃതികളുടെ വായനയെയും കുറച്ചധികം നവീകരിക്കുന്നുണ്ട് എന്ന് പറയാം.

ഉപസംഹാരം

അപസർപ്പകസാഹിത്യം പിൻപറ്റിപ്പോന്ന ആൺകോയ്മ ചരിത്രത്തെ തീർത്തും അവഗണിക്കുന്ന വർത്തമാനകാല പരിസരമാണ് പുതിയ കുറ്റാന്വേഷണകൃതികളിൽ ആവിഷ്കൃതമാകുന്നത്. ലിംഗരാഷ്ട്രീയത്തിന്റെ പുതുക്കിയ മാനദണ്ഡങ്ങളാണ് ഇത്തരമൊരു മാറ്റിയെഴുത്തിന്റെ അടിസ്ഥാനം. പുരുഷന്മാർക്ക് മാത്രം അവകാശപ്പെട്ടിരുന്ന കുറ്റാന്വേഷക-കുറ്റവാളി റോളുകളിൽ സ്ത്രീകളും കറുത്തവരും ലൈംഗികന്യൂനപക്ഷങ്ങളും പ്രത്യക്ഷപ്പെട്ടു തുടങ്ങി. സ്ത്രീയെ സംബന്ധിച്ച് കുറ്റമെന്നത് വ്യക്തിപരമല്ലെന്നും അത് സാമൂഹികമാണെന്നും പുതിയകൃതികൾ സാക്ഷ്യപ്പെടുത്തുന്നു. നിലനിൽക്കുന്ന സാമൂഹിക വ്യവസ്ഥയിൽ കുറ്റകൃത്യത്തിന് നൽകിപ്പോന്നതിൽ നിന്ന് ഭിന്നമായ മറ്റൊരു രാഷ്ട്രീയവശമാണ് ഈ കൃതികളിൽ പ്രത്യക്ഷപ്പെടുന്നത്. അത് ആൺകോയ്മാ നിലപാടുകളെ അപ്രസക്തമാക്കിക്കൊണ്ട് പുതിയ ലിംഗബോധത്തിന്റെ ആവശ്യകത വെളിപ്പെടുത്തുന്നു. പുരുഷാധിപത്യത്തെ പ്രതീകാത്മകമായി ഇല്ലായ്മ ചെയ്യലാണ് ഇവിടെ സംഭവിച്ചതെന്ന് മേൽവിവരിച്ച അപഗ്രഥനത്തിൽനിന്നും വ്യക്തമാവും. അപസർപ്പകസാഹിത്യത്തിന്റെ മാറിവരുന്ന എഴുത്തിടങ്ങൾ അതിവിദഗ്ധമായി സ്ത്രീകൾ കയ്യേറിത്തുടങ്ങുന്ന ഭാവുകത്വപരമായ

കാഴ്ച സമീപകാലത്തുണ്ട്. കുറ്റകൃത്യം മൂലമുണ്ടാകുന്ന പ്രതിസന്ധികൾ, അവയുടെ നിർദ്ധാരണം, കുറ്റവാളിയെ കണ്ടെത്തൽ എന്നീ പ്രക്രിയകൾ ആഖ്യാനത്തിൽ അവതരിപ്പിച്ചിരിക്കുന്നത് ഇതിന് ഉദാഹരണമാണ്. ഏറ്റവും പ്രധാനമായ മറ്റൊരു സവിശേഷത കുറ്റാന്വേഷകരെ അവതരിപ്പിക്കുന്നതിൽ കാണിച്ചിരിക്കുന്ന സംയമനമാണ്. അതീന്ദ്രിയമായ കഴിവുകൾ അനാവശ്യ മായി ആരോപിച്ച് അവരിൽ ഭാരിച്ച ഉത്തരവാദിത്തം ഏല്പിക്കുന്നില്ല. അതിനാൽ സ്വതന്ത്രമായി അന്വേഷണത്തിൽ ഇടപെടാൻ അവർക്ക് സാധിക്കുന്നു. സൂചകങ്ങളിൽ നിന്നും ലഭിക്കുന്ന പിടിവള്ളികൾ സസൂക്ഷ്മം നിരീക്ഷിച്ചാണ് അവർ നിഗമനങ്ങളിലേക്കെത്തുന്നത്. നിലവിലുള്ള ലിംഗ പദവിബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റം, കുറ്റാന്വേഷണം, കുറ്റവാളി എന്നീ വ്യവസ്ഥകളുടെ പുതിയ ഭാഷ്യമായി ഈ കൃതികൾ മാറുന്നുണ്ട്. ഇത്തരം ഘടനാപരമായ സവിശേഷതകൾ പുതിയകാല അപസർപ്പക നോവൽ പുലർത്തുന്നുണ്ടെന്നും ആഴത്തിലുള്ള വായനക്കുള്ള സാധ്യതകൾ ഇവ സൃഷ്ടി ക്കുന്നുണ്ടെന്നുമുള്ള തിരിച്ചറിവ് മുഖ്യധാര സാഹിത്യമേഖലയിൽ ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

## അടിക്കുറിപ്പ്

1. സ്ത്രീയുടെ ക്രൂരതകൾ വരമ്പോൾ സമൂഹം സ്ത്രീത്വത്തിലൂന്നി ചർച്ചകൾ നടത്തുന്നത് കൂടത്തായി കൊലപാതത്തിൽ കണ്ടതാണ്. അതുപോലെ കാമുകനൊപ്പം ജീവിക്കാൻ മക്കളെ കൊന്ന വിഷയത്തിലും അമ്മമാരെ സോഷ്യൽമീഡിയയിലൂടെ ആളുകൾ മാതൃ ത്വത്തിന്റെ മഹനീയിത നശിപ്പിച്ചുവെന്നു പറഞ്ഞ് വിമർശിച്ചത് സമീപകാലത്ത് കണ്ടു. ഈ ചർച്ചകൾ ഓൺലൈനിൽ നടന്നതിന്റെ ഉദാഹരണം ഇവിടെ കാണാം. https://www.manoramaonline.com/women/women-news/2022/03/12/sipsy-angamaly-s-criminal-lady.html. ശോഭാജോണിനെക്കുറിച്ചുള്ള വാർത്ത ഈ ലിങ്കിലുണ്ട് https://www.pravasishabdam.com/sobha-john-the-first-woman-arrested-under-goonda-act-in-kerala-profile/

## ഗ്രന്ഥസൂചി

29. ജിസ ജോസ്. 2020 ഡാർക്ക് ഫാൻറസി, ലോഗോസ് ബുക്സ്, പാലക്കാട്.
30. മിനി ആലീസ് & ഷിമി പോൾ ബേബി 2022 ഉത്തരസ്ത്രീവാദ സിദ്ധാന്തങ്ങൾ, ഡി .സി. ബുക്സ്, കോട്ടയം.
31. രാജശ്രീ, ആർ., 2018 അപസർപ്പകാഖ്യാനങ്ങൾ: ഭാവനയും രാഷ്ട്രീയവും, ലോഗോസ് ബുക്സ്, പാലക്കാട്.
32. രാജേഷ്.എം.ആർ. (എഡി.), 2018 ലിംഗ പദവിപഠനങ്ങൾ, മെയ് ഫ്ലവർ പബ്ലിക്കേ ഷൻസ്, കണ്ണൂർ.

33. രേഷ്മ ഭരദ്വാജ്, 2004 മിഥ്യകൾക്കപ്പുറം—സ്വവർഗ്ഗ ലൈംഗികത കേരളത്തിൽ, ഡി. സി. ബുക്സ്, കോട്ടയം.

34. ശ്രീപാർവ്വതി, 2020 പോയട്രി കില്ലർ, ഡി.സി. ബുക്സ്, കോട്ടയം.

35. ഹമീദ്, 2015, അപസർപ്പക കഥകൾ ചരിത്രവഴികളിലൂടെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

36. ഹമീദ്, അപസർപ്പക നോവലുകൾ മലയാളത്തിൽ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

37. Chakravarti,Uma, 2006, Gendering Caste, Stree Calcutta.

38. Geetha, V., 2002, Gender, Stree, Calcatta.

39. Holmes, Mary, 2007, What is Gender, Sage Publication.

40. Kimmel, Michael S., 2008 The Gendered Society, Oxford.

*sripriak@gmail.com*

# അപസർപ്പണത്തിലെ പെൺനോട്ടങ്ങൾ:

## ജിസ ജോസിന്റെ ഡാർക്ക് ഫാന്റസി മുൻനിർത്തി ഒരുവായന

ധ്യാന വി.
ഗവേഷക, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല, തിരൂർ

### പ്രബന്ധസംഗ്രഹം

മലയാളജനപ്രിയസാഹിത്യത്തിൽ ആധുനികതക്ക് മുൻപും പിൻപും ജനപ്രീതി നിലനിർത്തിയ സാഹിത്യഗണമാണ് അപസർപ്പകസാഹിത്യം. അപസർപ്പകസാഹിത്യം സവിശേഷമായും, സമൂഹം പൊതുവിലും നിലനിർത്തിപ്പോരുന്ന പുരുഷമേൽക്കോയ്മയ്ക്കെതിരെ, നോവൽ എന്ന ആഖ്യാനരൂപം സ്വീകരിക്കുന്ന പ്രതിരോധമാർഗങ്ങൾ കണ്ടെത്തി വിലയിരുത്താനാണിവിടെ ശ്രമിക്കുന്നത്. ഘടനയിലും പ്രമേയത്തിലും നിലനില്ക്കുന്ന, പുരുഷമേൽക്കോയ്മയെ കണ്ടെടുക്കാനും അത് റദ്ദുചെയ്തുകൊണ്ട് ലിംഗപദവീപരമായ രാഷ്ട്രീയമുന്നേറ്റം നടത്താനുമുള്ള ശ്രമമാണ് ജിസ ജോസിന്റെ ഡാർക്ക് ഫാന്റസിയെന്ന നോവലെന്ന് ഈ പഠനം സ്ഥാപിക്കുന്നു.

**താക്കോൽ വാക്കുകൾ:** അപസർപ്പകസാഹിത്യം, ആൺനോട്ടം (Male Gaze), പ്രഥമാഖ്യാനങ്ങൾ (Premiere Narrative), ആന്തരികാഖ്യാനം, ഇരവാദം, ലിംഗപദവി

### ആമുഖം

അറിവിനോടുള്ള മനുഷ്യന്റെ ആസക്തിയെയും, ജീവിവർഗമെന്നനിലയിൽ മനുഷ്യരിൽ നിലനിൽക്കുന്ന അടിസ്ഥാനവികാരമായ ഭയത്തെയും സമന്വിതഭാവത്തിൽ ഉൾക്കൊണ്ടുകൊണ്ടാണ് അപസർപ്പകസാഹിത്യം എന്ന സാഹിത്യജനുസ്സ് സ്വന്തം സാധ്യതകളെ കണ്ടെടുക്കുന്നത്. മലയാളസാഹിത്യത്തിൽ, ജനപ്രിയസാഹിത്യത്തിന്റെ ശാഖകളിലൊന്നായാണ്

അപസർപ്പകസാഹിത്യത്തെ പ്രതിഷ്ഠിച്ചിരിക്കുന്നത്. ഒന്നോ അതിലധികമോ കുറ്റങ്ങളുടെ ചുരുൾനിവർത്തുക എന്ന ദൗത്യമാണ് അപസർപ്പകനോവലുകളിൽ നിറവേറുന്നത്. എഡ്ഗർ അലൻ പോ, ആർതർ കോനൻ ഡോയൽ, നഥാനിയൽ ഹാത്തോൺ തുടങ്ങിയ എഴുത്തുകാരുടെ അപസർപ്പകരചനകളുടെ സ്വഭാവം ആഗിരണം ചെയ്തുകൊണ്ടാണ് മലയാളത്തിൽ അപസർപ്പകനോവലുകൾ രൂപപ്പെട്ടത്. എങ്കിലും, 'മലയാളത്തിൽ കുറ്റാന്വേഷണസാഹിത്യം മന്ത്രവാദകഥകളും അധോലോകകഥകളും സയൻസ് ഫിക്ഷനുമായി വേർതിരിയുകയാണു ചെയ്തു'തെന്ന് രാജശ്രീ ആർ. നിരീക്ഷിക്കുന്നു. (രാജശ്രീ, ആർ. 2018: 22). അപ്പൻ തമ്പുരാന്റെ 'ഭാസ്കരമേനോൻ' ആണ് മലയാളത്തിലെ ആദ്യ അപസർപ്പകനോവലായി സാഹിത്യചരിത്രങ്ങൾ വിലയിരുത്തുന്നത്. പിന്നീട് ഈ മേഖലയിൽ നീലകണ്ഠൻ പരമാര, കോട്ടയം പുഷ്പനാഥ്, ബാറ്റൺ ബോസ്, തോമസ് ടി. അമ്പാട്ട് തുടങ്ങിയവർ ശ്രദ്ധേയമായ സംഭാവനകൾ നൽകി. ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് വമ്പിച്ച പ്രചാരംകിട്ടിയ ഇരുപതാംനൂറ്റാണ്ടിന്റെ രണ്ടാംപകുതിയാണ് അപസർപ്പകസാഹിത്യത്തിന്റെ സുവർണകാലം. ഇടക്കാലത്തെ ശക്തിക്ഷയത്തിനുശേഷം അപസർപ്പകസാഹിത്യം ഇപ്പോൾ തിരിച്ചുവരവ് നടത്തുന്നുവെന്ന് വിലയിരുത്തപ്പെടുന്നു. ദൃശ്യമാധ്യമങ്ങളുടെ സ്വാധീനത്തിന്റെ ഫലമായി ജനങ്ങളിൽ രൂപപ്പെട്ട കാഴ്ചാസംസ്കാരം ഈ തിരിച്ചുവരവിനുപിന്നിലെ പ്രധാനകാരണമാണ്. സിനിമകൾ വിശേഷിച്ചും ഡിറ്റക്റ്റീവ്-ക്രൈം ത്രില്ലർ ഴാനറിലുള്ള സിനിമകൾ നൽകിയ ദൃശ്യാനുഭൂതി ജനങ്ങൾക്ക് അപസർപ്പകസാഹിത്യത്തോട് അഭിരുചി വളർത്താൻ പ്രേരകമായെന്നുവേണം മനസ്സിലാക്കാൻ. പുതുകാല അപസർപ്പകനോവലുകളിൽ പരാമൃഷ്ടമാവുന്ന സിനിമകൾ, നോവലുകളുടെ ദൃശ്യാത്മകത എന്നിവയിൽ നിന്ന് ദൃശ്യമാധ്യമങ്ങൾ രൂപപ്പെടുത്തിയ കാഴ്ചാസംസ്കാരത്തിന്റെ സ്വാധീനം വ്യക്തമാകുന്നു. അൻവർ അബ്ദുള്ള, ലാജോ ജോസ്, ശ്രീപാർവ്വതി, ശിവൻ എടമന, ജിസ ജോസ് എന്നിവർ അപസർപ്പകസാഹിത്യത്തിന്റെ തിരിച്ചുവരവിൽ വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരാണ്. അപസർപ്പകസാഹിത്യത്തിന്റെ പരിണാമചരിത്രത്തിൽ പരിചരിക്കപ്പെട്ട താല്പര്യങ്ങളെ കണ്ടെടുത്തുകൊണ്ട് പുതുകാലനോവൽ എന്നനിലയിലും സ്ത്രീകർതൃത്വത്തിന്റെ സാധ്യതയിലും ജിസ ജോസ് രചിച്ച ഡാർക്ക് ഫാന്റസി എന്ന കൃതി കൈക്കൊള്ളുന്ന പ്രതിരോധമാർഗങ്ങളെ വിലയിരുത്താൻ പഠനം ശ്രദ്ധിക്കുന്നു.

### ആൺകാമനയും അപസർപ്പണവും

മലയാളത്തിലെ അപസർപ്പകസാഹിത്യം ആൺനോട്ട (Male Gaze)

ങ്ങളുടെയും കാമനയുടെയും വ്യവഹാരമണ്ഡലമായാണു വർത്തിച്ചുകാണുന്നത്. "പാശ്ചാത്യസാഹിത്യപാരമ്പര്യത്തിൽ ശക്തമായ ആൺചങ്ങാത്തത്തിന്റെ മാതൃകയാണ് ഹോംസ്-വാട്സൺ ദ്വയം" എന്ന് പി. കെ. രാജശേഖരൻ നിരീക്ഷിക്കുന്നുണ്ട് (രാജശേഖരൻ, പി.കെ. 2020: 20). അൻവർ അബ്ദുള്ള യുടെ പോസ്റ്റ് മോഡേൺ ത്രില്ലറായ ഡ്രാക്കുളയുടെ അവതാരികയിൽ ഡോ. വി.സി. ഹാരിസും ആവർത്തിക്കുന്ന ഈ ആൺചങ്ങാത്തത്തെക്കുറിച്ച് (male bonding) ഉത്ക്കണ്ഠപ്പെടുന്നതുകാണാം (അൻവർ അബ്ദുള്ള, 2016: 11). മലയാളത്തിലെ അപസർപ്പകനോവലുകളിലും ആൺചങ്ങാത്തത്തിന്റെ മാതൃകകൾ കണ്ടെടുക്കാൻ കഴിയും. ആദ്യമേ സുഹൃത്തുക്കളായവരോ അന്വേ ഷണവേളയിൽ സുഹൃത്തായി മാറിയതോ ആയ പുരുഷന്മാർ മലയാളത്തിലെ കുറ്റാന്വേഷണനോവലുകളിൽ മിക്കപ്പോഴും കടന്നുവന്നു. ഈ ജനുസ്സിൽ വന്ന പ്രഥമാഖ്യാനങ്ങളുടെ (Premiere Narrative) നയങ്ങളെ സ്വാംശീകരിക്കാനുള്ള സ്വാഭാവികശ്രമത്തിന്റെ ഭാഗമായാണ് ഇന്നും അപസർപ്പകനോവലുകൾ അതിന്റെ ഈ ആൺകാമനയെ നിലനിർത്തുന്നത്. കോനൻ ഡോയൽ സൃഷ്ടിച്ച ഷെർലോക് ഹോംസിന്റെ മലയാള അപരനെന്ന നിലയിൽ, കോട്ടയം പുഷ്പനാഥിന്റെ ഡിറ്റക്ടീവ് പുഷ്പരാജിനെ ജനങ്ങൾ ഏറ്റെടുത്തു. അന്വേഷണോദ്യോഗസ്ഥന്റെ ഉത്തമമാതൃകയായി പുഷ്പരാജ് ജനങ്ങളുടെ ആസ്വാദനാഭിരുചിയെ നിർണയിച്ചു. നായകനായ കുറ്റാന്വേഷകൻ, വില്ലനായ കുറ്റവാളി, കഥാഗതിക്ക് ആവശ്യമോ അനാവശ്യമോ ആയി കടന്നുവരുന്ന സ്ത്രീകഥാപാത്രങ്ങൾ എന്നിവ ആദ്യകാല അപസർപ്പകസാഹിത്യത്തിലെ സ്ഥിരം ചേരുവകളായിരുന്നു. കുറ്റം എന്തുതന്നെയായാലും സ്ത്രീശരീരമോ ലൈംഗികതയോ ആനുഷംഗികപരാമർശമായെങ്കിലും ഇവയിൽ കടന്നുവന്നു. നോവലിന്റെ വിപണിയെ നിർണയിച്ച ജനപ്രിയ ചേരുവകൂടി ആയിരുന്നു, അവ. പരിണാമവഴിയിൽ സ്ത്രീപ്രാതിനിധ്യം കേവലം ജനപ്രിയചേരുവ എന്ന തിൽനിന്ന് കഥയെ നിർണയിക്കത്തക്കവിധത്തിലേക്കുയർന്നു.

കർതൃത്വപരമായി വിലയിരുത്തുമ്പോൾ, അപസർപ്പകനോവലുകളിൽ സ്ത്രീപ്രാതിനിധ്യം മറ്റെല്ലാ മേഖലകളിലെയുംപോലെ വളരെ കുറവാണെന്ന് കാണാം. തരവത്ത് അമ്മാളുഅമ്മ 1914-ൽ രചിച്ച 'കമലാഭായി അഥവാ ലക്ഷ്മീവിലാസത്തിലെ കൊലപാതകം' എന്ന കൃതിയാണ്, സ്ത്രീ എഴുതിയ ആദ്യ മലയാള അപസർപ്പകനോവലായി ചരിത്രപദവി നേടുന്നത്. പിന്നീട് 2004-ൽ പ്രസിദ്ധീകരിച്ച ഭദ്ര എൻ. മേനോന്റെ 'സിൽവർ ജെയിംസ്' എന്ന നോവലാണ് ഈ വിഭാഗത്തിൽ ശ്രദ്ധിക്കപ്പെട്ടത്. ഇവക്കിടയിൽ

കാലഘട്ടത്തിന്റെ വലിയൊരു വിടവ് കാണാം. ഇക്കാലയളവിൽ ശ്രദ്ധേയമായ രചനകളുടെ അഭാവമോ ഉണ്ടായവ രേഖപ്പെടുത്താതിരിക്കുകയോ ചെയ്തതിന്റെ ഭാഗമായി ആവണം ഇത്തരമൊരു വിടവ് രൂപപ്പെട്ടതെന്ന് അനുമാനിക്കാം. ക്രമേണ സ്ത്രീകൾ ഈ രംഗത്ത് സജീവമായിത്തുടങ്ങി. എഴുത്തിലും കൃതികളുടെ ഇതിവൃത്തത്തിലും കഥാപാത്ര ചിത്രീകരണത്തിലുമെല്ലാം സ്ത്രീപ്രാതിനിധ്യം വർധിച്ചു. എങ്കിലും ഇതിവൃത്തത്തിലും കഥാപാത്ര ചിത്രീകരണത്തിലും ഇതുവരെ തുടർന്നുപോന്ന പുരുഷയുക്തിയോട് സമരസപ്പെടാനുള്ള ശ്രമം അവയിലും കടന്നുവന്നു. ഒരുപരിധിവരെ അത്തരം പതിവുകൾക്ക് വഴിപ്പെടാതെയാണ് ജിസ ജോസ് തന്റെ 'ഡാർക്ക് ഫാന്റസി' എന്ന നോവലിനെ രൂപപ്പെടുത്തിയത്. അവരുടെ ആദ്യ കുറ്റാന്വേഷണനോവൽ കൂടിയാണ് ഡാർക്ക് ഫാന്റസി.

## ഡാർക്ക് ഫാന്റസി—സമാന ചരിത്രങ്ങളിൽ നിന്നുള്ള വിച്ഛേദം

കുടുംബസ്വത്തായി ലഭിച്ച പൂഞ്ചോലക്കൽ വീട്ടിൽനിന്ന് റൂബിക്ക് പൂർത്തിയാക്കാത്ത ഒരപസർപ്പകനോവൽ ലഭിക്കുന്നു. അൻപതുവർഷംമുൻപ് അവിടെനടന്ന കൂട്ടക്കൊലപാതകത്തിന്റെ അന്വേഷണമാണതിൽ. കിട്ടിയ പുസ്തകം വായിക്കാൻ ധൈര്യമില്ലാതെ റൂബി തന്റെ സുഹൃത്ത് ഐന്ദ്രിലക്ക് അതു കൈമാറുന്നു. പിന്നീട് അവരുടെ ജീവിതത്തിൽ നടക്കുന്ന സംഭവവികാസങ്ങളും അവയുടെ ഭാഗമായി ആ നോവൽ പൂർത്തീകരിക്കപ്പെടുന്നതുമാണ് നോവലിന്റെ പ്രമേയം. നോവലിനുള്ളിൽ അപൂർണമായതെങ്കിലും മറ്റൊരു നോവലിനെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആഖ്യാനരീതിയാണ് ഇതിൽ കാണാൻ സാധിക്കുക. ആന്തരികാഖ്യാനം (Internal Narration) ഒരു ആഖ്യാനസവിശേഷതയെന്നതിലുപരിയായി നോവലിന്റെ ഇതിവൃത്തത്തെ നിർണയിക്കുന്നുണ്ടുതാനും.

1970-കളിലാണ് പൂഞ്ചോലക്കൽ കൂട്ടക്കൊലപാതകം നടന്നത്. അതുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ദൃക്സാക്ഷിവിവരണമെന്ന നിലയിലാണ് നോവലിനുള്ളിലെ നോവൽ നിലനിൽക്കുന്നത്. പ്രസ്തുതകാലത്തെ അടയാളപ്പെടുത്താൻ പഴയകാല കഥാസാഹിത്യത്തിലുപയോഗിച്ചിരുന്ന സാഹിത്യഭാഷ, നിത്യോപയോഗവസ്തുക്കളുടെ പരാമർശങ്ങൾ, കഥാപാത്രങ്ങളുടെ ജീവിതരീതി തുടങ്ങിയവ ഉപയോഗിച്ചിരിക്കുന്നു. പഴയകാലസാഹിത്യഭാഷക്ക് ഉദാഹരണമാണ്, ഈറൻ പടർന്നു, തദവസരത്തിൽ, ആർത്തനാദത്തോടെ, ഇതികർത്തവ്യതാമൂഢരായി തുടങ്ങിയ ഭാഷാപ്രയോഗങ്ങൾ. 1970 കാലത്തെ സാഹിത്യഭാവുകത്വത്തെ അടയാളപ്പെടുത്താൻ ഈ

ഭാഷ സഹായിച്ചുവെന്ന് പറയാം. വമ്പൻ ചെമ്പുകൾ, പത്തായം, കവടിപ്പി ഞ്ഞാണങ്ങൾ എന്നിങ്ങനെ പഴയകാലത്തെ നിത്യോപയോഗവസ്തുക്കളെ സൂചിപ്പിച്ചിരിക്കുന്നു. മഴയത്തു ചേമ്പില ഉപയോഗിക്കുന്നത്, പാചകരീതികൾ, സൂത്രമച്ച് പോലുള്ളവയും, ആദ്യകാലവീടുകളുടെ വാസ്തുവിദ്യ തുടങ്ങിയവയും പരാമർശിക്കുന്നതിലൂടെ എഴുത്താൾക്ക് നോവലിലെ ആന്തരികാഖ്യാനത്തിൽ വളരെ സ്വാഭാവികമായി പഴയകാലത്തെ അടയാളപ്പെടുത്താൻ കഴിയുന്നു.

ഡാർക്ക് ഫാന്റസിയിലെ കഥാപാത്രങ്ങൾ ഭൂരിഭാഗവും സ്ത്രീകളാണ്. അപസർപ്പകനോവലുകളിൽ കണ്ടുവരുന്ന ആൺചങ്ങാത്തങ്ങളിൽ (ഹോംസ് -വാട്സൺ ദ്വയവും അതിന്റെ മാതൃകകളും) നിന്നുള്ള മാറ്റം ഇവിടെകാണാം. ആൺസഖ്യങ്ങളുടെ ഇടങ്ങളും ഇടപെടലുകളും മാത്രം കണ്ടുപരിചയിച്ച വായ നക്കാർക്ക്, കുടുംബത്തിന്റെയോ സദാചാര-സാമൂഹികനിയമങ്ങളുടെയോ ബാധ്യതകളില്ലാതെ, സാമ്പത്തികസ്വാതന്ത്ര്യമുള്ള രണ്ടുസ്ത്രീകളും അവരുടെ സൗഹൃദവും പുലർന്നുപോരുന്ന കാഴ്ചയാണ് ഇതിൽ കാണാൻ കഴിയുക.

റൂബി, ഐന്ദ്രില എന്നീ സുഹൃത്തുക്കളുടെ ജീവിതഗതിയിലൂടെയാണ് നോവൽ പുരോഗമിക്കുന്നത്. അവിവാഹിതരും സാമ്പത്തികസ്വാതന്ത്ര്യം കൈവന്നവരുമായ സ്ത്രീകളാണ് രണ്ടുപേരും. എഞ്ചിനീയർ ആയ റൂബി വൈകാരികാസ്ഥിരതകൾ ഉള്ള വ്യക്തിയാണ്. കുടുംബസാഹചര്യങ്ങളാണ് ഇതിനു കാരണം. ആത്മഹത്യചെയ്ത അച്ഛൻ, മറ്റൊരാളുടെ കൂടെപ്പോയ അമ്മ, മൂന്നുവർഷത്തെ പ്രണയത്തിനുശേഷം പിരിഞ്ഞുപോയ കാമുകൻ എന്നിവയെല്ലാം റൂബിയുടെ ജീവിതത്തിലെ പ്രധാനസംഭവങ്ങളായിരുന്നു. ഇങ്ങനെയാണെങ്കിലും ബന്ധങ്ങളെ ഉൾക്കൊള്ളാനും മനസ്സിലാക്കാനും റൂബി ശ്രമിക്കുന്നുണ്ട്. ''മമ്മിയുടെ ആ കാമുകനിൽനിന്ന് അവർക്കാവശ്യമുള്ള പരിഗണനയും സ്നേഹവും കിട്ടിക്കാണില്ല എന്നു റൂബി ചിലപ്പോഴൊക്കെ വിഷാദവതിയാവും" (ജിസ ജോസ്, 2020:81) എന്നു സൂചിപ്പിച്ചുകൊണ്ട് മനുഷ്യ രെയും ബന്ധങ്ങളെയും സംബന്ധിച്ച റൂബിയുടെ വിശാലമായ കാഴ്ചപ്പാടിനെ എഴുത്താൾ വ്യക്തമാക്കുന്നു.

ഐന്ദ്രില എന്ന കഥാപാത്രമാണ് നോവലിനെ ഏറ്റവും ചലനാത്മക മാക്കുന്നത്. റൂബിയോട് സൗഹൃദമോ അതിൽ കവിഞ്ഞ ബന്ധമോ അവൾ സൂക്ഷിക്കുന്നു. ഭക്ഷണപ്രിയയായ, തടിച്ച, മുടി മുറിച്ച, ബ്യൂട്ടിക്ലിനിക്കിൽ ജോലിചെയ്യുന്ന പെൺകുട്ടിയാണ് ഐന്ദ്രില. ജീവിതത്തെ സംബന്ധിച്ച സ്വന്തമായ തീരുമാനങ്ങളും കാഴ്ചപ്പാടുകളും ഐന്ദ്രിലയ്ക്കുണ്ട്. ഐന്ദ്രിലയാണ് ഇവിടെ കുറ്റാന്വേഷണദൗത്യം ഏറ്റെടുക്കുന്നത്. അപസർപ്പകനോവലുകൾ

അന്വേഷകന് നൽകിപ്പോന്ന രൂപപരവും ഭാവപരവുമായ മാനദണ്ഡങ്ങളെ പുനർനിർവചിക്കുന്നുണ്ട്, ഈ പാത്രനിർമിതിയിലൂടെ, ഡാർക്ക് ഫാന്റസി. അപസർപ്പകന്റെ വാർപ്പുമാതൃകയിൽ നിന്നുള്ള വിച്ഛേദങ്ങൾക്ക് പുതിയ കാലത്തുവന്ന മികച്ച ഉദാഹരണമാണ് ഐന്ദ്രില.

കുറ്റവാളിയായി നോവലിൽ അവതീർണ്ണയാകുന്നത് റോസി എന്ന കഥാപാത്രമാണ്. കൂട്ടക്കൊലചെയ്യപ്പെട്ടവരിൽ ഒരാളാണ് താനും എന്ന് ആളുകളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് റോസി കൊലനടത്തുന്നത്. അതിന്, വീട്ടുജോലിക്കാരിയെ ബലിയാടാക്കുകയും ചെയ്തു. രസതന്ത്രത്തോടുള്ള അഭിനിവേശവും അതിലുള്ള പരിജ്ഞാനവുമാണ് കൊലയുടെ ഹേതുവും മാർഗവുമായി വിവരിക്കുന്നതെന്ന് ഉപരിപ്ലവമായി പറയാം. വിദ്യാഭ്യാസത്തിൽ ശോഭിച്ചിരുന്ന യുവതിയെ കുടുംബം എന്ന സ്ഥാപനം അടിമയാക്കുന്ന സാമൂഹികസാഹചര്യമാണ് ഇവിടത്തെ യഥാർത്ഥ കുറ്റവാളി എന്ന് ഇരവാദ മനഃശാസ്ത്രവുമായി (Victimology) ബന്ധപ്പെടുത്തിപ്പറയാം. കുറ്റവാളി കുറ്റം ചെയ്യാനുണ്ടായ സാഹചര്യത്തെ പഠിച്ചുകൊണ്ട്, കുറ്റത്തെ നീതീമത്കരിക്കുന്ന രീതിയാണ് ഇരവാദം മുന്നോട്ടുവെക്കുന്നത്. ഇവിടെ റോസിയെ ഒരുപരിധിവരെ ഇരവാദത്തിന്റെ പരിഗണനയ്ക്ക് വിധേയമാക്കുവാൻ നോവലിലെ ആന്തരികാഖ്യാനത്തിനു സാധിക്കുന്നു. എന്നാൽ സമകാലികസന്ദർഭം, അഥവാ, ആഖ്യാനത്തിലെ വർത്താമാനകാലം റോസിയിലെ കുറ്റവാളിയെ കാണിച്ചുതരുന്നു. നീതിമത്കരണയോഗ്യമല്ലാത്ത തെറ്റുകൾ അവർ ആവർത്തിച്ചതിനാലാണിത്. ഭർത്താവ് നോയൽ, മകൾ റെബേക്ക, പൂഞ്ചോലയ്ക്കലെ അവസാനതലമുറയിലെ അംഗങ്ങളായ റീനി, റൂബി എന്നിവരെ കൊല്ലുകയോ കൊല്ലാൻ ശ്രമിക്കുകയോ ചെയ്യുന്ന റോസി, ക്രൂരയായ കുറ്റവാളിയായി പരിവർത്തിതയായി. ഇവിടെ, നോവലിന്റെ ഇതിവൃത്തത്തെ ആഖ്യാനസവിശേഷത അരക്കിട്ടുറപ്പിക്കുന്നു.

### സ്ത്രീ, തൊഴിൽ സമൂഹം

റീനി, ചിന്നക്കുട്ടി (ആന്തരികാഖ്യാനം), റബേക്ക റോസ്, ചൈത്ര, തുടങ്ങിയവരാണ് മറ്റു സ്ത്രീകഥാപാത്രങ്ങൾ. ഈ സ്ത്രീകളോടൊപ്പം ഇവരുടെ തൊഴിലിടങ്ങളും നോവലിൽ സ്ഥാനമുറപ്പിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് ജോലിയുടെ തിരക്കുകൾ, ബ്യൂട്ടി ക്ലിനിക്കിലെ ജോലിയുടെ വിശദശാംശങ്ങൾ, രസതന്ത്രത്തിലെ പരാമർശങ്ങൾ, പാചകമുൾപ്പെടെയുള്ള വീട്ടുജോലികളുടെ വിവരണങ്ങൾ തുടങ്ങി, ഈ കഥാപാത്രങ്ങളുടെ പ്രവർത്തനമേഖലകളെ അടയാളപ്പെടുത്താൻ എഴുത്താൾ ശ്രദ്ധിക്കുന്നു. പെണ്ണും തൊഴിലിടവും എന്ന

രണ്ടുഘടകങ്ങളെ സശ്രദ്ധം സംയോജിപ്പിക്കുക വഴി ജിസ ജോസ് പറഞ്ഞു വെക്കുന്ന സ്ത്രീപക്ഷരാഷ്ട്രീയം സൂക്ഷ്മവും പ്രസക്തവുമാവുന്നു.

സ്ത്രീയോട് സമൂഹം സ്വീകരിക്കുന്ന നിലപാടുകളെ വിമർശനാത്മകമായി സമീപിച്ചുകൊണ്ടാണ് എഴുത്താൾ ഡാർക്ക് ഫാന്റസിയെ രൂപപ്പെടുത്തിയത്. റൂബിയും റോസിയും റബേക്കയും എല്ലാം അത്തരം നിലപാടുകളുടെ ഇരകൾ കൂടിയാണ്. പൂർവകാമുകനായ മനോജുമായി ഇപ്പോഴും സൗഹൃദം തുടരുന്ന റൂബിക്ക് താനയാൾക്കു വേണ്ടപ്പെട്ട ആളല്ല എന്ന കാര്യം നന്നായറിയാം. എന്നിട്ടും, ജീവിതത്തിലെ പ്രധാനപ്പെട്ടകാര്യങ്ങളിൽ അയാൾക്കവൾ മുൻഗണനനൽകുന്നു. സ്ത്രീകൾ 'പെട്ടുപോകുന്ന' ടോക്സിക് ബന്ധങ്ങളുടെ ഒരു മാതൃകയാണ് റൂബിയും മനോജും. ബന്ധങ്ങളിൽ സ്ത്രീകൾ നേരിടുന്ന വൈകാരികാസ്ഥിരതകളെ റൂബിയിലൂടെ ചിത്രീകരിക്കാൻ ജിസ ജോസിന് സാധിച്ചു. സ്ത്രീകളോട് സമൂഹം ചരിത്രപരമായി ചെയ്യുന്ന നീതികേടിന്റെ ഫലമാണ് റോസി എന്ന കഥാപാത്രത്തിന്റെ ചെയ്തികളും മനോവ്യാപാരങ്ങളും. വ്യക്തിസ്വാതന്ത്ര്യത്തെ അടിച്ചമർത്തി കുടുംബം എന്ന സ്ഥാപനത്തിനുള്ളിൽ സ്ത്രീകളുടെ താല്പര്യങ്ങളെ കുരുക്കിയിടുന്ന പാരമ്പര്യത്തെ നോവൽ അനാവരണം ചെയ്യുന്നു. റോസി നേരിടുന്ന ഗാർഹികപീഡനങ്ങളും ശാരീരികമായ കടന്നുകയറ്റങ്ങളും മാത്രമല്ല, അവളുടെ ബൗദ്ധികജീവിതത്തിനേറ്റ തിരിച്ചടിയും ലിംഗപദവീപരമായ അസമത്വത്തിന്റെ ഉദാഹരണമാണെന്ന് നോവൽ അടിവരയിടുന്നു.

ലിംഗപദവീപരമായ അടിച്ചമർത്തലുകളുടെ ചരിത്രം പരിശോധിക്കുമ്പോൾ, മർദ്ദനോപകരണങ്ങൾ മാറി എന്നതൊഴിച്ചാൽ, അൻപതുവർഷത്തിനിപ്പുറവും ഈ അസമത്വം വ്യത്യാസമില്ലാതെ തുടരുന്നുണ്ടെന്ന് ഡാർക്ക് ഫാന്റസി വ്യക്തമാക്കുന്നു. സ്വന്തം ശരീരത്തിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ചുകിട്ടാത്ത സ്ത്രീകളുടെ പ്രതിനിധികളാണ് റോസിയും റെബേക്കയും. നീളൻമുടി അവരുടെ പ്രത്യേകതയാണ്. മുടി അഴിച്ചിടാൻ താല്പര്യമുള്ള റോസിയെ അതു കെട്ടിവെക്കാനും, മുടി വെട്ടിക്കളയാനിഷ്ടമുള്ള റെബേക്കയെ അതു വളർത്താനും നിർബന്ധിക്കുന്ന കുടുംബം, സ്ത്രീശരീരത്തെ അടിമവസ്തുവാക്കുന്ന സാമൂഹികഘടനയുടെ പ്രയോഗമേഖലയായി വർത്തിക്കുന്നു.

ഡാർക്ക് ഫാന്റസിയിലെ കഥാപാത്രങ്ങളിൽ മുക്കാൽപങ്കും സ്ത്രീകളാണെന്ന് മുൻപു സൂചിപ്പിച്ചു. അവർ വ്യത്യസ്ത തൊഴിൽമേഖലകളിൽ നിന്നുള്ളവരാണുതാനും. കഥാഗതിയെ നേരിട്ടു സ്വാധീനിക്കാത്ത സ്ത്രീകളും അടയാളപ്പെടുന്നത് അവരുടെ തൊഴിൽമേഖലയുടെ പരാമർശത്താലാണ്.

ആരോഗ്യരംഗം (റബേക്ക, റീനി), അധ്യാപനം (റോസി), നിയമനിർവഹണം (ജയശീല, ചൈത്ര), എൻജിനീയറിങ് (റൂബി), സൗന്ദര്യപരിപാലനം (ഐന്ദ്രില), ബിസിനസ്, സിനിമാമേഖല, വീട്ടുപണി (അന്നക്കുട്ടി) തുടങ്ങി കഥാപാത്രങ്ങളുടെ വ്യക്തിത്വത്തെ അവരുടെ തൊഴിൽമേഖലയോടും ഔദ്യോഗികജീവിതത്തോടും കണ്ണിചേർത്തുകൊണ്ട് വിവരിക്കുന്നതിലൂടെ, സമൂഹം പരിചരിച്ചുപോരുന്ന ആണധികാരനയങ്ങളെ, വിമർശദൃഷ്ട്യാ, സമീപിക്കാൻ എഴുത്താൾക്ക് സാധിക്കുന്നു.

സാഹിത്യജനുസ്സുകളിൽ ആൺനോട്ടങ്ങൾ വലിയതോതിൽ പ്രകടമായത് അപസർപ്പകനോവലുകളിലാണ്. സ്ത്രീശരീരം അവയിലെ സ്ഥിരംചേരുവയായി. അതോടൊപ്പം പൗരുഷത്തെ നിർവചിക്കാനും ഉത്തമമാതൃക സൃഷ്ടിക്കാനുമുള്ള ശ്രമങ്ങളും അവയിൽ നടന്നു. അത്തരം പാരമ്പര്യങ്ങളെ മറികടന്നുകൊണ്ട്, ആകാംക്ഷയും ഭയവും വായനാക്ഷമതയും അവകാശപ്പെടാൻ ഡാർക്ക് ഫാന്റസിക്ക് സാധിക്കുന്നു. നോവലിൽ, പെണ്ണുങ്ങളെഴുതുന്ന കുറ്റാന്വേഷണനോവലുകൾ അപൂർവമാണെന്ന് ഐന്ദ്രില ആത്മഗതം ചെയ്യുന്നുണ്ട്. അവയുടെ സ്വഭാവത്തെ സംബന്ധിച്ച ആകാംക്ഷയും ഐന്ദ്രിലയ്ക്കുണ്ട്. ഒന്നാലോചിച്ചാൽ ഐന്ദ്രിലയ്ക്കുമാത്രമല്ല, വായനക്കാർക്കും ഇത്തരം സന്ദേഹങ്ങൾ ഉണ്ട്. ആദ്യകാലമാതൃകകൾ പുലർത്തിയ സ്ത്രീവിരുദ്ധത ഇത്തരം സന്ദേഹങ്ങൾക്ക് ആക്കംകൂട്ടിയെന്നും പറയാം. സർഗാത്മകരചന (വിശേഷിച്ച് അപസർപ്പകനോവൽ പോലെയുള്ള യുക്തിഭദ്രവും ചലനാത്മകവുമായ ആവിഷ്കാരങ്ങൾ) പുരുഷന്റെ വിശേഷാധികാരപരിധിക്ക് കീഴിലാണെന്ന മുൻധാരണയും അപസർപ്പകസാഹിത്യത്തിലെ പെൺകർതൃത്വത്തെ സവിശേഷമായി നോക്കിക്കാണാൻ പ്രേരിപ്പിക്കുന്നു. നോവൽ സ്വയവും ആന്തരികാഖ്യാനത്തിലൂടെയും ഈ കാഴ്ചപ്പാടിനെ പുതുക്കിപ്പണിയുന്നു. ആന്തരികാഖ്യാനത്തിൽ 'ഗ്രന്ഥകർത്രി' എന്ന് ആവർത്തിച്ചുരേഖപ്പെടുത്തിയതും രാഷ്ട്രീയമായ പുതുക്കലിന്റെ ഭാഗമാണെന്നു പറയാം. അധ്യായങ്ങൾക്ക് സ്ത്രീകഥാപാത്രങ്ങളുടെ പേരുകളാണ് നൽകിയിരിക്കുന്നത്. പെൺനോട്ടപ്പാടിനുള്ളിൽനിന്നുകൊണ്ട് ആഖ്യാനത്തെ വികസിപ്പിക്കാനുള്ള ശ്രമമായി ഇതിനെ മനസ്സിലാക്കാം. കുടുംബവുമായി ബന്ധപ്പെട്ടല്ലാതെ, സമൂഹം നോക്കിക്കാണുന്ന ഒരു പ്രശ്നത്തിൽ സ്ത്രീകളുടെ നിലപാട് വ്യക്തമാക്കുക എന്ന ഉദ്ദേശ്യം ഇതിനുപിന്നിൽ പ്രവർത്തിക്കുന്നു. ഓരോ അധ്യായവും ഓരോ സ്ത്രീകളെ ആഖ്യാത്രിയാക്കുന്നു. ഇതിവൃത്തത്തിനു പുറത്തേക്കുവികസിക്കുന്ന അവരുടെ ചിന്തകൾ സാമൂഹികനിയമങ്ങളെ പ്രശ്നവത്കരിക്കുന്നു. കഥാഗതിക്ക് സമാന്തരമായി

പുരോഗമിക്കുന്ന ഇത്തരം ആലോചനകൾ രാഷ്ട്രീയവും സാംസ്കാരികവുമായി കാതലുള്ളവയാണെന്നും മനസ്സിലാക്കാം.

പുരുഷനും കുടുംബവും

കേന്ദ്രസ്ഥാനത്ത് സ്ത്രീകളെ ചിത്രീകരിച്ചുവെങ്കിലും, റൂബിയുടെ അച്ഛൻ, മനോജ്, വീരരവിവർമ്മ, പാപ്പി, റെബേക്കയുടെ ഭർത്താവ്, മാധ്യമപ്രവർത്തകനായ വർഗീസ് തുടങ്ങിയ പുരുഷ കഥാപാത്രങ്ങളും നോവലിലുണ്ട്. സമൂഹം ആണത്തത്തെക്കുറിച്ച് നിർമിച്ചുവെച്ച ചില സങ്കല്പങ്ങളെ റദ്ദുചെയ്തുകൊണ്ടാണ് ഡാർക്ക് ഫാന്റസി അതിലെ പുരുഷകഥാപാത്രങ്ങളെ സ്ഥാനപ്പെടുത്തുന്നത്. ബാല്യകാലത്തനുഭവിച്ച അനാഥത്വം ആജീവനാന്തം അസ്ഥിരപ്പെടുത്തിയ മാനസികാവസ്ഥയായിരുന്നു റൂബിയുടെ അച്ഛന്. ഭാര്യയും മക്കളും നൽകുന്ന മാനസികവും വൈകാരികവുമായ പിന്തുണയിൽ മാത്രമാണ് അയാളുടെ ജീവിതം മുന്നോട്ടുപോയത്. ഭാര്യ പിരിഞ്ഞുപോയതും മകൾ വിവാഹിതയാവുന്നുവെന്നതും അയാളിലെ അനാഥത്വത്തെ ബലപ്പെടുത്തി. ഒടുവിലയാൾ ആത്മഹത്യ തിരഞ്ഞെടുക്കുന്നു. കുടുംബനാഥൻ എന്ന വിശേഷാധികാരം പ്രയോഗത്തിൽ വരുത്തുവാൻ കഴിയാതെ സ്ത്രീകളാൽ സമാശ്വസിപ്പിക്കപ്പെട്ടുകൊണ്ട് ജീവിച്ചുപോന്ന പുരുഷൻ എന്ന നിലയ്ക്കാണ് അയാളെ ചിത്രീകരിച്ചിരിക്കുന്നത്.

നായകപരിവേഷമുള്ള കുറ്റാന്വേഷകനിൽ ധൈര്യം, സംയമനം തുടങ്ങിയ സ്വഭാവസവിശേഷതകൾ ബുദ്ധി-ശക്തികൾക്കപ്പുറം വിലയിപ്പിക്കുന്നത് മലയാളത്തിലെ കുറ്റാന്വേഷണനോവലുകളുടെ പതിവാണ്. ഇവിടെ ആ പതിവും ലംഘിക്കപ്പെട്ടിരിക്കുന്നു. ആന്തരികാഖ്യാനത്തിൽ വരുന്ന വീരരവിവർമ എന്ന അന്വേഷണോദ്യോഗസ്ഥനും അനുയായികളും ഭയവും ആസക്തികളുമുള്ള സാധാരണക്കാർ തന്നെയാണ്. ഭയന്നുവിറയ്ക്കുന്ന പോലീസുകാരും, ഇഷ്ടഭക്ഷണം ആസ്വദിച്ചുകഴിക്കുന്ന വീരരവിവർമ്മയും അതിനുദാഹരണങ്ങളാണ്. അപസർപ്പകനോവലുകളുടെ പുരുഷസ്വഭാവത്തെ പലതലത്തിൽനിന്നുകൊണ്ട് അപനിർമിക്കാൻ ജിസ ജോസ് ശ്രദ്ധിക്കുന്നുണ്ട്. ഉപരിഘടനയിൽ കുറ്റം അന്വേഷിക്കുന്നത് ഐന്ദ്രിലയാണ്. പലതരം ആസക്തികളും താല്പര്യങ്ങളും ഉള്ള സാധാരണക്കാരിയായ പെൺകുട്ടിയെ അന്വേഷണത്തിനു നിയോഗിക്കുന്നതിലൂടെ അപസർപ്പകന്റെ അമാനുഷികതയെ എഴുത്താൾ പുനരാലോചനയ്ക്കുവെക്കുന്നു. ഭാര്യയിൽ തന്റെ താല്പര്യങ്ങൾ അടിച്ചേൽപ്പിക്കുന്ന, എന്നാൽ അവരുടെ മരണത്തിൽ തകർന്നിരിക്കുന്ന റബേക്കയുടെ ഭർത്താവും മുഖക്കുരുവിനുള്ള പരിഹാരമന്വേഷിക്കുന്ന

കൗമാരക്കാരനുമുൾപ്പെടെ കണ്ടുപരിചയിക്കാത്തതും, സാഹിത്യം ഇതുവരെ കാണിക്കാത്തതുമായ ആൺസ്വഭാവങ്ങളെ കണ്ണിചേർക്കാൻ ജിസ ജോസ് ശ്രദ്ധിക്കുന്നു.

തകിടംമറിയുന്ന സാമൂഹികാച്ചടക്കത്തെ പൂർവ്വസ്ഥിതിയിലെത്തിക്കുക എന്ന കർത്തവ്യമാണ് ഓരോ കുറ്റാന്വേഷകനും നിറവേറ്റുന്നത്. അതിനയാൾ സ്വീകരിക്കുന്ന മാർഗത്തെ ഏറ്റവും ആകാംക്ഷാഭരിതമായി ആവിഷ്കരിക്കാനാണ് അപസർപ്പകനോവൽ ശ്രമിക്കുന്നത്. ആണധികാരത്തിന്റെ ബൗദ്ധികവും മൂർത്തവുമായ പ്രത്യക്ഷീകരണങ്ങളെ സശ്രദ്ധം പരിചരിച്ചുകൊണ്ട് പുരുഷകാമനയെ തൃപ്തിപ്പെടുത്തുകയെന്ന ധർമമാണ് ഇവിടെ സാക്ഷാത്കൃതമായത്. മലയാളത്തിലെ അപസർപ്പകനോവലിന്റെ ചരിത്രം മറ്റൊന്നായിരുന്നില്ലാതാനും. കാലാന്തരത്തിൽവന്ന മാറ്റങ്ങളിലും ഏറിയും കുറഞ്ഞും പുരുഷതാല്പര്യങ്ങളുടെ സ്വാധീനം കണ്ടെടുക്കപ്പെടുന്ന സാഹചര്യത്തിലാണ് ജിസ ജോസിന്റെ ഡാർക്ക് ഫാന്റസി അതിൽനിന്നു വ്യത്യസ്തമാവുന്നത്. പ്രമേയത്തിലും ആഖ്യാനത്തിലും സ്ത്രീപക്ഷരാഷ്ട്രീയത്തെ ഉപകരണമാക്കിക്കൊണ്ട്, സാമൂഹികസ്ഥാപനങ്ങൾ പിന്തുടരുന്ന സ്ത്രീവിരുദ്ധതയെ വെളിച്ചത്തുനിർത്താൻ ഡാർക്ക് ഫാന്റസിക്ക് സാധിക്കുന്നു. സാമൂഹികാസമത്വങ്ങളിന്മേലുള്ള സ്വത്വപരമായ തിരിച്ചറിവും, അതിന്റെ ഭാഗമായി സ്ത്രീകളിൽ രൂപപ്പെടുന്ന പ്രതിഷേധവും പ്രതികാരവും ആണ് ഡാർക്ക് ഫാന്റസി എന്ന നോവലിനെ അപസർപ്പകാഖ്യാനങ്ങളുടെ പുത്തൻ ശൈലിയിൽനിന്നുള്ള ഭാവുകത്വവിച്ഛേദമെന്ന നിലയിൽ സ്ഥാനപ്പെടുത്താൻ സഹായിക്കുന്നത്.

നോവലിനുള്ളിലെ നോവൽ, അഥവാ, ആന്തരികാഖ്യാനം എന്ന ആഖ്യാനപരീക്ഷണവും, അത് സാക്ഷാത്കരിക്കാൻ ഉപയോഗിച്ച ഭാഷയുടെ സാധ്യതകളും കൈകാര്യംചെയ്ത വിഷയവും എന്തുകൊണ്ടും പുതുമ നിലനിർത്തുന്നു. പുതിയകാലത്തിരുന്നുകൊണ്ട് പഴയ ശൈലിയെ ആവിഷ്കരിക്കുക എന്ന ശ്രമത്തോടൊപ്പം, പഴയശൈലിയിലൂടെ വായനക്കാരെ ആകാംക്ഷാഭരിതരാക്കുക എന്ന, അപസർപ്പകാഖ്യാനങ്ങളുടെ പ്രാഥമികധർമവും ഭംഗിയായിതിൽ കൈകാര്യംചെയ്യപ്പെട്ടിരിക്കുന്നു.

## ഉപസംഹാരം

ആൺമേൽക്കോയ്മ നിലനിൽക്കുന്ന സമൂഹത്തിൽ, ഘടനയിലും പ്രമേയത്തിലും അത്തരം നയങ്ങൾ പിന്തുടർന്നുകൊണ്ടാണ് അപസർപ്പകനോവൽ എന്ന സാഹിത്യജനുസ്സ് അതിന്റെ ജനപ്രീതി നിലനിർത്തിപ്പോന്നത്. ഘടനയിലും

പ്രമേയത്തിലും നിലനില്ക്കുന്ന, ഈ മേൽക്കോയ്മയെ കണ്ടെടുക്കാനും അത് റദ്ദുചെയ്തുകൊണ്ട് ലിംഗപദവീപരമായ രാഷ്ട്രീയമുന്നേറ്റം നടത്താനുമുള്ള ശ്രമമാണ് ഡാർക്ക് ഫാന്റസിയുടെ കാതൽ. പരീക്ഷണോന്മുഖതയോടൊപ്പം സ്ത്രീപക്ഷത്തു നിലയുറപ്പിച്ചുകൊണ്ടുള്ള ആഖ്യാനമാണ് ഇതിന്റെ പ്രധാനസവിശേഷത. ഓരോ അധ്യായത്തിലുമുള്ള പെൺഭാഷ്യങ്ങൾ സമന്വയിപ്പിക്കുന്നതിലൂടെ, ഘടനയിലും പ്രമേയത്തിലും ലിംഗപദവീപരമായ വിച്ഛേദം നോവൽ സാധ്യമാക്കുന്നുവെന്നുപറയാം.

## ഗ്രന്ഥസൂചി

1. അൻവർ അബ്ദുള്ള, ഡ്രാക്കുള, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്, 2016.
2. ജിസ ജോസ്, ഡാർക്ക് ഫാന്റസി, ലോഗോസ് ബുക്സ്, പാലക്കാട്, 2020.
3. ജെയിംസ് വടക്കുംചേരി, ഡോ., കുറ്റകൃത്യശാസ്ത്രം ഒരു ആമുഖം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.
4. രാജശ്രീ, ആർ., അപസർപ്പകാഖ്യാനങ്ങൾ : ഭാവനയും രാഷ്ട്രീയവും, ലോഗോസ് ബുക്സ്, പാലക്കാട്, 2018.
5. റോബിൻ കെ. മാത്യു, ഡോ., മാടമ്പള്ളിയിലെ മനോരോഗികൾ, ഡി.സി. ബുക്സ്, കോട്ടയം, 2019.

## ആനുകാലികങ്ങൾ

41. അജു കെ. നാരായണൻ, ശ്രീകുമാർ പി.കെ., ഭീതിയുടെ അനുഭൂതികൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2020 സെപ്റ്റംബർ, പുസ്തകം : 98, ലക്കം : 28.
42. രാജശേഖരൻ പി. കെ., ഷെർലോക് ഹോംസ് നിവർത്തിയ ചുരുളുകൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2020 സെപ്റ്റംബർ, പുസ്തകം: 98, ലക്കം: 28.

*dhyanavareekoroth@gmail.com*

# പോയട്രി കില്ലർ: ശരീരത്തിന്റെ രാഷ്ട്രീയം

രാഖി പി.ആർ.
ഗവേഷക, മലയാള വിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി

പ്രബന്ധസംഗ്രഹം

മാനവികജ്ഞാന പഠനമേഖലകൾ ചർച്ച ചെയ്യുന്ന എല്ലാ മേഖലകളിലും ഇന്നു ശരീരം ഒരു പ്രധാനപ്പെട്ട വിഷയമാണ്. ജീവശാസ്ത്രപരമായ ശരീരം എന്ന കാഴ്ചപ്പാടിൽ തുടങ്ങി സാമൂഹിക വ്യവസ്ഥാക്രമങ്ങൾ വസ്തുവത്കരിക്കുന്ന ശരീരം, സർഗ്ഗാത്മക രംഗത്തെ പ്രകടനപരമായ രൂപം തുടങ്ങിയ വ്യത്യസ്ത നോട്ടങ്ങളിലേക്ക് ശരീരത്തെപ്പറ്റിയുള്ള ചിന്തകൾ മാറുന്നു. മാറി വരുന്ന ഇത്തരം സങ്കല്പനങ്ങളിൽ നിന്നു കൊണ്ടു ജനപ്രിയ സാഹിത്യമായ കുറ്റാന്വേഷണനോവലിലെ ശരീരത്തെ സംബന്ധിച്ച ആലോചനകൾ ശ്രീപാർവ്വതിയുടെ പോയട്രി കില്ലർ എന്ന നോവലിലൂടെ പ്രശ്നവത്കരിക്കാനുള്ള ശ്രമമാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ:** ക്രൈം, മനുഷ്യൻ, ശരീരം, അധികാരം,ലൈംഗികത

ഒന്ന്

ശരീരം (Body)എന്ന വാക്ക് സാമാന്യമായും അർത്ഥമാക്കുന്നത് മനുഷ്യന്റെ ജൈവ/ജീവശാസ്ത്രപരമായ (Biological body) ശരീരത്തെയാണ്. മനുഷ്യൻ എന്ന സങ്കല്പത്തെ മാതൃകാപരമായി ഉറപ്പിക്കുന്ന ഒന്നാണ് പ്രത്യക്ഷമായ ശരീരം (visible body). മറ്റു ജീവജാലങ്ങളിൽ നിന്നും മനുഷ്യനെ സവിശേഷമായ മറ്റൊന്നായി കണക്കാക്കുന്നതിന്റെ പ്രധാനകാരണം ശരീരത്തിൽ പ്രത്യക്ഷമായി സംഭവിക്കുന്ന മാറ്റങ്ങളാണ്. എന്നാൽ മനുഷ്യശരീരം ഈ ജീവശാസ്ത്രപരമായ പരിണാമതലങ്ങളാൽ പൂർണ്ണത കൈവരിക്കുന്ന ഒന്നല്ല.

മനുഷ്യശരീരം നിലനിൽക്കുന്ന സാമൂഹിക പരിസരത്തിന്റെ കൂടി ഉൽപ്പന്ന മാണ്. അത്തരത്തിൽ ശരീരം എന്നത് നിരവധി അടരുകൾ ഉള്ള, ഓരോ സാമൂഹികസന്ദർഭത്തിലും വ്യത്യസ്തമായ ഭാവതലങ്ങളുള്ള ശരീരത്തിന്റെ മിശ്രരൂപമാണ്. ജാതി-ലിംഗ-വർഗ-വർണ വീക്ഷണങ്ങളിലും ബന്ധവ്യവ സ്ഥകൾക്കുള്ളിലും രാഷ്ട്രീയ-സാംസ്കാരികരംഗങ്ങളിലും ശരീരമെന്നതിന് വ്യത്യസ്തമായ അർത്ഥമാണ്. നിരന്തരമുള്ള പുതുക്കലുകൾ അനിവാര്യമായ ജൈവവസ്തു എന്ന് ശരീരത്തെ സാമാന്യമായി നിർവചിക്കാം.

സാംസ്കാരികപഠനരംഗത്ത് ശരീരത്തെ സംബന്ധിച്ച നിരവധി അന്വേഷണ മേഖലകൾ വികസിച്ചു വന്നിട്ടുണ്ട്. പ്രാക്തനസംസ്കാരങ്ങൾ ശാരീരിക പ്രവർത്തനങ്ങളിലൂടെയാണ് ശരീരമെന്ന സങ്കല്പത്തെ ഉറപ്പി ച്ചെടുത്തത്. അക്കാലങ്ങളിൽ ശരീരമെന്നത് ലൗകികാനന്ദവും അതിലൂടെ സൃഷ്ടിക്കപ്പെടുന്ന സന്തോഷത്തിന്റെ ഇരിപ്പിടവും ആയിരുന്നു. എന്നാൽ മതപരമായ ചിന്തകളിലേക്ക് കടന്നു കഴിഞ്ഞപ്പോൾ ശരീരമെന്നത് നശ്വര മായ ഒന്നാണെന്നും അതിഭൗതികമായ മനസ്സിന്റെ ഇരിപ്പിടം മാത്രമാണെ ന്നുമുള്ള ചിന്ത പ്രബലമായി. ശരീരം-മനസ്സ് എന്ന ദ്വന്ദ്വത്തിന്റെ ആരംഭം അവിടെ മുതലായിരിക്കണം. പതിനേഴാംനൂറ്റാണ്ടിലെ ഫ്രഞ്ച് ചിന്തകനായ ദെക്കാർത്ത് ചിന്തിക്കുന്ന വ്യക്തി (I am thinking therefore I am) എന്ന സങ്കല്പം അവതരിപ്പിച്ചു. മനുഷ്യന്റെ വസ്തു ശരീരത്തിന് അദ്ദേഹം വലിയ പ്രാധാന്യം നൽകുന്നില്ല. ജീവജാലങ്ങളിൽനിന്നും മനുഷ്യനെ വ്യത്യസ്തനാ ക്കുന്ന ഘടകം ചിന്താശേഷിയാണ് എന്നദ്ദേഹം സൂചിപ്പിക്കുന്നു (2006: 55). എന്നാൽ ശരീരത്തിന് മനസ്സുമായി ഇങ്ങനെ യാതൊരു ബന്ധവുമില്ല എന്ന കാർട്ടീഷ്യൻ ചിന്താധാരയുടെ ബദൽ എന്ന നിലയിലാണ് ശരീരത്തെ സംബന്ധിച്ച ആധുനിക ചിന്തകൾ രൂപംകൊള്ളുന്നത്.

പിൽക്കാലത്ത് സാമൂഹ്യശാസ്ത്രജ്ഞർ വ്യക്തിയും സമൂഹവുമെല്ലാം പരസ്പരബന്ധിതമായി നിൽക്കുന്ന ഒന്നാണെന്ന ചിന്തയിലേക്ക് എത്തി. ശരീരത്തിനും സ്വേച്ഛാപൂർവ്വമായ പ്രവർത്തനമണ്ഡലമുണ്ടെന്നുള്ള തിരിച്ചറിവ് കേവലം ജീവശാസ്ത്രപരമായ സമീപനത്തെയും ശരീരത്തിന്റെ വസ്തുവത്കരണത്തെയും വിമർശനബുദ്ധിയോടെ നേരിട്ടു. വൈകാരികചോ ദനകൾ ശരീരത്തിന്റേതും ബൗദ്ധികമായ ഇടപെടലുകൾ മനസ്സിന്റേതും ആണെന്ന കാർട്ടീഷ്യൻ സമീപനത്തോടുള്ള വിയോജിപ്പായിരുന്നു പിൽക്കാല പഠനങ്ങൾ ലക്ഷ്യം വെച്ചത്. മതപരമായ അനുഷ്ഠാനങ്ങളും വിശ്വാസങ്ങ ളും ആശയങ്ങളും എങ്ങനെ സാമൂഹിക ഐക്യത്തെ ത്വരിതപ്പെടുത്തുന്നു

എന്നതിനെ സംബന്ധിച്ച് ഫ്രഞ്ച് സാമൂഹ്യ ശാസ്ത്രജ്ഞനായ എമിലി ദർക്കിം തന്റെ The Elementary Forms of Religious Life എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. മനുഷ്യന്റെ കർതൃത്വപരമായ സവിശേഷതകളെ സ്വധീനിക്കുന്ന ഘടകങ്ങളെ കണ്ടെത്താനുള്ള ശ്രമമായിരുന്നു അത്. ഒരുവ്യക്തി ഒരിക്കലും അവനവന്റേതായി നിലനിൽക്കുന്നില്ല[1] എന്നു ദർക്കിം പറയുന്നു. വ്യക്തി ശരീരമെന്നത് സാമൂഹിക സാംസ്കാരിക ചിഹ്നങ്ങൾ കോറിയിടുന്നതിനുള്ള ഒന്നാണ്. ഈ മുദ്രകളിലൂടെ സാമൂഹ്യവ്യവസ്ഥയെ ഉറപ്പിക്കാൻ ശ്രമിക്കുന്നു അതിലൂടെ വ്യക്തി ശരീരമെന്നത് സാമൂഹിക ശരീരമായി മാറുന്നു എന്നു പറയാം.

മനോപഗ്രഥന സിദ്ധാന്തവും ഉത്തരഘടനാവാദവും ഫെമിനിസവും ഒക്കെ ശരീരത്തെ സംബന്ധിച്ച പുതിയ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു. യുക്തിസഹമായ ആലോചനകളേക്കാൾ അബോധതലത്തിന്റെ ഇച്ഛകളാണ് മനുഷ്യനെ നിയന്ത്രിക്കുന്നതെന്ന ഫ്രോയിഡിയൻ ആശയധാര ശരീരത്തെ വീണ്ടും കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചു. “നന്മ, തിന്മ എന്നീ ദ്വന്ദ്വങ്ങളെപ്പറ്റിയുള്ള സമീപനങ്ങളിൽ അഭൂതപൂർവ്വമായ ഒരു തകിടം മറിച്ചിലുണ്ടായത്, വ്യക്തിയുടെ അബോധമനസ്സ്, സംയമം (suppression), ദമനം (repression) മുതലായ മനോവ്യാപാരങ്ങളിലൂടെ അബോധ മനസ്സിൽ ഉറഞ്ഞുകൂടുന്ന ഉണ്മകൾ എന്നിവയെ അപഗ്രഥിച്ച് “മനുഷ്യൻ എന്ന പ്രതിഭാസത്തെ കാണാൻ ഒരു പുതിയ ഭൂതക്കണ്ണാടി ഫ്രോയ്ഡ് സൃഷ്ടിച്ചതോടു കൂടിയാണ്” എന്ന് എം.ലീലാവതി സൂചിപ്പിക്കുന്നുണ്ട് (2006:76). മനസ്സിന്റെ ചിന്തകളും വൈകാരികതകളുമാണ് മനുഷ്യനെ നിയന്ത്രിക്കുന്നതെന്നും അബോധ (unconscious) മാണ് അതിനടിസ്ഥാനമെന്നും ഫ്രോയ്ഡ് മുതൽ ഇരിഗറെ വരെയുള്ള മനോവിശ്ലേഷകർ ചൂണ്ടിക്കാട്ടുന്നു. സമൂഹത്തിലെ പല തരത്തിലുള്ള വിലക്കുകളാണ് സ്വശരീരത്തെ അടിച്ചമർത്തലിന്റെ വേദിയാക്കി മാറ്റാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത്.

ഭൗതിക ശരീരത്തിലൂടെയാണ് സാമൂഹിക വിലക്കുകൾ (Social taboos) പ്രത്യക്ഷമായി തന്നെ രേഖപ്പെടുത്തപ്പെടുന്നത്. ഒരു അധികാരശക്തിയുടെ ശിക്ഷണത്തിലൂടെയാണ് മനുഷ്യർ സമൂഹജീവിയായി നിലനിൽക്കുന്നത്. ഈ ശിക്ഷണത്തിലൂടെ വ്യത്യസ്തമായ കർതൃത്വങ്ങൾ (Subject) രൂപംകൊള്ളുന്നു. അച്ചടക്കമുള്ള ശരീരങ്ങളാണ് നിയമവ്യവസ്ഥയ്ക്ക് ആവശ്യം. അല്ലെങ്കിൽ അത് അധികാരഘടനയ്ക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കും. ഫൂക്കോ തന്റെ പഠനങ്ങളിൽ കർതൃത്വ രൂപീകരണത്തെയും ശിക്ഷാവിധികളെയും സംബന്ധിച്ച ആലോചനകൾ അവതരിപ്പിക്കുന്നുണ്ട്. സമൂഹത്തിൽ അനുസരണയുള്ള പ്രജയെ

വാർത്തെടുക്കുന്നതിന് ആത്മീയമായ കാവൽ ആവശ്യമാണെന്ന് അദ്ദേഹം പറയുന്നു. അധികാരത്തിന്റെ സൂക്ഷ്മ ഭൗതികം (Micro-Physics) എന്നദ്ദേഹം അതിനെ വിശേഷിപ്പിക്കുന്നു. വ്യക്തികളുടെ മാനസികനിലയും ഭൗതികമായ പെരുമാറ്റഗുണങ്ങളും ഇത്തരം സൂക്ഷ്മമായ കാവലിലൂടെ പുതിയ കർതൃത്വമായി പരുവപ്പെടുന്നു. അതായത് സമൂഹത്തിലെ അനുസരണയുള്ളതും സ്വയം നിയന്ത്രിതവുമായ ശരീരമായി വ്യക്തി സ്വയം മാറുന്നു. "ശിക്ഷണമാണ് അപ്പോൾ ആധുനിക സമൂഹങ്ങളിൽ വ്യക്തികളെ ഉൽപ്പാദിപ്പിക്കുന്നത്. യുക്തി സഹമെന്ന് സമൂഹം കരുതുന്ന രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന നിയമബദ്ധ (normal) വ്യക്തികളെയാണ് ഫൂക്കോ വ്യക്തികളെന്നു വിളിക്കുന്നത്. വ്യക്തികളെ നിയമബദ്ധരായി നിബന്ധിക്കുന്ന പ്രക്രിയയാണ് ശിക്ഷണം. അധികാരത്തിന്റെ സമഗ്ര ദർശിയായ കാവലിലൂടെയും പര്യവേ ക്ഷണത്തിലൂടെയും പരീക്ഷകളിലൂടെയും പരീക്ഷണങ്ങളിലൂടെയും മറ്റും ആണ് സമൂഹം വ്യക്തിയെ നിയമബദ്ധരാക്കുന്നത്" (2002: 69). ഇത്തരം നിയമബ ന്ധനപ്രക്രിയയുടെ എല്ലാം ആധാരമായി നിലനിൽക്കുന്നത് ശരീരമാണ്. ഫൂക്കോയുടെ കാഴ്ചപ്പാടുകളെ പിൻപറ്റി ആൺ-പെൺ ലിംഗപദവിയെയും കർതൃത്വങ്ങളെയും സംബന്ധിച്ച ഫെമിനിസ്റ്റ് സമീപനങ്ങൾ വികസിച്ചിട്ടുണ്ട്. സമൂഹം നിലനിർത്തിയിരിക്കുന്ന ആൺ-പെൺ ഭാവങ്ങളെ സംബന്ധിച്ച ധാരണകൾ ശരീരത്തിൽ നിലനിർത്തുന്നതിലൂടെയും ആവർത്തിക്കുന്നതിലൂടെ യും ലിംഗപദവികളെ സംബന്ധിച്ച പാരമ്പര്യ ധാരണകൾ ഉറപ്പിക്കുകയാണ് ചെയ്യുന്നത്.

നിയമബന്ധരാക്കപ്പെട്ട മനുഷ്യർ അതിനതീതമായി പ്രവർത്തിക്കു കയാണെങ്കിൽ/നിയമ ലംഘകരോ/സമൂഹവിരുദ്ധരോ ആകുകയാണെ ങ്കിൽ അവയെ നിയന്ത്രിക്കുന്നതിനാണ് ശിക്ഷാവിധികൾ രൂപം കൊണ്ടത്. Discipline and Punishment എന്ന പുസ്തകത്തിൽ ഫൂക്കോ ശിക്ഷാവിധിക ളുടെ ചരിത്രവും പരിണാമവും അവലോകനം ചെയ്യുന്നുണ്ട്. കുറ്റവാളികളെ രണ്ടു തരം ദണ്ഡശാസനങ്ങൾക്കാണ് വിധേയരാക്കുന്നത്. ശരീര പീഡനവും ശിക്ഷണവും. പൈശാചിക/ഹിംസാത്മക ശരീരപീഡനങ്ങളിൽ നിന്ന് ദണ്ഡനം ശിക്ഷണത്തിലേക്ക് വഴി മാറി എന്നു അദ്ദേഹം പറയുന്നു. ഒരു വ്യക്തിയുടെ കുറ്റവാസനയെ മാറ്റിയെടുക്കുന്നതിന് ശരീരത്തെ ദണ്ഡിപ്പിക്കുക എന്നതാണ് തുടർന്നു വരുന്ന രീതി. "തടവറ ശരീരത്തെക്കുറിച്ച്, ആത്മത്തെ ക്കുറിച്ച് കുറച്ചുകൂടി ബോധമുണ്ടാക്കാനും സ്വന്തം ശരീരം എന്താണ്, അതെങ്ങ നെയാണ് ആവിഷ്കരിക്കേണ്ടത് തുടങ്ങിയ കാര്യങ്ങളെപ്പറ്റി ആലോചിക്കാനും

പ്രേരിപ്പിക്കുന്ന ഒന്നാണ്" (2018: 36) എന്ന ആലോചനയെ അടിസ്ഥാനമാക്കുമ്പോൾ കൊലപാതകം തുടങ്ങിയ ഹിംസാത്മക പ്രവർത്തികൾ നിയമവ്യവസ്ഥയ്ക്ക് എതിരും ഭീഷണിയുമായി നിലനിൽക്കുന്നതായി കാണാം. ശരീരത്തെ സംബന്ധിച്ച വ്യത്യസ്തമായ ഇത്തരം സമീപനങ്ങളിൽ ശരീരം എന്ന സങ്കല്പത്തിന്റെ സവിശേഷമായ പ്രവർത്തനമണ്ഡലത്തെ തിരിച്ചറിയാൻ കഴിയും. ജീവശാസ്ത്ര ശരീരത്തിൽ നിന്നും സാമൂഹികശരീരത്തിലേക്ക് മാറി വരുന്ന ഇത്തരം ആലോചനകൾ ശരീരത്തെ സംബന്ധിച്ച പുതിയ ആലോചനകൾക്ക് അടിത്തറയാകുന്നു. ഇതാണ് കുറ്റാന്വേഷണ സാഹിത്യത്തിലെ ശരീരമെന്ന സങ്കല്പത്തെ പ്രശ്നവത്കരിക്കാൻ പ്രേരിപ്പിക്കുന്ന ഘടകം.

## രണ്ട്

നിയമബദ്ധമായ സമൂഹത്തിൽ സൃഷ്ടിക്കുന്ന ഏതൊരു നിയമലംഘനത്തെയും ക്രൈം (crime) എന്നു നിർവ്വചിക്കാം. അത് മോഷണംമുതൽ കൊലപാതകം വരെയാകാം. ഇതിൽ ഭാഗഭാക്കാകുന്ന വ്യക്തി ശിക്ഷാനടപടിയ്ക്ക് വിധേയകണം. എക്കാലത്തും സമൂഹത്തിന്റെ ശ്രദ്ധയാകർഷിക്കുകയും അലോസരപ്പെടുത്തുകയും ചെയ്യുന്ന ഒന്നാണ് കുറ്റവാസന. മനുഷ്യാപഗ്രഥനത്തിലെ ഏറ്റവും നിഗൂഢമായ ഒന്നാണ് കുറ്റവാസനയെ സംബന്ധിച്ച അന്വേഷണങ്ങൾ. മാനസികവും സാമൂഹികവുമായ പല കാരണങ്ങളും കുറ്റവാസനയ്ക്ക് പിന്നിലുണ്ടാകാം. ജീവിതത്തിന്റെ അധോതലമെന്ന് വിശേഷിപ്പിക്കാവുന്ന ഇത്തരം ചെയ്തികൾ സർഗ്ഗാത്മക സാഹിത്യത്തിലും ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. നന്മ തിന്മകളെ സംബന്ധിച്ചും ശരി-തെറ്റുകളെ സംബന്ധിച്ചും ഉള്ള ദാർശനികമായ ഉൾക്കാഴ്ചകളെ വിശദീകരിക്കാനുള്ള ഒരു അനുഭവ ലോകമായാണ് കുറ്റവാസനകൾ കൃതികളിൽ ആവിഷ്കരിക്കപ്പെട്ടത്.

മനുഷ്യന്റെ ആകാംക്ഷ എന്ന ജൈവവാസന ക്രൈമിന്റെ ആന്തരലോകത്തെ സൂക്ഷ്മമായി അറിയുന്നതിന് എന്നും ഉത്സുകമായിരിക്കും. അത് സാഹിത്യത്തിലും പ്രതിഫലിച്ചു. അതാണ് "കുറ്റകൃത്യങ്ങളെ കേന്ദ്രസ്ഥാനത്തു നിറുത്തി, കുറ്റകൃത്യത്തിനു വിധേയരായിത്തീരുന്നവരേയും കുറ്റം ചെയ്യുന്നവരെയും കുറ്റാന്വേഷകരെയും കഥാപാത്രങ്ങളാക്കിക്കൊണ്ടു രചിക്കപ്പെടുന്ന കഥകൾ കുറ്റാന്വേഷണ കഥകൾ എന്ന പേരിൽ സാഹിത്യത്തിൽ അറിയപ്പെടുന്നത്" (2019: 3). ആർതർ കോനൻ ഡോയൽ, അഗതാക്രിസ്റ്റി തുടങ്ങിയ പ്രഗത്ഭരായ കുറ്റാന്വേഷണസാഹിത്യ എഴുത്തുകാരും ഉണ്ടായി. മലയാളസാഹിത്യത്തിലും കുറ്റാന്വേഷണ കൃതികൾ വളരെയധികം ഉണ്ടായിട്ടുണ്ട്. ഒരു തരം പൾപ്പ്ഫിക്ഷൻ എന്നതിൽ കവിഞ്ഞ് കുറ്റാന്വേഷണ കൃതികൾക്കുള്ള ആന്തരികമായ

സവിശേഷതലങ്ങളെ നാം തിരിച്ചറിയേണ്ടതുണ്ട്. മനുഷ്യന്റെ അധമവും അധോമുഖവുമായ വിചാരലോകങ്ങളുടെ ആവിഷ്കരണങ്ങളുടെ തുറസ്സാണ് കുറ്റാന്വേഷണ കൃതികൾ. കുറ്റവാസനയിൽ ഏറ്റവും അധമമെന്നോ നിഷ്ഠുരമെന്നോ കരുതാവുന്ന ഒന്നാണ് കൊലപാതകം. ക്രൈംത്രില്ലറുകൾ മിക്കവാറും കൊലപാതകത്തെ കേന്ദ്രീകരിച്ച് തന്നെയാണ് വികസിക്കുന്നത്. ഇത്തരം കൃതികളിൽ ശരീരം എന്ന സങ്കല്പം എങ്ങനെയാണ് പരിചരിക്കപ്പെടുന്നത് എന്ന അന്വേഷണം ശരീരത്തെ സംബന്ധിച്ച് നിലനിൽക്കുന്ന ധാരണകളുടെ പ്രശ്നവത്കരണം കൂടിയാണ്.

## മൂന്ന്

മനുഷ്യജീവിതത്തിന്റെ നിഗൂഢവും അധോമുഖവുമായ അനുഭവമണ്ഡലങ്ങൾ കുറ്റാന്വേഷണ സാഹിത്യരൂപത്തിൽ മലയാളത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇന്നും ആ സാഹിത്യമേഖല സജീവമായി നിലനിൽക്കുന്നുമുണ്ട്. നിരവധി കുറ്റാന്വേഷണ കൃതികൾ വിവർത്തനം ചെയ്യപ്പെടുന്നുമുണ്ട്. എങ്കിലും "ജനപ്രിയനോവലിന്റെ നിലവാരം കുറഞ്ഞ ഒരു ഗണമായി മാത്രമേ ഹൊറർ, ഹിസ്റ്റോറിക്കൽ റൊമാൻസ്, ത്രില്ലർ സ്വഭാവങ്ങൾ പേറിയ ഇത്തരം കൃതികൾ കണക്കാക്കപ്പെട്ടുള്ളൂ. അറുപതുകളിലാരംഭിക്കുന്ന മലയാളത്തിലെ കുറ്റാന്വേഷണനോവലുകളുടെ സ്ഥിതിയും തുടക്കത്തിൽ ഭിന്നമായിരുന്നില്ല" (2013: 104) എന്ന് ഷാജി ജേക്കബ് അഭിപ്രായപ്പെടുന്നു. അപ്പൻ തമ്പുരാനിൽ ആരംഭിക്കുകയും കോട്ടയം പുഷ്പനാഥ്, ബാറ്റൺ ബോസ് എന്നിവരിലൂടെ തുടർന്നു പോരുകയും ചെയ്ത അപസർപ്പകസാഹിത്യ പാരമ്പര്യം വളർന്നു. ശാസ്ത്രീയ യുക്തികളുടെയും ഫോറൻസിക് സയൻസിന്റെയും സാങ്കേതികതയുടെയും പിൻബലത്തിൽ സമകാലിക മലയാള സാഹിത്യത്തിൽ നിരവധി കുറ്റാന്വേഷണകൃതികൾ രൂപംകൊള്ളുന്നുണ്ട്. സമകാലിക എഴുത്തുകാരിയായ ശ്രീപാർവ്വതി കൊലപാതക പരമ്പരയെ കേന്ദ്രമാക്കി രചിച്ച കുറ്റാന്വേഷണ കൃതിയാണ് പോയട്രി കില്ലർ (2020). സ്ത്രീകളുടെ വലിയൊരു നിര ഇപ്പോൾ മലയാളത്തിൽ കുറ്റാന്വേഷണകൃതികളെഴുതുന്നുണ്ട്. ആഖ്യാന പരീക്ഷണങ്ങൾ, പ്രമേയ സ്വീകരണം തുടങ്ങിയ പതിവു പഠന സമീപനങ്ങളിൽ നിന്നും കുറ്റാന്വേഷണസാഹിത്യവും മാറേണ്ടതുണ്ട്. അനുവാചകനെ ത്രില്ലടിപ്പിക്കുന്ന എന്നതിനുപരി സാമൂഹികജീവിതത്തിന്റെയും മാനസികാനുഭവങ്ങളെയും വൈചിത്ര്യങ്ങളെയും ആന്തരവത്കരിക്കുന്നവയാണ് ഇത്തരം അധോസാഹിത്യങ്ങൾ. അതിനാൽ കുറ്റവാസനയുടെ കേന്ദ്രസ്ഥാനത്തു നിൽക്കുന്ന

മനുഷ്യ ശരീരത്തെ എങ്ങനെയാണ് ഒരു കുറ്റാന്വേഷണ കൃതി പരിചരിക്കുന്നത് എന്ന് വിശകലനം ചെയ്യാനുള്ള ശ്രമമാണ് ഈ പ്രബന്ധം.

## നാല്

ശരീരമെന്നത് കുറ്റാന്വേഷണസാഹിത്യത്തിൽ മിക്കവാറും മെറ്റീരിയലായ അനുഭവമാണ്. അതിന്റെ കേന്ദ്രം കൊലപാതകം (murder) ആണെങ്കിൽ പ്രത്യേകിച്ചും. കുറ്റാന്വേഷണത്തെ ത്വരിതപ്പെടുത്തുന്ന ഏകതെളിവും നശിപ്പിക്കപ്പെട്ട ശരീരവും അതിന്റെ ചുറ്റുപാടുമാണ്. ക്രിമിനോളജിയിൽ ഭൗതികമായ ശരീരത്തെ ആസ്പദമാക്കി ലഭ്യമാകുന്ന തെളിവുകളിലൂടെ കൊലപാതകത്തിന്റെ കാരണത്തിലേക്കും കൊലപാതകിയിലേക്കും ഒരു അന്വേഷക/ൻ എത്തിച്ചേരുന്നു. കുറ്റാന്വേഷണത്തിന്റെ ഈ രീതി ശാസ്ത്രത്തെ പൂർണ്ണമായും മുഖവിലയ്ക്ക് എടുത്തു കൊണ്ട് രചിച്ച കൃതിയാണ് പൊയടി കില്ലർ.

> ഒരു കുറ്റം→അതിന്റെ നിഗൂഢത അന്വേഷിക്കാൻ വരുന്ന
> അന്വേഷകൻ→ അവസാനം വരെ നിഗൂഢത നിലനിർത്തി
> ക്കൊണ്ടുള്ള അന്വേഷണം→കൊലപാതകിയെ കണ്ടെത്തൽ.

കുറ്റാന്വേഷണത്തിന്റെ രീതിശാസ്ത്രത്തെ അതേപടി ഉൾക്കൊണ്ടു കൊണ്ട് സിനിമാറ്റിക് ശൈലിയിൽ അന്വേഷകന്റെ വീക്ഷണകോണിൽ രചിച്ചതാണ് ഈ കൃതിയെന്ന് എഴുത്തുകാരി പറയുന്നുണ്ട്.

മനോഹരമായ കവിതകൾ മാത്രം അവശേഷിപ്പിച്ചു കൊണ്ട് നഗരത്തിൽ അരങ്ങേറുന്ന കൊലപാതക പരമ്പര, എഴുത്തുകാർ മാത്രം കൊല്ലപ്പെടുന്ന ഈ സീരിയൽ കില്ലിംങ്ങിന്റെ രഹസ്യം തേടുന്ന സമർത്ഥനായ പോലീസ് ഉദ്യോഗസ്ഥൻ ഇതാണ് പോയടി കില്ലറിന്റെ പ്രതിപാദ്യത്തിന്റെ സംക്ഷിപ്തം. വായനക്കാരന്റെ ഉദ്വേഗത്തെ വളർത്താനും അതിനു പര്യാപ്തമായ വിധത്തിൽ ദിനക്കുറിപ്പുകൾ, ഇന്റർവ്യൂകൾ, പത്രസമ്മേളനം തുടങ്ങിയ വ്യത്യസ്ത വ്യവഹാരങ്ങളെ കോർത്തിണക്കിയ ആഖ്യാനതന്ത്രമാണ് നോവലിന്റേത്. കൊലപാതകം, അതിന്റെ തെളിവുശേഖരണം, കൊലപാതകിയെ കണ്ടെത്തൽ എന്നിവ കേന്ദ്രീകരിച്ചുള്ള വായനകളിലേക്ക് ന്യൂനീകരിക്കേണ്ട മേഖലയല്ല കുറ്റാന്വേഷണസാഹിത്യം എന്ന ധാരണയെ മുൻ നിർത്തിയാണ് ഈ പ്രബന്ധം വികസിപ്പിക്കാൻ ശ്രമിക്കുന്നത്. മാനസികാപഗ്രഥനത്തിന്റെയും സാമൂഹികവിശകലനത്തിന്റെയും ജ്ഞാനമണ്ഡലങ്ങളിൽവെച്ച് അനാവരണം ചെയ്യേണ്ട വിഷയങ്ങളാണ് ഒരു കുറ്റാന്വേഷണ കൃതിയുടെ പ്രമേയം. അത് ആഖ്യാനത്തിന്റെ ത്രില്ലർ സ്വഭാവത്തിൽ മാത്രം കേന്ദ്രീകരിക്കേണ്ട ഒന്നല്ല.

മനുഷ്യന്റെ ഏറ്റവും അധമമായ വാസനകളെ സവിശേഷ സ്ഥാനത്ത് നിർത്തുന്ന ഒരു വ്യവഹാരമെന്ന നിലയിൽ കുറ്റാന്വേഷണസാഹിത്യത്തിന്റെ കേന്ദ്രത്തിലേക്ക് വരുന്ന ശരീരത്തെ സംബന്ധിക്കുന്ന ആലോചനകളെ പ്രശ്നവത്കരിക്കാനുള്ള ശ്രമം കൂടിയാണിത്.

### അഞ്ച്

ശരീരം എന്ന സങ്കല്പം പോയടി കില്ലറിൽ മൂന്നുതരത്തിലാണ് ആവിഷ്കരിപ്പെട്ടിരിക്കുന്നത്.

1. നശിപ്പിക്കപ്പെട്ട ശരീരം (Exploited body)
2. നിയന്ത്രിത ശരീരം (Controlled body)
3 ആക്രമണോത്സുക ശരീരം (Aggressive body)

ജൈവശാസ്ത്രപരമായ ഒരു തെളിവാണ് കുറ്റാന്വേഷണകൃതിയെ സംബന്ധിച്ച് ഒരു മൃതശരീരം. അതിന്റെ ശാസ്ത്രീയമായ പ്രതിനിധാനം പോസ്റ്റ്മോർട്ടം ടേബിളിന്റെ കാഴ്ചകളിലൂടെ എഴുത്തുകാരി അവതരിപ്പിക്കുന്നുണ്ട്. മറ്റു സാഹിത്യ വ്യവഹാരങ്ങളിൽനിന്നും വ്യത്യസ്തമായി ഭൗതികശരീരത്തിന്റെ മെറ്റീരിയലായ പ്രദർശിപ്പിക്കൽ സിനിമാറ്റിക്കലായ അനുഭവം തന്നെയാണ് വായനക്കാർക്ക് നൽകുന്നത്. ഭൗതികശരീരത്തിന്റെ നിരർത്ഥകത പോസ്റ്റ്മോർട്ടം ടേബിളുകൾക്ക് മാത്രമാണ് തിരിച്ചറിയാൻ കഴിയുന്നതെന്ന ആലോചന ഇവിടെ പ്രധാനമാണ്. കാരണം "നമ്മുടെ ശരീരത്തെ നാമാരും ഒരു വസ്തുവായി കണക്കാക്കാറില്ല. ഒരുസ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് എത്തിക്കേണ്ട നമ്മിൽ നിന്ന് വേറിട്ട് നിൽക്കുന്ന ഒന്നായി നമ്മുടെ ശരീരം നമുക്കനുഭവപ്പെടാറില്ല. നമ്മുടെ ബോധപൂർവ്വമായ നിയന്ത്രണങ്ങൾക്കപ്പുറം, നമ്മോടൊപ്പം ഏകാത്മകമായി പ്രവർത്തിക്കുന്ന ശരീരമാണ് നമ്മുടേത്" (ശ്രീപാർവ്വതി, 2018: 66).

ചികിത്സകനും ക്രിമിനോളജിസ്റ്റും കുറ്റാന്വേഷകനും ശരീരത്തെ വസ്തുവായാണ് കാണുന്നത്. മരണകാരണം കണ്ടെത്തുന്നതിന് തീർച്ചയായും ശരീരത്തെ വസ്തുവായി കണ്ടേ മതിയാകൂ. ഒരു മൃതശരീരം എന്നതിലുപരി പോയടി കില്ലറിൽ ശവശരീരം കൊലപാതകി ക്രമീകരിച്ച് പ്രദർശിപ്പിച്ച രീതി (placement of deadbody) യാണ് പ്രധാനമായി നിലനിൽക്കുന്നത്. ക്രിമിനോളജിയിലും അത് പ്രധാനപ്പെട്ട ഒരു ഘടകം തന്നെയാണ്. നഗ്നമാക്കപ്പെട്ട മൃതശരീരം പ്രതിനിധാനം ചെയ്യുന്നത് എന്താണ് ? നഗ്നത (nudity) എന്നത് കാമശാസ്ത്രപരമായി ലൈംഗിക ഇച്ഛകളെ പ്രതിനിധാനം ചെയ്യുന്ന ഒന്നാണ്. പൊതുവിടത്ത് നഗ്നമായി ഉപേക്ഷിക്കപ്പെട്ട മൃതശരീരം കൂടെ

ഒരു തുണ്ടു കടലാസിൽ നാലുവരി കവിതയും എന്ന വിചിത്രമായ ഭാവന മനുഷ്യമനസ്സിന്റെ അടിത്തട്ടിൽ അടിച്ചമർത്തപ്പെട്ടു പോയ വൈകാരികവിക്ഷോഭത്തിന്റെ സൂചകമായി മാറുന്നു. കവിതകളെ ഒരുപാട് സ്നേഹിക്കുന്ന സാധാരണകുടുംബത്തിലെ മാലതി എന്ന ബിരുദധാരിയായ പെൺകുട്ടിയെ ഒരു ഹോട്ടലിൽവെച്ച് സമൂഹത്തിലെ ഉന്നതരായ സാഹിത്യകാരന്മാരും ചില വ്യക്തികളും ചേർന്ന് ലൈംഗികമായി ഉപദ്രവിക്കുന്നു. കൂടെ ജോലിചെയ്യുന്ന പെൺകുട്ടിപോലും അവളെ ആ അവസരത്തിൽ രക്ഷിക്കാൻ മുതിരുന്നില്ല. മാനസികമായി തകർന്നെങ്കിലും ഇച്ഛാശക്തികൊണ്ട് അവൾ പിടിച്ചുനിൽക്കാൻ ശ്രമിക്കുന്നു. അതിനിടെ മാതാപിതാക്കൾ മരിച്ചെങ്കിലും തന്റെ സഹോദരങ്ങൾക്കു വേണ്ടി ജീവിക്കണം എന്നും അവൾ ഉറപ്പിക്കുന്നു. എന്നാൽ താൻ ഗർഭിണിയാണെന്നു തിരിച്ചറിയുന്നതോടെ അവൾ ആത്മഹത്യചെയ്യുന്നു. ശേഷിച്ച അവളുടെ സഹോദരനും സഹോദരിയും നാടുവിടുകയും കുടുംബം ശിഥിലമായിത്തീരുകയും ചെയ്യുന്നു. ഇതിന്റെ പ്രതികാരമായാണ് അവളുടെ സഹോദരിയായ ആമില എന്ന പെൺകുട്ടി കുറ്റവാളികളെ തെരഞ്ഞെടുപിടിച്ച് കൊലപ്പെടുത്തുന്നത്. മരണം മാത്രമല്ല ഒരു ശരീരത്തെ നശിപ്പിക്കുന്നത്. മറ്റൊരു ശരീരത്തിനു മേലുള്ള ഹിംസാത്മകമായ ഏതൊരു കടന്നു കയറ്റവും ഭൗതികവും മാനസികവുമായ നശീകരണമാണ്.

പ്രത്യേകരീതിയിലാണ് ആമില കൊലപാതകങ്ങൾ ചെയ്യുന്നത്. കൊലപാതകത്തെ തുടർന്നു ആമില ശരീരങ്ങൾ ഓരോസ്ഥലത്തായി ഉപേക്ഷിക്കുന്നു. കൊലപ്പെടുത്തിയ ഓരോ ശരീരങ്ങളും നഗ്നമായി ഉപേക്ഷിക്കുന്നതിനൊപ്പം ഓരോ കവിതാശകലങ്ങളും അവയോടൊപ്പം എഴുതിവച്ചു. ഹിംസാത്മകമായ പ്രവർത്തിയായിരിക്കുമ്പോഴും അതിനെ സർഗ്ഗാത്മകമായി കൂടി പ്രതീകവത്കരിച്ചിരിക്കുന്നു. തന്റെ ചേച്ചിയുടെ ശരീരത്തോട് അവർ പ്രകടിപ്പിച്ച അത്യാസക്തിയോടുള്ള പ്രതിഷേധമാണ് പൂർണ്ണ നഗ്നമായ ശവശരീരങ്ങൾ. ശരീരം എന്നത് അത്രയും സ്വകാര്യമാണെന്ന യുക്തിയെ മറന്നുകളയുകയും അതിക്രൂരമായി ഒരു ജീവിതം തച്ചുതകർത്ത കുറ്റവാളികളെ ഒരു കറുത്ത ഹാസ്യംപോലെ പൊതുയിടത്ത് പ്രദർശിപ്പിക്കുകയും ചെയ്യുന്നു. സ്ത്രീയെ ഭോഗവസ്തു മാത്രമായി കാണുന്ന പുരുഷാധിപത്യവ്യവസ്ഥിതിക്കെതിരെയുള്ള പ്രതിഷേധമാണിത്. പുരുഷാധിപത്യവ്യവസ്ഥിതി എന്നാൽ അതു സമൂഹത്തിന്റെ അബോധത്തിലേക്ക് ആഴ്ന്നു പോയ യുക്തിയാണെന്ന് വീണയെന്ന പെൺകുട്ടിയുടെ മനോഭാവം പ്രകടമാക്കുന്നുണ്ട്. തന്റെ സുഹൃത്തായ പെൺകുട്ടിയ്ക്ക് മറ്റുള്ളവരിൽ നിന്ന് ബലാൽക്കാരം ഏൽക്കേണ്ടി വരുമ്പോഴും അത്

മറച്ചു വെക്കാനും സ്വാഭാവികമെന്ന പോലെ പെരുമാറാനും വീണ ശ്രമിക്കുന്നു. സമൂഹം ഇന്നും സ്ത്രീ ശരീരത്തെ വസ്തു മാത്രമായി പരിഗണിക്കുന്നു വസ്തുത ഇവിടെ അടിവരയിട്ടുറപ്പിക്കുകയാണ് എഴുത്തുകാരി. അതുകൊണ്ട് വീണ എന്ന പെൺകുട്ടിയുടെ ശവശരീരത്തിൽ നിന്ന് വസ്ത്രങ്ങൾ അഴിച്ചു മാറ്റാതിരുന്നത്. “വീണ, അവളുടെ വസ്ത്രം പറിച്ചെറിയാത്തതിൽ എല്ലാവർക്കും ദേഷ്യം കാണും, പക്ഷേ മനപ്പൂർവ്വമാ. ഒരു പെണ്ണിന്റെ നഗ്നത കണ്ട് അങ്ങനെ എല്ലാവരും അവളെ ആഘോഷിക്കേണ്ട, അങ്ങനെ കൊണ്ടാടേണ്ടുന്ന ഒരുത്തിയല്ല അവൾ. അവൾക്ക് എന്റെ ചേച്ചിയെ രക്ഷിക്കാമായിരുന്നു” (2020: 119). മാനുഷികമൂല്യങ്ങൾക്ക് വില കൊടുക്കാത്ത ഏതു ലിംഗത്തിൽ പെട്ടവരെയും കുറ്റവാളികളായി മാത്രമേ പരിഗണിക്കേണ്ടതുള്ളൂ എന്ന് എഴുത്തുകാരി ഇതിലൂടെ സൂചിപ്പിക്കുന്നു.

ആറ്

മനുഷ്യൻ സാമൂഹികാധികാര ഘടനകളാൽ നിയന്ത്രിക്കപ്പെടുന്ന ശരീരമാണ്. സ്കൂൾ, പോലീസ് സ്റ്റേഷൻ, ഭരണകൂടം, കുടുംബം, മതസ്ഥാപനങ്ങൾ തുടങ്ങിയ മനുഷ്യരെ അനുസരണയുള്ളവരാക്കി തീർക്കുകയാണ് ചെയ്യുന്നത്. സ്വയം അച്ചടക്കം പാലിക്കാനുള്ള സവിശേഷമായ ധാരണ അത് രൂപപ്പെടുത്തിയെടുക്കുന്നു. ഇതിലെ ഡെറിക് എന്ന അന്വേഷണ ഉദ്യോഗസ്ഥൻ ഇത്തരമൊരു നിയന്ത്രിത ശരീരമാണ്. ഒരധികാരസ്ഥാപനത്തിന്റെ പ്രതിനിധി എന്നതു പോലെ സാമൂഹികനിയന്ത്രണത്തിന് വിധേയനായ ഒരു സാമൂഹിക ജീവി കൂടിയാണ്. സാമൂഹികവിരുദ്ധമായ ചെയ്തികളെ തടയുന്നതിനായുള്ള ശിക്ഷണം ലഭിച്ച വ്യക്തി എന്ന നിലയിൽ അദ്ദേഹത്തിന്റെ ശരീര ഭാഷ കൂടി അത്തരത്തിൽ മെരുക്കപ്പെട്ടിരിക്കുന്നു. കേസന്വേഷണത്തിന്റെ പലഘട്ടങ്ങളിലും ഡെറിക് പല തരത്തിലുള്ള സംഘർഷങ്ങൾക്ക് ഉള്ളിലാണ്. സംഘർഭരിതമായ ഈ നിയന്ത്രണങ്ങൾക്ക് ബദൽ എന്ന നിലയിലാണ് മായ എന്ന എഴുത്തുകാരിയുമായി ഡെറിക് സൂക്ഷിക്കുന്ന സൗഹൃദവും പ്രണയവും പ്രവർത്തിക്കുന്നത്. ഏതൊരു വ്യക്തിയും സമൂഹികാധികാര ഘടനയുടെ നിരീക്ഷണങ്ങൾക്ക് ഉള്ളിലാണ് സദാചാരപരവും നന്മ-തിന്മ സകല്പങ്ങളും സമൂഹത്തിലുണ്ട്. ഇവയ്ക്കപ്പുറമുള്ള സ്വാതന്ത്ര്യവും സ്വാച്ഛന്ദ്യവും ഏതൊരു മനുഷ്യന്റെയും കാമനയാണ്.

ഡെറിക്-മായ എന്നിവരുടെ സ്വതന്ത്രമായ ഒരു പ്രണയബന്ധത്തിന്റെ സാന്നിധ്യം നോവലിലെമ്പാടും ചിതറിക്കിടക്കുന്നുണ്ട്. ലൈംഗികത എന്നത് ജാതീയവും മതപരവും ലിംഗപരവുമായ മേൽ കീഴകൾ ഇല്ലാത്ത സ്വതന്ത്രമായ

സർഗ്ഗാത്മക രൂപകമാണെന്ന ചിന്ത ബലപ്പെടുത്താനുള്ള ശ്രമം നോവലിസ്റ്റ് ആദ്യംമുതൽതന്നെ നടത്തുന്നു. ലൈംഗിക വ്യതിയാനമെന്നു പൊതുസമൂഹം വിലയിരുത്തുന്ന അഗമ്യഗമനത്തെ ലൈംഗികസ്വാതന്ത്ര്യത്തിന്റെ ജനാധിപത്യപരമായ നോട്ടമായാണ് നോവൽ വിലയിരുത്തുന്നത്. വളരെ സ്വകാര്യമായി സൂക്ഷിക്കപ്പെടുന്ന ഈ ബന്ധം സ്വാതന്ത്ര്യത്തിന്റെ യാഥാസ്ഥിതിക ധാരണകളെ അട്ടിമറിക്കാൻ ശമിക്കുമ്പോഴും ഒരു ഉട്ടോപ്യൻ ആശയമായി മാറുന്നു. നിയന്ത്രിക്കപ്പെട്ട ശരീരങ്ങളും മൂല്യ സങ്കല്പങ്ങളുമാണ് ഇപ്പോഴും സമൂഹത്തിലുള്ളത്. അതിപ്പോഴും ഖനീകൃതാവസ്ഥയിൽ തന്നെയാണ്. കുടുംബസ്ഥനായ ഒരാളുടെ അഗമ്യമായ മറ്റൊരു സൗഹൃദം ഇപ്പോഴും സമൂഹത്തിനു മുന്നിൽ ലൈംഗികതയുടെ പരിസ്ഫുരണം മാത്രമായാണ് കണക്കാക്കപ്പെടുന്നത്. പോലീസ് എന്ന സ്ഥാപനത്തിന്റെ ഒരു പ്രജയും ഒരു വിശ്വസ്തനായ ഭർത്താവും എന്ന ഐഡന്റിറ്റിയാണ് സമൂഹത്തിനു മുന്നിൽ ഡെറിക്കിനുള്ളത്. ആ അധികാരക്രമങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ശരീരത്തിന്റെയും മനസ്സിന്റെയും ഭിന്നഭാവനകൾ ഏകോപ്പിക്കാനുള്ള ആഗ്രഹം മാത്രമായി ഇവിടെ ഡെറിക്-മായ എന്നിവരുടെ ശരീരങ്ങൾ രൂപപ്പെടുന്നു. പ്രത്യക്ഷശരീരങ്ങളെ മറികടന്നു നിൽക്കുന്ന ഇച്ഛാശക്തിയുടെ സാധ്യതയായി പ്രണയത്തെ ചിട്ടപ്പെടുത്താനാണ് നോവലിസ്റ്റ് ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ മായ എന്ന കഥാപാത്രത്തെ കുറച്ചു നിഗൂഢവത്കരിക്കാനും സ്വതന്ത്രയാക്കാനും നോവലിസ്റ്റ് ശ്രമിച്ചിരിക്കുന്നു. ലൈംഗിക ജീവിതവും പ്രേമ ബന്ധവും തന്റേതായ താൽപര്യത്തിൽ തെരഞ്ഞെടുത്ത സ്വതന്ത്രയായ സ്ത്രീ. അവഗണനയും പീഢനവും വിധിയായി കരുതുന്ന പരമ്പരാഗത സ്ത്രീ നോട്ടങ്ങളുടെ നേർക്കുള്ള ബദലായി മായയെ വായിച്ചെടുക്കാം. അതേ സമയം സ്ത്രീ പുരുഷ ശരീരങ്ങൾക്ക് സമൂഹം ഏർപ്പെടുത്തിയ നിയന്ത്രണരേഖകളുടെ പൊളിച്ചെഴുത്തു കൂടിയായി ഇവ വായിക്കപ്പെടണം.

## ഏഴ്

എപ്പോഴും നിയന്ത്രണങ്ങളാലും വിലക്കുകളാലും മെരുക്കപ്പെട്ടതുമായ ഒന്നായാണ് ശരീരത്തെ സംബന്ധിച്ച ആലോചനകൾ വികസിക്കുന്നത്. ഈ മെരുക്കപ്പെടലിനും അപ്പുറം ആക്രമണോത്സുകമായി നിലനിൽക്കുന്ന ഒരു ശരീരമുണ്ട്. മാനസികവും ഭൗതികവുമായ കാരണങ്ങൾ കൊണ്ട് നിയന്ത്രിക്കപ്പെടാൻ സാധിക്കാത്ത മനുഷ്യരാണവർ. അതിൽ ഒന്നാമത്തെ വിഭാഗം ജീവശാസ്ത്രപരമായ ന്യൂനതകളിലൂടെ മാനസിക വിഭ്രാന്തി അനുഭവിക്കുന്ന രോഗികളാണ്. ഇവർ പലസന്ദർഭങ്ങളിലും മറ്റൊരു ശരീരത്തെ

ഇല്ലാതാക്കുന്നതിലും ഹിംസിക്കുന്നതിലും കാരണഭൂതരാകുന്നു. മാനസികപ്രശ്നങ്ങൾ പലപ്പോഴും ഇത്തരം വ്യക്തികളെ കുറ്റകൃത്യങ്ങൾക്ക് പ്രേരിപ്പിക്കുന്നു. കുറ്റാന്വേഷണത്തെ സംബന്ധിച്ച് ബോധപൂർവ്വമോ അല്ലാതെയോ കുറ്റകൃത്യത്തിൽ ഏർപ്പെട്ടാൽ അവർ തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റവാളി തന്നെ ആയിരിക്കും. അതിന്റെ കാരണങ്ങൾ വസ്തുനിഷ്ഠമായി അവതരിപ്പിക്കുക എന്നതിലുപരിയായി കുറ്റകൃത്യം നടക്കുന്നതിനു പിന്നിലുണ്ടായ ചേതോവികാരങ്ങൾ അന്വേഷകനെ സ്വാധീനിക്കാൻ പാടില്ല. കുറ്റകൃത്യത്തിൽ പങ്കെടുക്കുന്ന വ്യക്തിയെയാണ് ഇവിടെ ആക്രമണോത്സുക ശരീരം (Aggressive body) എന്നു സൂചിപ്പിക്കുന്നത്.

പോയടി കില്ലറിൽ ആമില എന്ന കൊലയാളി തന്റെ ശരീരത്തെ തന്നെയാണ് ആയുധമായി സ്വീകരിക്കുന്നത്. അതിന് അവൾ തന്റെ ശരീരത്തെ ആദ്യംതന്നെ സാംസ്കാരികമൂലധനമായി പരുവപ്പെടുത്തുകയാണ് ചെയ്യുന്നത്. തന്റെ ആക്രമണോത്സുകമായ മനസ്സിനെ ബൗദ്ധികമായ ആലോചനകളിലൂടെ ക്രമീകരിച്ച് കൃത്യസമയത്ത് പ്രയോഗിക്കുകയാണ് അവൾ ചെയ്യുന്നത്. തന്റെ ഇരകളിലേക്ക് എത്താൻ സമൂഹത്തിൽ ഒരു പദവി ആമിലയ്ക്ക് അനിവാര്യമായിരുന്നു. അതിനുള്ള വഴി എന്ന നിലയിൽ പത്രപ്രവർത്തനരംഗം പോലും തെരഞ്ഞെടുക്കുന്നത്. ഡെറിക് മായയിൽ നിന്ന് മൊഴിയെടുക്കുന്ന സന്ദർഭത്തിൽ "പത്രപ്രവർത്തകയുടെ ടാഗ് ഉണ്ടായാൽ ഇതാണ് സാറേ ഗുണം, ആരാണ് നീ എന്നാരും ചോദിക്കില്ല, പലപ്പോഴും മോഹിപ്പിച്ച് നിർത്തിയിരുന്നവർ ഒരു വിളിക്ക് കൂടെ ഇറങ്ങി വരും" (2020: 119) എന്നു പറയുന്നുണ്ട്. തന്റെ പ്രവർത്തനരംഗത്തിന്റെ ശക്തിയെയും ആകും വിധം അവൾ ഉപയോഗിക്കുന്നു. ഒരു മടിയുംകൂടാതെ തനിക്കൊപ്പം തന്റെ ശരീരത്തിന്റെ ആകർഷകത്വം കൊണ്ട് കുറ്റവാളികളെ കൊണ്ടുവരാനും നശിപ്പിക്കാനും ഉള്ള തന്റേടം അവൾ രൂപപ്പെടുത്തുകയും ചെയ്തു. ഒരു എഴുത്തുകാരിയുടെ സർഗ്ഗ പ്രക്രിയയുടെ അമൂർത്തമായ പ്രതിരോധ തന്ത്രമായി ഇവിടെ ശരീരം മാറുകയാണ്.

ഡെറിക് എന്ന പോലീസ് ഉദ്യോഗസ്ഥൻ കൊലപാതകത്തിൽ ആമിലയുടെ സഹോദരന്റെ സാന്നിധ്യത്തെക്കുറിച്ച് അന്വേഷിക്കുമ്പോൾ ആമിലയുടെ മറുപടി "ഞാനൊരു പെണ്ണായതു കൊണ്ടല്ലേ സാറെന്നോട് ഈ ചോദ്യം ചോദിച്ചത്? ഞാനൊറ്റയ്ക്കാണ് എല്ലാം, പെണ്ണിനു ബലം മനസ്സാണ് സാർ. കഴിഞ്ഞ മൂന്നു വർഷമായി ജൂഡോ പഠിക്കുന്ന ശരീരമാണ് എന്റേത്. മനസ്സാണ് ആദ്യം വഴങ്ങേണ്ടത്, ശരീരം പിന്നെ ഏതു ഭാരവും താങ്ങിക്കോളും." (2020: 118)എന്നാണ്. എന്തുകൊണ്ടാണ് ഒരു വ്യക്തി ക്രൈമിൽ ഏർപ്പെടുന്നത് എന്നതിനെ സംബന്ധിച്ച് Crime Psychology എന്ന ഗ്രന്ഥത്തിൽ പർമാറും

തപാരിയയും കൃത്യമായി സൂചന നൽകുന്നു. ഒരു വ്യക്തി തന്റെ ചുറ്റുപാടുകളിൽ നിന്നും അനുഭവിക്കേണ്ടി വരുന്ന മാനസികമായ ബുദ്ധിമുട്ടിൽ (strain)[2] നിന്നു രക്ഷനേടുന്നതിനു വേണ്ടി ക്രൈം ചെയ്യാൻ തയ്യാറാകുന്നു. സ്റ്റെയിൻ തിയറി പ്രകാരം ശരീരമെന്നതു പോലെ മനസ്സും ക്രൈം ചെയ്യുന്നതിൽ ഭാഗഭാക്കാകുന്നു. ഇവിടെ ആമിലയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനമായിരുന്ന കുടുംബം ആണ് നഷ്ടപ്പെട്ടത്. ഈ നഷ്ടപ്പെടലിന്റെ ആഘാതമാണ് അവളെ ഈ കൊലപാതകത്തിനു പ്രേരിപ്പിക്കുന്നത്. നിയമവ്യവസ്ഥകളൊന്നും നിരാലംബരായ ആ കുട്ടികൾക്ക് ആശ്രയമായില്ല. ഈ സവിശേഷ സാഹചര്യമാണ് നിയന്ത്രിത ശരീരത്തിൽ നിന്ന് ആക്രമണോത്സുകമായ ശരീരത്തിലേക്ക് ആമിലയെ മാറ്റിയത്. സ്ത്രീയുടെ മനസ്സ് ചഞ്ചലമാണ്, അത് അവളുടെ ബലഹീനതയാണ് എന്ന പൊതുധാരണ സമൂഹത്തിനുണ്ട്. എന്നാൽ പുരുഷാധിപത്യസംസ്കാരം ഇത്തരംധാരണകളെ തങ്ങളുടെ ആധിപത്യം നിലനിർത്തുന്നതിനായാണ് ഉപയോഗിക്കുന്നത്. അതിനെതിരെയുള്ള ബദൽ സൃഷ്ടിയാണ് ആമില എന്ന കഥാപാത്രം.

ശരീരം എന്നത് ജൈവവസ്തു എന്നതിലുപരി ആയുധം കൂടിയായി മാറുന്നതിന്റെ മൂർത്താനുഭവമാണ് പോയട്രി കില്ലർ എന്ന നോവൽ. പുരുഷാധിപത്യസംസ്കാരം സൃഷ്ടിച്ചുവെച്ച ശരീര സങ്കല്പങ്ങൾക്കുള്ള ബദൽ കൂടിയാണിത്. പ്രമേയപരമായി പുതുമ ഏറെയൊന്നും അവകാശപ്പെടാനില്ലെങ്കിലും പോയട്രി കില്ലർ എന്ന കൃതിയെ കുറ്റാന്വേഷണസാഹിത്യത്തോടുള്ള സമീപന സാധ്യതകളെ സംബന്ധിച്ച ധാരണയെ വികസിപ്പിക്കാനുള്ള മാതൃക എന്ന നിലയിൽ ആണ് പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്. കൊലപാതകം തുടങ്ങിയ ഹിംസാത്മകാനുഭവങ്ങളെ കേന്ദ്രീകരിച്ച് വികസിക്കുന്ന ഇത്തരം കൃതികൾ അധികാരസ്ഥാപനങ്ങൾ പ്രജാവത്കരിക്കുന്ന ശരീരം എന്ന രൂപകത്തെ ഉടച്ചുവാർക്കാനുള്ള വ്യാപ്തിയുള്ളവയാണ്. അതിനാൽ സാമൂഹികാധികാര ബലതന്ത്രങ്ങളുടെ വ്യാപ്തിയെ ഉള്ളടക്കം ചെയ്യുന്ന സാഹിത്യവ്യവഹാരമായി കുറ്റാന്വേഷണ നോവലുകളെ ഗൗരവകരമായി പരിഗണിക്കേണ്ടതുണ്ട്.

## കുറിപ്പുകൾ

1. Seed of a New Mode Thinking, one to which the individual could never have lifted himself on his own. P. 445, 1995,

2. “Strain theory argues that people are more likely to enguage in crime when they can not get what they desire through legitimate channel” P. 527, The Sage Dictionay of Criminology, 2019, Eugene McLaughlin and John Muncie.

## ഗ്രന്ഥസൂചി

1. അജു കെ. നാരായണൻ, 2017, താക്കോൽ വാക്കുകൾ വിചാരമാതൃകകൾ കേരളീയ നോട്ടങ്ങൾ, വിദ്വാൻ പി.ജി.നായർ സ്മാരക ഗവേഷണ കേന്ദ്രം, ആലുവ.
2. അനിൽ കെ.എം., (എഡി.) 2018, ശരീരം ജാതി അധികാരം അസ്പൃശ്യതയുടെ പ്രാതിഭാസികത, പ്രോഗ്രസ്സ് പബ്ലിക്കേഷൻ, കാലിക്കറ്റ്.
3. ദേവിക ജെ., 2000, സ്ത്രീവാദം, ഡി.സി. ബുക്ക്സ്, കോട്ടയം.
4. രവീന്ദ്രൻ പി.പി., 2002, മിഷേൽ ഫൂക്കോ വർത്തമാനത്തിന്റെ ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. രാധാകൃഷ്ണൻ പി.എസ്., 2017, ജനപ്രിയ സാഹിത്യം: കലയും കച്ചവടവും, സംസ്കാര പഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, മലയാള പഠന സംഘം, വള്ളത്തോൾ വിദ്യാപീഠം, മലപ്പുറം.
6. ലീലാവതി എം., 2006, സാഹിത്യനിരൂപണത്തിലെ ദിശാബോധം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
7. ശ്രീപാർവ്വതി, 2020, പോയട്രി കില്ലർ, ഡി.സി.ബുക്ക്സ്, കോട്ടയം.
8. ഷാജി ജേക്കബ്, 2013, മലയാള നോവൽ ഭാവനയുടെ രാഷ്ട്രീയം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
9. സത്യൻ പി.പി., 2014, ലൈംഗികതയുടെ ചരിത്രം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
10. ഹമീദ് എം. (സമ്പാ:), 2019, തിരഞ്ഞെടുത്ത കുറ്റാന്വേഷണ കഥകൾ, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
11. Descartes Rene, 2006, A Discourse on the Method of Correctly conducting one's reason and seeking Truth in the science, Lan MacLean (trans.), oxford University press, NewYork.
12. Durkheim Emile, 1995, The elementary forms of Religious life,Karen E.Fields(trans), The free press, Newyork.
13. Kathy Davis (ed.), 1997, Embodied practices, Sage publications Ltd., London.
14. McLaughlin, Eugene, John Muncie, 2019, The Sage dictionary of Criminology, Sage Publication, London.
15. Mike Featherstone, Mike Hepworth,Brayan S.Turner (ed.), 2001, The Body social process and cultural theory,Sage publication, London.
16. Parmar R.G., J.H. Tapariya (Ed.), 2010, Crime psychology, paradise publishers, Jaipur.
17. Turner Brayan S., 1984, The Body and Society Explorations in Social Theory, Sage publications, London.

*rakhiranganathpr@gmail.com*

# പുതുവഴി തേടുന്ന അപസർപ്പകനോവൽ

സിജി സി.കെ.
ഗവേഷക, കാലിക്കറ്റ് സർവ്വകലാശാല

### പ്രബന്ധസംഗ്രഹം

മലയാളസാഹിത്യത്തിൽ സവിശേഷപാരമ്പര്യമുണ്ടായിരുന്ന ഒന്നാണ് അപസർപ്പകനോവൽ. അവതരണത്തിലെ ആവർത്തനവിരസതയും ആഖ്യാനത്തിലെ യുക്തിഭദ്രതയുടെ അഭാവവും മൂലം ക്രമേണ അപസർപ്പക നോവലിന് അപചയങ്ങൾ സംഭവിക്കുകയും ജനപ്രിയമായിരുന്ന അപസർ പ്പകനോവൽ വായനക്കാരിൽനിന്ന് അകലുകയും ചെയ്തു. സമീപകാലത്ത് അപസർപ്പകനോവലുകൾ ശക്തമായ രീതിയിൽ തിരിച്ചുവന്നുകൊണ്ടിരി ക്കുന്നു. സമകാലിക അപസർപ്പകനോവലിന്റെ വളർച്ച, സവിശേഷതകൾ എന്നിവ ലാജോ ജോസിന്റെ മൂന്ന് നോവലുകളെ മുൻനിർത്തി വിലയിരുത്തു കയാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

താക്കോൽ വാക്കുകൾ: അപസർപ്പകസാഹിത്യം, അപസർപ്പണം, അപസർപ്പകൻ, ജനപ്രിയത, പരിണാമഗുപ്തി

## അപസർപ്പകനോവൽ—സവിശേഷതകൾ

'അപസർപ്പകസാഹിത്യം' എന്നത് 'Detective Fiction' എന്നതിനു പകരമായി മലയാളത്തിൽ സവിശേഷമായി ഉപയോഗിക്കുന്ന പദമാണ്. "അപസർപ്പകരെയും അവരുടെ അപസർപ്പണങ്ങളെയും പറ്റി പ്രതിപാദിക്കുന്ന രചനകളെയാണ് അപസർപ്പകസാഹിത്യം എന്നു പറയുന്നത്."[1] 'അപസർപ്പകൻ' എന്നപദത്തിന് 'ചാരപുരുഷൻ', 'ഒറ്റാളി', 'വേഷം മാറി നടന്നു രാജ്യകാര്യങ്ങൾ അറിയുന്നവൻ' എന്നെല്ലാമാണ് അർത്ഥം.[2] ആദ്യകാല കുറ്റാന്വേഷണകൃതികളിൽ കേസ് തെളിയിക്കുന്നതിനുവേണ്ടി

അന്വേഷകൻ വേഷംമാറി രഹസ്യങ്ങൾ ചോർത്തുന്ന രീതിയാണ് സ്വീകരിച്ചിരുന്നത്. ഇതിൽനിന്നാകാം കുറ്റാന്വേഷകന് ചാരൻ എന്നർത്ഥമുള്ള അപസർപ്പകൻ എന്ന പേരു വന്നത്. മലയാളത്തിൽ അപസർപ്പകനോവൽ എന്നതിനുപകരമായി കുറ്റാന്വേഷണനോവൽ, ക്രൈം ത്രില്ലർ/ഫിക്ഷൻ എന്നീ പേരുകളും പ്രയോഗിക്കാറുണ്ട്.

"കുറ്റകൃത്യം അന്വേഷിക്കുന്ന പ്രക്രിയയാണ് അപസർപ്പണം. അന്വേഷിക്കുന്ന ആളെയാണ് അപസർപ്പകൻ എന്നു പറയുന്നത്. ആർക്കും അപസർപ്പകനാകാം. പരിശീലനം ഒന്നുമില്ലാത്ത അമേച്വർ ആകാം; പരിശീലനം സിദ്ധിച്ച പ്രൊഫഷണൽ ആകാം. കുറ്റാന്വേഷണ ചുമതലയുള്ള ഉദ്യോഗസ്ഥനാകാം; സാധാരണ വ്യക്തിയുമാകാം. അന്വേഷണം നടത്തി കുറ്റവാളിയെ വെളിച്ചത്തു കൊണ്ടുവരണം. അതാണ് അപസർപ്പകന്റെ ദൗത്യം."[3] ഉദ്വേഗജനകമായ സംഭവ വികാസങ്ങളിലൂടെ വായനക്കാരിൽ ആകാംക്ഷ നിലനിർത്തിക്കൊണ്ട് കഥ അവതരിപ്പിക്കുന്ന ആഖ്യാന രീതിയാണ് അപസർപ്പക സാഹിത്യത്തിന്റേത്. കഥയുടെ ഓരോ ഘട്ടത്തിലും ഇനിയെന്ത് സംഭവിക്കാൻപോകുന്നു എന്ന ആകാംക്ഷ നിലനിർത്തിക്കൊണ്ട് കഥാരഹസ്യത്തെ ഒളിപ്പിച്ചുവയ്ക്കുന്ന പരിണാമഗുപ്തിയാണ് അപസർപ്പകാഖ്യാനത്തിന്റെ മറ്റൊരു പ്രത്യേകത.

കുറ്റാന്വേഷണ നോവലുകളുടെ വളർച്ചയ്ക്കും വ്യാപനത്തിനും കാരണമായ ചരിത്രപരവും രാഷ്ട്രീയപരവുമായ സാഹചര്യങ്ങളെക്കൂടി മനസ്സിലാക്കേണ്ടതുണ്ട്. ഒന്നാം ലോകയുദ്ധവും തുടർന്നുണ്ടായ സാമൂഹികാന്തരീക്ഷവും കുറ്റകൃത്യങ്ങൾ പെരുകുന്നതിന് കാരണമായി. ന്യായം-അന്യായം, കുറ്റം-ശിക്ഷ എന്നീ പൊതുബോധങ്ങൾ രൂപീകരിക്കപ്പെടുന്നതിന്റെ ഭാഗമായി അപസർപ്പക കൃതികൾക്ക് പ്രചാരം ലഭിച്ചു. ഭരണകൂട ഉപകരണങ്ങളായ പോലീസ്, കോടതി, ജയിൽ തുടങ്ങിയവ വഴി സത്യത്തിൽ അധിഷ്ഠിതമായി നിയമങ്ങൾ പരിപാലിക്കപ്പെട്ടും എന്ന പൊതുബോധം ജനങ്ങളിൽ ഊട്ടിയുറപ്പിക്കുക എന്ന രാഷ്ട്രീയലക്ഷ്യംകൂടി പാശ്ചാത്യ ഡിറ്റക്ടീവ് നോവലിന്റെ ചരിത്രത്തിനുപിറകിലുണ്ട്.

"ഡോക്ടറുടെ ശാസ്ത്രവൈദഗ്ധ്യവും അഭിഭാഷകന്റെ നിയമകുശലതയും കേസന്വേഷകന്റെ നിരീക്ഷണപാടവവും അന്വേഷണശീലവും കുറ്റാന്വേഷണ നോവലുകളിൽ പ്രകടമായിത്തുടങ്ങിയതോടെയാണ് സാങ്കേതികശാസ്ത്രത്തിനും ശാസ്ത്രയുക്തിക്കും മേൽക്കയ്യുണ്ടായിരുന്ന സയൻസ് ഫിക്ഷനേക്കാൾ ജനപ്രിയമായ സ്വതന്ത്ര സാഹിത്യശാഖയായി കുറ്റാന്വേഷണ നോവൽ

സ്വന്തം സ്ഥാനമുറപ്പിക്കുന്നത്."[4] ഷാജി ജേക്കബ് നിരീക്ഷിക്കുന്നതുപോലെ അപസർപ്പക സാഹിത്യം ജനപ്രിയമായതിനുപിന്നിൽ ആധുനികശാസ്ത്രത്തിന്റേയും നീതിന്യായവ്യവസ്ഥയുടേയും സുഘടിതമായ വളർച്ച സഹായകമായിട്ടുണ്ട്. ഷെർലക് ഹോംസും ഹെർക്യൂൾ പൊയ്റോട്ടും മിസ്സ് മാർപ്പിളുമെല്ലാം കുറ്റാന്വേഷണ സാഹിത്യലോകത്ത് ഇതിഹാസതുല്യരായി മാറിയത് ശാസ്ത്രയുക്തിയിലധിഷ്ഠിതമായ അന്വേഷണരീതി കൊണ്ടു കൂടിയാണ്.

### അപസർപ്പകനോവൽ മലയാളത്തിൽ

പാശ്ചാത്യ കുറ്റാന്വേഷണസാഹിത്യത്തിന്റെ സ്വാധീനത്തിലാണ് മലയാളത്തിലെ കുറ്റാന്വേഷണകൃതികളുണ്ടായതെന്നു കാണാം. മലയാളത്തിലെ ലക്ഷണയുക്തമായ ആദ്യ അപസർപ്പകനോവലായി കണക്കാക്കുന്നത് അപ്പൻതമ്പുരാന്റെ 'ഭാസ്കരമേനോൻ' ആണ്. ഷെർലക് ഹോംസ് മാതൃകയിലാണ് ഭാസ്കരമേനോൻ എന്ന കുറ്റാന്വേഷകനെ അവതരിപ്പിച്ചിരിക്കുന്നത്. പാരമ്പര്യങ്ങളിൽനിന്നും മുക്തനായ വ്യക്തിയാണിയാൾ. സ്വന്തമായി പരീക്ഷണശാല സജ്ജീകരിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥനാണ്. ഷെർലക് ഹോംസിനെ അനുകരിച്ച് കേരളീയപശ്ചാത്തലത്തിൽ സൃഷ്ടിക്കപ്പെട്ട കഥാപാത്രമാണ് ഭാസ്കരമേനോൻ. ഭാസ്കരമേനോനുശേഷം പ്രസിദ്ധീകരിച്ച പ്രധാന അപസർപ്പകനോവലാണ് ഒ.എം. ചെറിയാന്റെ 'കാലന്റെ കൊലയറ', എൻ. കൃഷ്ണപിള്ളയുടെ വലിയ 'കോയിക്കലെ കൊലപാതകം', 'അമൃതകുമാരി അഥവാ ശക്തൻകോട്ടയിലെ നിക്ഷേപം', കുഞ്ഞിരാമപിഷാരടിയുടെ 'തസ്കരവീരൻ', 'മലൈക്കള്ളൻ' തുടങ്ങി നിരവധി നോവലുകൾ ഈ മേഖലയിൽ പ്രസിദ്ധീകൃതമായി. ഇതിനെത്തുടർന്നു വന്ന അപസർപ്പക നോവലുകളിലധികവും അനുകരണങ്ങളോ തർജ്ജമകളോ ആയിരുന്നു. മംഗളോദയവും ബി.കെ.എം. ചമ്പക്കുളം ബുക്ക് ഡിപ്പോയും പി.കെ. ബ്രദേഴ്സും നരസിംഹവിലാസം ബുക്ക് ഡിപ്പോയും സി.ഐ.സി.സി. യും എൻ.ബി.എസും ഭാഷാപോഷിണിയുമെല്ലാം അപസർപ്പക നോവൽ സാഹിത്യത്തിന്റെ വളർച്ചയിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. നീലകണ്ഠൻ പരമാര, എം.പി. നാരായണപിള്ള, പോഞ്ഞിക്ക റാഫി, കടത്തനാട്ട് മാധവിയമ്മ, തുടങ്ങിയവരുടെ അപസർപ്പകനോവലുകൾ ശ്രദ്ധിക്കപ്പെട്ടു. മറ്റ ഭാരതീയ ഭാഷകളിൽനിന്നും നിരവധി വിവർത്തനങ്ങൾ ഇക്കാലത്തുണ്ടായി. ഇതിൽ പ്രധാനം മോഹൻ ഡി. കങ്ങഴ വിവർത്തനം ചെയ്ത ദുർഗ്ഗാപ്രസാദ് ഖത്രിയുടെ നോവലുകളാണ്.

"1960-കളുടെ അവസാനമാണ് കുറ്റാന്വേഷണ തുടർനോവലുകൾക്ക് വായനക്കാർ ഏറിത്തുടങ്ങിയത്. കോട്ടയത്തെ റോയൽ ബുക്ക് ഡിപ്പോ,

കോന്നിയിലെ വീനസ് ബുക്ക് ഹൗസ് എന്നിവ പിന്നീട് ഇവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു.. പാലക്കാട്ടെ സ്വാമി ബുക്ക് ഹൗസിലൂടെ കണ്ണാടി വിശ്വനാഥൻ എഴുതിയ 'സി.ഐ.ഡി. മൂസ'യുടെ സാഹസങ്ങളും കുട്ടികൾക്ക് ഹരമായിരുന്നു. കുറ്റകൃത്യങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള കുട്ടികളുടേയും കൗമാരക്കാരുടേയും യുവാക്കളുടേയും വാസനകളെ വലിയൊരളവിൽ ഇവ തൃപ്തിപ്പെടുത്തി." [5]

ഷെർലക് ഹോംസിന്റെ കടുത്ത ആരാധകനായ കോട്ടയം പുഷ്പനാഥാണ് 1970-കളിലെ ഏറ്റവും ശ്രദ്ധേയനായ മലയാള അപസർപ്പക നോവലിസ്റ്റ്. ഇരുന്നൂറ്റമ്പതിലധികം നോവലുകൾ അദ്ദേഹം പ്രസിദ്ധീകരിച്ചു. ഡിറ്റക്ടീവ് പുഷ്പരാജ്, ഡിറ്റക്ടീവ് മാർക്സിൻ എന്നീ കഥാപാത്രങ്ങൾ നടത്തുന്ന അന്വേഷണങ്ങൾ ഏറെ ജനപ്രിയമായിരുന്നു. തുടർന്നുവന്ന പ്രണാബ്, തോമസ് ടി. അമ്പാട്ട്, ബാറ്റൺ ബോസ് തുടങ്ങിയവർ കുറ്റാന്വേഷണ നോവൽ രംഗത്തെ ജനപ്രിയ എഴുത്തുകാരാണ്. കുറ്റാന്വേഷണ കഥയോടൊപ്പം ഹൊറർ, ത്രില്ലർ, ആക്ഷൻ, മാന്ത്രികം, സയൻസ് ഫിക്ഷൻ ഘടകങ്ങൾകൂടി കൂട്ടിച്ചേർത്ത് എഴുതുന്ന രീതി മലയാളത്തിൽ പരീക്ഷിക്കപ്പെട്ടു. ഇവയിൽ പലതിനും കുറ്റാന്വേഷണ നോവലിനാവശ്യമായ ശാസ്ത്രീയ അന്വേഷണരീതികളോ യുക്തിഭദ്രമായ പരിണാമഗുപ്തിയോ ഉണ്ടായിരുന്നില്ല.[6] ഈ ശ്രേണിയിലുള്ള പല നോവലുകളും ബൗദ്ധിക വിശകലന ബന്ധിതമായ അവതരണത്തിലൂടെ വായനക്കാരെ കുറ്റവാളിയിലേക്കെത്തിക്കാൻ കഴിയാതെ അയത്നലളിതമായ വായനാനുഭവം മാത്രമായി മാറി. ഒരേ പാറ്റേണിലുള്ള കഥാതന്തുവും മടുപ്പിക്കുന്ന ആഖ്യാനരീതിയും സിനിമയുടേയും ടെലിവിഷന്റേയും വർധിച്ച ജനപ്രിയതയും കുറ്റാന്വേഷണ നോവലിന്റെ തകർച്ചയ്ക്ക് കാരണമായി.

ഇത്തരം പ്രവണതകൾമൂലം അപസർപ്പക സാഹിത്യം നേരിടുന്ന തകർച്ച സാഹിത്യനിരൂപകർ തിരിച്ചറിയുകയും വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. "അപസർപ്പകസാഹിത്യം ഇന്ന് മലയാളത്തിൽ അവസാനിച്ചിരിക്കുന്നു. ആ ജനുസ്സിന്റെ സ്ഥാനത്തേക്കു കടന്നുവന്ന മാന്ത്രിക നോവലുകളും ഹൊറർ നോവലുകളും ത്രില്ലറുകളും എത്തിയതും ഇതേ സ്ഥിതിയിൽത്തന്നെ. നായകകേന്ദ്രിതമായ ജനപ്രിയ സിനിമയെ അനുകരിച്ചുകൊണ്ടുള്ള ആക്ഷൻ നോവലുകളാണ് ഇപ്പോൾ ജനപ്രിയ വാരികകളിൽ അപസർപ്പക ജനുസ്സിന്റെ അവസാനത്തെ അനന്തരാവകാശികളായി നിൽക്കുന്നത്."[7] അപസർപ്പക സാഹിത്യത്തെക്കുറിച്ച് നിരവധി പഠനങ്ങൾ നടത്തിയിട്ടുള്ള പി.കെ. രാജശേഖരന്റെ ഈ അഭിപ്രായം കുറ്റാന്വേഷണ നോവൽ നേരിട്ട അപചയഘട്ടത്തെ ചൂണ്ടിക്കാട്ടുന്നു.

അപസർപ്പകനോവലിന്റെ പുതുവഴികൾ

പാരമ്പര്യത്തിന്റെ പരിചിതവഴിയിൽനിന്നും കുതറിമാറി ചില വേറിട്ട പരീക്ഷണങ്ങൾ ഭാഷയിലും പ്രമേയത്തിലും ഘടനയിലും സ്വീകരിച്ചുകൊണ്ട് രണ്ടായിരത്തിപ്പത്തിനുശേഷം പുതിയൊരു ഭാവുകത്വ പരിണാമത്തിലേക്ക് അപസർപ്പക നോവൽ പ്രവേശിച്ചിരിക്കുന്നു. അപസർപ്പക നോവലിന്റെ സ്വഭാവം പോലെത്തന്നെ പ്രതീക്ഷിക്കാത്തൊരു പരിണാമഗുപ്തിയാണ് കാലം ഈ സാഹിത്യമേഖലയ്ക്ക് കരുതിവച്ചത്. മലയാളത്തിൽ അപസർപ്പക സാഹിത്യത്തിന് പുതിയൊരു ഉദയം ഉണ്ടായിരിക്കുന്നു. അടിമുടി ഒരു ന്യൂജനറേഷൻ പരിവേഷത്തോടെ സ്വന്തമായൊരു ഇടം ഈ ജനുസ്സ് നേടിയെടുത്തിരിക്കുന്നു. ശാസ്ത്രവൈദഗ്ധ്യവും ഭരണകൂട-നീതിന്യായ വ്യവസ്ഥയും ഫോറൻസിക് സയൻസും ക്രിമിനോളജിയും സാങ്കേതികവിദ്യയും സൈബർ ഇടങ്ങളുടെ സാധ്യതകളും അവയ്ക്കുള്ളിലെ കുറ്റകൃത്യങ്ങളും പുതിയൊരു ഭാവുകത്വപരിസരത്തെ നിർമ്മിച്ചു.

കുറ്റാന്വേഷണനോവലിനോടുള്ള മലയാളിയുടെ സമീപനത്തിലും മാറ്റങ്ങൾ വന്നുതുടങ്ങിയിരിക്കുന്നു. സാഹിത്യസദസ്സുകളിലും ലിറ്ററേച്ചർ ഫെസ്റ്റുകളിലും അപസർപ്പകസാഹിത്യം മുഖ്യവിഷയമായി ചർച്ച ചെയ്യപ്പെടുന്നു. സർവ്വകലാശാല സിലബസുകളിൽ ഇടംനേടുകയും പഠിപ്പിക്കപ്പെടുകയും ചെയ്യുന്നു. മുഖ്യധാരാ പ്രസാധകർ മുൻകയ്യെടുത്ത് ധാരാളം അപസർപ്പകനോവലുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. വർഷത്തിൽ ആറും ഏഴും പതിപ്പുകൾ വിറ്റഴിയുന്നതരത്തിൽ വായനക്കാരുടെ എണ്ണവും വർധിച്ചിരിക്കുന്നു. കുറ്റാന്വേഷണ നോവൽ രചനാമത്സരങ്ങൾ സംഘടിപ്പിക്കപ്പെടുന്നു. ശിവൻ എടമനയുടെ 'ന്യൂറോ ഏരിയ' ഇത്തരത്തിൽ പുരസ്കാരം[8] നേടിയ കൃതിയാണ്.

ജി.ആർ. ഇന്ദുഗോപന്റെ ഡിറ്റക്ടീവ് പ്രഭാകരൻ, ലാജോ ജോസിന്റെ കോഫി ഹൗസ്, ഹൈഡ്രേഞ്ചിയ, റൂത്തിന്റെ ലോകം, റസ്റ്റ് ഇൻ പീസ്, ബെന്യാമിന്റെ പുഴമീനുകളെ കൊല്ലുന്ന വിധം, ശ്രീപാർവ്വതിയുടെ പോയട്രി കില്ലർ, വയലറ്റ് പൂക്കളുടെ മരണം, നായിക അഗതാ ക്രിസ്റ്റി, ആതിര കെ.-യുടെ മാസ്ക്, നിഖിലേഷ് മേനോന്റെ പ്രഥമദൃഷ്ട്യാ, പ്രവീൺചന്ദ്രന്റെ ഛായാമരണം, ആദർശ് എസ്.ന്റെ ഡാർക്ക് നെറ്റ്, റിഹാൻ റാഷിദിന്റെ ഡോൾസ്, ജയപ്രകാശ് പാനൂരിന്റെ കിഷ്കിന്ധയുടെ മൗനം, അനുരാഗ് ഗോപിനാഥിന്റെ ദി ഗെയിം ഓവർ തുടങ്ങിയവ മലയാളത്തിലെ ഏറ്റവും പുതിയ അപസർപ്പകനോവലുകളാണ്. സ്ത്രീകൾ കുറ്റാന്വേഷക കഥാപാത്രമായിവരുന്നു എന്നതിനോടൊപ്പംതന്നെ സ്ത്രീ എഴുത്തുകാർ അപസർപ്പകനോവൽ രചനയിലേക്ക് കടന്നുവരുന്നു

എന്നതും പുതിയകാലത്തെ നോവലുകളെ ശ്രദ്ധേയമാക്കുന്നുണ്ട്.

**ലാജോ ജോസിന്റെ നോവലുകൾ**

മലയാള കുറ്റാന്വേഷണ നോവലിന് ജനപ്രിയമായ പുതിയൊരു അടിത്തറ ഉണ്ടാക്കിയെടുത്ത എഴുത്തുകാരനാണ് ലാജോ ജോസ്. 2018-ൽ പുറത്തിറങ്ങിയ കോഫി ഹൗസ് മുതൽ 2021-ൽ പുറത്തിറങ്ങിയ റസ്റ്റ് ഇൻ പീസ് അടക്കം നാലു നോവലുകളാണ് ഇദ്ദേഹത്തിന്റേതായി പുറത്തിറങ്ങിയത്. വായനക്കാരും പ്രസാധകലോകവും ഇദ്ദേഹത്തിന്റെ നോവലിനായി കാത്തിരിക്കുന്നു. മലയാള സാഹിത്യത്തിൽ ക്യാരക്ടർ പോസ്റ്ററുകളും സിനിമാറ്റിക് ട്രെയിലറുമായി പുറത്തിറങ്ങിയ ആദ്യ നോവലാണ് ലാജോ ജോസിന്റെ റസ്റ്റ് ഇൻ പീസ്.

മലയാളത്തിൽ മികച്ച കുറ്റാന്വേഷണനോവലുകളില്ല എന്നതിനാൽ വായനയിലേക്കും സ്വന്തം ഓർമ്മകളിലേക്കും തിരിച്ചുപോകാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ക്രൈം ഫിക്ഷൻ രചനയിലേക്ക് കടന്നത് എന്ന് ലാജോ ജോസ് പറയുന്നു.[9] കുറ്റാന്വേഷണത്തിന്റെ വ്യത്യസ്ത ധാരകളെ പ്രതിനിധാനം ചെയ്യുന്നവയാണ് ലാജോ ജോസിന്റെ ഓരോ നോവലും. ഒരു പ്രത്യേക സംഭവത്തെ അടിസ്ഥാനമാക്കിയുള്ള അന്വേഷണമാണ് 'കോഫി ഹൗസിൽ' നടക്കുന്നത്. 'ഹൈഡ്രേഞ്ചിയയിലാകട്ടെ സീരിയൽ കില്ലിങ്ങിനെക്കുറിച്ചുള്ള അന്വേഷണമാണ്. 'റൂത്തിന്റെ ലോകം' സൈക്കോളജിക്കൽ ത്രില്ലർ എന്ന വിഭാഗത്തിൽപ്പെടുന്നു. ഈ മൂന്നു നോവലിലും വയലൻസിന് പ്രാധാന്യമുള്ളതായി കാണാം. റസ്റ്റ് ഇൻ പീസ് എന്ന നോവൽ കോസി മർഡർ മിസ്റ്ററി[10] എന്ന വിഭാഗത്തിൽപ്പെടുന്നു. രക്തച്ചൊരിച്ചിലോ ഭീകരാന്തരീക്ഷമോ ഇല്ലാതെ നടക്കുന്ന കൊലപാതകങ്ങളും അതിന്റെ അന്വേഷണവുമാണ് ഇതിന്റെ സവിശേഷത.

ലാജോ ജോസിന്റെ നാലു നോവലിലും കുറ്റാന്വേഷണം നടത്തുന്നത് സ്ത്രീയാണ് എന്ന പ്രത്യേകത കൂടിയുണ്ട്. കുറ്റാന്വേഷണ നോവലിന്റെ രചനയ്ക്കകത്തും പുറത്തും പൗരുഷത്തിന്റേയും ആൺകോയ്മയുടേയും ഒരു ലോകത്തെയാണ് പ്രത്യേകിച്ചും മലയാളസാഹിത്യത്തിൽ നാം കണ്ടുശീലിച്ചത്. ഇരയായോ അന്വേഷകന്റെ സഹായിയായോ മാത്രമാണ് മുൻകാല നോവലുകളിൽ സ്ത്രീകളെ അവതരിപ്പിച്ചിരുന്നത്. ഇതിൽനിന്നും മാറി ചിന്തിക്കുകയാണ് ലാജോജോസ് അടക്കമുള്ള ഈ മേഖലയിലെ പുതിയ എഴുത്തുകാർ. ലാജാ ജോസിന്റെ എസ്തറിനെപ്പോലുള്ള കുറ്റാന്വേഷകരുടെ രംഗപ്രവേശം ഇത്തരത്തിലുള്ള മാറ്റത്തിന്റെ സൂചനയാണ്. കുറ്റാന്വേഷണ

നോവലിനെ ശ്രദ്ധേയമാക്കുന്ന ജനപ്രിയാംശങ്ങളായ ഹിംസ, സ്ത്രീ, രചനാപരമായ സവിശേഷതകൾ എന്നിവയുടെ പരിചരണം തുടങ്ങിയവ ലാജോയുടെ നോവലുകളെ മുൻനിർത്തി വിലയിരുത്തുകയാണ് പഠനലക്ഷ്യം.

## രചനാപരമായ സവിശേഷതകൾ

കോട്ടയത്തെ എ.കെ. കോഫി ഹൗസിൽ നടന്ന പ്രമാദമായ അഞ്ച് കൊലപാതകങ്ങളുടെ സത്യാവസ്ഥ വെളിച്ചത്തുകൊണ്ടുവരുന്നതിനായി എസ്തർ എന്ന ജേർണലിസ്റ്റ് നടത്തുന്ന ധൈഷണികമായ അന്വേഷണവഴികളാണ് കോഫി ഹൗസ് എന്ന നോവലിന്റെ പ്രമേയം. ബാഹ്യപ്രേരണയാൽ അന്വഷണം എസ്തറിൽ വന്നുചേരുകയാണ്. എഴുത്തുകാരനിലൂടെയും പ്രധാന കഥാപാത്രമായ എസ്തറിന്റെ അനുഭവങ്ങളിലൂടെയും കാഴ്ചപ്പാടുകളുകളിലൂടെയും കഥയെ മുന്നോട്ടുകൊണ്ടുപോകുന്നതാണ് ഇതിന്റെ രചനാരീതി. രേഖീയമായ രീതിയിലാണ് കഥ ആഖ്യാനം ചെയ്യപ്പെടുന്നത്. രൂപപരമായ ശില്പഭദ്രത അവകാശപ്പെടാവുന്ന രചനാരീതിയാണ് നോവലിന്റേത്. ഡിസംബർ ആദ്യത്തോടെ ആരംഭിക്കുകയും ഡിസംബർ മുപ്പതിന് ബെഞ്ചമിൻ എന്ന കഥാപാത്രം തൂക്കിലേറ്റപ്പെടുന്നതോടെ അവസാനിക്കുകയും ചെയ്യുന്ന രീതിയിൽ കഥ പറയുന്ന നോവലിന് ഉപസംഹാരം എന്ന പേരിൽ അനുബന്ധം കൂടി നൽകിയിരിക്കുന്നു. സിനിമയുടെ ക്ലൈമാക്സിൽ അതുവരെ നടന്നുകഴിഞ്ഞ കഥ മുഴുവൻ അവതരിപ്പിച്ച് എൻഡ് ടൈറ്റിൽ പ്രദർശിപ്പിച്ചതിനുശേഷം തുടർന്നുനടന്ന കാര്യങ്ങൾ ചെറുക്ലിപ്പുകളായി അവതരിപ്പിക്കുന്ന രീതിയാണ് ഉപസംഹാരത്തിൽ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്രകഥാപാത്രമായ എസ്തറിന്റെ അന്വേഷണങ്ങളുടെ തുടർച്ചയെക്കുറിച്ചുള്ള സൂചന നൽകുന്നതിന് ഈ ഭാഗം സഹായകമായിട്ടുണ്ട്.

ആറുവർഷം മുമ്പുനടന്ന കൂട്ടക്കൊലയ്ക്ക് ജയിലിൽ വധശിക്ഷ കാത്തു കഴിയുന്ന ബെഞ്ചമിൻ നിരപരാധിയാണ് എന്നു തെളിയിക്കാനുള്ള കുറ്റാന്വേഷകയുടെ ശ്രമം കഥയെ ഉദ്വേഗഭരിതമാക്കുന്നു. കൃത്യമായ തെളിവുകൾ നിരത്തിക്കൊണ്ട് പോലീസും നിയമവ്യവസ്ഥയും കുറ്റവാളിയായി കണ്ടെത്തിയ കഥാപാത്രമാണ് ബെഞ്ചമിൻ. അയാൾ നിരപരാധിയാണെന്ന് തെളിയിക്കാൻ ഒരു തെളിവും ലഭ്യമല്ലാത്ത സാഹചര്യത്തിൽ ധൈഷണികമായ കഴിവുകൊണ്ട് യഥാർത്ഥ കുറ്റവാളിയിലേക്കുള്ള എസ്തറിന്റെ യാത്ര യുക്തിഭദ്രവും ശാസ്ത്രീയവുമായി അവതരിപ്പിച്ചു ഫലിപ്പിക്കാൻ കഴിഞ്ഞു എന്നതാണ് നോവൽ ആഖ്യാനത്തിന്റെ ഏറ്റവും വലിയ സവിശേഷത. സിനിമാറ്റിക് ആഖ്യാനരീതിയിൽ പരീക്ഷിക്കപ്പെട്ട നോവലാണിത്. സിനിമയുടെ ദൃശ്യസാധ്യതകൾ

ഉപയോഗപ്പെടുത്തിക്കൊണ്ട് സീൻ ബൈ സീൻ എന്ന രീതിയിൽ വായനക്കാരുടെ മനസ്സിലേക്ക് പതിയുംവിധമാണ് ഇതിന്റെ രചന നിർവ്വഹിച്ചിട്ടുള്ളത്.

കോഫി ഹൗസിന്റെ തുടർച്ചയായി രചിക്കപ്പെട്ട നോവലാണ് ഹൈഡ്രേഞ്ചിയ. എസ്തർ തന്നെയാണ് ഈ നോവലിൽ അന്വേഷകയായി വരുന്നത്. തന്റെ ഇരകളെ തെരഞ്ഞെടുക്കുന്നതിൽ ചില നിഗൂഢ സവിശേഷതകൾ ഒളിപ്പിച്ചുവയ്ക്കുന്ന അതിക്രൂരനായ ഒരു സീരിയൽ കില്ലറാണ് കഥയുടെ കേന്ദ്രബിന്ദു. അയാളെക്കുറിച്ച് അന്വേഷിക്കുന്ന എസ്തർ ഉൾപ്പെടെയുള്ളവരുടെ അന്വേഷണവഴികളാണ് ഈ നോവലിനെ ശ്രദ്ധേയമാക്കുന്നത്. കഥാന്ത്യംവരെ കുറ്റവാളിയിലേക്കെത്താൻ വായനക്കാർക്ക് സാധിക്കാത്തവിധത്തിലുള്ള രചനാരീതിയാണ് നോവലിലുടനീളം ആകാംക്ഷ നിലനിർത്തുന്നത്. ഓരോ കൊലപാതകം നടക്കുമ്പോഴും ആരുചെയ്തു? എന്തിനുചെയ്തു? അടുത്ത ഇര ആര്? എന്നിങ്ങനെ വായനക്കാരുടെ ഉത്കണ്ഠ നിറഞ്ഞ സഹജമായ അന്വേഷണത്വരയെ തൃപ്തിപ്പെടുത്തുംവിധമാണ് ഹൈഡ്രേഞ്ചിയയുടെ ആഖ്യാനം. നൂറ്റിപ്പത്ത് അധ്യായങ്ങളുള്ള നോവലിൽ ഇടയിൽ വരുന്ന പത്ത് അധ്യായങ്ങൾക്ക് മാത്രമാണ് ടൈറ്റിൽ ഉള്ളത്. ഇവയ്ക്കെല്ലാം 'ഞാൻ' എന്നാണ് ടൈറ്റിൽ നൽകിയിട്ടുള്ളത്. മറ്റ് അധ്യായങ്ങളെല്ലാം പ്രഥമപുരുഷനിൽ ആഖ്യാനം നിർവ്വഹിക്കുമ്പോൾ ഈ പത്ത് അധ്യായത്തിലും കുറ്റവാളിയുടെ ആത്മഗതം എന്ന രീതിയിൽ ഉത്തമപുരുഷാഖ്യാനമാണ് ഉള്ളത്. കുറ്റവാളിയാരെന്ന് പറയാതെ അയാളുടെ ഭൂതകാലം, മോഹം, പക, രതി, വെല്ലുവിളികൾ, ക്രൂരകൃത്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ചിത്രം വായനക്കാർക്ക് ലഭ്യമാകുന്നതിന് ഈയൊരു രചനാതന്ത്രം സഹായകമാകുന്നുണ്ട്. ഇത്തരത്തിൽ സൂചനകൾ മുൻകൂട്ടി നൽകുമ്പോഴും തന്റെ കഥാപാത്രമായ എസ്തറിലൂടെയല്ലാതെ താൻ സൃഷ്ടിച്ച കുറ്റാന്വേഷണ നോവലിന്റെ ഘടനയെ തകർത്തുകൊണ്ട് ഒരു വായനക്കാരനും കുറ്റവാളിയിലേക്കെത്തില്ല എന്ന നോവലിസ്റ്റിന്റെ ദൃഢവിശ്വാസമാണ് ഞാൻ എന്ന പത്ത് അധ്യായത്തിലൂടെ കുറ്റവാളിയുടെ ആത്മഗതം അവതരിപ്പിക്കുന്നത്. അത്രയ്ക്ക് കെട്ടുറപ്പോടെയും യുക്തിഭദ്രമായും സസ്പെൻസ് നിലനിർത്തിക്കൊണ്ടും നോവലിന്റെ ആഖ്യാനം നിർവ്വഹിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

സൈക്കോളജിക്കൽ ത്രില്ലർ വിഭാഗത്തിൽപ്പെടുന്ന നോവലാണ് 'റൂത്തിന്റെ ലോകം'. കഥാപാത്രങ്ങളുടെ ഭ്രമകല്പനകളിലൂടെ, തോന്നലുകളിലൂടെയൊക്കെ കഥ പറയുന്നവയെയാണ് സൈക്കോളജിക്കൽ ത്രില്ലർ എന്നു പറയുന്നത്.[11] റൂത്ത് റൊണാൾഡ് എന്ന റിട്രോഗ്രേഡ് അമനേഷ്യ

പ്ലസ് ഷോർട്ട് ടേം മെമ്മറി ലോസ് രോഗിയായ സ്ത്രീയുടേയും റൊണാൾഡ് തോമസിന്റെയും ഡയറിക്കുറിപ്പിനുസമാനമായ ആഖ്യാനമാണ് ഈ നോവൽ. ഓർമ്മകളും അനുഭവങ്ങളും നിറഞ്ഞ ഈ ആഖ്യാനത്തിലൂടെ റൂത്തിന്റെയും റൊണാൾഡിന്റെയും ജീവിതം തുടർച്ചയായി അനാവരണം ചെയ്യുന്നു. റൂത്ത് റൊണാൾഡ് എന്ന മാനസികവെല്ലുവിളി നേരിടുന്ന സ്ത്രീയുടെ ചിന്തകളും ഓർമ്മ തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങളും ചില അന്വേഷണങ്ങൾക്ക് വഴിതുറക്കുന്ന രീതിയിലാണ് നോവൽ സംവിധാനം ചെയ്തിട്ടുള്ളത്.

ഇരുപത്തിരണ്ട് സ്ത്രീകളെ ക്രൂരമായി കൊലചെയ്ത കുറ്റവാളിയായ റൊണാൾഡിലേക്ക് ഭ്രമകല്പനകൾക്കിടയിലെ യാഥാർത്ഥ്യത്തിന്റെ നേരിയ വെട്ടത്തിലൂടെ റൂത്ത് താൻ പോലുമറിയാതെ ഒരു കുറ്റാന്വേഷകയായി നടന്നടുക്കുന്നു. മറ്റു കുറ്റാന്വേഷണനോവലുകളിൽനിന്നു വ്യത്യസ്തമായി കൃത്യമായ ഓർമ്മശക്തിപോലുമില്ലാതിരിക്കുകയും ഭൂരിഭാഗം സമയവും ഭ്രമകല്പിത ലോകത്തെ മിഥ്യാധാരണകൾക്കിടയിൽ ജീവിക്കുകയും ചെയ്യുന്ന വ്യക്തിയാണ് ഇതിലെ അന്വേഷക. ഇത്തരമൊരു കഥാപാത്രത്തിലൂടെ അന്വേഷണം നടത്തി സത്യം പുറത്തുകൊണ്ടുവരുന്ന വിധത്തിലുള്ള രചനാരീതി അത്യധികം വെല്ലുവിളി നേരിടുന്നതാണ്. കഥാപാത്രത്തിന്റേതായ ഭ്രമാത്മക ലോകത്തേക്ക് വായനക്കാരെക്കൂടി കൊണ്ടുപോകുന്ന അനുഭവം സൃഷ്ടിച്ചെടുക്കാൻ ഇതിന്റെ ആഖ്യാനത്തിന് കഴിഞ്ഞിട്ടുണ്ട്.

### ഹിംസ

"ഹിംസ എന്ന പദത്തിന് പരിമിതവും വിപുലവുമായ അർഥതലങ്ങളുണ്ട്. വാചികമോ കായികമോ മാനസികമോ ആയ പീഡനവും ഉപദ്രവവും ബലാത്കാരവും ഹിംസ എന്ന പദത്തിന്റെ അർത്ഥപരിധിയിൽപ്പെടും. കൊലപാതകവും മോഷണവും കവർച്ചയും ഹിംസ തന്നെ. ശരീരംകൊണ്ട് ആക്രമിക്കുന്നത് ഹിംസതന്നെയെങ്കിലും അതത്ര ക്രൂരമല്ല. മറിച്ചാണ് നാം കരുതാറുള്ളതെങ്കിലും. മാനസികമായി പീഡിപ്പിക്കുന്നത് അതിക്രൂരമായ ഹിംസയാണ്. പീഡകർ അതൊരു നിപുണകലയായി വളർത്തിയെടുത്തിട്ടുണ്ട്."[12] സമൂഹത്തിന്റെ എല്ലാതലങ്ങളിലും പ്രകടമായും അല്ലാതെയും ഹിംസ നിലനിൽക്കുന്നു. ഏതു തരത്തിലുള്ള ഹിംസയും അത് അനുഭവിക്കുന്ന വ്യക്തിയിൽ ഉണ്ടാക്കുന്ന ആഘാതം വളരെ വലുതാണ്.

"മറ്റുള്ളവർക്കോ തനിക്കു തന്നെയോ ശാരീരികമോ ലൈംഗികമോ മാനസികമോ ആയ ഉപദ്രവം ഉണ്ടാകുന്നതോ മനഃപൂർവ്വം ഭീഷണിപ്പെടുത്തുന്നതോ ആയ ഒരു വ്യക്തിയുടെ ഏതെങ്കിലും തരത്തിലുള്ള പെരുമാറ്റം"

എന്നാണ് എലിസബത്ത് സ്റ്റാങ്കോ ഹിംസയെ നിർവ്വചിക്കുന്നത്.[13] വർഗ്ഗപരവും വർണ്ണപരവും ലിംഗപരവുമായ സാമൂഹിക വിവേചനത്തെ നിലനിർത്തുന്നതിനുള്ള ഒരു ഉപകരണമെന്നനിലയിലും ഹിംസയെ ഉപയോഗപ്പെടുത്തുന്നുണ്ട്. "രാഷ്ട്രീയ ആയുധമായി ഹിംസയെ വ്യാപകമായി ഉപയോഗിച്ചവരാറുണ്ട്. ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയുടെ മേലോ സമൂഹത്തിന് വ്യക്തികളുടെ മേലോ ആധിപത്യം സ്ഥാപിക്കാനുള്ള ഉപാധിയായി ഹിംസ മാറിയിരിക്കുന്നു. ജാതി മതങ്ങളും വംശ/ഗോത്രങ്ങളും വർഗ്ഗ/സംഘങ്ങളും ഈ ഉപാധിയുടെ ചുറ്റളവിൽത്തന്നെയാണ് സ്ഥിതി ചെയ്യുന്നത്."[14]

ഒരേസമയം ഹിംസയോടുള്ള പ്രതിപത്തിയെയും കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നു എന്ന നീതിബോധത്തെയും തൃപ്തിപ്പെടുത്തുന്ന ഒന്നായി അപസർപ്പക നോവലുകൾ മാറുന്നു. ലാജോജോസിന്റെ കോഫിഹൗസ്, ഹൈഡ്രേഞ്ചിയ, റൂത്തിന്റെ ലോകം എന്നീ നോവലുകളിൽ അതിതീവ്രമായ രീതിയിൽ ഹിംസയെ അവതരിപ്പിച്ചിരിക്കുന്നു. സ്ത്രീകളും കീഴാളരും മൃഗങ്ങളും അതിക്രൂരമായ ശാരീരിക-മാനസിക പീഡനങ്ങൾക്ക് ഇരയാവുന്നതിന്റെ ഭയാനകമായ അവതരണമാണ് ഈ മൂന്നു നോവലിലും ഉള്ളത്. ഒടുവിൽ കുറ്റവാളികൾക്ക് ശിക്ഷ ലഭിക്കുന്നതിലൂടെ നീതിബോധത്തിലൂന്നുന്ന വായനക്കാരെ തൃപ്തിപ്പെടുത്തുന്നതിനുള്ള ശ്രമവും നോവലിസ്റ്റ് നടത്തുന്നുണ്ട്.

'റൂത്തിന്റെ ലോക'ത്തിൽ ഇരുപത്തിരണ്ട് പെൺകുട്ടികൾ അതിക്രൂരമായ രീതിയിൽ പീഡിപ്പിക്കപ്പെട്ട് കൊല്ലപ്പെടുന്നുണ്ട്. റൊണാൾഡ് ഇത്തരം ക്രൂരകൃത്യങ്ങൾക്കുവേണ്ടിമാത്രം ഒരു ഫാം ഹൗസും പരിസരവും സൃഷ്ടിച്ചെടുക്കുന്നു. തന്റെ ഇരകളെ അതിഭയാനകമായ രീതിയിൽ പീഡിപ്പിച്ച ശേഷം അവരെ കൊത്തിനുറുക്കി പന്നികൾക്കും വളർത്തുനായകൾക്കും എറിഞ്ഞുകൊടുക്കുകയാണ്. ഹിംസയുടെ അതിഭീകരമായ ചിത്രീകരണമാണ് ഹൈഡ്രേഞ്ചിയയിലെത്തുമ്പോൾ കാണുന്നത്. ഏഴ് സ്ത്രീകൾ സ്വന്തം കിടപ്പുമുറിയിൽ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ട നിലയിൽ പൂർണ്ണനഗ്നരായി കാണപ്പെട്ടു എന്നും ശരീരമാസകലം കുത്തിക്കീറിയ നിലയിലുള്ള ആ മൃതദേഹത്തിലേക്ക് ആർക്കും രണ്ടാമതൊന്ന് നോക്കാൻ സാധിച്ചില്ലെന്നും ക്രൂരതയേറ്റുവാങ്ങുമ്പോൾ കണ്ണുകളടയ്ക്കാതിരിക്കാൻ ഫെവിക്വിക്ക് കണ്ണിലൊഴിക്കുകയും ഹൈഡ്രജൻ പെറോക്സൈഡ് ഉപയോഗിച്ച് അവരുടെ ശരീരം വൃത്തിയാക്കുകയും ചെയ്തതായി നോവലിൽ അവതരിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ ക്രൂരനും രതി വൈകൃതങ്ങൾക്കടിമയുമായ ഒരു സീരിയൽ കില്ലറിനെയാണ് ഹൈഡ്രേഞ്ചിയയിൽ കാണാനാകുക. നോവലിസ്റ്റുതന്നെ രചനാവേളയിലെ

മാനസികാന്തരീക്ഷത്തിൽനിന്നും മുക്തനാകാൻ മാസങ്ങൾ എടുത്തുവെന്ന് പറയുന്നുണ്ട്. ആദ്യനോവലായ കോഫി ഹൗസിൽ ഹിംസയുടെ ചിത്രീകരണം മറ്റുള്ളവയെ അപേക്ഷിച്ച് കുറവാണ്. കോഫി ഹൗസിനുള്ളിൽവെച്ച് അഞ്ചുപേരെ കൊലപ്പെടുത്തിയതിനെക്കുറിച്ച് പറയുമ്പോഴും വയലൻസിന്റെ അവതരണം കാണുന്നില്ല. ജനപ്രിയ സാഹിത്യം പൊതുവെ സമൂഹത്തിന്റെ പൊതുബോധത്തെ തൃപ്തിപ്പെടുത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെ അപസർപ്പക നോവലുകളിലെ ഹിംസയുടെ വർധിച്ചുവരുന്ന പരിചരണം ഈ പൊതുബോധത്തിന്റെ ഭാഗമാണെന്ന് കാണാം.

## സ്ത്രീ

സമകാലിക മലയാള ക്രൈം ഫിക്ഷനുകളിൽ കാണുന്ന ഗുണകരമായ മാറ്റങ്ങളിൽ പ്രധാനമായത് സ്ത്രീയെഴുത്തുകാരുടെ കടന്നുവരവാണ്. പുരുഷകേന്ദ്രിതമായ കുറ്റാന്വേഷണ നോവൽ രംഗത്തേക്ക് എഴുത്തുകാരായും കുറ്റാന്വേഷകരായും സ്ത്രീകളുടെ പ്രാതിനിധ്യം അടയാളപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അഗതാ ക്രിസ്റ്റിയുടെ മിസ് മാർപ്പിളിന് മലയാളത്തിൽ ധാരാളം പിന്തുടർച്ചക്കാർ ഉണ്ടായിവരുന്നു. കോഫി ഹൗസിൽ ജേർണലിസ്റ്റായ എസ്തർ ചില സമ്മർദ്ദങ്ങളാലാണ് അന്വേഷകയാകുന്നത്. തുടർന്ന് ഹൈഡ്രേഞ്ചിയയിലെത്തുമ്പോൾ എസ്തർ കേസന്വേഷണത്തിൽ പ്രധാന പങ്കുവഹിക്കുകയും സീരിയൽ കില്ലറെ അതിസാഹസികമായി കൊലപ്പെടുത്തുകയും ചെയ്യുന്നു. എസ്തർ എന്ന കുറ്റാന്വേഷകയുടെ ജനനവും സ്വാഭാവികമായ വളർച്ചയും യാദൃച്ഛികതയല്ല. നിയമപാലകരായും നീതിന്യായ രംഗത്തുമുള്ള സ്ത്രീകളുടെ മുന്നേറ്റം തന്നെയാണ് ഇത്തരമൊരു പരീക്ഷണത്തിന് പിന്നിൽ. ഇത്തരമൊരു പരീക്ഷണത്തിന് മലയാള സിനിമപോലും ഇതുവരെ മുതിർന്നിട്ടില്ല എന്ന് തിരിച്ചറിയുമ്പോൾ ഈ മാറ്റത്തിന്റെ പ്രാധാന്യം കൂടുതൽ വ്യക്തമാകും. റൂത്തിന്റെ ലോകത്തിലും കുറ്റം അന്വേഷിക്കുന്നതും കഥയെ മുന്നോട്ടുനയിക്കുന്നതും കുറ്റവാളിയെ കൊല്ലുന്നതും സ്ത്രീകൾ തന്നെയാണ്.

പുരുഷന്റെ നോട്ടങ്ങളെയും ആണധികാരത്തെയും തൃപ്തിപ്പെടുത്തുന്ന അവതരണ മാതൃകകളും ഈ നോവലുകളിൽ കാണാനാകും എന്നതാണ് മറ്റൊരു വസ്തുത. സെക്സും സ്ത്രീശരീരവും പൊതുബോധത്തെ തൃപ്തിപ്പെടുത്തുന്നതിനുള്ള കോമ്പിനേഷനായും ഇവിടെ ഉപയോഗപ്പെടുത്തുന്നുണ്ട്. കൊലയ്ക്കുശേഷം പീഡിപ്പിക്കപ്പെടുന്ന കോഫി ഹൗസിലെ ജിനു, ഒരേ സമയം ഒന്നിലധികം സ്ത്രീകളെ പീഡിപ്പിക്കുന്നത് ആണത്തമായിക്കാണുന്ന റൊണാൾഡ് തോമസ് തുടങ്ങിയ കഥാപാത്രങ്ങളുടെ അവതരണം സ്ത്രീയെ ലൈംഗികവസ്തു മാത്രമായി

കാണുന്ന സമൂഹത്തിന്റെ പ്രതീകമാണ്. ഹൈഡ്രേഞ്ചിയയിലെ ശക്തമായ കഥാപാത്രമായ ഉന്നത പോലീസ് ഓഫീസറായ ഷാരൺപോലും പുരുഷ മേലധികാരികളാൽ അപഹാസ്യയാക്കപ്പെടുകയും യൂണിഫോമിലും 'ശരീരം മാത്ര'മായി പുരുഷനോട്ടത്തിന് ഇരയാകുകയും ചെയ്യുന്നു.

പന്ത്രണ്ടു വിദ്യാർത്ഥികളെ പീഡിപ്പിച്ച് കൊന്നശേഷം ശരീരഭാഗങ്ങൾ പല സ്ഥലത്തായി ഉപേക്ഷിച്ച ഹൈഡ്രേഞ്ചിയയിലെ അലക്സ് കുര്യൻ എന്ന കഥാപാത്രം പറയുന്നതിങ്ങനെയാണ്. "നിങ്ങളീ കൊട്ടിഘോഷിക്കുന്നതു പോലെ എല്ലാ പെണ്ണുങ്ങളും പുണ്യവതികളൊന്നുമല്ലായിരുന്നു.. പന്ത്രണ്ടെണ്ണത്തിൽ രണ്ടെണ്ണം മാത്രമായിരുന്നു കന്യകകൾ."[15] പീഡനത്തിനിരയാകുന്ന പെൺകുട്ടികൾ കന്യകമാരാണെങ്കിൽ മാത്രമേ അവർ സഹതാപംപോലും അർഹിക്കുന്നുള്ളൂ എന്ന സമൂഹ മനസ്സിന്റെ വികല ചിന്താഗതിയാണ് നോവലിലും കാണുന്നത്. സ്ത്രീ എന്നും വിശുദ്ധയായിരിക്കണമെന്ന സങ്കല്പത്തെ സൂചിപ്പിക്കുന്നതാണ് ഇത്തരം സംഭാഷണങ്ങൾ.

ഈ മൂന്നുനോവലിലും മനോബലമുള്ള, ഉറച്ച തീരുമാനങ്ങളെടുക്കാൻ കെല്പുള്ള ശക്തരായ സ്ത്രീകളെ കണ്ടെത്താൻ വിഷമമാണ്. ഹൈഡ്രേഞ്ചിയയിലെ പ്രധാന കുറ്റാന്വേഷകകഥാപാത്രമായ എസ്തറിനെ സ്കീസോഫ്രീനിക് ആയാണ് അവതരിപ്പിക്കുന്നത്. ഷാരണും കൊല്ലപ്പെട്ട ഏഴു സ്ത്രീകളും സൈക്കോളജിസ്റ്റിന്റെ ചികിത്സയിൽ ഉള്ളവരാണ്. റൂത്തിന്റെ ലോകത്തിലെ റൂത്ത് ആകട്ടെ ഭ്രമാത്മകചിന്തകളുമായി കഴിയുന്ന ആളാണ്. ശക്തരായ സ്ത്രീ കഥാപാത്രങ്ങൾപോലും പലപ്പോഴും മൃദുലവികാരങ്ങൾക്കടിപ്പെട്ട വാർപ്പുമാതൃകകളായി ചുരുങ്ങുന്നു. സ്ത്രീയെ കർതൃത്ത്വസ്ഥാനത്ത് നിർത്തുമ്പോഴും സമൂഹമനസ്സിൽ അന്തർലീനമായിരിക്കുന്ന സ്ത്രീവിരുദ്ധചിന്തകളും ഈ നോവലുകളിൽ കടന്നുവരുന്നുണ്ട്. പുരോഗമനപരമെന്ന് ഒറ്റനോട്ടത്തിൽ തോന്നുമെങ്കിലും പല പരമ്പരാഗത ചിന്തകളെയും അപസർപ്പകനോവലുകൾ ഇപ്പോഴും പിന്തുടരുന്നതായി കാണാം.

## ഉപസംഹാരം

വൈദേശിക കുറ്റാന്വേഷണ സാഹിത്യത്തോട് കിടപിടിക്കുന്നതാണ് മലയാള അപസർപ്പകനോവലിന്റെ പുതുവഴികൾ. കുറ്റവാളികൾ രൂപംകൊള്ളുന്നത് പാരമ്പര്യവും വർഗ്ഗപരവുമായ കാരണങ്ങൾകൊണ്ടാണെന്ന സങ്കല്പം ലാജോ ജോസിന്റെ നോവലുകളിൽ ഒളിഞ്ഞും തെളിഞ്ഞും അവതരിപ്പിക്കുന്നുണ്ട്. കുറ്റകൃത്യത്തിന്റെ നിറം കറുപ്പും കുറ്റവാളികൾ കീഴാളരുമായിരിക്കുമെന്ന അധികാരകേന്ദ്രങ്ങളുടെ പൊതുബോധത്തെയാണ് ഈ നോവലുകൾ

പിൻപറ്റുന്നത്. പൊതുബോധത്തെ തൃപ്തിപ്പെടുത്തുക എന്നത് ജനപ്രിയതയുടെ ഒരു സമവാക്യമാണ്. അതിലേക്ക് കണ്ണിചേർക്കപ്പെട്ടുകൊണ്ടാണ് സ്ത്രീ, ഹിംസ എന്നിവയെ അപസർപ്പകനോവലുകൾ പരിചരിക്കുന്നത്.

## കുറിപ്പുകൾ

1. ഹമീദ്; അപസർപ്പകനോവലുകൾ മലയാളത്തിൽ; 2015; പുറം 14, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. പദ്മനാഭപിള്ള ജി. ശ്രീകണ്ഠേശ്വരം; ശബ്ദതാരാവലി; 2018; പുറം 15, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
3. ഹമീദ്; അപസർപ്പകനോവലുകൾ മലയാളത്തിൽ; 2015; പുറം 18, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
4. ഷാജിജേക്കബ്; മലയാളനോവൽ ഭാവനയുടെ രാഷ്ട്രീയം; 2013; പുറം 99, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
5. രാധാകൃഷ്ണൻ പി.എസ്.(ലേഖനം); ജനപ്രിയ സാഹിത്യത്തിന്റെ സാംസ്കാരിക വിവക്ഷകൾ; ആധുനി കാനന്തര മലയാള സാഹിത്യവിമർശനം, എഡി. ഷാജി ജേക്കബ്; 2013; പുറം 121, സൈകതം ബുക്സ്, കോതമംഗലം.
6. പരിണാമഗുപ്തി - അവസാനംവരെ ജിജ്ഞാസ ശമിപ്പിക്കാതെ കഥാമർമ്മം മറച്ചുവയ്ക്കുന്ന കഥാഗുണം.
7. രാജശേഖരൻ പി.കെ.; ലേഖനം-കാമുകരും കൊലയാളികളും; ജനപ്രിയസാഹിത്യം മലയാളത്തിൽ, എഡി. ശ്രീകുമാർ എ.ജി.; 2014; പുറം 113, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
8. അഗതാക്രിസ്റ്റിയുടെ എഴുത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് നടന്ന ആഘോഷത്തിൽ പങ്കുചേർന്നുകൊണ്ട് 2020ൽ ഡി.സി. ബുക്സ് സംഘടിപ്പിച്ച ക്രൈം ഫിക്ഷൻ മത്സരത്തിൽ ശിവൻ എടമന രചിച്ച ന്യൂറോ ഏരിയയാണ് മികച്ച നോവലായി തിരഞ്ഞെടുക്കപ്പെട്ടത്. ന്യൂറോ ഏരിയയ്ക്ക് പുറമേ ഡാർക് നെറ്റ്(ആദർശ് എസ്.), ഡോൾസ് (റിഹാൻ റാഷിദ്), കിഷ്കിന്ധയുടെ മൗനം (ജയപ്രകാശ് പാനൂർ) എന്നീ രചനകൾ ചുരുക്കപ്പട്ടികയിൽ ഇടം പിടിച്ചു.
9. https://youtu.be/jW0-eQKfnhY
10. കോസി മിസ്റ്ററി എന്നത് ക്രൈം ഫിക്ഷന്റെ ഒരു ഉപവിഭാഗമാണ്. കുറ്റകൃത്യവും കണ്ടെത്തലും നടക്കുന്നത് ഒരു ചെറിയ, സാമൂഹികമായി അടുപ്പമുള്ള ഒരു സമൂഹത്തിലാണ്. ക്രൂരമായ അക്രമവും സ്പഷ്ടമായ ലൈംഗികതയും ഇതിവൃത്തത്തിന്റെ കേന്ദ്രബിന്ദുവായ മറ്റു ക്രൈം ഫിക്ഷനിൽ നിന്ന് വ്യത്യസ്തമായി രക്തച്ചൊരിച്ചിലോ ഭീകരാന്തരീക്ഷമോ ഇല്ലാതെ കോസികൾ നിലകൊള്ളുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഡിറ്റക്ടീവ് ഫിക്ഷന്റെ സുവർണ്ണ കാലഘട്ടം പുനഃസൃഷ്ടിക്കാനുള്ള ശ്രമത്തിൽ വിവിധ എഴുത്തുകാർ നൂതനാശയങ്ങൾ അവതരിപ്പിക്കുന്ന കൃതികൾ സൃഷ്ടിച്ചപ്പോഴാണ് കോസി എന്ന പദം ഉപയോഗിക്കുന്നത്.
11. മണികണ്ഠൻ കെ.; (ലേഖനം) ഹിംസയുടെ രാഷ്ട്രീയം മലയാള വിവർത്തനത്തിൽ; പുറം 280; 2016 ജനുവരി-ഫെബ്രുവരി; സാഹിത്യലോകം വാല്യം 44, ലക്കം 1; കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

12. (violence is 'any form of behaviour by an individual that intentionally threatens to or does cause physical, sexual or psychological harm to others or themselves') Elizabeth A Stanko; The Meaning of Violence; 2003; page 316; Routledge Publishers England.
13. രാഹുൽ രാധാകൃഷ്ണൻ; ഹിംസയുടെ ജനിതകം; https://m.samakalikamalayalam.com/malayalam-varika/essays/2019/feb/04
14. ലാജോ ജോസ്; റൂത്തിന്റെ ലോകം; 2020; പുറം 07, ഡി.സി.ബുക്സ്, കോട്ടയം.
15. ലാജോ ജോസ്; ഹൈഡ്രേഞ്ചിയ; 2019; പുറം 76, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

*keerthiranjithkollam@gmail.com*

# യന്ത്രവും മനുഷ്യനും കൂടിച്ചേരുന്ന കുറ്റാന്വേഷണ വഴികൾ

ഡോ. നടാഷ സെബാസ്റ്റ്യൻ
അസോസിയേറ്റ് പ്രൊഫസർ, നേശമണി മെമ്മോറിയൽ ക്രിസ്ത്യൻ കോളേജ്, മാർത്താണ്ഡം

പ്രബന്ധസംഗ്രഹം
ശാസ്ത്രത്തിന്റെ അനന്തമായ സാധ്യതകളെ ഭാവനയുമായി കൂട്ടിയിണക്കി ക്കൊണ്ട് മനുഷ്യാമരത്വത്തിനുവേണ്ടിയുള്ള ഗവേഷണങ്ങളും ആശുപത്രി വ്യവസായവും പശ്ചാത്തലമാക്കി രചിച്ച ന്യൂറോ ഏരിയ എന്ന നോവൽ സമീപകാലത്തുണ്ടായ മികച്ച സൈബർ ഫിക്ഷനാണ്. മനുഷ്യരെപ്പോ ലെതന്നെ കമ്പ്യൂട്ടറുകളും കഥാപാത്രങ്ങളാകുന്ന ഈ നോവൽ മുന്നോട്ടുവ യ്ക്കുന്ന മാനവവാദാനന്തരതയുടെ ആശയങ്ങൾ ഈ പഠനം കണ്ടെത്തുന്നു. സൈബർകാല ശാസ്ത്രവളർച്ച മനുഷ്യജീവിതത്തിലുണ്ടാക്കാനിടയുള്ള പ്രശ്നങ്ങളെക്കുറിച്ച് നോവലിസ്റ്റ് നൽകുന്ന സൂചനകളും വിലയിരുത്തുന്നു.
**താക്കോൽ വാക്കുകൾ:** സൈബർ ഫിക്ഷൻ, മാനവവാദാനന്തരത, റോബോട്ട്

## ആമുഖം

ഒരു കുറ്റകൃത്യം, അതിന്റെ നിഗൂഢത, അതന്വേഷിയ്ക്കാനെത്തുന്ന അപസർപ്പ ക/ൻ, അന്വേഷണം പലതലങ്ങളിലൂടെകടന്ന് ഒടുവിൽ കുറ്റവാളിയിലെത്തി ച്ചേരുന്ന പരിണാമഗുപ്തി ഇതെല്ലാം ചേർന്നതാണ് അപസർപ്പകകഥകൾ. സാഹിത്യകാരന്മാരേക്കാൾ ജനപ്രീതി അവർ സൃഷ്ടിച്ച കഥാപാത്രങ്ങൾ നേടി. സർ. ആർതർ കോണാൻ ഡോയിൽ സൃഷ്ടിച്ച ഷെർലോക്ക് ഹോംസ് എന്ന കഥാപാത്രം മികച്ച ഉദാഹരണമാണ്. ഫൈനൽ പ്രോബ്ലം എന്ന കഥയിൽ സ്വിറ്റ്സർലണ്ടിലെ റീച്ചൻ ബാക്ക് വെള്ളച്ചാട്ടത്തിൽ വീഴ്ത്തി ഷെർലക്ക് ഹോംസിനെ സ്രഷ്ടാവുതന്നെ ഇല്ലാതാക്കിയെങ്കിലും വായനക്കാരുടെ

നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡോയിൽ വീണ്ടും ഹോംസിനെ പുനർ ജീവിപ്പിച്ചു. അദ്ദേഹത്തിന്റെ മകൻ എഡ്രിയാൻ കോണാൻ ഡോയിൽ ഹോംസിനെ പുനരവതരിപ്പിച്ചു. ഹോംസിന്റെ ജനപ്രീതി സൂചിപ്പിക്കുന്നത് ജനങ്ങൾക്ക് അപസർപ്പകസാഹിത്യത്തോടുള്ള താല്പര്യമാണ്. 1970-കൾ മലയാളത്തിൽ അപസർപ്പകസാഹിത്യത്തിന്റെ സുവർണകാലമായിരുന്നു. പൈങ്കിളി വാരികകൾ എന്ന മുദ്രകുത്തി നിലവാരംകുറഞ്ഞതെന്ന് മാറ്റിനിർത്തിയ വാരികകളുടെ ജനപ്രിയതത്വത്തിന് ഒരു പ്രധാനകാരണം അപസർപ്പകനോവലുകളായിരുന്നു. ഓരോലക്കവും പുറത്തിറങ്ങിയിരുന്നത് ഡിറ്റക്ടീവ് നോവലുകളുമായാണ്. മലയാളത്തിലെ അപസർപ്പകസാഹിത്യ ചരിത്രത്തിൽ എടുത്തു പറയേണ്ട പേരാണ് കോട്ടയം പുഷ്പനാഥിന്റേത്. അടുത്ത ലക്കത്തെ കഥ അറിയുന്നതിനായി ആളുകൾ അദ്ദേഹത്തിന്റെ വീട്ടുവാതിൽക്കലെത്തുന്ന സംഭവങ്ങൾ വരെയുണ്ടായിട്ടുണ്ടത്രെ. അത്രമേൽ ജനങ്ങൾക്കു പ്രിയമായിരുന്ന കുറ്റാന്വേഷണകഥകളുടെ പ്രാധാന്യം മെല്ലെ കുറഞ്ഞുവന്നു. നമ്മുടെ സാഹിത്യപഠിതാക്കളും ഗവേഷകരും ഒരു പഠനവിഷയമായിപ്പോലും ഈ വിഭാഗത്തെ പരിഗണിക്കുന്നില്ല. എന്നാൽ അപസർപ്പക സാഹിത്യത്തെ മുഖ്യധാരയിലേക്കു കൊണ്ടുവരാനുള്ള ചില ശ്രമങ്ങൾ ഇന്നു നടക്കുന്നുണ്ട്. ഡി.സി. ബുക്സ് അഗതാ ക്രിസ്റ്റിയുടെ എഴുത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ചു നടത്തിയ ക്രൈം ഫിക്ഷൻ നോവൽ മത്സരത്തിൽ (2020) ഒന്നാം സമ്മാനാർഹമായ നോവലാണ് ശിവൻ എടമനയുടെ ന്യൂറോ ഏരിയ. അപസർപ്പക സാഹിത്യത്തിലെ ഒരു പുതിയ കാൽവെയ്പ്പാണ് ഈ നോവലെന്ന് നിസ്സംശയം പറയാം.

### റോബോട്ടുകൾ നിയന്ത്രിക്കുന്ന ആശുപത്രി

വായനക്കാരുടെ മുമ്പിൽ യഥാർത്ഥത്തിലുള്ളതോ അല്ലാത്തതോ ആയ ഒരു ലോകം സൃഷ്ടിയ്ക്കാനുള്ള കഴിവ് അപസർപ്പക നോവലിസ്റ്റിനുണ്ടായിരിക്കണം. ആ കാലത്തും ഈ കാലത്തും അപസർപ്പക കൃതികളിൽ കാണുന്ന ലോകം ഏതോ സാങ്കല്പികമാണ്. ആ ലോകത്ത് ജീവിക്കുന്ന കുറേ മനുഷ്യരും സംഭവങ്ങളുമാണ് അപസർപ്പക കഥകളുടെ പ്രമേയം. നാം ജീവിക്കുന്ന ഈ മണ്ണിൽ സംഭവിക്കുന്ന കാര്യങ്ങൾ, സാധാരണക്കാരുടെ ജീവിതവുമായി ബന്ധമുള്ള ഇതിവൃത്തങ്ങൾ ഒന്നുമല്ല ഇത്തരം കൃതികളിൽ കൈകാര്യം ചെയ്യുന്നത്. വായനയിലൂടെ നേടിയ അറിവാണ് പുതിയ കഥാപരിസരങ്ങൾ സൃഷ്ടിയ്ക്കാൻ ആദ്യകാല എഴുത്തുകാരെ സഹായിച്ചത്. മലയാളത്തിൽ

കോട്ടയം പുഷ്പനാഥിന്റെ നോവലുകൾ ഉദാഹരണമാണ്. ഒരു വിദേശരാജ്യവും സന്ദർശിച്ചിട്ടില്ലാത്ത അദ്ദേഹം ഇംഗ്ലണ്ടിലെ നഗരങ്ങളും ബർഡമൂഡ ട്രയാംഗിളും ശാന്തസമുദ്രത്തിലെ അന്തർവഹിനിക്കപ്പലും കാർപാത്യൻ മലനിരകളുമൊക്കെ വായനക്കാരന്റെ മുമ്പിൽ അവതരിപ്പിച്ച് വിജയിച്ചു. ഇന്ന് ഇന്റർനെറ്റിന്റെയും മറ്റും അനന്തമായ സാധ്യതകൾ എഴുത്തുകാരനും വായനക്കാരനും മുമ്പിലുണ്ട്. സകലവിജ്ഞാനവും മനുഷ്യന്റെ വിരൽത്തുമ്പിലുള്ള ഈ കാലത്ത് പുതുമയുള്ള കഥാപരിസരം സൃഷ്ടിയ്ക്കുക എന്നത് എഴുത്തുകാരനു മുമ്പിലുള്ള വലിയ വെല്ലുവിളിയാണ്.

കൊച്ചിയിലെ പ്രശസ്തമായ സതേൺ ഹെൽത്ത് കെയർ ഹോസ്പിറ്റലാണ് കഥാപശ്ചാത്തലം. ഇന്ത്യയിലെത്തന്നെ ആദ്യത്തെ റോബോട്ടിക് ഹോസ്പിറ്റൽ. റോബോട്ടുകൾ നിയന്ത്രിക്കുന്ന ആശുപത്രി എന്നതാണ് കഥാപരിസരത്തിന്റെ പ്രധാനസവിശേഷത. മറ്റൊന്ന് ഹോസ്പിറ്റലിനകത്തുതന്നെയുള്ള ന്യൂറോ ഏരിയ എന്ന രഹസ്യ അറയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പരമാവധി സാധ്യതകൾ ഇവിടെ ഉപയോഗിച്ചിരിക്കുന്നു. മനുഷ്യരേക്കാൾ വേഗത്തിൽ ചിന്തിക്കുകയും അതിവേഗത്തിൽ തീരുമാനങ്ങളെടുക്കുകയും ചെയ്യുന്ന റോബോട്ടുകളുടെ നിയന്ത്രണത്തിലാണ് ആശുപത്രി. ഹോസ്പിറ്റലിന്റെ ഓരോ മിടിപ്പും നിയന്ത്രിക്കുന്നത് ബേസ്മെന്റിലെ റോബോട്ടിക് കൺട്രോൾ റൂമിൽ നിന്നാണ്. അവിടെ നടക്കുന്നതെന്താണെന്നതിനെക്കുറിച്ച് ആശുപത്രിയിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കുപോലുമറിയില്ല. അവിടെ പ്രവേശനമുള്ളത് ഹോസ്പിറ്റലിന്റെ ചെയർമാൻ ഡോ. രാഹുൽ ശിവശങ്കർ, അദ്ദേഹത്തിന്റെ ഗുരുവും സഹചാരിയുമായ പ്രശസ്ത ന്യൂറോളജിസ്റ്റ് ഡോ. ഡേവിഡ് ലൂക്ക, സിസ്റ്റർ താര എന്നിവർക്കുമാത്രമാണ്. ഡോ. രാഹുൽ ശിവശങ്കറിനെ ടാങ്കർ ലോറിയിടിപ്പിച്ച് ആരോ കൊല്ലാൻ ശ്രമിയ്ക്കുന്നു. ഗുരുതരമായി പരിക്കേറ്റ അദ്ദേഹം കോമയിലാകുന്നു. ഏതാനും ദിവസങ്ങൾക്കകം ഡോ.ഡേവിഡ് ലൂക്ക വെടിയേറ്റ് മരിക്കുന്നു. ന്യൂറോ ഏരിയയുടെ രഹസ്യമറിയാവുന്ന മൂന്നാമത്തെ വ്യക്തി സിസ്റ്റർ താര അതിദാരുണമായി കൊല്ലപ്പെടുന്നു. ഈ കുറ്റകൃത്യങ്ങളുടെ അന്വേഷണവും തുടർന്നു നടക്കുന്ന സംഭവങ്ങളുമാണ് പ്രധാന പ്രമേയം.

മനുഷ്യനിർമിതമായ റോബോട്ടുകൾ മനുഷ്യരെപ്പോലെ തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നത് ഇന്ന് വലിയ അത്ഭുത സംഭവമൊന്നുമല്ല. ഹോസ്പിറ്റലിനെക്കുറിച്ചുള്ള ചില വിവരണങ്ങൾ നോക്കുക. 'ഓരോ ബെഡ്ഡിലുമുള്ള രോഗിക്ക് ഏതൊക്കെ സമയത്ത് എന്തൊക്കെ മരുന്നുകൾ എത്ര അളവിൽ

നൽകണ മെന്നുള്ള കമാൻഡ് ഡോക്ടർ അവർക്ക മുന്നിലെ ടച്ച് പാഡിൽ ഫീഡ് ചെയ്തിട്ടാൽ മതി. കോറിഡോറുകളിലെ ചാർജിങ്ങ് പോയിന്റിൽ വിശ്രമിക്കുന്ന വേസ്റ്റ്ബിൻ പോലെ തോന്നിക്കുന്ന ടഗ് എന്ന റോബോട്ട് അണുവിട തെറ്റാതെ മരുന്നുകളുമായി രോഗിയ്ക്കടുത്തെത്തും'. 'നേഴ്സിങ്ങ് റോബോട്ടുകളാണ് ക്രിട്ടിക്കലല്ലാത്ത രോഗികളെ തുടയ്ക്കുന്നതും വൃത്തിയാക്കുന്നതുമൊക്കെ,' '24 മണിക്കൂറും ജാഗ്രതയോടെയിരിക്കുന്ന നിരവധി സെൻസറുകളാണ് ഓരോ കിടക്കയിലുമുള്ളത്. ഓരോ രോഗിയുടെയും ഹൃദയമിടിപ്പും നാഡി മിടിപ്പും ബ്ലഡ് പ്രഷറുമെല്ലാം നിരന്തരം അളന്നു കൊണ്ടിരിക്കും'. ഇനിയുമുണ്ട് ഒട്ടേറെ കംപ്യൂട്ടിക്ക് റോബോട്ടിക് സംവിധാനങ്ങൾ. കേരളത്തിലെ പ്രാദേശിക ഭാഷകൾ വരെ സംസാരിക്കുന്ന മൃത്യുഞ്ജയ എന്ന ചാറ്റ് ബോട്ട്, ഹോസ്പിറ്റലിന്റെ 20 കിലോമീറ്റർ ചുറ്റളവിൽ നടക്കുന്ന അപകടങ്ങൾ ആംബുലൻസ് കൺട്രോൾ റൂമിലെത്തിക്കുന്ന പറന്നുകൊണ്ടിരിക്കുന്ന ബയോണിക് ഫ്ലയിങ്ങ് ബോക്സുകൾ എന്നറിയപ്പെടുന്ന റോബോട്ടിക് വവ്വാലുകൾ. എന്നിങ്ങനെ അത്ഭുതങ്ങളുടെ മായാലോകത്തേക്കാണ് വായനക്കാർ ആദ്യം കടന്നുചെല്ലുന്നത്. ശാസ്ത്രത്തിന്റെ അതിവേഗത്തിലുള്ള വളർച്ച കണക്കിലെടുക്കുമ്പോൾ ആശുപത്രിക്കാഴ്ചകൾ പൂർണമായും അയഥാർത്ഥമെന്നോ യുക്തിക്കു നിരക്കാത്തതെന്നോ പറയാനാവില്ല. ഭാവനയും യാഥാർത്ഥ്യവും ഇവിടെ സമ്മേളിച്ചിരിക്കുന്നു. വരാനിരിക്കുന്ന മാറ്റങ്ങളെ നോവലിസ്റ്റ് ദീർഘവീക്ഷണത്തോടെ നോക്കിക്കാണുന്നു.

മാനവവാദാനന്തരതയുടെ പാഠങ്ങൾ

മാനവവാദാനന്തരതയുടെ ((Post humanism) ആശയങ്ങൾ ഈ നോവൽ മുന്നോട്ടുവെയ്ക്കുന്നുണ്ട്. 1980-കൾക്കു ശേഷമാണ് പോസ്റ്റ് ഹ്യൂമനിസം ഒരു ചിന്താധാരയെന്ന നിലയിൽ പ്രസക്തമായത്. മലയാളത്തിൽ ഉത്തരാധുനികതയ്ക്കുശേഷം വന്ന ഘട്ടമാണ് പോസ്റ്റ് ഹ്യൂമനിസം. ഡോണാ ജെ. ഹാരോവേയ് എഴുതിയ എ സൈബോർഗ് മാനിഫെസ്റ്റോ എന്ന ഉപന്യാസം ഈ വിഷയത്തെക്കുറിച്ച് ഗൗരവമേറിയ ചർച്ചകൾക്കു വഴിതുറന്നു. മനുഷ്യൻ, മൃഗം, യന്ത്രം എന്നിങ്ങനെയുള്ള വേർതിരിവുകളെ അവർ തള്ളിക്കളഞ്ഞു. കൊറോണാ വൈറസ് ആഗോള വ്യാപകമായി സൃഷ്ടിച്ച പ്രതിസന്ധി മാനവവാദാനന്തരതാചിന്തകളുടെ ആക്കംകൂട്ടി. മനുഷ്യൻ കർത്തൃത്വസ്ഥാനത്ത് നിന്നിരുന്ന മനുഷ്യകേന്ദ്രിതമായ മാനവതാവാദത്തിന് ഇളക്കം തട്ടി. മനുഷ്യൻ അനേകായിരം ജീവിവർഗങ്ങളിൽ ഒന്നു മാത്രമാണെന്നും മറ്റെല്ലാ ജീവജാലങ്ങളെയും പോലെ പരിണാമവിധേയമാണെന്നും എപ്പോൾ വേണമെങ്കിലും

വംശനാശം സംഭവിക്കാമെന്നുമൊക്കെയുള്ള ചിന്തകൾ പ്രബലമായി. സാമ്പ്രദായികമായ മനുഷ്യസങ്കല്പംതന്നെ ഇല്ലാതാകുന്ന അവസ്ഥയാണ് പോസ്റ്റ് ഹ്യൂമനിസം. മനുഷ്യാനന്തരം രൂപംകൊള്ളുന്ന ആശയലോകമാണിത്. പുതിയകാലം യന്ത്രങ്ങളുടെയും സൈബോർഗുകളുടെയുമാണ്. മനുഷ്യവംശത്തിന്റെ ജൈവികമായ തകർച്ച സൃഷ്ടിക്കുന്ന സങ്കീർണതകളാണ് മാനവവാദാനന്തരത പ്രധാനമായും ചർച്ച ചെയ്യുന്നത്.

ന്യൂറോ ഏരിയയിൽ മിക്കപ്പോഴും മനുഷ്യരെക്കാൾ പ്രാധാന്യം യന്ത്രങ്ങൾക്കാണെന്നു പറയാം. മനുഷ്യന്റെ മനസ്സുപോലും കൃത്യമായി വായിക്കാൻ ആശുപത്രിയിലെ റോബോട്ടുകൾക്ക് സാധിക്കുന്നു. ഒരു നൂറ്റാണ്ടോളമായി സയൻസ് ഫിക്ഷനുകളിലെ പ്രധാനഘടകമാണ് റോബോട്ടുകൾ. റോബോട്ട് എന്ന പദം ആദ്യമായി ഉപയോഗിച്ചത് കാരെൽ കാപെകിന്റെ റോസംസ് യൂണിവേഴ്സൽ റോബോട്ട്സ് എന്ന കൃതിയിലാണ്. മനുഷ്യനിർമിതമായ റോബോട്ടുകൾ എന്ന ആശയത്തിൽ നിന്നു മാറി റോബോട്ടുകൾ നിയന്ത്രിക്കുന്ന മനുഷ്യരാശി പോസ്റ്റ് ഹ്യൂമനിസം മുന്നോട്ടുവെക്കുന്ന ആശയമാണ്. യന്ത്രങ്ങൾക്കും അനേകം സോഫ്റ്റ്വെയറുകൾക്കും ഇടയിൽ കുരുങ്ങിപ്പോകുന്ന മനുഷ്യന്റെ നിസ്സഹായത ഈ നോവൽ അടയാളപ്പെടുത്തുന്നു. റോബോട്ടിക് ഹോസ്പിറ്റൽ എന്ന ആശയം യഥാർത്ഥലോകവും വിർച്വൽ ലോകവും തമ്മിലുള്ള വിടവ് ഇല്ലാതെയാക്കുന്നു. ഈ പുസ്തകത്തിൽ പരാമർശിക്കുന്ന ബ്രെയിൻ അപ്‌ലോഡിങ് എന്ന ആശയം 2045 Initative[2] എന്ന പ്രോജക്ടിൽ നിന്നാണ് ഉരുത്തിരിഞ്ഞുവന്നത്. മനുഷ്യമനസ്സ് പൂർണമായും കമ്പ്യൂട്ടറിലേക്ക് അപ്‌ലോഡു ചെയ്യുന്നതിലൂടെ ഒരാളുടെ മരണശേഷം അയാളുടെ അറിവും അനുഭവപരിചയവും സൂക്ഷിച്ചുവയ്ക്കുകയും വരും തലമുറകൾക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യാം എന്നതാണ് ഇതിനു പിന്നിലെ തത്വം. മരണത്തെ ജയിക്കാനുള്ള മനുഷ്യന്റെ ഉദ്യമം. ക്രൈംഫിക്ഷൻ എന്നതിനപ്പുറമുള്ള പഠനസാദ്ധ്യതകൾ ഈ നോവൽ തുറന്നിടുന്നു.

### സൈബർലോകത്തെ കുറ്റാന്വേഷണം

അപസർപ്പക കഥയിൽ ഉണ്ടായിരിക്കേണ്ട രണ്ടു പ്രധാനഘടകങ്ങൾ സമസ്യ, കുറ്റാന്വേഷകൻ എന്നിവയാണെന്ന് ഡിറ്റക്ടീവ് ചരിത്രകാരനായ റെയ്മണ്ട് ചാണ്ട്ലറും[2] ഇതിവൃത്തം, പരിണാമഗുപ്തി, സമസ്യ, നിയന്ത്രിത വിവരവിരേചനം എന്നീ നാലു ഘടകങ്ങളാണെന്ന് ഫ്രാൻസിസ്കോ ഓർസിനിയും അഭിപ്രായപ്പെട്ടിട്ടുണ്ട്.[3] ഈ നോവലിൽ ഒന്നിലധികം സമസ്യകളുണ്ട്. ആദ്യവസാനം സസ്പെൻസ് നിലനിർത്തുക യെന്ന അപസർപ്പക കഥാധർമം

കൃത്യമായി പാലിച്ചിട്ടുണ്ട്. വായനക്കാരെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തിക്കൊണ്ട് ഉദ്വേഗജനകമായ സംഭവങ്ങൾ ഒന്നൊന്നായി അരങ്ങേറുന്നു. അഴിക്കാൻ ശ്രമിക്കുന്തോറും മുറുകുന്ന കുരുക്കുകൾ. ഉത്തരം കിട്ടാത്ത ഒട്ടേറെ ചോദ്യങ്ങൾ വായനക്കാരുടെ മനസ്സിലുണ്ടാകുന്നു.

പലപ്പോഴും കുറ്റാന്വേഷകന് അമാനുഷിക പരിവേഷം കൊടുത്തു കാണാറുണ്ട്. എന്നാലീ നോവലിൽ കുറ്റാന്വേഷണത്തിന്റെ പതിവുരീതികൾ പിൻതുടരുന്നില്ല. അമാനുഷിക പരിവേഷമുള്ള ഒരു കുറ്റാന്വേഷകനിതിലില്ല. നയന ഭരദ്വാജ് എന്ന സിറ്റി പോലീസ് കമ്മീഷണർക്കാണ് അന്വേഷണച്ചുമതല. കുറ്റാന്വേഷക ഒരു സ്ത്രീയാണെന്നതും ശ്രദ്ധേയമാണ്. അസാധാരണത്വങ്ങളൊന്നും അവകാശപ്പെടാനില്ലാത്ത ഒരു പോലീസന്വേഷണം. ആകസ്മികതയോ വെളിപാടുകളോ സഹായത്തിനെത്തുന്നില്ല. കമ്മീഷണർ മഫ്തിയിൽ നടത്തുന്ന ചില യാത്രകളാണ് അന്വേഷണത്തിനു തുമ്പുണ്ടാക്കുന്നത്. രാഹുൽ ശിവശങ്കറിനെ അപകടപ്പെടുത്താൻ ശ്രമിച്ച മാർട്ടിൻ എന്ന ട്രക്ക് ഡ്രൈവർക്ക് പ്രോസോപഗ്നാസിയ എന്ന രോഗമാണെന്നും അയാൾക്ക് മുഖംനോക്കി ആളെ തിരിച്ചറിയാനാവില്ലെന്നുമുള്ള കണ്ടെത്തലുകൾ നിർണായക വഴിത്തിരിവാകുന്നു. ട്രക്ക് ഡ്രൈവർ മാർട്ടിന് ക്വട്ടേഷൻ കൊടുത്തത് ഡോക്ടർ ലൂക്കയുടെ ഉയരവും ശരീര ഘടനയുമുള്ള ഒരാളാണെന്ന നിഗമനത്തിൽ അവർ എത്തിച്ചേരുന്നു. അറിഞ്ഞോ അറിയാതെയോ കേസന്വേഷണത്തിൽ പലരും പങ്കാളികളാകുന്നു. ന്യൂറോ ഏരിയയുടെ രഹസ്യവാതിലുകൾ ഓരോന്നായി തുറക്കുന്നത് ഡോ. മീനാക്ഷിയും യഥാർത്ഥ കുറ്റവാളിയാരെന്ന സൂചന പോലീസിനു നല്കുന്നത് ഡോ. ലളിത മഹാദേവിയുമാണ്. കുറ്റാന്വേഷണം ഒരു അന്വേഷകനിൽ കേന്ദ്രീകരിച്ചിട്ടില്ലെന്നതുതന്നെയാണ് എടുത്തു പറയേണ്ട സവിശേഷത.

സതേൺ ഹെൽത്ത് കെയർ ഹോസ്പിറ്റലിന്റെ ചെയർമാനായ ഡോ. രാഹുൽ ശിവശങ്കറിനെ നാം അറിയുന്നത് അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളിലൂടെയാണ്. കോടീശ്വര പുത്രനായി ജനിച്ചിട്ടും അദ്ദേഹം അനുഭവിച്ച ഏകാന്തത, അമ്മയുടെയും ചേച്ചിയുടെയും മരണം സൃഷ്ടിച്ച ശൂന്യത, എന്തിലും ഏതിലും ഗണിതസമവാക്യങ്ങൾ കണ്ടെത്താൻ ശ്രമിച്ച ബാല്യം, മൈൻഡ് അപ്‌ലോഡിങ്ങിൽ നടത്തിക്കൊണ്ടിരുന്ന ഗവേഷണങ്ങൾ, തന്റെ കണ്ടുപിടുത്തങ്ങൾ ലോകത്തിന്റെ നന്മയ്ക്കായിത്തീരണമെന്ന സ്വപ്നം എന്നിവ ഡയറിയുടെ താളുകളിൽനിന്ന് മീനാക്ഷി വായിച്ചെടുക്കുമ്പോൾ അദ്ദേഹത്തിന്റെ ജീവിതവും സ്വപ്നവും തൊട്ടറിയുകയാണ്.

മറ്റൊരു പ്രധാന കഥാപാത്രമാണ് ഡോ. ഡേവിഡ് ലൂക്ക. മനുഷ്യരുടെ ഓരോ പ്രതികരണത്തിനും കാരണം തലച്ചോറിലെ ന്യൂറോണുകളാണെന്നു കണ്ടെത്തുന്ന അദ്ദേഹം രോഗികളുടെ സ്വഭാവമാറ്റം പഠിയ്ക്കാനായി അവർക്കു പിന്നാലെ അലഞ്ഞു. ജീവിതം ഗവേഷണത്തിനും പഠനത്തിനുമായി ഉഴിഞ്ഞു വെച്ചു. തന്റെ പ്രബന്ധം അടിച്ചു മാറ്റിയ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനെ വിദ്യാർത്ഥികൾ നോക്കി നിൽക്കെ കണക്കിനു പ്രഹരിച്ച്, സർക്കാർ കൊടുത്ത ഡിസ്മിസൽ ഓർഡർ ചുരുട്ടിക്കൂട്ടി കുപ്പയിലേക്കു വലിച്ചെറിഞ്ഞ് ഇറങ്ങിപ്പോന്ന ധിക്കാരി. സമൂഹത്തിന്റെ ഏറ്റവും താഴേത്തട്ടിലുള്ളവരായിരുന്നു അദ്ദേഹത്തിന്റെ ചങ്ങാതിമാർ. അവരിൽ ഗുണ്ടകളും ക്രിമിനലുകളും ചേരിനിവാസികളുമൊക്കെയുണ്ട്. മാന്യൻമാരോട് മര്യാദയ്ക്കു പെരുമാറാനറിയാത്തയാൾ, മദ്യപാനി എന്നിങ്ങനെ അദ്ദേഹത്തിനു കുപ്രസിദ്ധിയേറെയുണ്ട്. ഡോ. ഡേവിഡ് ലൂക്കയുടെ വിചിത്രസ്വഭാവവും ഈ നോവലിലെ മറ്റൊരു നിഗൂഢതയാണ്.

ട്രാൻസ്ജെൻഡറായ പിംഗള ഈ നോവലിലെ ഒരു പ്രധാന കഥാപാത്രമാണ്. പാർശ്വവത്കരിക്കപ്പെട്ട ഒരു വിഭാഗമാണ് ഇന്നു ട്രാൻസ്ജൻഡേഴ്സ്. അപരലിംഗർ നേരിടുന്ന അവഗണനയും അവഹേളനവും നോവലിൽ പരമാർശിക്കുന്നുണ്ട്. ഡ്രൈവിങ് സീറ്റിൽ പിങ്ഗളയെ കാണുമ്പോൾ പലരും ചോദിക്കാറുണ്ട്. ഡ്രൈവറായിട്ട് മറ്റാരെയങ്കിലും കിട്ടുമോ? അപമാനഭാരത്തോടെ തലയും കുമ്പിട്ടിറങ്ങിപ്പോന്ന അവസരങ്ങൾ നിരവധിയാണ്. മറ്റൊരിക്കൽ ഒരു നേതാവ് മുഖത്തുനോക്കിപ്പറഞ്ഞു. ഒന്നുകിൽ ആണോടിക്കട്ടെ അല്ലെങ്കിൽ പെണ്ണോടിയ്ക്കട്ടെ. ഏതായാലും ഇത് ശരിയാവില്ല. പിങ്ഗളയ്ക്കു മാന്യമായ ഒരു ജോലി കോടുത്തത് ഡോ. രാഹുൽ ശിവശങ്കറാണ്. അവഹേളനങ്ങൾ മാത്രം ഏറ്റുവാങ്ങി, ആത്മവിശ്വാസം നഷ്ടപ്പെട്ട്, വ്യഭിചാരവും ഭിക്ഷാടനവും ജീവിതമാർഗ്ഗമായി ചുറ്റിത്തിരിയുന്ന ട്രാൻസ്ജെൻഡേഴ്സിന്റെ അപരവത്കരണത്തോടുള്ള വിയോജിപ്പിൽനിന്നാകണം പിങ്ഗള എന്ന കഥാപാത്രം രൂപംകൊണ്ടത്. ഡോ. രാഹുൽ ശിവശങ്കർ തന്റെ ജിവന്റെ കാവൽക്കാരനായി നിയോഗിക്കുന്നതും പിങ്ഗളയെയാണ്. രാഹുലിന്റെ വാക്കുകൾ പിങ്ഗള അക്ഷരംപ്രതി പാലിച്ചു. ഡോക്ടർ രാഹുൽ ശിവശങ്കറിനെ കൊലയാളിയിൽനിന്ന് രക്ഷിയ്ക്കുന്നതും അപകടത്തിൽ പരിക്കേറ്റ രാഹുലിനെ ആശുപത്രിയിലെത്തിയ്ക്കുന്നതും പിങ്ഗളയാണ്.

## സ്ത്രീകാഴ്ചകൾ

പുരുഷാധിപത്യത്തിന്റെ ലോകത്ത് തങ്ങളുടേതായ ഇടം കണ്ടെത്തുന്ന

ഏതാനും സ്ത്രീകളാണ് ഇക്കഥയെ മുന്നോട്ടുനയിക്കുന്നത്. ബുദ്ധിശക്തിയിൽ സ്ത്രീകൾ പുരുഷനേക്കാൾ അല്പം പോലും പിറകിലല്ല. പ്രമാദമായ കേസിന്റെ കുരുക്കുകൾ ഓരോന്നായി അഴിച്ചുമുന്നേറുന്ന കമ്മീഷണറും ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും ആഫ്രിക്കയിലുമൊക്കെ ഹോസ്പിറ്റൽ സാമ്രാജ്യം പടുത്തുയർത്തുന്ന ഡോ. ലളിത മഹാദേവിയും മാതൃകകളാണ്. തന്റെ ഹോസ്പിറ്റൽ സാമ്രാജ്യത്തിൽ നുഴഞ്ഞുകയറി അവയവക്കച്ചവടവും മരുന്നു പരീക്ഷണവും നടത്തുന്നതാരെന്ന് ഹാക്കർമാരെ ഉപയോഗിച്ചു കണ്ടെത്തുകയും അയാളെക്കുറിച്ചുള്ള വിവരങ്ങൾ ലളിത മഹാദേവി പോലീസിനു കൈമാറുകയും ചെയ്യുന്നുണ്ട്. അതിലൂടെ സതേൺ ഹെൽത്ത് കെയറിൽ നടന്ന കുറ്റകൃത്യങ്ങളുടെ പിന്നിലാരാണെന്ന സത്യം വെളിപ്പെടുകയും ചെയ്യുന്നു.

ആത്മാഭിമാനമുള്ള, തന്റെ ശരികളിൽ ഉറച്ചുനിൽക്കുന്ന, തനിക്കുനേരെയുണ്ടാകുന്ന ഏതാക്രമണത്തെയും ചെറുക്കുന്ന, ശക്തയായ കഥാപാത്രമാണ് ഡോ. മീനാക്ഷി. മരണമുഖത്തു നിൽക്കുമ്പോൾപോലും പൊരുതിനോക്കാനുള്ള മനഃസാന്നിദ്ധ്യം അവൾക്കുണ്ട്. അവളിലുള്ള പോരാട്ടവീര്യം ജന്മസിദ്ധമാണ്. കഷ്ടപ്പാടും ദുരിതവും നിറഞ്ഞ ജീവിതസാഹചര്യങ്ങളാണ് മീനാക്ഷിയെ രൂപപ്പെടുത്തിയത്. പാർട്ട്ടൈം ജോലി ചെയ്ത് റഷ്യയിൽ എം.ബി.ബി.എസ്. പൂർത്തിയാക്കി. കഠിനാധ്വാനവും അർപ്പണ ബോധവും നിശ്ചയദാർഢ്യവുമുള്ള പെണ്ണ്. റഷ്യയിലും ചൈനയിലുമൊക്കെ പഠനം പൂർത്തിയാക്കുന്ന ഡോക്ടർമാരെ ഗ്രേഡു കുറഞ്ഞവരായി കണക്കാക്കുന്ന പ്രവണത നിലനിൽക്കുന്നു. അത്തരം പരിഹാസങ്ങൾ മീനാക്ഷിക്കു നേരെയുമുണ്ടായി. തന്റെ നഗ്നവീഡിയോ എടുത്തുവെച്ചു വിലപേശുന്ന ഡാനിയൽ പാർത്ഥസാരഥിയോടു പറയുന്നു: നീ എന്താ കരുതിയത്? എന്റെ മുറിയിൽ ഞാനറിയാതെ വെച്ച ഒരുക്യാമറയിൽ പതിഞ്ഞ തുണിയില്ലാത്ത എന്റെ ശരീരംകാണിച്ച് ഭീഷണിപ്പെടുത്തിയാൽ നിന്റെ വഴിക്കു ഞാൻ വരുമെന്നോ? നിന്നെ പെറ്റിട്ട തള്ളയ്ക്കുള്ളതൊക്കെ തന്നെയാടാ എനിക്കുമുള്ളത്. പോലീസിന്റെയും ഡയറക്ടർ ബോർഡംഗങ്ങളുടെമൊക്കെ സംശയം തന്റെനേർക്കു തിരിഞ്ഞിട്ടും പതറാതെ ന്യൂറോ ഏരിയയുടെ രഹസ്യ അറകൾ ഓരോന്നായി തുറക്കുന്നത് മീനാക്ഷിയാണ്.

കുറ്റവാളിയാര്? കുറ്റകൃത്യത്തിനു പിന്നിലുള്ള കാരണമെന്ത്? ന്യൂറോ ഏരിയയിൽ എന്താണ് നടക്കുന്നത്? ഈ മൂന്നുചോദ്യങ്ങളാണ് ആദ്യം മുതൽക്ക് വായനക്കാരന്റെ മുമ്പിലുള്ളത്. ന്യൂറോ ഏരിയയുടെ രഹസ്യങ്ങളിലേക്കു കടന്നു ചെല്ലുന്നത് മീനാക്ഷിയാണ്. കുഴപ്പംപിടിച്ച ഒരു ഗണിതപ്രശ്നത്തിനു

ഉത്തരം കണ്ടെത്തുന്നതുപോലെ രസകരവും അതേ സമയം ആയാസകരവുമായിരുന്നു അത്. ന്യൂറോ ഏരിയ വിഭാവനം ചെയ്തതും സുരക്ഷാസംവിധാനങ്ങളൊരുക്കിയതും ഗണിതത്തെ സ്നേഹിച്ച ഡോക്ടർ രാഹുൽ ശിവശങ്കറാണ്. ഒരു പിഴയും സംഭവിക്കാതെ ഒരുക്കിയ ന്യൂറോ ഏരിയയിലേക്കു കടക്കുക അത്ര എളുപ്പമായിരുന്നില്ല. ഹാക്കർമാരുടെ സാന്നിധ്യം മനസ്സിലാക്കിയ രാഹുൽ ന്യൂറോ ഏരിയയുടെ രഹസ്യങ്ങൾ ഹാർഡ് ഡിസ്കുകളിലാക്കി മരയലമാരയിൽ സൂക്ഷിക്കുന്നു. സിസ്റ്റർ താര മരിക്കുന്നതിനുമുമ്പ് മീനാക്ഷിക്കയച്ച സന്ദേശം COGITOERGOSUM എന്ന പതിമൂന്ന് ഇംഗ്ലീഷ് അക്ഷരങ്ങളായിരുന്നു. ആ അക്ഷരങ്ങളിൽനിന്നു പാസ്‌വേർഡ് കണ്ടുപിടിക്കുന്നത് മീനാക്ഷിയുടെ അച്ഛൻ ദിനകരനാണ് COGITO ERGOSUM എന്നത് ഫ്രഞ്ചുഗണിതജ്ഞനും തത്ത്വചിന്തകനുമായ ദെക്കാർത്തെയുടെ ഫിലോസഫിയാണെന്ന് മനസ്സിലാക്കുന്ന അദ്ദേഹമാണ് പാസ്‌വേർഡിലേക്കു മീനാക്ഷിയെ എത്തിയ്ക്കുന്നത്. മനുഷ്യന്റെ മനസ്സ് പൂർണ്ണമായും കമ്പ്യൂട്ടറിലേക്ക് അപ്‌ലോഡ് ചെയ്യാനുള്ള ഗവേഷണമാണവിടെ നടക്കുന്നത്. ആ ഗവേഷണഫലം കൈവശപ്പെടുത്താനുള്ള നീക്കമാണ് കുറ്റകൃത്യങ്ങൾക്കു പിന്നിലെന്ന് വെളിപ്പെടുന്നു. അപ്പോഴും കൊലയാളി അജ്ഞാതനായി തുടരുന്നു. കുറ്റവാളിയാരെന്ന് കണ്ടുപിടിക്കുന്നത് ഡോ. ലളിത മഹാദേവിയാണ്.

സൈബർ/റോബോട്ടിക് ഫിക്ഷൻ എന്ന നിലയിൽ പഠിക്കേണ്ട നോവൽ കൂടിയാണിത്. കംപ്യൂട്ടർ സാങ്കേതികവിദ്യയുടെ വ്യാപനം വലിയ സാധ്യതകളാണ് മനുഷ്യരാശിക്ക് മുന്നിൽ തുറന്നിട്ടത്. അതോടൊപ്പം സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചു. സൈബറിടങ്ങൾ കുറ്റവാളികൾക്ക് വ്യാജപേരുകളിൽ മറഞ്ഞിരിക്കാൻ സാധിക്കുന്നു. വിദഗ്ധനായ കമ്പ്യൂട്ടർ പ്രോഗ്രാമർക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ കമ്പ്യൂട്ടർ ശൃംഖലകളിലേക്ക് നുഴഞ്ഞുകയറാനും അതിലുള്ള വിവരങ്ങൾ മോഷ്ടിക്കാനും സാധിക്കും. സൈബർ ഭീകരതയുടെ ഏറ്റവും ഭയാനകമായ വശമാണിത്. ഈ നോവലിൽ ഹാക്കർമാരുടെ സാന്നിധ്യമുണ്ട്. ഹോസ്പിറ്റലിലെ രഹസ്യങ്ങൾ ഹാക്കിങ്ങിലൂടെ കൈവശപ്പെടുത്താനാണ് കുറ്റവാളി ശ്രമിക്കുന്നത്. ഈ നീക്കങ്ങളെ തടയുന്നത് ഡോ. രാഹുൽ ശിവശങ്കറിന്റെ ബുദ്ധിയാണ്. പുതുകാലമുണർത്തുന്ന ഏറ്റവും വലിയ ആശങ്കയാണ് സൈബർ കുറ്റകൃത്യങ്ങൾ. ഹാക്കിങ്ങും ഹാക്കർമാരുടെ നുഴഞ്ഞുകയറ്റവുമൊക്കെ അവതരിപ്പിച്ചതിലൂടെ ന്യൂറോ ഏരിയുടെ വായനയും പഠനവും പുതിയ തലങ്ങളിലേക്കു കടക്കുന്നു.

## ആഖ്യാനരീതിയുടെ സവിശേഷതകൾ

സയൻസ് ഫിക്ഷനും ത്രില്ലറും സംയോജിക്കുന്ന കൃതിയാണിത്. ശാസ്ത്ര സാങ്കേതികരംഗത്തുണ്ടായ വളർച്ചയുടെ പശ്ചാത്തലത്തിലാണ് കഥപറയുന്നത്. പ്രമേയത്തിന്റെ ഗൗരവമനുസരിച്ച് ഭാഷയും പ്രൗഢമാകേണ്ടതുണ്ടണ്ട്. ശാസ്ത്രനാമങ്ങളുടെയും സാങ്കേതികപദങ്ങളുടെയും തർജ്ജമ മലയാളത്തിൽ ക്ലേശകരമാണ്. അതിനാൽ ഒട്ടേറെ ഇംഗ്ലീഷ് പദങ്ങളും ഇംഗ്ലീഷ് വാക്യങ്ങളും നോവലിൽ ഉപയോഗിച്ചിരിക്കുന്നു. ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മലയാളഭാഷയ്ക്കുള്ള പരിമിതി ഈ കൃതി വെളിപ്പെടുത്തുന്നു. എന്നാൽ രാഹുൽ ശിവശങ്കറിന്റെ ഡയറിക്കുറിപ്പുകൾ, മീനാക്ഷിയുടെ പ്രണയം എന്നിവ ചിത്രീകരിക്കുമ്പോൾ വിചാരഭാഷ വികാരഭാഷയായി മാറുന്നതും കാണാം.

അപസർപ്പക നോവലുകളിൽ സാധാരണയായി കണ്ടുവരുന്ന കഥപറച്ചിൽ വഴികളുടെ പാരമ്പര്യത്തെ മാറ്റിയെഴുതുന്നു. അപസർപ്പക കഥകളിൽ കുറ്റവാളിയാരെന്നതു കഥാന്ത്യം വരെ രഹസ്യമായി സൂക്ഷിക്കുന്നു. എന്നാൽ ചില കൃതികളിൽ കുറ്റവാളി ആരെന്ന് ആദ്യംതന്നെ പറയുന്നു. ഈ രീതിയിലെഴുതുന്ന കഥകളെ റിവേഴ്സ് ഡിറ്റക്ടീവ് കഥകൾ എന്നു പറയാറുണ്ടണ്ട്. ഈ നോവലിൽ നോവലിസ്റ്റ് ആദ്യത്തെ രീതിയിയാണ് സ്വീകരിച്ചിരിക്കുന്നത്. അപസർപ്പക കഥകളിൽ കൂടുതൽ പ്രാധാന്യം കുറ്റന്വേഷകനാണ്. എന്നാലീ നോവലിൽ അമാനുഷികപ്രഭാവമുള്ള ഒരു കുറ്റാന്വേഷകനില്ല. റോബോട്ടുകൾ നിയന്ത്രിക്കുന്ന ആശുപത്രിയുടെ പശ്ചാത്തലത്തിൽ നടക്കുന്ന കഥയായതുകൊണ്ട് അതിനനുയോജ്യമായ പശ്ചാത്തലമൊരുക്കുന്നതിൽ നോവലിസ്റ്റ് ശ്രദ്ധപുലർത്തിയിട്ടുണ്ട്. മനുഷ്യരും റോബോട്ടുകളും യന്ത്രങ്ങളുമൊക്കെ നിയന്ത്രിക്കുന്ന ആശുപത്രി സംവിധാനങ്ങൾ വായനക്കാരിൽ ആനന്ദവും അത്ഭുതവും വിഭ്രാന്തിയും സൃഷ്ടിക്കുന്നു. കുറ്റകൃത്യങ്ങളുടെ അന്വേഷണം ചെന്നെത്തുന്നതാകട്ടെ ആതുരസേവനത്തെ മറയാക്കി നടക്കുന്ന കച്ചവടത്തിലേക്കാണ്. അവയവക്കച്ചവടവും മരുന്നുപരീക്ഷണങ്ങളുമൊക്കെ നടത്തുന്ന മാഫിയകൾ സജീവമാണ് എന്നതിന്റെയും ശാസ്ത്രസാങ്കേതികരംഗത്തെ പുതിയ മാറ്റങ്ങൾ മനുഷ്യനെ എപ്രകാരം മാറ്റിത്തീർക്കുമെന്നതിന്റെയും സൂചനകളാണ് നോവലിന്റെ കാതൽ. മനുഷ്യൻ യന്ത്രമായിത്തീരുമ്പോൾ/യന്ത്രം മനുഷ്യനായി മാറുമ്പോൾ സാധ്യമാകുന്ന പുതിയലോകത്തിന്റെ ഭാവനാചിത്രം ഈ ആശുപത്രിയിലൂടെ നോവലിസ്റ്റ് വരച്ചിടുന്നു.

## ഉപസംഹാരം

പോസ്റ്റ് ഹ്യൂമനിസത്തിന്റെ ആശയങ്ങൾ ചർച്ചചെയ്യുന്നുവെന്നതും സൈബർ കുറ്റകൃത്യങ്ങളുടെ സാധ്യതകൾ അവതരിപ്പിക്കുന്നു എന്നതുമാണ് ഈ

നോവലിന്റെ സമകാല പ്രസക്തി. ശാസ്ത്രത്തിന്റെ അനന്തമായ സാധ്യതകൾ പരിചയപ്പെടുത്തുന്നതോടൊപ്പം ചില മുന്നറിയിപ്പുകളും നോവലിസ്റ്റ് നല്കുന്നുണ്ട്. ശാസ്ത്രനേട്ടങ്ങൾ അനർഹമായ കൈകളിലെത്തിച്ചേർന്നാൽ അത് മാനവരാശിയുടെ സമൂലനാശത്തിനു തന്നെ കാരണമായേക്കാം. എത്ര സുരക്ഷിതമായി സൂക്ഷിക്കുന്ന ഡാറ്റയും ഹാക്ക് ചെയ്യാൻ കഴിയുന്നവർ ലോകത്തിന്റെ പല ഭാഗത്തുമുണ്ട്. നമ്മുടെ സ്വകാര്യതയിലേക്ക് എപ്പോൾ വേണമെങ്കിലും ഒരു ഹാക്കർ തള്ളിക്കയറാം. അപകടസാദ്ധ്യതകൾ ചൂണ്ടിക്കാണിക്കുന്നതോടൊപ്പം യന്ത്രങ്ങളോ റോബോട്ടുകളോ മനുഷ്യനു പകരമാവില്ലെന്ന് ഓർമ്മപ്പെടുത്തുന്നു.

## കുറിപ്പുകൾ

1. The 2045 Initiative is a nonprofit organization that develops a network and community of researchers in the filed of life extension,. Focusing on combining brain emulation and robotic to create forms of ccyborgs. It was founded by Russian enterpreneur Dimitry Itskov in February 2011.
2. റെയ്മണ്ട് ചാണ്ട്ലർ, ഉദ്ധരണം: ഹമീദ്(2015) അപസർപ്പക കഥകൾ ചരിത്രവഴികളിലൂടെ, തിരുവനന്തപുരം, ഭാഷാ ഇൻസ്റ്റിസ്റ്റ്യൂട്ട്, പു. 18.
3. ഡോ. ഫ്രാൻസിസ്കോ, ഓർസിനി, അതേ പുസ്തകം, പു.19.

## ഗ്രന്ഥസൂചി

60. ശിവൻ എടമന (2020), ന്യൂറോ ഏരിയ, ഡി.സി. ബുക്സ്, കോട്ടയം.

61. ശ്രീകുമാർ ടി.ടി., (2021) പോസ്റ്റ് ഹ്യൂമൻ വിചാരലോകങ്ങൾ, പുസ്തക പ്രസാധന സംഘം, കോഴിക്കോട്.

62. ഹമീദ് (2015), അപസർപ്പകകഥകൾ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.

63. ഹമീദ് (2015), അപസർപ്പകകഥകൾ, ചരിത്രവഴികളിലൂടെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.

4. Dr. Fransisca Orsini (2012), Detetive Novel's A commercial Genre 19th Century, North India.

*natashanmcc@gmail.com*

# മലയാളപ്പച്ച

malayala pachcha

മലയാളം - ഇംഗ്ലീഷ്
അർദ്ധവാർഷിക റിസേർച്ച് ജേണൽ

മലയാളവിഭാഗം
കെ.കെ.ടി.എം. ഗവൺമെന്റ് കോളേജ്
പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

A Peer Reviewed, UGC Care Listed
Research Journal

creative commons BY

ISSN 2454-292X

VOLUME 01
NUMBER 14
March, 2022

Printed, published and edited by Head of the Post Graduate Department of Malayalam,
KKTM Govt. College, Pullut, Kodungallur, Kerala. Ph. 9497760864